കേരള സർക്കാർ

ഹരിതകേരളം മിഷൻ

# തെളിനീരിന്റെ വിജയഗാഥ

ജനകീയ ജലസംരക്ഷണ അനുഭവങ്ങൾ

ഹരിതകേരളം മിഷൻ
**തെളിനീരിന്റെ വിജയഗാഥ**
ജനകീയ ജലസംരക്ഷണ അനുഭവങ്ങൾ

തയ്യാറാക്കിയത്
ഹരിതകേരളം മിഷൻ ടീം

കവർ ഡിസൈൻ &
ലേ-ഔട്ട്
പ്രദീപ് ഓർക്കാട്ടേരി

ഡി.ടി.പി.
ബിന്ദു വി.
മനുജ വി.എം.
ഫൗസിയ പി.

പ്രസിദ്ധീകരിക്കുന്നത്
ഹരിതകേരളം മിഷൻ
റ്റി.സി. 2/3271(3)(4)
ഹരിതം, കുട്ടനാട് ലെയിൻ
പട്ടം പാലസ് പി.ഒ.
തിരുവനന്തപുരം 695004

അച്ചടി
ഗ്രാമലക്ഷ്മി മുദ്രാലയം

കോപ്പി : 3000
സൗജന്യ വിതരണത്തിന്
മേയ് 2019

# ഉള്ളടക്കം


ആമുഖം ..... 3

വറ്റാത്ത ഉറവയ്ക്കായി ജലസമൃദ്ധി ..... 7

കിള്ളിയാർ മിഷൻ ..... 19

ചെങ്കലിലെ ജലസുരക്ഷ ..... 27

ചിറയിൻകീഴ് ബ്ലോക്ക് ..... 32

പാണ്ടിവയൽ തോട് പുനരുജ്ജീവനം ..... 36

വട്ടക്കായലിലെ നെൽക്കൃഷി ..... 41

ഇളമ്പള്ളൂർ-ഇടവട്ടം കുഴിൽ ഏലാ തോട് ..... 45

കവിയൂർ വലിയ തോടും കവിയൂർ പുഞ്ചയും ..... 49

കോഴിത്തോട് പുനരുജ്ജീവനം ..... 56

രണ്ടു നദികൾ ജീവൻ വീണ്ടെടുത്ത കഥ ..... 60

കരിപ്പയിൽ ചാൽ പുനരുദ്ധാരണം ..... 85

കനാലുകളുടെ നവീകരണം ..... 89

കുട്ടംപേരൂർ പുനരുജ്ജീവനം ..... 94

അതിജീവനക്കരുത്തിൽ നെല്ലറയായി 'കല്ലറ' ..... 97

എന്റെ മണിമലയാർ ..... 99

മീനച്ചിലാർ-മീനന്തറയാർ- കൊടൂരാർ സംയോജന പദ്ധതി ..... 102

നാടിന്റെ ജീവനാഡിയായി ഊത്തപ്പാറ പാറമടക്കുളം ..... 107

ഇലവീഴാപൂഞ്ചിറ ..... 109

കുമളി അട്ടപ്പള്ളം തോട് ..... 111

വെള്ളിയാമറ്റത്തിന്റെ ജലസമൃദ്ധി ..... 114

രാജകുമാരിയിലെ ചണച്ചാക്ക് വാട്ടർടാങ്കുകൾ ..... 116

ഉറവപ്പാറയിലെ ജലസംരക്ഷണത്തിന്റെ ആകാശ സാധ്യത ..... 118

ചെറുവേലിക്കുന്ന് ചിറ നവീകരണം ..... 120

എന്റെ പുരവെള്ളം എന്റെ കിണർവെള്ളം പദ്ധതി ........ 122
എന്റെ കുളം എറണാകുളം ........ 125
പുഞ്ചക്കുഴിത്തോട് നവീകരണം ........ 132
കോണോത്തുപുഴ പുനരുജ്ജീവനം ........ 134
പെരുംതോട് നവീകരണം ........ 137
മംഗലപ്പുഴ സംരക്ഷണം ........ 139
മുട്ടിച്ചിറ നീർത്തട പരിപാലനവും വികസനവും ........ 142
കെ.എ.പി ബറ്റാലിയൻ-ജലസംരക്ഷണ
പ്രവർത്തനങ്ങൾ ........ 145
ജലായനം-നല്ല ജലം നാളേയ്ക്കായ് ........ 148
വലിയ തോട് ........ 151
മാറഞ്ചേരി ഗ്രാമപഞ്ചായത്ത് ........ 153
പാറമട ജലസംഭരണി ........ 155
പൊന്നാനി നഗരസഭയുടെ പ്രകൃതി വിഭവ സംരക്ഷണം ........ 157
ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് ........ 160
മാമ്പുഴ പുനരുജ്ജീവനം ........ 163
ഓപ്പറേഷൻ കനോലി കനാൽ ........ 169
ഓരോ തുള്ളിയും കരുതലോടെ... ........ 174
പൂനൂർ പുഴ വീണ്ടെടുത്തപ്പോൾ ........ 179
പച്ചപ്പ്-പുഴ ശുചീകരണം ........ 184
കബനി പുനരുജ്ജീവനം ........ 188
പായം ഗ്രാമപഞ്ചായത്ത് ........ 194
കാനാമ്പുഴ ........ 200
കുറുമാത്തൂർ ഗ്രാമപഞ്ചായത്തിന്റെ ജലസംരക്ഷണ മാതൃക ........ 205
പതിക്കാൽപുഴ പുനരുജ്ജീവനം ........ 210
ചിത്താരിപ്പുഴ ........ 213
ഒരു വടക്കൻ ജയിൽ ഗാഥ ........ 215
കിനാനൂർ - കരിന്തളം ഗ്രാമപഞ്ചായത്തിന്റെ
ജലസംരക്ഷണ മാതൃക ........ 219
പീലിക്കോട് - ഗ്രാമ പഞ്ചായത്തിലെ
ജലസംരക്ഷണ പ്രവർത്തനങ്ങൾ ........ 222

# ആമുഖം

**നാ**ടിന്റെ പച്ചയും മണ്ണിന്റെ നന്മയും ജലത്തിന്റെ ശുദ്ധിയും പരിസരത്തിന്റെ വൃത്തിയും വീണ്ടെടുക്കാനുള്ള അനവധി പ്രവർത്തനങ്ങൾ ഹരിത കേരളം മിഷൻ നടപ്പിലാക്കിയിട്ടുണ്ട്. കേരളത്തിന്റെ സവിശേഷതകളായി പ്രകീർത്തിക്കപ്പെട്ടിരുന്ന വൃത്തിയും ജലസമൃദ്ധിയും വീണ്ടെടുത്ത് സംസ്ഥാനത്ത് സുരക്ഷിത ഭക്ഷ്യവസ്തുക്കളുടെ ഉത്പാദനം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യം മുൻനിർത്തിയാണ് മിഷൻ പ്രവർത്തിച്ചു വരുന്നത്.

നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് ജലസംരക്ഷണ ഉപമിഷന്റെ ലക്ഷ്യം. ഇതിനായി സംയോജിത നീർത്തടാടിസ്ഥാനത്തിൽ പ്രവർത്തന പരിപാടിയിൽ തയ്യാറാക്കി നിർവഹിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. ഈ പ്രവർത്തനങ്ങളുടെ നിർവഹണത്തോടൊപ്പം ജലസ്രോതസ്സുകളുടെ സ്ഥായിയായ സംരക്ഷണവും വിനിയോഗവും, പരിപാലനവുമൊക്കം ജനകീയ കൂട്ടായ്മകളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുകയെന്നതും പരമപ്രധാനമാണ്.

ഹരിത കേരളം മിഷൻ മുന്നോട്ടുവച്ച ലക്ഷ്യങ്ങൾ ഏറ്റെടുത്ത് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ജനകീയ സമിതികളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും നേതൃത്വത്തിൽ നിരവധി ജലസംരക്ഷണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഈ പ്രവർത്തനങ്ങളിലെല്ലാം വിവിധ വകുപ്പുകളുടെ ഏകോപനവും സഹകരണവും മുൻകാലങ്ങളിലൊന്നുമില്ലാത്തവിധം സാധ്യമാക്കുന്നതിനും ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ കഴിഞ്ഞിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നേതൃത്വത്തിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളും ഇക്കാര്യത്തിൽ വലിയ മുതൽക്കൂട്ടായി.

എല്ലായിടത്തും വലിയ തോതിൽ ജനപങ്കാളിത്തവും സന്നദ്ധസേവനവും ഉറപ്പാക്കാൻ കഴിഞ്ഞുവെന്നതാണ് ഈ പ്രവർത്തനങ്ങളുടെ വിജയത്തിന് അടിസ്ഥനമായ കാര്യം. ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി സർക്കാർ ഉത്തരവ് പ്രകാരം വിവിധ സർക്കാർ വകുപ്പുകളുടെയും ഏജൻസികളുടെയും പ്രതിനിധികളെ ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും

ബ്ലോക്ക്-ജില്ലാതലങ്ങളിലും സാങ്കേതിക സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഈ സമിതികളുടെ നേതൃത്വത്തിൽ 1034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നീർത്തട നടത്തം പൂർത്തിയാക്കുകയും 843 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നീർത്തടപ്ലാൻ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. വിവിധ വകുപ്പുകളുടെ സഹായത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ 202 കി. മീ പുഴകളും 18,138 കി. മി നീർച്ചാലുകളും/തോടുകളും പുനരുജ്ജീവിപ്പിച്ചു. കൂടാതെ 48936 കിണറുകളുടെ റീചാർജ്ജിംഗ്, 4625 കിണറുകളുടെ നവീകരണം 8675 കുളങ്ങളുടെ നിർമ്മാണം, 9889 കുളങ്ങളുടെ നവീകരണം, 1,47,239 ഏക്കർ വൃഷ്ടിപ്രദേശ പരിപാലനം എന്നിവയും നിർവഹിച്ചിട്ടുണ്ട്. ഇത്തരത്തിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളിൽ ഏറെയും മാതൃകാപരവും സംഘാടന മികവുകൊണ്ടും ജനപങ്കാളിത്തം കൊണ്ടും ശ്രദ്ധേയവുമാണ്. കേരളത്തിന്റെ ജലസുരക്ഷ ഉറപ്പാക്കുന്നതിനുള്ള ഭാവി പ്രവർത്തനങ്ങൾക്ക് ഇവ വഴികാട്ടിയാവുമെന്ന കാര്യം ഉറപ്പാണ്.

ഒന്നാം ഘട്ടത്തിൽ നടന്ന ജലസംരക്ഷണ പ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ടവ ക്രോഡീകരിച്ച് ഒരു പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കുകയാണ്. ഇത്തരം പ്രവർത്തനങ്ങളിൽ അനുവർത്തിച്ച രീതിശാസ്ത്രം, ജലസംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടവരുടെ അനുഭവ പാഠങ്ങൾ എന്നിവയാണ് ഈ പുസ്തകത്തിന്റെ ഉള്ളടക്കം.

നദികൾ ഏതൊരു നാടിന്റെയും സംസ്കാരത്തിന്റെ ഭാഗമാണ്. സംസ്കാരം തുടർച്ചയാണെന്നപോലെ പുഴ പുനരുജ്ജീവനം ഉൾപ്പെടെയുള്ള ജലസംരക്ഷണ പ്രവർത്തനങ്ങളും തുടർ പ്രക്രിയയാവണം. എങ്കിൽ മാത്രമേ ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഗുണഫലങ്ങൾ നിലനിൽക്കുകയുള്ളൂ. വർധിത ജനപങ്കാളിത്തത്തോടെയും മികച്ച ആസൂത്രണത്തിലൂടെയും വരുംതലമുറയ്ക്കു കൂടി ജലസുരക്ഷ ഉറപ്പാക്കിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് ഹരിതകേരളം മിഷൻ തുടർന്ന് നടത്താനുദ്ദേശിക്കുന്നത്. ഇതിന് വഴികാട്ടാൻ ഈ പുസ്തകം സഹായകമാവുമെന്ന് പ്രതീക്ഷിക്കുന്നു.

# വറ്റാത്ത ഉറവയ്ക്കായി ജലസമൃദ്ധി

## കാട്ടാക്കട നിയോജകമണ്ഡലം

### ജലസമൃദ്ധിയുടെ 1000 ദിനങ്ങൾ

ഹരിത കേരളമെന്ന അനിവാര്യതയുടെ അരികുചേർന്നുള്ള നടത്തമായിരുന്നു ജലസമൃദ്ധി. കാട്ടാക്കട മണ്ഡലത്തിലെ 6 പഞ്ചായത്തുകളിലെ 122 വാർഡുകളിലായി നടപ്പാക്കി വരുന്ന ജലസമൃദ്ധി പദ്ധതി മാതൃക കൊണ്ടൊരു സന്ദേശമാണ്. 2016–ൽ ബഹു. എം.എൽ.എ ശ്രീ. ഐ.ബി. സതീഷിന്റെ നേതൃത്വത്തിൽ കാട്ടാക്കട മണ്ഡലത്തിലെ ജനപ്രതിനിധികൾ യോഗം ചേരുമ്പോൾ ഒരു ആശയം മാത്രമേ മുന്നിലുണ്ടായിരുന്നുള്ളു. നനവുള്ള മണ്ണ്. ചെന്നകപ്പെട്ട വറുതി കാലത്തിന്റെ പൊള്ളൽ അറിയുന്നവരായിരുന്നു എല്ലാ ജനപ്രതിനിധികളും. വീണ്ടും പല തലത്തിൽ ആലോചനകൾ, സംവാദങ്ങൾ, പഠനങ്ങൾ, ഗവേഷണ തുല്യമായ നിരീക്ഷണങ്ങൾ, യാത്രകൾ.... ഒടുവിൽ എത്തിചേർന്നത് വറ്റാത്ത ഉറവയ്ക്കായ് ജലസമൃദ്ധി എന്ന സ്വപ്നതുല്യമായ പദ്ധതിയിലേക്ക്...

2016 ഡിസംബർ 1 തീയതി മാറനല്ലൂർ പഞ്ചായത്തിൽ വറ്റി വരണ്ട നെയ്യാറിനുള്ളിൽ ജലസമൃദ്ധി പദ്ധതിയുടെ സംഘാടക സമിതി രൂപീകരണം നടന്നു. പിന്നെ നടന്നത് നീണ്ട അന്വേഷണങ്ങൾ... ജല വിഭവരേഖ എന്ന

ചരിത്രരേഖ ആധികാരികമാക്കാൻ നടത്തിയ ശ്രമങ്ങൾ... കാട്ടാക്കടയ്ക്കിന്നൊരു ജലവിഭവ രേഖയുണ്ട്. ഒരു പക്ഷേ കേരളത്തിൽ മറ്റൊരിടത്തും ഉണ്ടാകാനിടയില്ലാത്തതും മണ്ഡലത്തിലെ ജലസ്രോതസ്സുകൾ മാത്രമല്ല ജലസാന്നിദ്ധ്യംപോലും ഉൾപ്പെട്ടിട്ടുള്ള, ജലസമൃദ്ധിയുടെ ലക്ഷ്യമെന്തെന്ന് നിശ്ചയിക്കപ്പെട്ട ആ അടിസ്ഥാന രേഖയുടെ പിൻബലത്തിലാണ് 2017 മാർച്ച് 22ന് കരമനയാറ്റിൻ തീരത്ത് കുണ്ടമൺകടവിൽ അന്താരാഷ്ട്ര ജലദിനത്തിൽ ജലസമൃദ്ധിയ്ക്ക് ഔപചാരിക തുടക്കം കുറിച്ചത്.

## കാട്ടാക്കട നിയോജക മണ്ഡലം

തിരുവനന്തപുരം ജില്ലയിലെ രണ്ട് പ്രധാന നദികളായ നെയ്യാറും കരമനയാറും അതിരിടുന്ന കാട്ടാക്കട മണ്ഡലത്തിന് സമീപത്ത് വടക്ക് കിഴക്ക് ഭാഗത്തായി അരുവിക്കര, പേപ്പാറ, നെയ്യാർ ജലസംഭരണികൾ സ്ഥിതി ചെയ്യുന്നു. 113.80 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള ഈ മണ്ഡലത്തിൽ ഒന്നാംനിര മുതൽ അഞ്ചാം നിര വരെയുള്ള തോടുകൾ 287 കിലോമീറ്ററോളം നീളത്തിൽ ഒഴുകുന്നു. ഊറ്റുകുഴികളും നീർക്കുളങ്ങളും ഉൾപ്പെടെ ചെറുതും വലുതുമായ 314 കുളങ്ങളും 43000 ത്തിലധികം കിണറുകളുമുണ്ട്. നെയ്യാർ ജലസേചന പദ്ധതിയുടെ 31 കിലോമീറ്ററോളം കനാൽ ഈ മണ്ഡലത്തിലൂടെ കടന്നു പോകുന്നു. പ്രകൃതിയുടെ വരദാനമായ ജലം ഭൂമിയിലേക്കാഴ്ന്നിറങ്ങാതെ ഉയർന്ന സാന്ദ്രതയിൽ കാണപ്പെടുന്ന തോടുകളിലൂടെയും കൂടുതൽ ചരിവാർന്ന പ്രദേശങ്ങളിലൂടെയുംഅതിവേഗം ഒഴുകി നഷ്ടപ്പെടുന്ന സാഹചര്യമാണ് മണ്ഡലത്തിൽ നിലനിന്നിരുന്നത്. ഇതെല്ലാം കൊണ്ട് തന്നെ മണ്ഡലത്തിലെ ജലദൗർലഭ്യത്തിന് അടിയന്തിര പരിഹാരം തേടേണ്ടത് അത്യാവശ്യമായിരുന്നു.

ചരിവ് കൂടുതലുള്ള പ്രദേശങ്ങളിലൂടെയുള്ള നീരൊഴുക്ക് ക്രമീകരിച്ച് പരമാവധി ജലം ഭൂമിയിൽ ആഴ്ന്നിറങ്ങുന്നതിനും അതിലൂടെ ജലസ്രോതസ്സുകളിൽ വെള്ളം എത്തിക്കുവാനും ഭൂഗർഭജലത്തിന്റെ ലഭ്യത മെച്ചപ്പെടുത്തി മണ്ഡലം ജലസമൃദ്ധമാക്കുന്നതിനുമുള്ള ഒരു ജനകീയ സംരംഭമാണ് വറ്റാത്ത ഉറവയ്ക്കായി ജലസമൃദ്ധി. ജലസംരക്ഷണത്തോടൊപ്പം ശരിയായ ജലവിനിയോഗത്തിന്റെ ആവശ്യകത ജനങ്ങളിലെത്തിക്കുവാനുള്ള ജലസാക്ഷരതായജ്ഞത്തിനും പദ്ധതിമുൻതൂക്കം നൽകുന്നുണ്ട്.

## ജലവിഭവ പരിപാലനരേഖ

അടിസ്ഥാന വിവര ശേഖരണം, ദ്വിതീയ വിവരങ്ങൾ, ഉപഗ്രഹ ചിത്രങ്ങളിൽ നിന്നുള്ള വിവരങ്ങൾ എന്നിവ ക്രോഡീകരിച്ച് ജല ലഭ്യതയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും പ്രാദേശിക അഭിപ്രായങ്ങളും കൂടി പരിഗണിച്ചുള്ള പരിഹാരങ്ങളും നിർദ്ദേശിക്കുന്ന ജലവിഭവ പരിപാലനരേഖകേരള സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ സാങ്കേതിക മേൽനോട്ടത്തിൽ തയ്യാറാക്കി.

പരിപാലനരേഖയിൽ ഹ്രസ്വകാല കർമ്മ പരിപാടികളും ദീർഘകാല പരിപാടികളും ഉൾപ്പെടുന്നു. കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ നിലവിലുള്ള ജലസ്രോതസ്സുകൾ എങ്ങനെ ഉപയോഗപ്പെടുത്താം, നിലവിലുള്ള കുളങ്ങൾ, പൊതുക്കിണറുകൾ എന്നിവ എങ്ങനെ സംരക്ഷിച്ച് കൂടുതൽ ഉപയോഗ പ്രദമാക്കാം, പുതുതായി കുളങ്ങൾ, തടയണകൾ എന്നിവ നിർമ്മിച്ച് ജലസംഭരണം എങ്ങനെ സാധ്യമാക്കാം, കിണർ നിറയ്ക്കൽ ഉൾപ്പെടെയുള്ള തൽസ്ഥല ജലസംരക്ഷണ പ്രവർത്തനങ്ങൾ എങ്ങനെ അവലംബിക്കാം, ഓരോ പ്രദേശത്തിനും അവലംബിക്കാവുന്ന ജലസംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയാണ് പരിപാലന രേഖയിലെ കർമ്മ പരിപാടികളിലുള്ളത്.

## പിന്നിട്ട 1000 ദിനങ്ങൾ...

ലോക ജലദിനമായ 2017 മാർച്ച് 22-ന് ജലസമൃദ്ധി പദ്ധതിയുടെ ഉൽഘാടനം കരമനയാറിന്റെ തീരത്ത് നടന്നു. ആദ്യ പ്രവർത്ത



കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ നിലവിലുള്ള ജലസ്രോതസ്സുകൾ എങ്ങനെ ഉപയോഗപ്പെടുത്താം, നിലവിലുള്ള കുളങ്ങൾ, പൊതുക്കിണറുകൾ എന്നിവ എങ്ങനെ സംരക്ഷിച്ച് കൂടുതൽ ഉപയോഗപ്രദമാക്കാം, പുതുതായി കുളങ്ങൾ, തടയണകൾ എന്നിവ നിർമ്മിച്ച് ജലസംഭരണം എങ്ങനെ സാധ്യമാക്കാം, കിണർ നിറയ്ക്കൽ ഉൾപ്പെടെയുള്ള തൽസ്ഥല ജലസംരക്ഷണ പ്രവർത്തനങ്ങൾ എങ്ങനെ അവലംബിക്കാം, ഓരോ പ്രദേശത്തിനും അവലംബിക്കാവുന്ന ജലസംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയാണ് പരിപാലന രേഖയിലെ കർമ്മ പരിപാടികളിലുള്ളത്.

നം വിഷു ദിനമായ ഏപ്രിൽ 14 ന് സിനിമാ താരവും നിയോജകമണ്ഡലത്തിലെ താമസക്കാരനുമായ ജഗതി ശ്രീകുമാർ അത്തിപ്പഴത്തിന്റെ വിത്തുകൾ കവി പ്രൊഫ. മധുസൂദനൻ നായർക്ക് നല്കിക്കൊണ്ട് ലക്ഷം വൃക്ഷം ലക്ഷ്യം പദ്ധതിയുടെ നിയോജകമണ്ഡല തല പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. ഇതോടൊപ്പം നിയോജക മണ്ഡലത്തിലെ 6 ഗ്രാമപഞ്ചായത്തുകളിൽ ജലസമൃദ്ധിയ്ക്കായി ഒരു പുതുനാമ്പ് എന്ന പേരിൽ ഫലവൃക്ഷ വിത്തുകൾ പാകുന്ന പ്രവർത്തനത്തിന് തുടക്കമിട്ടു. ഈ പ്രവർത്തനത്തിന്റെ തുടർ പ്രവർത്തനമെന്നോണം കുടുംബശ്രീ പ്രവർത്തകരുടെ സഹകരണത്തോടെ ഓരോ വാർഡുകളിലെയും പരമാവധി വീടുകളിൽ വൃക്ഷതൈകൾ വച്ച് പിടിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. നാടൻ ഫലവൃക്ഷങ്ങളാണ് ഇതിനായി തിരഞ്ഞെടുത്തത്. തുടർന്നുള്ള വർഷങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായും മണ്ഡലത്തിൽ ഫലവൃക്ഷതൈകൾ നട്ടു പിടിപ്പിച്ചിട്ടുണ്ട്.

വിദ്യാലയങ്ങളിലെ കിണറുകളിൽ ഭൂജല വകുപ്പിന്റെ സഹായത്തോടെ കിണർ സംപോഷണം നടപ്പിലാക്കി. സംസ്ഥാന ഭൂജല വകുപ്പിന്റെ തിരുവനന്തപുരം ജില്ലാ ഓഫീസിന്റെ നേതൃത്വത്തിൽ ജലദൗർലഭ്യം ഏറ്റവും

കൂടുതൽ നേരിട്ട 5സ്കൂളുകളിൽ ആദ്യഘട്ടത്തിൽ കിണർസംപോഷണം പൂർത്തീകരിച്ചത്. തുടർന്ന് 9 സ്കൂളുകളിൽ കൂടി 2017-18ൽ പദ്ധതി നടപ്പിലാക്കി. 2018-19ൽ 22 പൊതുസ്ഥാപനങ്ങളിൽ കൂടി കിണർ സംപോഷണം പദ്ധതി നടപ്പിലാക്കി.

കമ്മ്യൂണിക്കേഷൻ ആന്റ് കപ്പാസിറ്റി ഡവലപ്മെന്റ് യൂണിറ്റ് (സി.സി.ഡി.യു.) നൽകിയ കിറ്റ് ഉപയോഗിച്ചാണ് ജലഗുണനിലവാര പരിശോധന നടത്തിയത്. 2017-18 ൽ ഓരോ വാർഡിൽ നിന്നും 150 മുതൽ 200 വരെ കിണറുകളിലെ pH, ക്ലോറൈഡ്, ഇരുമ്പ്, നൈട്രേറ്റ്, ഫ്ളൂറൈഡ് എന്നിവയാണ് പരിശോധിച്ചത്. 2018-19 ൽ സി.സി.ഡി.യു വിന്റെഒരു പഞ്ചായത്തിലെ ഒരു സ്കൂളിൽ ലാബ് സജ്ജമാക്കി പരിശോധന നടത്തി വരുന്നു.

ജലക്ഷാമം രൂക്ഷമായ പള്ളിച്ചൽ പഞ്ചായത്തിലെ കണ്ണൻകോട് വാർഡിൽ പാറ ക്വാറിയിലെ ജലം ഉപയോഗിച്ച് കിണർ റീചാർജിംഗ് നടത്തി. 25-ൽ അധികം കുടുംബങ്ങൾ താമസിക്കുന്ന ഈ പ്രദേശത്ത് സമീപത്തുള്ള ഒരു പാറ ക്വാറിയിൽ നിന്നും ഏകദേശം 500 അടി അകലത്തിൽ 200 അടി താഴ്ഭാഗത്തായി 2.10 മീ x 1.80 മീ x 1.50 മീ അളവിൽ ഒരു റീചാർജ് പിറ്റ് നിർമ്മിച്ച് ഹൈഡ്രോളിക് ഗ്രേഡിയന്റ് തത്വത്തിന്റെ അടിസ്ഥാനത്തിൽ ഒരു ഇഞ്ച് വ്യാസമുള്ള ഒരു പി.വി.സി. പൈപ്പിന്റെ സഹായത്തോടെ ക്വാറിയിൽ നിന്നും ജലം പിറ്റിലെത്തിച്ചു. ഈ പ്രവർത്തനത്തിലൂടെ സമീപത്തുള്ള 12 കിണറുകളുടെ ജലനിരപ്പ് ഉയർത്തുന്നതിന് സാധിച്ചിട്ടുണ്ട്. സമീപത്തെ മറ്റൊരു പാറക്വാറിയിലെ ജലം ഉപയോഗിച്ച് ഒരു തോട് റീചാർജ്ജ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

സാമാന്യം മോശമല്ലാത്ത മഴ ലഭിക്കുന്നുണ്ടെങ്കിലും മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിലെ ഭൂഗർഭ ജലനിരക്ക് ആശങ്കാജനമായി താഴുകയും തുടർന്ന് കാർഷിക മേഖലയിൽ ഇത് പ്രതിഫലിക്കുകയും ചെയ്യുന്നത് തുടക്കത്തിൽ തന്നെ മനസ്സിലാക്കുവാൻ സാധിച്ചു. ചെറുതോടുകളുടെ സാന്ദ്രത കൂടുതലായതിനാലും നിമ്നോന്നമായ ഭൂപ്രകൃതി ആയതിനാലും ലഭിക്കുന്ന മഴ വേഗത്തിൽ ഒഴുകി നഷ്ടപ്പെടുന്ന അവസ്ഥയാണ് കണ്ടു വരുന്നത്. ഇതിന് ഒരു പരിഹാരമെന്ന നിലയിലാണ് 2017-18 ൽ ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ സഹായത്തോടെ ഒരു വാർഡിൽ കുറഞ്ഞത് ഒരു പുതിയ കുളം നിർമ്മിക്കുകയെന്ന ലക്ഷ്യമിട്ട് 122 വാർഡുകളിലായി 150 പുതിയ



കാർഷിക കുളങ്ങൾ നിർമ്മിച്ചത്. 2018-19ൽ 174 കാർഷിക കുളങ്ങൾ കൂടി നിർമ്മിച്ച് പരമാവധി ഭൂജല സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

ജലസേചന വകുപ്പിന്റെ ഹരിത കേരളം മിഷൻ ഘടകത്തിൽ ഉൾപ്പെടുത്തി നിയോജകമണ്ഡലത്തിലെ 13 കുളങ്ങൾ നവീകരിക്കുന്ന പണികൾ പുരോഗമിക്കുകയാണ്.

നാളത്തെ തലമുറയ്ക്കായി തോടുകളും, അരുവികളും, കനാലുകളും സംരക്ഷിക്കുവാൻ ബഹു. എം എൽ എ ശ്രീ. ഐ. ബി സതീഷ്, ജില്ലാ കളക്ടർ ഡോ. വാസുകി. ഐ.എ.എസ് എന്നിവരുടെ നേതൃത്വത്തിൽ ജില്ലാതല ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ ഉൾപ്പെട്ട സംഘം കാട്ടാക്കട പഞ്ചായത്തിലെ കടുവാക്കുഴി മുതൽ മലയിൻകീഴ് പഞ്ചായത്തിലെ കല്ലുവ



രമ്പ് വരെ നീർത്തട സംരക്ഷണ യാത്ര നടത്തി. ഇതിന്റെ തുടർ പ്രവർത്തനമെന്ന നിലയ്ക്ക് കാടുമൂടി നീരൊഴുക്ക് നിലച്ചു കിടന്ന തോട് വൃത്തിയാക്കി. അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി 19 ജൈവ തടയണകളും, 29 ചാക്ക് തടയണകളും, 6 കല്ലു തടയണകളും നിർമ്മിച്ചു. ഇതിലൂടെ ജലം ഒഴുകിപ്പോകുന്നത് തടഞ്ഞ് ഭൂമിയിലേയ്ക്കിറക്കി പരിസരത്തെ കിണറുകളിലെ ജലനിരപ്പ് വേനൽക്കാലങ്ങളിൽ നിലനിർത്താനായി. കൈതോടുകൾ വൃത്തിയാക്കി പ്രധാന തോടിലേയ്ക്കുള്ള നീരൊഴുക്ക് സുഗമമാക്കി. തോടിന്റെ സമീപ പ്രദേശങ്ങളിലെ ഏലകളിൽ കൃഷിക്കാവശ്യമായ ജലം വേനൽ സമയങ്ങളിൽപ്പോലും ലഭ്യമാക്കാനായത് പദ്ധതിയുടെ ഒരു നേട്ടമാണ്. തുടർന്ന് ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ ഈ തോടിൽ വർഷം മുഴുവൻ ജല ലഭ്യത ഉറപ്പാക്കുന്നതിന് 4 തടയണകൾ കൂടി നിർമ്മിച്ച് വരുന്നു.

2018 സെപ്തംബർ 28 ന് കാട്ടാക്കട പഞ്ചായത്തിലെ കുളത്തുമ്മൽ തോടിന്റെ സംരക്ഷണത്തിനായി എം. എൽ.എ യുടെയും കളക്ടറുടെയും നേതൃത്വത്തിൽ നീർത്തട സംരക്ഷണ യാത്ര നടത്തി. മണ്ണ് സംരക്ഷണ വകുപ്പ്, ജലസേചന വകുപ്പ്, തൊഴിലുറപ്പു പദ്ധതി എന്നിവരുടെ നേതൃത്വത്തിൽ തോടിന്റെയും കുളങ്ങ

നാളെയുടെ തലമുറയ്ക്കായി തോടുകളും, അരുവികളും, കനാലുകളും സംരക്ഷിക്കുവാൻ ബഹു. എം എൽ എ ശ്രീ. ഐ. ബി സതീഷ്, ജില്ലാ കളക്ടർ ഡോ. വാസുകി. ഐ.എ.എസ് എന്നിവരുടെ നേതൃത്വത്തിൽ ജില്ലാതല ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ ഉൾപ്പെട്ട സംഘം കാട്ടാക്കട പഞ്ചായത്തിലെ കടുവാക്കുഴി മുതൽ മലയിൻകീഴ് പഞ്ചായത്തിലെ കല്ലുവരമ്പ് വരെ നീർത്തട സംരക്ഷണ യാത്ര നടത്തി. ഇതിന്റെ തുടർ പ്രവർത്തനമെന്ന നിലയ്ക്ക് കാടുമൂടി നീരൊഴുക്ക് നിലച്ചു കിടന്ന തോട് വൃത്തിയാക്കി. അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി 19 ജൈവ തടയണകളും, 29 ചാക്ക് തടയണകളും, 6 കല്ലു തടയണകളും നിർമ്മിച്ചു.



ളുടെയും നീർത്തടത്തിന്റെ വൃഷ്ടിപ്രദേശങ്ങളുടെയും മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി ഒരു സമഗ്രപദ്ധതി തയ്യാറാക്കുകയും ഈ വർഷത്തെ ബഡ്ജറ്റിൽ മണ്ണ് സംരക്ഷണ വകുപ്പിന് സൂക്ഷ്മനീർത്തട വികസനത്തിനായിഒരു കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിക്ക് തുടക്കം കുറിച്ച് ജനകീയ ശുചീകരണം നടന്നു.

ജലസമൃദ്ധി പദ്ധതിയുടെ ഭാഗമായി വിളപ്പിൽ ഗ്രാമപഞ്ചായത്തിന്റെ ചെറുകോട്, കുഞ്ചുക്കോണം ഏലയുടെ സമീപത്തായി 30 വർഷത്തോളം മണ്ണു മൂടിക്കിടന്ന ഒരു തോട് പുനർജ്ജീവിപ്പിച്ചു. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധിതിയിൽ ഉൾപ്പെടുത്തി 1200 മീറ്റർ നീളത്തിലാണ് തോട് വെട്ടിത്തെളിച്ചത്. നിലവക്കാട് കുളത്തിൽ നിന്നും ആരംഭിച്ച് വിട്ടിയം അലകുന്നം തോടിലാണ് പുതിയ തോടിനെ ബന്ധിപ്പിച്ചത്. മുൻകാലങ്ങളിൽ തോടിന്റെ സമീപ പ്രദേശങ്ങളിൽ ചേർന്നു കിടക്കുന്ന കൃഷിയിടങ്ങൾ വേനൽസമയത്ത് ജലദൗർലഭ്യവും, കാലവർഷങ്ങളിൽ വെള്ളക്കെട്ടും കാരണം കൃഷി ചെയ്യുവാൻ സാധ്യമല്ലായിരുന്നു. 29 സ്ത്രീ തൊഴിലാളികളുടെ അധ്വാനത്തിന്റെ ഫലമായി തോടിലൂടെയുള്ള നീരൊഴുക്ക് ഉറ

ജലസമൃദ്ധി പദ്ധതിയുടെ ഭാഗമായി വിളപ്പിൽ ഗ്രാമപഞ്ചായത്തിന്റെ ചെറുകോട്, കുഞ്ചുക്കോണം ഏലയുടെ സമീപത്തായി 30 വർഷത്തോളം മണ്ണു മൂടിക്കിടന്ന ഒരു തോട് പുനർജ്ജീവിപ്പിച്ചു. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധിതിയിൽ ഉൾപ്പെടുത്തി 1200 മീറ്റർ നീളത്തിലാണ് തോട് വെട്ടിത്തെളിച്ചത്. നിലവക്കാട് കുളത്തിൽ നിന്നും ആരംഭിച്ച് വിട്ടിയം അലകുന്നം തോടിലാണ് പുതിയ തോടിനെ ബന്ധിപ്പിച്ചത്. മുൻകാലങ്ങളിൽ തോടിന്റെ സമീപ പ്രദേശങ്ങളിൽ ചേർന്നു കിടക്കുന്ന കൃഷിയിടങ്ങൾ വേനൽസമയത്ത് ജലദൗർലഭ്യവും, കാലവർഷങ്ങളിൽ വെള്ളക്കെട്ടും കാരണം കൃഷി ചെയ്യുവാൻ സാധ്യമല്ലായിരുന്നു.

പ്പാക്കിയതോടെ കുഞ്ചുക്കോണം ഏലായിൽ കൃഷി തിരികെ കൊണ്ടുവരുന്നതിന് കഴിഞ്ഞിട്ടുണ്ട്. കൂടാതെ മാറനെല്ലൂർ പഞ്ചായത്തിലെ അരുമാളൂർ വാർഡിലെ ഒരു കുളവും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പുനർജ്ജീവിപ്പിക്കുവാൻ കഴിഞ്ഞു.

മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി ഫിഷറീസ് വകുപ്പിന്റെ സഹായത്തോടെ നിയോജകമണ്ഡലത്തിലെ കുളങ്ങളിൽ മത്സ്യകൃഷി ചെയ്തു വരുന്നു. തുടക്കത്തിൽ മണ്ഡലത്തിലെ 6 കുളങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കി വിജയം കൈവരിച്ച ഉൾനാടൻ മത്സ്യകൃഷി 42 കുളങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ സാധിച്ചു. 2018-19 വർഷത്തിൽ 6 കുളങ്ങളിൽ നിന്നും 5390 കിലോ മത്സ്യം വിളവെടുത്തു. ഇതിന്റെ വിൽപനയിലൂടെ 10,78,000 രൂപ ലഭിച്ചു. ഭൂഗർഭ ജലവിതാനം നിലനിർത്തുവാനും കുളങ്ങളുടെ സംരക്ഷണത്തിനും മത്സ്യകൃഷി ഫലപ്രദമാണ്. ഓരോ കുളത്തിന് സമീപത്തും താമസിക്കുന്ന അഞ്ച് മുതൽ 10 വരെ അംഗങ്ങൾ ചേർന്ന് രൂപീകരിച്ച സ്വയംസഹായ സംഘങ്ങളാണ് മത്സ്യകൃഷി നടത്തുന്നത്. പഞ്ചായത്ത് കുളങ്ങൾ പാട്ടത്തിന് നൽകി പഞ്ചായത്ത് പദ്ധതിയ്ക്ക് പിന്തുണ ലഭ്യമാക്കുന്നു.

മഴക്കാലത്ത് റോഡിലെ ഓടയിലൂടെ പാഴാകുന്ന ജലം കെട്ടി നിർത്തി ഭൂമിയിലേക്ക് ഇറക്കി ജലസമൃദ്ധമാക്കുന്ന പുതിയ മാതൃകയ്ക്കാണ് മാറനെല്ലൂർ പഞ്ചായത്ത് കരിങ്ങൽ വാർഡിലെ പൂവൻവിളയിൽ തുടക്കമായത്. കരിങ്ങൽ വാർഡിലെ പൂവൻവിളയിൽ റോഡിൽ വെള്ളക്കെട്ട് ഉണ്ടാകുന്ന സ്ഥലത്ത് റോഡിന്റെ ഓരത്തു മൂന്ന് മീറ്റർ നീളവും 1.5 മീറ്റർ വീതിയും ആഴവുമുള്ള കുഴിയെടുത്ത് വശങ്ങൾ ബലപ്പെടുത്തി, ജലം സംരക്ഷിക്കുകയാണ്. ഓടയിലൂടെ ഒഴുകി പാഴാകേണ്ട 6000 ലിറ്റർ ജലം ഇങ്ങനെ ഇവിടെ സംഭരിക്കാം. മരാമത്ത് വകുപ്പ് കൂടി ഈ ആശയത്തോട് യോജിച്ചപ്പോൾ പദ്ധതി യാഥാർത്ഥ്യമായി. ജലം സംരക്ഷിക്കുന്ന കുഴി സ്ലാബിട്ട് മൂടുകയും ചെയ്തു.

മണ്ഡലത്തിലെ ഉയർന്നതും കുടിവെള്ളം ലഭ്യമാക്കുവാൻ മറ്റ് സംവിധാനങ്ങൾ ഇല്ലാത്തതുമായ പ്രദേശങ്ങളിൽ ഭൂജല വകുപ്പിന്റെ സഹായത്തോടെ ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.ഇത്തരം 7 പദ്ധതികൾക്ക് 2018-19 ൽ ആരംഭിച്ചു.

വറ്റാത്ത ഉറവയ്ക്കായി ജലസമൃദ്ധി പദ്ധതിയുടെ ഒരു പ്രധാന നാഴികകല്ലാണ് നിയോജകമണ്ഡലത്തിലെ സർക്കാർ/എയ്ഡഡ് സ്കൂളുകളെ ഹരിത വിദ്യാലയമായി രൂപാന്തരപ്പെടുത്തുകയെന്നത്. ഹരിത കേരളം മിഷൻ വിഭാവനം ചെയ്യുന്ന 'വൃത്തി-വെള്ളം-വിളവ്' എന്നീ ആശയങ്ങളെ അടിസ്ഥാനമാക്കിസംസ്ഥാനത്ത് ആദ്യമായിട്ടാണ് ഒരു നിയോജകമണ്ഡലത്തിലെ എല്ലാ സ്കൂളുകളും ഹരിത വിദ്യാലയങ്ങളാകുന്നത്. ഹരിത വിദ്യാലയം എന്ന സങ്കൽപ്പം ഹരിത കേരളം മിഷൻ, കൃഷി വകുപ്പ്, ശുചിത്വ മിഷൻ, സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവരുടെ സഹായത്തോടെയാണ് യാഥാർത്ഥ്യമാക്കുന്നത്. ഇതിനായി സാങ്കേതിക മേൽനോട്ടം വഹിക്കുന്നത് ഹരിത കേരളം മിഷനും പദ്ധതി ഏകോപിപ്പിക്കുന്നത് സംസ്ഥാന ഭൂവിനിയോഗ ബോർഡുമാണ്.

ആമച്ചൽ ഏലായിൽ നെൽകൃഷി പുനരാരംഭിക്കണമെന്ന നാട്ടുകാരുടെയും കർഷകരുടെയും ആഗ്രഹത്തിന്റെ അടിസ്ഥാനത്തിൽ 20 ഹെക്ടർ വരുന്ന ആമച്ചൽ ഏലായിൽ നെൽ കൃഷിക്കായി ജലം എത്തിക്കാനുള്ള വഴികളെ പറ്റിയുള്ള പഠനങ്ങൾ നടത്തി. ഇതിന്റെ ഭാഗമായി ജലസേചന വകുപ്പിലെ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ അടക്കമുള്ള ഉന്നത ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ചു. ലിഫ്റ്റ് ഇറിഗേഷൻ സാങ്കേതികത്വം ഉപയോഗപ്പെടുത്തി നെയ്യാറിൽ നിന്നും ജലം ആമച്ചൽ പായിത്തല കുളത്തിൽ എത്തിച്ച് അവിടെ നിന്നും കൈത്തോടുകൾ വഴി ഏലാകളിൽ ജലം എത്തിക്കാൻ കഴിയും എന്ന

നിഗമനത്തിൽ എത്തി. നിരവധി തവണ സ്ഥല സന്ദർശനങ്ങളും വിവിധ തലങ്ങളിൽ ഉള്ള പഠനങ്ങളും നടത്തി. ഒടുവിൽ പ്രോജക്റ്റ് തയ്യാറാക്കപ്പെടുകയും 93 ലക്ഷം രൂപയുടെ ഭരണാനുമതിയും ലഭ്യമായി. കാട്ടാക്കട പഞ്ചായത്തിലെ ആമച്ചൽ കുളം നവീകരിച്ചു നെയ്യാറിൽ നിന്ന് ജലം എത്തിച്ചു 20 ഹെക്ടർ സ്ഥലത്തു നെൽകൃഷി ആരംഭിക്കുവാനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കമായി.

പള്ളിച്ചൽ പഞ്ചായത്തിലെ കണ്ണംകോട് വാർഡിൽ മൂന്നര ഏക്കർ വരുന്ന സ്ഥലത്ത് സംയോജിത കൃഷിയുടെ തുടക്കമിട്ടു. പറമ്പിൽകോണം കുളം കേന്ദ്രമായി മൂന്നര ഏക്കറിലാണ് കൃഷി ആരംഭിച്ചത്. ഒന്നര ഏക്കർ തെങ്ങിൻതോട്ടത്തിൽ, തെങ്ങിനുചുറ്റും ചാലുകീറി തൊണ്ടടുക്കി തടമുണ്ടാക്കി. തെങ്ങിൻതടങ്ങളിൽ ഇഞ്ചി, ചീര, വെള്ളരി എന്നിവ നട്ടു. ബാക്കിസ്ഥലങ്ങളിൽ ചേന, ചേമ്പ്, പാവൽ, പടവലം, പച്ചമുളക്, കത്തിരി, വഴുതന, മത്തൻ, ചീര എന്നിവ ഇടവിളകളായി നട്ടു. ഇതിനു വേണ്ടി ഇവിടെ ഒരു കുളം തൊഴിലുറപ്പ് തൊഴിലാളികൾ നിർമ്മിച്ചു. കർഷക ഗ്രൂപ്പ് ഒരു പമ്പ് സെറ്റ് വാങ്ങി പൂർണ്ണമായും ജൈവകൃഷി നടത്തിവരുന്നു.

കാട്ടാക്കട പഞ്ചായത്തിലെ കുരുതംകോട് വാർഡിലുള്ള ഓരോ ഏലകളെയും ഓരോ ചെറു സൂക്ഷമ നീർത്തടങ്ങളായി പരിഗണിച്ച് പ്രോജക്ടുകൾ തയ്യാറാ

കാട്ടാക്കട മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന ജൈവസമൃദ്ധി പദ്ധതിയുടെ ഭാഗമായി കാട്ടാക്കട പഞ്ചയത്തിലെ മംഗലയ്ക്കൽ ഏലായിലെ ഞാറ് നട്ടുകൊണ്ട് ഐ. ബി. സതീഷ്, എം.എൽ.എ ഉത്ഘാടനം നിർവഹിച്ചു. 50 സെന്റ് സ്ഥലത്ത് ഇവിടെ നെൽകൃഷി പുനരാരംഭിക്കുവാൻ കഴിഞ്ഞു. ഇതു കൂടാതെ ആമച്ചൽ, നാഞ്ചല്ലൂർ, അമ്പലത്തിൻകാല എന്നീ ഏലാകളിലും നെൽകൃഷി ആരംഭിച്ചു. മാറനല്ലൂർ പഞ്ചായത്തിലെ കൂവളശ്ശേരിയിൽ 50 സെന്റിൽ നെൽകൃഷിയും വിളപ്പിൽ പഞ്ചായത്തിലെ വെള്ളൈക്കടവ് വാർഡിൽ 25 സെന്റ് നെൽകൃഷിയും ചെയ്യുവാൻ സാധിച്ചു.



ക്കി. ഓരോ പ്രോജക്ടുകളിലും ഏലയിലേയ്ക്കുള്ള വസ്തുവിന്റെ ചരിവ് അനുസരിച്ച് ഉയർന്ന പ്രദേശങ്ങളിൽ മഴക്കുഴികൾ, തെങ്ങിന് തടമെടുക്കൽ, മൺബണ്ട് നിർമ്മാണം, ജൈവപച്ചക്കറി കൃഷി, ക്ഷീര കർഷകർക്ക് തീറ്റപ്പുല്ല്, പുതിയ കാർഷിക കുളങ്ങൾ എന്നിങ്ങനെ നിർമ്മാണം നടത്തി. ഈ പ്രദേശത്ത് മേൻമയേറിയ ഫലവൃക്ഷ തൈകൾ ഉൽപ്പാദിപ്പിക്കുന്ന നഴ്സറികളും ഇതിന്റെ ഭാഗമായി തുടങ്ങുവാൻ സാധിച്ചു. ജലലഭ്യത ഉറപ്പായതുമൂലം പുതിയ കാർഷിക കുളങ്ങളുടെ സമീപത്തായി പച്ചക്കറി കൃഷി വ്യാപിപ്പിക്കുവാൻ സാധിച്ചു.

കാട്ടാക്കട മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന ജൈവസമൃദ്ധി പദ്ധതിയുടെ ഭാഗമായി കാട്ടാക്കട പഞ്ചായത്തിലെ മംഗലയ്ക്കൽ ഏലായിലെ ഞാറ് നട്ടുകൊണ്ട് ഐ. ബി. സതീഷ്, എം.എൽ.എ ഉത്ഘാടനം നിർവഹിച്ചു. 50 സെന്റ് സ്ഥലത്ത് ഇവിടെ നെൽകൃഷി പുനരാരംഭിക്കുവാൻ കഴിഞ്ഞു. ഇതു കൂടാതെ ആമച്ചൽ, നാഞ്ചല്ലൂർ, അമ്പലത്തിൻകാല എന്നീ ഏലാകളിലും നെൽകൃഷി ആരംഭിച്ചു. മാറനല്ലൂർ പഞ്ചായത്തിലെ കൂവളശ്ശേരിയിൽ 50 സെന്റിൽ നെൽകൃഷിയും വിളപ്പിൽ പഞ്ചായത്തിലെ വെള്ളൈക്കടവ് വാർഡിൽ 25 സെന്റ് നെൽകൃഷിയും ചെയ്യുവാൻ സാധിച്ചു. ആമച്ചൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി സാധ്യമാകുന്നതിലൂടെ 20 ഹെക്ടർ പ്രദേശത്ത് നെൽകൃഷി തിരികെ കൊണ്ടു വരുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു.

ഹരിത കേരളം മിഷനുമായി സഹകരിച്ച് നിയോജകമണ്ഡലത്തിലെ ഒരു പഞ്ചായത്തിൽ നിന്നും തിരഞ്ഞെടുത്ത ഒരു വാർഡിനെ ജൈവ വാർഡായി പ്രഖ്യാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. കൃഷിവകുപ്പിന്റെയും റവന്യൂ വകുപ്പിന്റെയും സഹായത്തോടെ തരിശ്ശായി കിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി കുടുംബശ്രീയും മറ്റു സ്വയം സഹായ സംഘങ്ങളുടെയും സഹായത്തോടെ പദ്ധതി നടപ്പിലാക്കി വരുന്നത്. പള്ളിച്ചൽ പഞ്ചായത്തിലെ കണ്ണംകോട് വാർഡിൽ 608 കുടുംബങ്ങൾക്ക് പച്ചക്കറി വിത്ത് വിതരണവും, വിളപ്പിൽ പഞ്ചായത്തിലെ വെള്ളൈക്കടവ് വാർഡിൽ ഒരു ഏക്കറിൽ പച്ചക്കറി കൃഷിയും, വിളവൂർക്കൽ പഞ്ചായത്തിലെ കൃഷി ഭവനു സമീപമുള്ള 25 സെന്റിൽ പച്ചക്കറി കൃഷിയും, മലയിൻകീഴ് പഞ്ചായത്തിൽ അരുവിപ്പാറയിൽ 50 സെന്റ് സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്തു.

വറ്റാത്ത ഉറവയക്കായി ജലസമൃദ്ധി പദ്ധതിയുടെ ഭാഗമായി ഹരിത കേരളം മിഷനുമായി സഹകരിച്ച് ട്രിനിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിന്റെ നേതൃത്വത്തിൽ കടുവാക്കുഴി - അന്തിയൂർക്കോണം തോടിൽ ശാസ്ത്രീയ പഠനം നടത്തി. ഓരോ 50 മീറ്റർ ഇടവേളകളിലും തോടിന്റെ വിവിധ അളവുകൾ രേഖപ്പെടുത്തിയാണ് പഠനം പൂർത്തിയാക്കിയത്. റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ വിവിധ പ്രവർത്തനങ്ങൾ നടത്തി തോടിന്റെ ജലസംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

ഒരു ചെറുനീർത്തടത്തിൽ നടപ്പിലാക്കേണ്ട സംയോജിത കൃഷിയുടെ ശാസ്ത്രീയ മാതൃക തയ്യാറാക്കി നൽകുന്നതിനായി വെള്ളായണി കാർഷിക കോളേജ് വിദ്യാർത്ഥികൾ സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ മേൽനോട്ടത്തിൽ പള്ളിച്ചൽ പഞ്ചായത്തിൽ നീർത്തട സർവ്വെ നടത്തി. പള്ളിച്ചൽ പഞ്ചായത്തിലെ കണ്ണംകോട്, കുളങ്ങരക്കോണം വാർഡുകൾ ഉൾപ്പെടുന്ന 2K27b നീർത്തടത്തെക്കുറിച്ചാണ് വിശദമായപഠനം നടത്തിയത്. വിദ്യാർത്ഥികൾ തയ്യാറാക്കി നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥനത്തിൽ നീർത്തട സംരക്ഷണത്തോടൊപ്പം സംയോജിത കൃഷിയുടെ പുതിയ മാതൃക നടപ്പിലാക്കുന്നതാണ്.

ക്രിസ്തുമസ് വേനൽ അവധിക്കാല എൻ.എസ്.എസ് ക്യാമ്പ് മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ കാർഷിക-ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കി. എൻ.എസ്.എസ്വോളന്റിയേഴ്സ്, ക്യാമ്പിനു ചുറ്റുമുള്ള പ്രദേശങ്ങളിൽ വീട്ടുകാരോടൊപ്പം സഹകരിച്ച് വൃക്ഷതൈകൾ നട്ടും, വൃക്ഷങ്ങൾക്ക് തടമെടുത്തും, മഴക്കു



ഴികൾ നിർമ്മിച്ചും ജല കാർഷിക സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു. കൈതോടുകൾ നവീകരിച്ചതിനോടൊപ്പം തോടിൽ ജലം തടഞ്ഞു നിർത്തുവാൻ കഴിയുന്ന ചെറിയ തടയണകൾ നിർമ്മിക്കുകയും ജലസ്രോതസ്സിന്റെ വൃഷ്ടി പ്രദേശങ്ങളിൽ ജലം സംഭരിക്കുവാൻ കഴിയുന്ന സംവിധാനങ്ങൾ നടപ്പിലാക്കുകയും ചെയ്തു. ഒറ്റതവണ പ്രവൃത്തിയായി അവസാനിപ്പിക്കാതെ വിദ്യാർത്ഥികൾ തന്നെ ഇതിന്റെ തുടർപ്രവർത്തനം ഏറ്റെടുത്ത് നടത്തി വരുന്നു. ക്യാമ്പിന്റെ ഭാഗമായി സ്കൂളുകളിൽ പച്ചക്കറി കൃഷി ആരംഭിച്ചത് ഇപ്പോഴും നിലനിന്നു വരുന്നു.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിച്ച് നിയോജകമണ്ഡലത്തിലെ 30 കേന്ദ്രങ്ങളിൽ 'മന്ത്രങ്ങളില്ലാതെ മനസ്സുണർത്തുന്നവർ' എന്ന പേരിൽ ഒരു കലാജാഥ പര്യടനം നടത്തി. നമ്മുടെ പൂർവ്വികർ നിരവധി നിഷ്ഠകളോടെ സംരക്ഷിച്ച് നമുക്ക് കൈമാറിയ ജലസമൃദ്ധമായ കാടും പുഴകളും പൂക്കളും പൂമ്പാറ്റകളുമായി പുഷ്പിണിയായ ഭൂമിയെ വരുംതലമുറക്കായി കൈമാറേണ്ടത് നമ്മുടെ ഉത്തരവാദിത്തമാണെന്ന ബോധം ജനമനസ്സുകളിൽ എത്തിക്കുന്നതിനാണ് ഈ കലാജാഥ ഒരുക്കിയിരുന്നത്. 35 മിനിട്ട് ദൈർഘ്യമുള്ള പാട്ടും നൃത്തവും ചിന്തോദീപമായ രംഗങ്ങളും

ഹരിത കേരളം മിഷനുമായി സഹകരിച്ച് നിയോജക മണ്ഡലത്തിലെ ഒരു പഞ്ചായത്തിൽ നിന്നും തിരഞ്ഞെടുത്ത ഒരു വാർഡിനെ ജൈവവാർഡായി പ്രഖ്യാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. കൃഷിവകുപ്പിന്റെയും റവന്യു വകുപ്പിന്റെയും സഹായത്തോടെ തരിശ്ശായി കിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി കുടുംബശ്രീയും മറ്റു സ്വയം സഹായ സംഘങ്ങളുടെയും സഹായത്തോടെ പദ്ധതി നടപ്പിലാക്കി വരുന്നത്.

കോർത്തിണക്കി ജനങ്ങളുടെ മനസ്സിൽ, നഷ്ടപ്പെട്ട കേരളത്തിന്റെ പ്രകൃതിയേയും അതിന് നാം നൽകേണ്ടിവന്ന വിലയും ഇനിയുള്ളതെങ്കിലും സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള തയ്യാറെടുപ്പുകളുമാണ് തെരുവുനാടകം ചർച്ച ചെയ്യുന്നത്. ഭൂമി അമ്മയാണെന്നും ആ അമ്മ ആരോഗ്യത്തോടെ ജീവിച്ചാൽ മാത്രമെ മക്കൾക്ക് നിലനിൽക്കാൻ കഴിയൂ എന്ന സന്ദേശം പകരുന്നു ഈ തെരുവു നാടകം. സി.വി.ഉണ്ണി കൃഷ്ണൻ രചന നിർവ്വഹിച്ച തെരുനുനാടകത്തിന്റെ സംവിധാനം നേമം ജോയിന്റ് ബി.ഡി.ഒ യായിരുന്ന ഡി.സുരേഷാണ് നിർവ്വഹിച്ചത് സംഗീതം പുനലൂർ തങ്കച്ചൻ. വിവിധ കോളേജുകളിൽ നിന്നും തെരഞ്ഞെടുത്ത കലാകാരൻമാരാണ് ഇതിൽ അഭിനയിച്ചത്. എല്ലാ കേന്ദ്രങ്ങളിലും കലാജാഥ കാണുന്നതിനും ജലപ്രതിജ്ഞ എടുക്കുന്നതിനും നല്ല ജനപങ്കാളിത്തമായിരുന്നു.

## ജലനിരപ്പ് ഉയരുന്നത് ശുഭസൂചകം

കേന്ദ്ര ഭൂജല ബോർഡിലും സംസ്ഥാന ഭൂജല വകുപ്പിലും ലഭ്യമായ കണക്കുകൾ പരിശോധിക്കുമ്പോൾ നേമം ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന രണ്ട് തുറന്ന കിണറുകളിലുംമൂന്ന് നിരീക്ഷണ കുഴൽ കിണറുകളിലും ജനുവരി മാസത്തെജലനിരപ്പ് മുൻ വർഷങ്ങളെ അപേക്ഷിച്ച് 2019 ൽ ഉയർന്നതായി കാണുന്നു. ജലസമൃദ്ധി പദ്ധതിയുടെ ഭാഗമായി കഴിഞ്ഞ 2 വർഷക്കാലം നടപ്പിലാക്കിയ ജലസംരക്ഷണ പ്രവർത്തനങ്ങൾ പ്രദേശത്തെ ഭൂഗർഭജലനിരപ്പ് ഉയർത്തുവാൻ സഹായിച്ചിട്ടുണ്ടെന്ന് ഇതിൽ നിന്നും മനസ്സിലാകുന്നതാണ്.

### കേന്ദ്ര ഭൂജല ബോർഡ്

| കിണർ | ജലനിരപ്പ് (meter below ground level) | | | |
|---|---|---|---|---|
| | ജനു.2016 | ജനു.2017 | ജനു.2018 | ജനു. 2019 |
| കാട്ടാക്കട | 3.65 | 4.14 | 3.90 | 3.52 |
| കണ്ടല | 9.88 | 14.05 | 10.00 | 9.90 |
| വിളപ്പിൽശാല | 7.15 | 9.60 | 8.01 | 7.52 |
| കുഴൽ കിണർ | | | | |
| വിളപ്പിൽശാല | 6.73 | 8.90 | 8.33 | 7.63 |

### സംസ്ഥാന ഭൂജല വകുപ്പ്

| കുഴൽകിണർ | ജലനിരപ്പ് (meter below ground level) | | |
|---|---|---|---|
| | ഫെബ്രു.2017 | ഫെബ്രു.2018 | ഫെബ്രു.2019 |
| മലയിൻകീഴ് | 9.65 | 7.85 | 7.48 |
| മാറനല്ലൂർ | 9.43 | 7.83 | 7.31 |
| വിളപ്പിൽ | 16.71 | 15.27 | 15.38 |
| കിണർ | | | |
| മലയിൻകീഴ് | 11.58 | 11.69 | 10.22 |

ഇത് കൂടാതെ ആർട്ടിഫിഷ്യൽ റീചാർജിംഗ് നടപ്പിലാക്കിയ സ്കൂളുകളുടെയും പൊതുസ്ഥാപനങ്ങളുടെയും പരിസര പ്രദേശത്തെ കിണറുകളിലും ജലലഭ്യതയിൽ വന്നിട്ടുള്ള പ്രകടമായ പുരോഗതി പദ്ധതിയുടെ വിജയത്തോടൊപ്പം ജനങ്ങളിൽ വിശ്വാസ്യത വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. മുൻ വർഷങ്ങളിൽ നവംബർ-ഡിസംബർ മാസം മുതൽ വറ്റുമായിരുന്ന ഈ കിണറുകളിൽ മാർച്ച്മാസത്തിൽ പോലും ജലലഭ്യത സാമാന്യം നല്ല നിലയിൽ തന്നെ ഉണ്ട്.

തോട് പുനരുജ്ജീവനത്തിന്റെ മാതൃകാ പദ്ധതിയായി നിയോജകമണ്ഡലത്തിന്റെ മദ്ധ്യഭാഗത്തുള്ള ചെറുനീർത്തടത്തിലെ പ്രധാന തോടായ കടുവാക്കുഴി-കൊല്ലോട്-കല്ലുവരമ്പ് തോട് (6 കിലോമീറ്റർ) നീർത്തട നടത്തവും തുടർന്ന് തൊഴിലുറപ്പ് പദ്ധതിയിലുൽപ്പെടുത്തി നവീകരിച്ച് 53 ചെറുതടയണകൾ നിർമ്മിച്ച് ജലസംരക്ഷണം നടത്തിയതിന്റെ ഫലമായി മെയ് മാസത്തിലുംതോടിൽജലം ലഭിക്കുന്നത് ജലസമൃദ്ധി പ്രവർത്തനങ്ങളുടെ വിജയമായി തദ്ദേശവാസികൾ സാക്ഷ്യ

പ്പെടുത്തുന്നു. സമീപ പ്രദേശങ്ങളിലെ തോടുകൾ വറ്റിയ സമയത്താണ് ഇതെന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ട താണ്. ജലക്ഷാമം അതിരൂക്ഷമായിരുന്ന പള്ളിച്ചൽ പഞ്ചായത്തിലെ മൂന്നാം വാർഡിൽ നടപ്പിലാക്കിയ പാറ ക്വാറിയിൽ നിന്നുള്ള റീചാർജിംഗിലൂടെ പ്രദേശത്തെ 15 കിണറുകൾ ജലസമൃദ്ധമാക്കി കുടിവെള്ളക്ഷാമം പരി ഹരിക്കാൻ കഴിഞ്ഞതും വലിയ നേട്ടമായി പ്രദേശ വാസികൾ വിലയിരുത്തുന്നു. ദേശീയ ഗ്രാമീണ തൊഴി ലുറപ്പ് പദ്ധതിയിലൂടെ നിർമ്മിച്ച 300 കാർഷിക കുളങ്ങ ളിലൂടെ വലിയൊരളവ് ജലം ഭൂമിയിലേക്ക് ആഴ്ന്നിറക്കി പ്രദേശത്തെ ഭൂഗർഭ ജലവിതാനം ഉയർത്തുവാൻ കഴി ഞ്ഞിട്ടുണ്ട്.

## ജലസമൃദ്ധി വെബ്സൈറ്റ്

(www.jalasamrdhi.com)

വറ്റാത്ത ഉറവക്കായി ജലസമൃദ്ധി-കാട്ടാക്കട നിയോ ജക മണ്ഡലം പദ്ധതിയുടെ വെബ്സൈറ്റ് ബഹു. കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നിർവ്വ ഹിച്ചു. ജലവിഭവങ്ങളെ സംബന്ധിച്ച വിവരങ്ങൾ ഭൂവിവ രസംവിധാനത്തിന്റെ സഹായത്തോടെ സ്ഥലപരമായ ചട്ടക്കൂട്ടിൽ ഭൂപടങ്ങൾ എന്ന ലിങ്കിൽ ലഭ്യമാണ്. നാളി തുവരെ ഏറ്റെടുത്ത വിവിധ പ്രവർത്തനങ്ങളുടെ വിവര ങ്ങൾ കർമ്മപഥത്തിലൂടെ എന്ന ലിങ്കിൽ ലഭ്യമാണ്.

## അംഗീകാര നിറവിൽ ജലസമൃദ്ധി

ലോക ബാങ്കും ഐക്യ രാഷ്ട്രസഭയും യൂറോപ്യൻ യൂണിയനും സംയുക്തമായി 2019 മെയ് 14ന് ജനീവയിൽ സംഘടിപ്പിച്ച 4-ാമത് ലോക പുനർനിർമ്മാണ കോൺ ഫറൻസിലെ ജലസംരക്ഷണവുമായി ബന്ധപ്പെട്ട സാങ്കേതിക സെഷനിൽ ഡച്ച് ദുരന്ത ലഘൂകരണ സംഘത്തിലെ വിദഗ്ദ്ധൻ പോൾ വാൻ മീൽ അവത രിപ്പിച്ച പ്രബന്ധത്തിലാണ് സംയോജിത നീർത്തട പരിപാലനത്തിൻറെ ഉത്തമ മാതകയായി കാട്ടാക്കട ജല സമൃദ്ധി പദ്ധതിയെ ലോകത്തിന് മുമ്പിൽ പരിചയ പ്പെടുത്തിയത്. പ്രളയാനന്തര പുനർനിർമാണത്തിനായി യുഎൻഡിപിയുടെ നേതൃത്വത്തിൽ തയ്യാറാക്കിയ പിഡിഎൻഎ റിപ്പോർട്ടിലെ സംയോജിത ജലവിഭവ മാനേജ്മെൻറ് പ്ലാൻ തയ്യാറാക്കിയ സംഘത്തിലെ അംഗ മായിരുന്നു ഇദ്ദേഹം. പോൾ വാൻ മീലിന്റെ നേതൃത്വ ത്തിലുള്ള സംഘം 2019 മാർച്ച് 18 നു കാട്ടാക്കട മണ്ഡല ത്തിൽ നടപ്പിലാക്കുന്ന ജലസമൃദ്ധി പദ്ധതിയിലെ വിവിധ പ്രവർത്തനങ്ങൾ നേരിൽ കണ്ടു മനസ്സിലാക്കിയിരുന്നു. പദ്ധതി നടത്തിപ്പിൽ വിദ്യാർത്ഥികൾ മുതൽ മുതിർന്നവർ വരെ എല്ലാ വിഭാഗം ജനങ്ങളെയും കൂട്ടിയിണക്കിയുള്ള ജനകീയ പ്രവർത്തനത്തെ പ്രബന്ധാവതരണത്തിൽ പ്രത്യേകം പരാമർശിക്കു കയുണ്ടായി. ജലസമൃദ്ധി മാതൃക കേരളത്തിലെ മറ്റ് നീർത്ത ടങ്ങളിലും നദീതടങ്ങളിലും അനു വർത്തിക്കുകയാണെങ്കിൽ സം യോജിത നദീതട പരിപാലനത്തി ന്റെ 80 ശതമാനം ലക്ഷ്യങ്ങളും കൈവരിക്കുവാൻ സാധിക്കുമെ ന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

## ഒത്തൊരുമയുടെ വിജയം

ജലസമൃദ്ധി പദ്ധതി ഇന്ന് കേര ളത്തിനു മുന്നിലുണ്ട്. ഒരു ജനത ഭാവി തലമുറക്കായി ഒരുമിച്ചു നട ത്തിയ ഒരു യാത്ര. ഫലം കണ്ട സാർത്ഥകമായൊരു ശ്രമം. മാതൃ കയാക്കാനാകുമെന്ന് അർത്ഥശങ്ക യില്ലാതെ മറ്റ് അഭിപ്രായഭേദങ്ങൾ മാറ്റി വച്ച് ഏവരും പറയുന്നൊരു മാതൃക. പരസ്പരം തുറക്കാത്ത അറകളെന്ന് വിശേഷിപ്പിക്കുന്ന വിവിധ വകുപ്പുകളുടെ ഏകോ പനം സൃഷ്ടിച്ചൊരു മാതൃക കൂടി യാണ് ജലസമൃദ്ധി. സർക്കാർ വകുപ്പുകളോടൊപ്പം തദ്ദേശസ്വ യംഭരണ സ്ഥാപനങ്ങളും കുടും ബശ്രീ, ദേശീയ തൊഴിലുറപ്പ് പദ്ധ തി തൊഴിലാളികൾ, റസിഡൻസ് അസോസിയേഷൻ, ശാസ്ത്ര സാ ഹിത്യ പരിഷത്ത്, നെഹ്റു യുവ കേന്ദ്ര, യുവജന കലാകായിക സമിതികൾ, സന്നദ്ധ പ്രവർത്തകർ എല്ലാവരും ഒരേ വികാരത്തോടെ ജലസമൃദ്ധിക്കൊപ്പം നടന്നു...

# കിള്ളിയാർ മിഷൻ

തിരുവനന്തപുരം ജില്ലയിലെ പനവൂർ ആനാട് പഞ്ചായത്തുകളിലെ കരിഞ്ചാത്തി മൂലയിൽ നിന്നും ഒറ്റക്കൊമ്പൻ പാറയിൽ നിന്നും ആരംഭിച്ച് പനവൂർ, ആനാട്, അരുവിക്കര, കരകുളം ഗ്രാമപഞ്ചായത്തുകളിലൂടെയും നെടുമങ്ങാട് നഗരസഭ, തിരുവനന്തപുരം കോർപ്പറേഷൻ എന്നിവയുടെ ഭൂപരിധിയിലൂടെ ഒഴുകി തിരുവല്ലത്ത് കരമനയാറിൽ ലയിക്കുന്ന ഒരു ചെറുനദിയാണ് കിള്ളിയാർ. കിള്ളിയാറിനെ മാലിന്യമുക്തമാക്കുന്നതിനായി ഹരിത കേരളം മിഷൻ – ജലശ്രീ – നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത്, നെടുമങ്ങാട് നഗരസഭ, പനവൂർ, ആനാട്, അരുവിക്കര, കരകുളം ഗ്രാമപഞ്ചായത്തുകൾ എന്നിവയുടെ നേതൃത്വത്തിലുള്ള സംയുക്ത ജനകീയ ഇടപെടൽ ആണ് കിള്ളിയാർ മിഷൻ. കിള്ളിയാറിന്റെ തുടക്കം മുതൽ വഴയില (കരകുളം ഗ്രാമപഞ്ചായത്തിന്റെയും തിരുവനന്തപുരം നഗരസഭയുടേയും അതിർത്തി) വരെയുള്ള ഭാഗവും (22 കി.മീ.) ഇതിൽ വന്നുചേരുന്ന 31 തോടുകളും മാലിന്യ മുക്തവും ശുദ്ധജല സമ്പന്നവും കയ്യേറ്റമില്ലാത്തതുമായ ജലസ്രോതസ്സായി പരിപാലിക്കുന്നതിനുള്ള ജനകീയ സംരംഭം സമയബന്ധിതമായി നടപ്പാക്കുകയെന്നതാണ് ഈ മിഷന്റെ ലക്ഷ്യം.

## ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ

ആനാട്, പനവൂർ, അരുവിക്കര, കരകുളം എന്നീ ഗ്രാമപഞ്ചായത്തുകളിലും നെടുമങ്ങാട്, തിരുവനന്തപുരം



എന്നീ നഗരസഭകളിലുമായി 35 കി.മീ. നീളത്തിലാണ് കിള്ളിയാർ സ്ഥിതി ചെയ്യുന്നത്.

## കിള്ളിയാറിന്റെ ശുചീകരണ പൂർവ്വ സ്ഥിതി

ഒരുകാലത്ത് നിറഞ്ഞൊഴുകിയിരുന്ന നാടിന്റെ ജീവജലസ്രോതസ്സായിരുന്ന കിള്ളിയാർ മലിനീകരണം, മണ്ണിടിച്ചിൽ, തീരം നികത്തൽ, കൈവഴികൾ നികത്തൽ, അഴുക്കുചാലുകൾ തുറന്ന് മലിനജലം ഒഴുക്കൽ, അധാർമ്മിക കയ്യേറ്റം തുടങ്ങി നിരവധി കാരണങ്ങളാൽ ഗുരുതര സ്ഥിതിയിലായിരുന്നു. കിള്ളിയാറിന്റെ വൃഷ്ടി പ്രദേശങ്ങൾ ഗ്രാമപഞ്ചാത്തലത്തിൽ നിന്ന് നഗര പഞ്ചാത്തലത്തിലേയ്ക്ക് അതിവേഗം കുതിക്കുകയാണ്. ഇതുമൂലം മനുഷ്യന്റെ ഉപഭോഗ സംസ്കാരത്തിലുണ്ടായ മാറ്റം ദൈനംദിന ജീവിതരീതിയെ തന്നെ മാറ്റിമറിച്ചു. ഇത് കൂടുതൽ മാലിന്യ ഉത്പാദനത്തിന് കാരണമായി. ഇങ്ങനെ രൂപപ്പെടുന്ന മാലിന്യങ്ങളുടെ ഒരു ഭാഗം ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യാതെ നേരിട്ട് ജലസ്രോതസ്സിലെത്തുന്ന അവസ്ഥയാണ് നിലവിലുണ്ടായിരുന്നത്. അശാസ്ത്രീയമായ ശൗചാലയ സംവിധാനങ്ങൾ കക്കൂസ് മാലിന്യങ്ങൾ കിള്ളിയാറിൽ കലരുവാൻ ഇടയാക്കി. വ്യാപാര വ്യവസായ സ്ഥാപനങ്ങളിലെ ദിനംപ്രതിയുള്ള വലിയ അളവു മാലിന്യം കിള്ളിയാറിൽ എത്തപ്പെട്ടു. അറവുശാലകൾ, കോഴിഫാമുകൾ എന്നിവയിലെ അവശിഷ്ടങ്ങൾ, നിർദാഷണ്യം കിള്ളിയാറിൽ നിരന്തരമായി നിക്ഷേപിക്കുന്ന അവസ്ഥയിലായിരുന്നു. പുത്തൻപാലം മുതൽ വഴയില വരെയുള്ള തെങ്കാശി തിരുവനന്തപുരം റോഡിന് സമാന്തരമായാണ് കിള്ളിയാർ ഒഴുകുന്നത്. സാമൂഹിക പ്രതിബദ്ധതയില്ലാത്ത ഒരു ചെറുസമൂഹത്തിന് ആയാസരഹിതമായി മാലിന്യം കിള്ളിയാറിൽ തള്ളുന്നതിന് ഇത് സഹായകരമായി. ഈ സാഹചര്യത്തിലാണ് കിള്ളിയാറിനെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള ബൃഹത്തായ ജനകീയ ഇടപെടലിന് രൂപം കൊടുത്തത്.



അറവുശാലകൾ, കോഴിഫാമുകൾ എന്നിവയിലെ അവശിഷ്ടങ്ങൾ, നിർദാക്ഷണ്യം കിള്ളിയാറിലൂടെ ഒഴുക്കി വിടുന്ന അവസ്ഥയിലായിരുന്നു. പുത്തൻപാലം മുതൽ വഴയില വരെയുള്ള തെങ്കാശി തിരുവനന്തപുരം റോഡിന് സമാന്തരമായാണ് കിള്ളിയാർ ഒഴുകുന്നത്. സാമൂഹിക പ്രതിബദ്ധതയില്ലാത്ത ഒരു ചെറു സമൂഹത്തിന് ആയാസ രഹിതമായി മാലിന്യം കിള്ളിയാറിൽ തള്ളുന്നതിന് ഇത് സഹായകരമായി. ഈ സാഹചര്യത്തിലാണ് കിള്ളിയാറിനെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള ബൃഹത്തായ ജനകീയ ഇടപെടലിന് രൂപം കൊടുത്തത്.

## ലക്ഷ്യമിട്ട പ്രവർത്തനങ്ങൾ

- പുഴ ശുചിയാക്കൽ, തോടുകൾ ശുചിയാക്കൽ
- തടയണകൾ നിർമ്മിക്കൽ-പുഴയിൽ ആവശ്യമുള്ള സ്ഥലങ്ങളിൽ ജലസേചന വകുപ്പിന്റെ നേതൃത്വത്തിലും തോടുകളിൽ തൊഴിലുറപ്പ് പദ്ധതി, സന്നദ്ധസേവനം എന്നിവ പ്രയോജനപ്പെടുത്തി സ്ഥിരവും താൽക്കാലികവുമായ തടയണകൾ നിർമ്മിക്കുക.
- കയർ ഭൂവസ്ത്രം പോലുള്ള ജൈവരീതികൊണ്ടുള്ള പാർശ്വസംരക്ഷണം.
- മരങ്ങൾ നട്ടുപിടിപ്പിക്കുക.
- മലിനീകരണ നിയന്ത്രണം.

## പ്രവർത്തന ഘട്ടങ്ങൾ

- നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് ആസൂത്രണ സമിതിയിൽ പദ്ധതിയുടെ കരട് ചർച്ച ചെയ്യുന്നു.
- ബ്ലോക്ക് പഞ്ചായത്ത് സമിതിയിൽ പദ്ധതി അവതരിപ്പിച്ച് അംഗീകരിക്കുന്നു.



- നെടുമങ്ങാട് മുനിസിപ്പൽ ചെയർമാനുമായും 4 ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരുമാ യും പരിപാടി സംബന്ധിച്ച് ആദ്യ ഘട്ട ചർച്ച.
- മുനിസിപ്പൽ കൗൺസിൽ/പഞ്ചായത്ത് ഭരണസമിതികളിൽ ചർച്ച നടത്തി പരിപാടി അംഗീകരിക്കുന്നു.
- മുഴുവൻ തദ്ദേശ ഭരണ സ്ഥാപനങ്ങളിലേയും ജനപ്രതിനിധികളുടേയും യോഗം ഒന്നിച്ച് വിളിച്ചുചേർത്ത് ഭാവിപരിപാടികൾ ആസൂത്രണം ചെയ്യുന്നു.
- മന്ത്രിമാർ, എം.എൽ.എ.മാർ, എം.പി എന്നിവരുമായി പദ്ധതിയെക്കുറിച്ച് ആശയവിനിമയം നടത്തുന്നു.
- പ്രാഥമിക പഠനം ഹരിതകേരളം മിഷന്റെയും നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റേയും നേതൃത്വത്തിൽ തിരുവനന്തപുരം ഗവ. ലോ കോളേജ് എൻ.എസ്.എസ്. പ്രവർത്തകരേയും പ്രാദേശിക സന്നദ്ധ പ്രവർത്തകരേയും ഉൾപ്പെടുത്തി കിള്ളിയാറിന്റെ കൈവഴികളായ 3 തോടുകളിൽ സാങ്കേതികസർവ്വേ പ്രവർത്തനം വഴി വിവരശേഖരണവും പുഴയിലെ ജല ഗുണനിലവാര പരിശോധനയും നടത്തി. ഇവയിൽ നിന്നുള്ള വിവരങ്ങളും വിവിധ പഠന റിപ്പോർട്ടുകളിൽ നിന്നുൾപ്പെടെയുള്ള ദ്വിതീയ വിവരങ്ങളുംകൂടി അപഗ്രഥിച്ച് പുഴയുടെ ഒരു തൽസ്ഥിതി റിപ്പോർട്ട് കര



ഹരിതകേരളം മിഷന്റെയും നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റേയും നേതൃത്വത്തിൽ തിരുവനന്തപുരം ഗവ. ലോ കോളേജ് എൻ.എസ്.എസ്. പ്രവർത്തകരേയും പ്രാദേശിക സന്നദ്ധ പ്രവർത്തകരേയും ഉൾപ്പെടുത്തി കിള്ളിയാറിന്റെ കൈവഴികളായ 30 തോടുകളിൽ സാങ്കേതികസർവ്വേ പ്രവർത്തനം വഴി വിവര ശേഖരണവും പുഴയിലെ ജല ഗുണനിലവാര പരിശോധനയും നടത്തി. ഇവയിൽ നിന്നുള്ള വിവരങ്ങളും വിവിധ പഠന റിപ്പോർട്ടുകളിൽ നിന്നുൾപ്പെടെയുള്ള ദ്വിതീയ വിവരങ്ങളുംകൂടി അപഗ്രഥിച്ച് പുഴയുടെ ഒരു തൽസ്ഥിതി റിപ്പോർട്ട് കരകുളം ഗ്രാമീണ പഠനകേന്ദ്രത്തിന്റെ സാങ്കേതിക സഹായത്തോടെ തയ്യാറാക്കി.

കുളം ഗ്രാമീണ പഠനകേന്ദ്രത്തിന്റെ സാങ്കേതിക സഹായത്തോടെ തയ്യാറാക്കി. മലിനീകരണ നിയന്ത്രണബോർഡിൽനിന്നും ജലഗുണനിലവാരം സംബന്ധിച്ച വിവരങ്ങളും മേൽ റിപ്പോർട്ടിനായി ശേഖരിച്ചു.

- വിവിധ രാഷ്ട്രീയ പാർട്ടി നേതാക്കളുമായി ചർച്ച നടത്തി.
- കിള്ളിയാർ ഒരുമ എന്ന പേരിൽ 7000 ലേറെപ്പേർ പങ്കെടുത്ത വലിയ ജനകീയ കൺവെൻഷൻ നടത്തി. കൺവെൻഷൻ ബഹു ധനകാര്യ വകുപ്പു മന്ത്രി ഡോ. റ്റി.എം. തോമസ് ഐസക് ഉദ്ഘാടനം ചെയ്തു.
- മുകളിൽ പറഞ്ഞ കൺവെൻഷനിൽവച്ച് വിപുലമായ ഒരു കമ്മിറ്റിയ്ക്ക് രൂപംനൽകി. (ചെയർമാൻ – ഡി.കെ. മുരളി എം.എൽ.എ, കൺവീനർ–ബി.ബിജു നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്)
- തുടർന്ന് എല്ലാ പഞ്ചായത്ത് തലത്തിലും മുൻസിപ്പൽ തലത്തിലും കൺവെൻഷനുകൾ സംഘടിപ്പിച്ചു. മന്ത്രിമാരും, എൽ.എൽ.എമാരും ഇവയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. ശരാശരി പങ്കാളിത്തം – 1000 പേർ.
- ഈ കൺവെൻഷനുകളിൽനിന്നും പഞ്ചായത്ത് സംഘാടകസമിതികൾ രൂപീകരിച്ചു.

- ഇതിനെതുടർന്ന് പുഴയൊഴുകുന്ന പ്രദേശങ്ങളിലും കൈവഴികളുടെ (തോടുകൾ) പ്രദേശങ്ങളിലും 27 പ്രാദേശിക കൺവെൻഷനുകൾ സംഘടിപ്പിച്ചു. പങ്കാളിത്തം 100 മുതൽ 350 വരെ.
- ഈ കൺവെൻഷനുകളിൽ പ്രാദേശിക സംഘാടക സമിതികൾ (25 അംഗങ്ങളുള്ള) രൂപീകരിച്ചു.
- പ്രാദേശിക സംഘാടക സമിതി ചെയർമാൻ, കൺവീനർ എന്നിവരെക്കൂടി ഉൾപ്പെടുത്തി തദ്ദേശ സ്ഥാപനതല സംഘാടക സമിതിയും പഞ്ചായത്ത് ചെയർപേഴ്സൺ, കൺവീനർ എന്നിവരെക്കൂടി ഉൾപ്പെടുത്തി കിള്ളിയാർ മിഷൻ സംഘാടകസമിതിയും വിപുലപ്പെടുത്തി.
- കിള്ളിയാർ മിഷൻ എന്ന പേരിൽ ഒരു വാട്സ് ആപ് ഗ്രൂപ്പ് ആരംഭിച്ചു. പരമാവധി അംഗങ്ങളുടെ എണ്ണത്തിന്റെ പരിമിതി കണക്കിലെടുത്ത് പ്രാദേശികമായി മറ്റ് വാട്സ് ആപ്പ് ഗ്രൂപ്പുകൾകൂടി രൂപീകരിച്ച് വാർത്തകൾ ഷെയർ ചെയ്തു.
- വിവിധ രാഷ്ട്രീയ പാർട്ടികളുടെ ജില്ലാ സെക്രട്ടറിമാരുടെ നേതൃത്വത്തിൽ പ്രാദേശികപാർട്ടി പ്രവർത്തകരുടെ യോഗം വിളിച്ച് ചേർത്ത് പങ്കാളിത്തം ഉറപ്പാക്കി.
- ക്ലബ്ബുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, ഗ്രന്ഥശാലകൾ, മുതലായവ സംഘടനാ പ്രവർത്തകരുടെ യോഗം വിളിച്ചുചേർത്ത് പരിപാടികൾ വിശദീകരിച്ചു. പങ്കാളിത്തം ഉറപ്പാക്കി.
- ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ സാങ്കേതിക വിഭാഗം ജില്ലാ മേധാവികളും യോഗം വിളിച്ച് ചേർത്ത് ഡി.പി.ഒ. കൺവീനറായി സാങ്കേതികസഹായ സമിതി രൂപീകരിച്ചു.
- ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ആരോഗ്യം, പോലീസ്, ഫയർഫോഴ്സ് മുതലായ വകുപ്പുകളുടെ യോഗം വിളിച്ച് ചേർത്ത് പിന്തുണ ഉറപ്പാക്കി.
- പുഴയെ അറിയാൻ പുഴനടത്തം ഏപ്രിൽ 5 ന് പുഴയുടെ ഉത്ഭവസ്ഥാനമായ കരിഞ്ചാത്തിമൂലയിൽനിന്നും ജലവിഭവ വകുപ്പ് മന്ത്രി ശ്രീ. മാത്യു റ്റി. തോമസിന്റെ നേതൃത്വത്തിലും പുഴ, തിരുവനന്തപുരം കോർപ്പറേഷനിൽ പ്രവേശിക്കുന്ന വഴയിലയിൽ നിന്നും ധനമന്ത്രി ഡോ. റ്റി.എം. തോമസ് ഐസക്കിന്റെ നേതൃത്വത്തിലും പുഴനടത്തം സംഘടിപ്പിച്ചു. രണ്ട് സംഘവും പത്താം കല്ലിൽ ഒന്നിച്ച് ചേർന്ന് വിപുലമായ യോഗത്തോടെ അവസാനിച്ചു. യാത്ര കടന്നുപോയ പ്രദേശത്തിലുടനീളം പ്രാദേശിക സമിതികൾ ലഘു ഭക്ഷണവും പ്രഭാത ഭക്ഷണവും ഒക്കെ ഒരുക്കി നൽകി. രണ്ടു നടത്തത്തിലും ശരാശരി 1500-ഓളം പേർ വീതം പങ്കെടുത്തു. വളരെ ആവേശം നൽകിയ പരിപാടിയായിരുന്നു പുഴനടത്തം. പുഴയുടെ ഓരത്തുകൂടി നടത്തിയ ഈ നടത്തം പുഴയെ അടുത്തറിയാൻ സഹായിച്ചു. ചെണ്ടമേളം, നാടൻപാട്ടു സംഘം എന്നിവ അകമ്പടിയായി ഉണ്ടായിരുന്നു.
- ഏകദിന ശുചീകരണ യജ്ഞം ഏപ്രിൽ 14 ന് പുഴ ശുചിയാക്കുന്നതിനായി ഏകദിന ശുചീകരണ യജ്ഞം സംഘടിപ്പിച്ചു. കാഴ്ചക്കാരില്ലായിരുന്ന പരിപാടിയിൽ മന്ത്രിമാർ അടക്കം മുഴുവൻ പേരും പങ്കാളികളായി. ചിട്ടയായ പ്രവർത്തനമാണ് ഇതിനായി നടത്തിയത്. ഓരോ പ്രാദേശിക സമിതിയ്ക്കും ശുചീകരണം നടത്തുന്നതിനായി ഓരോ ചെറിയ ഭാഗം വീതം വേർതിരിച്ച് നൽകിയിരുന്നു. ശുചീകരണത്തിൽ പങ്കെടുക്കുന്നവർക്ക് മുഴുവൻ ആരോഗ്യവകുപ്പ് പ്രതിരോധ മരുന്നുകൾ തലേദിവസം തന്നെ നൽകിയിരുന്നു. പോലീസ്, ഫയർഫോഴ്സ്, ആരോഗ്യ പ്രവർത്തകർ എന്നിവരുടെ സേവനം എല്ലാ സ്ഥലത്തും ഉറപ്പാക്കിയിരുന്നു. ആഴം കൂടിയ സ്ഥലങ്ങൾ നേരത്തേ അടയാളപ്പെടുത്തി സൂചനാ ബോർഡുകൾ സ്ഥാപിക്കുകയും വാളന്റിയർമാരെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. പ്രഭാത ഭക്ഷണവും, ഉച്ചഭക്ഷണവും പ്രാദേശിക സമിതികൾ തയ്യാറാക്കി നൽകി. ഇതിനുള്ള ഉല്പന്ന പിരിവും, സാ



തിരുവനന്തപുരം കോർപ്പറേഷനിൽ പ്രവേശിക്കുന്ന വഴയില യിൽ നിന്നും ധനമന്ത്രി ഡോ. റ്റി.എം. തോമസ് ഐസക്കിന്റെ നേതൃത്വത്തിലും പുഴനടത്തം സംഘടിപ്പിച്ചു. രണ്ട് സംഘവും പത്താം കല്ലിൽ ഒന്നിച്ച് ചേർന്ന് വിപുലമായ യോഗത്തോടെ അവസാനിച്ചു. യാത്ര കടന്നുപോയ പ്രദേശത്തിലുടനീളം പ്രാദേശിക സമിതികൾ ലഘു ഭക്ഷണവും പ്രഭാത ഭക്ഷണവും ഒക്കെ ഒരുക്കി നൽകി. രണ്ടു നടത്തത്തിലും ശരാശരി 1500-ഓളം പേർ വീതം പങ്കെടുത്തു. വളരെ ആവേശം നൽകിയ പരിപാടിയായിരുന്നു പുഴനടത്തം. പുഴയുടെ ഓരത്തുകൂടി നടത്തിയ ഈ നടത്തം പുഴയെ അടുത്തറിയാൻ സഹായിച്ചു. ചെണ്ടമേളം, നാടൻപാട്ടു സംഘം എന്നിവ അകമ്പടിയായി ഉണ്ടായിരുന്നു.

സ്ത്തിക സമാഹരണവും അവർതന്നെ നടത്തി. ആഴം കൂടിയ സ്ഥലങ്ങളിൽ ഫയർഫോഴ്സ് ശുചീകരണ പ്രവർത്തനം നടത്തി. കൂടുതൽ മലിനീകരണമുണ്ടായിരുന്ന 500 മീറ്ററോളം സ്ഥലത്ത് പോലീസ് സേനാംഗങ്ങൾ (350 പേർ) ശുചീകരണം നടത്തി. വിവിധ സ്ഥലങ്ങളിൽ പ്രതിജ്ഞ ചൊല്ലി ഫ്ളാഗ് ഓഫ് നടത്തിയാണ് ശുചീകരണ യജ്ഞം നടത്തിയത്. മന്ത്രിമാരായ ശ്രീ. റ്റി.എം. തോമസ്..ഐസക്, ശ്രീ. മാത്യു റ്റി. തോമസ്, ശ്രീ കടകംപള്ളി സുരേന്ദ്രൻ, ശ്രീ. കെ. രാജു എന്നിവരും പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.കെ. മധു, എം.എൽ.എമാരായ ശ്രീ. ഡി.കെ മുരളി, ശ്രീ.സി ദിവാകരൻ, ഡോ. എ. സമ്പത്ത് എം.പി., ഹരിതകേരളം എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ. റ്റി. എൻ. സീമ, ഡി.ജി.പി. ലോക്നാഥ് ബഹ്റ, രാഷ്ട്രീയ നേതാക്കൾ, മുൻസിപ്പൽ ചെയർമാൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മുതലായവർ ഫ്ളാഗ് ഓഫ് നിർവ്വഹിച്ചു. 15000 ത്തോളം പേർ ഈ ശുചീകരണ യജ്ഞത്തിൽ പങ്കെടുത്തു എന്നാണ് കണക്കാക്കുന്നത്.

## സംഘാടനം

ഏകദിന ശുചീകരണ യജ്ഞത്തിന്റെ സംഘാടനം മികച്ചതും ചിട്ടയാർന്നതുമായി രുന്നു. ഈ പ്രവർത്തനങ്ങൾ നടത്തുന്നതിനായി മിഷൻ സംഘാടക സമിതി

മുതൽ പ്രാദേശിക സംഘാടക സമിതി വരെ അനേകം തവണ യോഗം ചേർന്നു. ചിട്ടയായ ആസൂത്രണമാണ് നടന്നത്. കൺവീനർ ആയ ബ്ലോക്ക് പ്രസിഡന്റിന്റെ നേതൃപരമായ ഇടപെടൽ വലിയ കരുത്തായി.

## പ്രചാരണം

മിഷൻ സംഘാടക സമിതിയുടെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടേയും നേതൃത്വത്തിൽ ബോർഡ്, നോട്ടീസ് എന്നിവ വഴിയുള്ള പ്രചരണം സംഘടിപ്പിച്ചിരുന്നു. പ്രാദേശിക സമിതികൾ ബോർഡുകൾ, പോസ്റ്റർ എന്നിവ തയ്യാറാക്കി പ്രദർശിപ്പിച്ചു. പ്രാദേശികസമിതികളുടെ നേതൃത്വത്തിൽ സ്‌ക്വാഡ് പ്രവർത്തനം സംഘടിപ്പിച്ചു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മൈക്ക് അനൗൺസ്മെന്റ് നടത്തി. ശുചീകരണ ദിവസം മുതിർന്നവരുടേയും കുട്ടികളുടേയും രണ്ട് നാടൻ പാട്ട് സംഘങ്ങൾ പര്യടനം നടത്തി. (കുട്ടികളുടെ സംഘത്തെ ഇതിനായി പരിശീലിപ്പിച്ച് രൂപം കൊടുത്തതാണ്)

## തുടർപ്രവർത്തനം

- പുഴയിലേക്ക് മാലിന്യം വലിച്ചെറിയുന്നത് കണ്ടെത്തി തടയുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സി.സി.റ്റി.വി.കൾ സ്ഥാപിച്ചു.
- പുഴയിലേയ്ക്ക് മലിനജലം ഒഴുക്കിവിടുന്നവർക്ക് നോട്ടീസ് നൽകി. പുഴയിലേയ്ക്ക് മാലിന്യം ഒഴുക്കിവിട്ടിരുന്ന 1200 ഓളം മാലിന്യക്കുഴലുകൾ ഗ്രാമപഞ്ചായത്തുകളുടേയും മുൻസിപ്പാലിറ്റിയുടേയും നേതൃത്വത്തിൽ അടപ്പിച്ചു.
- ഭൂരിഭാഗം പേരും സോക്പിറ്റുകൾ നിർമ്മിച്ചു.
- പുഴയുടെ സംരക്ഷണത്തിനും സംഭരണികൾ നിർമ്മിക്കുന്നതും സംബന്ധിച്ച് പദ്ധതി തയ്യാറാക്കുന്നതിനും പ്രവൃത്തികൾ തീരുമാനിക്കുന്നതിനുമായി വിവിധ വകുപ്പുകളുടെ പ്രതിനിധികൾ അടങ്ങുന്ന സാങ്കേതിക സമിതിയുടെ നേതൃത്വത്തിൽ പുഴനടത്തം നടത്തി. ജലസേചനവകുപ്പ് 9 കോടിരൂപ അടങ്കൽ വരുന്ന പദ്ധതി നിർദ്ദേശം തയ്യാറാക്കിയിട്ടുണ്ട്.
- കിള്ളിയാറിലെ കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനായി പുഴയുമായി ബന്ധപ്പെട്ട ഭൂമി സർവ്വേ ചെയ്ത് അതിർത്തി അടയാളപ്പെടുത്തുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു.
- പുഴയിലേയ്ക്കുള്ള മാലിന്യനിക്ഷേപവും കൈയ്യേറ്റവും തടയുന്നതിനായുള്ള മോണിട്ടറിംഗ് സമിതികളായി പ്രാദേശിക സമിതികൾ പ്രവർത്തിച്ചുവരുന്നു.

## പുനരുജ്ജീവനാന്തരം കിള്ളിയാർ

തെളിനീരൊഴുകുന്ന കിള്ളിയാർ വിവിധ ആവശ്യങ്ങൾക്ക് ജനങ്ങൾ ഉപയോഗിച്ചു തുടങ്ങി. പ്രളയകാലത്തും കരകവിയാത്ത കിള്ളിയാർ പുതിയ അനുഭവമായി.

### കരകവിയാത്ത കിള്ളിയാർ

ശിൽപശാല, ജലദീപം തെളിയിക്കൽ, നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കൽ, തോടുകളിൽ ജനകീയ തടയണകളുടെ നിർമ്മാണം മുതലായ പ്രവർത്തനങ്ങൾ ഉൾപ്പെട്ട കരകവിയാത്ത കിള്ളിയാർ എന്ന രണ്ടാംഘട്ട പ്രവർത്തനത്തിന് രൂപരേഖയായി.

# ചെങ്കലിലെ ജലസുരക്ഷ

തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര താലൂക്കിൽ 1937 ഹെക്ടർ വിസ്തൃതിയിൽ വ്യാപിച്ച് കിടക്കുന്ന കാർഷിക ഗ്രാമമാണ് ചെങ്കൽ. 1260 ഹെക്ടർ വിസ്തീർണ്ണമുള്ള കൃഷിക്കനുയോജ്യമായ തരത്തിൽ നനവാർന്ന ഭൂമിയാണ് ഈ പ്രദേശത്തിന്റെ ഏറ്റവും വലിയ സവിശേഷത. ജില്ലയിലെ എറ്റവും വലിയ കുളമാണ് ചെങ്കൽ വലിയകുളം. ഈ കുളം ഉൾപ്പെടെ 68 കുളങ്ങളാണ് ഈ ഗ്രാമപഞ്ചായത്തിന്റെ കാർഷിക ജലസ്രോതസ്സ്. പഞ്ചായത്തിന്റെ പടിഞ്ഞാറു ഭാഗത്തായി നെയ്യാറും കിഴക്കു ഭാഗത്തായി വണ്ടിച്ചിറത്തോടും സമൃദ്ധമായി ഒഴുകുന്നു. തെളിവാർന്ന ജലസമൃദ്ധിയാൽ അനുഗ്രഹീതമായ ഈ മണ്ണിലാണ് ഇവിടുത്തെ കർഷകർ മഹത്തായ ഒരു കാർഷിക സംസ്ക്കാരം കെട്ടിപ്പടുത്തത്.

## വലിയകുളം

ചെങ്കൽ വലിയകുളം തിരുവനന്തപുരം ജില്ലയിലെ ഏറ്റവും വലിയ കുളമാണ്. ചെങ്കൽ പഞ്ചായത്തിലെ ചെങ്കൽ കിഴക്ക് വാർഡിലാണ് 24 ഏക്കർ വിസ്തൃതിയിലുള്ള വലിയകുളം. വർഷങ്ങളായി മലിനമായിക്കിടന്ന വലിയകുളം ബഹുജന പങ്കാളിത്തത്തോടെ നവീകരിച്ച് ജലലഭ്യത ഉറപ്പാക്കിയത് ചെങ്കലിന്റെ കാർഷിക വൃത്തിയ്ക്ക് പുത്തനുണർവായി. കുളിക്കാനും കാർഷികാവശ്യങ്ങൾക്കും ഇവിടത്തെ ജലം ഉപയോഗിക്കുന്നു. വേനൽക്കാലത്തും ഇതിന്റെ ജലസമൃദ്ധിക്ക് യാതൊരു

ഹരിതകേരളം മിഷൻ



കോട്ടവും സംഭവിക്കുന്നില്ല എന്നത് വലിയകുളത്തിന്റെ സവിശേഷതയാണ്.

നെയ്യാർ ജലസേചന പദ്ധതിയുടെ കനാൽവഴി ഒഴുകിയെത്തുന്ന ജലം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള കുളങ്ങളെ ജലസമ്പുഷ്ഠമാക്കിയശേഷം നീർച്ചാലുകൾ വഴി വലിയകുളത്തിലേക്ക് എത്തിച്ചേരുന്നു. തിരുവനന്തപുരം ജില്ലയിലെ ഏറ്റവും വലിയ പാടശേഖരമായ കീഴമ്മാകം പാടത്ത് 55 ഏക്കർ നെൽകൃഷിയും വ്ളാത്താങ്കര പാടത്ത് 25 ഏക്കർ നെൽകൃഷിയും എരുമത്തൂർ ഏലായിൽ 75 ഏക്കറിൽ വാഴകൃഷിയും മുറിയമ്മാകം പാടത്ത് 35 ഏക്കറിൽ പച്ചക്കറി കൃഷിയും ചെയ്യുന്നതിന് ഈ കുളത്തിലെ വെള്ളം സഹായകരമാകുന്നു. ചെങ്കൽ പഞ്ചായത്തിലെ കോടങ്കര, കീഴമ്മാകം, വ്ളാത്താങ്കര, ചെങ്കൽ കിഴക്ക് എന്നീ വാർഡുകളിലെ കിണറുകൾ വേനൽക്കാലത്തും ജലസമൃദ്ധമായിരിക്കുന്നത് വലിയ കുളത്തിലെ ജലസമ്പന്നത കൊണ്ടാണ്. വർഷങ്ങളായി നാശത്തിന്റെ വക്കിലായിരുന്ന വലിയകുളത്തിലെ ചെളി നീക്കം ചെയ്ത് ജലസംഭരണശേഷി വർദ്ധിപ്പിച്ച് പുനരുജ്ജീവിപ്പിച്ചു. ഇതിന്റെ ഭാഗമായി എല്ലാ കാലത്തും ഈ കുളത്തിൽ 3 ലക്ഷം ഘനമീറ്റർ ജലം സംഭരിച്ചു നിർത്താൻ കഴിയുന്നുണ്ട്. പുനരുജ്ജീവിച്ച കുളത്തിൽ വീണ്ടും വന്നടിയുന്ന പായലും പോളയും അതാത് സമയത്ത് തന്നെ വാരി മാറ്റുന്ന സ്ഥിരമായ പ്രവർത്തനം സംഘടിപ്പിക്കാൻ കഴിയുന്നത് വലിയ കുളത്തിന് സഹായകരമായിട്ടുണ്ട്.

ചെങ്കൽ പഞ്ചായത്തിലെ കോടങ്കര, കീഴമ്മാകം, വ്ളാത്താങ്കര, ചെങ്കൽ കിഴക്ക് എന്നീ വാർഡുകളിലെ കിണറുകൾ വേനൽക്കാലത്തും ജലസമൃദ്ധമായിരിക്കുന്നത് വലിയ കുളത്തിലെ ജലസമ്പന്നത കൊണ്ടാണ്. വർഷങ്ങളായി നാശത്തിന്റെ വക്കിലായിരുന്ന വലിയകുളത്തിലെ ചെളി നീക്കം ചെയ്ത് ജലസംഭരണശേഷി വർദ്ധിപ്പിച്ച് പുനരുജ്ജീവിപ്പിച്ചു. ഇതിന്റെ ഭാഗമായി എല്ലാ കാലത്തും ഈ കുളത്തിൽ 3 ലക്ഷം ഘനമീറ്റർ ജലം സംഭരിച്ചു നിർത്താൻ കഴിയുന്നുണ്ട്. പുനരുജ്ജീവിച്ച കുളത്തിൽ വീണ്ടും വന്നടിയുന്ന പായലും പോളയും അതാത് സമയത്ത് തന്നെ വാരി മാറ്റുന്ന സ്ഥിരമായ പ്രവർത്തനം സംഘടിപ്പിക്കാൻ കഴിയുന്നത് വലിയകുളത്തിന് സഹായകരമായിട്ടുണ്ട്.



## പാറക്കുളം

ചെങ്കൽ ഗ്രാമ പഞ്ചായത്തിലെ കൊച്ചോട്ടുകോണം വാർഡിൽ 15 സെന്റ് വിസ്തീർണ്ണത്തിൽ സ്ഥിതിചെയ്യുന്നു. വേനൽക്കാലത്തും ജലസമ്പുഷ്ഠമായ ഈ കുളത്തിലെ ജലം കാർഷികാവശ്യങ്ങൾക്കും കുളിക്കാനും ഉപയോഗിക്കുന്നു. സ്ഥിരമായ ജല ലഭ്യതയുള്ള ഒരു നീരുറവയിൽ നിന്നും ഒഴുകിയെത്തുന്ന ജലമാണ് പാറക്കുളത്തെ ജലസമ്പന്നമാക്കുന്നത്. ഉപയോഗശൂന്യമായിക്കിടന്ന ഈ കുളം നവീകരിച്ച് ഇതിൽ മത്സ്യകൃഷി ചെയ്യുന്നു.

## ഇലഞ്ഞിക്കുളം

പഞ്ചായത്തിലെ ആറയ്യൂർ വാർഡിൽ 2 ഏക്കർ വിസ്തീർണ്ണത്തിൽ പഞ്ചായത്തിന്റെ പരിപാലനത്തിൽ സ്ഥിതിചെയ്യുന്ന കുളമാണ് ഇലഞ്ഞിക്കുളം. കുളിക്കാനും കാർഷികാവശ്യങ്ങൾക്കുമാണ് ഇവിടത്തെ ജലം ഉപയോഗിക്കുന്നത്. വണ്ടിച്ചിറ തോടുവഴി ഒഴുകിയെത്തുന്ന ജലം ഇലഞ്ഞിക്കുളത്തിലെത്തുന്നു. വർഷങ്ങളായി മലിനമായിക്കിടന്ന ഇലഞ്ഞിക്കുളം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിച്ച് ജനങ്ങൾക്ക് പ്രയോജനകരമാക്കി. ഇലഞ്ഞിക്കുളത്തിൽ നിന്നും ഒഴുകിയെത്തുന്ന ജലം ഉപയോഗിച്ച് ആറയ്യൂർ പാടശേഖരത്തിൽ 17 ഏക്കർ നെൽകൃഷിയും 63 ഏക്കർ വാഴകൃഷിയും 15 ഏക്കറിൽ പച്ചക്കറി കൃഷിയും ചെയ്യുന്നു.



ചെങ്കൽ ഗ്രാമ പഞ്ചായത്തിലെ നൊച്ചിയൂർ വാർഡിൽ 1 ഏക്കർ 28 സെന്റ് വിസ്തൃതിയിൽ സ്ഥിതിചെയ്യുന്ന കുളമാണ് നെടുംകുളം. കനാലുകൾ വഴി ഒഴുകിയെത്തുന്ന ജലമാണ് ഈ കുളത്തെ ജലസമ്പുഷ്ഠമാക്കുന്നത്. നെടുംകുളത്തിലെ ജലം ഉപയോഗിച്ച് കരുമ്പൻ പാടത്ത് 3 ഏക്കർ നെൽകൃഷിയും കുർണിക്കരിയിൽ 63 ഏക്കർ വാഴയും 15 ഏക്കറിൽ പച്ചക്കറികൃഷിയും ചെയ്യുന്നു. ഒത്തിരി വർഷങ്ങളായി മലിനമായിക്കിടന്ന കുളത്തെ ചെങ്കൽ സായികൃഷ്ണാ പബ്ലിക്ക് സ്കൂളിലെ വിദ്യാർത്ഥികൾ നവീകരിക്കുകയും ഇതിൽ മത്സ്യകൃഷി ആരംഭിക്കുകയും ചെയ്തു. കൂടാതെ കുളിക്കുന്നതിനും കാർഷികാവശ്യങ്ങൾക്കും ഈ കുളത്തിലെ വെള്ളം ഉപയോഗിക്കുന്നു.

## കനാൽ റീചാർജ്ജിംഗ്

ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗം കുളങ്ങളും നെയ്യാർ ജലസേചന പദ്ധതിയുടെ ഭാഗമായുള്ള കനാലുകളിൽ നിന്നുള്ള ജലം ഉപയോഗിച്ച് റീചാർജ്ജ് ചെയ്യുന്നതിനുള്ള സൗകര്യമുള്ളവയാണ്. തരിശു രഹിത ഗ്രാമപഞ്ചായത്തായി പ്രഖ്യാപിച്ച ചെങ്കലിന്റെ കാർഷിക മുന്നേറ്റത്തിന് ഈ ജലസമൃദ്ധി വളരെ സഹായിക്കുന്നു.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു സെന്റു മുതൽ 5 സെന്റു



ഹരിത കേരളം മിഷന്റെ ഭാഗമായി ജലസേചന വകുപ്പ്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ഗ്രാമപഞ്ചായത്ത് മുതലായവയുടെ ഏകോപനം സാധ്യമാക്കിക്കൊണ്ട് നവീകരണം ആവശ്യമുള്ള 10 കുളങ്ങൾ ഒന്നാംഘട്ടമായി ചെളി നീക്കം ചെയ്ത് ശുചിയാക്കി പാർശ്വസംരക്ഷണം നടത്തി ജലസംഭരണം സാധ്യമാക്കിയിട്ടുണ്ട്. മണ്ണ് - ജല സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി 6400 മഴക്കുഴികളും 14 തടയണകളും 8 താൽക്കാലിക തടയണകളും നിർമ്മിച്ച് ജലസംഭരണം സാധ്യമാക്കിയിട്ടുണ്ട്.
കൂടാതെ 150 കിണറുകളിൽ റീചാർജ്ജ് സംവിധാനം ഒരുക്കിയിട്ടുണ്ട്.

വരെ വലിപ്പമുള്ള 70 കാർഷിക കുളങ്ങൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിർമ്മിച്ചു. കാർഷികാവശ്യങ്ങൾക്കാണ് ഈ കുളങ്ങളിലെ ജലം ഉപയാഗിക്കുന്നത്. 70 കാർഷിക കുളങ്ങളിലും ഫിഷറീസ് വകുപ്പുമായി സഹകരിച്ചുകൊണ്ട് മത്സ്യകൃഷിയും നടത്തുന്നു.

ഹരിത കേരളം മിഷന്റെ ഭാഗമായി ജലസേചന വകുപ്പ്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ഗ്രാമപഞ്ചായത്ത് മുതലായവയുടെ ഏകോപനം സാധ്യമാക്കിക്കൊണ്ട് നവീകരണം ആവശ്യമുള്ള 10 കുളങ്ങൾ ഒന്നാംഘട്ടമായി ചെളി നീക്കം ചെയ്ത് ശുചിയാക്കി പാർശ്വസംരക്ഷണം നടത്തി ജലസംഭരണം സാധ്യമാക്കിയിട്ടുണ്ട്. മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി 6400 മഴക്കുഴികളും 14 തടയണകളും 8 താൽക്കാലിക തടയണകളും നിർമ്മിച്ച് ജലസംഭരണം സാധ്യമാക്കിയിട്ടുണ്ട്. കൂടാതെ 150 കിണറുകളിൽ റീചാർജ്ജ് സംവിധാനം ഒരുക്കിയിട്ടുണ്ട്. ഇത്തരത്തിൽ സംഭരിക്കപ്പെട്ടിട്ടുള്ള ജലം ഉപയോഗിച്ച് 70 ഹെക്ടർ പ്രദേശത്ത് നെൽകൃഷിയും 30 ഹെക്ടർ വാഴക്കൃഷിയും, 480 ഹെക്ടർ നാളീകേരവും, 150 ഹെക്ടർ പച്ചക്കറിയും, 100 ഹെക്ടർ കിഴങ്ങുവർഗ്ഗങ്ങളും 150 ഹെക്ടർ മറ്റ് വിവിധ വിളകളും കൃഷി ചെയ്തുകൊണ്ടാണ് ചെങ്കൽ ഗ്രാമപഞ്ചായത്തിന് തരിശുരഹിത ഗ്രാമപഞ്ചായത്തായി മാറാൻ കഴിഞ്ഞത്.

# ചിറയിൻകീഴ് ബ്ലോക്ക്

## പ്രദേശത്തിന്റെ ചരിത്രം

കായലും കടലും കുന്നും മലകളും സമതലവും ചേർന്ന പ്രകകൃതിരമണീയമായ കൊച്ചുഗ്രാമമാണ് ചിറയിൻ കീഴ്. തിരുവിതാംകൂർ കൊച്ചി സംസ്ഥാനം എൻഇഎ സ് ബ്ലോക്കുകളായി ഡിലീമിറ്റു ചെയ്തുകൊണ്ട് 1955 ജൂൺ 17-ാം തീയതി പുറപ്പെടുവിച്ച ഉത്തരവ് പ്രകാര മാണ് ചിറയിൻകീഴ് ബ്ലോക്ക് രൂപീകൃതമാകുന്നത്. ചി റകളാൽ ചുറ്റപ്പെട്ട ചിറയിൻകീഴ് തിരുവനന്തപുരം ജില്ല യിലെ 11 ബ്ലോക്കുകളിൽ ഒന്നാണ്. കുടിപ്പള്ളിക്കൂടങ്ങ ളിൽ കൂടിയായിരുന്നു ഈ ബ്ലോക്ക് പ്രദേശത്ത് ആ ദ്യകാല വിദ്യാഭ്യാസം. സംസ്കൃതം, വൈദ്യശാസ്ത്രം മുതലായവ അഭ്യസിക്കുന്നതിനായി വിദൂരദേശങ്ങളിൽ നിന്നുപോലും വിദ്യാർഥികൾ ഈ പ്രദേശത്ത് എത്തി ച്ചേർന്നിരിന്നുവെന്ന് രേഖകളിൽ കാണുന്നുണ്ട്. ദേശീ യപാത, തിരുവനന്തപുരം-കൊച്ചി ജലപാതയായിരുന്ന ടിഎസ് കനാൽ, തിരുവനന്തപുരം-കൊല്ലം റെയിൽപാ ത എന്നിവയും ഈ പ്രദേശത്തുകൂടിയാണ് കടന്നു പോകുന്നത്.

കാലത്തിന്റെ കുത്തൊഴുക്കിൽ മണ്ണിനെ മറന്ന് എല്ലാം വെട്ടിപ്പിടിക്കുവാനുള്ള ആധുനിക മനുഷ്യന്റെ പരക്കം പാച്ചിലിൽ എങ്ങോ പോയ്മറഞ്ഞ ഒരു ഗ്രാമത്തിന്റെ ഹരിത ഭംഗിയെ വീണ്ടെടുത്ത് ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ അഞ്ചുതെങ്ങ്, മുദാക്കൽ, ചിറയിൻകീഴ്,

വക്കം, കടയ്ക്കാവൂർ, കിഴുവിലം എന്നീ പഞ്ചായത്തുകളിലെ 103 വാർഡുകളെ ജീവനുള്ളതാക്കാൻ ഹരിതകേരളം മിഷന്റെ മാർഗനിർദ്ദേശങ്ങൾ ഉൾക്കൊണ്ട് കേന്ദ്ര സംസ്ഥാന പദ്ധതികൾ, ത്രിതല പഞ്ചായത്തിന്റെ വാർഷികപദ്ധതികൾ എന്നിവ സംയോജിപ്പിച്ച് ജനകീയ പങ്കാളിത്തത്തോടെയാണ് ചിറയിൻകീഴ് ബ്ലോക്ക്പഞ്ചായത്തിന്റെ ജലസംരക്ഷണ പദ്ധതി ആരംഭിച്ചത്.

## പ്രവൃത്തി ഏറ്റെടുക്കാനുണ്ടായ സാഹചര്യം

ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിലെ കിണറുകളിൽ കടൽവെള്ളം ഓരുവെള്ളം എന്നിവയുടെ സാന്നിധ്യമുള്ളതിനാൽ ശുദ്ധമായ കുടിവെള്ളം ലഭിക്കുന്നതിനു തടസ്സമായി. ഇതുമൂലം ഈ പ്രദേശത്തെ 47 വാർഡുകളാണ് രൂക്ഷമായ കുടിവെള്ളക്ഷാമം നേരിട്ടത്.

ഇതുകൂടാതെ ഭൂഗർഭജലത്തിന്റെ അളവ് ഗണ്യമായി കുറയുന്നതും അശാസ്ത്രീയമായ നിർമാണപ്രവർത്തനങ്ങൾ നടത്തുന്നതു മൂലവും ജലാശയങ്ങളുടെ ജലസമ്പന്നത നഷ്ടമാക്കുന്നതും ജലക്ഷാമത്തിന് കാരണമായി.

- നഗരവത്കരണവും ജലദൗർലഭ്യത്തിന്റെ ആക്കംകൂട്ടുന്നതിൽ പ്രധാന പങ്കുവഹിക്കുന്നുണ്ട്.
- ഉപഭോഗ സംസ്കാരത്തിന്റെ ഭാഗമായി ഉണ്ടാകുന്ന ജൈവ അജൈവ മാലിന്യങ്ങൾ ജലാശയങ്ങളിലേക്കു ഉപേക്ഷിക്കുന്നതും ശുദ്ധജലസ്രോതസ്സുകളിലേക്കു ഉപേക്ഷിക്കുന്നതും ശുദ്ധജലസ്രോതസ്സുകളുടെ എണ്ണം കുറയ്ക്കുന്നതിനും ജലക്ഷാമത്തിനും കാരണമായി.
- ഭൂഗർഭജല വിഭവവകുപ്പിന്റെ പഠനറിപ്പോർട്ടുകൾ പ്രകാരം ബ്ലോക്ക് പഞ്ചായത്തിലെ പല പ്രദേശങ്ങളിലും ഭൂഗർഭജലത്തിന്റെ അളവ് കുറയുന്നതായി കണ്ടെത്തി.
- ഈ അവസരത്തിൽ ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിലെ ജലസ്രോതസ്സുകൾ ജീവനുള്ളതാക്കേണ്ടത് അനിവാര്യമാണെന്നു ബോധ്യപ്പെടുകയും ഹരിതകേരളമിഷന്റെയും പഞ്ചായത്തിന്റെയും നേതൃത്വത്തിൽ നിർമാണ സംരക്ഷണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തത്.



### ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ

| | |
|---|---|
| ഉൾപ്പെടുന്ന തദ്ദേശസ്ഥാപനങ്ങൾ: | അഞ്ചുതെങ്ങ്, മുദാക്കൽ, ചിറയിൻകീഴ്, വക്കം, കടയ്ക്കാവൂർ, കിഴുവിലം |
| വിസ്തീർണം | : 7452.02 ഹെക്ടർ (ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത്) |
| നദി | : 2 (10 കി.മീ. നീളംവരുന്ന വാമനപുരം നദി, 25 കി.മീ. നീളംവരുന്ന മാമം നദി) |
| ആറ് | : 2 (ശാർക്കര, ആറ്റിങ്ങൽ ആറുകൾ) |
| തോട് | : 1 (മഞ്ചാടിമൂട് തോട്) |
| നീർത്തടം | : 17 |
| കുളങ്ങൾ | : 84 |
| ജലസേചനകനാൽ: | ഇല്ല |



## മുന്നൊരുക്കം

ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ പഞ്ചായത്ത് പരിധിയിലുള്ള ആറ് ഗ്രാമപഞ്ചായത്തുകളുടെ (അഞ്ചുതെങ്ങ്, മുദാക്കൽ, ചിറയിൻകീഴ്, വക്കം, കടയ്ക്കാവൂർ, കിഴുവിലം) ജലലഭ്യത കൂട്ടുന്നതിനായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുകയും കഴിഞ്ഞ രണ്ടു വർഷമായി ഹരിതകേരള മിഷനുമായി സംയുക്തമായി നിർമാണ - സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു.

## ചെയ്ത പ്രവർത്തനങ്ങൾ

- സ്വകാര്യ വ്യക്തികൾക്ക് കാർഷികാവശ്യങ്ങൾക്കും മത്സ്യം വളർത്തലിനുമായി 81 ഫാം പോണ്ടുകൾ നിർമിച്ചു.
- മഴക്കാലത്ത് കിട്ടുന്ന ജലത്തെ ഭൂഗർഭ അറകളിലേക്ക് സൂക്ഷിക്കുന്നു.
- കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി 57 കിണറുകൾ പുതുയായി നിർമിച്ചു. മുദാക്കൽ ഗ്രാമപഞ്ചായത്തിലെ 28 സ്ത്രീ തൊഴിലാളികൾ ചേർന്ന് കിണർ നിർമാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് ന

കാലത്തിന്റെ കുത്തൊഴുക്കിൽ മണ്ണിനെ മറന്ന് എല്ലാം വെട്ടിപ്പിടിക്കുവാനുള്ള ആധുനിക മനുഷ്യന്റെ പരക്കംപാച്ചിലിൽ എങ്ങോ പോയ്മറഞ്ഞ ഒരു ഗ്രാമത്തിന്റെ ഹരിത ഭംഗിയെ വീണ്ടെടുത്ത് ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ അഞ്ചുതെങ്ങ്, മുദാക്കൽ, ചിറയിൻകീഴ്, വക്കം, കടയ്ക്കാവൂർ, കിഴുവിലം എന്നീ പഞ്ചായത്തുകളിലെ 103 വാർഡുകളെ ജീവനുള്ളതാക്കാൻ ഹരിതകേരളം മിഷന്റെ മാർഗനിർദ്ദേശങ്ങൾ ഉൾക്കൊണ്ട് കേന്ദ്രസംസ്ഥാന പദ്ധതികൾ, ത്രിതല പഞ്ചായത്തിന്റെ വാർഷിക പദ്ധതികൾ എന്നിവ സംയോജിപ്പിച്ച് ജനകീയ പങ്കാളിത്തത്തോടെയാണ് ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ ജലസംരക്ഷണ പദ്ധതി ആരംഭിച്ചത്.



ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ പഞ്ചായത്ത് പരിധിയിലുള്ള ആറ് ഗ്രാമപഞ്ചായത്തുകളുടെ (അഞ്ചുതെങ്ങ്, മുദാക്കൽ, ചിറയിൻകീഴ്, വക്കം, കടയ്ക്കാവൂർ, കിഴുവിലം) ജലലഭ്യത കൂട്ടുന്നതിനായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുകയും കഴിഞ്ഞ രണ്ടു വർഷമായി ഹരിതകേരള മിഷനുമായി സംയുക്തമായി നിർമാണ - സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു.

ടപ്പിലാക്കിയത് എടുത്തുപറയേണ്ട ഒരു പ്രവർത്തനമാണ്.

- 300-ൽ ഏറെ കിണറുകൾക്ക് റീചാർജിങ് നടത്തി.
- തോടുകളുടെയും കുളങ്ങളുടെയും നവീകരണ പ്രവർത്തനങ്ങൾ നടത്തി.
- കുളങ്ങളടെയും തോടുകളുടെയും വശങ്ങളിൽ കയർ ഉപയോഗിച്ചുള്ള സംരക്ഷണ പ്രവർത്തികൾ നടപ്പിലാക്കി.

## ഗുണഫലങ്ങൾ

- സംയുക്ത പ്രവർത്തനങ്ങളുടെ ഫലമായി ഈ പ്രദേശത്ത് 42 ലക്ഷം ലിറ്റർ വെള്ളം സംഭരിക്കാൻ സാധിച്ചു.
- രൂക്ഷമായ കുടിവെള്ള ക്ഷാമത്തിനു പരിഹാരം ഉണ്ടായി.
- കിണറുകളിലെ ജലത്തിന്റെ ഗുണനിലവാരം ഉയർത്താൻ സാധിച്ചു.
- വിവിധ പരിപാടികളിലൂടെ ജലദൗർലഭ്യം പരിഹരിക്കുകയും അതിലൂടെ കാർഷികാഭിവൃദ്ധി കൈവരിക്കുകയും ചെയ്തു.

# പാണ്ടിവയൽ തോട് പുനരുജ്ജീവനം

## പാണ്ടിവയൽ തോട് പുനരുജ്ജീവനം

നെടുവത്തൂർ പഞ്ചായത്തിൽ നിന്ന് ആരംഭിച്ച് കൊട്ടാരക്കര നഗരസഭ, ഉമ്മന്നൂർ, വെളിയം പഞ്ചായത്തുകളിലൂടെ ഏകദേശം 40 കി.മി നീളത്തിലൊഴുകുന്ന പാണ്ടിവയൽ തോട് ഇത്തിക്കരയാറിലാണ് അവസാനിക്കുന്നത്. കൊല്ലം ജില്ലയിലെ കൊട്ടാരക്കര നഗരസഭയിൽ ആറ് വാർഡുകളിലൂടെയാണ് ഈ തോട് ഒഴുകുന്നത്. പാണ്ടിവയൽ തോട് പരമ്പരാഗതമായി നിലനിന്നിരുന്ന തോടാണ്. മുൻകാലങ്ങളിൽ ഈ തോട് കുടിവെള്ളത്തിനും തുണി അലക്കുന്നതിനും കുളിക്കുന്നതിനും ഉപയോഗിച്ചിരുന്നു. എന്നാൽ കാലക്രമേണ അനധികൃത കൈയ്യേറ്റം മൂലവും തോടിന്റെ വീതി കുറഞ്ഞ് ചെളിയും മാലിന്യവും നിറഞ്ഞ് ഒഴുക്ക് കുറഞ്ഞ അവസ്ഥലാവുകയും പരിമിതമായി കൃഷി ആവശ്യങ്ങൾക്ക് മാത്രമായി ഉപയോഗം ചുരുങ്ങുകയും ചെയ്തു.

## ഭൂമിശാസ്ത്രപരമായ പ്രത്യേകത

നെടുവത്തൂർ പഞ്ചായത്തിൽനിന്ന് ആരംഭിച്ച് കൊട്ടാരക്കര നഗരസഭ, ഉമ്മന്നൂർ, വെളിയം പഞ്ചായത്തുകളിലൂടെ ഒഴുകി ഇത്തിക്കരയാറിലാണ് പാണ്ടിവയൽ തോട് അവസാനിക്കുന്ന തോടിന്റെ പുനരുജ്ജീവന പ്രവർത്തനം നടത്തിയത് കൊട്ടാരക്കര നഗരസഭാ പരിധിയിൽ

ഹരിതകേരളം മിഷൻ



മാത്രമാണ്. ഏകദേശം 55 ഓളം കൈതോടുകളാണ് പാണ്ടിവയൽ തോടിൽ വന്നു ചേരുന്നത്. 17 കി.മി. നീളത്തിലും 4 മീ. വീതിയിലുമാണ് പാണ്ടിവയൽ തോട് കൊട്ടാരക്കര നഗരസഭയിലൂടെ ഒഴുകുന്നത്. വേനൽക്കാലത്ത് രണ്ടടിയോളം വെള്ളമുള്ള തോടിൽ മഴക്കാലമാകുമ്പോൾ 6 അടിയോളം ജലലഭ്യതയും നീരൊഴുക്കും ഉണ്ടാകും. വേനൽക്കാലത്ത് കെ.ഐ.പി. കനാലിൽ നിന്നും വെള്ളം തുറന്ന് വടുന്നതിനാൽ ജലക്ഷാമം ഉണ്ടാകാറില്ല.

## ഏറ്റെടുക്കാനുണ്ടായ സാഹചര്യം

ഹരിതകേരളം മിഷന്റെ ഭാഗമായി രൂപീകൃതമായ സാങ്കേതിക സമിതിയുടെ നേതൃത്വത്തിൽ നീർത്തട പ്ലാനുകൾ കൊല്ലം ജില്ലയിൽ ആദ്യം പൂർത്തീകരിച്ചത് കൊല്ലം കോർപ്പറേഷനും പുനലൂർ, കൊട്ടാരക്കര, പരവൂർ, കരുനാഗപ്പള്ളി എന്നീ നാലു നഗരസഭകളുമായിരുന്നു. നീർത്തട പ്ലാനുകൾ ചർച്ച ചെയ്തു കൃഷിയുമായി ബന്ധപ്പെടുത്തി പ്രാധാന്യം അനുസരിച്ചുള്ള പ്രവർത്തികൾ നടത്തുന്നതിനായി കൊട്ടാരക്കര നഗരസഭയിൽ ആദ്യ യോഗം ഹരിത കേരളം മിഷന്റെ ആഭിമുഖ്യത്തിൽ 2018 ഓഗസ്റ്റ് 6 നു നടന്നു. പ്രാധാന്യം അനുസരിച്ചു നടത്തേണ്ട ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഡി.പി.ആർ തയ്യാറാക്കി അനുമതിക്കായി സർക്കാരിലേക്ക് സമർപ്പിക്കാൻ മൈനർ ഇറിഗേഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറെ ചുമതലപ്പെടുത്തി. യോഗത്തിൽ കൈയ്യേറ്റം മൂലം വീതികുറയുകയും ചെളിയും മാലിന്യവും നിറഞ്ഞ് നീരൊഴുക്ക് കുറഞ്ഞ പാണ്ടിവയൽ തോടിന്റെ പുനരുജ്ജീവന പ്രവർത്തനം ജനകീയമായി നടത്തുകയും 30 വർഷങ്ങളോളമായി തരിശായികിടക്കുന്ന 60 ഏക്കറോളം ഭൂമിയിൽ വെള്ളം എത്തിച്ച് കൃഷി ആരംഭിക്കുവാനും തീരുമാനിക്കുകയുണ്ടായി. ആദ്യഘട്ടമെന്ന നിലയിൽ ജനകീയ പങ്കാളിത്വത്തോടെ ചെളിയും മാലിന്യവും നീക്കം ചെയ്ത് തോടിലേക്ക് ഒഴുകുന്ന മാലിന്യ കുഴലുകൾ നീക്കം ചെയ്ത് തോട് പുനരുജ്ജീവിപ്പിക്കുവാനും രണ്ടാംഘട്ടമെന്ന നിലയിൽ കൈയ്യേറ്റം ഒഴിപ്പിക്കാനും തീരുമാനിച്ചു.

കൊട്ടാരക്കര നഗരസഭാ പരിധിയിലുള്ള ഏകദേശം 17 കി.മി ഓളം നീളത്തിലൊഴുകുന്ന പാണ്ടിവയൽ തോടും അതിന്റെ കൈവഴികളുടെയും പുനരുജ്ജീവന പ്രവർത്ത

നത്തിനായി കൊട്ടാരക്കര നഗരസഭയിൽ നവംബർ 7ന് ആദ്യ ആലോചനായോഗം കൂടുകയുണ്ടായി. അതിനുശേഷം ജനപ്രതിനിധികൾ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, തൊഴിലുറപ്പ്/കുടുംബശ്രീ പ്രവർത്തകർ തുടങ്ങി എല്ലാവരെയും ഉൾപ്പെടുത്തി വിവിധ ഘട്ടങ്ങളിൽ യോഗങ്ങൾ നടത്തുകയുണ്ടായി. നഗരസഭാതലത്തിൽ ഇതിനായി നഗരസഭചെയർപേഴ്സൺ ചെയർമാനായും ഇറിഗേഷൻ വകുപ്പിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറായും സംഘാടകസമിതി രൂപീകരിച്ചു. അതിനുശേഷം 6 പ്രാദേശിക സമിതികൾ അതാത് കൗൺസിലർമാരുടെ അദ്ധ്യക്ഷതയിൽ രൂപീകരിക്കുകയും ഭാരവാഹികളെ നിശ്ചയിക്കുകയും ചെയ്തു.

നവംബർ 15ന് തോടിന്റെ കരകളിലൂടെനടന്ന് അവസ്ഥാപഠനം നടത്തി ചെയ്യേണ്ട പ്രവർത്തനങ്ങൾ ഏതൊക്കെയെന്ന് വിശകലനം ചെയ്തു. നവംബർ 16ന് ജനകീയ സദസ്സ് സംഘടിപ്പിക്കുകയും ആവശ്യമായ പ്രചാരണം പത്രമാധ്യമങ്ങൾ വഴിയും, സോഷ്യൽ മീഡിയ വഴിയും, നോട്ടീസ്, ബാനർ മുഖേനയും നൽകുകയുണ്ടായി. ആശയ വിനിമയത്തിനായി വാട്ട്സ്ആപ്പ് ഗ്രൂപ്പ് ഉണ്ടാക്കുകയും ഇതുവഴി വിവിധ തലത്തിലുള്ളവരുമായി ആശയവിനിമയം നടത്തി ഉചിതമായ തീരുമാനങ്ങൾ എടുക്കുവാനും സാധിച്ചു. ഡിസംബർ 5-ന് ബഹു. എം.എൽ.എ ശ്രീമതി. ആയിഷാ പോറ്റിയുടെ അദ്ധ്യക്ഷതയിലും ജില്ലാ കളക്ടറുടെയും റൂറൽ എസ്.പി.യുടെ സാന്നിദ്ധ്യത്തിലും വീണ്ടും 1000 പേരടങ്ങുന്ന ജനകീയ സദസ്സ് കൂടുകയും വിളംബര ഘോഷയാത്ര നടത്തുകയും ചെയ്തു. അതിനുശേഷം വീണ്ടും ഡിസംബർ 7ന് നഗരസഭയിൽ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗം ചേർന്നു. ചെയ്യേണ്ട പ്രവർത്തനങ്ങൾ കൃത്യമായി അവലോകനം ചെയ്തു.

ഹരിതകേരളം മിഷന്റെ എല്ലാവരും ജലാശയങ്ങളിലേയ്ക്ക് എന്ന പരിപാടിയുടെ ഭാഗമായി 2018 ഡിസംബർ 8 ന് രാവിലെ 8.00 മണിക്ക് ബഹു. ജലവിഭവവകുപ്പ് മന്ത്രി. ശ്രീ. കെ. കൃഷ്ണൻകുട്ടി അവർകൾ പാണ്ടിവയൽ തോട് പുനരുജ്ജീവന പ്രവർത്തനം ഉദ്ഘാടനം ചെയ്തു. എം.എൽ.എ ആയിഷാ പോറ്റി മുൻ എം.എൽ.എ. ശ്രീ രാമചന്ദ്രൻ, ജില്ലാ കളക്ടർ, കൊട്ടാരക്കര റൂറൽ എസ്.പി ഇറിഗേഷൻ ചീഫ് എഞ്ചിനീയർ, തഹസിൽദാർ തുടങ്ങി വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ ഈ പ്രവർത്തനത്തിൽ പങ്കെടുത്തു. നവകേരളം പദ്ധതി കോർഡിനേറ്റർ ശ്രീ.ചെറിയാൻ ഫിലിപ്പിന്റെ നേതൃത്വത്തിൽ പ്രതിജ്ഞ ചൊല്ലിക്കൊണ്ടാണ് പ്രവർത്തനം ആരംഭിച്ചത്. ജില്ലാ കളക്ടർ രാവിലെ മുതൽ ഉച്ചവരെ സജീവമായി പ്രവർത്തനത്തിൽ പങ്കെടുത്തു. കാഴ്ചക്കാരില്ലാതെ എല്ലാവരും ഈ പ്രവർത്തനത്തിൽ പങ്കാളിയായെന്നുള്ളതാണ് ഏറ്റവും വലിയ നേട്ടം. ഏകദിന പുനരുജ്ജീവന പ്രവർത്തനത്തിന് തുടർച്ചയായി മനുഷ്യസാധ്യമല്ലാത്തയിടങ്ങളിൽ ഹിറ്റാച്ചി പോലുള്ള ഉപകരണങ്ങൾ ഉപയോഗിച്ച് ഒരാഴ്ച്ചക്കാലത്തോളം ചെളിനീക്കം നടത്തിയാണ് ശുചീകരണം പൂർത്തിയാക്കിയത്. പാണ്ടിവയൽ തോട് പുനരുജ്ജീവന പ്രവർത്തനം ജില്ലയിൽ തന്നെ മാതൃകാ പ്രവർത്തനം ആയിട്ടുണ്ട്.

6 പ്രദേശങ്ങളിലായി പ്രാദേശികസമിതിയുടെ നേതൃത്വത്തിൽ ഏകദേശം 3000 ത്തോളം ആളുകളുടെ പങ്കാളിത്തത്തോടെയാണ് ഏകദിന പ്രവർത്തനം നടത്തിയത്. വിവിധ വകുപ്പുകളായ ഇറിഗേഷൻ, ആരോഗ്യം, കൃഷി, പോലീസ് ഫയർഫോഴ്സ്, റവന്യൂ ശുചിത്വ മിഷൻ തുടങ്ങിയ വകുപ്പുകളിൽ നിന്നുള്ള ഉദ്യോഗസ്ഥരുടെയും എൻ.എസ്.എസ്, എസ്.പിസി. വിദ്യാർത്ഥികൾ, തൊഴിലുറപ്പ്/ കുടുംബശ്രീ പ്രവർത്തകർ, റെസിഡന്റ്സ് അസോസിയേഷനുകൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയ വിവിധ മേഖലകളിലുള്ളവരുടെയും പങ്കാളിത്തം ഈ പ്രവർത്തനം വിജയകരമായി നടത്തുന്നതിന് സഹായിച്ചു. പ്രഭാത ഭക്ഷണം കർഷകരുടെ കൂട്ടായ്മയും ഉച്ചഭക്ഷണം കുടിവെള്ളം തുടങ്ങിയവ റെസിഡന്റ്സ് അസോസിയേഷനുകളും ഹോട്ടൽ ക്യാറ്ററിംഗ് യൂണിറ്റുകളും വിവിധ പ്രാദേശിക മേഖലകളിൽ നൽകുകയുണ്ടായി. ഹിറ്റാച്ചി പോ



നവംബർ 15ന് തോടിന്റെ കരകളിലൂടെനടന്ന് അവസ്ഥാ പഠനം നടത്തി ചെയ്യേണ്ട പ്രവർത്തനങ്ങൾ ഏതൊക്കെയെന്ന് വിശകലനം ചെയ്തു. നവംബർ 16ന് ജനകീയ സദസ്സ് സംഘടിപ്പിക്കുകയും ആവശ്യമായ പ്രചാരണം പത്രമാധ്യമങ്ങൾ വഴിയും, സോഷ്യൽ മീഡിയ വഴിയും, നോട്ടീസ്, ബാനർ മുഖേനയും നൽകുകയുണ്ടായി. ആശയ വിനിമയത്തിനായി വാട്ട്സ്ആപ് ഗ്രൂപ്പ് ഉണ്ടാക്കുകയും ഇതുവഴി വിവിധ തലത്തിലുള്ളവരുമായി ആശയവിനിമയം നടത്തി ഉചിതമായ തീരുമാനങ്ങൾ എടുക്കുവാനും സാധിച്ചു.

ലുള്ള ഉപകരണങ്ങളും മറ്റ് അനുബന്ധചെലവുകളും മെർച്ചന്റ്സ് അസോസിയേഷന്റെയും മറ്റ് വ്യവസായികളുടെയും സഹകരണത്തോടെ ഉറപ്പാക്കി. രാവിലെ 7.00 മണി മുതൽ തോടിന്റെ ഇപ്പോഴത്തെ അവസ്ഥ ഡോക്യുമെന്റ് ചെയ്യുകയും വ്യത്യസ്ഥ സ്ഥലങ്ങളിൽ നിന്നും വെള്ളത്തിന്റെ സാമ്പിൾ ശേഖരിക്കുകയും ചെയ്തു.

ഏകദിന പുനരുജ്ജീവന പ്രവർത്തനമായിരുന്നുവെങ്കിലും ഹിറ്റാച്ചി പോലുള്ള ഉപകരണങ്ങൾ ഉപയോഗിച്ച് രണ്ടാഴ്ച്ചക്കാലത്തോളം ചെളിനീക്കം ചെയ്യുക തുടങ്ങിയ തുടർ പ്രവർത്തനങ്ങൾ നടത്തി. പാണ്ടിവയൽ തോട് പുനരുജ്ജീവന പ്രവർത്തനം സംസ്ഥാനത്തു തന്നെ മാതൃകാ പ്രവർത്തനമായി പരക്കെ അംഗീകരിക്കപ്പെടുകയും ഹരിതകേരളം മിഷന്റെ പ്രവർത്തനത്തിലെ ഏറ്റവും മികച്ച പ്രവർത്തനമായി തീരുകയും ചെയ്തു.

## ഗുണഫലങ്ങൾ

പാണ്ടിവയൽ തോട് പുനരുജ്ജീവിപ്പിച്ചതിനുശേഷം പാണ്ടിവയലിൽ 30 വർഷത്തോളം കൃഷിചെയ്യാതെ തരിശായി കിടന്ന 150 ഏക്കർ നെൽപ്പാടത്തിൽ 15 ഏക്കറിൽ നെൽകൃഷിയിറക്കി. തോടിലെ വെള്ളം താല്ക്കാലികമായി തടഞ്ഞു നിർത്തി ഒന്നരകിലോമീറ്ററോളം നീളത്തിൽ തൊഴിലുറപ്പ് തൊഴിലാളികൾ നിർമ്മിച്ച കൈത്തോടുകൾ വഴി വെള്ളം ഏലയിലെത്തിച്ചാണ് 15 ഏക്കറിൽ കൃഷി ആരംഭിച്ചത്. പിന്നീട് കടുത്ത വേനലിൽ

ജലക്ഷാമം അനുഭവപ്പെട്ടതിനാൽ കൃഷി തടസ്സപ്പെടുകയും എന്നാൽ അടിയന്തിരമായി കെ.ഐ.പി. കനാലുകൾ വിവിധ പഞ്ചായത്തുകളിലെ തൊഴിലുറപ്പ് പ്രവർത്തകർ യുദ്ധകാലാടിസ്ഥാനത്തിൽ വൃത്തിയാക്കുകയും ഹരിതകേരളം മിഷന്റെ കൂടി ഇടപെടലിന്റെ ഫലമായി ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ കനാലിൽ നിന്നും തോടിലേക്ക് വെള്ളം എത്തിക്കുകയും ചെയ്തതിനാൽ കൃഷിയ്ക്ക് തടസ്സം ഉണ്ടായില്ല.

2019 ഏപ്രിൽ 29 നു പാണ്ടിവയലിൽ കൊയ്ത്തുത്സവം എം എൽ എ ശ്രീമതി ആയിഷ പോറ്റി ഉദ്ഘാടനം നടത്തി. കൊയ്ത്തു യന്ത്രം ഇറക്കാൻ അസാധ്യമായതിനാൽ നൂറോളം തൊഴിലുറപ്പു പ്രവർത്തകർ പത്തു ദിവസത്തോളം പാടത്തിറങ്ങിയാണ് കൊയ്ത്തു പൂർത്തീകരിച്ചത്. പാണ്ടി വയലിൽ നിന്നും ലഭിച്ച നെല്ല് സിവിൽ സപ്ലൈസ് കോർപറേഷന് കൈമാറി.

## തുടർ പ്രവർത്തനം

പാണ്ടിവയൽതോട് പുനരുജ്ജീവിപ്പിച്ചതിന് ശേഷം 15 ഏക്കർ നെൽവയലിൽ കൃഷിയിറക്കുകയുണ്ടായി. ഇനിയുള്ള 50 ഏക്കറിലും കൂടി നെൽകൃഷി വ്യാപിപ്പിക്കാനും മൂന്ന് പൂ കൃഷി തുടർച്ചയായി ചെയ്യുന്നതിനും തീരുമാനിച്ചു. 15 ഏക്കറിലെ കൊയ്ത്തുത്സവം കഴിഞ്ഞതിനാൽ എല്ലാ ഭൂമിയും ഒരുമിച്ച് വിതയ്ക്കാനുള്ള പ്രവർത്തനം നടന്നുവരുന്നു.

കൂടാതെ പാണ്ടിവയലിന്റെ വശങ്ങളിൽ വർഷങ്ങളായി തരിശായികിടന്ന 22 ഏക്കർ ഭൂമിയിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നഗരസഭയുടെ മാതൃകാ കൃഷിത്തോട്ടത്തിന്റെ പ്രവർത്തനം ഹരിതകേരളം മിഷന്റെ ഭാഗമായി നടന്നുവരുന്നു. വിവിധയിനം പച്ചക്കറികൾ, കിഴങ്ങുവർഗ്ഗങ്ങൾ, വാഴകൾ, പഴവർഗ്ഗങ്ങൾ തുടങ്ങിയവയാണ് കൃഷി ചെയ്യുന്നത്. ഇതിൽ നിന്നും ലഭിക്കുന്ന പച്ചക്കറികൾ മറ്റു കൃഷിയുൽപ്പന്നങ്ങൾ കൃഷി ഭവന്റെ ഇക്കോഷോപ്പ് വഴി കുറഞ്ഞ നിരക്കിൽ സമീപവാസികൾക്കുതന്നെ നൽകാനാണ് പദ്ധതി.

## ഉപസംഹാരം

ജനകീയ പങ്കാളിത്തത്തോടെ പാണ്ടിവയൽ തോടിന്റെ പുനരുജ്ജീവന പ്രവർത്തനം നടത്തുകയും, തോട് മാലിന്യ വിമുക്തമാക്കി നീരൊഴുക്ക് വർദ്ധിപ്പിക്കുയും തോടിലെ വെള്ളം ഉപയോഗിച്ച് കാൽ നൂറ്റാണ്ടായി തരിശായികിടന്ന സ്ഥലത്ത് നെൽകൃഷി വ്യാപിപ്പിക്കുകയും ചെയ്ത പ്രവർത്തനങ്ങൾ നാട്ടിലെ എല്ലാവർക്കും ആവേശമായി. മാത്രമല്ല ഇതിന്റെ തുടർ പ്രവർത്തനമെന്ന നിലയിൽ തോട് മാലിന്യമുക്തമായി സംരക്ഷിക്കുകയും തരിശായി കിടന്ന ഏലകളിൽ കൃഷി പുനരാരംഭിച്ചതും സമീപത്തുള്ള സ്വകാര്യ വ്യക്തികളുടെ സ്ഥലങ്ങളിൽ 27 ഏക്കർ വിസ്തൃതിയിൽ മാതൃകാ കൃഷിത്തോട്ടം ആരംഭിച്ചതും ജനങ്ങളിൽ നഗരസഭയിലുള്ള വിശ്വാസം വർദ്ധിക്കാനിടയായി. മാത്രമല്ല വളരെ ചുരുങ്ങിയ കാലയളവിനുള്ളിൽ നടത്തിയ തോടിന്റെ വീണ്ടെടുക്കൽ പ്രവർത്തനവും കൃഷി ഉൾപ്പടെയുള്ള തുടർ പ്രവർത്തനവും കേരളത്തിന് തന്നെ മാത്രകയായി. ഈ പ്രവർത്തനം എക്കാലവും തുടർച്ചയായി നടത്തുന്നതിന് ജനങ്ങൾ ഒറ്റക്കെട്ടായി പ്രവർത്തിക്കുമെന്നുമുള്ളതാണ് പ്രതീക്ഷ.

# വട്ടക്കായലിലെ നെൽക്കൃഷി

## ചരിത്രം

കരുനാഗപ്പള്ളി, മാവേലിക്കര, കാർത്തികപ്പള്ളി താലൂക്കുകൾ ഉൾപ്പെട്ട ഓണാട്ടുകരയുടെ കാർഷിക പെരുമയ്ക്ക് പതിറ്റാണ്ടുകളോളം ഊടും പാവും നെയ്ത തഴവ എന്ന ഗ്രാമത്തിന്റെ എക്കാലത്തെയും ഗരിമയായിരുന്നു വട്ടക്കായലിലെ നെൽകൃഷി. മുണ്ടകം കൃഷി ചെയ്ത് പതിനായിരക്കണക്കിന് ടൺ നെല്ല് ഉല്പാദിപ്പിച്ച ചരിത്രമുള്ള പുഞ്ചയായിരുന്നു ഓണാട്ടുകര. എന്നാൽ വർഷങ്ങൾ കഴിഞ്ഞ് പുഞ്ചയിൽ വെള്ളം കയറിയതിനാൽ ഓണാട്ടുകരയുടെ ചരിത്രത്തിൽ ഇടം നേടിയ വയലുകൾ പലവിധ കാരണത്താൽ തരിശ്ശായി തീർന്നു.

## ഭൂമിശാസ്ത്രപരമായ പ്രത്യേകത

വട്ടക്കായലിന്റെ മധ്യഭാഗത്തുകൂടി കടന്നുപോകുന്ന ആറാട്ടുകടവ് മാമേൽ കടവ് തോട്ടിലൂടെ വരുന്ന വെള്ളവും, കിഴക്കു ഭാഗത്തുകൂടി കടന്നുപോകുന്ന പള്ളിക്കലാർ കരകവിഞ്ഞെത്തുന്ന വെള്ളവും ഈ പാടത്തെ വട്ടക്കായൽ ആക്കി മാറ്റും. അങ്ങനെയാണ് വട്ടക്കായൽ എന്ന പേര് വന്നത്.

## ഏറ്റെടുക്കാൻ ഉണ്ടായ സാഹചര്യം

ഇരുപ്പൂകൃഷി നടന്നിരുന്ന വട്ടക്കായൽ, പിന്നീട് ഇഷ്ടിക നിർമ്മാണക്കാർ ചെളിയെടുത്ത് കുഴിച്ചത് ക്ലേശ



കരമാക്കി. ഗ്രാമപഞ്ചായത്ത് നടത്തിയ ചെറിയ പരിശ്രമങ്ങളിലൂടെ ആകെ 400 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്തിരുന്നത് കൂടുതൽ പ്രദേശത്തേയ്ക്ക് വ്യാപിപ്പിക്കാൻ സാധിച്ചു. 'എല്ലാവരും പാടത്തേയ്ക്ക്' എന്നതാണ് തഴവ ഗ്രാമപഞ്ചായത്തിന്റെ ആശയം. കാർഷിക സംസ്കൃതി നിലനിർത്തി തരിശ് രഹിതപഞ്ചായത്ത് എന്ന ലക്ഷ്യത്തിലേയ്ക്ക് കാർഷിക പദ്ധതികൾ ഏകോപിപ്പിക്കുന്നതിനും 2017 വാർഷിക പദ്ധതിപ്രകാരം പാടശേഖര സമിതി, കൃഷി വകുപ്പ് എന്നിവയുടെ സംയുക്ത പ്രവർത്തനങ്ങളോടെ തഴവ ഗ്രാമപഞ്ചായത്തിന്റെ സമഗ്ര നെൽകൃഷി വികസനം ഹരിത കേരളം മിഷൻ നടപ്പിലാക്കി.

## മുന്നൊരുക്കം

വട്ടക്കായലിന്റെ മധ്യഭാഗത്തുകൂടി കടന്നുപോകുന്ന തോട്ടിൽ പെട്ടിയും പറയും മോട്ടോറും ഉപയോഗിച്ച് പള്ളിക്കലാറിനോട് ചേർന്ന തലക്കുളത്തിലേയ്ക്ക് വെള്ളം വറ്റിച്ചാണ് ഇവിടെ വിത്ത് എറിയുന്നത്. തോട്ടിലൂടെ കടന്നുവരുന്ന വെള്ളത്തെ പാടത്തേയ്ക്ക് കയറാതെ തടഞ്ഞുനിർത്താൻ തോടിന്റെ ഇരു കരകളിലും 7 കി.മീ.

'എല്ലാവരും പാടത്തേയ്ക്ക്' എന്നതാണ് തഴവ ഗ്രാമപഞ്ചായത്തിന്റെ ആശയം. കാർഷിക സംസ്കൃതി നിലനിർത്തി തരിശ് രഹിതപഞ്ചായത്ത് എന്ന ലക്ഷ്യത്തിലേയ്ക്ക് കാർഷിക പദ്ധതികൾ ഏകോപിപ്പിക്കുന്നതിനും 2017 വാർഷിക പദ്ധതിപ്രകാരം പാടശേഖര സമിതി, കൃഷി വകുപ്പ് എന്നിവയുടെ സംയുക്ത പ്രവർത്തനങ്ങളോടെ തഴവ ഗ്രാമപഞ്ചായത്തിന്റെ സമഗ്ര നെൽകൃഷി വികസനം ഹരിത കേരളം മിഷൻ നടപ്പിലാക്കി.



തോടിന്റെ ഇരുവശത്തേയും ബണ്ട് ബലപ്പെടുത്തി തോടിന്റെ ആഴം കൂട്ടി വൃത്തിയാക്കി പുഞ്ചപ്പാടത്തിലെ വെള്ളം ഈ തോട്ടിലേയ്ക്ക് ഒഴുക്കി. അത്യുത്പാദന ശേഷിയുള്ള ഉമ വിത്താണ് വിതച്ചത്. പാടശേഖരത്തിന്റെ ഇടയിലൂടെയുള്ള തഴത്തോട്ടിൽ കെട്ടിനിർത്തിയിരുന്ന വെള്ളം നെല്ലിന്റെ ആവശ്യാനുസരണ പാടശേഖരത്തിലേയ്ക്ക് കയറ്റിവിട്ടിരുന്നു. ഒരിക്കൽ നാടിന്റെ നെല്ലറയായിരുന്ന പാടശേഖരത്തിന്റെ പഴയകാല കാർഷിക സമൃദ്ധിയുടെ നാളുകൾ തിരിച്ചു വരുന്നതിന്റെ ആഹ്ലാദത്തിൽ ആയിരുന്നു കർഷകരും നാട്ടുകാരും.

നീളത്തിലും 11 അടി ഉയരത്തിലും ബണ്ടുകൾ നിർമ്മിച്ചാണ് പാടം കൃഷിക്ക് യോഗ്യമാക്കിയത്. വിവിധ ജനപ്രതിനിധികൾ, നിർവ്വഹണ ഉദ്യോഗസ്ഥർ, പാടശേഖര സമിതി അംഗങ്ങൾ, രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ, കുടുംബശ്രീ ഭാരവാഹികൾ, യുവജന സന്നദ്ധ സംഘടനകൾ തുടങ്ങി വിപുലമായ സംഘാടക സമിതി ഹരിത കേരളം മിഷൻ പഞ്ചായത്ത്തല ഉദ്ഘാടനം ഗംഭീരമായി നടത്തുന്നതിനായി ആസൂത്രണം ചെയ്തു. മുന്നൂറിലധികം കൃഷിക്കാർ വരുന്ന പാടശേഖരം, ഹരിത കേരളം മിഷനും പഞ്ചായത്തും, ഓണാട്ടുകര വികസന ഏജൻസിയും മുൻകയ്യെടുത്ത് നാല് ഘട്ടങ്ങളിലായി കൃഷിക്കാരെ വിളിച്ചുചേർത്ത് അവരുടെ സമ്മതപത്രം പഞ്ചായത്ത് വാങ്ങി അവർക്ക് പാട്ടം നൽകി.

## ചെയ്ത പ്രവർത്തനങ്ങൾ

പത്ത് വർഷത്തിലധികമായി വെള്ളക്കെട്ടായി കിടന്ന പുഞ്ചപ്പാടത്ത് മാസങ്ങൾ നീണ്ട പ്രവർത്തനത്തിലൂടെയാണ് നെൽക്കൃഷി സാധ്യമായത്. ഇതിനായി പുഞ്ചപ്പാടത്തിന്റെ വിവിധ ഭാഗങ്ങളിലായി 6 പമ്പ് ഹൗസുകൾ സ്ഥാപിച്ച് വെള്ളംവറ്റിച്ചു. 80 കുതിരശക്തിയുള്ള മോട്ടോ

റുകളുടെ സഹായത്തോടെ പഴയ പെട്ടിയും പറയും ഉപയോഗിച്ചാണ് വെള്ളം വറ്റിച്ചത്. മോട്ടോറുകൾ പ്രവർത്തിക്കുന്നതിനായി എം.എൽ.എ.യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്ന് പ്രത്യേകം ട്രാൻസ്ഫോർമർ സ്ഥാപിച്ചു. തോടിന്റെ ഇരുവശത്തേയും ബണ്ട് ബലപ്പെടുത്തി തോടിന്റെ ആഴം കൂട്ടി വൃത്തിയാക്കി പുഞ്ചപ്പാടത്തിലെ വെള്ളം ഈ തോട്ടിലേയ്ക്ക് ഒഴുക്കി. അത്യുത്പാദന ശേഷിയുള്ള ഉമ വിത്താണ് വിതച്ചത്. പാടശേഖരത്തിന്റെ ഇടയിലൂടെയുള്ള തഴത്തോട്ടിൽ കെട്ടിനിർത്തിയിരുന്ന വെള്ളം നെല്ലിന്റെ ആവശ്യാനുസരണ പാടശേഖരത്തിലേയ്ക്ക് കയറ്റിവിട്ടിരുന്നു. ഒരിക്കൽ നാടിന്റെ നെല്ലറയായിരുന്ന പാടശേഖരത്തിന്റെ പഴയകാല കാർഷിക സമൃദ്ധിയുടെ നാളുകൾ തിരിച്ചു വരുന്നതിന്റെ ആഹ്ലാദത്തിൽ ആയിരുന്നു കർഷകരും നാട്ടുകാരും.

## ഗുണഫലങ്ങൾ

ഹരിത കേരളം പദ്ധതിയിൽ പഞ്ചായത്തും കൃഷി വകുപ്പും ഓണാട്ടുകര വികസന ഏജൻസിയും പാടശേഖര ഉടമകളും കർഷകരും കൈകോർത്തതിന്റെ മഹാവിജയമാണ് 650 ഏക്കറിൽ നോക്കെത്താ ദൂരത്തായി പരന്നുകിടക്കുന്ന വട്ടക്കായൽ രചിച്ചത്. 650 ഏക്കറിൽ നിന്നും 1620 ടൺ നെല്ലാണ് ഉല്പാദിപ്പിച്ചത്. ഹരിത കേരളം മിഷന്റെ ഭാഗമായി തഴവ ഗ്രാമപഞ്ചായത്ത് നെൽകൃഷി ഏറ്റെടുക്കുമ്പോൾ 225 ഏക്കർ ആയിരുന്ന കൃഷിയാണ് നിലവിൽ 875 ഏക്കർ ആയി വർധിച്ചത്. അതൊടൊപ്പം തഴവയുടെ തനത് വിളയായ എള്ള് നിലവിൽ 300 ഏക്കറിനടുത്ത് കൃഷി ചെയ്യുന്നുണ്ട്. വട്ടക്കായലിൽ നെൽക്കൃഷിയോട് അനുബന്ധമായി മത്സ്യക്കൃഷിയും വിപണനവും നടക്കുന്നുണ്ട്. കൂടാതെ ഹരിത കേരളം മിഷന്റെ കാലയളവിൽ കരനെൽകൃഷി 25 ഏക്കറിലേയ്ക്ക് വർദ്ധിക്കുകയുമുണ്ടായി.

## തുടർ പ്രവർത്തനം

ഇരുപ്പൂകൃഷി നടത്തുന്നതിനു വേണ്ടി വട്ടക്കായലിന്റെ കിഴക്കു വശം 10 അടി ഉയരത്തിൽ ബണ്ട് നിർമ്മിക്കുകയും തൊഴിലുറപ്പ് തൊഴിലാളികളെ വിന്യസിച്ച് ഇരു ബണ്ടിലും കൈതച്ചെടി വച്ചുപിടിപ്പിക്കലും വിളവെടുപ്പിനുശേഷം വട്ടക്കായലിൽ മുഴുവൻ സ്ഥലങ്ങളിലും ട്രാക്ടർ ഉപയോഗിച്ച് ഉഴുതുമറിക്കുന്ന പ്രവർത്തനവും ആസൂത്രണം ചെയ്യുന്നു.

## ഉപസംഹാരം

ഒരു പതിറ്റാണ്ട് മുൻപ് അസാധ്യമെന്ന് കരുതിയ വട്ടക്കായലിലെ നെൽകൃഷി, മണ്ണിനെ സ്നേഹിക്കുന്ന, കൃഷിയ സ്നേഹിക്കുന്ന, പ്രകൃതിയെ സ്നേഹിക്കുന്ന ഒരു ജനതയുടെ മനസ്സിൽ കൃഷിയിലുള്ള പ്രതീക്ഷയുടെ കൈത്തിരി തെളിയിച്ചുകൊണ്ട് ഹരിതകേരളം മിഷന്റെ ചിറകിലേറി പച്ചപ്പണിഞ്ഞു.

# ഇളമ്പള്ളൂർ – ഇടവട്ടം കുഴിൽ ഏലാ തോട്

## ചരിത്രം

1953–ൽ സ്ഥാപിതമായ പെരിനാട് ഗ്രാമപഞ്ചായത്ത് ചിറ്റുമല ബ്ലോക്കിൽ പെരിനാട് വില്ലേജ് ജംഗ്ഷനിലാണ് സ്ഥിതി ചെയ്യുന്നത്. 24.92 ച.കി.മി വിസ്തൃതിയുള്ള പഞ്ചായത്തിലെ ജനസംഖ്യ ഏകദേശം 40000–മാണ്. വടക്ക് അഷ്ടമുടിക്കായലിന്റെ ഭാഗമായ കാഞ്ഞിരകോട് കായൽ, കിഴക്ക് കുണ്ടറ ഗ്രാമപഞ്ചായത്ത്, തെക്ക് കൊറ്റംകര ഗ്രാമപഞ്ചായത്ത്, പടിഞ്ഞാറ് പനയം ഗ്രാമപഞ്ചായത്തും കൊല്ലം കോർപ്പറേഷനും അഷ്ടമുടിക്കായലിന്റെ ഭാഗമായ വെള്ളിമൺ കായലുമാണ് പെരിനാട് ഗ്രാമപഞ്ചായത്തിന്റെ അതിർത്തികൾ. ഈ പഞ്ചായത്തിൽ അഞ്ച് വാർഡിലൂടെ ഏകദേശം 6 കി.മി നീളത്തിലൊഴുകുന്ന ഇളമ്പള്ളൂർ – ഇടവട്ടം കുഴിയിൽ ഏലാ തോട് സ്ഥിതിചെയ്യുന്നത്. വർഷങ്ങളായി ഈ തോടിലെ വെള്ളമായിരുന്നു വിവിധതരം കൃഷികൾക്കായി ഉപയോഗിച്ചിരുന്നത്. എന്നാൽ വേനലാകുമ്പോൾ തോടിൽ വെള്ളം ഇല്ലാത്തതിനാൽ കൃഷിയെ ഇത് ഏറെ ബാധിക്കുന്നു.

## ഭൂമി ശാസ്ത്രപരമായ പ്രത്യേകതകൾ

പെരിനാട് ഗ്രാമപഞ്ചായത്തിലെ 6, 7, 11, 13, 17 വാർഡുകളിലൂടെ 6 കി.മി. നീളത്തിലൊഴുകുന്ന ഇളംമ്പള്ളൂർ

ഹരിതകേരളം മിഷൻ

-ഇടവട്ടം കുഴിൽ ഏലാ തോട് വെട്ടിലിൽ കുളത്തിൽ നിന്നും ആരംഭിച്ച് കണ്ടച്ചിറക്കായലിലാണ് പതിക്കുന്നത്. അനധികൃത ഭൂമി കൈയ്യേറ്റം മൂലം തോടിന്റെ വീതി പല സ്ഥലങ്ങളിലും ക്രമാതീതമായി കുറഞ്ഞിട്ടുണ്ട്. ഇത് തോടിന്റെ നീരൊഴുക്കിനെ ബാധിക്കുന്നു. തടയണകളുടെ അഭാവം മൂലം വെള്ളം നേരിട്ട് അഷ്ടമുടിക്കായലിലേക്കാണ് ഒഴുകി പതിക്കുന്നത്. ഇതിനാൽ വേനൽക്കാലത്ത് വെള്ളത്തിന്റെ സാന്നിദ്ധ്യം ഈ തോട്ടിൽ ഉണ്ടാകാറില്ല. ഒരു കാലത്ത് കൃഷിയ്ക്കായി ആശ്രയിച്ചിരുന്ന ഈ ജലസ്രോതസ്സിലെ വേനൽക്കാലത്തെ വെള്ളത്തിന്റെ അഭാവം കൃഷിയെ കാര്യമായി ബാധിക്കുന്നു.



## ഏറ്റെടുക്കാനുണ്ടായ സാഹചര്യം

പെരിനാട് ഗ്രാമപഞ്ചായത്തിലെ നീർത്തടാധിഷ്ഠിത വികസന മാസ്റ്റർ പ്ലാനും ബ്ലോക്ക് പഞ്ചായത്ത് തലത്തിലെ റിപ്പോർട്ടും പൂർത്തീകരിച്ചിട്ടുണ്ട്. മുൻഗണനാടിസ്ഥാനത്തിൽ കൃഷിയുമായി ബന്ധപ്പെടുത്തി ചെയ്യേണ്ടുന്ന ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഡി.പി.ആർ. തയ്യാറാക്കി ഇറിഗേഷൻ വകുപ്പ് സർക്കാറിലേക്ക് സമർപ്പിക്കുന്നതാണ്. എന്നാൽ ഇത് കാലതാമസം നേരിടുന്നതിനാലും തോടിന്റെ ശോചനീയാവസ്ഥ കണക്കിലെടുത്തും കൃഷിയ്ക്ക് ഉപകാരപ്പെടും വിധം ഹരിതകേരളം മിഷൻ പദ്ധതി പ്രകാരം ജനകീയ പങ്കാളിത്തത്തോടെ തോട് ശുചീകരിച്ച് പുനരുജ്ജീവിപ്പിക്കുവാൻ തീരുമാനിച്ചു. കൂടാതെ താൽക്കാലിക തടയണകൾ നിർമ്മിച്ച് വെള്ളം തടഞ്ഞ് നിർത്തി നെൽകൃഷിയ്ക്കും മറ്റ് പച്ചക്കറി കൃഷിയ്ക്കും ആവശ്യമായ വെള്ളം ലഭ്യമാക്കാനും തീരുമാനിച്ചു. അപ്രകാരം ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തോടിന്റെ പുനരുജ്ജീവന പ്രവർത്തനം വൻ ജനപങ്കാളിത്തത്തോടെ തൊഴിലുറപ്പ് പ്രവർത്തകർ, കുടുംബശ്രീ, ആശാവർക്കേഴ്സ്, എൻ.എസ്.എസ് വോളന്റിയേഴ്സ്, സന്നദ്ധപ്രവർത്തകർ തുടങ്ങിയവരുടെ സഹകരണത്തോടെ നടത്തുകയുണ്ടായി.

## മുന്നൊരുക്ക പ്രവർത്തനങ്ങൾ

ഇളമ്പള്ളൂർ -ഇടവട്ടം കുഴിയിൽ ഏലാ തോടിന്റെ പുനരുജ്ജീവനത്തിനായുള്ള ആദ്യത്തെ ആലോചനയോഗം ഹരിതകേരളം മിഷന്റെ

നേതൃത്വത്തിൽ പെരിനാട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ അധ്യക്ഷതയിൽ 2018 ഡിസംബർ 15നു നടത്തുകയുണ്ടായി. പ്രസിഡണ്ട്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ, കൃഷി ഓഫീസർ, പാടശേഖര സമിതി, കുടുംബശ്രീ, തൊഴിലുറപ്പ് ഉദ്യോഗസ്ഥർ, സെക്രട്ടറി, മറ്റു ഉദ്യോഗസ്ഥർ, ഹരിതകേരളം മിഷൻ കോർഡിനേറ്റർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു. ഈ യോഗത്തിൽ ഹരിതകേരളം മിഷൻ കോർഡിനേറ്റർ കേരളത്തിലുടനീളം നടത്തുന്ന ജലസംരക്ഷണ പ്രവർത്തനങ്ങളെക്കുറിച്ചും ഇടവട്ടം കുഴിയിൽ ഏലാ തോടിന്റെ പുനരുജ്ജീവനത്തെക്കുറിച്ചും വിശദീകരിച്ചു. വിശദമായ ചർച്ചക്കൊടുവിൽ കൃഷിക്ക് ഏറെ പ്രയോജനം ചെയ്യുന്നതിനാൽ തോടിന്റെ പുനരുജ്ജീവന പ്രവർത്തനം ഉടൻ ആരംഭിക്കാമെന്നും ഇതുമായി ബന്ധപ്പെട്ട എല്ലാവരെയും ഉൾപ്പെടുത്തിയുള്ള വിപുലമായ യോഗം നടത്താമെന്നും പ്രസിഡന്റ് അറിയിച്ചു.

2018 ഡിസംബർ 19 നു ഇതിനായി രണ്ടാമത്തെ വിപുലമായ യോഗം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ നടത്തുകയുണ്ടായി. പഞ്ചായത്ത് മെമ്പർമാർ, കൃഷി ഓഫീസർ, തൊഴിലുറപ്പു പ്രവർത്തകർ, കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺ, പാടശേഖര സമിതി, ഹരിതകേരളം മിഷൻ തുടങ്ങി വിവിധ മേഖലകളിലെ നൂറോളം പേർ യോഗത്തിൽ പങ്കെടുത്തു. പുഴനടത്തം നടത്തി ചെയ്യാനുള്ള പ്രവൃത്തികൾ വിലയിരുത്തി എല്ലാവരുടെയും സഹകരണത്തോടെ എത്രയും വേഗം പുനരുജ്ജീവന പ്രവർത്തനം നടത്താൻ യോഗം തീരുമാനിച്ചു. അതിനു ശേഷം ഡിസംബർ 20 നു രാവിലെ 8 മണിക്ക് നൂറോളം പേരടങ്ങുന്ന സംഘം രണ്ടു ബാച്ചുകളിലായി തോടിന്റെ രണ്ടറ്റത്തുനിന്നും നടന്ന് തോട് കാണുകയുണ്ടായി. തോടിന്റെ ഇപ്പോഴത്തെ അവസ്ഥാപഠനം നടത്തി. പാടശേഖര സമിതി പുഴ നടത്തത്തിൽ പങ്കെടുത്തവർക്ക് ഭക്ഷണം നൽകി. തോടിന്റെ വശങ്ങളിൽ കൈയേറ്റം ഉള്ളതായും, സംരക്ഷണ ഭിത്തികൾ പല സ്ഥലങ്ങളിലും ഇടിഞ്ഞു പോയതായും, സമീപത്തെ വീടുകളിൽ നിന്നും മലിനജലം തോടിലേക്കൊഴുകുന്നതായും, പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യവും, മണ്ണും, ചെളിയും, കാടുകളും നീക്കം ചെയ്യേണ്ടതാണെന്നും പുഴ നടത്തത്തിൽ കണ്ടെത്തി. ആദ്യ ഘട്ടത്തിൽ തോടിലേക്കൊഴുകുന്ന മാലിന്യം തടഞ്ഞുകൊണ്ട് തോട് പുനരുജ്ജീവിപ്പിക്കുവാനും കൈയ്യേറ്റം രണ്ടാം ഘട്ടത്തിൽ ഒഴിപ്പിക്കുന്നതിനായി റവന്യു വകുപ്പിനെ ചുമതലപ്പെടുത്താനും പുഴ നടത്തത്തിൽ തീരുമാനിക്കുകയുണ്ടായി.

## പുനരുജ്ജീവന പ്രവർത്തനങ്ങൾ

വിവിധ യോഗങ്ങൾക്കൊടുവിൽ ഫെബ്രുവരി 9 ന് വൻ ജനപങ്കാളിത്തത്തോടെ ഇളമ്പള്ളൂർ-ഇടവട്ടം കുഴിയിൽ ഏലാ തോടിന്റെ പുനരുജ്ജീവന പ്രവർത്തനം നടത്തുകയുണ്ടായി. മുൻ എം.പി. ശ്രീ. കെ.എൻ. ബാലഗോപാൽ പ്രസ്തുത പരിപാടി ഉദ്ഘാടനം ചെയ്തു. ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട്, വിവിധ രാഷ്ട്രീയ പ്രതിനിധികൾ, വാർഡ് മെമ്പർമാർ, കുടുംബശ്രീ, തൊഴിലുറപ്പു പ്രവർത്തകർ, ആശാ വർക്കേഴ്സ്, സന്നദ്ധ സംഘടനകൾ, പാടശേഖര സമിതി അംഗങ്ങൾ, വിവിധ സ്കൂളുകളിലെയും കോളേജുകളിലെയും എൻ.എസ്.എസ്. വോളന്റിയേഴ്സ്, വിദ്യാർഥികൾ, ഹരിതകേരളം മിഷൻ പ്രതിനിധികൾ തുടങ്ങി ആയിരത്തോളം പേരാണ് ഈ ജനകീയ കൂട്ടായ്മയിൽ പങ്കുചേർന്ന് തോടിന്റെ പുനരുജ്ജീവന പ്രവർത്തനം നടത്തിയത്. പ്രവർത്തനത്തിൽ പങ്കെടുത്ത എല്ലാവർക്കും പാടശേഖര സമിതി നാടൻ ഭക്ഷണ വിഭവങ്ങൾ തയ്യാറാക്കി നൽകി. ജനകീയ പ്രവർത്തനം ഒരു ദിവസം കൊണ്ട് അവസാനിച്ചെങ്കിലും അടുത്ത രണ്ടാഴ്ചക്കാലത്തോളം നടത്തിയ പ്രവർത്തനത്തിലൂടെയാണ് തോട് പൂർണ്ണമായും വീണ്ടെടുക്കാനായത്. കടുത്ത വേനലിൽ തോടിൽ വെള്ളമില്ലാഞ്ഞത് പുനരുജ്ജീവനം എളുപ്പമുള്ളതാക്കി. തോടിന്റെ പുനരുജ്ജീവന പ്രവർത്തനം പൂർത്തീകരിച്ചതിനാൽ കാലവർഷത്തിൽ



ലഭിക്കുന്ന വെള്ളം പരമാവധി തടഞ്ഞ് നിർത്തി കൃഷിയ്ക്ക് ഉപയോഗപ്രദമാക്കാൻ സാധിക്കും.

## ഗുണഫലങ്ങൾ

തോടിലേക്കുള്ള മാലിന്യകുഴലുകൾ നീക്കം ചെയ്തതിനാലും ഈ ജനകീയ കൂട്ടായ്മയിലുള്ള പ്രവർത്തനം സമീപവാസികൾക്ക് മാതൃകയായതിനാലും തോടിലേക്ക് മാലിന്യം എറിയുന്നതും ഒഴുക്കി വിടുന്നതും ഒരു പരിധിവരെ ഒഴിവായിട്ടുണ്ട്. മാലിന്യം വലിച്ചെറിയുന്നവർക്കെതിരെ കർശന നടപടികൾ പഞ്ചായത്ത് സ്വീകരിച്ചുവരുന്നു. തോടിൽ വിവിധ ഇടങ്ങളിൽ താത്കാലിക തടയണകൾ നിർമിച്ചു വെള്ളം തടഞ്ഞു നിർത്തി ഏലകളിലേക്കു വെള്ളമെത്തിച്ച് വർഷങ്ങളായി തരിശായി കിടക്കുന്ന ഭൂമിയിൽ കൃഷി പുനരാരംഭിക്കാനാകും. കൂടാതെ തോടിന്റെ സംരക്ഷണ ഭിത്തികളുടെ അറ്റകുറ്റപണികൾ, തടയണ നിർമാണം തുടങ്ങിയവ നീർത്തട വികസന റിപ്പോർട്ടിലെ മുൻഗണനാടിസ്ഥാനത്തിൽ നടത്തുന്നതിനായി മൈനർ ഇറിഗേഷൻ വകുപ്പിനോട് നിർദേശിച്ചിട്ടുണ്ട്.

## തുടർപ്രവർത്തനം

വെള്ളത്തിന്റെ അഭാവം മൂലം വർഷങ്ങളായി തരിശായി കിടക്കുന്ന ഏക്കറുകളോളം ഭൂമിയിൽ കൃഷി പുനരാരംഭിക്കാനായില്ല. എന്നാൽ കാലവർഷത്തിൽ ലഭിക്കുന്ന വെള്ളം പരമാവധി തടഞ്ഞ് നിർത്തി കൈത്തോടുകൾ വഴി ഏലകളിൽ എത്തിക്കുകയും തരിശുഭൂമികളിൽ കൃഷി പുനരാരംഭിക്കും. കൂടാതെ മാലിന്യം എറിയുന്നതും ഒഴുക്കിവിടുന്നതും തടയുന്നതിനായി ഇടവേളകളിൽ പരിശോധന നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിച്ച് വരുന്നു.

## ഉപസംഹാരം

ജനകീയ കൂട്ടായ്മയിൽ ഇളമ്പള്ളൂർ -ഇടവട്ടം കുഴിയിൽ ഏലാതോടിന്റെ പുനരുജ്ജീവന പ്രവർത്തനം നടത്തി തോടിനെ മാലിന്യവിമുക്തമാക്കി സംരക്ഷിക്കുന്ന പ്രവർത്തനം നാട്ടിലെ ജനങ്ങൾക്കെല്ലാം മാതൃകയായി. ഇതിന്റെ തുടർപ്രവർത്തനമെന്ന നിലയിൽ മാലിന്യ വിമുക്തമായി തോടിനെ സംരക്ഷിച്ചതും വർഷങ്ങളായി തരിശായികിടക്കുന്ന തോടിന്റെ വശങ്ങളിലെ ഭൂമിയിൽ കൃഷി പുനരാരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചതും ജനങ്ങളിൽ ആത്മവിശ്വാസം വർദ്ധിപ്പിച്ചു. ഈ പ്രവർത്തനം എക്കാലവും തുടർച്ചയായി നടത്തുന്നതിന് എല്ലാ ജനങ്ങളുടെയും സഹകരണം ആവശ്യമാണ്.

# കവിയൂർ വലിയ തോടും കവിയൂർ പുഞ്ചയും

## ജലസംരക്ഷണ പ്രവർത്തനങ്ങൾ

ജലക്ഷാമത്തിൽനിന്ന് ജലസമൃദ്ധമായ നാളേയ്ക്കു വേണ്ടിയുള്ള പരിശ്രമമാണ് ഹരിതകേരളം മിഷൻ നടപ്പിലാക്കുന്ന ജലസംരക്ഷണ പ്രവർത്തനങ്ങൾ. ഒരു പുഴയിൽ നടപ്പിലാക്കുന്ന ജലസംരക്ഷണ പ്രവർത്തനങ്ങളിലൂടെ വീണ്ടെടുത്ത പുഴയെ അതേപടി പരിപാലിക്കേണ്ട ആവശ്യകതാബോധംകൂടി ജനങ്ങളിൽ വളർത്താൻ ലക്ഷ്യമിട്ടിട്ടുള്ളവയാണ്. ഹരിത കേരളം മുന്നോട്ടുവയ്ക്കുന്ന ആശയത്തെ നടപ്പാക്കാൻ നിശ്ചയ ദാർഢ്യത്തോടെ ഇറങ്ങിത്തിരിച്ച ജനങ്ങളുടേയും വിജയമാണ് ഇന്ന് കേരളത്തിലുടനീളം കാണാൻ കഴിയുന്ന ജലസംരക്ഷണ പ്രവർത്തനങ്ങൾ. ഇക്കൂട്ടത്തിൽ എടുത്തുപറയേണ്ട ഒന്നാണ് പത്തനംതിട്ട ജില്ലയിലെ കവിയൂർ പുഞ്ചയിൽ നടന്ന ജലസംരക്ഷണ പ്രവർത്തനങ്ങൾ.

## കവിയൂർ പുഞ്ചയുടെ ഭൂതകാലം

കവിയൂർ, കുന്നന്താനം പഞ്ചായത്തുകളിലും തിരുവല്ല മുനിസിപ്പാലിറ്റിയിലുമായിആയിരം ഏക്കറിൽ വ്യാപിച്ചുകിടക്കുന്ന കവിയൂർ പുഞ്ചയിൽ ഒരു കാലത്ത് രണ്ടു കൃഷി ചെയ്തിരുന്നു. പ്രദേശത്തിന്റെ കാർഷിക സമൃ

ദ്ധിയുടെ പ്രതീകമായിരുന്നു ഈ പുഞ്ച. മണിമലയാറിൽ നിന്നുള്ള അമിത ജലത്തെ തടഞ്ഞുനിർത്താനുള്ളസംവിധാനവും പുഞ്ചയിലെ അധികജലത്തെ ഒഴുക്കിക്കളയാൻ പ്രത്യേകതോടുമൊക്കെ ഉണ്ടായിട്ടും കഴിഞ്ഞ 25 വർഷമായി ഇവിടെ നെൽക്കൃഷി നടന്നിട്ടില്ല. പുഞ്ചയുടെ മധ്യത്തിലൂടെ ഒഴുകിയിരുന്ന തോടുകളെല്ലാം പായലും പോളയുംകൊണ്ട് മൂടിയതുകാരണം തിരിച്ചറിയാനേ ആകുമായിരുന്നില്ല. മുൻകാലങ്ങളിൽ ജലസമൃദ്ധമായിരുന്ന ഈ തോട് പായലും പോളയും മൂടിയതോടെ സമീപപ്രദേശങ്ങളിലുള്ള ക്ഷീരകർഷകർക്ക് കാലിതീറ്റയായ പുല്ല്ശേഖരിക്കാനുള്ള ഇടം മാത്രമായി പുഞ്ച മാറി.

## ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ

കവിയൂർ പുഞ്ചയുടെ വീണ്ടെടുപ്പിന്റെ ഭാഗമായി കവിയൂർ വലിയതോടിന്റെ വീണ്ടെടുപ്പും കുറ്റപ്പുഴതോടിന്റെ പുനരുദ്ധാരണവും നടത്തി. 1400 ഏക്കറോളം വരുന്ന കവിയൂർ പാടശേഖരം തിരുവല്ല നഗരസഭ, കവിയൂർ, കുന്നന്താനം പഞ്ചായത്തുകൾ എന്നിവിടങ്ങളിലായിട്ടാണ് കിടക്കുന്നത്. കഴിഞ്ഞ 25 വർഷമായി ഇവിടെ

**കവിയൂർ പുഞ്ച/കവിയൂർവലിയതോട് കുറ്റപ്പുഴതോട് ഭൂപടം**
*കവിയൂർ പുഴയുടെ നീളം*
**16 കിലോമീറ്റർ**
നദീതട വിസ്തീർണ്ണം
**5447 ഹെക്ടർ**
കുറ്റപ്പുഴതോട് *നീളം*
**8 കിലോമീറ്റർ**





ഇനിയൊരു കൃഷി അസാധ്യ
മാണെന്ന് വിലയിരുത്തി.
പുഞ്ചയെ എഴുതിത്തള്ളിയ
സന്ദർഭത്തിലാണ് ഹരിതകേരളം
മിഷൻ പുഞ്ചയെ
ശ്രദ്ധിക്കുന്നത്.
കർഷകരുടെ ആവശ്യങ്ങളും
പാടശേഖരത്തിലെ പ്രശ്നങ്ങളും
അറിയിക്കുന്നതിനായി
ജനപ്രതിനിധികളും ഉദ്യോഗ
സ്ഥരും കർഷകരും ഉൾപ്പെ
ടുന്ന വയൽ പഠനയാത്ര,
നാട്ടുകൂട്ടായ്മ, വയൽനിരീക്ഷ
ണയാത്ര എന്നീ യാത്രകളിലൂടെ
പദ്ധതിക്ക് ആരംഭംകുറിച്ചു.
കവിയൂർ പുഞ്ച
വീണ്ടെടുക്കാൻ
കഴിയുമെന്നും അവിടെ
കൃഷി സാധ്യമാണെന്നും
ഇതിലൂടെയെല്ലാം
ബോദ്ധ്യപ്പെട്ടു.

കൃഷി നടന്നിരുന്നില്ല. പ്രധാന ജലസേചന മാർഗമായിരുന്ന കവിയൂർ വലിയ തോടിന്റെ നാശം നെല്ലുല്പാദന കേന്ദ്രമായിരുന്ന ഇവിടുത്തെ കൃഷി അപ്രത്യക്ഷമാകാൻ കാരണമായി.

## ഏറ്റെടുക്കാനുണ്ടായ സാഹചര്യം

ഇനിയൊരു കൃഷി അസാധ്യമാണെന്ന് വിലയിരുത്തി പുഞ്ചയെ എഴുതിത്തള്ളിയ സന്ദർഭത്തിലാണ് ഹരിത കേരളം മിഷൻ പുഞ്ചയെ ശ്രദ്ധിക്കുന്നത്. കർഷകരുടെ ആവശ്യങ്ങളും പാടശേഖരത്തിലെ പ്രശ്നങ്ങളും അറിയിക്കുന്നതിനായി ജനപ്രതിനിധികളും ഉദ്യോഗസ്ഥരും കർഷകരും ഉൾപ്പെടുന്ന വയൽ പഠനയാത്ര, നാട്ടുകൂട്ടായ്മ, വയൽനിരീക്ഷണ യാത്ര എന്നിവയിലൂടെ പദ്ധതിക്ക് ആരംഭംകുറിച്ചു. കവിയൂർ പുഞ്ച വീണ്ടെടുക്കാൻ കഴിയുമെന്നും അവിടെ കൃഷി സാധ്യമാണെന്നും ഇതിലൂടെയെല്ലാം ബോദ്ധ്യപ്പെട്ടു. കൃഷി പുനരാരംഭിക്കാത്ത സാഹചര്യത്തിൽ ഈ തണ്ണീർത്തടം മുഴുവൻ നികത്തപ്പെട്ടുപോകാമെന്നും അത് പ്രദേശത്തിന്റെയാകെ ജലവിതാനത്തെ ദോഷകരമായി ബാധിക്കുമെന്നും തിരിച്ചറിഞ്ഞു. കൃഷി ചെയ്യാതെ കിടക്കുന്ന സാഹചര്യത്തിൽ അവിടെ നിക്ഷേപിക്കപ്പെടുന്ന മാലിന്യങ്ങളും കെട്ടിക്കിടക്കുന്ന മലിനജലവും ഗുരുതരമായ ആരോഗ്യ

പ്രശ്നങ്ങൾക്ക് വഴിവയ്ക്കുമെന്നും വിലയിരുത്തപ്പെട്ടു. പാരിസ്ഥിതികവും ആരോഗ്യപരവും, സാമൂഹ്യവും, സാമ്പത്തികവും, സാംസ്കാരികവുമായ സുസ്ഥിതിയ്ക്ക് കവിയൂർ പുഞ്ചയിൽ കൃഷി പുനരാരംഭിക്കേണ്ടതുണ്ടെന്ന വിലയിരുത്തലിലാണ് പദ്ധതി ഏറ്റെടുക്കാൻ തീരുമാനമായത്.

## വയൽപഠനയാത്ര

കവിയൂർ പുഞ്ചയുടെ വീണ്ടെടുപ്പുമായി ബന്ധപ്പെട്ടു നടത്തിയ പ്രവർത്തനങ്ങളിൽ ആദ്യമായി വയൽ പഠനയാത്ര നടത്തുകയുണ്ടായി. രണ്ടുദിവസങ്ങളിലായി നടന്ന പഠനയാത്രയിൽ കവിയൂർ പഞ്ചായത്തിലെ ഭൂരിഭാഗംപേരും പങ്കാളികളായി. പഠനയാത്രയുടെ ആദ്യദിനം കവിയൂർ അതിർത്തിയായ കാറ്റോടുനിന്ന് ആരംഭിച്ച് നാട്ടുകടവിൽ സമാപിച്ചു. ആദ്യദിനത്തിൽ തന്നെ നാട്ടുകടവ് പാടം ഹരിതാഭമാക്കാൻ തീരുമാനിച്ചു.

വർഷങ്ങളായി മാലിന്യങ്ങൾ നിക്ഷേപിക്കുന്ന കേന്ദ്രമായിരുന്നു നാട്ടുകടവ്. ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ കവിയൂർ വലിയതോട് നവീകരണത്തോടെയാണ് ഈ ഭാഗം പൊതുജനങ്ങളുടെ ശ്രദ്ധ നേടിയത്. വലിയതടാകത്തിന് തുല്യവിസ്തൃതിയുള്ള ഇവിടെ ബണ്ട് നിർമിച്ച് വെള്ളംകെട്ടി നിർത്തിയാൽ നാട്ടുകടവിൽ 200 ഏക്കറിലധികം നെൽക്കൃഷിക്ക് അനുയോജ്യമാകും. കിഴക്കൻ മുത്തൂർ മനക്കച്ചിറ റോഡിന്റെ ഇരുവശത്തുമായി കണ്ണെത്താത്തദൂരത്ത് പരന്നുകിടക്കുന്ന പുഞ്ചയും ചേർന്ന്കിടക്കുന്ന തടാകവും കൗതുക കാഴ്ചയൊരുക്കുന്നതാണ്. നാട്ടുകടവ് നാട്ടുകൂട്ടം രൂപീകരിച്ച് ഇതിന്റെ വിനോദസഞ്ചാര സാധ്യതകൂടി ഉപയോഗിക്കാൻ തുടങ്ങി. ഇതിലൂടെ വഴിയോര വിശ്രമകേന്ദ്രവും കുടുംബശ്രീ കഫേയും മറ്റും സ്ഥാപിക്കാനുള്ള ശ്രമങ്ങൾ തുടങ്ങിക്കഴിഞ്ഞു. വീടുകളും സ്കൂളുകളും മാത്രമല്ല, ഹരിതാഭമാക്കാൻ പറ്റുന്നത് പുഞ്ചപാടങ്ങളും ഹരിതാഭമാക്കാൻ പറ്റുമെന്നതാണ് 24 വർഷത്തിനുശേഷം നാട്ടുകടവ് പാടംഹരിതാഭമായി മാറുന്നതിലൂടെ ലക്ഷ്യമിടുന്നത്.

രണ്ടാം ദിവസം മാർത്തോമ കോളേജിന് മുമ്പിലെ കുറ്റപ്പുഴതോടിൽതുടങ്ങിമുളക്കുടിച്ചാലിൽ അവസാനിച്ചു. യാത്രയിൽഹരിതകേരളം മിഷൻ ഉപാധ്യക്ഷ ഡോ. ടി. എൻ. സീമ ഉൾപ്പെടെയുള്ളവർ പങ്കെടുത്തു. എല്ലാ പ്രദേശത്തെയും പാലങ്ങളും ബണ്ടുകളുംവീണ്ടെടുത്താൽ ഒരുമിച്ചു വീണ്ടെടുക്കുന്ന കേരളത്തിലെആദ്യവലിയ പാടശേഖരമായികവിയൂർ പുഞ്ച മാറും എന്ന് ഡോ. ടി.എൻ. സീമ അഭിപ്രായപ്പെട്ടു.

## കവിയൂർ വലിയ തോടിന്റെ വീണ്ടെടുപ്പ്

മണിമലയാറിന്റെ കറ്റോട് എത്തിച്ചേരുന്ന കവിയൂർ വലിയ തോട് നവീകരണം എന്റെ മണിമലയാർ പദ്ധതിയുടെ ഭാഗമായി പത്തനംതിട്ട ജില്ലാ പഞ്ചായത്തും മല്ലപ്പള്ളിബ്ലോക്ക് പഞ്ചായത്തും കവിയൂർ, കുന്നന്താനം ഗ്രാമപഞ്ചായത്തുകളും ചേർന്ന് നടത്തി. പാടശേഖരസമിതികൾ പുനഃസംഘടിപ്പിച്ചു തോടിന്റെ ആഴം കൂട്ടി വൃത്തിയാക്കിയാണ് ഈ പദ്ധതിക്ക് തുടക്കമിട്ടത്. ആകെ 43.5 ലക്ഷം രൂപയാണ് ചെലവഴിച്ചത്. അതോടൊപ്പം ജനകീയപിന്തുണയും ലഭിച്ചിരുന്നു. ആദ്യഘട്ടത്തിൽ കവിയൂർ തോടിന്റെ കുന്നന്താനം മുളക്കുടിച്ചാൽ മുതൽ കാറ്റോടു വരെ നീണ്ട എട്ടു കി.മീ. നീളത്തിലെ മാലിന്യവും പോളയും നീക്കി ഒഴുക്ക് വീണ്ടെടുത്തു.

## കുറ്റപ്പുഴതോടിന്റെ പുനരുദ്ധാരണം

പുഞ്ചയുടെ മധ്യത്തിലൂടെ ഒഴുകിയിരുന്ന വലിയതോട് വീണ്ടെടുക്കുകയും അതിലൂടെ സുഗമമായി വെള്ളമൊഴുക്കുകയും ചെയ്യുക എന്ന ശ്രമകരമായ ജോലിയാണ് ആദ്യം പൂർത്തിയാക്കിയത്.

വലിയതോടിന്റെ നവീകരണം പൂർത്തിയാക്കുന്നതിനൊപ്പംകുറ്റപ്പുഴതോടിന്റെ പുനരുദ്ധാരണവും കൂടി ഏറ്റെടുത്തു നടത്തി. ഫലപ്രദമായകൃഷി സാധ്യമാകണമെങ്കിൽ പുഞ്ചയിൽ നിന്നും വെള്ളം ഇറങ്ങി പോകണമെന്ന്കർഷകർ അഭിപ്രായപ്പെട്ടിരുന്നു. ഇതിന് തടസ്സമായി നിന്നിരുന്നത് കുറ്റപ്പുഴ




വർഷങ്ങളായി മാലിന്യങ്ങൾ നിക്ഷേപിക്കുന്ന കേന്ദ്രമായിരുന്നു നാട്ടുകടവ്. ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ കവിയൂർ വലിയതോട് നവീകരണത്തോടെയാണ് ഈ ഭാഗം പൊതുജനങ്ങളുടെ ശ്രദ്ധ നേടിയത്. വലിയതടാകത്തിന് തുല്യവിസ്തൃതിയുള്ള ഇവിടെ ബണ്ട് നിർമിച്ച് വെള്ളംകെട്ടി നിർത്തിയാൽ നാട്ടുകടവിൽ 200 ഏക്കറിലധികം നെൽക്കൃഷിക്ക് അനുയോജ്യമാകും. കിഴക്കൻ മുത്തൂർ മനക്കച്ചിറ റോഡിന്റെ ഇരുവശത്തുമായി കണ്ണെത്താത്തദൂരത്ത് പരന്നുകിടക്കുന്ന പുഞ്ചയും ചേർന്ന്കിടക്കുന്ന തടാകവും കൗതുക കാഴ്ചയൊരുക്കുന്നതാണ്. നാട്ടുകടവ് നാട്ടുകൂട്ടം രൂപീകരിച്ച് ഇതിന്റെ വിനോദസഞ്ചാര സാധ്യതകൂടി ഉപയോഗിക്കാൻ തുടങ്ങി. ഇതിലൂടെ വഴിയോര വിശ്രമകേന്ദ്രവും കുടുംബശ്രീ കഫേയും മറ്റും സ്ഥാപിക്കാനുള്ള ശ്രമങ്ങൾ തുടങ്ങിക്കഴിഞ്ഞു.

തോട്ടിലെ മാലിന്യങ്ങളുംകുറ്റിച്ചെടികളുമായിരുന്നു. കുറ്റപ്പുഴ തോടിന്റെ ഇരുകരകളിലുമായി താമസിക്കുന്ന വീട്ടുകാർക്ക് ഒരു ബുദ്ധിമിട്ടുമില്ലാതെ ജലനിർഗമന മാർഗം തെളിക്കുക എന്നത് വളരെ ശ്രമകരമായിരുന്നു. കുറ്റപ്പുഴ തോട് നവീകരണത്തിനായി കൃഷിവകുപ്പ് 20 ലക്ഷംരൂപ അനുവദിച്ചിരുന്നു. ഈ തോട് പ്രവർത്തനങ്ങളിൽ തിരുവല്ല മുൻസിപ്പൽ ചെയർമാൻ ശ്രീ. ചെറിയാൻ പോളച്ചിറക്കൽ പ്രധാന പങ്കുവഹിച്ചിരുന്നു.

പദ്ധതിയുടെ തിരുവല്ല മുൻസിപ്പൽ പ്രദേശത്തെ പാടങ്ങളുടെയും അതുമായി ചേർന്നുകിടക്കുന്ന തോടുകളായ തെക്കേമല തോട്, അമ്മന്നൂർതോട്, പാട്ടത്തിൽ ച്ചാൽ തോട്, കുറുവത്താഴെതോട്, അണ്ണാവട്ടംതോട് എന്നിവ മണ്ണുമാന്തി യന്ത്രം ഉപയോഗിച്ച് വൃത്തിയാക്കുകയും അതോടൊപ്പം കുറ്റപ്പുഴതോടിന്റെ നവീകരണം നടത്തി നടത്തുകയും ചെയ്തു. പുഞ്ചക്കൃഷിക്കായി ഇത്രയും തോടുകൾ വൃത്തിയാക്കിയതും സംസ്ഥാനത്ത് ആദ്യമാണ്.

## ജനപങ്കാളിത്തത്തോടെയുള്ള ചുവടുവയ്പുകൾ

കവിയൂർ, കുന്നന്താനം, തിരുവല്ല നഗരസഭ എന്നിവിടങ്ങളിലായി വ്യാപിച്ചുകിടക്കുന്ന 1400-പരം ഏക്കറുകളിൽ കുന്നന്താനത്തെ 90 ഏക്കറിലുംകവിയൂരിലെ 65

ഏക്കറിലും മാത്രമാണ് കൃഷി നടന്നിരുന്നത്. കേരള സ്റ്റേറ്റ് റിമോട്ട് സെൻസിങ് ആൻഡ് എൻവയോൺമെന്റ് സെന്റർ എന്ന സ്ഥാപനം ഡിജിറ്റൽമാപ്പിങ്ങിലൂടെകവിയൂർ പുഞ്ചയിൽകൃഷിയോഗ്യമായ ഭൂമിതിട്ടപ്പെടുത്തി. പുഞ്ചയിൽ ഉൾപ്പെട്ടിരിക്കുന്ന ഭൂമിയുടെവിസ്തൃതിയും ഉടമസ്ഥന്റെ മേൽവിലാസവും ബന്ധപ്പെട്ട വിവരങ്ങളും ശേഖരിച്ചു. പുഞ്ചയിൽ നടക്കുന്ന പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും കൃഷിക്ക് തടസ്സമായി നിൽക്കുന്ന ബാഹ്യഘടകങ്ങളെപ്പറ്റി പഠിക്കുന്നതിനുമായിഹരിതകേരളം മിഷൻ ഉപാധ്യക്ഷ ഡോ. ടി.എൻ. സീമയുടെ നേതൃത്വത്തിലുള്ള സംഘം പലതവണ പുഞ്ചയുടെ പ്രദേശങ്ങൾ സന്ദർശിച്ചു. അതോടൊപ്പം ജല വിഭവ വകുപ്പ് മന്ത്രി ശ്രീ. മാത്യു ടി. തോമസിന്റെ നേതൃത്വത്തിൽ കൂടിയ അവലോകന യോഗങ്ങളും പുഞ്ചയുടെ വീണ്ടെടുപ്പ് പ്രവർത്തനങ്ങൾക്ക് ഊർജം പകരുന്നവ ആയിരുന്നു.

## കവിയൂർ പുഞ്ചയുടെ വിജയഗാഥ

പത്തനംതിട്ട ജില്ലാ പഞ്ചായത്ത്, മല്ലപ്പള്ളിബ്ലോക്ക് പഞ്ചായത്ത്, തിരുവല്ല മുനിസിപ്പാലിറ്റി, കവിയൂർ കുന്നന്താനം ഗ്രാമപഞ്ചായത്തുകൾ എന്നിവ സംയുക്തമായി ഏറ്റെടുത്ത പദ്ധതിയാണ് കവിയൂർ പുഞ്ച. ഇത്രയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒരുമിച്ച് ഒരു പദ്ധതി ഏറ്റെടുക്കുന്നത് ആദ്യമായിട്ടാണ്.

കൃഷി സാധ്യതകൾ ആരായാൻ കർഷകകൂട്ടായ്മകൾ വിളിച്ചുകൂട്ടി. അവയിലൊക്കെയും വമ്പിച്ച ആവേശമാണുണ്ടായിരുന്നത്. 1000 ഏക്കറിൽ കൂടുതൽ കൃഷി ചെയ്യാൻ സന്നദ്ധരായി കർഷകർ മുന്നോട്ടുവന്നു. എന്നാൽ നിലം കൃഷി ചെയ്യാനുള്ള സ്ഥലമുടമകൾ നാട്ടിലില്ലാതിരുന്നതും തൊഴിലാളികളെ കിട്ടാനില്ലാതിരുന്നതും ആദ്യഘട്ടത്തിൽ പ്രശ്നങ്ങളായി ഉയർന്നുവന്നു.

## നിലമൊരുക്കൽ

കേരളപ്പിറവി ദിനത്തിൽ കാർഷിക സംസ്കാരത്തിനു പുനർജന്മം നൽകുന്നതിന്റെ ആദ്യ ചുവടുവയ്പായി കവിയൂർ പുഞ്ചയിൽ നിലമൊരുക്കലിന് തുടക്കമിട്ടു. ഭൂമിയുടെ കിടപ്പനുസരിച്ച് വെള്ളം ഇറക്കി വിടാൻ പറ്റുന്നതും നിലമൊരുക്കാൻ പാകത്തിൽ വെള്ളം നില നിൽക്കുന്നതുമായ പ്രദേശം എന്ന നിലയിലാണ് ഇവിടെ നിലമൊരുക്കൽ ആരംഭിച്ചത്. 22 ട്രാക്ടറുകളും 4 മണ്ണുമാന്തി യന്ത്രങ്ങളും ഒരുമാസം പണിയെടുത്താണ് പാടശേഖരം കൃഷിയോഗ്യമാക്കിയത്.

## തുടർപ്രവർത്തനങ്ങൾ

കവിയൂർ പുഞ്ചയും അതിനോടു അനുബന്ധിച്ചുള്ള തോടുകളും വീണ്ടെടുക്കാൻ സാധിക്കില്ല എന്ന് പറഞ്ഞിടത്താണ് 1400 ഏക്കറിൽകൃഷിചെയ്യുകയും 26 ചെറുതോടുകൾ വീണ്ടെടുക്കുകയും ചെയ്തത്. കവിയൂർ പുഞ്ചയുടെ മാതൃകയിലാണ് ജില്ലയിലെ എല്ലാ പ്രദേശങ്ങളിലും തരിശുരഹിത പാടങ്ങളാക്കുകയും അതിനോടനുബന്ധിച്ചുള്ള തോടുകളും വീണ്ടെടുക്കാൻ ലക്ഷ്യമിടുന്നത്. ഇതിനുദാഹരണമാണ് സംസ്ഥാനത്ത് ആദ്യമായി ഹരിതകർമ സേനയെ രംഗത്തിറക്കി, പത്തനംതിട്ട ജില്ലയിലെ തുമ്പമൺ പാടത്ത് വിത്തിറക്കുകയും പാടത്തേക്ക് വെള്ളം എത്തിക്കാനുള്ള ബണ്ടുകൾ പുനർനിർമിക്കുകയും ചെയ്തത്. കുറ്റിക്കാട്ടു പുഞ്ചയും സ്വകാര്യവ്യക്തികൾ നികത്തിയ കുറുച്ചേരി തോടും വീണ്ടെടുക്കാനും തകർന്നുകിടക്കുന്ന ബണ്ടുകൾ പൂർവസ്ഥിതിയിലാക്കാനും ആവശ്യമായ പാലങ്ങൾ പണിയാൻ തീരുമാനിച്ചതും കവിയൂർ പുഞ്ചയിൽനിന്ന് ആവേശം ഉൾക്കൊണ്ട് ചെയ്ത പ്രവർത്തനമാണ്.

## ഉപസംഹാരം

ഹരിതകേരളം മിഷൻ ഓരോ ജില്ലയിലും എല്ലാവർഷവും നടത്തുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി 2018-ൽ പത്തനംതിട്ട ജില്ലയിൽ നിന്നും തിരഞ്ഞെടുത്ത പ്രധാന പദ്ധതിയായിരുന്നു കവിയൂർ പുഞ്ചയുടെവീണ്ടെടുപ്പുംവികസനവും. പ്രധാന ജലസേചന മാർഗമായിരുന്ന കവിയൂർ വലിയ തോടിന്റെ നാശമായിരുന്നു നെല്ലു



ത്പാദന കേന്ദ്രമായിരുന്ന ഇവിടെ കൃഷി നിലയ്ക്കാൻ കാരണമായത്.

## നാട്ടുകടവ് നാട്ടുകൂട്ടം രൂപീകരണം

തിരുവല്ലയും കവിയൂരും കുന്നന്താനവും ഒത്തുചേരുന്ന നാടാണ് നാട്ടുകടവ്. മൂന്നുകരകളുടെയും സംഗമഭൂമിയിൽ കവിയൂർ പുഞ്ചയിൽ നിന്നും ആരംഭിച്ച സാംസ്കാരിക മുന്നേറ്റത്തിന് പുതിയ രൂപവും ഭാവവും നൽകാനാണ് നാട്ടുകൂട്ടം കൂടാൻ തീരുമാനിച്ചത്. നാം ജീവിക്കുന്ന ചുറ്റുപാടിനെ പരിസ്ഥിതി സൗഹൃദമാക്കിയും സ്വയംപര്യാപ്തഗ്രാമങ്ങളാക്കിയും സേവന സന്നദ്ധപ്രവർത്തനങ്ങൾക്ക് പുതിയ മാതൃക സൃഷ്ടിച്ചും മൂന്നുകരകൾക്കും അപ്പുറത്തുള്ള സഹജീവികളോടൊപ്പം ചേർന്നും നാം ഓരോരുത്തരും നാട്ടുകൂട്ടത്തിന്റെ ഭാഗമാകണമെന്ന് ഹരിതകേരളം മിഷൻ ലക്ഷ്യംവയ്ക്കുന്നത്. അതിനുവേണ്ടിയാണ് കവിയൂർ പുഞ്ചയുടെ വിജയത്തിനുവേണ്ടി കൈകോർത്ത കൃഷി ഓഫീസർമാർ, പഞ്ചായത്ത് ജനപ്രതിനിധികൾ, പാടശേഖരസമിതി അംഗങ്ങൾ എന്നിവരെ വിളിച്ചുകൂട്ടി ആദരിച്ചു.

തരിശ് നില പദ്ധതിയുടെ ആനുകൂല്യം കൈപ്പറ്റി കൃഷിയിൽ നിന്നു വിളവെടുക്കാതെ ഇന്നലെകളിലെ കവിയൂർ പ്രദേശത്ത് നിലനിൽക്കുന്ന ആക്ഷേപം ഉണ്ടാകാതെ, വിതച്ചാൽകൊയ്യണമെന്ന നിലപാടാണ് ഹരിതകേരളം മിഷനും ജനകീയസമിതിയുമൊക്കെ കൈക്കൊണ്ടത്. എന്നാൽ ചിലരുടെ ഭാഗത്തുനിന്ന് എതിർ അഭിപ്രായം ഉണ്ടായി. ഇത് പരിശോധിക്കാനാണ് പരാതിക്കാരനെ ഉൾപ്പെടുത്തി സോഷ്യൽ ഓഡിറ്റ് ഗ്രൂപ്പ് രൂപീകരിച്ചു. തുടർന്ന് കവിയൂർ പഞ്ചായത്തിലെ ഐരാർ, തോട്ടഭാഗം, കറ്റോട്, വിഴൽ പാറേക്കുന്തറ, കുടമതക്കടവ് എന്നീ പ്രദേശങ്ങളിലായി വ്യാപിച്ചുകിടക്കുന്ന 250 ഏക്കറും സന്ദർശിക്കുകയും പരാതികൾ ബോധ്യപ്പെടുകയും ചെയ്തു. അവ ക്രോഡീകരിച്ച് കൃഷിവകുപ്പ് മന്ത്രിക്കും ഡോ. ടി.എൻ. സീമയ്ക്കും സമർപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചു.

# കോഴിത്തോട് പുനരുജ്ജീവനം

## പുഴയുടെ ചരിത്രം

ഹരിതകേരളം മിഷന്റെ രണ്ടാം വാർഷികവുമായി ബന്ധപ്പെട്ട് നടത്തിയ 'എല്ലാവരും ജലാശയങ്ങളിലേക്ക്' എന്ന പരിപാടിയുടെ ഭാഗമായി പത്തനംതിട്ട ജില്ലയിൽ നിന്നും പുഴ പുനരുജ്ജീവന പ്രവർത്തനങ്ങൾക്കായി തിരഞ്ഞെടുത്തത് നാരങ്ങാനം ചുണലം കടവ് ഊട്ടുപുരയിൽ നിന്നും ഉത്ഭവിക്കുന്ന കോഴിത്തോട് ആണ്. നാരങ്ങാനം, ഇലന്തൂർ, മല്ലപ്പുഴശ്ശേരി, ആറന്മുള കോഴിപ്പാലത്തിനടുത്തായി പമ്പാ നദിയിൽ ചേരുന്നു. ഒരു കാലത്ത് വളരെ ജലസമൃദ്ധിയോടെ ഒഴുകിയിരുന്ന തോടായിരുന്നു കോഴിത്തോട്.

## ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ

തോടിന്റെ ഉത്ഭവസ്ഥാനത്ത് വളരെ തെളിമയോടെ ഒഴുകുന്ന വെള്ളം, പത്തനംതിട്ട ജില്ലയിലെ പ്രധാന പഞ്ചായത്തുകളും ഇലന്തൂർ, നാരങ്ങാനം, ആറന്മുള, മല്ലപ്പുഴശ്ശേരി എന്നിവിടങ്ങളിലൂടെയും ഒഴുകുന്ന തോടാണിത്. കോഴിത്തോട് പുനരുജ്ജീവന പദ്ധതിയുടെ ഭാഗമായി തോടിന്റെ ഉത്ഭവസ്ഥാനമായ ചുണ്ടലംകടവ് ഊട്ടുപുരയിൽ നിന്നും ആരംഭിച്ച് കല്ലുപുരയ്ക്കൽ, പരുത്തു




**കോഴിത്തോട്**

*പുഴയുടെ നീളം*

**14 കിലോമീറ്റർ**

*നദീതട വിസ്തീർണ്ണം*

**4870 ഹെക്ടർ**

പാറ, പരിയാരംഏല, തെങ്ങുംതടപാലം വഴി ഇലന്തൂരിൽ നിന്നും ചക്കിട്ടപ്പടി, ആനപ്പാരയ്ക്കൽ ഏല, കുറുന്താർവഴി ആറന്മുള, നാൽക്കാലിപ്പാലം, കോഴിപ്പാലംവരെ ഏക ദേശം 10 കി.മീ. ദൂരം പുഴനടത്തം സംഘടിപ്പിച്ചു.

## ഏറ്റെടുക്കാനുണ്ടായ സാഹചര്യം

തോടിന്റെ ഉത്ഭവസ്ഥാനത്ത് തെളിഞ്ഞ് ഒഴുകുന്ന വെള്ളം, പല പഞ്ചായത്തിന്റെയും കൈവഴിയിലേക്ക് എത്തുമ്പോൾ മാലിന്യങ്ങൾ കൊണ്ട് നിറയുന്ന അവസ്ഥയാണ്

## മുന്നൊരുക്കം

കോഴിത്തോട് പുനരുജ്ജീവന പദ്ധതിയുടെ ഭാഗമായി ആലോചനായോഗം 2018 ഡിസംബർ 1 ശനിയാഴ്ച ഉച്ചയ്ക്കുശേഷം രണ്ടുമണിക്ക് പത്തനംതിട്ട കലക്ട്രേറ്റ് എഡിസി ഓഫീസിൽവച്ച് കൂടുകയുണ്ടായി. വരട്ടാർ പുനരുജ്ജീവനത്തിന്റെ അതേ മാതൃകയിൽ തന്നെ കോഴിത്തോട് പുനരുജ്ജീവന പദ്ധതിയും ആരംഭിക്കുവാൻ തീരുമാനമായി. കോഴിത്തോടിന്റെ ഉത്ഭവത്തെപ്പറ്റി നദീതടത്തെപ്പറ്റിയും ചർച്ച ചെയ്തു. കോഴിത്തോട് ഉൾപ്പെടുന്ന പഞ്ചായത്തുകളിലെ പ്രസിഡന്റുമാരും വാർഡ് മെമ്പർമാരും ഉദ്യോഗസ്ഥരും ചേർന്ന ഒരു സംഘാടക സമിതിയോഗം ഡിസംബർ നാലിന് ഇലന്തൂർബ്ലോക്ക്



പഞ്ചായത്ത്ഹാളിൽചേർന്നു. ഇലന്തൂർബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എം.ബി. സത്യനെ സംഘാടക സമിതിചെയർമാനായിതെരഞ്ഞെടുത്തു.

## പുഴനടത്തം

ഓരോ പ്രദേശങ്ങളിലുമായി ഏകദേശം 250 ആളുകൾ പുഴനടത്തത്തിൽ ഭാഗഭാക്കുകളായി. മനുഷ്യർ പിന്നിട്ട പൂർവകാലത്തേയ്ക്ക് തിരിഞ്ഞു നടത്തംആയിരുന്നു പുഴനടത്തം. പണ്ടത്തെ കർഷകരും പഴമക്കാരും വർഷങ്ങൾക്കുമുമ്പുള്ള തോടിന്റെ കഥകൾ പറഞ്ഞപ്പോൾ, തോടുകൾ, പുഴകളും എങ്ങനെ മരിച്ചുവീഴുന്നു എന്നു മനസ്സിലാക്കുവാൻ സാധിച്ചു.

കോഴിത്തോട് പുനരുജ്ജീവന പദ്ധതിയുടെ ഭാഗമായി തോടിന്റെ ഉത്ഭവസ്ഥാനമായ ചുണ്ടലംകടവ് ഊട്ടുപുരയിൽ നിന്നും ആരംഭിച്ച് കല്ലുപുരയ്ക്കൽ, പരുത്തുപാറ, പരിയാരം ഏല, തെങ്ങുംതട പാലം വഴി ഇലന്തൂരിൽ നിന്നും ചക്കിട്ടപ്പടി, ആനപ്പാരയ്ക്കൽ ഏല, കുറുന്താർവഴി ആറന്മുള, നാൽക്കാലിപ്പാലം, കോഴിപ്പാലംവരെ ഏകദേശം 10 കി.മീ ജനപ്രതിനിധികൾ, ഹരിതകേരളം മിഷൻ, എംജിഎൻആർഇജിഎസ്, മൈനർ ഇറിഗേഷൻ ഉദ്യോഗസ്ഥർ, നാട്ടുകാർ തുടങ്ങിയവർ ചേർന്ന് പുഴനടത്തം സംഘടിപ്പിച്ചു.

കോഴിത്തോട് പുനരുജ്ജീവന പദ്ധതിയുടെ ഭാഗമായി തോടിന്റെ ഉത്ഭവസ്ഥാനമായ ചുണ്ടലംകടവ് ഊട്ടുപുരയിൽ നിന്നും ആരംഭിച്ച് കല്ലുപുരയ്ക്കൽ, പരുത്തുപാറ, പരിയാരം ഏല, തെങ്ങുംതട പാലം വഴി ഇലന്തൂരിൽ നിന്നും ചക്കിട്ടപ്പടി, ആനപ്പാരയ്ക്കൽ ഏല, കുറുന്താർവഴി ആറന്മുള, നാൽക്കാലിപ്പാലം, കോഴിപ്പാലം വരെ ഏകദേശം 10 കിമീ ജനപ്രതിനിധികൾ, ഹരിതകേരളം മിഷൻ, എംജിഎൻആർഇജിഎസ്, മൈനർ ഇറിഗേഷൻ ഉദ്യോഗസ്ഥർ, നാട്ടുകാർ തുടങ്ങിയവർചേർന്ന് പുഴനടത്തം സംഘടിപ്പിച്ചു.

## ചെയ്ത പ്രവർത്തനങ്ങൾ

ഡിസംബർ എട്ട് ശനിയാഴ്ച രാവിലെ എട്ടുമണിക്ക് നാരങ്ങാനം പഞ്ചായത്തിലെ കന്നിടം കുഴി-പൂതക്കുഴി ജംഗ്ഷനിൽവച്ച് ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എം.വി. സത്യന്റെ അധ്യക്ഷതയിൽ ആറന്മുള എം.എൽ.എ. ശ്രീമതി വീണാ ജോർജ് കോഴിത്തോട് പുനരുജ്ജീവന പദ്ധതി ഉദ്ഘാടനം ചെയ്തു. ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ ശ്രീ. ആർ. രാജേഷ് പദ്ധതി അവതരണം നടത്തുകയും ഇറിഗേഷൻ വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ ശ്രീ. ബിനുബേബി പുഴസംരക്ഷണ പ്രതിജ്ഞ ചൊല്ലിക്കൊടുക്കുകയും ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ, വാർഡ് മെമ്പർമാർ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, വരട്ടാർ കോർഡിനേറ്റർ ബീന ഗോവിന്ദൻ, പൊതുജനങ്ങൾ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

ലോകശ്രദ്ധ പിടിച്ചുപറ്റിയവരട്ടാർ പുനരുജ്ജീവനം പോലെഹരിതകേരളം മിഷൻ അടുത്തൊരു ദൗത്യമായിട്ടാണ് കോഴിത്തോട് പുനരുജ്ജീവനം കണ്ടത്. മനുഷ്യർ ഒത്തൊരുമിച്ചാൽ പുഴയെ വീണ്ടെടുക്കാം എന്ന് പ്രളയത്തെ അതിജീവിച്ചപ്പോൾ നാം കണ്ടതാണ്.

ഉദ്ഘാടന സമ്മേളനത്തിനു ശേഷം നാരങ്ങാനം ഗ്രാമപഞ്ചായത്തിലും ഇലന്തൂർ ഗ്രാമപഞ്ചായത്തിലും ഉൾപ്പെടുന്ന തോടിന്റെ ഭാഗങ്ങളിൽ കുടുംബശ്രീ തൊഴിലുറപ്പ് പ്രവർത്തകരുടെ നേതൃത്വത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. നാരങ്ങാനം പഞ്ചായത്തിലെ പുനരുജ്ജീവന പ്രവർത്തനങ്ങൾ 2018-19 ലെ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിചെയ്തു.

## ഗുണഫലങ്ങൾ

ആദ്യഘട്ട പ്രവർത്തനമെന്ന നിലയിൽതോടുകൾ ശുചീകരിച്ച് നീരൊഴുക്ക് സുഗമമാക്കുന്ന പ്രവർത്തനങ്ങളാണ് ഏറ്റെടുത്തിരുന്നത്. മാധ്യമങ്ങളും ദൃശ്യമാധ്യമങ്ങളും ഈ വിജയഗാഥയ്ക്ക് വർണ്ണപ്പകിട്ടേകി. ജനഹൃദയങ്ങളിലേക്ക് തെളിനീരുറവയായി പുഴ ഒഴുകിതുടങ്ങി.

## തുടർ പ്രവർത്തനങ്ങൾ

ഈ തോടിന്റെ 2070 മീ. നീളത്തിൽതോടിനു ആഴം കൂട്ടുകയും വശങ്ങൾ ബലപ്പെടുത്തുകയും ചെയ്ത്, പ്രദേശത്തെ പൂർണമായും തരിശുരഹിതമാക്കുക എന്നതാണ്കോഴിത്തോട് പുനരുജ്ജീവനംകൊണ്ട്ലക്ഷ്യമാക്കുന്നത്. തോടിന്റെചക്കിട്ടമുക്ക്മുതൽ നാൽക്കാലിപ്പാലം വരെയുള്ള ഭാഗത്തെ നവീകരണ പ്രവർത്തനങ്ങൾക്കായി ഇറിഗേഷൻ വകുപ്പിന്റെ 1.38 കോടിരൂപയുടെ പ്രോജക്ട് നിലവിലുണ്ട്.

## ഉപസംഹാരം

നദികളുടെ തകർച്ച സംസ്കാരത്തിന്റെ തകർച്ചയായാണ് കാണേണ്ടത്. കോഴിത്തോട് പുനരുജ്ജീവിപ്പിച്ചതിലൂടെ ഒരു സംസ്കാരത്തിന്റെതന്നെ പുനരുജ്ജീവനമാണ് സാധ്യമായിരിക്കുന്നത്. കൂടാതെ ഒരു ആവാസവ്യവസ്ഥയും അതിന്റെ കണ്ണികളായ അനേകായിരംചെറുജീവികളുടെ നിലനിൽപ്പും സാധ്യമായിരിക്കുന്നു. ഒരു പുഴയിൽ നടപ്പിലാക്കുന്ന ജലസംരക്ഷണ പ്രവർത്തനളും പുഴയെ അതേപടി പരിപാലിക്കേണ്ട ആവശ്യകതാ ബോധവും ജനങ്ങളിൽ ഉളവാക്കാൻ ഹരിത കേരളം മിഷനു കഴിഞ്ഞു. തെളിനീരുറവയായി പുഴ ഒഴുകിതുടങ്ങി.കുട്ടികൾ നീന്തിക്കളിച്ചു. ശുദ്ധജലത്തിലേയ്ക്ക് മത്സ്യങ്ങൾ കൂട്ടമായെത്തി. ഉപജീവന മാർഗംതേടി മത്സ്യത്തൊഴിലാളികളും പുഴയെത്തേടി എത്തി. അങ്ങനെ പുഴ പുനർജനിച്ചു.

# രണ്ടു നദികൾ ജീവൻ വീണ്ടെടുത്ത കഥ

## ആദി പമ്പ അഥവാ പൂർവ്വ പമ്പ

പത്തനംതിട്ട ജില്ലയിലെ കോയിപ്പുറം, ഇരവിപേരൂർ എന്നീ പഞ്ചായത്തുകളുടെ അതിരിലൂടെ ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയിലെ ഇടനാടിനെ വലംവച്ചൊഴുകുന്ന നാലു കി.മീ നീളമുള്ള നദിയാണ് ആദി പമ്പ. പമ്പയാറിൽ തുടങ്ങി പമ്പയാറിൽ അവസാനിക്കുന്ന നദി. ആറാട്ടുപുഴയ്ക്ക് പടിഞ്ഞാറ് കോയിപ്പുറം പഞ്ചായത്തിന്റെയും ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയുടെയും അതിരിൽ വഞ്ചിപ്പോട്ടിൽ കടവിലാണ് ഉത്ഭവം. മംഗലം കടവിൽ അവസാനവും. പണ്ട് വളരെ വിസ്തൃതമായി ഒഴുകിയിരുന്ന പമ്പാനദി ഗതിമാറി ഇന്നു കാണുന്ന വഴിയിലൂടെ ഒഴുകിത്തുടങ്ങിയപ്പോൾ രൂപപ്പെട്ടതാണ് ആദി പമ്പ എന്ന് പറയപ്പെടുന്നു. ആദിപമ്പയുടെ ഇരു കരകളും തിങ്ങി കരിമ്പു വിളഞ്ഞുനിന്ന കാലം ഓർമ്മയുള്ളവർ നിരവധിയുണ്ട്. നിരവധി കാരണങ്ങളുടെ സങ്കലനമാണ് ഈ പുഴയെ മരണത്തിലേക്ക് നയിച്ചത്. കരിമ്പു കൃഷിയിടങ്ങളിൽ വെള്ളപ്പൊക്കക്കാലത്ത് എക്കലടിഞ്ഞ് ഒഴുക്കിന്റെ ഗതി കുറഞ്ഞത് കരിമ്പ് ഇറക്കിയിട്ട് നദി കൈയ്യേറിയത്, പമ്പയിൽ നിരവധിയായ ഡാമുകൾ ഉയർന്നതു കാരണം മണ്ണിന്റെയും ജലത്തി



പണ്ട് വളരെ വിസ്തൃതമായി ഒഴുകിയിരുന്ന പമ്പാനദി ഗതിമാറി ഇന്നു കാണുന്ന വഴിയിലൂടെ ഒഴുകിത്തുടങ്ങിയപ്പോൾ രൂപപ്പെട്ടതാണ് ആദി പമ്പ എന്ന് പറയപ്പെടുന്നു. ആദിപമ്പയുടെ ഇരു കരകളും തിങ്ങി കരിമ്പു വിളഞ്ഞു നിന്ന കാലം ഓർമ്മയുള്ളവർ നിരവധിയുണ്ട്. നിരവധി കാരണങ്ങളുടെ സങ്കലനമാണ് ഈ പുഴയെ മരണത്തിലേക്ക് നയിച്ചത്. കരിമ്പു കൃഷിയിടങ്ങളിൽ വെള്ളപ്പൊക്കക്കാലത്ത് എക്കലടിഞ്ഞ് ഒഴുക്കിന്റെ ഗതി കുറഞ്ഞത് കരിമ്പ് ഇറക്കിയിട്ട് നദി കൈയ്യേറിയത്, പമ്പയിൽ നിരവധിയായ ഡാമുകൾ ഉയർന്നതു കാരണം മണ്ണിന്റെയും ജലത്തിന്റെയും വരവിലുണ്ടായ വ്യതിയാനങ്ങൾ, മണ്ണിന്റെ വരവ് കുറഞ്ഞപ്പോഴും അനിയന്ത്രിതമായ മണലൂറ്റ് കാരണം മാതൃനദിയുടെ അടിത്തട്ട് താണത് തുടങ്ങി നിരവധി കാരണങ്ങളെ ആദി പമ്പയുടെ മരണവുമായി കൂട്ടിക്കെട്ടുവാനാകും.

ന്റെയും വരവിലുണ്ടായ വ്യതിയാനങ്ങൾ, മണ്ണിന്റെ വരവ് കുറഞ്ഞപ്പോഴും അനിയന്ത്രിതമായ മണലൂറ്റ് കാരണം മാതൃനദിയുടെ അടിത്തട്ട് താണത് തുടങ്ങി നിരവധി കാരണങ്ങളെ ആദി പമ്പയുടെ മരണവുമായി കൂട്ടിക്കെട്ടുവാനാകും. ഭൂമിയിൽ സ്വാഭാവികമായി ഉണ്ടാകുന്ന രൂപപരിണാമങ്ങൾ കാരണവും (Geo Morphological reasons) നദികൾ ഉൾവലിയാറുണ്ടെന്ന് ശാസ്ത്രജ്ഞർ പറയുന്നു. കാരണം എന്തൊക്കെയായിരുന്നാലും ഈ നദിയുടെ മരണത്തിന്റെ ആവസാനത്തെ ആണിക്കല്ലായി മാറിയത് 1981 ൽ ചെങ്ങന്നൂർ മുനിസിപ്പാലിറ്റി നദിയുടെ തുടക്കത്തിൽ നിർമ്മിച്ച ചപ്പാത്താണ്. മഴക്കാലത്ത് കോയിപ്പുറത്തേയ്ക്ക് പോകുവാനുള്ള കടത്തുവഞ്ചി ഒഴിവായി കിട്ടിയപ്പോൾ, ഏതാനും കി.മീ വാഹനയാത്ര ലാഭമായപ്പോൾ, ഒരു പ്രദേശത്തിന് നഷ്ടമായത് അവരുടെ കാർഷിക സംസ്കൃതിയുടെയും സംസ്കാരത്തിന്റെയും തുടിപ്പുകൾ നിരന്തരമൊഴുകിയിരുന്ന ഒരു പുഴയായിരുന്നു. ആ പുഴയിൽ നിന്നു ജനിച്ച മറ്റൊരു പുഴയായിരുന്നു. അത്യന്തം ഫലഭൂയിഷ്ടമായ പ്രദേശമായിരുന്നു പമ്പയും ആദിപമ്പയും ചേർന്ന് ജന്മംകൊടുത്ത ഇടനാട് എന്ന ദ്വീപ്. ദേശാടനക്കിളികൾ ഇവിടുത്തെ സന്ദർശകരായിരുന്നു. പ്രമുഖ പക്ഷി നിരീക്ഷകനായിരുന്ന സലിം അലി ഇടനാട്ടിൽ താമസിച്ച് പക്ഷികളെക്കുറിച്ച് പഠിച്ചിട്ടുണ്ട്. ഇടനാട്, കിഴക്കനോതറ, ഓതറ, പുതുക്കുളങ്ങര, മംഗലം പള്ളിയോടങ്ങൾ വിശ്രമിക്കുന്നത് ആദിപമ്പയുടെ തീരത്താണ്. പമ്പാനദി

യിലെ അപകടകരമായ അത്തിമൂട്ടിൽ കയം ഒഴിവാക്കി പടിഞ്ഞാറൻ പള്ളിയോടങ്ങൾ ആറന്മുള വള്ളസദ്യ സ്വീകരിക്കുന്നതിനും ഉത്യട്ടാതി ജലോൽസവത്തിൽ പങ്കെടുക്കുന്നതിനും വരുന്നത് ആദി പമ്പയിലൂടെ ആയിരുന്നു. വഞ്ചിപ്പോട്ടിൽ കടവിൽ ഉയർന്ന ചപ്പാത്ത് ഈ പള്ളിയോടങ്ങളുടെ സുരക്ഷിത യാത്രക്ക് അന്ത്യം കുറിച്ചു. പിന്നീട് നദിയുടെ മരണം വേഗതയിലായിരുന്നു. കയ്യൂക്കുള്ളവരൊക്കെ പുഴ കയ്യേറി. റബ്ബറും തേക്കും തെങ്ങുമൊക്കെ നദിയുടെ നെഞ്ചിൽ തന്നെ വളർന്നു. അവശേഷിച്ച പുഴ കളയും പായലും കയ്യേറി. പള്ളിയോടങ്ങൾ തടിയിൽ ഉരുട്ടിയും കെട്ടിവലിച്ചും വർഷാ വർഷം പമ്പയിൽ എത്തിക്കുന്നത് അത്യന്തം ശ്രമകരവും പണച്ചിലവുള്ളതുമായി മാറി. ആദി പമ്പ സമ്മാനിച്ച നല്ല നാളുകൾ പഴയ കഥകളായി മാറുകയായിരുന്നു.

## വരട്ടാർ

ആദിപമ്പ ഒഴുകി ഏതാണ്ട് രണ്ടു കി.മീ എത്തുന്നിടത്താണ് പുതുക്കുളങ്ങര. ഇവിടെ നിന്നാണ് വരട്ടാർ തുടങ്ങുന്നത്. ഇവിടെ നിന്ന് മണിമല ആറ് വരെ വരട്ടാറിന്റെ നീളം 13.4 കി.മീ ആണ്. പുതുക്കുളങ്ങര ദേവീ ക്ഷേത്രം വരട്ടാറിന്റെ കരയ്ക്കാണ്. ഇവിടുത്തെ പടയണി പ്രശസ്തമാണ്. കേരളത്തിലെ 30 ദുർഗ്ഗ ക്ഷേത്രങ്ങളിലൊ

ഭൂമിശാസ്ത്രപരമായ രൂപപരിണാമങ്ങൾക്കൊപ്പം തന്നെ വരട്ടാറിന്റെ തുടക്കത്തിൽ താത്ക്കാലികമായുണ്ടാക്കിയ ചപ്പാത്ത് വരട്ടാറിനെ എന്നെന്നേയ്ക്കുമായി ഇല്ലാതാക്കി. വരട്ടാറിന്റെ തുടക്കത്തിൽ നിന്ന് ഏതാണ്ട് 500 മീറ്റർ താഴെയായി പരുമൂട്ടിൽ കടവ് പാലം നിർമ്മിക്കുന്നതിനായാണ് നദി തടഞ്ഞ് ചപ്പാത്ത് നിർമ്മിച്ചത്. 1976 ൽ ആണ് പാലം പൂർത്തീകരിക്കപ്പെടുന്നത്. പാലം വന്നതോടൊപ്പം താത്ക്കാലിക ചപ്പാത്ത് സ്ഥിരമാകുകയും ചെയ്തു. വരട്ടാറിൽ കയ്യേറ്റവും മണലൂറ്റും നിർബ്ബാധം തുടർന്നു.



ന്നാണ് പുതുക്കുളങ്ങര ക്ഷേത്രം. ആയിരത്തൊന്നു പാളകൾ കോർത്തിണക്കിയ വലിയ ഭൈരവി കോലം വളരെ പ്രശസ്തമാണ്. ഒരു കാലത്ത് സുഗമമായ ഒരു ജലപാതയായിരുന്നു വരട്ടാർ. വലിയ കേവു വള്ളങ്ങളിൽ കരിമ്പും മലഞ്ചരക്കുമൊക്കെ വരട്ടാറിലൂടെ നീങ്ങിയിരുന്നു. വിസ്തൃതമായ കടവുകൾ നിരവധിയായിരുന്നു. വരട്ടാറിന്റെ വളവ് നിവർത്തി വാളത്തോട് വെട്ടിയത് ബ്രിട്ടീഷുകാരായിരുന്നു. വരട്ടാറിന്റെ തീരത്തുള്ള The Travancore sugars and Chemicals Ltd-TSCL (പുളിക്കീഴ് പഞ്ചസാരമില്ല്)ൽ സുഗമമായി കേവുവള്ളം എത്തിക്കയായിരുന്നു ലക്ഷ്യം. ഇന്ന് വാളത്തോട് വരട്ടാറിന്റെ ഭാഗമായി അറിയപ്പെടുന്നു. വെട്ടി മാറ്റപ്പെട്ട ഏതാനും കി.മീ നീളമുള്ള വരട്ടാർ ഇന്ന് കയ്യേറ്റക്കാരുടെ കയ്യിലാണ്. അവിടെ പല നിർമ്മിതികളും വന്നു കഴിഞ്ഞു. ഓർമ്മപ്പെടുത്താൻ ഒരു മൈൽക്കുറ്റി മാത്രം അവശേഷിക്കുന്നു. എം.സി റോഡിൽ വരട്ടാറിനു കുറുകെ നീളമുള്ള ഒരു പാലമുണ്ട്. വരട്ടാറിന്റെ വീതി എത്രയുണ്ടായിരുന്നുവെന്ന് ഈ പാലം നമ്മെ ഓർമ്മപ്പെടുത്തും. ആറാട്ടുകടവ് എന്ന് ഇവിടെ അറിയപ്പെടുവാൻ കാരണമുണ്ട്. വർഷങ്ങൾക്കു മുമ്പ് തിരുവല്ല ശ്രീവല്ലഭ ക്ഷേത്രത്തിലെ ആറാട്ട് നടന്നിരുന്നത് ഇവിടെയായിരുന്നു. അതും വേനലിൽ. വരട്ടാർ വരണ്ടതോടെ വരട്ടാറിലെ ആറാട്ട് അവസാനിച്ചു.

തലയാർ വഞ്ചിമൂട്ടിൽ ക്ഷേത്രത്തിൽ വിഷുവിനോടനുബന്ധിച്ച് നടക്കുന്ന ആൾപിണ്ടി വിളക്ക് പ്രശസ്തമാണ്. വരട്ടാറിൽ കുളിച്ചു കയറി നടത്തിയരുന്ന ഈ ആചാരം വരട്ടാർ നിലച്ച് മാലിന്യത്തുണ്ടുകളായി മാറിയതോടെ വരട്ടാറിൽ തീരത്ത് വലിയ പാത്രത്തിൽ വെള്ളം വച്ച് കുളിച്ചു കയറി നടത്തുന്ന രീതിയിലെത്തി.

ആദിപമ്പയുടെയും വരട്ടാറിന്റെയും മരണം ഇവ കടന്നുപോകുന്ന തിരുവൻ വണ്ടൂർ, കുറ്റൂർ, ഇരവിപേരൂർ, കോയിപ്പുറം എന്നീ പഞ്ചായത്തുകളിലെയും ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയിലെയും ഏതാണ്ട് 509 ഹെക്ടർ നെൽവയലുകളെ തരിശാക്കി. വരട്ടാർ കൊണ്ടെത്തിച്ച എക്കൽ മണ്ണിൽ വളർന്ന കരിമ്പ് പ്രത്യേകതയുള്ളതായിരുന്നു. ഇവിടുത്തെ ശർക്കരയ്ക്ക് ഭൂപ്രദേശ സൂചിക ലഭ്യമായിട്ടുണ്ട്. തിരുവിതാംകൂർ ശർക്കര.

ആദിപമ്പയുടെ മരണം വരട്ടാറിന്റെയും മരണഹേതുവായി. മണലൂറ്റൽ നദികളെ വ്യത്യസ്ഥ കട്ടുകളി ലാക്കി. ആദിപമ്പയുടെ ഉദ്ഭവസ്ഥാനത്ത് പമ്പാനദി mean sea level ൽ നിന്ന് 2.661 മീ താണുകിടക്കുന്നു. തുടക്കത്തിൽ ആദി പമ്പയുടെ അടിത്തട്ട് 1.48 മീറ്ററും പുതുക്കുളങ്ങരയിൽ വരട്ടാർ തുടങ്ങുന്ന ഭാഗത്ത് 3.272 ഉം താണ് കിടക്കുമ്പോൾ വരട്ടാറിന്റെ തുടക്ക നിരപ്പ് MSL ൽ നിന്ന് +2.66 മീറ്ററാണ്. സ്വാഭാവികമായ ഒഴുക്ക് ബുദ്ധിമുട്ടാണെന്ന് സാരം.

ഭൂമിശാസ്ത്രപരമായ രൂപപരിണാമങ്ങൾക്കൊപ്പം തന്നെ വരട്ടാറിന്റെ തുടക്കത്തിൽ താത്ക്കാലികമായുണ്ടാക്കിയ ചപ്പാത്ത് വരട്ടാറിനെ എന്നെന്നേയ്ക്കുമായി ഇല്ലാതാക്കി. വരട്ടാറിന്റെ തുടക്കത്തിൽ നിന്ന് ഏതാണ്ട് 500 മീറ്റർ താഴെയായി പരുമൂട്ടിൽ കടവ് പാലം നിർമ്മിക്കുന്നതിനായാണ് നദി തടഞ്ഞ് ചപ്പാത്ത് നിർമ്മിച്ചത്. 1976 ൽ ആണ് പാലം പൂർത്തീകരിക്കപ്പെടുന്നത്. പാലം വന്നതോടൊപ്പം താത്ക്കാലിക ചപ്പാത്ത് സ്ഥിരമാകുകയും ചെയ്തു. വരട്ടാറിൽ കയ്യേറ്റവും മണലൂറ്റും നിർബ്ബാധം തുടർന്നു. പടിഞ്ഞാറൻ ഭാഗങ്ങളിൽ വരട്ടാർ സുരക്ഷിതമായി മലം കൊണ്ടു നിക്ഷേപിക്കാനുള്ള ഇട മായി മാറി. നഗരസ്വഭാവമുള്ള പ്രദേശങ്ങളിലെയും കോഴിക്കടകളിലെയും മാലിന്യം വരട്ടാറിലെത്തി. വരട്ടാറിലേക്കെത്തുന്ന ചെറുതോടുകളും അതാത് പ്രദേശത്തെ മാലിന്യം വരട്ടാറിലെത്തിച്ചു. മണിയാർഡാം മുതൽ താഴേക്ക് കനാലിൽ നിക്ഷേപിക്കപ്പെടുന്ന മാലിന്യത്തിന്റെ നല്ലൊരു ശതമാനവും തൈമറവും കരയിൽ വരട്ടാറിൽ എത്തുന്നു.

കാലു കുത്താനാവാത്ത വിധം വരട്ടാർ മലിനപ്പെട്ടു. പലയിടത്തും പാടമൂടി കറുത്തിരുണ്ട് വരട്ടാർ കിടന്നു. ക്രമേണ തീരത്തെ കിണറുകളെല്ലാം മലിനപ്പെട്ടു. ആയിരക്കണക്കിന് ആളുകളുടെ ശുദ്ധമായ കുടിവെള്ള ലഭ്യത



അവസാനിച്ചു. വരട്ടാർ ദുർഗന്ധം നൽകി രോഗങ്ങൾ സമ്മാനിച്ച് മലിനജലക്കെട്ടുകളായി കിടന്നു. കാണെ ക്കാണെ ഇല്ലാതായ നദിയായതുകൊണ്ടാവാം വരട്ടാറിനു വേണ്ടിയുള്ള മുറവിളി എന്നും സജീവമായിരുന്നു. വരട്ടാ റിന്റെ കരയിലിരുന്ന് ദ്രവിച്ച പള്ളിയോടങ്ങൾ പലർക്കും വേദനിപ്പിക്കുന്ന ഓർമ്മകളാണ്. പല പള്ളിയോടങ്ങളും പമ്പയുടെ കരയിലേക്ക് പുരവച്ച് മാറ്റപ്പെട്ടു.

## വീണ്ടെടുക്കൽ പ്രവർത്തനങ്ങൾ

### ചില മുൻകാല കാമ്പയിനുകൾ

വരട്ടാർ സംരക്ഷണ സമിതി എന്ന പേരിൽഒരു സംഘടന രൂപീകരിച്ച് നിരവധി ക്യാമ്പയിനുകൾ നടത്തിയിട്ടുള്ള വ്യക്തികളാണ് അജിത് പ്രസാദ് തലയാർ, ജി.ഗോപാലകൃഷ്ണൻ നായർ എന്നിവർ.

പമ്പ പരിരക്ഷണ സമിതിയും എൻ.കെ സുകുമാരൻ നായരും പമ്പയുടെയും അതിന്റെ കൈവഴി യുടെയും പ്രശ്നങ്ങൾ നിരന്തരമായി ജനസമക്ഷത്തിലെത്തിക്കു ന്നുണ്ട്. ചെങ്ങന്നൂർ ആല എസ്.എൻ കോളേജിലെ അധ്യാപകനായിരുന്ന പ്രൊഫ.കെ.പി മാത്യു വരട്ടാറി നെക്കുറിച്ച് പഠനം നടത്തുകയും കുട്ടികളെ പങ്കെടുപ്പിച്ചു കൊണ്ട് ചില ക്യാമ്പയിനുകൾ ഏറ്റെടുക്കുകയും ഉണ്ടായി. വരട്ടാറിന്റെ അവസ്ഥ ചിത്രീകരിക്കുന്ന ചില ഡോക്യുമെന്ററികളും അദ്ദേഹം നിർമ്മിച്ചു. തിരുവല്ല

അനധികൃത മണലൂറ്റ് തടയു ന്നതിന് കർശന നടപടികൾ സ്വീകരിക്കുക, ഇടനാട്-കോയിപ്പുറം ചപ്പാത്തിന്റെ സ്ഥാനത്ത് പാലം നിർമ്മിക്കുക, വരട്ടാറിന്റെ ആരംഭത്തിൽ 60 മീറ്റർ വീതിയിൽ ബെൽമൗത്ത് തയ്യാറാക്കുക, ഏതാണ്ട് 21 ചതുരശ്ര കി.മീ വരുന്ന റിവർ ബേസിനിൽ ജലസംരക്ഷണ പരിപാടികൾ നടപ്പിലാക്കുക, ഇതിനായി വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിന് വിഭവവകുപ്പിനെ ചുമതലപ്പെടുത്തുക തുടങ്ങിയവയായിരുന്നു കാതലായ നിർദ്ദേശങ്ങൾ.

ബാലികാമഠം സ്കൂളിലെ കുട്ടികൾ വരട്ടാർ സന്ദർശിച്ച് ഡോക്യുമെന്ററി നിർമ്മിക്കുകയുണ്ടായി. അക്ഷയ പമ്പ മിഷൻ വരട്ടാറിനുവേണ്ടി നില കൊള്ളുന്ന മറ്റൊരു സംഘടനയാണ്.

## നിയമസഭ പരിസ്ഥിതി കമ്മിറ്റി റിപ്പോർട്ട് 2002 ജൂൺ

വരട്ടാറിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ 2002 ൽ ഒരു നിയമസഭാ പരിസ്ഥിതി കമ്മിറ്റി രൂപീകരിച്ചിരുന്നു. ശ്രീ. ജോർജ്ജ് ജെ. മാത്യു അധ്യക്ഷനായിരുന്ന ഈ കമ്മിറ്റി 2002 ജൂണിൽ തങ്ങളുടെ റിപ്പോർട്ട് സമർപ്പിച്ചു. ഇന്നത്തെ ധനകാര്യമന്ത്രി ഡോ. തോമസ് ഐസക് ഈ സമിതിയി ലുണ്ടായിരുന്നു. കൂടാതെ ഉമ്മൻചാണ്ടി, രാജു എബ്രഹാം, ജോസഫ് എം. പുതുശ്ശേരി, എം.എ വാഹിദ് എന്നിവരും ഈ സമിതിയിൽ ഉൾപ്പെട്ടിരുന്നു. നദിയിലെ കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുക, പതിച്ചു നൽകിയവ റദ്ദ് ചെയ്യുക, വരട്ടാർ അതോറിട്ടി രൂപീകരിക്കുക, പരിസ്ഥിതി വകുപ്പിന്റെയും ജലവിഭവവകുപ്പിന്റെയും ശുപാർശകളുടെ അടിസ്ഥാനത്തിൽ നീക്കം ചെയ്യാവുന്ന മണൽ കണക്കുകൂട്ടി ലേലം ചെയ്ത് വരുമാനം കണ്ടെത്തി നദി പുനർജീവിപ്പിക്കുവാൻ ഉപയോഗിക്കുക, പ്രകൃതി സൗഹൃദ തീരസംരക്ഷണപരിപാടികൾ ആവിഷ്ക്കരിക്കുക. അനധികൃത മണലൂറ്റ് തടയുന്നതിന് കർശന നടപടികൾ സ്വീകരിക്കുക, ഇടനാട്-കോയിപ്പുറം ചപ്പാത്തിന്റെ സ്ഥാനത്ത് പാലം നിർമ്മിക്കുക, വരട്ടാറിന്റെ ആരംഭത്തിൽ 60 മീറ്റർ വീതിയിൽ ബെൽമൗത്ത് തയ്യാറാക്കുക, ഏതാണ്ട് 21 ചതുരശ്ര കി.മീ വരുന്ന റിവർ ബേസിനിൽ ജലസംരക്ഷണ പരിപാടികൾ നടപ്പിലാക്കുക, ഇതിനായി വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിന് വിഭവവകുപ്പിനെ ചുമതലപ്പെടുത്തുക തുടങ്ങിയവയായിരുന്നു കാതലായ നിർദ്ദേശങ്ങൾ. സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ ഇടപെടലുകൾ വരട്ടാർ സംരക്ഷണ സമിതിയുടെ പരാതിയുടെ അടിസ്ഥാനത്തിലാണ് 2007 സെപ്റ്റംബർ മാസം മനുഷ്യാവകാശ കമ്മീഷൻ അംഗം എ.ലക്ഷ്മിക്കുട്ടി സിറ്റിംഗ് വയ്ക്കുന്നത്. വരട്ടാർ സംരക്ഷണ സമിതി സെക്രട്ടറി ജി ഗോപാലകൃഷ്ണൻനായർ ഹൈക്കോടതിയിൽ ഫയൽ ചെയ്ത പരാതിയുടെ അടിസ്ഥാനത്തിൽ നദി പുറമ്പോക്ക് അളന്നു തിട്ടപ്പെടുത്താനും കയ്യേറ്റം ഒഴിപ്പിക്കുന്നതിനും ഉള്ള ഹൈക്കോടതി നിർദ്ദേശം നടപ്പിലാക്കുവാൻ കമ്മീഷൻ റവന്യൂ വകുപ്പിനു നിർദ്ദേശം നൽകി. വരട്ടാറിന്റെ ശോഷണത്തിനുള്ള കാരണങ്ങൾ സംയുക്തമായി പഠിച്ച് പുനരുജ്ജീവന നിർദ്ദേശങ്ങൾ സമർപ്പിക്കുവാനും ഉത്തരവിട്ടു. ജലവിഭവവകുപ്പ്, മണ്ണ് ജലസംരക്ഷണ വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ് തുടങ്ങിയ വകുപ്പുകളോട് നിർദ്ദേശിക്കുകയുണ്ടായി. കമ്മീഷൻ നിർദ്ദേശമനു സരിച്ച് മലിനീകരണ നിയന്ത്രണ ബോർഡ് നൽകിയ പഠന റിപ്പോർട്ട് ആഴം കൂട്ടി വരട്ടാർ പുനരുജ്ജീവിപ്പിക്കുന്നത് പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കുമെന്ന് കണ്ടെത്തിയിരുന്നു. ജില്ലാ എൻവയോൺമെന്റൽ എൻജിനീയർ പോളസ് ഈപ്പനായിരുന്നു ഈ റിപ്പോർട്ട് തയ്യാറാക്കിയത്.

## മലയാള മനോരമ നടത്തിയ പഠനം

2013-ൽ ആണ് മലയാള മനോരമയുടെ താത്പര്യപ്രകാരം ഡോ. പി.കെ തമ്പി (മുൻ ശാസ്ത്രജ്ഞൻ, CESS), ഡോ. പി. എസ് ഹരികുമാർ (ശാസ്ത്രജ്ഞൻ, CWRDM), ഡോ. ജോർജ്ജ് ചക്കഞ്ചേരി (ശാസ്ത്രജ്ഞൻ, CWRDM) എന്നിവരടങ്ങുന്ന സംഘം വരട്ടാർ പഠനം നടത്തുന്നത്. വരട്ടാറിന്റെ വിവിധ ഭാഗങ്ങൾ സന്ദർശിച്ച് പഠിക്കുന്നതോടൊപ്പം അതുവരെ വരട്ടാറിനെക്കുറിച്ച് നടത്തിയ പഠന റിപ്പോർട്ടുകൾ പഠിച്ച് വരട്ടാർ പുനരുജ്ജീവന സാധ്യത വിലയിരുത്തുക എന്നതായിരുന്നു ഈ സംഘത്തിന്റെ ചുമതല.

ആദി പമ്പയിലും തുടർന്ന് വരട്ടാറിലും ജലം എത്തിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ വയ്ക്കുന്നതിനോടൊപ്പം ഇതുമൂലമുണ്ടാകാവുന്ന പാരിസ്ഥിതിക പ്രശ്നങ്ങളും റിപ്പോർട്ട് ചൂണ്ടിക്കാട്ടി. ഇപ്പോൾ തന്നെ വേനലിൽ ആവ

ശ്യത്തിന് ഒഴുക്കില്ലാത്ത പമ്പാ നദിയിൽ നിന്ന് വെള്ളം തിരിച്ചുവിട്ട് ആദി പമ്പയെയും വരട്ടാറിനെയും ഒഴുക്കുള്ളതാക്കുന്നത്. പമ്പാനദിയെ ബാധിക്കും എന്നതായിരുന്നു ഈ സമിതിയുടെ കണ്ടെത്തൽ. അതിനാൽ ആദി പമ്പയിലും വരട്ടാറിലും വളർന്ന ചെടികളും മരങ്ങളും നീക്കം ചെയ്ത് ചാനൽ വൃത്തിയാക്കി മാലിന്യം എത്തുന്നത് തടഞ്ഞ് മൈക്രോ വാട്ടർഷെഡ് അടിസ്ഥാനത്തിൽ ജല സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് ക്രമേണ ഈ നദികളെ പുനർജീവിപ്പിക്കുക എന്ന നിർദ്ദേശമാണ് സമിതി മുമ്പോട്ട് വച്ചത്.

ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലയിലെ ഈ പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് വിവിധ ക്യാമ്പയിനുകൾ 2013 ൽ മനോരമ നടത്തിയിരുന്നു.

## തൊഴിലുറപ്പ് പദ്ധതിയിലൂടെ വീണ്ടെടുക്കൽ ശ്രമങ്ങൾ

പത്തനംതിട്ട ജില്ലാ കളക്ടറായിരുന്ന പ്രണബ് ജ്യോതിനാഥ് ജില്ലയിലെ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും പരിസ്ഥിതി പ്രവർത്തകരുടെയും ഒരു യോഗം വിളിച്ചു ചേർത്ത് വരട്ടാർ പുനരുജ്ജീവന സാധ്യത ചർച്ച ചെയ്തിരുന്നു. ഈ യോഗത്തിലാണ് പത്തനംതിട്ട ജില്ലയിൽ ആദി പമ്പയുടെയോ വരട്ടാറിന്റെയോ സാന്നിധ്യമുള്ള കോയിപ്പുറം, ഇരവിപേരൂർ, കുറ്റൂർ പഞ്ചായത്തുകൾ നദിയുടെ പുനരുജ്ജീവനത്തിന് തൊഴിലുറപ്പിൽ ഉൾപ്പെടുത്തി പദ്ധതികൾ തയ്യാറാക്കുവാൻ തീരുമാനിക്കുന്നത്. എന്നാൽ ഇതിനു മുമ്പു തന്നെ ചില പഞ്ചായത്തുകൾ തൊഴിലുറപ്പിൽ ഉൾപ്പെടുത്തി നദിയിലെ കാടും കളയും നീക്കം ചെയ്യുന്ന പ്രവർത്തനങ്ങൾ നടത്തിയിരുന്നു. ജില്ലാ കളക്ടർ വിളിച്ചു ചേർത്ത യോഗത്തിന്റെ അടിസ്ഥാനത്തിൽ ഇരവിപേരൂർ പഞ്ചായത്ത് ഏഴുകോടി എഴുപത്തിരണ്ട് ലക്ഷം രൂപയുടെയും കോയിപ്പുറം പഞ്ചായത്ത് രണ്ടുകോടി പതിനാലു ലക്ഷം രൂപയുടെയും പദ്ധതി കൾ തയ്യാറാക്കി സമർപ്പിച്ചു. പാഴ്മരങ്ങൾ മുറിച്ചു മാറ്റുക, കുറ്റിക്കാട് പോള, കള, ചെളി എന്നിവ നീക്കം ചെയ്യുക, കയർ ഭൂവസ്ത്രം ഉപയോഗിച്ച് തീരം സംരക്ഷിക്കുക, രാമച്ചം നട്ടുപിടിപ്പിക്കുക തുടങ്ങിയവയായിരുന്നു ഘടകങ്ങൾ. എന്നാൽ ഈ പദ്ധതി പൂർണ്ണമായും നടപ്പിലാക്കാൻ കഴിഞ്ഞില്ല.

## ഹരിതകേരളം മിഷൻ ഇടപെടുന്നു

ഹരിതകേരളം മിഷൻ ഉപാദ്ധ്യാക്ഷ ഡോ. ടി.എൻ സീമയ്ക്ക് വരട്ടാർ പുനരുജ്ജീവനത്തിന് ഒരു പദ്ധതി റിപ്പോർട്ട് സമർപ്പിക്കുന്നത് ഇരവിപേരൂർ പഞ്ചായത്ത് വൈസ്പ്രസിഡന്റ് അഡ്വ. എൻ. രാജീവാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഡോ. സീമ വരട്ടാർ സന്ദർശിക്കുന്നതോടെയാണ് പ്രവർത്തനങ്ങൾ ത്വരിതഗതിയിലാകുന്നത്. തുടർന്ന് 2017 മെയ് ദിനത്തിൽ ധനകാര്യമന്ത്രി ഡോ. തോമസ് ഐസക്, ആറന്മുള എം.എൽ.എ വീണാ ജോർജ്ജ്, ഡോ. ടി.എൻ സീമ, ഹരിതകേരളം സാങ്കേതിക ഉപദേഷ്ടാവ് ഡോ. അജയകുമാർ വർമ്മ എന്നിവർ പഞ്ചായത്ത് ഭാരവാഹികളും പ്രദേശത്തെ പൊതു പ്രവർത്തകരുമായി വരട്ടാർ മുഖം സന്ദർശിച്ചു. പ്രദേശത്തെ ജനങ്ങളോട് സംവദിച്ച ധനകാര്യമന്ത്രി വിഷയം ജലവിഭവവകുപ്പ് മന്ത്രിയുമായി പങ്കുവയ്ക്കുകയും മെയ് 12 ന് തന്നെ ജലമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഉന്നതതല യോഗം വിളിച്ചു ചേർക്കുകയും ചെയ്തു. ധനമന്ത്രി, റവന്യൂ മന്ത്രി, ചെങ്ങന്നൂർ ആറന്മുള എം.എൽ.എ മാർ, ഹരിതകേരളം ഉപാദ്ധ്യക്ഷ, ജലവകുപ്പ് സെക്രട്ടറി- ഉദ്യോഗസ്ഥർ, കളക്ടർമാർ, ആദിപമ്പ വരട്ടാർ തദ്ദേശ ഭരണസാരഥികൾ തുടങ്ങിയവരാണ് ഉന്നതതലയോഗത്തിൽ പങ്കെടുത്തത്

ജലവിഭവ വകുപ്പ് തയ്യാറാക്കിയ 7.96 കോടി രൂപയുടെ പദ്ധതി റിപ്പോർട്ട് അവിടെ അവതരിപ്പിക്കുകയുണ്ടായി. ജലസ്രോതസ്സുകൾ സംരക്ഷിക്കപ്പെടണമെങ്കിൽ പുനരുജ്ജീവനം വെറും സാങ്കേതികം മാത്രമായാൽ പോരാ അതിൽ സാമൂഹിക പങ്കാളിത്തം ഉറപ്പുവരുത്തണമെന്ന അഭിപ്രായം ഉയർന്നു വന്നതിന്റെ അടിസ്ഥാനത്തിൽ ജനകീയ പങ്കാളിത്തത്തോടെ പുഴയു




ആദി പമ്പയിലും തുടർന്ന് വരട്ടാറിലും ജലം എത്തിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ വയ്ക്കുന്നതിനോടൊപ്പം ഇതുമൂലമുണ്ടാകാവുന്ന പാരിസ്ഥിതിക പ്രശ്നങ്ങളും റിപ്പോർട്ട് ചൂണ്ടിക്കാട്ടി. ഇപ്പോൾ തന്നെ വേനലിൽ ആവശ്യത്തിന് ഒഴുക്കില്ലാത്ത പമ്പാ നദിയിൽ നിന്ന് വെള്ളം തിരിച്ചുവിട്ട് ആദി പമ്പയെയും വരട്ടാറിനെയും ഒഴുക്കുള്ളതാക്കുന്നത് പമ്പാനദിയെ ബാധിക്കും എന്നതായിരുന്നു ഈ സമിതിയുടെ കണ്ടെത്തൽ.

ടെ ആദ്യഘട്ട നീരൊഴുക്ക് വീണ്ടെടുക്കുവാൻ തീരുമാനിക്കുകയുണ്ടായത്. പുനരുജ്ജീവന സന്ദേശം പരമാവധി ജനങ്ങളിലെത്തണമെന്നും പ്രാദേശിക വിഭവസമാഹരണം എം.എൽ.എമാരുടെ നേതൃത്വത്തിൽ നടപ്പാക്കണമെന്നും പുനരുജ്ജീവന പ്രക്രിയയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ നേതൃത്വപരമായ പങ്കുവഹിക്കണമെന്നും നിർദ്ദേശങ്ങളുണ്ടായി. ജൂണിൽ ലഭിക്കുന്ന തെക്കു പടിഞ്ഞാറൻ മൺസൂണിൽ തന്നെ നീരൊഴുക്ക് വീണ്ടെടുക്കുന്നതിന് ചാലു കീറുക എന്നതായിരുന്നു തീരുമാനം. ക്യാമ്പയിന് ‘വരട്ടെ ആർ’ എന്ന പേര് ധനമന്ത്രി നിർദ്ദേശിച്ചു.

## ജനകീയ ക്യാമ്പയിനുകൾ

മെയ് 13 നു തന്നെ ‘വരട്ടെ ആർ’ എന്ന പേരിൽ ഒരു വാട്ട്സ് ആപ്പ് കൂട്ടായ്മ നിലവിൽ വന്നു. ‘സേവ് വരട്ടാർ’ എന്ന പേരിൽ ഒരു ഫെയ്സ്ബുക്ക് കൂട്ടായ്മ രൂപീകരിച്ച് വരട്ടാർ സംബന്ധിയായ വാർത്തകളും പ്രവർത്തനങ്ങളും രേഖപ്പെടുത്തി വന്നിരുന്ന രാജീവ് പള്ളത്താണ് ഗ്രൂപ്പാരംഭിച്ചത്. ‘വരട്ടെ ആർ’ വാട്ട്സ്ആപ് കൂട്ടായ്മയിലേക്ക് മന്ത്രിമാരും എം.എൽ.എ.മാരും മറ്റു ജന പ്രതിനിധികളും ജലവിഭവവകുപ്പു സെക്രട്ടറിയുൾപ്പെടെയുള്ള ഉദ്യോഗസ്ഥരും കളക്ടർമാരും പത്രപ്രവർത്തകരും എല്ലാം ചേർക്ക

പ്പെട്ടു. വരട്ടാർ സ്നേഹികളുടെ ഒരു വലിയ നെറ്റ്വർക്ക് രൂപപ്പെടുകയായിരുന്നു. കൂടുതൽ ആളുകളെ ഉൾക്കൊള്ളിക്കുന്നതിനായി 'വരട്ടെ ആർ' എന്ന പേരിൽ രണ്ടാമതൊരു ഗ്രൂപ്പും കൂടി രൂപീകരിച്ചതോടെ ദൈനംദിനം 500 പേരിൽ വരട്ടാർ സംബന്ധിയായ വാർത്തകളെത്തി. പിന്നീടുള്ള സകല ആശയവിനിമയവും ഈ വാട്ട്സ് ആപ് കൂട്ടായ്മയിലൂടെയാണ് നടത്തപ്പെട്ടത്. പത്രപ്രവർത്തകർക്ക് വരട്ടാർ പുനരുജ്ജീവന വാർത്താ സ്രോതസ്സായി വാട്ട്സ്ആപ് കൂട്ടായ്മകൾ മാറി. തദ്ദേശഭരണ സ്ഥാപന തല പുനരുജ്ജീവന കൺവൻഷനുകൾ, സംയുക്ത കൺവൻഷൻ, പുനരുജ്ജീവന വിളംബരജാഥ, പുഴനടത്തം, നാട്ടുകൂട്ടങ്ങൾ, സന്നദ്ധ കായിക പ്രവർത്തനങ്ങൾ, കുട്ടികളുടെ പുഴ വീണ്ടെടുക്കൽ പഠനങ്ങൾ തുടങ്ങി നിരവധിയായ ക്യാമ്പയിനുകൾ ആദിപമ്പ വരട്ടാർ തീരത്ത് അരങ്ങേറി.

## പുനരുജ്ജീവന കൺവൻഷനുകൾ

ഹരിതകേരളം മിഷനും ജലവിഭവ വകുപ്പും ചേർന്നാണ് പുനരുജ്ജീവന വിഷയം തദ്ദേശ ഭരണ സ്ഥാപന തലത്തിൽ അവതരിപ്പിച്ചത്. ആദിപമ്പ വരട്ടാർ തീരത്തെ അഞ്ച് തദ്ദേശഭരണ സ്ഥാപനങ്ങളിലും കൺവൻഷനുകളിൽ വൻപിച്ച ജനപങ്കാളിത്തം ഉണ്ടായി. കൺവൻഷനുകളിൽ പങ്കെടുക്കുമ്പോഴും ഹരിതകേരളം മിഷന്റേയും ജലവിഭവ വകുപ്പിന്റേയും ഈ ഉദ്യമത്തെ സംശയത്തോടെ വീക്ഷിച്ചവരാണേറെയും. മുൻപുണ്ടായ പല വാഗ്ദാനങ്ങളും നടപടികളും ഇടയ്ക്ക് നിന്നു പോകയോ ഒരിക്കലും ആരംഭിക്കാതിരിക്കയോ ചെയ്ത അനുഭവമാണ് കൂടുതലാളുകളും ഓർമ്മിക്കുന്നത്. ചില കൺവൻഷനുകൾ അത്ര സുഗമമല്ലായിരുന്നു. രാഷ്ട്രീയ ഗിമ്മിക്കുകൾ എന്നാരോപിച്ചും പരസ്പരം ആരോപണം ഉന്നയിച്ചും ചില കൺവൻഷനുകൾ അലങ്കോലപ്പെട്ടു. എന്നാൽ അത്തരം പ്രതികൂല സാഹചര്യങ്ങളെ തരണം ചെയ്തുകൊണ്ട് എല്ലാ രാഷ്ട്രീയ കക്ഷികളുടെയും സഹകരണം തേടി വരട്ടാർ ക്യാമ്പയിൻ മുന്നോട്ടുനീങ്ങി. മെയ് 15 മുതൽ 17 വരെയുള്ള 3 ദിവസങ്ങൾ കൊണ്ടാണ് 5 കൺവൻഷനുകൾ പൂർത്തീകരിച്ചത്.

## ആദിപമ്പ - വരട്ടാർ തല സംയുക്ത കൺവൻഷൻ

എം.എൽ.എ. മാരുടെ നേതൃത്വത്തിൽ മെയ് 20 ന് ചെങ്ങന്നൂർ മുൻസിപ്പാലിറ്റിയിൽ വച്ച് സംയുക്ത കൺവൻഷൻ നടന്നു. പുനരുജ്ജീവനവുമായി ബന്ധപ്പെട്ട് തങ്ങളുടെ തദ്ദേശഭരണ സ്ഥാപനങ്ങൾ എന്തുചെയ്യാൻ കഴിയും എന്നുള്ള രൂപരേഖ തദ്ദേശഭരണ സ്ഥാപന സാരഥികൾ ഇവിടെ അവതരിപ്പിച്ചു. മെയ് 26 ന് പുനരുജ്ജീവനം വിളംബരം ചെയ്തുകൊണ്ട് ഒരു വാഹനജാഥ സംഘടിപ്പിക്കുവാനും പുഴയൊഴുകും വഴിയിലൂടെ ആദ്യം ജനമൊഴുകുന്ന തരത്തിൽ മെയ് 29 ന് പുഴനടത്തം സംഘടിപ്പിക്കുവാനും കൺവെൻഷൻ തീരുമാനമെടുത്തു. വഴിയൊരുക്കാനുള്ള ചുമതലയേറ്റുകൊണ്ട് യോഗം പിരിഞ്ഞു.

## പുനരുജ്ജീവന വിളംബര ജാഥ

കെ. കെ. രാമചന്ദ്രൻ നായർ, വീണാജോർജ്ജ് എന്നീ എം.എൽ.എ. മാരുടെ നേതൃത്വത്തിൽ തദ്ദേശ ഭരണ സ്ഥാപന സാരഥികളും ഉദ്യോഗസ്ഥരും അനൗൺസ്മെന്റ് വാഹനത്തിന്റെ അകമ്പടിയിൽ ആദിപമ്പയുടെ തുടക്കംമുതൽ വരട്ടാറിന്റെ ഒടുക്കംവരെ സഞ്ചരിച്ച് പുനരുജ്ജീവനം വിളംബരം ചെയ്തു. ഇതോടെ പുനരുജ്ജീവന പ്രവർത്തനങ്ങൾ പത്രദൃശ്യമാധ്യമങ്ങൾ ഏറ്റെടുത്തു. വിളംബര ജാഥ അവസാനിക്കുന്നതോടുകൂടി പുഴനടത്തത്തിനുള്ള കൃത്യമായ റൂട്ട്മാപ്പ് തയ്യാറായി. ഓരോ പഞ്ചായത്തിലും ഓരോ പോയിന്റിലും പുഴനടത്തത്തിന് വഴികാട്ടാൻ ചുമതലപ്പെട്ടവരെ നിശ്ചയിച്ചു. റൂട്ട്മാപ്പും സമയവും വാട്ട്സ്ആപ് കൂട്ടായ്മയും പത്രമാധ്യമങ്ങളും പരമാവധി ജനങ്ങളിലെത്തിച്ചു. കുടിക്കാനുള്ള ശുദ്ധജലവും ലഘുഭക്ഷണവും ഓരോ പ്രദേശത്തും നൽകാനായി പഞ്ചായത്തുകൾ മുൻപോട്ടുവന്നു.



'വരട്ടെ ആർ' എന്ന പേരിൽ രണ്ടാമതൊരു ഗ്രൂപ്പും കൂടി രൂപീകരിച്ചതോടെ ദൈനംദിനം 500 പേരിൽ വരട്ടാർ സംബന്ധിയായ വാർത്തകളെത്തി. പിന്നീടുള്ള സകല ആശയവിനിമയവും ഈ വാട്ട്സ് ആപ് കൂട്ടായ്മയിലൂടെയാണ് നടത്തപ്പെട്ടത്. പത്രപ്രവർത്തകർക്ക് വരട്ടാർ പുനരുജ്ജീവന വാർത്താ സ്രോതസ്സായി വാട്ട്സ്ആപ് കൂട്ടായ്മകൾ മാറി. തദ്ദേശഭരണ സ്ഥാപനതല പുനരുജ്ജീവന കൺവൻഷനുകൾ, സംയുക്ത കൺവൻഷൻ, പുനരുജ്ജീവന വിളംബര ജാഥ, പുഴനടത്തം, നാട്ടുകൂട്ടങ്ങൾ, സന്നദ്ധ കായിക പ്രവർത്തനങ്ങൾ, കുട്ടികളുടെ പുഴ വീണ്ടെടുക്കൽ പഠനങ്ങൾ തുടങ്ങി നിരവധിയായ ക്യാമ്പയിനുകൾ ആദിപമ്പ വരട്ടാർ തീരത്ത് അരങ്ങേറി.

## പുഴനടത്തം-മഴനടത്തം - മെയ് 29

കോരിച്ചൊരിയുന്ന മഴയിൽ പുഴ നടത്തം നടക്കുമോ എന്ന ആശങ്ക പരന്നു. കാലത്ത് 7.30 ന് ആദി പമ്പയുടെ തുടക്കത്തിൽ നിന്ന് നടത്തം ആരംഭിക്കാൻ തീരുമാനമെടുത്തിരുന്നു. 6.45 ന് ധനമന്ത്രി ആദ്യം സ്ഥലത്തെത്തി ആവേശം സൃഷ്ടിച്ചു. 7.15 വാദ്യമേളങ്ങളുടേയും വഞ്ചിപ്പാട്ടിന്റെയും അകമ്പടിയോടെ ചെറുസംഘമായി നടത്തം ആരംഭിച്ചു. കണ്ടറിഞ്ഞും കേട്ടറിഞ്ഞും നിരവധി പേർ ഈ പുഴ നടത്തത്തിൽ ഒപ്പം ചേർന്നു. ഏതാണ്ട് 3 കിലോമീറ്റർ താണ്ടി യാത്ര കോരിച്ചൊരിയുന്ന മഴയിൽ പുതുക്കുളങ്ങരയിലെത്തുമ്പോഴേക്കും നൂറുകണക്കിന് പേരാണ് നടത്തത്തിലണിചേർന്നിരുന്നത്. ധനമന്ത്രി ഡോ. തോമസ് ഐസക്, വീണാ ജോർജ്ജ് എം.എൽ.എ, ഡോ. ടി.എൻ.സീമ എന്നിവർ നയിച്ച് ആദ്യ പാദയാത്രയോടൊപ്പം ജലമന്ത്രി മാത്യു ടി. തോമസിന്റെ നേതൃത്വത്തിൽ എം.എൽ.എ.മാരായ കെ. കെ. രാമചന്ദ്രൻനായർ, രാജു എബ്രഹാം എന്നിവരും മുൻ എം.എൽ.എ. മാരും വകുപ്പു സെക്രട്ടറിമാരും ജില്ലാ കളക്ടർമാരുമുൾപ്പെടെ യുവജന സഞ്ചയം കൂടിച്ചേർന്നു.

കോരിച്ചൊരിയുന്ന മഴയിൽ വരട്ടാറിലൂടെ വൻജനാവലി നടന്നുനീങ്ങി. മാതൃഭൂമി സീഡ്കുട്ടികൾ വഞ്ചിപ്പാ

ട്ടിന്റെ ആവേശം സൃഷ്ടിച്ചു. (പനിയെ അവഗണിച്ച് നടന്നു നീങ്ങിയ ജലമന്ത്രി അടുത്ത ദിവസം കടുത്ത പനിയെ ത്തുടർന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രവേശിക്കപ്പെട്ടത് നടത്തത്തിന്റെ തുടർചിത്രം). കട്ടൻ കാപ്പി കുടിച്ചും കപ്പയും കാന്താരി ചമ്മന്തിയും കഴിച്ചും ചെളിയിൽ വീണും നടന്നും യാത്ര വരട്ടാർ മണിമല സംഗമസ്ഥാനത്ത് അവസാനിക്കുമ്പോൾ 4 മണി. നീണ്ട 9 മണിക്കൂർ നടത്തം. 13.4 കിലോമീറ്റർ പുഴ ഇറങ്ങിയും കയറിയും നടന്നു തീർന്നപ്പോൾ ഏതാണ്ട് 15 കിലോ മീറ്റർ. കേരളത്തിലെ പുഴ പുനരുജ്ജീവന ക്യാമ്പയിന്റെ ചരിത്രത്തിലേക്ക് നടന്നുകയറിയ പുഴനടത്തം ഓരോ വ്യക്തിക്കും മറക്കാനാവാത്ത അനുഭവമായി. ഈ ക്യാമ്പ യിനാണ് നിരവധി പ്രതിബന്ധങ്ങളെ നേരിട്ട് വരട്ടാർ പ്രവർത്തനങ്ങൾ മുൻപോട്ടു കൊണ്ടുപോകുവാനുള്ള ചാലക ശക്തിയായി പ്രവർത്തിച്ചത്. സർക്കാരിന്റെയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും വിവിധ രാഷ്ട്രീയ കക്ഷികളുടെയും ജനങ്ങളുടെയും മാധ്യമങ്ങളുടെയും വിവിധ വകുപ്പുകളുടെയും പരിസ്ഥിതി പ്രവർത്തകരു ടെയും ഒക്കെ പുനരുജ്ജീവന പ്രതിബദ്ധത വരുംകാല ങ്ങളിൽ ഉറപ്പാക്കപ്പെടുകയായിരുന്നു.



## വീണ്ടെടുക്കൽ പ്രവർത്തനങ്ങളുടെ ആരംഭം

മഴക്കാലത്ത് വെള്ളമൊഴുക്കാൻ ചാലു കീറണമെന്ന് തീരുമാനിക്കപ്പെട്ടെങ്കിലും പ്രവർത്തനങ്ങൾ എങ്ങനെ ആരംഭിക്കണമെന്ന നിശ്ചയം ഉണ്ടായിരുന്നില്ല. ജലവിഭവ വകുപ്പുമന്ത്രിയും എം.എൽ.എ. മാരും മറ്റു പ്രവർത്തക രുമൊക്കെ ചില മണ്ണുമാന്തി യന്ത്രങ്ങൾ ഏതാനും ദിവസ ത്തേക്ക് സ്പോൺസർഷിപ്പിലൂടെ കണ്ടെത്താൻ ശ്രമി ച്ചെങ്കിലും നടന്നില്ല. പത്തനംതിട്ട ജില്ലാ പഞ്ചായത്തിലെ അഗ്രികൾച്ചറൽ എഞ്ചിനീയർ ചാലുകീറുന്നതിന് ഏതാണ്ട് 50 ലക്ഷം രൂപ എസ്റ്റിമേറ്റിട്ടിരുന്നു. ശ്രമങ്ങൾ വിജയിക്കുമെന്ന് വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ജലമന്ത്രിയുടെയും എം.എൽ.എ. മാരുടെയും പിന്തുണ യോടെ ദിവസം 16500രൂപ എന്ന നിരക്കിൽ (10 മണിക്കൂർ) അഞ്ചു ദിവസത്തേയ്ക്ക് ബാർജ് ഘടിപ്പിച്ച ഒരു ഹിറ്റാച്ചി ആദിപമ്പയിൽ ഇറക്കുന്നത് മെയ് 7 നാണ്. പത്തനംതിട്ട ജില്ലാപഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണ്ണാദേവിയാണ് ഈ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തത്. മെഷീൻ എത്തിക്കഴിഞ്ഞാണ് ഉദ്ഘാടന പരിപാടികൾ തീരുമാനി ക്കുന്നത്. എടുത്തുപറയേണ്ടുന്ന ഒരു കാര്യം വാട്ട്സ്

വരട്ടെ ആർ - വാട്ട്സ്ആപ്പ് കൂട്ടായ്മയിൽ ജനകീയ വിഭവ സമാഹരണ വിഷയം ചർച്ചയ്ക്ക് വയ്ക്കാൻ നിർദ്ദേശിച്ചത് ജലമന്ത്രി മാത്യു ടി. തോമസാണ്. എന്നാൽ എവിടെനിന്നും പണം എത്താതിരിക്കുകയും പണി തുടരുകയും ചെയ്യുന്ന സാഹചര്യത്തിൽ ആദ്യ ദിനത്തെ ചിലവ് 16500 രൂപ ഗ്രൂപ്പിലൂടെ വാഗ്ദാനം ചെയ്ത് വിഭവ സമാഹരണ യജ്ഞം അദ്ദേഹം ഉദ്ഘാടനം ചെയ്തു. തുടർന്ന് പല കോണുകളിൽനിന്നും സഹായങ്ങളെത്തി.



ആപ്പ് കൂട്ടായ്മയിലൂടെ മാത്രമായിരുന്നു ആശയവിനിമയം എന്നതാണ്. തീർത്തും അനൗപചാരികമായ സംവേദന സംവിധാനം. അറിയുന്നവർ അറിയാത്തവരെ അറിയിക്കും. ഏത് ജനപ്രതിനിധിയാണോ ലഭ്യമായിരിക്കുക അവർ വന്ന് ഉദ്ഘാടനം നടത്തുക, അതായിരുന്നു രീതി. അറിയിച്ചില്ല, വിളിച്ചില്ല തുടങ്ങിയ പരാതികൾ ആദ്യ നാളുകളിൽ ഉണ്ടായെങ്കിലും അറിയിക്കാനോ പറയാനോ പ്രത്യേകം ചുമതലപ്പെട്ടവർ ആരുമില്ലെന്ന തിരിച്ചറിവ് ഒരു സംയുക്ത ഉത്തരവാദിത്തത്തിലേക്ക് ക്രമേണ എത്തിച്ചു. എങ്കിലും പിന്നിൽ നിന്നുള്ള ഏകോപന പ്രക്രിയകൾക്ക് ഹരിതകേരളം മിഷനും ജലവിഭവ വകുപ്പും ചുക്കാൻ പിടിച്ചു.

## വിഭവ സമാഹരണം

വരട്ടെ ആർ – വാട്ട്സ്ആപ്പ് കൂട്ടായ്മയിൽ ജനകീയ വിഭവ സമാഹരണ വിഷയം ചർച്ചയ്ക്ക് വയ്ക്കാൻ നിർദ്ദേശിച്ചത് ജലമന്ത്രി മാത്യു ടി. തോമസാണ്. എന്നാൽ എവിടെനിന്നും പണം എത്താതിരിക്കുകയും പണി തുടരുകയും ചെയ്യുന്ന സാഹചര്യത്തിൽ ആദ്യ ദിനത്തെ ചിലവ് 16500 രൂപ ഗ്രൂപ്പിലൂടെ വാഗ്ദാനം ചെയ്ത് വിഭവ സമാഹരണ യജ്ഞം അദ്ദേഹം ഉദ്ഘാടനം ചെയ്തു. തുടർന്ന് പല കോണുകളിൽനിന്നും സഹായങ്ങളെത്തി. വ്യക്തികളെയും സംഘടനകളെയും സ്ഥാപനങ്ങളെയും സമീപിച്ച് കാര്യങ്ങൾ ബോധ്യപ്പെടുത്തി വിഭവസമാഹരണ യജ്ഞം ഊർജ്ജിതമാക്കിയത് ചെങ്ങന്നൂർ എം.എൽ.എ. കെ.കെ. രാമചന്ദ്രൻ നായരാണ്. പിന്നീട് ധനമന്ത്രി ശ്രീ.തോമസ് ഐസക്, കൃഷിമന്ത്രി ശ്രീ.സുനിൽ കുമാർ, ഹരിത കേരളം ഉപാദ്ധ്യക്ഷ ഡോ.ടി.എൻ.സീമ, ജില്ലാപഞ്ചായത്ത് അംഗങ്ങൾ, നിരവധി ജനപ്രതിനിധികൾ, മുൻ എം.എൽ.എ. മാർ, സാധാരണക്കാർ ആരാധനാലയങ്ങൾ, പള്ളിയോടങ്ങൾ, സഭകൾ, ക്ലബുകൾ തുടങ്ങി നിരവധിയിടങ്ങളിൽ നിന്ന് സാമ്പത്തിക പങ്കാ

ളിത്തം വാഗ്ദാനം ചെയ്യപ്പെട്ടു. ചെറിയ തുകകൾ കുട്ടികളിൽ നിന്ന് പിരിച്ച് നിരവധി സ്ക്കൂളുകൾ പങ്കാളികളായി. തൈമാവും കരയിൽ വരട്ടാർ കൂട്ടായ്മ തന്നെ രൂപപ്പെട്ട് പ്രാദേശിക വിഭവ സമാഹരണത്തിൽ പങ്കാളിയായി.

## രണ്ടാം ഉന്നതതലയോഗം

പണി ആരംഭിച്ചതിന് തൊട്ടുപുറകെ ജൂൺ 8 ന് തന്നെ ജലമന്ത്രി രണ്ടാം ഉന്നതതല യോഗം വിളിച്ചു ചേർത്തു. ഈ യോഗം ഒരു പ്രാഥമിക പാരിസ്ഥിതികാഘാത പഠനം നടത്തുവാൻ ഹരിതകേരളം മിഷൻ സാങ്കേതിക ഉപദേഷ്ടാവ് ഡോ. അജയകുമാർ വർമ്മയെ ചുമതലപ്പെടുത്തി. കൂടാതെ നീരൊഴുക്ക് പുനസ്ഥാപിക്കുന്നതരത്തിൽ ചാലു കീറി മുൻപോട്ടു നീങ്ങുവാനും ജനങ്ങളെ വിശ്വാസത്തിലെടുത്തുകൊണ്ട് പുഴയൊഴുക്കിന് തടസ്സം നിൽക്കുന്ന ചപ്പാത്തുകൾ പൊളിച്ചു നീക്കുവാനും തീരുമാനമെടുത്തു.

## പ്രാഥമിക പാരിസ്ഥിതികാഘാത പഠനം

ഡോ. അജയകുമാർ വർമ്മയുടെ നേതൃത്വത്തിലുള്ള സംഘം ആദിപമ്പയുടെയും വരട്ടാറിന്റെ വിവിധ ഭാഗങ്ങൾ സന്ദർശിക്കുകയും ജനങ്ങളോട് ആശയവിനിമയം നടത്തുകയും സമീപത്തെ കിണറുകൾ നോക്കിക്കാണുകയും ചെയ്തു. വരട്ടാറിന്റെ ആഴം വർദ്ധിപ്പിച്ച് നീരൊഴുക്ക് സ്ഥാപിക്കാൻ ശ്രമിച്ചാൽ കുടിവെള്ളത്തെ ബാധിക്കുമെന്നും നീർച്ചാലുകൾ സംരക്ഷിച്ചും ജലസംരക്ഷണ മാർഗ്ഗങ്ങൾ സ്വീകരിച്ചുവേണം പുഴയെ വീണ്ടെടുക്കേണ്ടതെന്നും പഠനം നിർദ്ദേശിച്ചു.

### സുതാര്യതയും മോണിട്ടറിംഗും - സമാന്തര സാമൂഹിക ഓഡിറ്റിംഗ്

പണി ആരംഭിച്ചതോടെ വാട്സ്ആപ് കൂട്ടായ്മ നിർദേശിച്ച രണ്ടുപേരുടെ പേരിൽ ഒരു സംയുക്ത ഇടനാട് കാനറാ ബാങ്കിൽ ആരംഭിച്ചു. പ്രവർത്തനങ്ങൾക്കായി പണം നൽകുന്നവരുടെ പേരു വിവരവും പണം അയയ്ക്കുന്ന കൗണ്ടർ ഫോയിലും രണ്ട് വാട്ട്സ്ആപ് ഗ്രൂപ്പുകളിലും പ്രസിദ്ധീകരിക്കുന്ന രീതി സ്വീകരിച്ചു. കൂടാതെ കൃത്യമായ ഇടവേളകളിൽ ബാങ്ക് സ്റ്റേറ്റ്മെന്റ്, പാസ് ബുക്ക് തുടങ്ങിയവ ഗ്രൂപ്പുകളിൽ നൽകി.

പണി ആരംഭിച്ച നാൾ മുതൽ മെഷീന്റെ റീഡിംഗ് ഗ്രൂപ്പിൽ ഇടുന്ന പതിവ് ആരംഭിച്ചു. അധികം താമസിയാതെ തന്നെ എഴുതിയിടുന്ന പതിവ് അവസാനിപ്പിച്ച് മെഷീൻ മീറ്റർ റീഡീംഗ് ഫോട്ടോ എടുത്ത് നൽകുന്ന രീതി അവലംബിച്ചു. ആറ് കടന്നു പോകുന്ന വഴിയിലെ വാർഡുമെമ്പർമാരായിരുന്നു പണിയുടെ മേൽനോട്ടം വഹിച്ചത്. ചില യിടങ്ങളിൽ അവിടുത്തെ സാമൂഹിക പ്രവർത്തകരും. പണം തന്നവർ ആരൊക്കെ, എത്രയൊക്കെ, വാഗ്ദാനം നൽകിയവർ ആരൊക്കെ, മെഷീന്റെ ഓരോ ദിവസത്തേയും ചെലവ് തുടങ്ങി സകല സാമ്പത്തിക വിഷയവും അതാതു ദിവസം തന്നെ ജനങ്ങളിലെത്തി. അങ്ങനെ ഒരു സമാന്തര സാമൂഹിക ഓഡിറ്റിംഗ് സമ്പ്രദായം രൂപപ്പെട്ടു.

സംഭാവനകൾ സ്വീകരിക്കുന്ന ചിത്രങ്ങളും ഓരോ പ്രദേശത്തും പണി നടക്കുന്ന ചിത്രങ്ങളും നിരന്തരം പ്രസിദ്ധീകരിച്ചു. ആദ്യം അഞ്ച് ദിവസത്തേക്ക് 16,500 രൂപ ഒരു ദിവസം എന്നതായിരുന്നു നിരക്കെങ്കിൽ പിന്നീടതു കുറച്ചുകൊണ്ടുവരുവാൻ കഴിഞ്ഞു. നിരക്കുൾപ്പെടെയുള്ള വിവരങ്ങൾ സോഷ്യൽ മീഡിയയിൽ പ്രസിദ്ധീകരിച്ചതോടെ കുറേക്കൂടി കുറഞ്ഞനിരക്കിൽ പണിയെടുക്കുവാൻ തയ്യാറായി കോൺട്രാക്ടർമാർ മുന്നോട്ടു വന്നു. മണിക്കൂറിന് നിരക്ക് 1250 ആയി കുറഞ്ഞു. ആദ്യം വന്ന മെഷീൻ ഉടമകളോടും വിലപേശി തുടക്കം മുതൽ ഉള്ള നിരക്ക് 1250 ആക്കി കൊണ്ടുവരാൻ പ്രവർത്തകർക്ക് കഴിഞ്ഞു. കുറ്റൂർ പഞ്ചായത്തിലെ തൈമാവുംകരയിൽ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ തുളസിദാസ് വരവു ചിലവു കണക്കുകൾ തുടർച്ചയായി പൊതുസ്ഥലത്ത് പ്രദർശിപ്പിച്ചു.



സംഭാവനകൾ സ്വീകരിക്കുന്ന ചിത്രങ്ങളും ഓരോ പ്രദേശത്തും പണി നടക്കുന്ന ചിത്രങ്ങളും നിരന്തരം പ്രസിദ്ധീകരിച്ചു. ആദ്യം അഞ്ച് ദിവസത്തേക്ക് 16,500 രൂപ ഒരു ദിവസം എന്നതായിരുന്നു നിരക്കെങ്കിൽ പിന്നീടതു കുറച്ചുകൊണ്ടുവരുവാൻ കഴിഞ്ഞു. നിരക്കുൾ പ്പെടെയുള്ള വിവരങ്ങൾ സോഷ്യൽ മീഡിയയിൽ പ്രസിദ്ധീകരിച്ചതോടെ കുറേക്കൂടി കുറഞ്ഞനിരക്കിൽ പണിയെടുക്കുവാൻ തയ്യാറായി കോൺട്രാക്ടർമാർ മുന്നോട്ടു വന്നു. മണിക്കൂറിന് നിരക്ക് 1250 ആയി കുറഞ്ഞു.

വരട്ടാർ ഭാഗത്ത് പ്രവർത്തനങ്ങൾ ആരംഭിച്ചപ്പോൾ അവിടെ നിന്നുള്ള ഒരാൾ കൂടി അക്കൗണ്ട് കൈകാര്യം ചെയ്യുന്ന ചുമതലയിലേക്ക് വന്നു. പത്രപ്രവർത്തകനായ ഹരീഷ്കുമാറും രാഷ്ട്രീയ പ്രവർത്തകനായ മിഥുൻ രാജുമാണ് പ്രധാനമായും ബാങ്ക് അക്കൗണ്ട് കൈകാര്യം ചെയ്തത്. എ.എൽ.എ.മാർ പങ്കെടുത്ത വിലയിരുത്തൽ യോഗങ്ങൾ, പ്രവർത്തനങ്ങൾ സുഗമമായി മുമ്പോട്ടു പോകുവാൻ സഹായിച്ചു.

## വീണ്ടെടുപ്പിലെ രാഷ്ട്രീയ സഹവർത്തിത്വം

പ്രവർത്തനങ്ങൾ ആരംഭിക്കുമ്പോൾ നദി ഒഴുകുന്ന 5 തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ഒരിടത്ത് LDF രണ്ടിടത്ത് UDF രണ്ടിടത്ത് BJP എന്നതായിരുന്നു നില. 5 തദ്ദേശ ഭരണ സ്ഥാപനങ്ങളിലും കൂടി 20 വാർഡുകളാണ് വരട്ടാറിൻ തീരത്ത് വരിക. ഇതിൽ 7 വാർഡുകൾ LDF ഉം 7 വാർഡുകൾ BJP യും 5 വാർഡുകൾ UDF ഉം ഒരു വാർഡ് സ്വതന്ത്രനും എന്ന നിലയിലായിരുന്നു ഭരണസാന്നിദ്ധ്യം വരട്ടാറിന്റെ പേരിൽ തന്നെ ചില പഞ്ചായത്തുകളിൽ സംഘർഷങ്ങൾ ഉണ്ടാകുന്ന നിലയെത്തുമ്പോഴും രാഷ്ട്രീയത്തിനതീതമായ ഒരു ബന്ധം വരട്ടാർ പ്രവർത്തനങ്ങളുടെ അന്തർധാരയായി പ്രവർത്തിച്ചു. തനി രാഷ്ട്രീയ



നിലപാടുകളുമായി നീങ്ങിയ ചിലരെ അതാതു പാർട്ടിക്കാർ തന്നെ ഒറ്റപ്പെടുത്തുന്നതും രാഷ്ട്രീയത്തിനതീതമായി പ്രവർത്തിച്ചവരെ എല്ലാ പാർട്ടിക്കാരും അംഗീകരിക്കുന്നതും പുനർജീവന പ്രവർത്തനങ്ങളിൽ കണ്ടു.

രാഷ്ട്രീയ പാർട്ടികളുടെയും അവരുടെ പോഷക സംഘടനകളുടെയും സന്നദ്ധ പ്രവർത്തനം പലയിടങ്ങളിലും നടന്നു. കൂടാതെ വരട്ടാറിന്റെ കൈവഴിയായ കുപ്പുകുളത്തിൽ തോട് ഒരു രാഷ്ട്രീയ കക്ഷി ഏറ്റെടുത്തപ്പോൾ മുളന്തോട് മറ്റൊരു രാഷ്ട്രീയകക്ഷി ഏറ്റെടുക്കുന്നതും കാണാനായി. വരട്ടാറിലെ രാഷ്ട്രീയ കാലാവസ്ഥ പിന്നീട് പ്രക്ഷുബ്ധമാകുകയും ജനകീയ ഘട്ടം അവസാനിക്കുമ്പോഴേക്കും ഒരിടത്ത് ഭരണമാറ്റം സംഭവിക്കുകയും ചെയ്തു.

വരട്ടാറിലുണ്ടായിരുന്ന രാഷ്ട്രീയാതീത ബന്ധത്തിന് പല ഉപകഥയുടെയും സാക്ഷ്യം ഉണ്ട്. ഉദാഹരണത്തിന് ഒരിക്കൽ ഒരു പ്രമുഖരാഷ്ട്രീയ കക്ഷിയുടെ സന്നദ്ധ സേവനം നടക്കുന്നു. തീവ്രമായ എതിർ നിലപാടുകളുള്ള രാഷ്ട്രീയ കക്ഷിയുടെ വരട്ടാർ പ്രവർത്തകർ ദൂരെമാറിനിന്ന് വീക്ഷിക്കുന്നു. കപ്പയും കാന്താരി ചമ്മന്തിയുമാണ് ഭക്ഷണം. സന്നദ്ധ സേവനത്തിൽ പങ്കെടുത്ത പുറമെ നിന്നുള്ള പ്രവർത്തകർ പോയതിനു ശേഷം എതിർകക്ഷിയുടെ വരട്ടാർ പ്രവർത്തകർ കൂടിയെത്തി കപ്പയും കാന്താരിച്ചമ്മന്തിയും ഒരുമിച്ച് കഴിക്കുന്നതൊക്കെ വേറിട്ട അനുഭവങ്ങളായി. ഉപസംഭവങ്ങൾ ഇങ്ങനെ നിരവധി വരട്ടാറിൽ കാണാം.

## പുതിയ വികസന സമീപനം

നദികളുടെ ആരംഭത്തിൽ ഒഴുക്കുതടഞ്ഞ് വഴിയൊരുക്കിയ ചപ്പാത്തുകൾ നീക്കം ചെയ്യപ്പെട്ടു. നിരന്തരമായ ജനസഞ്ചാരവും വാഹന സഞ്ചാരവുമുള്ള ചപ്പാത്തുകൾ. ജൂൺ 17-നാണ് ആദിപമ്പ യുടെ തുടക്കത്തിലെ ചപ്പാത്ത് നീക്കം ചെയ്യുവാൻ കെ.കെ രാമചന്ദ്രൻ നായർ MLA നാട്ടുകൂട്ടം വിളിച്ചു ചേർക്കുന്നത്. പുഴയാണ് പ്രധാനം എന്ന തിരിച്ചറിവിൽ 1981 മുതൽ ഉപയോഗിക്കുന്ന ചപ്പാത്ത് ജനകീയമായി തന്നെ പൊളിച്ചു നീക്കുവാൻ തീരുമാനമെടുത്തു. രണ്ടാമത്തെ ദിവസം വാർഡുമെമ്പർമാരായ ദേവി പ്രസാദിന്റെയും പ്രദീപിന്റെയും നേതൃത്വത്തിൽ നിരവധി ആളുകളുടെ സാന്നിദ്ധ്യത്തിൽ യന്ത്രസഹായത്താൽ ചപ്പാത്ത് നീക്കം ചെയ്തു. പുതുക്കുളങ്ങരയിലെ രണ്ടാമത്തെ ചപ്പാത്ത് നീക്കം ചെയ്യുന്നത് ആഗസ്റ്റ് 23-നാണ്.

ഇവിടെ നടന്നുപോകുന്നതിനുള്ള താത്കാലിക സംവിധാനം ജനങ്ങൾ തന്നെ ഏർപ്പാടാക്കി.

## പ്രാദേശിക നേതൃത്വങ്ങൾ

സാമ്പത്തിക കാര്യങ്ങൾ കേന്ദ്രീകൃതമായി കൈകാര്യം ചെയ്തതൊഴിച്ചാൽ എല്ലാ പ്രവർത്തനങ്ങളും അതാത് പ്രദേശത്ത് ഉരുത്തിരിഞ്ഞ നേതൃത്വത്തിന്റെ കീഴിലാണ് മുമ്പോട്ടു നീങ്ങിയത്. വാർഡു മെമ്പർമാർ സജീവമല്ലായിരുന്ന ചിലയിടങ്ങളിൽ ജനങ്ങളിൽ നിന്ന് നേതൃത്വം ഉയർന്നുവരുന്നതു കണ്ടു. വാർഡുമെമ്പർ മാരോ പ്രാദേശിക നേതൃത്വമോ ചുമതലയില്ലാതെ വന്ന ഒന്നു രണ്ടു വാർഡുകളിൽ മറ്റു പ്രദേശത്തുള്ളവർ വന്ന് കാര്യങ്ങൾ നിയന്ത്രിക്കുന്നതും കാണുവാനായി. പല സങ്കുചിത നേതൃത്വങ്ങളെയും വരട്ടാർ ഒഴുക്കിക്കളഞ്ഞു.

സജീവമായ പ്രാദേശിക കൂട്ടായ്മകളിൽ എടുത്തുപറയേണ്ടതാണ് ചേലൂർക്കടവും തൈമാവുംകരയും. ചേലൂർക്കടവിലെ ജനങ്ങൾ വാർഡുമെമ്പർ ബിന്ദുവിന്റെ നേതൃത്വത്തിൽ സജീവമായി നിലകൊണ്ടു. പുനർജീവിച്ച ആദിപമ്പയിലൂടെ ആദ്യം തുഴഞ്ഞുപോയ പള്ളിയോടം ചേലൂർക്കടവിൽ വിശ്രമിക്കുന്ന കുന്നേക്കാട് പള്ളിയോടമായിരുന്നു. പുഴയുടെ മരണത്തോടെ വളർന്നുവന്ന നീന്തലറിയാത്ത പുതുതലമുറയെ നീന്തൽ പഠിപ്പിക്കുന്ന പ്രവർത്തനങ്ങൾ അവിടെ ആരംഭിച്ചു കഴിഞ്ഞു. തൈമാ

സജീവമായ പ്രാദേശിക കൂട്ടായ്മകളിൽ എടുത്തുപറയേണ്ടതാണ് ചേലൂർക്കടവും തൈമാവുംകരയും. ചേലൂർക്കടവിലെ ജനങ്ങൾ വാർഡുമെമ്പർ ബിന്ദുവിന്റെ നേതൃത്വത്തിൽ സജീവമായി നിലകൊണ്ടു. പുനർജീവിച്ച ആദിപമ്പയിലൂടെ ആദ്യം തുഴഞ്ഞുപോയ പള്ളിയോടം ചേലൂർക്കടവിൽ വിശ്രമിക്കുന്ന കുന്നേക്കാട് പള്ളിയോടമായിരുന്നു. പുഴയുടെ മരണത്തോടെ വളർന്നുവന്ന നീന്തലറിയാത്ത പുതു തലമുറയെ നീന്തൽ പഠിപ്പിക്കുന്ന പ്രവർത്തനങ്ങൾ അവിടെ ആരംഭിച്ചു കഴിഞ്ഞു. തൈമാവുംകരയിൽ വരട്ടാൻ സംസ്കൃതി സമിതി എന്നൊരു സംഘടന രൂപീകരിച്ച് പ്രവർത്തനം തുടങ്ങി.



വുംകരയിൽ (കുറ്റൂർ പഞ്ചായത്ത്) വരട്ടാർ സംസ്കൃതി സമിതി എന്നൊരു സംഘടന രൂപീകരിച്ച് പ്രവർത്തനം തുടങ്ങി. തുളസീദാസ് ആണ് നേതൃത്വം നൽകുന്നത്. രാജേഷ്, വേണുഗോപാൽ, മനോജ് തുടങ്ങി നിരവധി പേർ ഈ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നു. PIP കനാൽ മാലിന്യം കൊണ്ടുതള്ളുന്ന ഒരു ഭാഗം തൈമാവുംകരയാണ്. വരട്ടാറിലെ മാലിന്യം നീക്കംചെയ്യാൻ പണംപിരിച്ച് ഒരു PVC ചങ്ങാടം ഇവർ നിർമ്മിച്ചുകഴിഞ്ഞു. വരട്ടാർ തീരം മനോഹരമാക്കുന്ന പ്രവർത്തനങ്ങളും ആരംഭിച്ചു.

ഒരിക്കൽ പോലും ഏതെങ്കിലും മീഡിയയുടെ മുൻപിലെത്താതെ ഊണും ഉറക്കവും ഉപേക്ഷിച്ച് പണിയെടുത്ത ആളാണ് പ്രവീൺ ശങ്കരമംഗലം. വരട്ടാറിൻ തീരത്ത് അപൂർവ്വ സസ്യങ്ങൾ കാണുമ്പോഴും വരട്ടാറിൽ ഒഴുക്കു വീഴുമ്പോഴും വരട്ടാറിൻ മേലെ തുമ്പികൾ പാറി നടന്നപ്പോഴും ഒക്കെ സ്വകാര്യ സന്തോഷങ്ങൾ വരട്ടാർ സ്നേഹികളോട് പങ്കുവച്ച് നടന്നയാൾ ജൂൺ 25 ന് വരട്ടാർമുഖം ആദ്യഘട്ട പണികൾ പൂർത്തിയാകാൻ നിൽക്കാതെ സ്വയംതുറന്നപ്പോൾ അതിന് സാക്ഷ്യം വഹിച്ച ആദ്യയാൾ പ്രവീണായിരുന്നു.

പ്രവർത്തനങ്ങൾക്ക് മൊത്തത്തിൽ നേതൃത്വം കൊടുത്തത് ഇരവിപേരൂർ പഞ്ചായത്ത് വൈസ് പ്രസിഡന്റു കൂടിയായ അഡ്വ. രാജീവാണ്. ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയിലെ കൗൺസിലർമാരായ സജൻ വർഗ്ഗീസ്, പ്രദീപ്, ദേവി പ്രസാദ് ഇരവിപേരൂർ പഞ്ചായത്തിലെ മെമ്പർമാരായ ബിന്ദു, പ്രജിത തിരുവൻവണ്ടൂർ പഞ്ചായത്തിലെ ജനപ്രതിനിധിയായ മനു തെക്കേടത്ത് കുറ്റൂർ പഞ്ചായത്ത് പ്രസിഡന്റ് കൂടിയായ ശ്രീലേഖ രഘുനാഥ് ജില്ലാപഞ്ചായത്ത് അംഗങ്ങൾ ജോജി ചെറിയാൻ, ജോർജ്ജ് മാമ്മൻ കൊണ്ടൂർ മുൻ MLA ശോഭനാ ജോർജ്ജ് എല്ലാ പ്രവർത്തനങ്ങളിലും ഓടി നടന്ന പത്രപ്രവർത്തകൻ ഹരീഷ് കുമാർ, വിവരാവകാശ പ്രവർത്തകൻ രാജീവ് പള്ളത്ത്, പടിഞ്ഞാറൻ വരട്ടാറിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച ശ്രീരാജ് ശ്രീവിലാസം, കണക്കുകൾ കൃത്യമായി കൈകാര്യം ചെയ്ത വേണുഗോപാൽ, മിഥുൻരാജ് തൈമാവുംകരയെ ഒന്നാകെ വരട്ടാറിനോട് ചേർത്തുകെട്ടിയ തുളസീദാസ്, മനോജ്, ഹരി തുടങ്ങി വരട്ടാറിന് മറക്കാനാവാത്ത പേരുകൾ നിരവധിയാണ്. പള്ളിയോട സേവാസംഘം



ഘങ്ങളുടെ പിന്തുണ പ്രശംസനീയമായിരുന്നു.

### ചാലിൽ നിന്ന് പുഴയിലേക്ക്

പുഴയുടെ ഏതാണ്ട് മൂന്നിൽ രണ്ടു ഭാഗവും സ്വകാര്യ വ്യക്തികളുടെ കൈവശമായിരുന്നു. പുഴയ്ക്കു വേണ്ടിയുണ്ടായ ജനകീയ മുന്നേറ്റവും സർക്കാരിന്റെ സജീവ നേതൃത്വവും ഈ ഭൂമി വിട്ടു കൊടുക്കേണ്ടി വരുമെന്ന തോന്നൽ ആദ്യമേതന്നെ പലരിലും ഉളവാക്കിയിരുന്നു. ആദിപമ്പയിൽ പലയിടത്തും വിസ്തൃതി കൂട്ടിയെടുത്തു. വീതി കൂട്ടിയെടുക്കുന്ന പ്രവർത്തനങ്ങൾ സാമ്പത്തിക ബാധ്യത വരുത്തുമെന്നും അതിനാൽ രണ്ടാംഘട്ടം മതി അത്തരം പ്രവർത്തനങ്ങൾ എന്നു ഒരു വിഭാഗം വാദിച്ചു. ബലമായി വിസ്തൃതി കൂട്ടണ്ട യെന്നും വിട്ടുകൊടുക്കുന്നിടത്തൊക്കെ പരമാവധി പുഴയുടെ മണ്ണ് വീണ്ടെടുക്കണമെന്നുമുള്ള അഭിപ്രായത്തിന് കൂടുതൽ പിന്തുണ ലഭിച്ചു. പലയിടത്തും റബ്ബർ ഉൾപ്പെടെ പല മരങ്ങളും പിഴുത് മാറ്റി വിസ്തൃതി കൂട്ടപ്പെട്ടു. വരട്ടാർ കുറ്റൂർ തിരുവൻവണ്ടൂർ ഭാഗങ്ങളിൽ കുറെയധികം സ്ഥലത്ത് ഏതാണ്ട് പൂർണ്ണമായ തോതിൽ വീണ്ടെടുക്കുന്നത് കാണാനായി. കൃഷി മാറ്റിയും മരങ്ങൾ പിഴുതുമാറ്റിയും മതിലിടിച്ചുകൊടുത്തും നിരവധി പേർ പുഴയുടെ മണ്ണ് പുഴയ്ക്ക് തന്നെ വിട്ടുകൊടുത്തു. എന്നാൽ ഇത്ര വലിയ ജനകീയ ഇച്ഛയ്ക്കുമുൻപിലും കൈയ്യേറ്റത്തിന്റെ ധാർഷ്ട്യവുമായി നിലകൊണ്ട പലരുമുണ്ടായിരുന്നു എന്ന് പറയാതെ വയ്യ. വെള്ളം കുറയുമ്പോൾ വിസ്തൃതി കൂടിയ ഭാഗത്ത് കള വേഗത്തിൽ വളരുമെന്നും മണ്ണടിയുമെന്നും ഒക്കെ ഒരു വിഭാഗം വാദിച്ചുവെങ്കിലും പുഴയുടെ മണ്ണ് പുഴയ്ക്ക് തിരികെ ലഭിച്ചു എന്നത് വലിയ നേട്ടമായി. ഏതെങ്കിലും ഔദ്യോഗിക സംവിധാനത്തിലൂടെയായിരുന്നു ഈ പ്രവർത്തനങ്ങളെങ്കിൽ കോടതി ഉത്തരവുകൾ ഒക്കെ ആയി പണി തടസ്സപ്പെട്ടേനെ എന്നു വിശ്വസിക്കുന്ന നിരവധി പേരുണ്ട്. പുഴ വിസ്തൃതി കൂട്ടിയെടുക്കുന്നതിനെ സർക്കാർ പൂർണമായും പിന്തുണച്ചു. രാഷ്ട്രീയ നേതൃത്വങ്ങളാരും തന്നെ കൈയ്യേറ്റങ്ങളെ പരസ്യമായി അനുകൂലിച്ചില്ല.

### എല്ലാ ചുവടുകളും വരട്ടാറിലേക്ക്

വിദൂര സ്ഥലങ്ങളിൽ നിന്നും ആളുകൾ വരട്ടാറിലെത്തി. പഞ്ചാബിലെ കാളിബെൻ നദി വീണ്ടെടുത്തവരും ഇതിൽപ്പെടുന്നു. വാർത്ത മാധ്യമങ്ങൾ വരട്ടാർ വീണ്ടെടുക്കൽ ലോകം മുഴുവൻ എത്തിച്ചു. MG റോഡു വഴി യാത്ര ചെയ്യുന്ന പലരും ആദി പമ്പയും വരട്ടാറും കാണാനെത്തി. നിരവധി സ്കൂൾ കുട്ടികൾ വരട്ടാർ തീരത്ത് വന്ന് പുഴ വീണ്ടും ഒഴുകുന്നത് കണ്ട് തിരിച്ചുപോയി. ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജ്, ശ്രീ അയ്യപ്പ കോളേജ് ഇരമല്ലിക്കര തുടങ്ങി പല കോളേജിലെയും കുട്ടികൾ സന്നദ്ധ സേവനവുമായി എത്തി. പ്രശസ്ത സിനിമാതാരവും MP യുമായ സുരേഷ്ഗോപി പടിഞ്ഞാറൻ വരട്ടാറിലെ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്യാനെത്തി. സിനിമാനടൻ ദേവൻ വരട്ടാർ മുഖത്ത് നദീ വന്ദനത്തിനെത്തി. വേഗവര കാർട്ടൂണിസ്റ്റ് ജിതേഷ് കുട്ടികളുമായി വരട്ടാർ തീരത്ത് ചിത്രങ്ങളിലൂടെ സംവദിച്ചു. മത സംഘടനകൾ രാഷ്ട്രീയ പാർട്ടികൾ യുവജനസംഘടനകൾ ക്ലബുകൾ തുടങ്ങി നിരവധി പേർ സന്നദ്ധ സേവനത്തിലും വിഭവ സമാഹരണത്തിലും പങ്കാളികളായി. മോഹൻലാൽ, ഷീല തുടങ്ങി സിനിമാ മേഖലയിൽ നിന്ന് ധാരാളം ആശംസകൾ എത്തി. സംസ്ഥാന അവാർഡ് നേടിയ ഗാനരചയിതാവ് ഒ.എസ്. ഉണ്ണിക്കൃഷ്ണൻ വരട്ടാർ പുനരുജ്ജീവന ഉണർത്തുപാട്ട് രചിച്ചു. ഗിരീഷ്നാരായണൻ സംഗീതം നൽകിയ ഈ പാട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയൻ ജൂലൈ 31 ന് പ്രകാശനം ചെയ്തു.

### വരട്ടാർ വീണ്ടെടുക്കലിലെ സംഘടനാരൂപം

വരട്ടാർ പുനരുജ്ജീവനവുമായി ബന്ധപ്പെട്ട് യാതൊരു സംഘടനാരൂപവും ഔദ്യോഗികമായി ഉണ്ടായില്ല. തികച്ചും ആവശ്യം അനുസരിച്ച് പുഴയ്ക്കുവേണ്ടി നിലകൊള്ളുന്നവർ ഒന്നിച്ചു മുൻപോട്ടു വരുന്നരീതി. സർക്കാർ ചുമതലപ്പെടുത്തിയ ചിലർ പിന്നിൽ നിന്നിരുന്നു എന്ന

തൊഴിച്ചാൽ പൂർണ്ണമായും അതാതുപ്രദേശത്തെ ജനങ്ങളുടെയും ജനപ്രതിനിധികളുടെയും ഉടമസ്ഥതയിൽ നടന്ന പ്രവർത്തനങ്ങൾ. ഇതാണ് വരട്ടാർ പുനരുജ്ജീവനത്തെ വ്യത്യസ്ഥമാക്കുന്നത്. ഓരോ പ്രദേശത്തും സ്വതന്ത്രമായി നടത്തപ്പെട്ട പ്രവർത്തനങ്ങൾ പങ്ക് വയ്ക്കുവാൻ വാട്ട്സ്ആപ് പ്ലാറ്റ്ഫോം ഉണ്ടായതാണ് 13.4 കിലോമീറ്റർ പുനരുജ്ജീവനം സ്വാഭാവികമായി മുന്നോട്ടു നീങ്ങുവാൻ കാരണമായത്.

### ജനങ്ങൾ പുഴയെ വീണ്ടെടുത്തു - സർക്കാർ ഒപ്പം നിന്നു

ബഹു. മുഖ്യമന്ത്രി പിണറായി വിജയൻ മുതൽ പ്രദേശത്തെ MLA മാർ വരെ വലിയ പ്രതീക്ഷയോടെയാണ് വരട്ടാർ പുനർജീവനത്തെ നോക്കിക്കണ്ടത്. ധനകാര്യ മന്ത്രി ഡോ. തോമസ് ഐസക്കും ജലവിഭവ വകുപ്പു മന്ത്രി മാത്യു റ്റി. തോമസും ദൈനംദിനമെന്നോണം പിന്തുണ നൽകി. ജലവിഭവ വകുപ്പിന്റെ ജനകീയ മുഖം പുറത്തുകൊണ്ടുവന്ന പ്രവർത്തനം കൂടിയായി വരട്ടാർ പുനർജ്ജീവനം. ജനങ്ങളുടെ നീണ്ടകാലത്തെ ആഗ്രഹങ്ങളോട് ക്രിയാത്മകമായി പ്രതികരിച്ച ഹരിതകേരളം മിഷൻ ഉപാധ്യക്ഷ ഡോ. റ്റി. എൻ സീമയും സംഘവും വരട്ടാർ പ്രവർത്തനങ്ങളോടൊപ്പം സഞ്ചരിച്ചവരാണ്. തുടർ പ്രവർത്തനങ്ങൾ ആലോചിക്കുവാൻ വിളിച്ചു ചേർത്ത നാട്ടുകൂട്ടങ്ങളിൽ മൂന്നു മന്ത്രിമാരാണ് പങ്കെടുത്തത്. 2017 ജൂലൈ 4 ന് നാലു നാട്ടുകൂട്ടങ്ങൾ നടന്നു. ഇടനാട്, പുതുക്കുളങ്ങര, തലയാർ, ഇരമല്ലിക്കര ഇവയായിരുന്നു കേന്ദ്രങ്ങൾ. ജനപങ്കാളിത്തം കൊണ്ട് ശ്രദ്ധേയങ്ങളായിരുന്നു ഓരോ നാട്ടുക്കൂട്ടവും. ഏറെക്കുറെ ആദ്യഘട്ട വീണ്ടെടുപ്പ് പൂർത്തിയാകപ്പെട്ട സമയത്താണ് നാട്ടുകൂട്ടങ്ങൾ നടക്കുന്നത്. ഭാവിപ്രവർത്തനങ്ങളെക്കുറിച്ച് ജനങ്ങളുടെ അഭിപ്രായങ്ങൾ ഇവിടെ സ്വാംശീകരിക്കപ്പെട്ടു. പ്രവർത്തനങ്ങളോട് ക്രിയാത്മകമായി പ്രതികരിച്ച സർക്കാർ പ്രതിനിധികൾ ഹരിതകേരളം മിഷന്റെയും ജലവിഭവവകുപ്പിന്റെയും കൃഷിവകുപ്പിന്റെയും തുടർനടപടികൾ വിശദീകരിക്കുകയുണ്ടായി. ഇതിൽ ശ്രദ്ധേയങ്ങളായവ പുഴയോരത്ത് ജൈവവൈവിധ്യ പാർക്ക്, നടപ്പാത, ഒഴുക്കുതടഞ്ഞ ചപ്പാത്തുകളുടെ സ്ഥാനത്ത് പുതിയ പാലങ്ങൾ, വിശദമായ പാരിസ്ഥിതികാഘാത പഠനത്തിന്റെ അടിസ്ഥാനത്തിൽ പുഴ വീണ്ടെടുക്കൽ, പ്രദേശസൂചിക ലഭിച്ച മധ്യതിരുവിതാംകൂർ പതിയൻ ശർക്കര വീണ്ടെടുക്കൽ, നെൽകൃഷി വീണ്ടെടുക്കൽ, പുഴയുടെ നീരൊഴുക്ക് വീണ്ടെടുക്കുന്നതിന് വാട്ടർഷെഡ് അടിസ്ഥാനത്തിലുള്ള ജലസംരക്ഷണ പ്രവർത്തനങ്ങൾ, തീരസംരക്ഷണ പ്രവർത്തനങ്ങൾ തുടങ്ങിയവയാണ്.

### ജനങ്ങളെ അനുമോദിക്കൽ

പരിപൂർണ്ണമായും ജനകീയമായി ഒരു പുഴയെ വീണ്ടെടുക്കുന്നത് കേരളത്തിലാണ്, അത് വരട്ടാറാണ്. അതും 50 വർഷംകൊണ്ട് മരണപ്പെട്ട ഒരു നദി. ജനങ്ങളെ അനുമോദിക്കുവാൻ 2017 സെപ്റ്റംബർ 2 ന് ബഹു. മുഖ്യമന്ത്രി പിണറായി വിജയൻ നേരിട്ടെത്തി. പുഴയെ വീണ്ടെടുത്ത് ജനങ്ങളോട് അത് മലിനമാക്കുന്നതിനെതിരെ ജാഗരൂഗരായിരിക്കുവാൻ അദ്ദേഹം അഭ്യർത്ഥിച്ചു. ജലസ്രോതസ്സുകൾ മലിനമാക്കുന്നത് സർക്കാർ ഗൗരവതരമായാണ് കാണുന്നതെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

പുനരുജ്ജീവിപ്പിച്ച ആദിപമ്പയിൽ പള്ളിയോടങ്ങളുടെ ജലഘോഷയാത്രയും വള്ളംകളിയും സംഘടിപ്പിച്ചാണ് ഇരവിപേരൂർ പഞ്ചായത്ത് ജനകീയ പുനരൂജ്ജീവന പ്രവർത്തനങ്ങളുടെ അനുമോദന സമ്മേളനത്തിന് ആതിഥ്യമരുളിയത്. മുഖ്യമന്ത്രി ഫ്ളാഗ്ഓഫ് ചെയ്ത വള്ളംകളിയിൽ വിജയിച്ച പള്ളിയോടത്തിന് ഹരിതകേരളം ട്രോഫി ആറന്മുള്ള MLA വീണാ ജോർജ്ജ് സമ്മാനിച്ചു. അനുമോദന സമ്മേളനവും ജനപങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി. രാജ്യസഭാ ഉപാദ്ധ്യക്ഷനും, മന്ത്രിമാരായ ഡോ. തോമസ്ഐസക്, മാത്യു റ്റി. തോമസ് എന്നിവരും ചെങ്ങന്നൂർ, ആറന്മുള, റാന്നി MLAമാരും ജില്ലാ, ബ്ലോക്ക്, പഞ്ചായത്ത് ഭാരവാഹികളും രാഷ്ട്രീയ നേതാക്കളും ഉൾപ്പെടെ നിരവധി പേർ പങ്കെടുത്തു.



പരിപൂർണ്ണമായും ജനകീയമായി ഒരു പുഴയെ വീണ്ടെടുക്കുന്നത് കേരളത്തിലാണ്, അത് വരട്ടാറാണ്. അതും 50 വർഷംകൊണ്ട് മരണപ്പെട്ട ഒരു നദി. ജനങ്ങളെ അനുമോദിക്കുവാൻ 2017 സെപ്റ്റംബർ 2 ന് ബഹു. മുഖ്യമന്ത്രി പിണറായി വിജയൻ നേരിട്ടെത്തി. പുഴയെ വീണ്ടെടുത്ത് ജനങ്ങളോട് അത് മലിനമാക്കുന്നതിനെതിരെ ജാഗരൂഗരായിരിക്കുവാൻ അദ്ദേഹം അഭ്യർത്ഥിച്ചു.

### വരട്ടാറിന്റെ സുസ്ഥിരത

പുഴ വെട്ടേണ്ടിയിടത്ത് പുഴ വെട്ടിയും കളയും കാടും പടലും മരങ്ങളും നീക്കേണ്ടിടത്ത് അത് നീക്കിയും ചപ്പാത്തുകൾ പൊളിച്ചുകളഞ്ഞും പലയിടത്തും കൈയ്യേറ്റ ഭൂമി തിരിച്ചെടുത്തും ഏതാണ്ട് 13.4 കിലോമീറ്റർ ഒഴുക്കു പുനസ്ഥാപിക്കുമ്പോൾ 2,850,242 രൂപയായിരുന്നു ചെലവ്. വെറും 5 ദിവസത്തേക്ക് ചാലുകീറാൻ ആരംഭിച്ച ഒരു പ്രവർത്തനം 66 ദിവസങ്ങളിലായി 2411 മെഷീൻ മണിക്കൂറുകളിലായാണ് പൂർത്തീകരിച്ചത്. ചെലവുകൾ പൂർണ്ണമായും ജനകീയമായി കണ്ടെത്തുകയായിരുന്നു.

## തുടർ പ്രവർത്തനങ്ങൾ

### ഭൂമി വീണ്ടെടുക്കൽ

വരട്ടാറിന്റെ ഭൂമി വീണ്ടെടുക്കുക എന്ന നിയമപരമായ ദൗത്യമായിരുന്നു പിന്നീട് നടന്നത്. റവന്യു വകുപ്പിന്റെ നേതൃത്വത്തിൽ ഭൂമി അളന്ന് തിരിച്ച് കല്ലിട്ടു. അങ്ങനെ

14 ഓളം കി.മീ നീളത്തിൽ, പലരും വർഷങ്ങളായി കൈവശം വച്ചിരുന്ന ഭൂമി തിരികെപ്പിടിച്ചു. റബ്ബർ, തേക്കു തോട്ടങ്ങൾ വളർന്നു നിന്ന ഭൂമിയും ഇതിൽപ്പെടും. അസ്വാരസ്യങ്ങളില്ലാതെ ഈ തിരികെപ്പിടിക്കൽ സാധ്യമായത് ആദ്യം മുതൽ നടന്ന ജനകീയ കാമ്പയിനുകൾ കാരണമാണ്. ഇന്നല്ലെങ്കിൽ നാളെ ഭൂമി വിട്ടുനൽകേണ്ടി വരും എന്ന ധാരണ ഭൂമി കൈവശം വച്ചിരുന്നവരുടെ ഇടയിൽ സൃഷ്ടിക്കുന്നതിന് കാമ്പയിനു കഴിഞ്ഞു.

## നീർത്തട മാസ്റ്റർപ്ലാനുകൾ

വരട്ടാറിന്റെയും ആദിപമ്പയുടെയും നീരൊഴുക്ക് സുസ്ഥിരമാകണമെങ്കിൽ വൃഷ്ടിപ്രദേശത്തെ ഭൂജലനിരപ്പും ഭൂഗർഭ നീരൊഴുക്കും പുനസ്ഥാപിക്കേണ്ടിവരും. പുഴയിലേക്ക് എത്തിച്ചേരുന്ന തോടുകൾ, ഈ തോടുകളുടെ പിറവിക്കു കാരണമായ ഉറവകൾ, നീർച്ചാലുകൾ, വൃഷ്ടിപ്രദേശത്തെ കുളങ്ങൾ, കിണറുകൾ തുടങ്ങി സകല ജലസ്രോതസ്സുകളും പുനർജ്ജീവിപ്പിക്കണം. കൂടാതെ നീരൊഴുക്ക് തടയുന്ന റോഡുകളോ ചപ്പാത്തുകളോ ഉണ്ടെങ്കിൽ അത് മാറ്റി നീരൊഴുക്കുകൾ സ്ഥലം സൃഷ്ടിച്ച് (Room for River) പകരം സംവിധാനങ്ങൾ ഏർപ്പെടുത്തണം. ഹരിതകേരളം മിഷന്റെയും ഭൂജലവകുപ്പിന്റെയും നേതൃത്വത്തിൽ നീർത്തട മാസ്റ്റർപ്ലാൻ രൂപീകരിച്ചു കഴിഞ്ഞു.

## ഖരമാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ

പുഴയിലേക്കെത്തിപ്പെടുന്ന എല്ലാ മാലിന്യ സ്രോതസ്സുകളും കണ്ടെത്തുന്നതിന് ജനകീയ പഠനം ആവശ്യമാണ്. നഗര സ്വഭാവമുള്ള പ്രദേശങ്ങളിൽ നിന്ന എത്തിച്ചേരുന്ന അഴുക്കുചാലുകൾ, പുഴയിലേക്ക് തുറന്നുവച്ചിരിക്കുന്ന കക്കൂസ് കുഴലുകൾ, മാലിന്യം തള്ളുന്ന ഇടങ്ങൾ, തൊഴുത്തുകൾ, കച്ചവട സ്ഥാപനങ്ങൾ തുടങ്ങിയവയിൽ നിന്നുള്ള മാലിന്യങ്ങൾ ഇവ വരട്ടാറിനെ മലിനപ്പെടുത്തുന്നു. കൂടാതെ വലതുകര കനാലിലൂടെ മണിയാർ മുതലുള്ള മാലിന്യം പുഴയിലെത്തുന്നു. കക്കൂസ് മാലിന്യം നിക്ഷേപിക്കപ്പെട്ട അനുഭവങ്ങളുമുണ്ട്. എല്ലാ തരത്തിലുള്ള മലിനീകരണ സ്രോതസ്സുകളും കണ്ടെത്തി അത് തടയുന്നതിനുള്ള പദ്ധതികൾ രൂപീകരണം. ഇതിനായി ശുചിത്വമിഷന്റെ ആഭിമുഖ്യത്തിൽ ജനകീയ സംഘങ്ങൾ പുഴയുടെ വൃഷ്ടിപ്രദേശം സന്ദർശിച്ച് പ്രശ്നങ്ങൾ പഠിച്ച് പദ്ധതികൾ ആവിഷ്കരിക്കണം.

### ജൈവ-വൈവിധ്യ സംരക്ഷണം, പുനസ്ഥാപനം

അപൂർവങ്ങളായ സസ്യസമ്പത്തുള്ള തീരമാണ് ആദി പമ്പ - വരട്ടാർ തീരം. ഇവ ശാസ്ത്രീയമായി രേഖപ്പെടുത്തി വയ്കക്കേണ്ടതുണ്ട്. ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റി (ബി.എം.സി) യുടെ സഹായത്തോടെ സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കും. നിലവിലുള്ള മരങ്ങൾക്ക് QR കോഡ് നൽകുന്ന പ്രവർത്തനവും ആരംഭിക്കും. തുടർന്ന് പുഴകളുടെ ഇരു വശങ്ങളിലും ലഭ്യമായ സ്ഥലത്ത് ഹോർത്തൂസ് മലബാറിക്കസിൽ പ്രതിപാദിച്ചിട്ടുള്ള പുഴയോരത്ത് സാധ്യമായ മരങ്ങൾ നട്ടുപിടിപ്പിക്കുവാനാണ് പരിപാടി. ഇതിനായി പുഴയുടെ ഇരുകരകളിലെയും ചരിവും മണ്ണിന്റെ തരവുമനുസരിച്ച് പല ഗ്രിഡുകളായി തിരിച്ചുകൊണ്ട് മഴക്കാലത്ത് വെള്ളം കയറുന്നതുൾപ്പെടെ പരിഗണിച്ച് അനുയോജ്യമായ മരങ്ങൾ നിശ്ചയിക്കും. പല അപൂർവ ഇനം മരങ്ങളും ലഭ്യമാക്കുന്നതിന് വനംവകുപ്പിന്റെ കാര്യക്ഷമമായ പങ്കാളിത്തം ആവശ്യമാണ്. വനമേഖലയിൽ ലഭ്യമായ വിത്തുകളോ ചെടികളോ ശേഖരിച്ച് നഴ്സറിയിൽ വളർത്തി നടേണ്ടിവരും. കൂടാതെ വനംവകുപ്പിന്റെ പല സ്കീമുകളുമായും സമന്വയ സാധ്യതകളും അന്വേഷിക്കും.

### ജൈവകൃഷി-കാർഷിക ജൈവ വൈവിധ്യം

പുഴയുടെ വൃഷ്ടിപ്രദേശത്ത് വരുന്ന വീടുകളിലേയും സ്ഥാപനങ്ങളിലേയും ജൈവമാലിന്യ സംസ്കരണം കൃഷിയുമായി ബന്ധപ്പെടുത്തും. മാലിന്യത്തിൽ നിന്നുത്പാ

ദിപ്പിക്കുന്ന ജൈവവളം/കമ്പോസ്റ്റ് ഉപയോഗിച്ചുകൊണ്ടുള്ള കൃഷി പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. വൈവിധ്യമാർന്നതും അനുയോജ്യമായതുമായ കൃഷി രീതികളും വിളകളും ജനങ്ങളിലെത്തിക്കുന്നതിന് കൃഷി വകുപ്പിന് മുഖ്യ പങ്കുണ്ട്. കാർഷിക ഉല്പ്പന്നങ്ങൾ വിപണന സാധ്യതകളിലേക്ക് എത്തുമ്പോൾ വരട്ടാർ എന്ന ബ്രാന്റ് തന്നെ നൽകുവാനാകും. കൂടാതെ വരട്ടാർ വൃഷ്ടിപ്രദേശത്തെ എല്ലാ വയലുകളും കൃഷിയോഗ്യമാക്കും. പഞ്ചായത്തുകളുമായി യോജിച്ച് തരിശുരഹിത വൃഷ്ടിപ്രദേശത്തിനുള്ള പ്ലാൻ കൃഷി വകുപ്പ് തയ്യാറാക്കും.

### സുസ്ഥിര ടൂറിസം

പള്ളിയോടങ്ങളുടെ നാടാണ് ആദിപമ്പ വരട്ടാർ പ്രദേശം. ഹെറിട്ടേജ് ടൂറിസം, ജലടൂറിസം, കാർഷിക ടൂറിസം തുടങ്ങിയവയുടെ സാധ്യതകൾ ഉപയോഗിക്കും. വീണ്ടെടുക്കപ്പെടുന്ന പല ചാലുകളും ടൂറിസത്തിന് ഉപയോഗപ്പെടുത്തുവാനാകും. ഇതിനായി വിനോദ സഞ്ചാര വകുപ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ആലോചിച്ച് സുസ്ഥിര ടൂറിസം പ്ലാൻ തയ്യാറാക്കും. തുഴച്ചിൽ പരിശീലനം, കൊട്ടവഞ്ചി, നീന്തൽ പരിശീലനം തുടങ്ങിയവയും ടൂറിസം പരിപാടികളുമായി ബന്ധപ്പെടുത്താനാവും.

### വിവരവിദ്യാഭ്യാസ വിനിമയ പ്രവർത്തനങ്ങൾ

ആദിപമ്പയുടേയും വരട്ടാറിന്റേയും പാരിസ്ഥിതിക നീരൊഴുക്ക് വീണ്ടെടുക്കുന്നതിൽ വൃഷ്ടി പ്രദേശത്ത് താമസിക്കുന്ന ഓരോ കുടുംബത്തിനും വ്യക്തികൾക്കും ചുമതലയുണ്ട്. മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ, ജല സംരക്ഷണ പ്രവർത്തനങ്ങൾ, മരം നട്ടുപിടിപ്പിക്കൽ തുടങ്ങിയ ചുമതലകൾ ചർച്ച ചെയ്ത് തീരുമാനിക്കുകയും അത് നിറവേറ്റുന്ന തരത്തിലുള്ള വിവര വിദ്യാഭ്യാസ വിനിമയ സാമഗ്രികളും തന്ത്രങ്ങളും ആവിഷ്കരിച്ച് നടപ്പാക്കുകയും വേണം. കാമ്പയിൻ പ്ലാൻ ഹരിതകേരളം തയ്യാറാക്കും.

### വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പങ്കാളിത്തം

കോളേജുകളിൽ സുവോളജി, ബോട്ടണി, കെമിസ്ട്രി എന്നീ വിഷയങ്ങൾ പഠിക്കുന്ന കുട്ടികൾക്ക് ആദിപമ്പ വരട്ടാർ പുനർജ്ജീവന പദ്ധതിയിൽ ക്രിയാത്മക പങ്കാളിത്തം വഹിക്കുവാനാകും. നിലവിലുള്ള ജൈവ വൈവിധ്യ സമ്പത്ത് ഡോക്യുമെന്റ് ചെയ്യുക, പുഴയിലെ ജൈവ സമ്പത്തിലുണ്ടാകുന്ന വർദ്ധനവ് രേഖപ്പെടുത്തുക, കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി ഉണ്ടാകുന്ന മാറ്റങ്ങൾ അടയാളപ്പെടുത്തുക, ജലഗുണ നിലവാര പരിശോധന നടത്തി കൃത്യമായ ഇടവേളകളിൽ മാറ്റങ്ങൾ രേഖപ്പെടുത്തുക, ഇതിനാവശ്യമായ ഡാറ്റാ ബേസ് തയ്യാറാക്കുക, മണ്ണ്-ജലസംരക്ഷണ പരിപാടികളിൽ പങ്കാളികളാക്കുക, ഭൂജലനീരൊഴുക്കിൽ വരുന്ന മാറ്റങ്ങൾ പഠിക്കുക, കോളേജിന്റേതായി ഒരു നിശ്ചിത ഭാഗം ജൈവ വൈവിധ്യപാർക്ക് സംരക്ഷിക്കുക, ജലപരിസ്ഥിതി സാക്ഷരതയിൽ ഒരു പ്രത്യേക പ്രദേശത്തിന്റെ ചുമതല വഹിച്ച് ആ പ്രദേശത്തെ ആളുകളുടെ മനോഭാവത്തിലുണ്ടാകുന്ന മാറ്റങ്ങൾ രേഖപ്പെടുത്തുക തുടങ്ങി നിരവധി പ്രവർത്തനങ്ങൾ ഇതിൽപ്പെടുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ എൻ.എസ്.എസ് യൂണിറ്റ്, ഭൂമിത്രസേന, ഹരിത ക്ലബ്ബുകൾ തുടങ്ങിയ സംഘങ്ങൾക്കും ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കാൻ കഴിയും.

### യുവജന സംഘടനകൾ, പള്ളിയോട സേവാസംഘം, ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ- പങ്കാളിത്തം

തങ്ങൾക്ക് സ്വാധീനമുള്ള പ്രദേശത്തെ ആളുകളുടെ മനോഭാവത്തിൽ മാറ്റമുണ്ടാവുന്ന തരത്തിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക. ഖരമാലിന്യ -ജലസംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക, ജൈവ വൈവിധ്യ പാർക്ക് വികസിപ്പിക്കുന്നതിൽ പങ്കെടുക്കുക, ഉദ്യാനത്തിന്റെ നിശ്ചിത വിസ്തീർണ്ണ പ്രദേശം പരിപാലിക്കുക തുടങ്ങി ഒട്ടനവധി കാര്യങ്ങളിൽ ഈ സംഘടനകൾക്ക് പങ്കാളികളാകുവാൻ സാധിക്കും.

## സംഘടനാ സംവിധാനം

### ആദിപമ്പ-വരട്ടാർ വാർഡുതല പുനരുജ്ജീവന സമിതി

വാർഡുതലത്തിൽ പൊതുസമ്മതനായ ഒരാൾ കൺവീനർ ആയുള്ള ഒരു സമിതിയാണ് ആ പ്രദേശത്ത് വരുന്ന വരട്ടാർ തീരത്തെ ജൈവ വൈവിധ്യ ഇടപെടലുകൾക്ക് നേതൃത്വം കൊടുക്കുന്നതും തുടർ സംരക്ഷണത്തിന് ചുക്കാൻ പിടിക്കുന്നതും. ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങൾ, വാർഡുതല സാനിട്ടേഷൻ സമിതി, ഹരിത കർമ്മസേന തുടങ്ങിയവരും സമാന സ്വഭാവമുള്ള സംഘടനകളുടെ പ്രതിനിധികളും പരിസ്ഥിതി പ്രവർത്തകരും ഉദ്യോഗസ്ഥരും അടങ്ങിയതാണ് ഈ സമിതി. വാർഡു മെമ്പറാണ് അധ്യക്ഷൻ.

## ആദിപമ്പ-വരട്ടാർ പുനരുജ്ജീവന സമിതി

ആദി പമ്പ-വരട്ടാർ തലത്തിലുള്ള സമിതിക്ക് മൂന്ന് എം.എൽ.എ മാരുടെ നേതൃത്വത്തിലാണ് പ്രവർത്തിക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷന്മാർ, വരട്ടാർ വൃഷ്ടി പ്രദേശത്തെ ഗ്രാമപഞ്ചായത്ത്/നഗരസഭ/ ജില്ലാ ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ, വാർഡുതല ആദി പമ്പ-വരട്ടാർ പുനരുജ്ജീവന സമിതി കൺവീനർമാർ, പള്ളിയോട പ്രതിനിധികൾ, യുവജന സംഘടനാ പ്രതിനിധികൾ, വിദ്യാഭ്യാസ സ്ഥാപന പ്രതിനിധികൾ, ഉദ്യോഗസ്ഥർ, പരിസ്ഥിതി പ്രവർത്തകർ, പുഴയോട് ഭൗതികമായി ഇടപെടുന്നവർ തുടങ്ങിയവർ ഈ സമിതിയിൽ അംഗങ്ങളാണ്.

### വിവിധ വകുപ്പുകളുടെ പ്രതിനിധികൾ അടങ്ങിയ സെക്രട്ടറിയേറ്റ് അസോസിയേഷൻ ഏകോപന സമിതി

പദ്ധതി നടപ്പിലാക്കുന്നതിലും തുടർ പ്രവർത്തനത്തിലും ഒരേപോലെ പങ്കാളിത്തം വഹിക്കുന്ന അഥവാ വഹിക്കേണ്ട വകുപ്പുകൾ പലതാണ്. രണ്ടു ജില്ലകളിലേയും ഈ വകുപ്പുകളുടെ പ്രതിനിധികൾ അടങ്ങിയ ഒരു സെക്രട്ടറിയേറ്റ് പ്രവർത്തിക്കും. ഇറിഗേഷൻ, റവന്യൂ, വനം, മണ്ണ്-ജലസംരക്ഷണം, കൃഷി എന്നീ വകുപ്പുകൾ കൂടാതെ ഹരിതകേരളം മിഷൻ, ശുചിത്വമിഷൻ, തൊഴിലുറപ്പ് പദ്ധതി, ജൈവവൈവിധ്യ ബോർഡ് തുടങ്ങിയവരുടേയും പ്രതിനിധികളും മുനിസിപ്പാലിറ്റി/പഞ്ചായത്ത് സെക്രട്ടറിമാരും അടങ്ങിയതാണ് ഈ സെക്രട്ടറിയറ്റ്. ഇത് ആദിപമ്പ -വരട്ടാർ പുനരുജ്ജീവന സമിതിയുടെ സെക്രട്ടറിയറ്റായി പ്രവർത്തിക്കും. ഹരിതകേരളം മിഷനാവും ഏകോപന ചുമതല.

## വരട്ടാറിന്റെ വിസ്തൃതി വീണ്ടെടുക്കൽ

ആദിപമ്പയുടെയും വരട്ടാറിന്റെയും വീതികൂട്ടി ചരിവ് രേഖപ്പെടുത്തി വീണ്ടെടുക്കുന്ന പ്രക്രിയയ്ക്കുള്ള എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് (Expression of Interest EOI) ഇറിഗേഷൻ വകുപ്പ് ഉടൻ ക്ഷണിക്കും. ഇത്തരത്തിൽ വീണ്ടെടുക്കുന്ന പുഴയ്ക്ക് തീരം സംരക്ഷിക്കുന്നത് കയർ ഭൂവസ്ത്രം ഉപയോഗിച്ചാവും. കരിങ്കല്ല് ഉപയോഗം പരമാവധി കുറയ്ക്കുന്ന സമീപനമാകും സ്വീകരിക്കുക.

## ചപ്പാത്തിന്റെ സ്ഥാനത്ത് പാലങ്ങൾ

2017-18 ബഡ്ജറ്റിൽ 4 പാലങ്ങൾക്ക് തുക വകകൊള്ളിച്ചിട്ടുണ്ട്. ഇവയുടെ ഡിസൈനും എസ്റ്റിമേറ്റും തയ്യാരായി വരുന്നു. ഇറിഗേഷൻ വകുപ്പിനാണ് ചുമതല. ഇനിയും നാലു പാലങ്ങൾ കൂടി സ്ഥാപിച്ചാലേ ചപ്പാത്തുകൾ പൂർണമായും ഒഴിവാക്കാനാവൂ. തുടർ വർഷങ്ങളിൽ അത് നടപ്പിലാക്കും.

## ആദിപമ്പ - വരട്ടാർ നടപ്പാത

10 കി.മീ നീളത്തിൽ തീരത്തിലൂടെ നടപ്പാത നിർമ്മിക്കുന്നതിന് 290 ലക്ഷം രൂപയുടെ സാങ്കേതിക അനുമതി 2017-18 ൽ തന്നെ ലഭിച്ചിരുന്നു. എന്നാൽ ചില തടസ്സങ്ങൾ

പ്രളയത്തിൽ ഏറെ കഷ്ടതയ നുഭവിച്ച പാണ്ടനാട് പ്രദേശത്ത് ഏതാണ്ട് 45 മുതൽ 50 സെ.മീ വരെ അധികമായി ജലനിരപ്പു യരുവാൻ കാരണമാകുമായി രുന്ന പ്രളയജലത്തെയാണ് വരട്ടാർ തിരിച്ചു വിട്ടതും നിരവധി ജീവനുകൾ രക്ഷിച്ച തും. പ്രളയത്തോടു കൂടി വരട്ടാർ പ്രവർത്തനങ്ങൾ ഏറെക്കുറെ മന്ദീഭവിച്ചു. പുഴയുടെ ചരിവും മറ്റും വിശദാംശങ്ങളും ഇറിഗേഷൻ വകുപ്പ് ശേഖരിച്ചിട്ടുണ്ട്. പ്രളയകാലത്തെ മാറ്റങ്ങൾ കൂടി ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുക എന്നതാണ് മുമ്പിലുള്ള ദൗത്യം.

കാരണം പണിമുന്നോട്ട് നീങ്ങിയില്ല. വീണ്ടും ടെന്റർ വിജ യിക്കുവാൻ തീരുമാനമായിട്ടുണ്ട്.

## വരട്ടാറും 2018 ആഗസ്റ്റ് മാസത്തിലെ പ്രളയവും

വരട്ടാർ ഇല്ലായിരുന്നുവെങ്കിൽ...! ആലോചിക്കുവാൻ കഴിയുന്നില്ല. എന്നു പറയുന്ന നിരവധി പേരെ ഇന്നു നമുക്ക് കാണാൻ കഴിയും. ഇറിഗേഷൻ വകുപ്പ് പമ്പ യിലെ വിവിധ റിവർ ഗേജ് സ്റ്റേഷനുകളിലെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. (അയിരൂർ, ആറന്മുള, ചെങ്ങന്നൂർ) അയി രൂരിൽ പമ്പ 600 മീറ്റർ വിസ്തൃതിയിൽ ഒഴുകിയപ്പോൾ ബെഞ്ച് മാർക്കിൽ നിന്നുള്ള പ്രളയ നിരപ്പ് 13.76 മീറ്ററാ യിരുന്നു. ആറന്മുളയിൽ പമ്പയുടെ വീതി 5 കി.മീ ആയി. ഇവിടുത്തെ പ്രളയനിരപ്പ് ബെഞ്ച്മാർക്കിൽ നിന്ന് 10.35 മീറ്ററും. ആറന്മുളയിൽ നിന്ന് കാര്യമായ എലിവേഷൻ (Elevation) വ്യതിയാനമില്ലാത്ത ചെങ്ങന്നൂരിൽ പ്രളയനി രപ്പ് ബെഞ്ച് മാർക്കിൽ നിന്ന് 6.3 മീറ്ററായി കുറഞ്ഞു. ഇതിനു കാരണം ചെങ്ങന്നൂരിന് മുമ്പ് പ്രളയജലം വഴി തിരിഞ്ഞു പോയതാണെന്ന് ബോധ്യപ്പെടും. വരട്ടാറിലൂടെ മണിമലയാറിലേക്ക്. പ്രളയത്തിൽ ഏറെ കഷ്ടതയനുഭ വിച്ച പാണ്ടനാട് പ്രദേശത്ത് ഏതാണ്ട് 45 മുതൽ 50 സെ.മീ വരെ അധികമായി ജലനിരപ്പുയരുവാൻ കാരണ മാകുമായിരുന്ന പ്രളയജലത്തെയാണ് വരട്ടാർ തിരിച്ചു



വിട്ടതും നിരവധി ജീവനുകൾ രക്ഷിച്ചതും. പ്രളയത്തോടു കൂടി വരട്ടാർ പ്രവർത്തനങ്ങൾ ഏറെക്കുറെ മന്ദീഭവിച്ചു. പുഴയുടെ ചരിവും മറ്റും വിശദാംശങ്ങളും ഇറിഗേഷൻ വകുപ്പ് ശേഖരിച്ചിട്ടുണ്ട്. പ്രളയകാലത്തെ മാറ്റങ്ങൾ കൂടി ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുക എന്നതാണ് മുമ്പിലുള്ള ദൗത്യം.

## കെ.കെ രാമചന്ദ്രൻ നായർ എന്ന വരട്ടാർ സ്നേഹി

കെ.കെ രാമചന്ദ്രൻ നായർ ചെങ്ങന്നൂർ എം.എൽ.എ ആയിരിക്കുമ്പോഴാണ് മരണമടയുന്നത്. വരട്ടാർ വീണ്ടെടുക്കുന്നതിൽ പ്രവർത്തകരോടൊപ്പം രാഷ്ട്രീയ വ്യത്യാസങ്ങളും അധികാര ചിഹ്നങ്ങളും കാട്ടാതെ നിലകൊണ്ട ആളായിരുന്നു അദ്ദേഹം. ഒരുപാട് സാമ്പത്തിക വെല്ലുവിളികൾ നേരിട്ടായിരുന്നു വരട്ടാർ പ്രവർത്തനങ്ങൾ നീങ്ങിയത്. ചില വാഗ്ദാനങ്ങൾ വാഗ്ദാനങ്ങളായി അവശേഷിച്ചപ്പോൾ പല ഘട്ടങ്ങളിലും യന്ത്രങ്ങളുടെ പ്രവർത്തനങ്ങൾ വരട്ടാറിൽ നിലയ്ക്കുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. പല വ്യക്തികളെയും കണ്ട് പറഞ്ഞ് ബോധ്യപ്പെടുത്തി പണം സമാഹരിക്കുന്നതിന് പ്രവർത്തകർക്ക് പിന്തുണയായി നിന്നത് കെ.കെ രാമചന്ദ്രൻ നായർ ആണ്. അദ്ദേഹം കൊട്ടാരക്കരയിലേക്ക് യാത്ര ചെയ്യുമ്പോഴാണ് പുനർജ്ജീവന പ്രവർത്തനം നടക്കുന്ന വരട്ടാറിലേക്ക് പമ്പ ഇരച്ചുകയറുന്നത്. 2017 ജൂൺ 25 ന് രാവിലെ ഏതാണ്ട് 6 മണിക്ക്. വാർത്തയറിഞ്ഞ അദ്ദേഹം തിരികെയെത്തി അവിടെ കൂടിയവരോടൊപ്പം പുഴയിലിറങ്ങി വഞ്ചിപ്പാട്ട് പാടി ആഹ്ളാദം പങ്കുവെച്ചു. കെ.കെ രാമചന്ദ്രൻ നായരുടെ പേരിലാണ് ആദിപമ്പയുടെ തുടക്കത്തിലുയരുന്ന പാലവും അവിടുത്തെ ഉദ്യാനവും. കെ.കെ രാമചന്ദ്രൻ നായരുടെ തുടർച്ചയായി ചെങ്ങന്നൂർ എം. എൽ.എ ആയ സജി ചെറിയാൻ വരട്ടാർ ഏറ്റെടുത്തത് വലിയ പ്രതീക്ഷയാണ് നൽകുന്നത്. ആദിപമ്പയും വരട്ടാറും ഒരു വികാരമാണ്. അതിൽ നിന്ന് ഊർജ്ജം സ്വീകരിച്ച് പല പുനരുജ്ജീവന പ്രവർത്തനങ്ങളും കേരളത്തിൽ ആരംഭിച്ചിട്ടുണ്ടെന്ന് പലരും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കോലറയാർ, മീനച്ചിലാർ-മീനന്തറയാർ-കൊടൂരാർ തുടങ്ങിയവയുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾ ചില ഉദാഹരണങ്ങൾ മാത്രം.

## അംഗീകാരങ്ങൾ

ആകാശവാണിയുടെ പുനർജ്ജനിക്കുന്ന വരട്ടാർ (Rebirths of River Varattar) എന്ന ഡോക്യുമെന്ററിക്ക് 29-ാമത് International URTI Radio..... അവാർഡ് ലഭിച്ചു. ശ്രീമതി. ലീലാമ്മ മാത്യു (ആകാശവാണി തിരുവനന്തപുരം) വാണ് ഈ ഡോക്യുമെന്ററി സംവിധാനം ചെയ്തത്.

കൂടാതെ കേന്ദ്ര ജലവിഭവവകുപ്പിന്റെ 2018 ലെ ജലസ്രോതസ്സുകൾ വീണ്ടെടുക്കുന്നതിനുള്ള അവാർഡും വരട്ടാറിനും ലഭിച്ചു.

## ഉന്നതതല സമിതി

ഈ പദ്ധതിക്ക് ആവശ്യമായ എല്ലാ പിന്തുണയും നൽകുക എന്നതാണ് ഉന്നതതല സമിതിയുടെ ദൗത്യം. ജലമന്ത്രിയും ധനമന്ത്രിയും, എം.എൽ.എമാരും ഹരിതകേരളം ഉപാധ്യക്ഷയും വിവിധ വകുപ്പുകളുടെ പ്രധാനികളുമടങ്ങിയതാണ് ഉന്നതതല സമിതി.

# കരിപ്പയിൽ ചാൽ പുനരുദ്ധാരണം

## പുഴ/പ്രദേശത്തിന്റെ ചരിത്രം, പുഴയുടെ ഉപയോഗം

ആലപ്പുഴ ജില്ലയിൽ കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് അതിർത്തിയിലെ ചേർത്തല തെക്ക്, കടക്കരപ്പള്ളി ഗ്രാമപഞ്ചായത്തുകളിലൂടെ 5 കി.മീ. നീളത്തിൽ ഒഴുകുന്ന ചെറുപുഴയാണ് കരിപ്പയിൽ ചാൽ. ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിലെ ചമ്പക്കാട് ജങ്ഷനു കിഴക്ക് നിന്നാരംഭിച്ച് പട്ടണക്കാട്, കാക്കരപ്പള്ളി എന്നീ ഗ്രാമപഞ്ചായത്തുകളിലൂടെ ഒഴുകി അന്ധകാരനഴി വഴി അറബിക്കടലിൽ പതിച്ചിരുന്ന കരിപ്പയിൽ ചാലിന്റെ ദൈർഘ്യം ഏകദേശം 10 കിമീ ആണ്.

## ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ

സമുദ്രതീരത്തോട് ചേർന്ന പ്രദേശമാണ് കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത്.

## ഏറ്റെടുക്കാനുണ്ടായ സാഹചര്യം

ജലമെന്ന അമൂല്യനിധിയെ അതിന്റെ എല്ലാ സ്വഭാവസവിശേഷതകളോടുംകൂടി തന്നെ വരും തലമുറയ്ക്ക് കൈമാറുക എന്നത് ഹരിതകേരള മിഷന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിലൊന്നാണ്. ഒരു പുഴയുടെ ഒഴുക്ക് നി

ഹരിതകേരളം മിഷൻ




ലയ്ക്കുമ്പോൾ അവിടെ നിന്നുപോകുന്നത് ആ നാടിന്റെ ജീവസ്പന്ദനങ്ങളാണ്.

കഞ്ഞിക്കഴി പഞ്ചായത്തിലെ ബ്ലോക്ക് തല സാങ്കേതിക സമിതികൾ, അംഗങ്ങൾ തുടങ്ങിയവർ ചമ്പക്കാട് മുതൽ തൈക്കൻപാലം വരെ നീർത്തട നടത്തം നടത്തി ചാലിന്റെ നീളം, വീതി എന്നിവ കണക്കാക്കി. നാലുമുതൽ ആറുമീറ്റർ വരെ ആഴമുണ്ടായിരുന്ന തോട്ടിൽ നാല്പത്-അൻപത് സെ.മീ. മാത്രം വെള്ളവും ചിലയിടങ്ങളിൽ കുറുകിയ ചെളിയും മാത്രം കാണപ്പെട്ടു. ചാലിന്റെ ഇരുവശവും താമസിക്കുന്ന ഇരുന്നൂറ്റി അൻപതോളം പട്ടികജാതി കുടുംബങ്ങൾ വെള്ളം കയറുന്നതുമൂലം മഴക്കാലത്ത് ക്യാമ്പുകളിൽ കഴിയേണ്ടിവരുന്ന സാഹചര്യമാണുള്ളത്. കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് 28.5 ലക്ഷം രൂപ പദ്ധതി തുകയായും ചേർത്തല തെക്ക് കടക്കരപ്പള്ളി എന്നീ ഗ്രാമപഞ്ചായത്തുകൾ യഥാക്രമം 15, 12 ലക്ഷം രൂപയും വകയിരുത്തിയുള്ള സംയുക്ത പ്രോജക്ടാണ് ഇപ്പോൾ നടപ്പിലാക്കിയത്.

ആ പ്രദേശത്തുകാരുടെ ജീവനാഡിയായിരുന്ന തോട് മുൻകാലങ്ങളിൽ ജലഗതാഗതപാതയായി ഉപയോഗിച്ചിരുന്നതായും പറയപ്പെടുന്നു. തുടക്കഭാഗത്ത് 75 മീറ്ററോളം വീതിയുള്ള തോട് തൈക്കൻപാലത്തിന് സമീപം നാല് മീറ്ററായി ചുരുങ്ങുന്നു. ചിലയിടങ്ങളിൽ കുറുകിയ ചെളിമാത്രമാണുള്ളത്.

2017–18 ലെ വരൾച്ചയും 2018–19 ലെ പ്രളയവും വരുത്തിവച്ച ദുരിതങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് ശുദ്ധജല ദൗർലഭ്യം. ഈ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമെന്ന നിലയിൽ ജനകീയ കൂട്ടായ്മയിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയും ഈ പദ്ധതി ഏറ്റെടുക്കുകയായിരുന്നു.





രണ്ട് ഗ്രാമപഞ്ചായത്തുകളിലുമായി കരിപ്പയിൽ ചാൽ പുനരുജ്ജീവനവുമായി ബന്ധപ്പെട്ട് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ചെളിനീക്കം ചെയ്യുന്നതിനായി 38,000 തൊഴിൽ ദിനങ്ങൾ നീക്കിവച്ചിരിക്കുന്നു. ഇതുവഴി കൂലിയിനത്തിൽ 1.029 കോടി രൂപ തൊഴിലാളികൾക്ക് ലഭ്യമാക്കാനാവും. ഈ പ്രവൃത്തിയിൽ നാളിതുവരെ 13571 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയും 36.77 ലക്ഷം രൂപ കൂലിയിനത്തിൽ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

## മുന്നൊരുക്കം

### പ്രധാനപ്രവർത്തനങ്ങൾ, ഗുണഫലങ്ങൾ

കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് അതിർത്തിയിലുള്ള എല്ലാ ഗ്രാമപഞ്ചായത്തിലും തൊഴിലുറപ്പ് പദ്ധതിയിലൂടെ ശുദ്ധജലലഭ്യതയ്ക്കും നീരൊഴുക്കിനും അഞ്ചു പുതിയ കുളങ്ങൾ നിർമിച്ചു. ചെളിയും മറ്റ് അജൈവ മാലിന്യങ്ങളും നിറഞ്ഞ നീരൊഴുക്ക് തടസ്സപ്പെട്ട 180 കി.മീ. തോട് (5 ഗ്രാമപഞ്ചായത്തുകളിലൂം കൂടി) വൃത്തിയാക്കിയതിലൂടെ ശുദ്ധജലലഭ്യതയും നീരൊഴുക്കും സാധ്യമായി. രണ്ട് ഗ്രാമപഞ്ചായത്തുകളിലുമായി കരിപ്പയിൽ ചാൽ പുനരുജ്ജീവനവുമായി ബന്ധപ്പെട്ട് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ചെളിനീക്കം ചെയ്യുന്നതിനായി 38,000 തൊഴിൽ ദിനങ്ങൾ നീക്കിവച്ചിരിക്കുന്നു. ഇതുവഴി കൂലിയിനത്തിൽ 1.029 കോടി രൂപ തൊഴിലാളികൾക്ക് ലഭ്യമാക്കാനാവും. ഈ പ്രവൃത്തിയിൽ നാളിതുവരെ 13571 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയും 36.77 ലക്ഷം രൂപ കൂലിയിനത്തിൽ ചെലവഴിക്കുകയും ചെയ്

തിട്ടുണ്ട്. കൂടാതെ ഈ പ്രവൃത്തി പൂർത്തീകരിക്കുമ്പോൾ 16423 തൊഴിൽദിനങ്ങൾ കൂടി ലഭ്യമാക്കുന്നതുവഴി 44.5 ലക്ഷം രൂപ കൂലിയിനത്തിൽ ചെലവഴിക്കുന്നതിനും കഴിയും. ഇതിനുള്ള പ്രവൃത്തികൾ നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്.

അഞ്ചു കി.മീറ്ററോളം ദൈർഘ്യത്തിൽ ചാലിൽനിന്നും യന്ത്രം ഉപയോഗിച്ച് ചെളി കോരി വൃത്തിയാക്കുന്നതു മൂലം ചാലിന്റെ സംഭരണശേഷി കൂടുകയും സുഗമമായ ജലനിർഗമനം സാധ്യമാവുകയും ഫലഭൂയിഷ്ഠമായ ചെളി കൃഷി സ്ഥലങ്ങളിലേക്ക് മാറ്റുക വഴി ഉല്പാദന വർദ്ധനവ് ഉണ്ടാവുകയും ചെയ്യും. തൊഴിലുറപ്പുമായി സംയോജിതമായി പ്ലാൻഫണ്ട് ഉപയോഗിച്ച് ഏറ്റെടുത്ത ഈ പദ്ധതി വിജയകരമായി നടപ്പിലാക്കാൻ ആയതുകൊണ്ട് പ്രളയാനന്തരം മണ്ണ് അടിഞ്ഞ് ജലസംഭരണശേഷി കുറഞ്ഞ മറ്റ് ജലാശയങ്ങളും പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി പല ഗ്രാമപഞ്ചായത്തുകളും മുന്നോട്ടുവന്നിട്ടുണ്ട്.

## ഉപസംഹാരം

ഒരു ചെറുപുഴ ജനകീയ കൂട്ടായ്മയിലൂടെ പുനരുജ്ജീവിപ്പിക്കാൻ സാധിച്ചു. ഹരിതകേരള മിഷന്റെ സജീവമായ ഇടപെടലുകളും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെയും പൊതുജനങ്ങളുടെയും സജീവപങ്കാളിത്തവും ഇതിന് കാരണമായിട്ടുണ്ട്. വരുംകാലങ്ങളിലും ഈ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോവുകയും നാടിന്റെ ജീവസ്പന്ദനമായ പുഴയെ അതിന്റെ എല്ലാ പ്രത്യേകതകളോടുംകൂടി നിലനിർത്തുകയും ചെയ്യേണ്ടത് വളരെ അത്യാവശ്യമാണ്.

ഒരു ചെറുപുഴ ജനകീയ കൂട്ടായ്മയിലൂടെ പുനരുജ്ജീവിപ്പിക്കുന്നത് സാധിച്ചു. ഹരിതകേരളമിഷന്റെ സജീവമായ ഇടപെടലുകളും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെയും പൊതുജനങ്ങളുടെയും സജീവപങ്കാളിത്തം ഇതിന് കാരണമായിട്ടുണ്ട്. വരുംകാലങ്ങളിലും ഈ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോവുകയും നാടിന്റെ ജീവസ്പന്ദമായ പുഴയെ അതിന്റെ എല്ലാ പ്രത്യേകതകളോടുംകൂടി നിലനിർത്തേണ്ടത് വളരെ അത്യാവശ്യമാണ്.

# കനാലുകളുടെ നവീകരണം

## ആലപ്പുഴയിലെ കനാലുകളുടെ ചരിത്രം

ഒരു കാലഘട്ടത്തിൽ പ്രമുഖ വാണിജ്യകേന്ദ്രമായിരുന്ന ആലപ്പുഴയുടെ മുഖമുദ്രയായിരുന്നു കനാലുകൾ. പ്രധാനമായും വാണിജ്യ ആവശ്യത്തിനും കൂടാതെ ഗതാഗതത്തിനും ഈ കനാലുകൾ ഉപയോഗിച്ചുവന്നു. കേരളത്തിന്റെ കിഴക്കൻ ജില്ലകളിൽ തുടങ്ങി തുറമുഖം വരെ നീളുന്ന കനാലുകളെ ബന്ധിപ്പിച്ചുകൊണ്ട് മറ്റു കനാലുകളും നിർമിക്കപ്പെട്ടു. കനാലുകൾ ആലപ്പുഴ പട്ടണത്തിലെ വ്യാപാര മേഖലയെ സജീവമാക്കി. വിദേശരാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന കച്ചവട വസ്തുക്കൾ മറ്റു ജില്ലകളിലേയ്ക്ക് കൊണ്ടുപോകുന്നതിന് ഏക ആശ്രയം ഈ കനാലുകളായിരുന്നു.

ആലപ്പുഴയുടെ സംസ്കാരത്തിൽ കനാലുകൾ ഒരു അവിഭാജ്യ ഘടകമാണ്. അതുകൊണ്ട് നഗരവികസനം എന്നും കനാലുകളുടെയും കൂടി വികസനമാണ്. പമ്പയും മണിമലയാറുമാണ് ജില്ലയിലെ പ്രധാന നദികൾ. ഈ രണ്ട് പുഴകളുടെയും ഡെൽറ്റ ആലപ്പുഴയെ ഫലഭൂയിഷ്ഠമാക്കുന്നു. പമ്പയുടെ കൈവഴികളിലൊന്നായ പള്ളാത്തുരുത്തിയാർ നഗരത്തിന്റെ കിഴക്കൻ അതിരാകുന്നു.




പടിഞ്ഞാറുഭാഗത്ത് അറബിക്കടലും ഒരുഭാഗത്ത് നഗരവും ഉൾനാടൻ പ്രദേശങ്ങളും തമ്മിലുള്ള ചരക്കു സേവനത്തിന്റെ പ്രധാന മാർഗമായിരുന്ന ആലപ്പുഴയുടെ കനാൽ സംവിധാനം നഗരത്തിലേക്കുള്ള പ്രധാന കവാടങ്ങൾ കൂടെയാകുന്നു. തലങ്ങും വിലങ്ങുമായി ഒഴുകുന്ന തോടുകളും അതിലൂടെയുള്ള ജലഗതാഗതവും കണ്ട് കിഴക്കിന്റെ വെനിസ് എന്നാണ് കഴ്സൺ പ്രഭു ആലപ്പുഴയെ വിശേഷിപ്പിച്ചത്. പൂർണമായും സമുദ്രനിരപ്പിൽ നിന്നും താഴ്ന്ന പ്രദേശമാണ് ആലപ്പുഴ നഗരം. ആലപ്പുഴ കനാൽ സിസ്റ്റത്തിൽ 9 പ്രധാന കനാലുകളും 104 അനുബന്ധ കനാലുകളും ഉൾപ്പെട്ടതാണ്.

## 9 പ്രധാന കനാലുകൾ

1. വാടക്കനാൽ (3.65 കി.മീ.)
2. കൊമേഴ്സ്യൽ കനാൽ (4.89 കി.മീ.)
3. വെസ്റ്റേൺ ജങ്ഷൻ കനാൽ (300 മീ.)
4. ആലപ്പുഴ-അമ്പലപ്പുഴ (3.5 കി.മീ.)
5. ഈസ്റ്റ് ജങ്ഷൻ കനാൽ (600 മീ)
6. മുറിഞ്ഞപുഴ കനാൽ (500മീ)
7. എഎസ് കനാൽ (15 കി.മീ.)
8. ഉപ്പൂറ്റി കനാൽ (300മീ)
9. കൊട്ടാരം തോട് കനാൽ

ഇതുകൂടാതെ ഈ 9 കനാലുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന 40 കിമീറ്ററോളം നീളംവരുന്ന ചെറുതോടുകളും ഇവിടുണ്ട്.

## ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ

വാടക്കനാലും കമേഴ്സ്യൽ കനാലും സമാന്തരമായി ഒഴുകി അറബിക്കടലിൽ ചേരുന്നവയാണ്. ഇവയെ ബന്ധിപ്പിക്കുന്ന പ്രധാന ലിങ്ക് കനാലുകളാണ് വെസ്റ്റേൺ ജങ്ഷൻ കനാലും. ഈസ്റ്റ് ജങ്ഷൻ കനാലും വാടക്കനാലിന്റെ ഒരു പ്രധാന ഫീഡർ കനാലാണ് പാണ്ടനാട് കനാൽ ഉൾപ്പെട്ട എഎസ് കനാൽ.

## ഏറ്റെടുക്കാനുണ്ടായ സാഹചര്യം

നഗരത്തിലൂടെ ഏകദേശം സമാന്തരമായി ഒഴുകുന്ന വാടക്ക




നാലും കൊമേഴ്സ്യൽ കനാലും വേമ്പനാട് കായലിൽ നിന്നും ഉത്ഭവിച്ച് അറബിക്കടലിൽ ചേരുന്നവയാണ്. കഴിഞ്ഞ കുറേ ദശാബ്ദങ്ങളുടെ അവഗണന മൂലം ഈ കനാലുകൾ ഭീകരമായ തോതിൽ മലിനമാക്കപ്പെടുകയും അതിനാൽ ഉപയോഗ ശൂന്യമാകുകയും ചെയ്തു. കുറച്ചുകാലം മുമ്പ് വരെയും വാടക്കനാലിലൂടെയും കൊമേഴ്സ്യൽ കനാലിലൂടെയും ഗതാഗതം സാധ്യമായിരുന്നു. എന്നാലിപ്പോൾ ഈ കനാലുകൾ പോളകൾ നിറഞ്ഞ്, മാലിന്യം നിക്ഷേപിക്കുന്നതിനുള്ള ഇടങ്ങളായി മാറിയിരിക്കുന്നു. അതുകൊണ്ട് തന്നെ ഇവിടെ പരിസര പ്രദേശങ്ങളിൽ കോളറ പോലെയുള്ള ജലജന്യ രോഗങ്ങൾ കൂടിക്കൂടി വന്നു. വെസ്റ്റ് ജങ്ഷൻ കനാൽ, വാടക്കനാലിനെയും കൊമേഴ്സ്യൽ കനാലിനെയും അവയുടെ പടിഞ്ഞാറെ അറ്റത്തുവച്ച് ബന്ധിപ്പിക്കുന്നു. കുറച്ചുനീളമെയുള്ളുവെങ്കിൽപ്പോലും അതു തന്നെ പോളകയറിയും കാടുപിടിച്ചും ഗതാഗതയോഗ്യമല്ലാതായിരിക്കുന്നു. ചേർത്തല ടൗണും മുനിസിപ്പൽ ടൗണും കടന്ന് ദേശീയപാതയ്ക്ക് സമാന്തരമായി കടന്നുപോകുന്ന എ.എസ്. കനാലിന്റെ 18 കി.മീറ്ററോളം വൃത്തിയാക്കുവാൻ പദ്ധതിയിടുന്നു.

കനാലുകളുടെ പല ഭാഗങ്ങളും മാലിന്യ നിക്ഷേപത്താലും എക്കൽ അടിഞ്ഞതിനാലും നീരൊഴുക്കില്ലാതെയിരിക്കുന്നു. എല്ലാ സീസണിലും വിനോദസഞ്ചാര ബോട്ടുകളുടെ ഗതാഗതം സാധ്യമാകണം എന്നുണ്ടെങ്കിൽ 1.7 മീ. എങ്കിലും ആഴം കനാലിനു ഉണ്ടാകണം. എക്കലും മാലിന്യവും നീക്കം ചെയ്തെങ്കിൽ മാത്രമേ ഇതു സാധ്യമാകുകയുള്ളൂ.

## കനാൽ വികസനത്തിലെ പരിമിതികൾ

### 1. പാരിസ്ഥിതിക പ്രശ്നങ്ങൾ

നഗരത്തിലൂടെയുള്ള ജലഗതാഗതം സാധ്യമാക്കുക എന്ന പ്രധാന ലക്ഷ്യത്തോടെയാണ് തലങ്ങും വിലങ്ങും

ഉള്ള കനാലുകൾ നിർമിക്കപ്പെട്ടത്. എന്നാൽ പിൽക്കാലത്ത് കനാലുകളിലെ ഗതാഗതം ജനപ്രിയമല്ലാതാകുകയും പ്രതാപകാലത്ത് സംരക്ഷിക്കപ്പെട്ടിരുന്ന കനാലുകൾ മാലിന്യനിക്ഷേപത്തിനുള്ള ഇടങ്ങളായി പരിണമിക്കുകയും ചെയ്തു. കനാലിന്റെ ഇരുകരകളിലും നിൽക്കുന്ന മരങ്ങളും ഒരു തരത്തിൽ മലിനീകരണത്തിനു കാരണമാകുന്നുണ്ട്. രൂക്ഷമായ ആരോഗ്യപ്രശ്നങ്ങൾ ഇതിലൂടെയുണ്ടാകുന്നു.

### 2. പോളശല്യം

ഖരരൂപത്തിലും ദ്രവരൂപത്തിലും നിക്ഷേപിക്കപ്പെടുന്ന മാലിന്യങ്ങൾക്കു പുറമേ കനാലുകൾ നേരിടുന്ന അതിരൂക്ഷമായ മറ്റൊരു പ്രശ്നമാണ് തഴച്ചുവളരുന്ന പോളകൾ. ഇവയുടെ വളരെ പെട്ടെന്നുള്ള വളർച്ചയും വ്യാപനവും നീരൊഴുക്കു തടസപ്പെടുത്തുകയും അങ്ങനെ കൊതുകുകൾ വളരാനുള്ള സാഹചര്യം ഉണ്ടാവുകയും ചെയ്യുന്നു. കൂടാതെ ജലഗതാഗതത്തിനും മത്സ്യബന്ധനത്തിനും ഇവ തടസമാകുന്നു.

### 3. കനാലിലെ നീരൊഴുക്ക്

വേണ്ടത്ര ആഴവും വീതിയും ഇല്ലാത്തതിനാൽ നിലവിൽ കനാലുകളിൽ ബോട്ടുഗതാഗതം സാധ്യമല്ല. കനാലുകൾ കടലിലേയ്ക്ക് തുറന്നിട്ടില്ലാത്തതിനാൽ സാധാരണ കടൽ-കനാൽ നീരൊഴുക്ക് സാധ്യമല്ല. അതിനാൽ തന്നെ കനത്ത എക്കൽ നിക്ഷേപവുമുണ്ട്.

### 2. അതിക്രമങ്ങൾ

നഗരവാസികൾക്കിടയിൽ രൂപപ്പെട്ട പുതിയ സംസ്കാരത്തിന്റെ ഭാഗമായി കനാലുകൾ എല്ലാ അർഥത്തിലും ദുരുപയോഗം ചെയ്യപ്പെടുകയും നിർജ്ജീവാവസ്ഥയിൽ ആകുകയും ചെയ്തു. മുളച്ചുപൊന്തിയ ചേരികളിലെയും വീടുകളിലെയും മുനിസിപ്പാലിറ്റിയുടെ തന്നെ പൊതുശൗചാലയങ്ങളുടേതടക്കം അറവുശാല മാലിന്യങ്ങൾ വരെ കനാലുകളിലേയ്ക്കാണ് പുറന്തള്ളുന്നത്.

## ചാത്തനാട് കനാലിന്റെ പുനരുജ്ജീവനം

15 കിമീറ്ററോളം നീളമുള്ള എഎസ് കനാലിന്റെ പ്രധാനഭാഗമാണ് 1.5 കിമീ നീളംവരുന്ന ചാത്തനാട് കനാൽ. ആലപ്പുഴ ജില്ലയിലെ ഏറ്റവും ഉയർന്ന മലിനീകരണമുള്ള രണ്ടാമത്തെ കനാലായി കണക്കാക്കപ്പെടുന്നു. അനിയന്ത്രിതമായി നിക്ഷേപിക്കപ്പെടുന്ന ഖരമാലിന്യങ്ങളാണ് പ്രധാനമായും ചാത്തനാട് കനാലിന്റെ നശീകരണത്തിന് പ്രധാനകാരണം. 70-ാമത് റിപ്പബ്ലിക് ദിനത്തിൽ പാണ്ടനാട് കനാലിന്റെ ശുചീകരണപ്രവർത്തനങ്ങൾ സന്നദ്ധ സംഘടനകളുടെയും സ്വയംസേവകരുടെയും നേതൃത്വത്തിൽ സംഘടിപ്പിക്കുകയുണ്ടായി.

എഎസ് കനാലിൽനിന്നും വാടക്കനാലിലേക്ക് സുഗമമായ നീരൊഴുക്കിന് തടസ്സമായി നിൽക്കുന്ന മാലിന്യങ്ങൾ നീക്കുന്നതിനും പുതുതലമുറയിൽപ്പെട്ടവർക്ക് ജലപാതകളും ജലസ്രോതസ്സുകളും സംരക്ഷിക്കേണ്ടതിന്റെ ആവ





ശ്യവും പ്രാധാന്യവും ബോധ്യപ്പെടുത്തിക്കൊടുക്കുന്നതിനും കഴിഞ്ഞു. ഈ പ്രവർത്തനങ്ങളിൽ കനാലിന്റെ കരകളിൽ അധിവസിക്കുന്ന ജനങ്ങളും കടയുടമകളും റസിഡന്റ്സ് അസോസിയേഷനുകളും സഹകരിച്ചു. കോളേജ് വിദ്യാർഥികളുടെയും ഹരിതകർമസേനയുടെയും സന്നദ്ധസംഘടനകളുടെയും സജീവ പങ്കാളിത്തത്താൽ ഭംഗിയായി തന്നെ ശുചീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി.

## കനാൽ ശുചീകരണത്തിനായി ചെയ്ത പ്രവർത്തനങ്ങൾ

- കനാലുകളിൽ നിറഞ്ഞിരിക്കുന്ന കളകളും പോളയും നീക്കം ചെയ്തു.
- വൃത്തിയാക്കിയ കനാൽത്തീരങ്ങളിൽ വീണ്ടും ഉണ്ടാകാവുന്ന മണ്ണിടിച്ചിലും മണ്ണടിയലും തടയുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു.
- ഭാവിയിൽ മാലിന്യനിക്ഷേപം ഉണ്ടാകാതിരിക്കാൻ വേണ്ടി കനാൽക്കരയിലുടനീളം കൈവരി സ്ഥാപിച്ചു.
- ആവശ്യത്തിന് നീരൊഴുക്കും ആഴവും നിലനിർത്തുന്നതിനായി വേണ്ട സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി.
- ടൂറിസം സാധ്യതകൾ മുന്നിൽക്കണ്ടുകൊണ്ട് കനാലുകളിൽ ജലഗതാഗതം പുനസ്ഥാപിച്ചു.

## തുടർപ്രവർത്തനം

### ടൂറിസം വികസനം

ആലപ്പുഴയിലെ കായലുകൾ വിനോദസഞ്ചാരമേഖലയിൽ കേരളത്തിന് വിദേശനാണ്യം നേടിത്തരുന്നതിൽ പ്രധാന പങ്കുവഹിക്കുന്നു. അതിൽ എടുത്തുപറയേണ്ട ഒന്നാണ് ആലപ്പുഴയിലെ കായലുകളിൽ നടക്കുന്ന വള്ളംകളികൾ. കനാലുകളുടെ സൗന്ദര്യവത്കരണം, കനാൽക്കരയുടെ സംരക്ഷണവും പരിപാലനവും, ചെറിയ പാർക്കുകൾ, ഹോട്ടലുകൾ, കടകൾ തുടങ്ങിയവയുടെ നിർമാണം, കനാൽത്തീരത്തു വിളക്കുകൾ സ്ഥാപിക്കൽ തുടങ്ങിയവയാണ് ടൂറിസം വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

### ബോട്ട് സർവീസ്

കായലുകളുടെ നൈസർഗികസൗന്ദര്യം ആസ്വദിക്കാൻ ഇവിടെയെത്തുന്ന സ്വദേശികളും വിദേശികളും ആയ വിനോദസഞ്ചാരികൾക്ക് പ്രാദേശിക ബോട്ട് സർവീസുകളെ ആശ്രയിക്കാവുന്നതാണ്. കനാലുകളിലൂടെയുള്ള ഗതാഗതം സാധ്യമാകുകയാണെങ്കിൽ നഗരത്തിൽ വർധിച്ചുവരുന്ന ഗതാഗതക്കുരുക്കിന് ചെറിയ തോതിലെങ്കിലും കുറവുവരുത്താൻ സാധിക്കും. ഇതിനായി സംസ്ഥാന ജലഗതാഗത വകുപ്പുകൂടാതെ ജില്ലാ ടൂറിസം വികസന സമിതിയും മറ്റു സ്വകാര്യ ഏജൻസികളും മുന്നോട്ടുവരേണ്ടതാണ്.

ജലസംഗമം

# കുട്ടംപേരൂർ പുനരുജ്ജീവനം

ലോകസംസ്കാരങ്ങളുടെയെല്ലാം തന്നെ പിറവി നദീതീരങ്ങളിലാണ്. ജലവും മനുഷ്യനും എത്രത്തോളം അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു എന്നതിന്റെ തെളിവാണ് ഒരു പുഴയും അതിനെ ആശ്രയിച്ചുള്ള ജനജീവിതവും. സംസ്കാരങ്ങളുടെ വളർച്ചയുടെ എല്ലാ ഘട്ടങ്ങളിലും തുടർന്നുള്ള പരിണാമത്തിലും നമുക്ക് ഇത് കാണാം. പിൽക്കാലത്ത് ആധുനിക സാങ്കേതിക വിദ്യയുടെ കാലത്തും നഗരങ്ങൾ മിക്കവാറും വികസിച്ചത് നദീതീരങ്ങളിലാണെന്ന് കാണാം. അതുകൊണ്ടുതന്നെ നദികളുടെ തകർച്ച സംസ്കാരത്തിന്റെ തകർച്ചയായാണ് കാണേണ്ടത്. കുട്ടമ്പേരൂർ ആറ് പുനരുജ്ജീവിപ്പിച്ചതിലൂടെ ഒരു സംസ്കാരത്തിന്റെ തന്നെ പുനരുജ്ജീവനമാണ് സാധ്യമായിരിക്കുന്നത്. കൂടാതെ ഒരു ആവാസ വ്യവസ്ഥയും അതിന്റെ കണ്ണികളായി അനേകായിരം ചെറുജീവികളുടെ നിലനിൽപ്പും സാധ്യമായിരിക്കുന്നു. ചരിത്ര താളുകളിലേക്ക് മാറിക്കൊണ്ടിരിക്കുന്ന മരിച്ച പുഴയുടെ പുനർജന്മമെന്ന അപൂർവ നേട്ടമാണ് ബുധനൂർ പഞ്ചായത്തിലെ തൊഴിലുറപ്പ് തൊഴിലാളികളുടെ ഈ വിജയഗാഥ.

കുട്ടമ്പേരൂരാർ അച്ചൻകോവിൽ നദിയിൽ മാവേലിക്കരയ്ക്കടുത്ത് ഉളുന്നിയിൽനിന്നും ഉത്ഭവിച്ച് എണ്ണക്കാട്, ബുധനൂർ, കുട്ടംപേരൂർ, മാന്നാർ, പാണ്ടനാട് തുടങ്ങിയ

ഹരിതകേരളം മിഷൻ



കുട്ടമ്പേരൂർ ആറ് പുനരുജ്ജീവിപ്പിച്ചതിലൂടെ ഒരു സംസ്കാരത്തിന്റെ തന്നെ പുനരുജ്ജീവനമാണ് സാധ്യമായിരിക്കുന്നത്. കൂടാതെ ഒരു ആവാസ വ്യവസ്ഥയും അതിന്റെ കണ്ണികളായി അനേകായിരം ചെറുജീവികളുടെ നിലനിൽപ്പും സാധ്യമായിരിക്കുന്നു. ചരിത്ര താളുകളിലേക്ക് മാറിക്കൊണ്ടിരിക്കുന്ന മരിച്ച പുഴയുടെ പുനർജന്മമെന്ന അപൂർവ നേട്ടമാണ് ബുധനൂർ പഞ്ചായത്തിലെ തൊഴിലുറപ്പ് തൊഴിലാളികളുടെ ഈ വിജയഗാഥ.

സ്ഥലങ്ങളിലൂടെ ഒഴുകി പരുമലയിൽ വച്ച് പമ്പാനദിയുമായി ചേരുന്നു. വളരെ പണ്ടുമുതൽക്ക് തന്നെ വാണിജ്യത്തിന് സമീപവാസികളുടെ ദൈനംദിന ആവശ്യങ്ങൾക്ക് ജലഗതാഗതത്തിനായും ഈ ജലപാത ഉപയോഗിച്ചിരുന്നു. ആലപ്പുഴ ജില്ലയിലെ സാംസ്കാരികാഘോഷങ്ങളിലും അമ്പലങ്ങളിലെ ആറാട്ട് മഹോത്സവങ്ങളിലും ഈ ജലപാതയുടെ കടവുകളെ ഉപയോഗിച്ചിരുന്നു. പണ്ടുകാലങ്ങളിൽ ആറന്മുള വള്ളംകളിയ്ക്ക്, പള്ളിയോടങ്ങൾ പമ്പാനദിയിൽ എത്തിച്ചിരുന്നത് ഈ ജലപാതയിലൂടെ ആയിരുന്നു. ഈ ജലപാതയ്ക്ക് ചുറ്റിലും ചെന്നിത്തല -തൃപ്പെരുന്ന്, ബുധനൂർ, പാണ്ടനാട്, മാന്നാർ തുടങ്ങിയ പ്രധാന ഗ്രാമപഞ്ചായത്തുകൾ നിലകൊള്ളുന്നു.

വർദ്ധിച്ചുവരുന്ന അനധികൃത മാലിന്യ നിക്ഷേപവും അശാസ്ത്രീയമായ നഗരവൽക്കരണവും കാരണം ഈ ജലപാത ക്രമേണ ശോഷിച്ച് വരികയും ജല ഗതാഗതത്തിന് അനുയോജ്യമല്ലാതായിത്തീരുകയും ചെയ്തു. അനധികൃത കയ്യേറ്റങ്ങൾ നിമിത്തം ഒരു കാലഘട്ടത്തിൽ 100 അടിയോളം വീതിയുണ്ടായിരുന്ന ഈ ആറ് 15 അടിയോളം വീതിയുള്ള ഇടുങ്ങിയ ആറായി പരിണമിക്കുകയും ചെയ്തു.

എഴുന്നൂറിലേറെ തൊഴിലാളികൾ ഏറെയും സ്ത്രീകൾ പ്രഭാതം മുതൽ പ്രദോഷം വരെ പണിയെടുത്ത്, മരിച്ച പുഴയിലെ നീരൊഴുക്ക് പുനഃസ്ഥാപിച്ചു. സമീപത്തെ ജലസ്രോതസ്സുകളിൽ ശുദ്ധജലം ലഭ്യമായി. വരൾച്ചയെ നേരിടുവാൻ കൈക്കരുത്തിന്റെ അപൂർവ സംഭാവന പ്രകൃതിയെ സംരക്ഷിക്കുന്ന മനുഷ്യാധ്വാനത്തിന്റെ നേർകാഴ്ച. പുണ്യനദിയായ പമ്പയാറിനെയും അച്ചൻകോവിലാറിനെയും തമ്മിൽ ബന്ധിപ്പിക്കുന്നതും, പമ്പയിലെ ജലം ഉയരുമ്പോൾ തെക്കോട്ട് അച്ചൻകോവിലാറിലേക്കും അച്ചൻകോവിലാറ്റിൽ ജലം ഉയരുമ്പോൾ വടക്കോട്ട് പമ്പയിലേക്കും ഇരുദിശകളിലേക്കും മാറിമാറി ഒഴുകുന്ന പ്രത്യേകതയും ഇതിനുണ്ട്. പ്രകൃതി സ്നേഹികളും മാധ്യമങ്ങളും ജനങ്ങളും കൂട്ടായ പ്രവർത്തനത്തിലൂടെ ഒരു പുഴയ്ക്ക് പുനർജന്മമേകി.

ബുധനൂർ പഞ്ചായത്തിലെ 5 കി.മീ.ഓളം വരുന്ന കുട്ടമ്പേരൂർ ആറിലെ മാലിന്യങ്ങളും ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ശുചീകരിക്കുകയുണ്ടായി. മാലിന്യങ്ങൾ കുമിഞ്ഞുകൂടി, പായലും പോളയും നിറഞ്ഞ് വിഷപാമ്പുകളുടെ ആവാസകേന്ദ്രമായി മാറിയ പുഴയെ തിരിച്ചറിയാൻ കഴിയാത്ത അവസ്ഥയായിരുന്നു. പുഴയ്ക്ക് പുനർജന്മം നൽകണമെന്ന ചിന്ത പഞ്ചായത്ത് ഭരണസമിതി ഏറ്റെടുത്തു. തൊഴിലുറപ്പ് മേഖലയിലെ മേറ്റുമാർ, കുടുംബശ്രീ പ്രവർത്തകർ കമ്മിറ്റി തീരുമാനത്തിന് ആവേശം പകർന്ന് പിന്തുണച്ചു. ഒരു പുഴ അങ്ങനെ പുനർജനിക്കുകയായി.

വർഷങ്ങൾക്കുമുമ്പ് ഈ പുഴയുടെ നവീകരണ പ്രവർത്തനങ്ങൾക്കിടെ തോണിമറിഞ്ഞ് രക്തസാക്ഷിത്വം വരിച്ച സുശീല ഓമനക്കുട്ടന്റെ സഫലീകരിക്കാത്ത സ്വപ്നം പൂർത്തിയാക്കേണ്ടത് തങ്ങളുടെ കടമയാണെന്ന പ്രതിജ്ഞയോടെയാണ് ജനങ്ങൾ ഈ പ്രവർത്തനങ്ങളിൽ പങ്കാളികളായത്. അവർ പുഴ തേടിയിറങ്ങി. പതിനാലു ഗ്രൂപ്പുകളായി പ്രഭാതം മുതൽ പ്രദോഷം വരെ പണിയെടുത്തു. മുപ്പതിനായിരത്തിലധികം മനുഷ്യാധ്വാനം ദിനങ്ങൾ വിഷ ജന്തുക്കളുടെ ആക്രമണവും എലിപ്പനിയും ഡെങ്കിപ്പനിയും അതിജീവിച്ച് ആരോഗ്യ പ്രശ്നങ്ങളെ അവഗണിച്ച് അവർ ആ ലക്ഷ്യം പൂർത്തീകരിച്ചു. കൈത്താങ്ങായി ആരോഗ്യപ്രവർത്തകരും ഭരണസമിതിയും കൂടെനിന്നു.

നാല്പത് ദിവസത്തെ കഠിനാധ്വാനത്തിലൂടെ പായലും പോളയും മാലിന്യങ്ങളും നീക്കി പുഴയിൽ നീരൊഴുക്ക് സാധ്യമാക്കി. അച്ചൻകോവിലാറ്റിൽ നിന്നും ശുദ്ധജലം പമ്പയിലേക്ക് ഒഴുകിത്തുടങ്ങി. ഏകദേശം അഞ്ചു കി.മീ. ചുറ്റളവുള്ള കിണറുകളിലേയും കുളങ്ങളിലേയും മലിനജലം ശുദ്ധജലമായി മാറി. കുടിവെള്ളം ഒഴികെയുള്ള ആവശ്യങ്ങൾക്ക് ആളുകൾ പുഴയെ തേടിയെത്തി. കുട്ടികൾ നീന്തിക്കളിച്ചു. ശുദ്ധജലത്തിലേയ്ക്ക് മത്സ്യങ്ങൾ കൂട്ടമായെത്തി. ഉപജീവനമാർഗം തേടി മത്സ്യത്തൊഴിലാളികളും പുഴയെ തേടി എത്തി. അങ്ങനെ പുഴ പുനർജനിച്ചു.



ഹരിതകേരളം മിഷന്റെ ക്രിയാത്മക ഇടപെടലുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടേയും പൊതുജനങ്ങളുടേയും സന്നദ്ധ സംഘടനാ പ്രവർത്തകരും ഈ ഉദ്യമത്തിൽ വഹിച്ച പങ്ക് നിസ്തുലമാണ്. വരും വർഷങ്ങളിലും ഈ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോവുകയും വരുന്ന തലമുറയ്ക്ക് ശുദ്ധജല ലഭ്യതയും ജീവിക്കാനുള്ള സാഹചര്യങ്ങളും ഒരുക്കേണ്ടത് ഇതിന്റെ ആവശ്യമായതിനാൽ ഇതേപോലുള്ള ഏകോപിത പ്രവർത്തനങ്ങൾ തുടരുകതന്നെ വേണം.

# അതിജീവനക്കരുത്തിൽ നെല്ലറയായി 'കല്ലറ'

നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രളയത്തിൽ നിന്നും അതിജീവനത്തിന്റെ പാതയിലാണ് കേരളം. കുളിർ കാറ്റിന്റെ സുഖമുള്ള മഴ ഓർമ്മകൾ മനസ്സിൽ കാത്ത് സൂക്ഷിച്ച മലയാളികൾ കണ്ടറിഞ്ഞത് കാലവർഷത്തിന്റെ ഭീകരമായ രൗദ്ര ഭാവമായിരുന്നു.

ഹരിതാഭത്താൽ അനുഗ്രഹങ്ങളുടെ വിളനിലമായ കേരള മണ്ണിൽ ദുരന്തം പെയ്തിറങ്ങിയപ്പോൾ നെഞ്ച് പിടഞ്ഞ കർഷകരുടെ കണ്ണീരും പ്രളയകാലത്തെ നൊമ്പരപ്പെടുത്തുന്ന ഓർമ്മ തുണ്ടുകളായിരുന്നു. മണ്ണിൽ പൊന്ന് വിളയിക്കാൻ കടമെടുത്തും പണയപ്പെടുത്തിയും പാടുപെട്ട് പടുത്തുയർത്തിയതെല്ലാം കലിതുള്ളിയ കാലവർഷം നക്കിത്തുടച്ചപ്പോൾ നിസ്സഹായരായി നോക്കിനിന്നവരാണ് കർഷകർ. എന്നാൽ ദുരന്തമുഖത്ത് നിന്നും അതിവേഗം ഉയർത്തെണീറ്റ് അക്ഷര നഗരിയുടെ നെല്ലറയായി മാറിയിരിക്കുകയാണ് കോട്ടയം ജില്ലയിലെ കല്ലറ ഗ്രാമപഞ്ചായത്ത്.

അപ്പർ കുട്ടനാടിന്റെ കാർഷിക വിള നിലങ്ങളിൽ ഒന്നായ കല്ലറ ഗ്രാമപഞ്ചായത്തിലെ നിരവധി കൈത്തോടുകളും കനാലുകളും പ്രളയ മുറിവിൽ ചെളിയും, ചേറും, മാലിന്യങ്ങളും അടിഞ്ഞ് ഒഴുക്ക് മുറിഞ്ഞിരുന്നു. മാലിന്യം അടിഞ്ഞ് തോടുകൾ മരണ മണി മുഴക്കിയതോടെ കല്ലറയിലെ പൊന്ന് വിളയുന്ന പാടശേഖരങ്ങളിലേ

ക്ക് വെള്ളം എത്താതായി. എന്നാൽ ഹരിതകേരളം മിഷന്റെ കൈപിടിച്ച് കൃഷി വകുപ്പ്, ഇറിഗേഷൻ, തൊഴിലുറപ്പ്, ജില്ലാ പഞ്ചായത്ത് തുടങ്ങിയ വിവിധ വകുപ്പുകളുടെ സഹായത്തോടെ കർഷകരും നാട്ടുകാരും ഒത്തുചേർന്ന് പുഴകളുടെ പുനർജീവനത്തിന് വഴി ഒരുക്കി. പ്രളയ ജലത്തിൽ മുങ്ങിയപോയ 51 മോട്ടോറുകൾ പുനഃസ്ഥാപിച്ച് പാടശേഖരത്തേക്കുള്ള ജലസേചനം പുനഃസ്ഥാപിച്ചു.

തൊഴിലുറപ്പ് പ്രവർത്തകരുടെ സഹകരണത്തോടെ തകർന്നടിഞ്ഞ 42 കിലോമീറ്റർ ബണ്ടുകൾ പൂർത്തീകരിച്ചു. മാലിന്യം അടിഞ്ഞ് ഒഴുക്ക് മുറിഞ്ഞ പഞ്ചായത്തിലെ ഏറ്റവും വലിയ തോടായ പുത്തൻതോട് ഇറിഗേഷൻ -കൃഷിവകുപ്പും കൈകോർത്ത് 10 ലക്ഷം രൂപ ചെലവിലാണ് നവീകരിച്ചത്. നിരവധി പാടശേഖരങ്ങളിലേക്ക് ജലം ഒഴുകിയ പുത്തൻ തോടിന്റെ പുനർജന്മം ഹരിതകേരളം മിഷന്റെ അഭിമാന പദ്ധതികളിലൊന്നാണ്. നാടിന്റെ ജീവനാഡിയായിരുന്ന 42 കിലോമീറ്ററോളം തോടുകളും ആഴം കൂട്ടി നവീകരിച്ചു. പുത്തൻ തോടിനെ കൂടാതെ കരിയാർ, കാളത്തോട്, കൊരട്ടി തോട്, പാഴുക്കരി തോട്, കളത്തരക്കരി തോട് തുടങ്ങി 1.50 കോടിയോളം ചെലവഴിച്ച് നിരവധി ജലാശയങ്ങളാണ് വീണ്ടെടുത്തത്.

പ്രളയത്തിൽ ചെളിയടിഞ്ഞ് കൃഷി നശിച്ച പറമ്പൻകരി, വെന്തകരി, മാലിക്കരി, കോനത്തുകരി തുടങ്ങി അറുപതോളം പാടശേഖരങ്ങൾക്ക് പുനർജന്മം നൽകി. 1.28 കോടി രൂപയാണ് ഇതിനായി ചെലവഴിച്ചത്. കൈത്തോടുകൾ മുഴുവൻ വൃത്തിയാക്കിയാണ് പാടശേഖരങ്ങളിലേക്ക് നടന്നടുത്തത്. കല്ലറ പഞ്ചായത്തിലെ പുത്തൻ തോടിനോട് ചേർത്തുള്ള 110 പാടശേഖരം 4 കിലോമീറ്ററോളം ബണ്ട് കയർ ഭൂവസ്ത്രം വിരിച്ച് സംരക്ഷിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് 14 ലക്ഷം രൂപയാണ് കയർഭൂവസ്ത്രം വിരിക്കുന്നതിനായി അനുവദിച്ചത്. തൊഴിലുറപ്പ് പ്രവർത്തകരുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പിലാക്കിയത്.



കാലവർഷക്കെടുതിയിൽ 670 ഹെക്ടറോളം നെൽകൃഷി കല്ലറ പഞ്ചായത്തിൽ നശിച്ചിരുന്നു. 400 ഹെക്ടറോളം വാഴ, തെങ്ങ്, ജാതി, പൈനാപ്പിൾ, ജൈവ പച്ചക്കറി കൃഷി എന്നിവക്കും നാശം സംഭവിച്ചിരുന്നു. എന്നാൽ അതിൽ നിന്നെല്ലാം അതിജീവിച്ച് 1386 ഹെക്ടർ നെൽകൃഷിയാണ് കല്ലറ പഞ്ചായത്തിൽ നടപ്പിലാക്കിയത്. ഹരിത കേരളം മിഷൻ പദ്ധതിയിലൂടെ സുഗമമായ ജലസേചനം തോട് നവീകരണം, നെൽകൃഷി എന്നിവയിലൂടെ സമ്പൂർണ തരിശു രഹിത പഞ്ചായത്ത് എന്ന ബഹുമതിയിലേക്ക് നടന്ന് അടുക്കുകയാണ് കല്ലറ. ജലസേചനം സുഗമമാക്കുന്നതിന്റെ ഭാഗമായി പുതുക്കരി, മടത്തിപ്പറമ്പ്, എക്കമ്മ തുടങ്ങിയ പാടശേഖരങ്ങളിൽ പെട്ടിയും പറയും ഇല്ലാതെ തന്നെ വെള്ളം വറ്റിക്കാവുന്ന മോട്ടോർ വിതരണം ചെയ്തു. കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ 10000 പായ്ക്കറ്റ് വിത്തുകൾ സൗജന്യമായി കർഷകരിലെത്തിച്ചിരുന്നു. ഇനി വരുന്ന കാലവർഷത്തെ അതി ജീവിക്കാൻ തോടുകളുടെ ബണ്ടുകൾ സംരക്ഷിക്കുന്നത് ഉൾപ്പെടെയുള്ള നിരവധി പ്രവർത്തനങ്ങൾക്ക് ഇവിടെ തുടക്കം കുറിച്ചിട്ടുണ്ട്.

# എന്റെ മണിമലയാർ

## ആമുഖം

ഹരിതകേരളം മിഷൻ പദ്ധതിയുടെ ഭാഗമായി എന്റെ മണിമലയാർ സംരക്ഷണത്തിന്റെ അതിജീവനത്തിനായി ഒരു നാടൊരുമിച്ചു. മുണ്ടക്കയത്തിന്റെ ഹൃദയമിടിപ്പെന്ന് വിശേഷിക്കപ്പെട്ടിരുന്ന മണിമലയാർ ഇന്ന് വറ്റി വരണ്ട് മാലിന്യവാഹിനിയായി തളർന്നൊഴുകുകയാണ്. ഒരു നാടിന്റെ സ്വപ്നമായ മണിമലയാറിനെ വീണ്ടെടുക്കുന്നതിനായി ആ നാട്ടിലെ ജനപ്രതിനിധികൾ, സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥികൾ, വിവിധ വകുപ്പുദ്യോഗസ്ഥർ എന്നിങ്ങനെ പ്രായഭേദമന്യേ പുഴയെ അറിയാൻ പുഴ നടത്തത്തിലൂടെ ഒരുമിച്ചു. മഹാ പ്രളയത്തിനുശേഷവും പുഴ വെള്ളമില്ലാതെ നീർച്ചാലായി കിടക്കുകയാണ്. പുഴയെ സംരക്ഷിക്കണമെന്ന ഓർമ്മപ്പെടുത്തൽ കൂടി നടത്തിയാണ് പ്രളയം കടന്നുപോയത്. പുഴകൾക്ക് ഒരു താളമുണ്ട്. കാലത്തിനൊപ്പം ഒഴുകുന്ന താളം. മനുഷ്യസംസ്കാരത്തിന് ഒപ്പമാണ് പുഴയൊഴുകിയത്. ഇന്നു പുഴ മനുഷ്യനാൽ തന്നെ പുതുതലമുറയ്ക്കും വരും തലമുറയ്ക്കും നഷ്ടമായിക്കൊണ്ടിരിക്കയാണ്. ഈ അവസ്ഥയിൽ നിന്ന് ഒരു മാറ്റം അനിവാര്യമാകുംവിധം പുഴയെ വീണ്ടെടുക്കുന്നതിനായി ഹരിതകേരളം ജില്ലാ മിഷന്റേയും ജില്ലാ പഞ്ചായത്തംഗം കെ രാജേഷിന്റെയും നേതൃത്വത്തിൽ രൂപീകരിച്ച മുണ്ടക്കയം മണിമലയാർ സംരക്ഷണ ജനകീയവേദി പ്രാരംഭ ഘട്ടമെന്ന നിലയിൽ പുഴ നടത്തം സംഘടിപ്പി

ച്ചു. മണിമലയാർ നദീതടത്തിലൂടെയും ജലം ഒഴുകിയെത്തുന്ന ചാലുകളിലൂടെയും കൈത്തോടുകളിലൂടെയും നടത്തിയ യാത്രയ്ക്കിടയിൽ അതിരൂക്ഷവും ഭയാനകരവുമായ ഒട്ടനവധി മാലിന്യ സ്രോതസുകളും അനധികൃത കൈയ്യേറ്റങ്ങളും അശാസ്ത്രീയമായ നിർമിതികളും പുഴയിലേയ്ക്ക് തുറന്നുവച്ചിരിക്കുന്ന കക്കൂസ് മാലിന്യക്കുഴലുകളുമെല്ലാം കണ്ടെത്തുകയുണ്ടായി. പുഴ നടത്തത്തിനുശേഷം അവലോകന യോഗം നടത്തി പുഴയുടെ ഡോക്യുമെന്റേഷൻ നടത്താനും പ്രാദേശിക ജനകീയ സംവാദങ്ങൾ സംഘടിപ്പിക്കുവാനും ആക്ഷൻപ്ലാൻ തയ്യാറാക്കുവാനും തീരുമാനിച്ചു. കൂടാതെ കൈത്തോടുകൾ നവീകരിച്ച് ഉറവിടമാലിന്യ സംസ്ക്കരണം നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഘട്ടംഘട്ടമായി ആരംഭിച്ചു.

## പുഴ വീണ്ടെടുക്കൽ പ്രവർത്തനങ്ങളിലേയ്ക്ക്

വരട്ടാർ ഉൾപ്പെടെയുള്ള മാതൃകകളിലൂടെ പാരിസ്ഥിതിക വീണ്ടെടുക്കലുകൾ സാധ്യമാണെന്ന് തെളിയിച്ച ഹരിത കേരളം മിഷന്റെ പ്രവർത്തനങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടാണ് "എന്റെ മണിമലയാർ" പദ്ധതിക്ക് തുടക്കം കുറിച്ചത്. പുല്ലുക്കയാർ വല്ലപ്പുഴ എന്നീ പേരുകളിലും പുഴ അറിയപ്പെടുന്നു. 92 കിലോമീറ്റർ നീളമുള്ള മണിമലയാർ പശ്ചിമഘട്ടത്തിൽ സമുദ്രനിരപ്പിൽ നിന്നും 2500 അടി മുകളിൽ സ്ഥിതി ചെയ്യുന്നു. മുത്തവറ മലനിരകളിൽ നിന്നാണ് ഈ നദിയുടെ ഉത്ഭവം. ഇവിടെ നിന്നും കോട്ടയം പത്തനംതിട്ട ജില്ലകളിലൂടെ ഒഴുകി ആലപ്പുഴ ജില്ലയിലെ ചിത്തിരപ്പള്ളിയിൽ വെച്ച് വേമ്പനാട് കായലിൽ ചേരുന്നു.

സംസ്ഥാന ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ കേരളത്തിന് മാതൃകയായ നാല് ജില്ലകളെ യോയിപ്പിച്ചാണ് "എന്റെ മണിമലയാർ" നദീ സംരക്ഷണ പദ്ധതിയുടെ തുടക്കം. അതിരൂക്ഷമായ മലിനീകരണത്താൽ മരണാസന്നയായ മണിമലയാറിനെ വീണ്ടെടുക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഇതിന്റെ ഭാഗമായി കൈത്തോടുകളേയും പോഷകനദികളെയും പുനരുജ്ജീവിപ്പിച്ചുകൊണ്ടാണ് ശുചീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചത്. ഇതിനായി പത്തനംതിട്ട ജില്ലാ പഞ്ചായത്തംഗം എസ് വി സുബിൻ, ഡോ.എൻ. ജയരാജ് എം.എൽ.എ., മണർകാട് സെന്റ്മേരീസ് കോളേജ് പ്രിൻസിപ്പൾ ഡോ. പുന്നൻ കുര്യൻ വേങ്കേടത്ത്, സർക്കാർ ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ, വിദ്യാർത്ഥികൾ, ജനപ്രതിനിധികൾ എന്നിവരുടെ നേതൃത്വത്തിൽ പുഴ പഠന യാത്ര സംഘടിപ്പിച്ചു.

## ജനകീയ കൂട്ടായ്മയിൽ ശുചീകരണ പ്രവർത്തനങ്ങൾ

മണിമല ടൗണിലെ ബ്രിട്ടീഷ് പാലത്തിനടിയിലും പരിസരത്തും കൂടിക്കിടന്ന മാലിന്യം നീക്കം ചെയ്തു കൊണ്ട് 2018 ഒക്ടോബർ 20 നാണ് പദ്ധതി ആരംഭിക്കുന്നത്. കുടുംബശ്രീ, തൊഴിലുറപ്പ് തൊഴിലാളികൾ, സന്നദ്ധസംഘടനകൾ, വ്യാപാരി വ്യവസായികൾ എന്നിവരെയെല്ലാം പങ്കാളികളാക്കി കൊണ്ടാണ് കൈത്തോടുകൾ വൃത്തിയാക്കുന്ന പ്രവർത്തനം ആരംഭിച്ചത്. മാലിന്യസംസ്ക്കരണം എന്നതിനപ്പുറം പുഴ ഒരു ആവാസവ്യവസ്ഥ എന്ന ആശയത്തിലൂന്നിയാണ് പുഴ പുനരുജ്ജീവനം നടത്തുന്നത്.

പ്രാരംഭഘട്ടം എന്ന നിലയിൽ കവിയൂർ പുഞ്ചയിൽ കൃഷി തുടങ്ങാൻ ജനകീയ കൂട്ടായ്മക്ക് സാധിച്ചു. ഇതിനോടനുബന്ധിച്ച് കുറ്റപ്പുഴത്തോട് ശുചീകരണം തിരുവല്ല നഗരസഭാ ചെയർമാൻ ശ്രീ. ചെറിയാൻ പോളച്ചിറക്കൽ ഉദ്ഘാടനം ചെയ്തു. പഞ്ചായത്തിലെ ഒന്ന് മുതൽ പത്തുവരെയുള്ള വാർഡുകളിൽ നിന്നുള്ള അഞ്ഞൂറോളം പേരാണ് തോട് ശുചീകരണത്തിൽ പങ്കാളികളായത്. കവിയൂർ പുഞ്ചയിൽ അമിതമായി വെള്ളം കയറുകയോ, വെള്ളപ്പൊക്കമുണ്ടാക്കുകയോ ചെയ്താൽ പുഞ്ചയിൽ നിന്ന് പുറത്തെത്തിക്കാനുള്ള ഏക മാർഗമാണ് കുറുപ്പുഴ തോട്. തോട് വൃത്തിയായെങ്കിൽ മാത്രമേ ജലഗമന -നിർഗമനം ഫലപ്രദമായ രീതിയിൽ സാധ്യമാകൂ. ഇതിനായി കൈത്തോ



പഞ്ചായത്തിലെ ഒന്ന് മുതൽ പത്തുവരെയുള്ള വാർഡുകളിൽ നിന്നുള്ള അഞ്ഞൂറോളം പേരാണ് തോട് ശുചീകരണത്തിൽ പങ്കാളികളായത്. കവിയൂർ പുഞ്ചയിൽ അമിതമായി വെള്ളം കയറുകയോ, വെള്ളപ്പൊക്കമുണ്ടാക്കുകയോ ചെയ്താൽ പുഞ്ചയിൽ നിന്ന് പുറത്തെത്തിക്കാനുള്ള ഏക മാർഗമാണ് കുറുപ്പുഴ തോട്. തോട് വൃത്തിയായെങ്കിൽ മാത്രമേ ജലഗമന - നിർഗമനം ഫലപ്രദമായ രീതിയിൽ സാധ്യമാകൂ. ഇതിനായി കൈത്തോടുകൾ വൃത്തിയാക്കുകയും ഇത് കൃഷിക്ക് അനുയോജ്യമാക്കി തീർക്കുകയും ചെയ്തു. കവിയൂർ വലിയതോടിന്റെ ആഴം കൂട്ടി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി 720 ഏക്കറിലേക്കാണ് കൃഷി വ്യാപിപ്പിച്ചത്. പ്രളയത്തിനുശേഷമുള്ള പുനരുജ്ജീവനത്തിന്റെ ഒരു പാഠമായി കവിയൂർ പുഞ്ച.

ടുകൾ വൃത്തിയാക്കുകയും ഇത് കൃഷിക്ക് അനുയോജ്യമാക്കി തീർക്കുകയും ചെയ്തു. കവിയൂർ വലിയതോടിന്റെ ആഴം കൂട്ടി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി 720 ഏക്കറിലേക്കാണ് കൃഷി വ്യാപിപ്പിച്ചത്. പ്രളയത്തിനുശേഷമുള്ള പുനരുജ്ജീവനത്തിന്റെ ഒരു പാഠമായി കവിയൂർ പുഞ്ച.

നദീതീരത്തെ പ്രധാന നഗരങ്ങളും ഗ്രമങ്ങളുമായ മുണ്ടക്കയം, മണിമല, കാഞ്ഞിരപ്പള്ളി, മല്ലപ്പള്ളി, കവിയൂർ എന്നിവടങ്ങളിൽ ജനകീയ കൂട്ടായ്മകൾ രൂപീകരിച്ചു. ജില്ലാ പഞ്ചായത്താംഗം ശ്രീ. കെ രാജേഷിന്റെ നേതൃത്വത്തിൽ മുണ്ടക്കയത്ത് ജനകീയ വേദി രൂപീകരിക്കുകയും പുഴ നടത്തം സംഘടിപ്പിക്കുകയുമുണ്ടായി. ഇതിനോടനുബന്ധിച്ച് ജലസംരക്ഷണ മാർഗങ്ങൾ നടപ്പിലാക്കുന്നതിനായുള്ള നടപടികൾ ആരംഭിച്ചു. പുഴയിലേക്ക് വച്ചിരുന്ന മാലിന്യക്കുഴലുകൾ നീക്കം ചെയ്ത് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ തുടങ്ങി.

## തുടർപ്രവർത്തനങ്ങൾ

പുഴ പുനരുജ്ജീവനത്തിന്റെ തുടർ പ്രവർത്തനങ്ങൾ നീർത്തട പ്ലാനുകളിൽ ഉൾപ്പെട്ടിട്ടുള്ള മണ്ണ്, ജലസംരക്ഷണ പ്രവർത്തനങ്ങളിലൂടെ നടത്താനാണ് ലക്ഷ്യമിടുന്നത്. അതോടൊപ്പം, പ്രാദേശിക ടൂറിസം പദ്ധതിയ്ക്ക് അനുയോജ്യമായ തരത്തിൽ കണ്ടെത്തിയ സ്ഥലങ്ങളെ അത്തരത്തിൽ വികസിപ്പിച്ചുകൊണ്ടുവരുന്നതിനും ലക്ഷ്യമിടുന്നു. പ്രദേശത്തിന്റെ സാംസ്കാരിക ചരിത്രം രേഖപ്പെടുത്തുന്നതുൾപ്പെടെയുള്ള ഭാവി പ്രവർത്തനങ്ങളിൽ ദേശീയ ജനകീയ സമിതികളുടെ ഏകോപിച്ച പ്രവർത്തനം ആവശ്യമാണ്.

# മീനച്ചിലാർ – മീനന്തറയാർ – കൊടൂരാർ സംയോജന പദ്ധതി

കോട്ടയം ജില്ലയിൽ അയർക്കുന്നം, മണർക്കാട്, വിജയപുരം കോട്ടയം മുനിസിപ്പാലിറ്റി എന്നീ പ്രദേശങ്ങളിൽ ഉൾപ്പെടുന്ന 1100ലധികം ഏക്കർ വരുന്ന പാടശേഖരങ്ങളിൽ കൃഷിയിറക്കുന്നതിന് ആവശ്യമായ ജലം ലഭ്യമാക്കുന്നതിന് മീനച്ചിലാറിനെയും മീനന്തറയാറിനെയും യോജിപ്പിക്കുന്ന തോട് പുനരുജ്ജീവിപ്പിച്ച് നീരൊഴുക്ക് സാധ്യമാക്കുന്നതിനുള്ള പ്രത്യക പദ്ധതിയാണിത്. കോട്ടയത്തിന്റെ കിഴക്കു പശ്ചിമഘട്ടത്തിൽനിന്നും ആരംഭിക്കുന്ന മീനച്ചിലാർ 78 കി.മീറ്റർ ഒഴുകി വേമ്പനാട്ടു കായലിൽ പതിക്കുന്നു. കോട്ടയം ജില്ലയുടെ 66%ത്തോളം ഭൂപ്രദേശം ഈ നദീതടത്തിന്റെ ഭാഗമാണ്. ആളുമാനൂരിൽ മീനച്ചിലാറിൽനിന്നും ആരംഭിച്ച് അയർക്കുന്നം മണർക്കാട് വീയ്യപുരം പഞ്ചായത്തുകളിലൂടെ ഒഴുകി കോട്ടയം പട്ടണത്തിനു സമീപം തിരിച്ച് മീനച്ചിലാറിൽ തന്നെ ചേരുന്ന ഒരു പ്രധാന കൈവഴിയാണ് മീനന്തറയാർ. മീനച്ചിലാർ വേമ്പനാട് കായലിൽ പതിക്കുന്നതിന് തൊട്ടു മുൻപ് നദിയുമായി ചേരുന്ന മറ്റൊരു കൈവഴിയാണ് കൊടുരാർ.

വളരെ പ്രാചീന കാലം മുതൽ തന്നെ ചെറുനദികളും അരുവികളും മനുഷ്യ നിർമ്മിതമായ കനാലുകളും



ഗ്രീൻ ഫ്രട്ടേണിറ്റിയുടെ നേതൃത്വത്തിൽ ഒരുകൂട്ടം യുവാക്കൾ നടത്തിയ നട്ടാശ്ശേരിത്തോട് വൃത്തിയാക്കൽ പ്രവർത്തനമാണ് ഈ പദ്ധതിയ്ക്ക് പ്രചോദനമായത്. ഈ വീണ്ടെടുക്കൽ പ്രവർത്തനം വ്യാപിപ്പിക്കാൻ കഴിഞ്ഞാൽ മുഴുവൻ പ്രദേശത്തേയും സുസ്ഥിര വികസനത്തിന് വഴിയൊരുക്കും എന്ന ബോധമാണ് നദീ പുനഃസംയോജനത്തിനുള്ള ജനകീയ സംരംഭത്തിന് തുടക്കമിട്ടത്. 2017 ആഗസ്റ്റ് 28 ന് ബഹു. ധനകാര്യമന്ത്രി ഡോ. റ്റി.എം. തോമസ് ഐസക് ഉദ്ഘാടനം ചെയ്ത ഈ ജനകീയ സംരംഭത്തിൽ പാരിസ്ഥിതിക - സാമൂഹ്യമേഖലകളിൽ പ്രവർത്തിക്കുന്ന പതിനഞ്ചോളം സംഘടനകളും വിവിധ മേഖലകളിൽനിന്നു മുള്ള വ്യക്തികളും രാഷ്ട്രീയ, സാമൂഹ്യ, സാംസ്കാരിക, സാമ്പത്തിക വേർതിരിവുകൾ ഒന്നുമില്ലാതെ പങ്കാളികളായി.

ഈ നദികളെ പരസ്പരം ബന്ധിപ്പിച്ചിരുന്നു. ഏകദേശം 3000 കിലോ മീറ്ററിലധികം നീളം വരുന്ന ജലസേചന-ജല നിർഗ്ഗമന ചാലുകളുടെ ശൃംഖല ഈ പ്രദേശത്ത് ഉണ്ടായിരുന്നതായാണ് കണക്കാക്കപ്പെടുന്നത്. ഇതിൽ ചില ചാലുകൾ കൊല്ലം-കൊച്ചി ജലപാതയുടെ പോലും ഭാഗമായിരുന്നു. ജലപാതകളുടെ പ്രാധാന്യമില്ലാതെയായതും ഭൂഉപയോഗത്തിൽ വന്ന മാറ്റവും ഇവയിൽ പലതും നികന്നു പോകുന്നതിനും ശേഷിക്കുന്നവ വെള്ളക്കെട്ടുകളും മാലിന്യ നിക്ഷേപകേന്ദ്രങ്ങളും ആകുന്നതിനും കാരണമായി. ഇതിന് തുടർച്ചയായി നെൽകൃഷിയുടെ വിസ്തൃതി കുറയുകയും തണ്ണീർത്തടങ്ങൾ നികന്നു പോകുന്നതിനും കിണറുകളും കുളങ്ങളും മലിനപ്പെടുകയോ വറ്റിപ്പോകുകയോ ചെയ്യുന്നതിനും ഇടയായി. പരിസ്ഥിതിയുടെ സന്തുലിതാവസ്ഥയ്ക്ക് ഇത് വലിയ ആഘാതമുണ്ടാക്കി. ഒരു പരിധിവരെ ഇതൊക്കെ പകർച്ച വ്യാധികൾ പകരുന്നതിനും ജീവിത സാഹചര്യം കൂടുതൽ മോശമാകുന്നതിനും കാരണമായി.

ഈ സാഹചര്യത്തിലാണ് മീനച്ചിലാർ-മീനന്തറയാർ-കൊടൂരാർ സംയോജനത്തിനുള്ള ഒരു പരിസ്ഥിതി പുനസ്ഥാപന പ്രവത്തനത്തെക്കുറിച്ചുള്ള ചിന്തകൾ ഉടലെടുക്കുന്നത്. ഗ്രീൻ ഫ്രട്ടേണിറ്റിയുടെ നേതൃത്വത്തിൽ ഒരു കൂട്ടം യുവാക്കൾ നടത്തിയ നട്ടാശ്ശേരിത്തോട് വൃത്തി

യാക്കൽ പ്രവർത്തനമാണ് ഈ പദ്ധതിയ്ക്ക് പ്രചോദനമായത്. ഈ വീണ്ടെടുക്കൽ പ്രവർത്തനം വ്യാപിപ്പിക്കാൻ കഴിഞ്ഞാൽ മുഴുവൻ പ്രദേശത്തേയും സുസ്ഥിര വികസനത്തിന് വഴിയൊരുക്കും എന്ന ബോധമാണ് നദീ പുനഃസംയോജനത്തിനുള്ള ജനകീയ സംരംഭത്തിന് തുടക്കമിട്ടത്. 2017 ആഗസ്റ്റ് 28 ന് ബഹു. ധനകാര്യമന്ത്രി ഡോ. റ്റി.എം. തോമസ് ഐസക് ഉദ്ഘാടനം ചെയ്ത ഈ ജനകീയ സംരംഭത്തിൽ പാരിസ്ഥിതിക-സാമൂഹ്യമേഖലകളിൽ പ്രവർത്തിക്കുന്ന പതിനഞ്ചോളം സംഘടനകളും വിവിധ മേഖലകളിൽനിന്നു മുള്ള വ്യക്തികളും രാഷ്ട്രീയ, സാമൂഹ്യ, സാംസ്കാരിക, സാമ്പത്തിക വേർതിരിവുകൾ ഒന്നുമില്ലാതെ പങ്കാളികളായി. അയർക്കുന്നം, മണർക്കാട്, പുതുപ്പള്ളി, വാകത്താനം, പനച്ചിക്കാട്, തിരുവാർപ്പ്, അയ്മനം, കുമരകം ഗ്രാമപഞ്ചായത്തുകളും കോട്ടയം മുനിസിപ്പാലിറ്റിയും ചേർന്നതാണ് ഈ ജനകീയ പരിപാടിയുടെ പദ്ധതി പ്രദേശം.

നിർവ്വഹണത്തിനായി ഓരോ നീർച്ചാലിനു വേണ്ടിയും അല്ലെങ്കിൽ ഓരോ ചെറിയപ്രദേശത്തിനു വേണ്ടിയും ഓരോ കമ്മിറ്റിയ്ക്ക് രൂപം കൊടുത്തു. തദ്ദേശ ഭരണ സ്ഥാപന ങ്ങളുടേയും സർക്കാരിന്റേയും ഇടപെടൽ സാധ്യമാക്കിക്കൊണ്ടും നേരത്തേ തയ്യാറാക്കിയിട്ടുള്ള പ്രവർത്തനപരിപാടിയിലെ സമയക്രമം പാലിച്ചുകൊണ്ടും ജലസ്രോതസ്സുക ളുടെ സംരക്ഷണം, തരിശുനില കൃഷി, മാലിന്യ നിക്ഷേപം തടയൽ, ഗ്രാമീണ വിനോദ സഞ്ചാര സാധ്യതകൾ വിപുലപ്പെടുത്തൽ എന്നിവയുടെ സംഘാടനമാണ് ഈ കമ്മിറ്റികളുടെ ഉത്തരവാദിത്വം.

പ്രവർത്തനത്തിനാവശ്യമായ ധനസമാഹരണം സമ്പൂർണ്ണ സുതാര്യത ഉറപ്പാക്കി ക്കൊണ്ട് അതാത് പ്രദേശത്തുനിന്നും പ്രാദേശികമായിത്തന്നെ സ്വരൂപിക്കുന്ന രീതിയാണ് തുടർന്നുവരുന്നത്. ഇത്തരത്തിൽ മുപ്പതിലധികം കമ്മിറ്റികൾ പദ്ധതി പ്രദേശത്ത് പ്രവർ ത്തിക്കുന്നു. ഈ കമ്മിറ്റികളുടെ പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകത്തക്ക രീതിയിൽ അവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ടാണ് മുഖ്യ സംഘാടക സമിതിയുടെ പ്രവർത്തനം.

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സർക്കാർ വകുപ്പുകളും മറ്റ് ഏജൻസികളും തുടക്കം മുതൽ തന്നെ ജനകീയ സമിതിയോടൊപ്പം ചേർന്ന് പ്രവർത്തിച്ചു എന്ന കാര്യം ശ്രദ്ധേയമാണ്. ഹരിതകേരളം മിഷന്റെ ഭാഗമായി രൂപീകൃതമായ ജല ഉപമിഷനുമായി ബന്ധപ്പെട്ട ജില്ലാ സാങ്കേതിക സമിതിയും ജില്ലാ കളക്ടറുടെ നേ



തൃത്വത്തിലുള്ള കർമ്മ സമിതിയും ജനകീയ സമിതിയ്ക്ക് വലിയ പിന്തുണയായി. കൃഷി, ജലസേചനം, മൃഗസംരക്ഷണം, ഗ്രാമവികസനം, റവന്യൂ, മണ്ണ് പര്യവേക്ഷണ-മണ്ണ് സംരക്ഷണം, തദ്ദേശസ്വയംഭരണം, വിദ്യാഭ്യാസം, ടൂറിസം, ആരോഗ്യം, ആസൂത്രണം, സഹകരണം, പോലീസ് എന്നീ സർക്കാർ വകുപ്പുകളും കാർഷിക സർവ്വകലാശാല, കൃഷി വിജ്ഞാന കേന്ദ്രം, കുടുംബശ്രീ, ശുചിത്വമിഷൻ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവയും ഇത്തരത്തിൽ പദ്ധതിയുമായി സഹകരിച്ച് സജീവ പങ്കാളികളായി. വിവിധ വകുപ്പുകളുടെ പ്രവർ ത്തനങ്ങൾ മാതൃകാപരമായി ഏകോപിപ്പിക്കുന്നതിനും അവർ തമ്മിലുള്ള പരസ്പര ആശയ വിനിമയത്തിലൂടെ ആസൂത്രണവും നിർവ്വഹണവും സാധ്യമാക്കുന്നതിനും സാധിച്ചുവെന്നത് എടുത്തു പറയേണ്ടതാണ്. വിവിധ വകുപ്പ് മേധാവി



ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സർക്കാർ വകുപ്പുകളും മറ്റ് ഏജൻസികളും തുടക്കം മുതൽ തന്നെ ജനകീയ സമിതിയോടൊപ്പം ചേർന്ന് പ്രവർത്തിച്ചു എന്ന കാര്യം ശ്രദ്ധേയമാണ്. ഹരിതകേരളം മിഷന്റെ ഭാഗമായി രൂപീകൃതമായ ജല ഉപമിഷനുമായി ബന്ധപ്പെട്ട ജില്ലാ സാങ്കേതിക സമിതിയും ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള കർമ്മ സമിതിയും ജനകീയ സമിതിയ്ക്ക് വലിയ പിന്തുണയായി.

കളുടേയും വിവിധ തട്ടിലുള്ള ഭരണാധികാരികളുടേയും ജനപ്രതിനിധികളുടേയും സാന്നിദ്ധ്യവും ഉപദേശങ്ങളും പ്രവർത്തന സംഘാടനത്തിന് സഹായകമായി.

## പ്രധാന നേട്ടങ്ങൾ

- മീനന്തറയാർ നദീതടത്തിൽ 540 ഏക്കർ പ്രദേശത്തും കൊടൂരാർ നദീതടത്തിൽ 218 ഏക്കർ പ്രദേശത്തും തരിശുഭൂമി കൃഷിയോഗ്യമാക്കി കൃഷി പുനരാരംഭിച്ചു.
- 700 കിലോമീറ്റർ നീളം നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചു. (അടിഞ്ഞുകൂടിയ മണ്ണും എക്കലും നീക്കം ചെയ്യുകയും വീതികൂട്ടുകയും പാർശ്വസംരക്ഷണം നടത്തുകയുമാണ് ചെയ്തത്. സമീപകിണറുകളിലേയും കുളങ്ങളിലേയും ജലനിരപ്പിനെ ബാധിക്കാത്ത തരത്തിൽ ശാസ്ത്രീയ വിലയിരുത്തൽ നടത്തിയാണ് മണ്ണ് നീക്കം ചെയ്തത്.)
- പുഴയോരത്തെ 22 ഏക്കർ കയ്യേറ്റം ഒഴിപ്പിച്ചു.
- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി (424290 മനുഷ്യ തൊഴിൽദിനങ്ങൾ) നിലമൊരുക്കലും കയർഭൂവസ്ത്രം വിരിച്ച് പാർശ്വസംരക്ഷണവും സാധ്യമാക്കി.
- നാല് ഗ്രാമീണ വിനോദസഞ്ചാര പദ്ധതികൾക്ക് രൂപം നൽകി. (മലരിക്കൽ ഫെസ്റ്റ്, പടിയറക്കവ് വാട്ടർ ടൂറി



സം, വാകത്താനം പൈതൃകമേള, കവണാറ്റിൻകര വെക്കേഷൻ ഹാർവെസ്റ്റ്) കൂടതൽ ജനങ്ങളെ ഈ ജനകീയ പരിപാടിയിലേക്ക് ആകർഷിക്കുന്നതിന് വഴിയൊരുക്കി.

- 31 ഗ്രാമപഞ്ചായത്തുകളിലും 4 മുനിസിപ്പാലിറ്റികളിലുമായി 'എല്ലാവരും ജലാശയങ്ങളിലേയ്ക്ക്' എന്ന വിപുലമായൊരു ജനകീയ ക്യാമ്പയിന് രൂപം നൽകി നടപ്പിലാക്കി.
- പദ്ധതി പ്രദേശത്തെ പ്രീസ്കൂൾ മുതൽ സർവ്വകലാശാല വരെയുള്ള വിദ്യാർത്ഥികൾക്ക് പാരിസ്ഥിതിക പുനഃസ്ഥാപനം, പരിസ്ഥിതി എന്നിവ സംബന്ധിച്ച പഠനത്തിനുള്ള പ്രായോഗിക വേദിയാക്കി.
- പദ്ധതി പ്രദേശത്തെ ജലസ്രോതസ്സുകൾ ജനകീയമായി ശുചിയാക്കി.

## ഭാവി പ്രവർത്തന ലക്ഷ്യങ്ങൾ

- ജലസ്രോതസ്സുകളുടെ പ്രളയാനന്തര ശുചീകരണവും പുനരുജ്ജീവനവും സാദ്ധ്യമാക്കൽ.
- പുഴയുടെ അഴിമുഖത്ത് അടിഞ്ഞുകൂടിയിട്ടുള്ള എക്കലും മണ്ണും നീക്കം ചെയ്യൽ, പാടശേഖരങ്ങളുടെ പുറം ബണ്ട് ബലപ്പിക്കൽ, ജലഗതാഗതം, കൃഷി എന്നിവയ്ക്ക് വേണ്ട സൗകര്യമൊരുക്കൽ.
- 2000 കിലോ മീറ്റർകൂടി നീളത്തിൽ നീർച്ചാലുകളുടെ പുനരുദ്ധാരണം പ്രവർത്തനങ്ങൾ.
- നെൽകൃഷി 2100 ഏക്കറിലേയ്ക്ക് വ്യാപിപ്പിക്കൽ.
- പദ്ധതിയുടെ പ്രവർത്തനം മീനച്ചിലാർ നദീതടത്തിന്റെ മുഴുവൻ പ്രദേശത്തേയ്ക്കും കോട്ടയം ജില്ലയുടെ മുഴുവൻ പ്രദേശത്തേയ്ക്കും വ്യാപിപ്പിക്കൽ.
- നീരൊഴുക്കും ജലഗതാഗതവും സുഗമമാക്കുന്ന തരത്തിൽ പാലങ്ങൾ, കലുങ്കുകൾ മുതലായവയുടെ പുനർനിർമ്മാണം.

# നാടിന്റെ ജീവനാഡിയായി ഊത്തപ്പാറ പാറമടക്കുളം

വർഷങ്ങളായി കുടിനീരിന് വലഞ്ഞ ഒരു നാടിന്റെ ജീവാംശമായി ഊത്തപ്പാറ പാറമടക്കുളം. കോട്ടയം ജില്ലയിൽ നെടുംകുന്നം പഞ്ചായത്തിലെ ഊത്തപ്പാറ പാറമടക്കുളമാണ് വറ്റി വരണ്ടു പോയ ഒരു നാടിനെ വീണ്ടെടുത്തത്.

മഴക്കാലത്ത് പോലും ശുദ്ധജലത്തിന് നെട്ടോട്ടമോടിയിരുന്നു നെടുംകുന്നം നിവാസികൾ. തോടുകളിലും മറ്റും ഓലി കുത്തിയും കിലോമീറ്ററോളം നടന്ന് തലച്ചുമടുമായി വെള്ളം ശേഖരിച്ചുമാണ് ഇവിടെത്തുകാർ ദൈനംദിനാവശ്യങ്ങൾ നിറവേറ്റിയിരുന്നത്. കൊടും വരൾച്ചയെ അതിജീവിക്കാൻ നെടുംകുന്നം പഞ്ചായത്തിലെ ഒന്നാം വാർഡ് അംഗം ജോ ജോസഫിന്റെ മനസ്സിൽ തെളിഞ്ഞ ആശയമായിരുന്നു ഉപയോഗശൂന്യമായ പാറമടകളിലെ വെള്ളം ഉപയോഗിച്ച് പുതിയൊരു ജലസേചന പദ്ധതിക്ക് തുടക്കം കുറിക്കുകയെന്നത്. ഇതിനായി വാർഡിലെ ജലസമൃദ്ധി നിറഞ്ഞ പാറക്കുളങ്ങളിൽ ഒന്നായ മാന്തുരുത്തി കല്ലോലി റോഡിലെ ഊത്തപ്പാറ പാറമടക്കുളം തിരഞ്ഞെടുത്തു.

പീന്നിട് നാട്ടുകാരുടെ സഹായത്തോടെ പാറമടക്കുളത്തിലെ വെള്ളം ശക്തിയേറിയ മോട്ടോർ ഉപയോഗിച്ച് പത്ത് മണിക്കൂറോളം തുടർച്ചയായി പ്രവർത്തിപ്പിച്ച് സമീപത്തെ പ്രധാന ജലാശയമായ മാന്തുരുത്തി തോട്ടിലേ

ഹരിതകേരളം മിഷൻ



ക്ക് ഒഴുകി. തോട്ടിൽ വെള്ളം എത്തിയതോടെ സമീപ പ്രദേശങ്ങളിലെ കിണറുകളിലെ ഉറവുകളിലും തെളിനീർ നിറയാൻ തുടങ്ങി. വരൾച്ചയെ അതിജീവിച്ച് മണിക്കൂറുകൾക്കുള്ളിൽ നെടുംകുന്നം പ്രദേശത്തെ കിണറുകളും മറ്റ് ജലാശയങ്ങളുമെല്ലാം നിറഞ്ഞ് ഒഴുകി. 20 സെന്റ് വിസ്തൃതിയുള്ള പാറമടക്കുളത്തിൽ 60 അടിയോഴം താഴ്ചയിൽ വെള്ളം ഉണ്ടായിരുന്നു. സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ഊത്തപ്പാറ പാറമടക്കുളത്തിൽ മണിക്കൂറുകളോളം തുടർച്ചയായി മോട്ടോർ വച്ച് വെള്ളമടിച്ചിട്ടും 1 അടി മാത്രമാണ് താഴ്ന്നത്. മാന്തുരുത്തി റോഡിലെ കല്ലോലി മുതൽ 2 കിലോമീറ്റർ വരുന്ന നിരവധി കിണറുകളിലെ ഉറവകളാണ് പാറമടയിൽ നിന്ന് വെള്ളം എത്തിയതോടെ ശക്തി ആർജ്ജിച്ചത്. മാതൃകയായ ഈ ജലസേചന പദ്ധതിയിലൂടെ നൂറ് കണക്കിന് കുടുംബങ്ങളിലെ ശുദ്ധജലക്ഷാമത്തിന് പരിഹാരം കാണാൻ കഴിഞ്ഞു.

സംസ്ഥാനം മുഴുവൻ മാതൃകയാക്കാവുന്ന ഈ ആശയം ബന്ധപ്പെട്ട അധികൃതരുടെ ശ്രദ്ധയിൽപ്പെട്ടതോടെ ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി കൂടുതൽ വിപുലമാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഇറിഗേഷൻ വകുപ്പിന്റെ സഹകരണത്തോടെ പാറമടയിലെ വെള്ളം ശുദ്ധീകരിച്ച് പൈപ്പുകൾ വഴി ജനവാസ കേന്ദ്രത്തിലേക്ക് എത്തിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. നിലവിൽ ഇറിഗേഷൻ വകുപ്പ് ഹരിത കേരളം പദ്ധതിയുടെ ഭാഗമായി സഞ്ജീവനി, കൊഴുങ്ങാലൂർ പാറമടകളുടെ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി വരികയാണ്. 4 ലക്ഷം രൂപയോളം ചെലവിൽ പാറമടകളിലെ ചെളി കോരി മാറ്റി ചുറ്റ് മതിൽ കെട്ടി നവീകരിച്ച് വെള്ളം ഉപയോഗപ്രദമാക്കുന്ന രീതിയാണ് ഇറിഗേഷൻ വകുപ്പ് അവലംബിച്ചിരിക്കുന്നത്. പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഊത്തപ്പാറ പാറമടക്കുളം നവീകരിച്ച് വിപുലമാക്കുകയാണ് ലക്ഷ്യം.

# ഇലവീഴാപൂഞ്ചിറ

ശുദ്ധജലം കേരളത്തിലെ ഏറ്റവും പ്രധാന വിഭവ ദാരിദ്ര്യമായി മാറുന്ന സാഹചര്യത്തിൽ, അതിരൂക്ഷമായ കാലാവസ്ഥ മാറ്റത്തിന്റെ പിടിയിൽ നമ്മുടെ നാട് ഞെരിഞ്ഞമരുമ്പോൾ വീണ്ടെടുപ്പിന്റെ വിജയഗാഥ അനുദിനം ഓർമ്മിപ്പിക്കുകയാണ് അക്ഷരനഗരിയുടെ സ്വന്തം 'ഇലവീഴാപൂഞ്ചിറ'. കോട്ടയം ജില്ലയിലെ ജലസേചന പദ്ധതികളിൽ അഭിമാനമായി മാറി കഴിഞ്ഞ ജലവിഴാ പുഞ്ചിറയുടെ നിർമ്മാണം ഇതിനോടകം തന്നെ വാർത്താ മാധ്യമങ്ങളിൽ വൻ പ്രാധാന്യത്തോടെ ഇടം നേടുകയും ടൂറിസത്തിന്റെ വാതായനങ്ങൾ തുറന്ന് തരുകയാണ് ചെയ്യുന്നത്.

വർഷങ്ങൾക്ക് മുൻപ് മൊട്ടക്കുന്ന് പ്രദേശമായ ഇവിടെ മലഞ്ചെരുവുകൾക്കിടയിലാണ് വിശാലമായ ചിറ ഉണ്ടായിരുന്നത്. മരങ്ങൾ ഒന്നും തന്നെ ഇല്ലാതിരുന്നതിനാൽ ഇലവീഴാ പൂഞ്ചിറ എന്ന പേരും ലഭിച്ചു. കാലാകാലമായി ഉണ്ടായ മണ്ണൊലിപ്പിലും മറ്റ് സംരക്ഷണ പ്രവർത്തനങ്ങളുടെ അഭാവത്തിലും ചിറ മരണാസന്നമായ നിലയിലായിരുന്നു. മലയയിടുക്കുകളിലെ വേനൽക്കാലത്തും വറ്റാത്ത ജലത്തിന്റെ ഉറവ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് ജലവിഭവ വകുപ്പ് ചിറ പൂർവ്വസ്ഥിതിയിലേക്ക് വീണ്ടെടുക്ക് വേനൽക്കാലത്ത് ഉറവയിലൂടെ ലഭിക്കുന്ന വെള്ളവും, വർഷക്കാലത്തെ മഴവെള്ളവും സംഭരിക്കുന്നതിനുവേണ്ടി പദ്ധതി രൂപപ്പെടുത്തിയത്. സമുദ്രനി

ഹരിതകേരളം മിഷൻ



രപ്പിൽനിന്നും 32 അടി ഉയരത്തിൽ സ്ഥിതിചെയ്യുന്ന മേലുക്കാവ് പഞ്ചായത്തിൽ ഇലവീഴാ പൂഞ്ചിറയിൽ 225 ലക്ഷം ലിറ്റർ ജലം സംഭരിക്കുവാൻ സാധിക്കുന്ന കുളത്തിന്റെ നിർമ്മാണവും ഇതിനു സമീപത്തുള്ള തോട്ടിൽ 110 ലക്ഷം ലിറ്റർ ജലം സംഭരിക്കുവാൻ സാധിക്കുന്ന പാലത്തോടു കൂടിയ ചെക്ക് ഡാമുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ചിട്ടുള്ളത്.

വർഷങ്ങളായി അടിഞ്ഞു കൂടിയ മണ്ണ് നീക്കം ചെയ്ത് വശങ്ങൾ സംരക്ഷിച്ചു കൊണ്ടാണ് കുളത്തിന്റെ നിർമ്മാണം. ഏറ്റവും ഉയർന്ന പ്രദേശത്തായതിനാൽ മറ്റ് പമ്പിംഗ് സൗകര്യങ്ങളൊന്നും കൂടാതെ പൈപ്പുകൾ വഴി ശുദ്ധജലം മേലുക്കാവ്, കടനാട് എന്നീ പഞ്ചായത്തുകൾക്ക് എത്തിക്കുവാനും സാധിക്കും. വേനൽക്കാലത്ത് ഏറ്റവും കൂടുതൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പഞ്ചായത്തുകളാണ് ഇവ രണ്ടും. അതുകൊണ്ട് തന്നെ ഈ പദ്ധതി വലിയൊരാശ്വാസമായിരിക്കും. കുളത്തിനടുത്ത് തന്നെ മറ്റൊരു മലഞ്ചെരുവിൽ നിന്നും ഒഴുകി വരുന്ന വെള്ളം 2.5 മീ നീളം മാത്രമുള്ള ചെക്ക് ഡാം നിർമ്മിച്ചു കൊണ്ട് പൂഞ്ചിറയുടെ വികസന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു എന്ന് പറയാം.

പ്രകൃതി രമണീയമായ പ്രസ്തുത സ്ഥലം ലോക വിനോദ സഞ്ചാര ഭൂപടത്തിൽ ഇടം പിടിച്ചു കഴിഞ്ഞു. നട്ടുച്ചയ്ക്കും കോടമഞ്ഞ് കാണപ്പെടുന്ന ജില്ലയിലെ ഏക പ്രദേശമാണ് ഇലവീഴാപൂഞ്ചിറ. മലമുകളിൽ നിന്നും കാണുന്ന സുന്ദരമായ ഭൂപ്രകൃതിയും, മലങ്കരഡാമിന്റെ ജലാശയവും കണ്ണിന് കൗതുകമേറുന്ന കാഴ്ചയാണ്. ഇലവീഴാ പൂഞ്ചിറയിലെ ജലസംരക്ഷണ പ്രവർത്തനങ്ങൾ സ്തുത്യർഹമായ നേട്ടമായി തന്നെ ഉയർത്തിക്കാട്ടാനാകും.

# കുമളി അട്ടപ്പള്ളം തോട്

## പുഴയുടെ ചരിത്രം

ഇടുക്കിയുടെ വിനോദ സഞ്ചാര ശ്രദ്ധാകേന്ദ്രമായ തേക്കടിയ്ക്ക് സമീപമാണ് അട്ടപ്പള്ളംതോട്. പണ്ട് കുമളി ഗ്രാമപ്പഞ്ചായത്തിന്റെ ഏറ്റവും പ്രധാന ജലസ്രോതസ്സായിരുന്നു ഈ തോട്. ജനങ്ങൾ കുളിക്കാനും കുടിക്കാനുമെല്ലാം ആശ്രയിച്ചിരുന്നത് ഈ തോടിനെയായിരുന്നു. ഈ തോട്ടിൽ നീന്തിക്കളിച്ചതിനെപ്പറ്റിയുള്ള കഥകൾ ഇപ്പോഴും മുതിർന്നവർ പറയാറുണ്ട്.

## ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ

അട്ടപ്പള്ളത്തിൽ നിന്നും ഉത്ഭവിക്കുന്ന 12 കിലോമീറ്റർ ദൈർഘ്യമുള്ള തോട് പെരിയാർ വന്യജീവി സങ്കേതത്തിലൂടെ കടന്നുപോകുന്ന അട്ടപ്പള്ളം തോട് മുല്ലപ്പെരിയാർ തേക്കടി തടാകത്തിൽ അവസാനിക്കുന്നു.

കുമളി, ചക്കുപള്ളം ഗ്രാമപ്പഞ്ചായത്തുകൾക്കുള്ള കുടിവെള്ളത്തിന്റെ സ്രോതസ് ആയിരുന്നു അട്ടപ്പള്ളം തോട്. ഇവിടെ നിന്നായിരുന്നു കുമളി ഗ്രാമപ്പഞ്ചായത്തിലെ 35000 കുടുംബങ്ങൾക്കും ചക്കുപള്ളം ഗ്രാമപ്പഞ്ചായത്തിലെ 6000 കുടുംബങ്ങൾക്കും കുടിവെള്ളം ലഭിക്കുന്നത്. ഇവിടേയ്ക്ക് ഒഴുകിയെത്തുന്ന ഏറ്റവും വലിയ തോടും ഇതായിരുന്നു.

ഹരിതകേരളം മിഷൻ




## ഏറ്റെടുക്കാനുണ്ടായ സാഹചര്യം

മുൻകാലങ്ങളിൽ വിസ്തൃതവും ശുദ്ധജല സമൃദ്ധവുമായിരുന്ന അട്ടപ്പള്ളം തോട് കാലക്രമത്തിൽ മെലിഞ്ഞുണങ്ങി. കൈയ്യേറ്റവും റോഡ് വികസനവുമെല്ലാം ഇതിനു കാരണമായി പറയുന്നുണ്ട്. കാരണം എന്തുതന്നെയായാലും നിറഞ്ഞൊഴുകിയിരുന്ന പഴയ അട്ടപ്പള്ളം തോട് ഇന്നൊരു ഓടയ്ക്ക് സമാനമായ ചെറുതോടാണ്; കുമളിയുടെ സകല വിഴുപ്പുകളും ചുമക്കുന്ന മാലിന്യവാഹിനി. മലിനജലവും ഒഴുകിയെത്തുന്ന പ്ലാസ്റ്റിക് ഭക്ഷണവും' വന്യജീവികളുടെ ജീവന് ഭീഷണിയായ സാഹചര്യത്തിൽ തോടിനെ വീണ്ടെടുക്കണമെന്നത് വന്യജീവി വകുപ്പിന്റെ കൂടി ആവശ്യമായി.

## മുന്നൊരുക്കം

പുഴ നടത്തം സംഘടിപ്പിച്ചുകൊണ്ടാണ് പുഴയുടെ ദുരവസ്ഥ നേരിട്ടുകണ്ട് മനസ്സിലാക്കിയത്. തോട് ഉത്ഭവിക്കുന്ന അട്ടപ്പള്ളം മുതൽ പെരിയാർ വന്യജീവി സങ്കേതത്തിലൂടെയടക്കം തോടിന്റെ ദൂരമത്രയും പുഴയ്ക്കൊപ്പം നടന്ന് അതിന്റെ ദൈന്യാവസ്ഥ നേരിൽക്കണ്ടു. തുടർന്നാണ് പുഴയെ ശുദ്ധി ചെയ്ത് സംരക്ഷിക്കാനുള്ള കർമ്മ പദ്ധതി തയ്യാറാക്കുന്നതിനായി ഹരിത സഹായ സ്ഥാപനമായ കോഴിക്കോട് 'നിറവി'നെ ചുമതലപ്പെടുത്തി.

**കുമളി അട്ടപ്പള്ളം തോട്**

*പുഴയുടെ നീളം*

**12 കിലോമീറ്റർ**

*നദീതട വിസ്തീർണം*

**2539 ഹെക്ടർ**



## ചെയ്തപ്രവർത്തനങ്ങൾ

ഹരിതകേരളത്തിന്റെ പ്രവർത്തനങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പ്രയോജനപ്പെടുത്തി ജലസംരക്ഷണ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമായി നിർവ്വഹിച്ചു.

പഞ്ചായത്തിലെ നാല് റെസിഡന്റ്സ് അസോസിയേഷനുകൾ, ഗ്രീൻ കുമളി ക്ലീൻ കുമളി സൊസൈറ്റി പ്രവർത്തകർ, തൊഴിലുറപ്പ് തൊഴിലാളികൾ, പൊതുപ്രവർത്തകർ കൂട്ടായ പ്രയത്നങ്ങൾക്കൊടുവിൽ വനത്തിലൂടെ പഴയ പ്രതാപത്തോടെ അഞ്ച് മീറ്റർ വീതിയിൽ നിവർന്നൊഴുകാൻ തോടിന് സാധിച്ചു. എന്നാൽ മറ്റിടങ്ങളിൽ 2 മീറ്റർ വീതിയേ ലഭ്യമായുള്ളൂ.

## തുടർപ്രവർത്തനങ്ങൾ

മാലിന്യ മുക്തമാക്കാൻ ബാക്കിയുള്ള ആറ് കിലോമീറ്റർ കാലവർഷത്തിനു മുമ്പ് തീർക്കാനുള്ള തയ്യാറെടുപ്പിലാണ്. ഗ്രാമപ്പഞ്ചായത്തിന്റെ ഹരിതകേരളം മിഷന്റെ ഭാഗമായി തോടിനെ വൃത്തിയാക്കിയശേഷം മാലിന്യം പതിക്കാത്തവിധം വലയിട്ട് സൂക്ഷിക്കുന്നതാണ് പദ്ധതി. പിന്നീട് അവിടേയ്ക്ക് മാലിന്യം എത്താതെ സൂക്ഷിക്കേണ്ട ചുമതല സമീപവാസികൾ ഏറ്റെടുത്തിട്ടുണ്ട്.

## ഉപസംഹാരം

കുടിവെള്ള സ്രോതസ്സായിക്കൂടി ഉപയോഗിച്ചുകൊണ്ടിരുന്ന തോടാണ് ജനങ്ങളുടെ ഭാഗത്തുനിന്നുണ്ടായ അശ്രദ്ധകൊണ്ടും പരിപാലന കുറവുകൊണ്ടും മലിനമായത്. ഇത് ജനകീയമായിത്തന്നെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള അവസരമാണ് ഹരിതകേരളം മിഷന്റെ ഭാഗമായി ലഭ്യമായത്. തൊഴിലുറപ്പിന്റെ സാധ്യതകൂടി ഉപയോഗിച്ച് ഈ തോട് പുനരുജ്ജീവിപ്പിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഇത് സ്ഥായിയായി നിലനിർത്തുകയാണ് വേണ്ടത്. ഇതിനുവേണ്ട ജനകീയ ഇടപെടൽ ഉണ്ടാകണം.

# വെള്ളിയാമറ്റത്തിന്റെ ജലസമൃദ്ധി

തൊഴിലുറപ്പിലെ പെൺകരുത്തും ജലസംരക്ഷണ ലക്ഷ്യവും സമന്വയിച്ചപ്പോൾ വെള്ളിയാമറ്റം ഗ്രാമത്തിന് ലഭിച്ചത് അഭൂതപൂർവ്വമായ ജലസമൃദ്ധി. ജില്ലയിൽ മറ്റൊരു ഗ്രാമപ്പഞ്ചായത്തിനും അവകാശപ്പെടാൻ കഴിയാത്ത നേട്ടമാണ് ആദിവാസിമേഖല കൂടിയായ വെള്ളിയാമറ്റത്തിന് കിട്ടിയത്. 52 കുടിവെള്ള കിണറുകളും എട്ട് തടയണകളുമാണ് തൊഴിലുറപ്പിലെ പെൺകരുത്തർ നാടിന് നൽകിയത്.

മലമുകളിലെ ഉറവക്കുഴികളിൽ നിന്നും സുലഭമായി കിട്ടിയിരുന്ന വെള്ളം ആവശ്യത്തിന് കിട്ടാതായതോടെയാണ് നാട്ടുകാർ വഴിക്കണ്ണുമായി ഗ്രാമപ്പഞ്ചായത്തിനെ സമീപിച്ചത്. ഭൂരിപക്ഷവും സാധാരണക്കാരായതിനാൽ സ്വന്തം നിലയിൽ കിണർകുഴിക്കുന്നതിനുള്ള ശേഷി ഭൂരിപക്ഷത്തിനുമുണ്ടായില്ല. അങ്ങനെ തൊഴിലുറപ്പു പദ്ധതിയിലെത്തുകയായിരുന്നു കുടിവെള്ളത്തിനായുള്ള ആളുകളുടെ അന്വേഷണം. അവിടെയും കിണർ നിർമ്മാണ വൈദഗ്ധ്യമുള്ളവരുടെ അഭാവം പ്രശ്നമായി. അതിനുള്ള പരിശീലനം കൂടി ലഭിച്ചതോടെ പടച്ചട്ടയണിഞ്ഞ് അവർ ഇറങ്ങി. കഴിഞ്ഞ സാമ്പത്തിക വർഷം മാത്രം ഈ സംഘം നിർമ്മിച്ചു നൽകിയത് 52 കിണറുകളാണ്. കല്ലു കെട്ടുന്നതിനു മാത്രമേ പുരുഷൻമാരുടെ സേവനം ഉപ



യോഗിക്കേണ്ടി വന്നുള്ളുവെന്നതാണ് വെള്ളിയാമറ്റം തൊഴിലുറപ്പു വിജയഗാഥയുടെ പ്രത്യേകത.

ഇവർ കുഴിച്ച കിണറുകളിലെല്ലാം സമൃദ്ധമായി വെള്ളമുണ്ടെന്നതാണ് മറ്റൊരു നേട്ടം. 3380 തൊഴിൽ ദിനങ്ങളാണ് 52 കിണറുകൾക്കായി വിനിയോഗിച്ചത്. ആകെ ചെലവിട്ടത് 1976000 രൂപ. 220 വനിതകളും 21 പുരുഷൻമാരുമാണ് ഈ നേട്ടത്തിന് ചുക്കാൻ പിടിച്ചത്. ഇതുകൂടാതെ വടക്കനാറിന് കുറുകെ എട്ട് തടയണകളുമുണ്ടാക്കി. ഇത് നാടിനെയാകെ ജലസമൃദ്ധമാക്കാൻ പോന്നവയായിരുന്നു. ഇവയിൽ നാലെണ്ണം കയർഭൂവസ്ത്രം ഉപയോഗിച്ച് ഭിത്തി നിർമ്മിക്കുകയും ചെയ്തു. കൃഷിക്കനുയോജ്യമായ നാല് കുളങ്ങളും ഇവയിലുൾപ്പെടുന്നു. 64 തൊഴിലാളികൾ 61 ദിവസംകൊണ്ടാണ് ഈ തടയണകൾ നിർമ്മിച്ചത്. 486000 രൂപയാണ് ഇതിനായി ചെലവിട്ടത്. ഇതുകൂടാതെ ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി 2250 മീറ്റർ കല്ല് കയ്യാലകളും വെള്ളിയാമറ്റത്തിന് നിർമ്മിച്ചു നൽകി ഈ തൊഴിലുറപ്പ് കൂട്ടായ്മ. വേനൽക്കാലമെന്നോ മഴക്കാലമെന്നോ മാറ്റമില്ലാതെ കുടിവെള്ളത്തിന് നെട്ടോട്ടമോടിയിരുന്ന ഈ പ്രദേശം ജലസംരക്ഷണ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പാക്കിയതിലൂടെ ജലസ്വയംപര്യാപ്തത നേടിയിരിക്കുകയാണ്.



ജലസംഗമം

# രാജകുമാരിയിലെ ചണച്ചാക്ക് വാട്ടർടാങ്കുകൾ

ഹരിതകേരളത്തിന്റെ ഭാഗമായി ജില്ലയിൽ സംഘടിപ്പിച്ച ജലസംഗമത്തിലൂടെയാണ് രാജകുമാരി ഗ്രാമപഞ്ചായത്തിന്റെ ചണച്ചാക്ക് വാട്ടർ ടാങ്കുകൾ ശ്രദ്ധേയാകർഷിച്ചത്. താരതമ്യേന വളരെ ലളിതവും ചെലവുകുറഞ്ഞതുമായ ജലസംഭരണ മാർഗമാണ് ഇതിലൂടെ ലഭ്യമാകുന്നത് പച്ചക്കറികൃഷിക്കും മത്സ്യക്കൃഷി(അക്വാഫോണിക്സ്)ക്കും ജലസംഭരണത്തിനുമെല്ലാം വളരെ അനുയോജ്യമാണ് ഈ ചാക്ക് ടാങ്കുകൾ. ലാൻഡ്സ്കേപ്പ്, സേഫ് പോണ്ട്, ഫാം പോണ്ട്, മത്സ്യക്കുളം എന്നിങ്ങനെ നാല് മോഡലുകളിൽ ഇവ നിർമ്മിക്കാവുന്നതാണ്.

20000 ലിറ്റർ വെള്ളം ഉൾക്കൊള്ളുന്ന ചണച്ചാക്ക് വാട്ടർടാങ്ക് നിർമ്മിക്കാൻ ചെലവാകുന്നത് 16350 രൂപ മാത്രമാണ്. 90 ചണച്ചാക്കുകളും 15 ചാക്ക് സിമന്റും പത്ത് കിലോ വൈറ്റ് സിമന്റും ലേബർ ചാർജിനത്തിൽ 8400 രൂപയും നൽകിയാൽ നാലരമീറ്റർ നീളവും മൂന്ന് മീറ്റർ വീതിയും ഒന്നര മീറ്റർ ആഴവുമുള്ള വാട്ടർ ടാങ്ക് റെഡി. രാജകുമാരി ഗ്രാമപഞ്ചായത്തിലെ 14 വാർഡുകളിലും ഓരോ വീതം ചണച്ചാക്ക് വാട്ടർ ടാങ്കുകൾ നിർമ്മിച്ചിട്ടുണ്ട്. ഇവയെ പരിചയപ്പെടുത്തിയതോടെ 16 കർഷകർ സ്വന്തം നിലയിൽ ഇത്തരം വാട്ടർടാങ്കുകളുണ്ടാക്കി. അനുയോജ്യമായ സ്ഥലത്ത് വേണ്ട അളവിൽ കുഴിയെടുക്കുകയാണ്



20000 ലിറ്റർ വെള്ളം ഉൾക്കൊള്ളുന്ന ചണച്ചാക്ക് വാട്ടർടാങ്ക് നിർമ്മിക്കാൻ ചെലവാകുന്നത് 16350 രൂപ മാത്രമാണ്. 90 ചണച്ചാക്കുകളും 15 ചാക്ക് സിമന്റും പത്ത് കിലോ വൈറ്റ് സിമന്റും ലേബർ ചാർജിനത്തിൽ 8400 രൂപയും നൽകിയാൽ നാലരമീറ്റർ നീളവും മൂന്ന് മീറ്റർ വീതിയും ഒന്നര മീറ്റർ ആഴവുമുള്ള വാട്ടർ ടാങ്ക് റെഡി. രാജകുമാരി ഗ്രാമപഞ്ചായത്തിലെ 14 വാർഡുകളിലും ഒന്നു വീതം ചണച്ചാക്ക് വാട്ടർ ടാങ്കുകൾ നിർമ്മിച്ചിട്ടുണ്ട്. ഇവയെ പരിചയപ്പെടുത്തിയതോടെ 16 കർഷകർ സ്വന്തം നിലയിൽ ഇത്തരം വാട്ടർടാങ്കുകളുണ്ടാക്കി. അനുയോജ്യമായ സ്ഥലത്ത് വേണ്ട അളവിൽ കുഴിയെടുക്കുകയാണ് നിർമ്മാണത്തിന്റെ ആദ്യപടി.

നിർമ്മാണത്തിന്റെ ആദ്യപടി. തുടർന്ന് മണ്ണ് തല്ലിയുറപ്പിക്കണം. പിന്നീട് വീടിനകം മെഴുകുന്ന അതേ മാതൃകയിൽ കുഴിയുടെ ഉൾഭാഗം മണ്ണുകൊണ്ട് നന്നായി മെഴുകണം. തുടർന്ന് സിമന്റ് ഗൗട്ട് (ഒരു ചാക്ക് സിമന്റ് 30 ലിറ്റർ വെള്ളത്തിൽ കലക്കിയ മിശ്രിതം) തയ്യാറാക്കി പെയിന്റിംഗ് ബ്രഷ് ഉപയോഗിച്ച് ഭംഗിയായി ഉൾഭാഗമാകെ പെയിന്റ് ചെയ്യണം. തുടർന്ന് തുന്നൽ നീക്കിയ ചാക്കുകൾ ഈ മിശ്രിതത്തിൽ മുക്കി ഒരു പാളിപോലെ ഉൾഭാഗത്ത് ഉറപ്പിക്കണം. ഇതുണങ്ങിയ ശേഷം വീണ്ടും മറ്റൊരു പാളിപോലെ ചാക്കുകൾ ഗ്രൗട്ടിൽ മുക്കി ഉറപ്പിക്കണം. ഇതുണങ്ങുമ്പോൾ ഡാഗ്വാഡുകൾ/ഡാപ്രൂഫുകൾ എന്നി കോട്ടിംഗ് പെയിന്റ് ചെയ്യണം. ഇതല്ലെങ്കിൽ ഈ ആവശ്യത്തിന് വൈറ്റ് സിമന്റും ഉപയോഗിക്കാവുന്നതാണ്. ഇതുണങ്ങുന്നതോടെ ചണച്ചാക്ക് ടാങ്കുകളിൽ വെള്ളം നിറച്ച് തുടങ്ങാം. അറ്റകുറ്റപ്പണികൾ സ്വന്തം നിലയിൽ ചെയ്യാമെന്നതും ഈ ടാങ്കിന്റെ മേന്മയാണ്.



# ഉറവപ്പാറയിലെ ജലസംരക്ഷണത്തിന്റെ ആകാശ സാധ്യത

ജലസംരക്ഷണത്തിന്റെ പുതിയൊരു മാതൃകയും സാധ്യതയുമാണ് തൊടുപുഴയ്ക്ക് സമീപം ഉറവപ്പാറയിൽ എയർപോർട്ട് ഉദ്യോഗസ്ഥനായ കണിയാപറമ്പിൽ ബിജി ജോസഫ് നമുക്ക് സമ്മാനിക്കുന്നത്. തൊടുപുഴ പട്ടണത്തിന്റെ അതിരിട്ട് നിൽക്കുന്ന ഭീമാകാരനായ ഉറവപ്പാറയിലൂടെ സാദ്യമാക്കാവുന്ന കൂറ്റൻ മഴവെള്ള സംഭരണത്തിന്റെ ലഘുവായ മാതൃകയാണ് ഈ ഉദ്യോഗസ്ഥ കർഷകൻ യാഥാർഥ്യമാക്കിയിരിക്കുന്നത്. ഈ പാറയിലൂടെ വെറുതെ ഒഴുകിപ്പോയിരുന്ന ചെറിയൊരംശം മഴവെള്ളത്തെ തന്റെ പ്രായോഗിക എഞ്ചിനീയറിംഗ് കൊണ്ട് സംഭരിച്ച് മൽസ്യക്കൃഷിയും കൃഷിക്കാവശ്യമായ ജലസേചനവും സാധ്യമാക്കിയിരിക്കുകയാണ് ബിജി ജോസഫ്.

രണ്ടര കിലോമീറ്ററിൽ നീണ്ടു കിടക്കുന്ന 80 അടി വീതിയും 200 അടി ഉയരവുമുള്ള കൂറ്റൻ മലയാണ് ഉറവപ്പാറ. മഴപെയ്യുമ്പോൾ ഈ പാറക്കെട്ടിന്റെ ഇരുവശത്തൂടെ വെള്ളം സുഭിക്ഷമായൊഴുകി പോകുന്നു. ഇതിനെ ഫലപ്രദമായി ഉപയോഗിച്ച് കൃഷിയും മീൻ വളർത്തലും നടത്തുകയാണ് ബിജി തന്റെ 50 സെന്റ് ഭൂമിയിൽ.

ഹരിതകേരളം മിഷൻ



കുടുംബസ്വത്തിന്റെ ഭാഗമായാണ് ഈ സ്ഥലം ബിജിയ്ക്ക് ലഭിച്ചത്. എന്നാൽ വെള്ളസൗകര്യമില്ലാത്തതിനാൽ കൃഷിയൊന്നും ചെയ്യാനായില്ല. പത്തോ പതിനഞ്ചോ റബറുകളല്ലാതെ വേറെയൊന്നും പറമ്പിലില്ല. ആകെ കാടുപിടിച്ചു കിടക്കുകയായിരുന്നു ഇവിടം. മലയായതിനാൽ വൈദ്യുതിയുമെത്തിയിട്ടില്ല. എങ്ങനെ കൃഷിക്കാവശ്യമായ വെള്ളം കണ്ടെത്താമെന്ന ആലോചനയാണ് മഴവെള്ള സംഭരണിയിലെത്തിച്ചത്. പാറയിൽ നിന്നും ഒഴുകിയെത്തുന്ന വെള്ളത്തെ ഒരു ചെറിയ പാത്തിയിലൂടെ കടത്തിവിട്ട രണ്ടിഞ്ച് പൈപ്പിലൂടെയൊഴുക്കി മഴവെള്ളസംഭരണിയിലെത്തിക്കുകയായിരുന്നു ആദ്യം ചെയ്തത്. അതിനായി 40000 ലിറ്ററിന്റെ ടാങ്കായിരുന്നു സ്ഥാപിച്ചത്. അവിടെ നിന്നും വെള്ളം 60000 ലിറ്റർ വീതം സംഭരണശേഷിയുള്ള മൂന്നു പടുതാക്കുളങ്ങളിലേക്കെത്തിക്കുന്നു. ചണച്ചാക്കുകളുപയോഗിച്ചാണ് ആദ്യം ഈ കുളങ്ങൾ നിർമ്മിച്ചത്. എന്നാൽ ചിതലുകളുടെ ശല്യം ഭീഷണിയാകുമെന്ന് തോന്നിയതിനെ തുടർന്ന് നൈലോണിന്റെ പ്ലാസ്റ്റിക് ഉപയോഗിക്കുകയായിരുന്നു. ഈ മൂന്നു കുളങ്ങളിലും മീനുകളെ വളർത്തുകയാണ്. തിലാപിയെയാണ് വളർത്തുന്നത്. മീൻ കുളത്തിൽ നിന്നുള്ള വെള്ളം ഉപയോഗിച്ച് ഏത്തവാഴക്കൃഷിയുമുണ്ട്. ചെറിയ തോതിലാണെങ്കിലും ഒരു രാത്രി നീളെ മഴ ലഭിച്ചാൽ മഴവെള്ള സംഭരണി നിറയുമെന്ന് ബിജി ജോസഫ് പറഞ്ഞു. രണ്ട് ലക്ഷം രൂപയോളം ചെലവിട്ടെങ്കിലും ജലക്ഷാമം പരിഹരിക്കാനായത് വലിയ നേട്ടമാണെന്ന് ബിജി കരുതുന്നു. മൂന്നു കുളങ്ങളിലായി തായ്‌ലണ്ട് തിലാപ്പിയയുൾപ്പെടെ 750 മീനുകളെയാണ് ബിജി വളർത്തുന്നത്. മൂന്നു കുളങ്ങളിലായി മീനുകളുടെ വിളവെടുപ്പ് നടത്താനാകുമെന്ന പ്രതീക്ഷയിലാണ് തിരുവനന്തപുരം എയർപോർട്ടിലെ എഞ്ചിനീയറിംഗ് അസിസ്റ്റന്റായ ബിജി.

# ചെറുവേലിക്കുന്ന് ചിറ നവീകരണം

ഹരിതകേരളം മിഷൻ-എറണാകുളം ജില്ലയുടെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് വാഴക്കുളം ഗ്രാമ പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട ജലസ്രോതസ്സായ ചെറുവേലിക്കുന്ന് ചിറ നവീകരികരണം ആരംഭിക്കുകയും 2019 ജനുവരി 26 ന് വൻ ജന പങ്കാളിത്തത്തോടെ ഹരിതകേരളം മിഷൻ എക്സിക്യൂട്ടിവ് ചെയർപേഴസൺ ശ്രീമതി ടി എൻ സീമ നാടിന് സമർപ്പിച്ചു. ജില്ലാ കളക്ടർ മുഹമ്മദ് വൈ സഫീറുള്ള, ഹരിതകേരള മിഷൻ ജില്ലാ കോഓർഡിനേറ്റർ സുജിത് കരുൺ, വാഴക്കുളം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് തുടങ്ങിയ പ്രമുഖരും സന്നിഹിതരായിരുന്നു.

ഏഴ് കീ.മി നീളമുള്ള കുന്നുകുഴി-കുളക്കാട്ട് പഞ്ചായത്ത് തോടിന്റെ ഏറ്റവും വീതിയേറിയ ഭാഗമാണ് പഞ്ചായത്ത് പരിധിയിൽ വരുന്ന ചെറുവേലിക്കുന്ന് ചിറ. 4.32 ഏക്കർ വിസ്തീർണ്ണമുള്ള ചിറയിലെ ചെളിയും പായലും നീക്കം ചെയ്ത് ഇരുവശങ്ങളിലും കയർ ഭൂവസ്ത്രം വിരിക്കുന്ന പ്രവർത്തനങ്ങളാണ് നടന്നത്. ഹരിതകേരള മിഷന്റെ നേതൃത്വത്തിൽ നടന്ന പദ്ധതിയ്ക്കായി കൊച്ചിൻ റിഫൈനറിയുടെ CSR ഫണ്ടിൽ നിന്നും 4 ലക്ഷം രൂപ ഉപയോഗിച്ചാണ് നവീകരണം നടന്നത്. വാഴക്കുളം പഞ്ചായത്തിലെ ഒരു പ്രധാന ജല സ്രോതസ്സാണ് ചെറു

ഹരിതകേരളം മിഷൻ



വേലിക്കുന്ന് ചിറ. പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളിലേക്ക് ചിറയിൽ നിന്നുള്ള ജലം മോട്ടോർ ഉപയോഗിച്ച് പമ്പ് ചെയ്യുന്നതുവഴി സമീപപ്രദേശങ്ങളിലെ ജലക്ഷാമത്തിന് പരിഹാരമാകുമെന്നാണ് പ്രതീക്ഷ. വാഴക്കുളം പഞ്ചായത്തിലെ കോളനിയിലെ 45 വീടുകൾ ഉൾപ്പെടെ സമീപത്ത് 300 വീടുകൾ ചിറയെ ആശ്രയിക്കുന്നവരാണ്. തടയണ നിർമ്മാണത്തിലൂടെയും, നവീകരണത്തിലൂടെയും വരുന്ന വേനൽക്കാലത്തെ നേരിടാൻ ഒരുങ്ങുകയാണ് പഞ്ചായത്ത് നിവാസികൾ. വേനൽക്കാലത്ത് ചിറവറ്റുന്നതോടെ കടുത്ത ജലക്ഷാമം അനുഭവപ്പെടുന്ന ഈ മേഖലകളിൽ കുടിവെള്ളത്തിനായി ടാങ്കർ ലോറികളെയാണ് പ്രദേശ വാസികൾ ആശ്രയിക്കുന്നത്. കഴിഞ്ഞ വർഷം തടയണ നിർമ്മാണത്തോടെ ഈ അവസ്ഥയ്ക്ക് നേരിയ പരിഹാരം ലഭിച്ചു. 20 വർഷങ്ങൾക്കു മുൻപാണ് ചിറ ശുചികരിച്ചത് .പിന്നീട് ചെളിയും പായലും അടിഞ്ഞുകുടിയ അവസഥയിലായിരുന്നു. വേനൽക്കാലത്തും ജലം ലഭിക്കാനായി കഴിഞ്ഞ വർഷം പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് തടയണ നിർമ്മിച്ചു. ഈ നവീകരണത്തിലൂടെ ജലക്ഷാമം ഒരു പരിധി വരെ കുറയ്ക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

വേനൽക്കാലത്ത് ചിറവറ്റുന്നതോടെ കടുത്ത ജലക്ഷാമം അനുഭവപ്പെടുന്ന ഈ മേഖലകളിൽ കുടിവെള്ളത്തിനായി ടാങ്കർ ലോറികളെയാണ് പ്രദേശ വാസികൾ ആശ്രയിക്കുന്നത്. കഴിഞ്ഞ വർഷം തടയണ നിർമ്മാണത്തതോടെ ഈ അവസ്ഥയ്ക്ക് നേരിയ പരിഹാരം ലഭിച്ചു. 20 വർഷങ്ങൾക്കു മുൻപാണ് ചിറ ശുചികരിച്ചത്. പിന്നീട് ചെളിയും പായലും അടിഞ്ഞുകുടിയ അവസഥയിലായിരുന്നു. വേനൽക്കാലത്തും ജലം ലഭിക്കാനായി കഴിഞ്ഞ വർഷം പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് തടയണ നിർമ്മിച്ചു. ഈ നവീകരണത്തിലൂടെ ജലക്ഷാമം ഒരു പരിധി വരെ കുറയ്ക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

# എന്റെ പുരവെള്ളം എന്റെ കിണർവെള്ളം പദ്ധതി

എറണാകുളം ജില്ലയിലെ മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് പത്താം വാർഡ് ഉൾപ്പെട്ട തുരുത്തിക്കര പ്രദേശത്ത് നടപ്പിലാക്കിയ ഊർജ നിർമല ഹരിതഗ്രാമം പരിപാടിയുടെ ഭാഗമായാണ്, എന്റെ പുരവെള്ളം എന്റെ കിണർവെള്ളം എന്ന പദ്ധതി, ഹരിതകേരളം മിഷന്റെ സഹായത്തോടെ ശാസ്ത്രസാഹിത്യ പരിഷത്ത് തുരുത്തിക്കര യൂണിറ്റിന്റെയും നേതൃത്വത്തിൽ നടപ്പിലാക്കിയത്. ശുദ്ധമായ കുടിവെള്ളം നമ്മുടെ കടമയും ഉത്തരവാദിത്തവുമാണെന്ന് ജനങ്ങളെ പഠിപ്പിക്കുകയായിരുന്നു ഈ പരിപാടിയുടെ ലക്ഷ്യം.

തുരുത്തിക്കര പ്രദേശത്തിന്റെ ജൈവവൈവിധ്യത്തിനും ജലസംരക്ഷണത്തിനും പ്രാധാന്യമുള്ള ഒന്നാണ് മനയ്ക്കമല. ഈ മല തട്ടിനിരത്തി മണ്ണെടുക്കുന്നതിനും മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനുമുള്ള നടപടികൾ ഉണ്ടായി. ഇതേത്തുടർന്ന് 2016-ൽ മനയ്ക്കമല സംരക്ഷണത്തിനുള്ള വലിയൊരു ജനകീയ കൂട്ടായ്മ രൂപപ്പെടുകയുണ്ടായി.

കോഴിക്കോട് CWRDM ലെ ശാസ്ത്രജ്ഞൻ അബ്ദുൾ ഹമീദിന്റെ നേതൃത്വത്തിൽ തുരുത്തിക്കരയിലെ കിണർ ജല നിരപ്പ് പ്രതിവർഷം താഴുന്നു എന്ന് കണ്ടെത്തുകയുണ്ടായി. കൂടാതെ കൊച്ചി യൂണിവേഴ്സിറ്റി കെമിക്കൽ

ഹരിതകേരളം മിഷൻ

ഓഷിയോഗ്രഫി വിഭാഗം ഇവിടെ നടത്തിയ ജലഗുണ നിലവാര പഠനം തുരുത്തിക്കരയിലെ കിണർ വെള്ളത്തിന് ഗാഢത കൂടുതലാണെന്നും കണ്ടെത്തുകയുണ്ടായി. ഈ രണ്ടു പ്രശ്നങ്ങളും എളുപ്പത്തിൽ പരിഹരിക്കാൻ കിണർ റീച്ചാർജ്ജിംഗ് കൊണ്ട് കഴിയും എന്നത് ഈ പ്രവർത്തനം വ്യാപകമാക്കുന്നതിന് പ്രചോദനമായി.

ചെറിയ കുന്നുകളും മലകളും പാടങ്ങളുമായി നിമ്നോന്നതമായ ഭൂപ്രദേശമാണ് ഇവിടെയുള്ളത്. ഈ പ്രദേശത്തുകൂടി ഒഴുകുന്ന ഒരു നീർച്ചാലാണ് കച്ചേരിത്തോട്. ഈ



എറണാകുളം ജില്ലയിലെ മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് പത്താം വാർഡ് ഉൾപ്പെട്ട തുരുത്തിക്കര പ്രദേശത്ത് നടപ്പിലാക്കിയ ഊർജ നിർമല ഹരിതഗ്രാമം പരിപാടിയുടെ ഭാഗമായാണ് എന്റെ പുര വെള്ളം എന്റെ കിണർവെള്ളം എന്ന പദ്ധതി ഹരിതകേരളം മിഷന്റെ സഹായത്തോടെ ശാസ്ത്രസാഹിത്യ പരിഷത്ത് തുരുത്തിക്കര യൂണിറ്റിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയത്. ശുദ്ധമായ കുടിവെള്ളം നമ്മുടെ കടമയും ഉത്തരവാദിത്തവുമാണെന്ന് ജനങ്ങളെ പഠിപ്പിക്കുകയായിരുന്നു ഈ പരിപാടിയുടെ ലക്ഷ്യം. തുരുത്തിക്കര പ്രദേശത്തിന്റെ ജൈവവൈവിധ്യത്തിനും ജലസംരക്ഷണത്തിനും പ്രാധാന്യമുള്ള ഒന്നാണ് മനയ്ക്കമല. ഈ മല തട്ടി നിരത്തി മണ്ണെടുക്കുന്നതിനും മറ്റ് ആവശ്യങ്ങൾ ഉപയോഗിക്കുന്നതിനുമുള്ള നടപടികൾ ഉണ്ടായി.

തോട് പാണാർ പുഴയിൽ എത്തിച്ചേരുകയും അത് കോണത്തുപുഴയിൽ ലയിക്കുകയും ചെയ്യുന്നു. കച്ചേരിത്തോട് വർഷകാലത്ത് സമൃദ്ധമായി നീരൊഴുക്കുള്ളതാണെങ്കിലും വേനൽക്കാലത്ത് വരണ്ടുകിടക്കുന്നതാണ്.

നമ്മുടെ വീടിനു മുകളിൽ പെയ്തൊഴുകി പാഴാകുന്ന മഴവെള്ളത്തെ ശേഖരിച്ച് ഫിൽട്ടർ ചെയ്ത് കിണർ വെള്ളമാക്കുകയായിരുന്നു ഈ പരിപാടിയിലൂടെ ചെയ്തത്. 1000 ചതുരശ്രഅടി വിസ്തൃതിയുള്ള ഒരുവീടിന്റെ മുകളിൽ വീഴുന്ന ജലം ഏകദേശം 3 ലക്ഷം ലിറ്ററാണ്, എന്നാൽ ഇതിൽ 1 ലിറ്റർ പോലും നമ്മൾ പ്രയോജനപ്പെടുത്തുന്നില്ല എന്നതാണ് വാസ്തവം.

ഈ മനോഭാവത്തെ തിരുത്തുകയായിതുന്നു 'എന്റെ പുരവെള്ളം എന്റെ കിണർ വെള്ളം' പരിപാടിയിലൂടെ ചെയ്തത്. വീടിനു മുകളിൽ ചെയ്യുന്ന മഴവെള്ളത്തെ PVC പൈപ്പോ, വീപ്പയോ ഉപയോഗിച്ച് ഫിൽട്ടർ യൂണിറ്റ് ഉണ്ടാക്കി അരിച്ച് കിണറിലെത്തിച്ചു. 45 സെ. മീ നീളവും 4 ഇഞ്ച്വ്യാസമുള്ള ഒരു PVC പൈപ്പിൽ ബേബി മെറ്റൽ, പുഴമണൽ, ചിരട്ടക്കരി എന്നിവ നിറച്ചാണ് ഫിൽട്ടർ യൂണിറ്റ് തയ്യാറാക്കുന്നത്. വിസ്തൃതി കൂടിയ വീടാണെങ്കിൽ പ്ലാസ്റ്റിക് വീപ്പയെ ഫിൽട്ടർ യൂണിറ്റായി ഉപയോഗിക്കാം.

ഇത്തരത്തിൽ പുരവെള്ളം കിണർ വെള്ളമാകുമ്പോൾ കിണറിലെ ജലനിരപ്പ് ഉയരുക മാത്രമല്ല വെള്ളത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുകയുംചെയ്യും.ഒരു പ്രദേശത്തെ പരമാവധി കിണറുകൾ ഇത്തരത്തിൽ റീച്ചാർജ്ജ്



ചെയ്താൽ അവിടുത്തെ ഭൂഗർഭ ജനവിതാനം ഉയരുകയും ആ പ്രദേശത്തെ ജലസുരക്ഷ സാധ്യമാകുകയുംചെയ്യും.

ഇത് ലക്ഷ്യമാക്കിയാണ് തുരുത്തിക്കരയിൽ കിണർ റീച്ചാർജ്ജിംഗ് നടപ്പിലാക്കിവരുന്നത്. വാർഡിൽ ആകെയുള്ള 260 കിണറുകളിൽ നൂറിലധികം കിണറുകളിൽ റീച്ചാർജ്ജിംഗ് സംവിധാനം സ്ഥാപിച്ചുകഴിഞ്ഞു. തുരുത്തിക്കര സൗത്ത്വെസ്റ്റ് റസിഡൻസ് അസോസിയേഷന്റെ നേതൃത്വത്തിൽ മാത്രം 65 വീടുകളിൽ ഇത് സ്ഥാപിച്ചുകഴിഞ്ഞു. തുരുത്തിക്കര റസിഡൻസ് അസോസിയേഷൻ, തുരുത്തിക്കര അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, തുരുത്തിക്കര സയൻസ് സെന്റർ എന്നീ സംഘടനകളും മുളന്തുരുത്തി ഗ്രാമ പഞ്ചായത്തുമാണ് ഈ പ്രവർത്തനങ്ങൾക്ക് തുരുത്തിക്കരയിൽ നേതൃത്വംകൊടുക്കുന്നത്.

ഈ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിൽ നിന്ന് പ്രചോദനമുൾക്കൊണ്ട് ചില പഞ്ചായത്തുകൾ ഇതിൽ താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ഇതിനകം തന്നെ ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ വാരപ്പെട്ടി പഞ്ചായത്തിൽ തുരുത്തിക്കര സയൻസ് സെന്ററിന്റെ നേതൃത്വത്തിൽ കിണറുകൾ റീചാർജ് ചെയ്യുന്ന പരിപാടി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ഈ പദ്ധതി ജില്ല മുഴുവൻ വ്യാപിപ്പിക്കുന്നതിനുള്ള പരിശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്.

# എന്റെ കുളം എറണാകുളം

കേരളത്തിലെ ഏറ്റവും വലിയ നദിയായ പെരിയാറിന്റെ സാന്നിധ്യംകൊണ്ട് അനുഗൃഹീതമായ പ്രദേശമാണ് എറണാകുളം ജില്ല. വർഷകാലത്ത് ജലസമ്പുഷ്ടമാണെങ്കിലും വേനലെത്തുന്നതോടെ കുടിവെള്ളത്തിനും ജലസേചനത്തിനും ജനങ്ങൾ നെട്ടോട്ടമോടുന്ന കാഴ്ച സർവസാധാരണമാണ്. കുടിവെള്ളം ഏതാണ്ട് എല്ലാ പ്രദേശങ്ങളിലും പൈപ്പിലൂടെ എത്താൻ തുടങ്ങിയതോടെ പരമ്പരാഗത ജലസ്രോതസ്സുകളെല്ലാം അവഗണിക്കപ്പെടുകയും മാലിന്യവും പായലും പോളയും മറ്റുംകൊണ്ട് ഇല്ലാതാവുകയും ചെയ്തു. വയലുകൾ വ്യാപകമായി നികത്തപ്പെടുകയും പൊതുനീർത്തടങ്ങൾ കയ്യേറ്റത്തിലൂടെ ചുരുക്കപ്പെടുകയും ഉണ്ടായി.

ജലസമൃദ്ധമായി അറിയപ്പെട്ടിരുന്ന എറണാകുളം ജില്ലയിൽ ജലക്ഷാമവും ജലമലിനീകരണവും വ്യാപകമായി അനുഭവപ്പെട്ടിരുന്ന സാഹചര്യത്തിൽ നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന ജലസ്രോതസ്സുകളുടെ വീണ്ടെടുപ്പ്, വിനിയോഗം, പരിപാലനം എന്നീ കാര്യങ്ങളിൽ ജനകീയ കൂട്ടായ്മകൾ സംഘടിപ്പിച്ച് പ്രവർത്തിപ്പിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുക എന്ന ആശയം സമൂഹത്തിൽ രൂപപ്പെടുത്തുന്നതിന് ലക്ഷ്യമിട്ടുകൊണ്ടാണ് എറണാകുളം ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ 'എന്റെ കുളം എറണാകുളം' പദ്ധതിയ്ക്ക് 2016 ൽ തുടക്കം കുറിച്ചത്. തുടർന്ന് ഹരിത കേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങളേയും സർ

ഹരിതകേരളം മിഷൻ

ക്കാർ ഏജൻസികളേയും സന്നദ്ധ സംഘടനകളേയും പൊതുജനങ്ങളേയും കോർത്തിണക്കി വിപുലമായ ജന പങ്കാളിത്തത്തോടെ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ '100 കുളം' പദ്ധതിയായി വ്യാപിപ്പിക്കുകയാണ് ചെയ്തത്.

## ചോറ്റാനിക്കര പഞ്ചായത്തിലെ കുളം നവീകരണം

2016 വേനൽക്കാലത്ത് ജില്ലയിൽ ഉണ്ടായ കഠിനമായ വരൾച്ചയാണ് 'എന്റെ കുളം എറണാകുളം' എന്ന പദ്ധതി ആരംഭിക്കുവാൻ അന്നത്തെ ജില്ലാകളക്ടറെ പ്രേരിപ്പിച്ചത്. ഉപയോഗ ശൂന്യമായി കിടന്നിരുന്ന പൊതു കുളങ്ങളെ നവീകരിച്ച് അവയെ ശുദ്ധജലത്തിന്റെ സ്രോതസ്സുകളാക്കി മാറ്റുക എന്നതായിരുന്നു ലക്ഷ്യം. ഈ കുളങ്ങളെല്ലാം ഒരു കാലത്ത് ശുദ്ധജലത്തിന്റെ പ്രധാനപ്പെട്ട സ്രോതസ്സായിരുന്നു. നഗരവൽക്കരണത്തിന്റെ ഭാഗമായി ജനങ്ങൾ ഇവയെ അവഗണിക്കുകയും ക്രമേണ ഈ കുളങ്ങളെല്ലാം മാലിന്യങ്ങൾ വലിച്ചെറിയുന്നതിനുള്ള സങ്കേതങ്ങളായി മാറുകയുമാണുണ്ടായത്. കാലക്രമേണ ഈ

ജലക്ഷാമവും ജലമലിനീകരണവും വ്യാപകമായി അനുഭവപ്പെട്ടിരുന്ന സാഹചര്യത്തിൽ നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന ജലസ്രോതസ്സുകളുടെ വീണ്ടെടുപ്പ്, വിനിയോഗം, പരിപാലനം എന്നീ കാര്യങ്ങളിൽ ജനകീയ കൂട്ടായ്മകൾ സംഘടിപ്പിച്ച് പ്രവർത്തിപ്പിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുക എന്ന ആശയം സമൂഹത്തിൽ രൂപപ്പെടുത്താൻ ലക്ഷ്യമിട്ടാണ് എറണാകുളം ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ 'എന്റെ കുളം എറണാകുളം' പദ്ധതിയ്ക്ക് 2016 ൽ തുടക്കം കുറിച്ചത്.





ഉപയോഗ ശൂന്യമായി കിടന്നിരുന്ന പൊതു കുളങ്ങളെ നവീകരിച്ച് അവയെ ശുദ്ധജലത്തിന്റെ സ്രോതസ്സുകളാക്കി മാറ്റുക എന്നതായിരുന്നു ലക്ഷ്യം. ഈ കുളങ്ങളെല്ലാം ഒരു കാലത്ത് ശുദ്ധജലത്തിന്റെ പ്രധാനപ്പെട്ട സ്രോതസ്സായിരുന്നു. നഗരവൽക്കരണത്തിന്റെ ഭാഗമായി ജനങ്ങൾ ഇവയെ അവഗണിക്കുകയും ക്രമേണ ഈ കുളങ്ങളെല്ലാം മാലിന്യങ്ങൾ വലിച്ചെറിയുന്നതിനുള്ള സങ്കേതങ്ങളായി മാറുകയുമാണുണ്ടായത്. കാലക്രമേണ ഈ കുളങ്ങളെല്ലാം നശിക്കുകയും തുടർന്ന് വേനൽക്കാലത്ത് ജനങ്ങൾക്ക് കുടിവെള്ള ലഭ്യത തീരെ ഇല്ലാതാവുകയും ചെയ്തു.

കുളങ്ങളെല്ലാം നശിക്കുകയും തുടർന്ന് വേനൽക്കാലത്ത് ജനങ്ങൾക്ക് കുടിവെള്ളലഭ്യത തീരെ ഇല്ലാതാവുകയും ചെയ്തു. 2015ൽ ചെന്നൈയിലുണ്ടായ വെള്ളപ്പൊക്കത്തിന് കാരണമായത് ജലസ്രോതസ്സുകൾ നികത്തിപ്പോയതാണെന്നുള്ള തിരിച്ചറിവും പൊതുകുളങ്ങൾ നവീകരിക്കണമെന്ന ആശയത്തിലേക്കെത്താൻ പ്രേരണയായി.

2017 കാലഘട്ടത്തിൽ സംസ്ഥാനം വരൾച്ച ബാധിതമായി പ്രഖ്യാപിക്കുകയും കുടിവെള്ള ക്ഷാമം രൂക്ഷമാകുകയും ചെയ്തു. ജില്ലാ കളക്ടർ കെ മുഹമ്മദ് വൈ സഫീറുള്ളയുടെ നേതൃത്വത്തിൽ '50 ദിവസം 100 കുളം' എന്ന പേരിൽ പൊതുജന പങ്കാളിത്തത്തോടെ 50 ദിവസം കൊണ്ട് 100 കുളം നവീകരിക്കുക എന്ന നൂതനമായ ഒരു പദ്ധതി ഹരിത കേരളം മിഷന്റെ ആഭിമുഖ്യത്തിൽ ആവിഷ്കരിക്കുകയുണ്ടായി. പ്രസ്തുത പദ്ധതി ലോക ജല ദിനത്തോടനുബന്ധിച്ച് 2017 മാർച്ച് 22 ൽ ആരംഭിച്ചു. 43-ാം ദിവസം 100 കുളങ്ങൾ നവീകരിക്കുക എന്ന ലക്ഷ്യം പൂർത്തികരിക്കുകയും, തുടർന്ന് 60 ദിവസം കൊണ്ട് 163 കുളങ്ങൾ എന്ന നിലയിലെത്തുകയും ചെയ്തു. പദ്ധതിയുടെ വമ്പിച്ച വിജയത്തെ തുടർന്ന് 2018 ലെ വേനൽക്കാലത്ത് പൊതു കുളങ്ങളുടെ നവീകരണം ഇതേ മാതൃകയിൽ ഏറ്റെടുത്തു നടപ്പിലാക്കി.

## ലക്ഷ്യങ്ങൾ

- ജനങ്ങളേയും തദ്ദേശ സ്ഥാപനങ്ങളേയും അധികാരികളെയും ബോധവാൻമാരാക്കി അതാതു പ്രദേശങ്ങളിലുള്ള ജല സ്രോതസ്സുകളെ പ്രദേശ വാസികളായ ജനങ്ങളെ ഉപയോഗിച്ച് നിലനിർത്തുക.
- പ്രസ്തുത പ്രദേശത്തെ ഭൂഗർഭജലനിരപ്പ് ഉയർത്തുക.
- ജല സ്രോതസ്സുകളിൽ ജല സംവിധാനം ഉയർത്തി കുടിവെള്ളത്തിനും ജലസേചനത്തിനും ജല ലഭ്യത ഉറപ്പുവരുത്തുക.
- പൊതു ജലസ്രോതസ്സുകളുടെ ഉടമസ്ഥാവകാശം തങ്ങൾക്കാണെന്ന ബോധം പൊതുജനങ്ങളിൽ ഉണ്ടാക്കുക.
- യുവാക്കളേയും യുവജനക്ലബുകളേയും സാമൂഹിക സംഘടനകളേയും സന്നദ്ധ സംഘടനകളേയും സഹകരിപ്പിച്ച് ജലസംരക്ഷണം ഉറപ്പു വരുത്തുക.

## പ്രവർത്തനങ്ങൾ

ബഹുഭൂരിപക്ഷം കുളങ്ങളും ജൈവ മാലിന്യങ്ങളും അതേ പോലെ പ്ലാസ്റ്റിക്കും, കളകളും, കുളവാഴകളും ചളിയും നിറഞ്ഞ് കിടക്കുന്ന അവസ്ഥയിലായിരുന്നു. 'അൻപോടു കൊച്ചി' എന്ന സന്നദ്ധ സംഘടനയും, ശുചിത്വമിഷൻ, മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി, മൈനർ ഇറിഗേഷൻ വകുപ്പ്, നാഷണൽ സർവീസ് സ്കീം ടെക്നിക്കൽ സെൽ, നെഹ്റു യുവകേന്ദ്ര, കുടുംബശ്രീ, യുവജന ക്ലബുകൾ, പൊതുജനങ്ങൾ എന്നിങ്ങനെ എല്ലാവരുടെയും പ്രവർത്തനങ്ങൾ ഹരിത കേരളം മിഷൻ എന്ന സർക്കാരിന്റെ സ്വപ്നപദ്ധതിയുടെ കുടക്കീഴിൽ ഒരുമിച്ച് ചേർത്ത് ജില്ലാ ഭരണ കൂടത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തനങ്ങൾ നടത്തുക എന്ന രീതിയാണ് അവലംബിച്ചത്. ഇതിനു വേണ്ടി വന്ന ചെലവ് കൊച്ചിൻ ഷിപ്പ്യാർഡിന്റെ സാമൂഹിക പ്രതിബദ്ധതാ ഫണ്ടിൽ നിന്നും കണ്ടെത്തി.

2016-ൽ 'എന്റെ കുളം എറണാകുളം' പദ്ധതിയുടെ ഭാഗമായി 55 പൊതുകുളങ്ങൾ നവീകരിച്ചു.

2017-ൽ '50 ദിവസം 100 കുളം'എന്ന പേരിൽ 50 ദിനങ്ങൾ കൊണ്ട് 100 കുളങ്ങളുടെ നവീകരണം പൂർത്തിയാക്കുക എന്ന ലക്ഷ്യം മുൻ നിർത്തിയാണ് പ്രവർത്തനങ്ങൾ ആരംഭിച്ചത്. ഈ ലക്ഷ്യം 43 ദിവസം കൊണ്ട് പൂർത്തികരിക്കാനായെങ്കിലും, ജനങ്ങളുടെ വിപുലമായ ആവശ്യം പരിഗണിച്ച് പദ്ധതി തുടരുകയാണ് ഉണ്ടായത്. 60 ദിവസം കൊണ്ട് 163 കുളങ്ങൾ ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ, ശുചിത്വ മിഷൻ, നെഹ്റു യുവ കേന്ദ്ര, കുടുംബശ്രീ, എൻ എസ്സ് എസ്സ് എന്നിവരുടെ സഹായത്തോടുകൂടി നവീകരിക്കുവാൻ ജില്ലാ ഭരണകൂടത്തിനു സാധിച്ചു. ഈ പദ്ധതിയുടെ സമാപനം ബഹു. മുഖ്യമന്ത്രി പിണറായി വിജയൻ പങ്കെടുത്തു കൊണ്ട് വടവുകോട്-പുത്തൻകുരിശ് പഞ്ചായത്തിൽ വച്ച് നടന്നു.

2018 ൽ '100 കുളം മൂന്നാം ഘട്ടം' എന്ന പേരിൽ മാർച്ച് 4ന് ആരംഭിച്ച പദ്ധതിയുടെ ഭാഗമായി 107 കുളങ്ങളുടെ നവീകരണം പൂർത്തിയാക്കുകയുണ്ടായി. രായമംഗലം പഞ്ചായത്തിൽ വച്ച് നടന്ന 107-മത് കുളത്തിന്റെ ഉദ്ഘാടത്തിൽ ബഹു. ധനകാര്യവകുപ്പ് മന്ത്രി ഡോ. തോമസ് ഐസക് പങ്കെടുക്കുകയുണ്ടായി.

50 ദിവസം 100 കുളം പദ്ധതിയുടെ സമാപനം ബഹു മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിച്ചു.

100 കുളം മൂന്നാം ഘട്ടം സമാപന സമ്മേളനം ബഹു. ധനകാര്യ വകുപ്പ് മന്ത്രി ഡോ. തോമസ് ഐസക് ഉദ്ഘാടനം ചെയ്തു.

2016, 2017, 2018 വർഷങ്ങളിൽ എന്റെ കുളം എറണാകുളം പദ്ധതി പ്രകാരം ഏറ്റെടുത്ത് പുനരുദ്ധരിച്ച കുളങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

## നേട്ടങ്ങൾ

2018 ൽ 113 പൊതു കുളങ്ങളും 2017 ൽ 156 പൊതുകുളങ്ങളും 2016 ൽ55 പൊതു കുളങ്ങളും ഉൾപ്പടെ 324 പൊതു കുളങ്ങളുടെ പുന:രുജ്ജീവനം 3 വർഷങ്ങളിലായി, ജന



'50 ദിവസം 100 കുളം'എന്ന പേരിൽ 50 ദിനങ്ങൾ കൊണ്ട് 100 കുളങ്ങളുടെ നവീകരണം പൂർത്തിയാക്കുക എന്ന ലക്ഷ്യം മുൻ നിർത്തിയാണ് പ്രവർത്തനങ്ങൾ ആരംഭിച്ചത്. ഈ ലക്ഷ്യം 43 ദിവസം കൊണ്ട് പൂർത്തികരിക്കാനായെങ്കിലും, ജനങ്ങളുടെ വിപുലമായ ആവശ്യം പരിഗണിച്ച് പദ്ധതി തുടരുകയാണ് ഉണ്ടായത്. 60 ദിവസം കൊണ്ട് 163 കുളങ്ങൾ ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ, ശുചിത്വ മിഷൻ, നെഹ്റു യുവ കേന്ദ്ര, കുടുംബശ്രീ, എൻ എസ്സ് എസ്സ് എന്നിവരുടെ സഹായത്തോടുകൂടി നവീകരിക്കുവാൻ ജില്ലാ ഭരണകൂടത്തിനു സാധിച്ചു. ഈ പദ്ധതിയുടെ സമാപനം ബഹു മുഖ്യമന്ത്രി പിണറായി വിജയൻ പങ്കെടുത്തു കൊണ്ട് വടവുകോട്-പുത്തൻകുരിശ് പഞ്ചായത്തിൽ വച്ച് നടന്നു.

കീയ പങ്കാളിത്തത്തോടെ ജില്ലയിൽ പൂർത്തികരിക്കാൻ സാധിച്ചു.

13046 ലക്ഷം ലിറ്റർ ജലം ഇതിലൂടെ അധികമായി സംഭരിക്കാനായി, ഇതു വഴി സമീപത്തെ കിണറുകളുടെ ജലനിരപ്പ് ഗണ്യമായി ഉയർന്നു. ഇതിലൂടെ ജില്ലയിലെ കുടിവെള്ള പ്രശ്നത്തിനും ജലക്ഷാമത്തിനും ഒരു പരിധി വരെ പരിഹാരം കാണാനായി.

പൊതു കുളങ്ങളും ജലസ്രോതസ്സുകളും സംരക്ഷിക്കപ്പെടേണ്ടതാണ് എന്ന ശക്തമായ സന്ദേശം ജനങ്ങൾക്ക് നൽകാനായി, പ്രവർത്തനങ്ങളിൽ പങ്കാളികളായതു വഴി, പൊതു കുളങ്ങളുടെ ഉടമസ്ഥത തങ്ങൾക്കാണെന്ന അവബോധം തദ്ദേശ വാസികൾക്കുണ്ടായി.

ഈ പ്രവർത്തനങ്ങളിലൂടെ ജില്ലയിലെ പൊതുകുളങ്ങളുടെ ജി.പി.എസ്. ലൊക്കേഷനുകളടക്കം കണ്ടെത്തി, 1100 കുളങ്ങളുടെ ലിസ്റ്റും ലൊക്കേഷനുകളും ശേഖരിക്കാനായി.

15000 ത്തിലധികം സന്നദ്ധ പ്രവർത്തകർ പൊതു കുളങ്ങളുടെ ശുചീകരണ പ്രവർത്തനങ്ങളിൽ നേരിട്ട് പങ്കാളികളായി.

കൊച്ചിൻ ഷിപ്പ് യാർഡ് 42,08,784 രൂപ CSR ഫണ്ടിൽ നിന്നും '100 കുളം' പദ്ധതിക്കായി അനുവദിച്ചു.

ജില്ലാ ഭരണ കൂടത്തിന്റെ നേതൃത്വത്തിൽ നവീകരിച്ച പൊതു കുളങ്ങളുടെ സംരക്ഷണം ഉറപ്പു വരുത്തുന്ന



തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പുരസ്കാരങ്ങൾ ഏർപ്പെടുത്തി.

## തുടർപ്രവർത്തനം

ആദ്യഘട്ടത്തിൽ ഏറ്റെടുത്ത് പൂർത്തിയാക്കിയ ചില കുളങ്ങൾ 2018-ൽ ഉണ്ടായ മഹാപ്രളയത്തിൽപ്പെട്ട് വീണ്ടും പഴയരീതിയിലേക്ക് മാറിപ്പോവുകയുണ്ടായിട്ടുണ്ട്. 2019-ൽ ലഭ്യമായ ഫണ്ട് പ്രധാനമായും ഈ കുളങ്ങൾ പുനരുദ്ധരിക്കാൻ വേണ്ടിയാണ് പ്രയോജനപ്പെടുത്തുക.

നമ്മൾ വീണ്ടെടുത്ത ഈ ജലാശയങ്ങൾ നാം വേണ്ട രീതിയിൽ ഉപയോഗിച്ചില്ലെങ്കിൽ മേൽ പ്രവർത്തനങ്ങൾക്ക് യാതൊരു ഫലവുമില്ലാത്ത അവസ്ഥയാണുണ്ടാവുക. നീന്തൽക്കുളങ്ങളായോ, മത്സ്യം വളർത്തലിനോ, ജലസേചനത്തിനോ ഇവ ഉപയോഗിക്കാനുള്ള സാഹചര്യം തദ്ദേശസ്ഥാപനങ്ങളും ജനകീയ സമിതികളും ചേർന്ന് ഉണ്ടാക്കണം.

കേന്ദ്രസർക്കാർ ഏർപ്പെടുത്തിയ 2018-ലെ ദേശീയ ജല അവാർഡിന് എറണാകുളം ജില്ല അർഹമായി. ജലസ്രോതസ്സുകളുടെ പുനരുജ്ജീവനം, നിർമാണം എന്ന വിഭാഗത്തിൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നുള്ള ജില്ലകളിൽ രണ്ടാംസ്ഥാനമാണ് എറണാകുളം ജില്ലയ്ക്കു ലഭിച്ചത്. ഫെബ്രുവരി 25-ന് ഡൽഹിയിൽ കോൺസ്റ്റിറ്റ്യൂഷണൽ ക്ലബ് മാവ്‌ലങ്കർ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ കേന്ദ്ര ജലവിഭവ വകുപ്പുമന്ത്രി ശ്രീ. നിതിൻ ഗഡ്കരിയാണ് അവാർഡ് സമ്മാനിച്ചത്. ജില്ലാകളക്ടർക്കുവേണ്ടി ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ ശ്രീ. സുജിത് കരുൺ അവാർഡ് ഏറ്റുവാങ്ങി.

കൂടാതെ സമീപത്തുള്ള കനാലുകളും തോടുകളും പാറമടകളും മറ്റുമായി ബന്ധിപ്പിച്ച് വേനൽക്കാലത്തും ഈ കുളങ്ങളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികളും ആലോചിക്കുന്നുണ്ട്.



കൊച്ചിൻ ഷിപ്പ് യാർഡിന്റെ സിഎസ്ആർ ഫണ്ട് ഉപയോഗിച്ച് ജില്ലയിലെ 20 കുളങ്ങൾ നീന്തൽ ക്കുളങ്ങളായി വികസിപ്പിക്കാനുള്ള പദ്ധതി പരിഗണനയിലാണ്.

## ഉപസംഹാരം

കേന്ദ്രസർക്കാർ ഏർപ്പെടുത്തിയ 2018-ലെ ദേശീയ ജല അവാർഡിന് എറണാകുളം ജില്ല അർഹമായി. ജല സ്രോതസ്സുകളുടെ പുനരുജ്ജീവനം, നിർമാണം എന്ന വിഭാഗത്തിൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നുള്ള ജില്ലകളിൽ രണ്ടാംസ്ഥാനമാണ് എറണാകുളം ജില്ലയ്ക്കു ലഭിച്ചത്. ഫെബ്രുവരി 25-ന് ഡൽഹിയിൽ കോൺസ്റ്റിറ്റ്യൂഷണൽ ക്ലബ് മാവ്ലങ്കർ ഓഡിറ്റോറിയ ത്തിൽ നടന്ന ചടങ്ങിൽ കേന്ദ്ര ജലവിഭവ വകുപ്പുമന്ത്രി ശ്രീ. നിതിൻ ഗഡ്കരിയാണ് അവാർഡ് സമ്മാനിച്ചത്. ജില്ലാകളക്ടർക്കുവേണ്ടി ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ ശ്രീ. സുജിത് കരുൺ അവാർഡ് ഏറ്റു വാങ്ങി.

ആന്ധ്രപ്രദേശ്, തെലങ്കാന, തമിഴ്നാട്, കേരളം, കർണാടക, ഗോവ, പോണ്ടിച്ചേരി, ലക്ഷദ്വീപ് എന്നീ ദക്ഷിണേന്ത്യൻ സംസ്ഥാന/ കേന്ദ്രഭരണ പ്രദേശങ്ങ ളിലെ ജില്ലകൾക്കുള്ള വിഭാഗത്തിലാണ് എറണാകു ളത്തെ മികച്ച രണ്ടാമത്തെ ജില്ലയായി തെരഞ്ഞെടു ത്തത്.

ഹരിതകേരളം മിഷന്റെ പ്രഖ്യാപിത ലക്ഷ്യമായ വെള്ളം, വൃത്തി, വിളവ് എന്നിവ ജില്ലയിൽ പ്രാവർത്തി കമാക്കാനുള്ള വളരെ പ്രാധാനപ്പെട്ട ചുവടുവയ്പായി എന്റെ കുളം എറണാകുളം പ്രോജക്ട് മാറി എന്നതിൽ അഭിമാനിക്കാം.

# പുഞ്ചക്കുഴിത്തോട് നവീകരണം

മുടക്കുഴ, വേങ്ങൂർ പഞ്ചായത്തുകളിലൂടെ കടന്നു പോകുന്ന പുഞ്ചക്കുഴിത്തോട് കുവപ്പടി പഞ്ചായത്തിലെ 5,8 വാർഡുകളിലൂടെ കടന്നു പോകുന്ന പ്രധാന തോടാണ്. പെരിയാറിൽ അവസാനിക്കുന്ന ഈ തോട് അറ്റകുറ്റപ്പണികളുടെ അഭാവവും, മാലിന്യ നിക്ഷേപവും മൂലം ചെളിയും കാടും നിറഞ്ഞ് നാശോന്മുഖമായ അവസ്ഥയിലായിരിന്നു. കൂടാതെ തോടിന്റെ ഇരുകരകളിലും മണ്ണിടിച്ചിലും കയ്യേറ്റവും മൂലം 8 മീറ്റർ വീതിയുണ്ടായിരുന്ന തോട്, പലയിടങ്ങളിലും 4 മീറ്ററായിക്കുറഞ്ഞിരുന്നു. ഇതോടെ വെള്ളപ്പൊക്കംമൂലം സമീപത്തെ നൂറേക്കറോളം വരുന്ന പാടശേഖരത്തിലെ കൃഷി നാശം പതിവായതിനാൽ കർഷകർ കൃഷി ഉപേക്ഷിക്കുന്ന സാഹചര്യമുണ്ടായി. പ്രസ്തുത സാഹചര്യത്തിൽ ഹരിത കേരള മിഷന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച്, ബ്ലോക്ക് ഗ്രാമ പഞ്ചായത്തുകളുടെ സംയുക്ത പദ്ധതിയായി, 7 ലക്ഷം രൂപ അടങ്കലിൽ തോടിന്റെ 750 മീറ്ററോളം വരുന്ന ഭാഗത്തിന്റെ നവീകരണം നടന്നു. പൊതുജനപങ്കാളിത്തത്തോടെയും, പാടശേഖര സമിതിയുടെയും സഹായത്തോടെ ഇരുവശത്തുമുള്ള കർഷകരെ പറഞ്ഞു ബോധ്യപ്പെടുത്തി തോടിന്റെ വീതി 8 മീറ്ററാക്കി വർദ്ധിപ്പിച്ചു.



ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളുടെയും ഗ്രാമ പഞ്ചായത്ത് അംഗങ്ങളുടെയും നേതൃത്വത്തിൽ നിരവധി യോഗങ്ങൾ ചേർന്നു. ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളുടെ നേതൃത്വത്തിൽ,സ്ഥലം വിട്ടു നൽകേണ്ടവരുടെ വീടുകളിൽ സ്ക്വാഡ് പ്രവർത്തനവും, നോട്ടീസ് വിതരണവും നടത്തി. തുടർന്ന്, പുഴ പുന:രുജ്ജീവന പ്രവർത്തനങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി വിളംബര ഘോഷയാത്രകളും സംഘടിപ്പിച്ചു. മാലിന്യങ്ങൾ ചെളി എന്നിവ നീക്കം ചെയ്ത് ആഴം വർദ്ധിപ്പിക്കുന്ന പ്രവൃത്തി ഡിസംബർ 14 ന് ആരംഭിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.പി വർഗീസ്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കുഞ്ഞിമോൾ തങ്കപ്പൻ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ എം പി പ്രകാശ് ഗ്രാമപഞ്ചായത്ത് അംഗം സിന്ധു അരവിന്ദ് എന്നിവർ പങ്കെടുത്തു.

ശുചികരണത്തിന് പുറമെ ബോധവത്കരണത്തിന്റെ ഭാഗമായി 3 കീ.മി പുഴ നടത്തം സംഘടിപ്പിച്ചു. LSGD എഞ്ചിനീയറിംഗ് വിംഗിന്റെ നേതൃത്വത്തിൽ, ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, കോടനാട് പാടശേഖര സമിതി എന്നിവരുടെ സഹായത്തോടെ 300 പേരുടെ പങ്കാളിത്തത്തോടെ പുഴ പുനരുജ്ജീവന പ്രവർത്തനങ്ങൾ വിജയകരമായി നടന്നു. 4 കിലോമീറ്ററോളം നീളം വരുന്ന പുഞ്ചക്കുഴി തോടിന്റെ പെരിയാർ വരെയുള്ള ഭാഗം വീതികൂട്ടി ആഴം വർദ്ധിപ്പിക്കാനും, ആയതിന് ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളുടെ തുടർവർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും മൈനർഇറിഗേഷൻ, ഹരിതകേരളം പദ്ധതിയിലും ഉൾപ്പെടുത്തുന്നതിന് ശുപാർശ ചെയ്യുന്നതിനും തിരുമാനിച്ചു.

## ജലസമൃദ്ധി

2018 ൽ 'ജല സമൃദ്ധി' എന്ന പേരിൽ തൊഴിലുറപ്പു പദ്ധതിയിലുടെ ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലായി 150 പുതിയ കുളങ്ങളുടെ നിർമ്മാണവും ജില്ലയിൽ പൂർത്തികരിച്ചിരുന്നു. 7627 കിണറുകളുടെ റീചാർജിംഗും ജില്ലയിൽ കഴിഞ്ഞ രണ്ടു വർഷകാലംകൊണ്ട് പൂർത്തികരിക്കാൻ സാധിച്ചു. 2018 വർഷത്തിൽ മാത്രം 4812 ലക്ഷം ലിറ്റർ ജലം ഇതിലുടെ സംഭരിക്കാനായി.

# കോണോത്തുപുഴ പുനരുജ്ജീവനം

എറണാകുളം ജില്ലയുടെ തെക്കുപടിഞ്ഞാറായി വടക്കുനിന്ന് തെക്കോട്ടൊഴുകുന്ന പുഴയാണ് കോണോത്തുപുഴ. തൃപ്പൂണിത്തുറ നഗരസഭയിലെ വെട്ടിവേലിക്കടവ് മുതൽ ഉദയംപേരൂർ പഞ്ചായത്തിലെ പൂത്തോട്ട വരെ മൂവാറ്റുപുഴയാറിന്റെ ഭാഗമായാണ് ഈ പുഴ ഒഴുകുന്നത്.

പഴയകൊച്ചി രാജ്യത്തിന്റെയും തിരുവിതാംകൂർ രാജ്യത്തിന്റെയും അതിർത്തിയിലൂടെയാണ് ഈ പുഴയൊഴുകുന്നത്. ഈ പുഴയുടെ ചില ഭാഗങ്ങളിൽ ഇപ്പോഴും കൊ/തി (കൊച്ചി/തിരുവിതാംകൂർ) കല്ലുകൾ എന്ന അതിർത്തി കല്ലുകൾ കാണാം. ഈ പുഴയുടെ തീരത്തുള്ള ചില പ്രദേശങ്ങളിൽ പരിശോധനകൾക്കായി ചൗക്കകൾ ഉണ്ടായിരുന്നതായി മുൻ തലമുറയിലുള്ളവരുടെ ഓർമകളിൽനിന്ന് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്.

വടക്കുനിന്ന് തെക്കോട്ടൊഴുകുന്ന ഈ പുഴയുടെ പടിഞ്ഞാറുഭാഗത്ത് കുടുതലായും ഒരുപൂ കൃഷിയുണ്ടായിരുന്ന പൊക്കാളിനിലങ്ങളും കിഴക്കുഭാഗത്തായി ഒരുപൂവും ഇരുപ്പൂവും കൃഷി ചെയ്തിരുന്ന പാടങ്ങളുമാണുള്ളത്. പൊക്കാളിനിലങ്ങൾ വെള്ളക്കെട്ട് കൂടുതലുള്ള കറുത്ത ചെളിയോടുകൂടിയ കരിനിലങ്ങൾ എന്നും അറിയപ്പെടുന്നു. കിഴക്കുഭാഗത്തുള്ള നിലങ്ങൾ എക്കൽ അംശമുള്ള ഫലഭൂയിഷ്ഠ മണ്ണാണ്.



> അടിഞ്ഞുകൂടിയ എക്കൽ, നീരൊഴുക്ക് തടസ്സപ്പെടുത്തിക്കൊണ്ട് വളരുന്ന പോള, വലിയ തോതിലുള്ള മാലിന്യനിക്ഷേപം, വൻതോതിലുള്ള അനധികൃത കയ്യേറ്റങ്ങൾ, അശാസ്ത്രീയമായ നിർമാണങ്ങൾ എന്നിവയാൽ ഇന്ന് മരണാവസ്ഥയിൽ എത്തിയിരിക്കുന്നു കോണോത്തുപുഴ. പുഴയുടെ ഈ അവസ്ഥ ഒട്ടനവധി പരിസ്ഥിതി പ്രശ്നങ്ങൾക്കും കൃഷി നാശത്തിനും കാരണമായിരിക്കുന്നു. നിക്ഷേപിക്കപ്പെടുന്ന മാലിന്യങ്ങളിൽ അറവുശാലകളിൽ നിന്നുള്ള മാലിന്യങ്ങൾ, വ്യവസായശാലകളിൽ നിന്നുള്ള മലിന ജലം, വർക്ക്ഷോപ്പുകളിൽ നിന്നുള്ള കരിഓയിൽ ഉൾപ്പടെയുള്ള മാലിന്യങ്ങൾ ഉൾപ്പെടുന്നു.

തൃപ്പൂണിത്തുറ നഗരസഭ, ചോറ്റാനിക്കര, ഉദയംപേരൂർ, മുളന്തുരുത്തി, ആമ്പല്ലൂർ ഗ്രാമപഞ്ചായത്തുകൾ എന്നിങ്ങനെ അഞ്ച് തദ്ദേശഭരണ സ്ഥാപനങ്ങളിലൂടെയാണ് ഈ പുഴ കടന്നുപോകുന്നത്.

രാജഭരണകാലത്ത് നിർമിച്ചതും അമ്പലമുകൾ ഭാഗത്തെ വ്യവസായ സ്ഥാപനങ്ങളിലേക്ക് ജലമാർഗം ചരക്കുകൾ കടത്തുന്നതുമായ ചമ്പക്കര കനാൽ ഈ പുഴയുടെ തുടക്കത്തിലാണ്. തുടക്കം വെട്ടുവേലി പുഴയെന്നും തുടർന്ന് കണായാവെളിപ്പുഴ, പൂക്കൈതയാർ എന്നിങ്ങനെ അറിയപ്പെട്ട് പൂത്തോട്ടപുഴയായി ഉദയംപേരൂർ ഗ്രാമപഞ്ചായത്തിലെ പൂത്തോട്ടയിൽ മൂവാറ്റുപുഴയാറുമായി ചേർന്ന് ആലപ്പുഴ ജില്ലയിലെ പെരുമ്പളം ഗ്രാമപഞ്ചായത്ത് പരിസരത്ത് വേമ്പനാടുകായലുമായി ചേരുന്നു.

പുഴയുടെ ആകെ നീളം 16.6 മീറ്ററും ആഴം നാലുമീറ്ററും കുറഞ്ഞ വീതി 35 മീറ്ററും കൂടിയ വീതി 90 മീറ്ററുമാണ്. രാജഭരണകാലത്ത് കോണത്തുപുഴയും കൈത്തോടുകളും കടന്നുപോകുന്ന പ്രദേശങ്ങളിലെ ഗാർഹിക ആവശ്യങ്ങൾക്കും ജലസേചനത്തിനും ചരക്ക് ഗതാഗതത്തിനും മത്സ്യബന്ധനത്തിനും പുഴയെ ഉപയോഗപ്പെടുത്തിയിരുന്നു.

അടിഞ്ഞുകൂടിയ എക്കൽ, നീരൊഴുക്ക് തടസ്സപ്പെടുത്തിക്കൊണ്ട് വളരുന്ന പോള, വലിയ തോതിലുള്ള മാലിന്യനിക്ഷേപം, വൻതോതിലുള്ള അനധികൃത കയ്യേറ്റ

ങ്ങൾ, അശാസ്ത്രീയമായ നിർമാണങ്ങൾ എന്നിവയാൽ ഇന്ന് മരണാവസ്ഥയിൽ എത്തിയിരിക്കുന്നു കോണോത്തുപുഴ. പുഴയുടെ ഈ അവസ്ഥ ഒട്ടനവധി പരിസ്ഥിതി പ്രശ്നങ്ങൾക്കും കൃഷി നാശത്തിനും കാരണമായിരിക്കുന്നു. നിക്ഷേപിക്കപ്പെടുന്ന മാലിന്യങ്ങളിൽ അറവുശാലകളിൽ നിന്നുള്ള മാലിന്യങ്ങൾ, വ്യവസായശാലകളിൽ നിന്നുള്ള മലിന ജലം, വർക്ഷോപ്പുകളിൽ നിന്നുള്ള കരിഓയിൽ ഉൾപ്പടെയുള്ള മാലിന്യങ്ങൾ ഉൾപ്പെടുന്നു. ഒറ്റതിരിഞ്ഞ് നടന്നിട്ടുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങളൊന്നും തന്നെ വിജയത്തിലെത്തിയില്ലായെന്നതാണ് ചരിത്രം. പോളയും എക്കലും മാലിന്യങ്ങളും കൊണ്ട് 4 മീറ്റർ വരെ ആഴമുണ്ടായിരുന്ന പുഴയുടെആഴംഇന്ന് പരമാവധി 2 മീറ്ററായി ചുരുങ്ങിയിരിക്കുന്നു.

365 ഹെക്ടർ വിസ്തൃതിയുള്ള ആമേട നീർത്തടം, 1085 ഹെക്ടർ വരുന്ന കുന്നത്തുനാട്-തലക്കോട് നീർത്തടം, 2331 ഹെക്ടർവരുന്ന വട്ടുക്കുന്ന്-കരിങ്ങാച്ചിറ നീർത്തടം എന്നീ പ്രധാന നീർത്തടങ്ങളും 9341.39 ഹെക്ടർ വിസ്തൃതിയിലുള്ള ചെറുതും വലുതുമായ മറ്റു നീർത്തടങ്ങൾ ഉൾപ്പടെ 13153.39 ഹെക്ടറാണ് നീർത്തട വിസ്തൃതി.

പുഴയുടെ നല്ലകാലത്ത് 3500 ഏക്കർ നെൽകൃഷിയുണ്ടായിരുന്നിടത്ത് ഇപ്പോൾ 877 ഏക്കർ മാത്രമാണ് കൃഷിക്ക് അനുയോജ്യമായിട്ടുള്ളത്. പുഴയുടെ ഇപ്പോഴത്തെ കൂടിയ വീതി 60 മീറ്ററും കുറഞ്ഞ വീതി 10 മീറ്ററുമായി ചുരുങ്ങിയിട്ടുണ്ട്.

### പ്രധാന കൈത്തോടുകൾ

വലിയകരിത്താഴംതോട്, കാമിലാരിതോട്, പത്താംപുറംതോട്, പറമ്പാത്താഴംതോട്, ചക്കാലക്കൽ തോട്, മലച്ചേരിൽതോട്, പുളിമൂട്ടിൽത്താഴംതോട്, ചാത്തുകുത്തിതോട്, കോലഞ്ചരികടത്ത്തോട്, ചെങ്ങോലപ്പാടംതോട്, കാറ്റാഴിത്താടംതോട്, തോട്ടുങ്കൽ തോട്, കോളങ്ങാട്തോട്, അന്ധകാരത്തോട്, കോഴിക്കരിതോട്, മറ്റത്താംകടവ്തോട്, ചെകിടാരിത്താഴംതോട്, കനാട്തോട്, പള്ളിത്തോട്, പുന്നച്ചാലിൽതോട്, മാതനാട്ട്തോട്, വടയങ്കരതോട്, മുക്കുത്തിക്കരിതോട്, കുറുപ്പനേഴംതോട്, പുളിയമാക്കൽ തോട്, ഇടമ്പാട മൂഴിക്കൽ തോട്, പാണാർതോട് തുടങ്ങി 28 നടുത്ത് തോടുകൾ ഈ പുഴയുടെ വിവിധ ഇടങ്ങളിൽ ബന്ധിപ്പിക്കപ്പെട്ടിരിക്കുന്നു.

## ലക്ഷ്യമിടുന്ന പുനരുജ്ജീവന പ്രവർത്തനങ്ങൾ

- പുഴയുടെ അതിർത്തി പുനർനിർണയിച്ച് അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് പുഴയുടെവീതി പുനസ്ഥാപിക്കൽ
- എക്കലും മാലിന്യവും പായലും (പോള) നീക്കം ചെയ്ത് ആഴം കൂട്ടി പുഴയുടെ സ്വാഭാവികഒഴുക്ക് പുനസ്ഥാപിക്കുക.
- പുഴയോരങ്ങൾ വിനോദത്തിനും വിശ്രമത്തിനുമുള്ള കേന്ദ്രങ്ങളാക്കിമാറ്റുക
- നിലവിൽ തരിശായിക്കിടക്കുന്ന നിലങ്ങൾ പുഴവെള്ളത്തെ ഉപയോഗപ്പെടുത്തി കൃഷിയോഗ്യമാക്കുക
- ഇരുകരകളും മണൽ ബണ്ട് ഉപയോഗിച്ച് സംരക്ഷിക്കുക

തൃപ്പൂണിത്തുറ, പിറവം മണ്ഡലങ്ങളിലെ നിയമസഭാംഗങ്ങൾ, ജില്ലാപഞ്ചായത്ത്, ജലസേചന വകുപ്പ്, തദ്ദേശ സ്വയംഭരണവകുപ്പ്, റവന്യൂവകുപ്പ്, തദ്ദേശഭരണ സ്ഥാപനങ്ങൾ, ജനകീയസമിതികൾ എന്നിവയുടെ കൂട്ടായ്മകളിലൂടെ കോണോത്തു പുഴയുടെ പുനരുജ്ജീവനത്തിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടു കഴിഞ്ഞു. ഇതിനായി ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെയും ജില്ലാ കളക്ടറുടെയും ബഹു. എംഎൽഎ മാരുടെയും പുഴ കടന്നുപോകുന്ന പഞ്ചായത്തിലെ പ്രസിഡന്റുമാരുടെയും നേതൃത്വത്തിൽ യോഗം ചേരുകയും, മൈനർ ഇറിഗേഷൻ വകുപ്പിന്റെ നേതൃത്വത്തിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതി വഴി ഗവൺമെന്റിലേക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

# പെരുംതോട് നവീകരണം

വളരെയധികം മലിനീകരിക്കപ്പെട്ട പെരുംതോട് ശുചിയാക്കുന്ന പ്രവർത്തനം ആണ് സംഘടിക്കപ്പെട്ടത്. ചെളിവന്ന് മൂടിയും മാലിന്യങ്ങൾ വലിച്ചെറിഞ്ഞ രീതിയിലുമായിരുന്നു തോടിന്റെ അവസ്ഥ. പല സ്ഥലത്തും കക്കൂസ് മാലിന്യങ്ങൾ വരെ തോടിലേക്ക് ഒഴുക്കിവിട്ടിരുന്നു. തുടക്കത്തിൽ ജനപ്രതിനിധികൾ, സന്നദ്ധ പ്രവർത്തകർ, സഹകരണ സംഘം പ്രതിനിധികൾ സർക്കാർ ഉദ്യോഗസ്ഥർ തുടങ്ങി സമസ്ത മേഖലയിലുംപ്പെട്ടവരെ ഉൾപ്പെടുത്തി വിപുലമായ യോഗം ചേർന്നു സംഘാടകസമിതി രൂപീകരിച്ചു. ഇതിനുതാഴെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും സംഘാടക സമിതികൾ രൂപീകരിച്ചു. ഈ സമിതികളുടെ നേതൃത്വത്തിൽ സൂക്ഷ്മമായ ആസൂത്രണത്തോടെ വിവിധ പരിപാടികൾക്ക് രൂപം നൽകി. തോട് ശുചീകരണമാണ് ആദ്യമായി നടത്തിയ പ്രവർത്തനം. ഓരോ 50 – 100 മീറ്റർ പ്രദേശവും സന്നദ്ധ സംഘടനകൾ, ഓട്ടോ തൊഴിലാളികൾ, തൊഴിലുറപ്പ് തൊഴിലാളികൾ മുതലായവരുടെ ഓരോ ഗ്രൂപ്പുകൾക്ക് വീതിച്ച് കൊടുക്കുകയും ഒരു ദിവസം കൊണ്ട് ശുചീകരണം നടത്തുകയുമാണ് ചെയ്തത്. മനുഷ്യനെക്കൊണ്ട് ശുചീകരണ പ്രവർത്തനം നടത്താൻ കഴിയാത്ത സ്ഥലങ്ങളിൽ യന്ത്രസഹായത്തോടെ ശുചിയാക്കി. നിലവിൽ ഉണ്ടായിരുന്ന കണ്ടൽകാടുകളെ സംരക്ഷിച്ചുകൊണ്ടാണ് ഈ പ്രവർത്തനങ്ങൾ നടത്തിയത്. ജനകീയ പ്രവർത്തനങ്ങൾക്ക് പുറമേ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി



25632 തൊഴിൽ ദിനങ്ങൾ കൂടി ഇതിനായി ഉപയോഗിച്ചു. ജലനിരപ്പ് വളരെ താഴ്ന്ന ബ്ലോക്ക് പഞ്ചായത്തായിരുന്നു കൊടുങ്ങല്ലൂർ.ജലസംഭരണം ഇവിടെ വളരെ ആവശ്യമായിരുന്നു. കൂടാതെ ഉപ്പ് വെള്ളത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് തടയണകൾ ആവശ്യമായി വന്നു. ശുചിയാക്കിയ പുഴയിൽ പല മത്സ്യങ്ങളും ജലജീവികളും തിരിച്ചു വരുന്നത് കാണാൻ കഴിഞ്ഞു. തോട് പുനരുജ്ജീവനം സാധ്യമാക്കിയതിന്റെ ഫലമായി ഇരുകരകളിലും അതാതു പ്രദേശങ്ങൾക്കിണങ്ങിയ കൃഷികൾ പുനരാരംഭിക്കാൻ കഴിഞ്ഞു. ജൂൺ 5 പരിസ്ഥിതിദിനത്തിൽ കുട്ടികളുടെ നേതൃത്വത്തിൽ തോടിന്റെ പാർശ്വങ്ങളിൽ വൃക്ഷത്തൈകൾ നടുന്ന പ്രവർത്തനം നടത്തി. തോട് പുനരുജ്ജീവിപ്പിച്ചതിന്റെ ഫലമായി പ്രദേശത്തെ പകർച്ചാവ്യാധികൾ പടരുന്നത് വലിയ അളവിൽ കുറയുന്നതായി കാണാൻ കഴിഞ്ഞു. തോടിൽ പല സ്ഥലത്തായി തടയണകൾ നിർമ്മിച്ച് മത്സ്യകൃഷിയ്ക്കുള്ള സാധ്യതകൾ പരിശോധിച്ച് വരുന്നു. തോടിന്റെ വശങ്ങളിൽ വിശ്രമകേന്ദ്രങ്ങൾ സ്ഥാപിച്ച് വരുന്നു. നടപ്പാതകളുടെ നിർമ്മാണവും ആലോചിച്ച് വരുന്നു.



# മംഗലപ്പുഴ സംരക്ഷണം

## ചരിത്രവും ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും

പാലക്കാട്, മലപ്പുറം ജില്ലകളിലൂടെ ഒഴുകുന്ന കേരളത്തിലെ പ്രധാനപ്പെട്ട നദികളിലൊന്നായ ഭാരതപ്പുഴയുടെ അഞ്ച് പോഷകനദികളിൽ രണ്ടാമത്തേതാണ് ഗായത്രിപുഴ.

ഗായത്രിപുഴയുടെ പോഷകനദിയായ മംഗലപ്പുഴ പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതി മലനിരകളിൽ നിന്നും ഉത്ഭവിച്ച് വടക്കഞ്ചേരി, കണ്ണമ്പ്ര, പുതുക്കോട് തുടങ്ങിയ സ്ഥലങ്ങളിലൂടെ 24 കി.മീ. ഓളം ഒഴുകിയ ശേഷം തൃശൂർ, പാലക്കാട് ജില്ലകളുടെ അതിർത്തിയായ പ്ലാഴിയിൽ വച്ച് ഗായത്രിപുഴയിൽ ചേരുന്നു.

ഭാരതപ്പുഴ വെറും ഒരു പുഴയല്ല, മറിച്ച് പാലക്കാടിന്റെ സാംസ്കാരിക വൈവിധ്യങ്ങളുടെ സംഗമഭൂമി കൂടിയാണ്. സാംസ്കാരിക പൈതൃകത്തെ പ്രതിനിധാനം ചെയ്യുന്നതോടൊപ്പം വ്യത്യസ്ത ഭൗതികവ്യവസ്ഥകൾക്ക് അനുയോജ്യമായ കാർഷിക രീതികൾ വാർത്തെടുക്കുന്നതിനും ഭാരതപ്പുഴയുടെ മറ്റ് എല്ലാ പോഷകനദികളും ഗുരുതര പാരിസ്ഥിതിക ചൂഷണങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ പൈതൃകനദിയായ ഭാരതപ്പുഴയുടെ സംരക്ഷണവും സുസ്ഥിരതയും ലക്ഷ്യമാക്കിക്കൊണ്ട് പോഷകനദികളുടെ



പുനരുജ്ജീവനവും അനിവാര്യമാണ് എന്ന അടിസ്ഥാനത്തിലാണ് മംഗലപ്പുഴയുടെ പുനരുജ്ജീവനം എന്ന പദ്ധതിക്ക് രൂപംകൊടുത്തത്.

## ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ

| | |
|---|---|
| പുഴയുടെ നീളം | : 23.6 കി.മീ. |
| ഉൾപ്പെടുന്നഗ്രാമപഞ്ചായത്ത് | : വടക്കഞ്ചേരി, കന്നപ്ര, കാവശ്ശേരി, പുതുക്കോട്, മേലാർക്കോട്, ആലത്തൂർ |
| നദീതട വിസ്തൃതി | : 43576 ഹെക്ടർ |
| ചെറുനീർത്തടങ്ങളുടെ എണ്ണം | : 30 |
| നദീതടത്തിൽ ഉൾപ്പെടുന്ന കുളങ്ങളുടെ എണ്ണം | : 751 |
| തടയണകൾ | : 7 |
| ഭൂവിനിയോഗത്തിലെ വ്യതിയാനം | : 2006ലെയും 2013ലെയും ഭൂവിനിയോഗത്തിന്റെ താരതമ്യത്തിന്റെ ജലാശയങ്ങൾക്ക് 11 %ത്തോളം കുറവ് സംഭവിച്ചതായി കാണപ്പെടുന്നു. |

## പശ്ചാത്തലം

ഭാരതപ്പുഴയുടെ കൈവഴികളിലൊന്നായ ഗായത്രിപുഴയുടെ പ്രധാനസ്രോതസ്സായ മംഗലംപുഴ വർധിച്ചുവന്ന മാലിന്യനിക്ഷേപത്താൽ മലിനമാക്കപ്പെട്ടു. കുന്നു

കുന്നുകൂടിയ മാലിന്യനിക്ഷേപത്താലും അനധികൃതമായ കയ്യേറ്റങ്ങളാലും പുഴയുടെ ഒഴുക്ക് നല്ല തോതിൽ തടസ്സപ്പെട്ടു. ശബരിമല തീർത്ഥാടനസമയത്ത് ഈപ്രദേശം ക്യാമ്പ് കേന്ദ്രമായതിനാൽ ഏറെ മാലിന്യം നിറഞ്ഞും പുഴ മലിനമാക്കപ്പെടാറുണ്ട്. മഴക്കാലത്ത് മംഗലംപുഴ നിറഞ്ഞ് ഒഴുകാറുണ്ടെങ്കിലും ഒഴുകുന്നത് മലിനജലമായിരുന്നു. പുഴ മലിനപ്പെട്ടതോടെ സമീപ പ്രദേശത്തെ കിണറുകളിലെ ജലവും മലിനപ്പെടുന്ന അവസ്ഥയുണ്ടായി. ഈ അവസരത്തിൽ പുഴയുടെ ശുചീകരണവും പുനരുജ്ജീവനും അനിവാര്യമാണെന്ന് ബോധ്യപ്പെടുകയും ഹരിതകേരളം മിഷന്റെയും പഞ്ചായത്തിന്റെയും നേതൃത്വത്തിൽ സംരക്ഷണ പ്രവർത്തനങ്ങൾ ആരംഭിച്ചു.



കൂടിയ മാലിന്യനിക്ഷേപത്താലും അനധികൃതമായ കയ്യേറ്റങ്ങളാലും പുഴയുടെ ഒഴുക്ക് നല്ല തോതിൽ തടസ്സപ്പെട്ടു. ശബരിമല തീർത്ഥാടനസമയത്ത് ഈപ്രദേശം ക്യാമ്പ് കേന്ദ്രമായതിനാൽ ഏറെ മാലിന്യം നിറഞ്ഞും പുഴ മലിനമാക്കപ്പെടാറുണ്ട്. മഴക്കാലത്ത് മംഗലംപുഴ നിറഞ്ഞ് ഒഴുകാറുണ്ടെങ്കിലും ഒഴുകുന്നത് മലിനജലമായിരുന്നു. പുഴ മലിനപ്പെട്ടതോടെ സമീപപ്രദേശത്തെ കിണറുകളിലെ ജലവും മലിനപ്പെടുന്ന അവസ്ഥയുണ്ടായി. ഈ അവസരത്തിൽ പുഴയുടെ ശുചീകരണവും പുനരുജ്ജീവനവും അനിവാര്യമാണെന്ന് ബോധ്യപ്പെടുകയും ഹരിതകേരളം മിഷന്റെയും പഞ്ചായത്തിന്റെയും നേതൃത്വത്തിൽ സംരക്ഷണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.

## പ്രവർത്തനങ്ങൾ

മംഗലപ്പുഴയുടെ പുനരുജ്ജീവനത്തിനായി ഹരിതകേരള മിഷനും പഞ്ചായത്തും സംയുക്തമായി നടത്തിയ പ്രവർത്തനങ്ങൾ.

### വടക്കഞ്ചേരി പഞ്ചായത്ത്

ആലത്തൂർ കാവത്തുകുളം മുതൽ കട്ടമുച്ചി വരെ ഏതാണ്ട് 11 ഏക്കർ പുഴയോരം വൃത്തിയാക്കി. മാലിന്യം കുന്നുകൂടിയ പുഴയോരത്ത് എട്ട് ഏക്കർ സ്ഥലം പൂർണമായും ശുചീകരിച്ചു. എട്ടുമുതൽ പത്ത് മീറ്റർ വരെ പുഴതീരം വൃത്തിയാക്കുകയും മുളകളും കാനാച്ചെടികളും മറ്റു പുഴയോര വൃക്ഷങ്ങളും വച്ചുപിടിപ്പിച്ചു. പുഴയോരത്ത് കയ്യേറിയ എട്ട് ഏക്കർ സ്ഥലം തിരിച്ചുപിടിക്കാൻ സാധിച്ചു. പഞ്ചായത്തിൽ വരുന്ന എട്ട് കി.മീ. തീരം ഭരണസമിതി അംഗങ്ങൾ, ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ എന്നിവരുടെ നേതൃത്വത്തിൽ ശുചീകരിച്ചു. ദേശീയ തൊഴിലുറപ്പു പദ്ധതിയിലെ തൊഴിലാളികൾ ഉൾപ്പെടെ 106 പ്രവർത്തകർ വൃക്ഷവൽക്കരണത്തിൽ പങ്കെടുത്തു.

### കണ്ണമ്പ്ര പഞ്ചായത്ത്

തൊഴിലുറപ്പ് പദ്ധതിയിലെ 89 പേർ കൊളയക്കാട് പ്രദേശത്ത് തീരസംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. 5.5 ഏക്കർ സ്ഥലം പുഴയുടേതായി കണ്ടെത്താനും ആ പ്രദേശത്ത് സവിശേഷതകൾക്കനുസരിച്ച് അനുസൃതമായ മുളയിനങ്ങളും വൃക്ഷങ്ങളും വച്ചുപിടിപ്പിക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കി.

## ഗുണഫലങ്ങൾ

അടിഞ്ഞുകൂടിയ മാലിന്യം നീക്കം ചെയ്ത് ജലത്തിന്റെ നീരൊഴുക്ക് സുഗമമാക്കുകയും പുഴ ശുചീകരണം സാധ്യമാക്കുകയും ചെയ്തു. സമീപപ്രദേശങ്ങളിലെ കിണറുകളിലെ ജലത്തിന്റെ ഗുണനിലവാരം ഉയർത്താൻ സാധിച്ചു. കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് ഒരു പരിധിവരെ പുഴയുടെ തീരം തിരിച്ചുപിടിക്കാൻ സാധിച്ചു.

ഹരിതകേരളം മിഷന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് പുഴയോരത്ത് നട്ടുപിടിപ്പിച്ച കാനച്ചെടികളും മുളംതൈകളും വേരുപിടിക്കുകയും ആ പ്രദേശങ്ങൾ ഇന്ന് പഞ്ചായത്തിന്റെ സായാഹ്ന ഉദ്യാനമായി മാറുകയും ചെയ്തു.

## ഭാവിപ്രവർത്തനങ്ങൾ

അധിക കുടിവെള്ളം സംഭരണം
കൃഷി
മാലിന്യ മൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾ കുറയ്ക്കൽ
വേനൽക്കാല നീരൊഴുക്ക് നിലനിർത്തൽ

# മുട്ടിച്ചിറ നീർത്തട പരിപാലനവും വികസനവും

കേരളത്തനിമയുടെയും സംസ്കാരത്തിന്റെയും പ്രതീകമായ ഭാരതപ്പുഴ നദിയുടെ പോഷകനദിയായ കൽപ്പാത്തിപ്പുഴയുടെ നീർത്തടത്തിൽപ്പെട്ട ഒരു ചെറു നീർത്തടമാണ് മുട്ടിച്ചിറ നീർത്തടം. മലമ്പുഴ ഡാമിന് സമീപം സ്ഥിതിചെയ്യുന്ന കോമ്പാച്ചി മലകളാൽ അതിരിൽപെട്ടതാണ് ഈ നീർത്തടത്തിലൂടെ ഒഴുകുന്ന ചീക്കുഴി തോട്. ഇത് അയൽ നീർത്തടത്തിൽ നിന്നുത്ഭവിക്കുന്ന പ്ലാക്കട്ടമ്പള്ളി തോടുമായി സംഗമിച്ച് കൽപ്പാത്തിപ്പുഴയിൽ ചെന്നുചേരുന്നു. ചീക്കുഴി തോട് അതുൾപ്പെട്ട നീർത്തടത്തിലെ ആവാസ വ്യവസ്ഥയെയും അവിടെയുള്ള ജനങ്ങളെയും സ്വാധീനിക്കുന്ന പ്രധാനപ്പെട്ട ജലസ്രോതസ്സാണ്.

## ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ

വേനൽക്കാലത്ത് നീരൊഴുക്ക് വളരെ കുറവും മഴക്കാലത്ത് പെട്ടെന്ന് വെള്ളം ഒഴുകിപ്പോകുന്ന സ്ഥിതിയും നിലനിന്നിരുന്നു. സമീപത്തുള്ള പ്രധാന ജലസ്രോതസ്സ് മലമ്പുഴ പദ്ധതിയുടെ വലതുകര കനാലാണ്. ഈ നീർത്തടത്തിൽ രണ്ട് കുളങ്ങളുണ്ട്.

*തോടിന്റെ നീളം*
**6 കി.മീ**
*നീർത്തട വിസ്തീർണ്ണം*
**860 ഹെക്ടർ**
*ഉൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനം*
**അകത്തേത്തറ പഞ്ചായത്ത്**

അകത്തേത്തറ പഞ്ചായത്തിലെ ചീക്കുഴി പ്രദേശത്തെ ഭൂരിഭാഗം ജനങ്ങളും കാർഷിക വൃത്തിയെ ആശ്രയിച്ച് ജീവിക്കുന്നവരാണ്. കോമ്പാച്ചിമലയിലെ മരങ്ങളെല്ലാം വെട്ടി നശിപ്പിച്ചതുമൂലം മല നഗ്നമായപ്പോൾ മഴക്കാലത്ത് പെയ്തുവീഴുന്ന വെള്ളം ചീക്കുഴി തോട്ടിലൂടെ അതിവേഗം ഒഴുകിപ്പോകുന്ന സ്ഥിതിയുണ്ടായി. ഈ പ്രദേശം അതിരൂക്ഷമായ വരൾച്ചയിൽ അമരുന്നതിന് ഇത് കാരണമാകുന്നു. കുടിക്കുന്നതിനും കുളിക്കുന്നതിനും തോട്ടിലെ അല്പമാത്രമായ ജലത്തെയാണ് ജനങ്ങൾ ആശ്രയിക്കുന്നത്. മാത്രവുമല്ല ജലദൗർലഭ്യം കാരണം ഒന്നാം വിളക്കുശേഷം ഉയർന്ന ഭാഗങ്ങൾ തരിശിടുന്നു. ഇത് കാരണം ജനങ്ങളുടെ വരുമാനത്തിൽ കുറവുണ്ടാകുന്നു.

ഹരിതകേരളം പദ്ധതിയുടെ ഭാഗമായി നീർത്തട പദ്ധതിയ്ക്ക് രൂപംകൊടുത്തത് അകത്തേത്തറ പഞ്ചായത്താണ്. നീർമറിയിൽ നിന്ന് താഴേക്ക് എന്ന സമീപനത്തിന്റെ അടിസ്ഥാനത്തിലാണ് മണ്ണ്– ജലംസംരക്ഷണ പ്രവർത്തനങ്ങൾ ആരംഭിച്ചത്. നീർത്തടത്തിന്റെ ഏറ്റവും ഉയർന്ന ഭാഗം നിക്ഷിപ്ത വനം ആയതുകൊണ്ട് അവിടെ പ്രവർത്തനം നടത്തിയിട്ടില്ല. ആയതിനാൽ ഇതിന്റെ തൊട്ടു താഴെയുള്ള സ്വകാര്യ ഭൂമിയാണ് ഇതിനായി തിരഞ്ഞെടുത്തത്. ഓരോ പറമ്പിലും നടത്തേണ്ട ഇടപെടൽ



നടത്തി അടുത്തതിലേയ്ക്ക് എന്ന സമീപനമാണ് അവലംബിച്ചത്.

പ്രവർത്തികളുടെ ഭാഗമായി തെങ്ങിന്റെ തടിയിൽ നിന്നും ഒരു മീറ്റർ വിട്ട് അര മീറ്റർ ആഴത്തിൽ കുഴിയെടുത്താണ് തടം നിർമ്മിച്ചത്. ഈ കുഴിയിൽ ചകിരിത്തൊണ്ട് നിറച്ചാണ് പുതയിടുന്നത്. ഓരോ തെങ്ങിന്റെ ചുവട്ടിലും 1300 മീറ്റർ വെള്ളം ഓരോ മഴയ്ക്കും ഇങ്ങനെ സംഭരിക്കാൻ കഴിഞ്ഞു. ഇത് ഭൂമിയിലേയ്ക്ക് സംഭരിക്കപ്പെടുന്നു. 1.2 മീറ്റർ നീളത്തിലും 0.6 മീറ്റർ ആഴത്തിലും മഴക്കുഴികൾ നിർമ്മിച്ചതിലൂടെ വെള്ളത്തിന്റെ ഒഴുക്ക് തടഞ്ഞ് നിർത്തി ഭൂഗർഭജലവിതാനം കൂട്ടാനും സാധിച്ചു. മഴക്കാലത്ത് വരമ്പ് മറിഞ്ഞ് വെള്ളം ഒഴുകുന്നതുമൂലമുള്ള പ്രശ്നം പരിഹരിക്കുന്നതിന് ഒരു മീറ്റർ നീളത്തിലും 0.5 മീ. വീതിയിലും 0.5 മീറ്റർ ഉയരത്തിലും ബണ്ടുകൾ നിർമ്മിച്ചു. തോട് പൊട്ടി വെള്ളം പാടത്തിലേയ്ക്ക് കയറാതിരിക്കാൻ കയർ ബോർഡ് വിതരണം ചെയ്ത ഭൂവസ്ത്രം ഉപയോഗിച്ച് ബണ്ടുകൾ പൊതിയുകയും മുളയാണി കൊണ്ട് ഉറപ്പിക്കുകയും ചെയ്തു. എല്ലാ വീടുകളിലും പച്ചക്കറി വിത്തുകൾ വിതരണം ചെയ്യുകയും ഫലവൃക്ഷത്തൈകൾ നൽകുകയും ജൈവകൃഷി പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

ഇത്തരം പ്രവൃത്തികളിലൂടെ മഴവെള്ളം പാടത്ത് തന്നെ താഴുകയും ഭൂഗർഭ ജലനിരപ്പ് ഉയരുകയും ചെയ്തതോടെ തരിശു കിടന്നിരുന്ന പാടങ്ങളിൽ കൃഷി ആരംഭിച്ചു. കുടിവെള്ള ലഭ്യതയും ഇതോടൊപ്പം വർദ്ധിച്ചു. ബണ്ട് പൊട്ടി തോട്ടിൽനിന്ന് വെള്ളം പാടത്തേയ്ക്ക്

എല്ലാ വീടുകളിലും ഫലവൃക്ഷത്തൈകൾ വളരുന്നു. ശാസ്ത്രീയമായ നീർത്തട പരിപാലനത്തിലൂടെ ഒരു പ്രദേശത്തിന്റെ ജലമേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുകയും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുകയും ചെയ്തതാണ് മുട്ടിച്ചിറ നീർത്തട പരിപാലനത്തിന്റെ വിജയം.

മറിയുന്നത് തടയാൻ സാധിച്ചതുവഴി കാർഷികോത്പാദന നഷ്ടം കുറയ്ക്കുവാൻ സാധിച്ചു. പച്ചക്കറി ഉല്പാദനം വർദ്ധിച്ചു. എല്ലാ വീടുകളിലും ഫലവൃക്ഷത്തൈകൾ വളരുന്നു. ശാസ്ത്രീയമായ നീർത്തട പരിപാലനത്തിലൂടെ ഒരു പ്രദേശത്തിന്റെ ജലമേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുകയും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുകയും ചെയ്തതാണ് മുട്ടിച്ചിറ നീർത്തട പരിപാലനത്തിന്റെ വിജയം.

# കെ.എ.പി ബറ്റാലിയൻ – ജലസംരക്ഷണ പ്രവർത്തനങ്ങൾ

തൃശ്ശൂർ കെ.എ.പി. രണ്ടാം ബറ്റാലിയനിൽ വേനൽക്കാലത്ത് ബറ്റാലിയനിലെ സേനാംഗങ്ങൾക്ക് കുളിക്കുന്നതിനും, അലക്കുന്നതിനും ടാങ്കർ ലോറികളിലാണ് വെള്ളം കൊണ്ടുവന്നിരുന്നത്. വേനൽക്കാലത്ത് അതിരൂക്ഷമായ കുടിവെള്ള ക്ഷാമമാണ് ക്യാമ്പിൽ അനുഭവപ്പെടുന്നത്. ഓഫീസർമാർ അടക്കം 750 ഓളം സേനാംഗങ്ങളും 70ഓളം ഫാമിലി ക്വാർട്ടേഴ്സിലെ ആളുകളും താമസിച്ചു വരുന്ന ക്യാമ്പിലെ ജലക്ഷാമം പരിഹരിക്കുന്നതിന് ബറ്റാലിയനിലെ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ നിന്നും ഒഴുകി പാഴായി പോകുന്നതും ഭൂമിയിലൂടെ ഒഴുകിപോകുന്നതും ആയ ലക്ഷക്കണക്കിനു ലിറ്റർ മഴവെള്ളം സംഭരിച്ച് ശുദ്ധീകരിച്ച് ഉപയോഗിക്കുന്നതിന് ഉള്ള സംരംഭം നടത്തിയിട്ടുണ്ട്.

എച്ച്.ക്യൂ. കമ്പനിയുടെ മെസ്സ് കെട്ടിടത്തിന് മുകളിൽ വീഴുന്ന മഴവെള്ളം സംഭരിച്ച് 1000 ലിറ്ററിന്റെ സിന്റെക്സ് ടാങ്കിൽ ശേഖരിച്ച് ആയത് ചാർക്കോൾ, ജിയോടെക്സ്റ്റയിൽ, ബേബി മെറ്റൽ എന്നീ മാധ്യമങ്ങളിലൂടെ കടത്തിവിട്ട്, ശുദ്ധീകരിച്ച് എച്ച്.ക്യൂ. മെസ്സിൽ ഉപയോഗിച്ചു വരുന്നു. പോലീസ് സേനാംഗങ്ങൾ അലക്കുകയും കുളിക്കുകയും ചെയ്യുന്ന കോമൺ ബാത്ത് ഏരിയയിലെ ബിൽഡിംഗിന് മുകളിൽ വീഴുന്ന മഴവെള്ളം സംഭരിച്ച് രണ്ട്

സിന്റെക്സ് ടാങ്കുകളിലൂടെ കടത്തിവിട്ട് ശുദ്ധീകരിച്ച് ഈ വെള്ളം ഗ്രൗണ്ട് ടാങ്കിൽ ശേഖരിച്ച് അലക്കുന്നതിനും കുളിക്കുന്നതിനുമായി ഉപയോഗിക്കുന്നു. ബറ്റാലിയനിലെ 4 കമ്പനി ബാരക്കുകളിലെയും ബറ്റാലിയൻ സ്റ്റോർ, ജിംനേഷ്യം തുടങ്ങിയ ഏകദേശം 10000 സ്ക്വയർഫീറ്റ് സ്ഥലങ്ങളിലെ കെട്ടിടത്തിന്റെ പുറത്ത് വീഴുന്ന മഴവെള്ളം ശേഖരിച്ച് ശുദ്ധീകരിച്ച് കോമൺബാത്ത് ഏരിയയ്ക്കടുത്തുള്ള ഓപ്പൺ കിണർ പുതുതായി നിർമ്മിച്ച കുളം എന്നിവ റീചാർജ്ജ് ചെയ്യുന്നതിനായി സംവിധാനം ചെയ്തിരിക്കുന്നു. ഓപ്പൺ കിണറിലെ ജലം സേനാംഗങ്ങൾ കുളിക്കുന്നതിനും അലക്കുന്നതിനുമായി ഉപയോഗിക്കുന്നു.

ഡ്യൂട്ടി ഓഫീസ് കെട്ടിടത്തിന് മുകളിലുള്ള ഏകദേശം 4500 സ്ക്വയർ ഫീറ്റുള്ള റൂഫിൽ വീഴുന്ന മഴവെള്ളം സംഭരിച്ച് ശുദ്ധീകരിച്ച് മേൽപ്പടി കെട്ടിടത്തിന് സമീപത്തുള്ള കിണർ റീചാർജ്ജ് ചെയ്യുന്നതിന് ഈ കിണറിലെ ജലം ബറ്റാലിയൻ ട്രാൻസ്പോർട്ട് വിംഗിന്റെ ഉപയോഗത്തിനായി സംവിധാനം ചെയ്തിരിക്കുന്നു. മുമ്പ് ബി.ടി.ഒ. ഗാരേജിൽ വാഹനങ്ങൾ കഴുകുന്നതിന് കുഴൽകിണറിലെ കുടിവെള്ളം ആണ് ഉപയോഗിച്ചിരുന്നത്. ഇപ്പോൾ മഴവെള്ളം ശേഖരിച്ച് വാഹനം കഴുകുന്നത് മൂലം കുഴൽകിണറിലെ കുടിവെള്ളം ഉപയോഗിക്കേണ്ടതായി വരുന്നില്ല. ഏകദേശം 2000 സ്ക്വയർഫീറ്റ് വരുന്ന ബറ്റാലിയനിലെ പരേഡ് ഗ്രൗണ്ടിലെ പവലിയൻ കെട്ടിടത്തിന് മുകളിൽ വീ

ഭൂമിയിലൂടെ ഒഴുകി പാഴായി പോകുന്ന ജലം സംഭരിച്ച് നിർത്തുന്നതിനും ബറ്റാലിയന്റെ അതിർത്തി പ്രദേശങ്ങളിൽ 6 അടി നീളവും 2 അടി വീതിയും 2 അടി ആഴവുമുള്ള 1100 മഴക്കുഴികൾ പഞ്ചായത്തിന്റെ തൊഴിലുറപ്പ് പദ്ധതിക്കാരെ ഉൾപ്പെടുത്തി നിർമ്മിച്ചിട്ടുണ്ട്. ഇങ്ങനെ മഴവെള്ളം ശേഖരിക്കുന്നതു കാരണം കിണറുകളിലെയും ഭൂമിയിലെയും ജലനിരപ്പ് ഉയർത്താൻ സാധിക്കുന്നു. ഇതുമൂലം വരും വർഷങ്ങളിൽ ക്യാമ്പ് ജലസമ്പന്നമാക്കാൻ കഴിയും.





ഴുന്ന മഴവെള്ളം പി.വി.സി. പാത്തികൾ ഉപയോഗിച്ച് ശേഖരിച്ച് ശുദ്ധീകരിച്ച് ഗ്രൗണ്ടിന്റെ പടിഞ്ഞാറെ മൂലയിലുള്ള കുളത്തിൽ ശേഖരിക്കുന്നു. ആയത് കോമൺബാത്ത് ഏരിയയിലെ ഗ്രൗണ്ട് ടാങ്കിൽ പമ്പ് ചെയ്ത് സേനാംഗങ്ങൾ കുളിക്കുന്നതിനും അലക്കുന്നതിനുമുള്ള ക്രമീകരണങ്ങൾ ചെയ്തുവരുന്നു. ബറ്റാലിയനിലെ ഭൂമിയിലൂടെ പാഴായി പോകുന്ന ജലം സംഭരിച്ച് ഉപയോഗിക്കുന്നതിനായി 9 മീറ്റർ നീളവും 9 മീറ്റർ വീതിയും 4.5 മീറ്റർ ആഴവുമുള്ള കുളം തൊഴിലുറപ്പ് തൊഴിലാളികളെ ഉപയോഗിച്ച് നിർമ്മിച്ചിട്ടുണ്ട്. 14 മീറ്റർ നീളവും 9 മീറ്റർ വീതിയും 4.5 മീറ്റർ ആഴവുമുള്ള ഒരു കുളം കോമൺബാത്ത് ഏരിയയ്ക്ക് സമീപത്തും 12.5 മീറ്റർ നീളവും 7 മീറ്റർ വീതിയും 4.5 മീറ്റർ ആഴവുമുള്ള ഒരു കുളം ബറ്റാലിയനിലെ ക്വാർട്ടേഴ്സുകളുടെ ഭാഗത്തുമായി പഞ്ചായത്ത് തൊഴിലുറപ്പ് ജോലിക്കാരെ ഉപയോഗിച്ച് നിർമ്മിച്ചിട്ടുണ്ട്. ഈ നാലു കുളങ്ങളിലായി ഏകദേശം 18 ലക്ഷത്തോളം ലിറ്റർ വെള്ളം സംഭരിച്ച് സൂക്ഷിക്കുന്നതിന് പര്യാപ്തമാണ്. ഭൂമിയിലൂടെ ഒഴുകി പാഴായി പോകുന്ന ജലം സംഭരിച്ച് നിർത്തുന്നതിനും ബറ്റാലിയന്റെ അതിർത്തി പ്രദേശങ്ങളിൽ 6 അടി നീളവും 2 അടി വീതിയും 2 അടി ആഴവുമുള്ള 1100 മഴക്കുഴികൾ പഞ്ചായത്തിന്റെ തൊഴിലുറപ്പ് പദ്ധതിക്കാരെ ഉൾപ്പെടുത്തി നിർമ്മിച്ചിട്ടുണ്ട്. ഇങ്ങനെ മഴവെള്ളം ശേഖരിക്കുന്നതു കാരണം കിണറുകളിലെയും ഭൂമയിലെയും ജലനിരപ്പ് ഉയർത്താൻ സാധിക്കുന്നു. ഇതുമൂലം വരും വർഷങ്ങളിൽ ക്യാമ്പ് ജലസമ്പന്നമാക്കാൻ കഴിയും.

# ജലായനം – നല്ല ജലം നാളെയ്ക്കായ്

ജലസംരക്ഷണ ബോധവത്കരണാർഥം എൻഎസ്എസ് യൂണിറ്റുകൾ ഏറ്റെടുത്ത് നടത്തുന്ന പദ്ധതിയാണ് ഇത്. 8000ത്തോളമുള്ള കുളങ്ങൾ ഇന്ന് പാലക്കാടുണ്ട്. നാൾക്കുനാൾ അവയുടെ എണ്ണം കുറഞ്ഞുവരുന്നു. നിലവിലെ കുളങ്ങൾ ഉപയോഗശൂന്യമായിരിക്കൊണ്ടിരിക്കുന്നു. പാലക്കാടിലെ പ്രത്യേകിച്ചും കാർഷിക മേഖലയ്ക്കും കുടിവെള്ളത്തിനും ആധാരമായ കുളങ്ങളുടെ സംരക്ഷണത്തിലൂടെ മാത്രമേ ഭൂഗർഭ ജലത്തിന്റെ അളവ് വർധിപ്പിക്കാനാവൂ എന്ന തിരിച്ചറിവും ഒരു കുളം സംരക്ഷിക്കപ്പെടുന്നതിലൂടെ ചുറ്റുപാടുമുള്ള കിണറുകളുടെ ജലലഭ്യതയുടെ വർധനവ് സാധ്യമാകും എന്നതും ഈ പദ്ധതിയുടെ മൂലകാരണമായി ഇവർ എടുത്തുപറയുന്നു. 20–ഓളം കുളങ്ങളുടെ ശുചീകരണത്തിന് പുറമെ കൊഴിഞ്ഞാമ്പാറ, എരുത്തേമ്പതി പ്രദേശത്തായി 1000 മഴക്കുഴികൾ, പ്രളയശേഷം നാശമായ മൂന്ന് കിണറുകളുടെ ശുചീകരണം, ചിറ്റൂർ ഷോളയൂർ പുഴ നവീകരണ പ്രവർത്തനങ്ങൾ, ഭാരതപ്പുഴ സംരക്ഷണ സൈക്കിൾ റാലി, ജലചർച്ചകൾ, നിരവധി സെമിനാറുകൾ, ശില്പശാലകൾ തുടങ്ങിയവയുമാണ് കഴിഞ്ഞ രണ്ടുവർഷത്തെ ജല സംരക്ഷണ പ്രവർത്തനങ്ങൾ.

ചിറ്റൂർ എൻഎസ്എസ് യൂണിറ്റുകളുടെ സഹവാസ ക്യാമ്പുമായി ബന്ധപ്പെട്ട് തത്തമംഗലത്തെ മന്നത്തുകാവ്



വരുംമാസങ്ങളിൽ ജലസംരക്ഷണം വിഷയമാക്കി ഒരു സഹവാസക്യാമ്പ്, വരുന്ന വരൾച്ച രൂക്ഷമാകുന്ന മാസങ്ങളിൽ പാലക്കാട്ടെ വിവിധ പ്രദേശങ്ങൾ ലക്ഷ്യമാക്കിയുള്ള ജല സംരക്ഷണ ബോധവത്കരണക്യാമ്പുകൾ, മറ്റുള്ള ഏജൻസികളുടെ സഹകരണത്തോടുകൂടിയുള്ള കുളങ്ങളുടെ ശുചീകരണം എന്നിവ ഈ ദൗത്യസംഘത്തിന്റെ വരുംകാല പദ്ധതികളിൽപ്പെടുന്നു. ഓരോ കുളം ശുചീകരിക്കുമ്പോഴും നാളേയ്ക്ക് ഒരു കുമ്പിൾ ജലം കരുതിവയ്ക്കുന്ന അനുഭൂതിയാണ് മനസ്സിൽ തോന്നാറുള്ളത് എന്ന് പദ്ധതിക്ക് നേതൃത്വം നൽകിയ വിദ്യാർഥികൾ പറയുന്നു.

കുളമാണ് ആദ്യമായി ശുചീകരിച്ചത്. തുടർന്ന് മഴയുടെ ലഭ്യത വർഷംതോറും കുറയുന്നതിൽ ആകുലരായാണ് നിലവിലെ കുളങ്ങളുടെ സംരക്ഷണമാണ് പാലക്കാടിന്റെ നിലനിൽപ്പിന് ആധാരം എന്നുമനസ്സിലാക്കി. പാലക്കാടിന്റെ വിവിധ ഭാഗങ്ങളിൽ കുളശുചീകരണം ഏറ്റെടുത്തു. യൂണിറ്റുകളുടെ ദത്തുഗ്രാമമായ പട്ടഞ്ചേരി പഞ്ചായത്തിലെ ഹൈസ്കൂൾ കുളം, ചോറക്കോട് കുളം, കിട്ടുമാൻ കോവിൽ ക്ഷേത്രക്കുളം, എലമാന്നം കുളം, പിരായിരിയിലെ കുന്നംകുളം, പാലക്കാട് വടക്കന്താക്കുളം, തേങ്കുറിശ്ശിയിലെ വാക്കുളം, കൊട്ടക്കുളം, കരിപ്പാൻകുളം, കാക്കുളം, തായങ്കാവ് കുളം, മന്ദത്തുകുളം, ചിറ്റൂർ അണ്ടീക്കോട് ചാമപ്പറമ്പുകളും, കരിപ്പോട് വടക്കേത്തറക്കുളം, കുളക്കാടിക്കുളം, കോട്ടായി നാരകപ്പറമ്പുകുളം, കോട്ടായി അയ്യൻകുളം, പട്ടഞ്ചേരി നന്ദിയോട്കുളം, മേട്ടുപാളയം ഗുരുസ്വാമിയാർ മഠം കുളം, ചെട്ടിയാർച്ചള്ള കുളം, കൂടാതെ പുനർനിർമാണം നടത്തിയ പട്ടഞ്ചേരി നന്ദിയോട് ചെട്ടിയാർച്ചള്ളയിലെ മറ്റൊരുകുളം തുടങ്ങി പാലക്കാട്ടെ ഇരുപതോളം പൊതുകുളങ്ങളുടെ ശുചീകരണം പൊതുസമൂഹത്തിന് തന്നെ മാതൃകയാണ്.



ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ നേരിട്ട വെല്ലുവിളികളും അനുഭവങ്ങളും നിരവധിയാണ്. നാട്ടുകാർ നൽകുന്ന സഹകരണവുമായി ബന്ധപ്പെട്ടാണ് വിദ്യാർഥികൾക്ക് പറയാനുള്ള കൂടുതൽ അനുഭവങ്ങൾ. ചില സ്ഥലങ്ങളിൽ ചെല്ലുമ്പോൾ നാട്ടുകാർതന്നെ മുന്നിൽനിന്നും നയിച്ച സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. ചിലയിടത്ത് ശുചീകരണ പ്രവർത്തനങ്ങൾ തടഞ്ഞ നാട്ടുകാർപോലും ഉണ്ടായതായി എൻഎസ്എസ് വിദ്യാർഥികൾ ഓർത്തെടുക്കുന്നു. എങ്കിലും നാടിന്റെ ഭാവി മുന്നിൽക്കണ്ട് തങ്ങളുടെ പ്രവർത്തനങ്ങൾ തുടരുമെന്ന് ആത്മവിശ്വാസത്തോടെ ആ കുട്ടികൾ പറയുന്നു.

ഓരോ വർഷവും മാറിമാറി വരുന്ന എൻഎസ്എസ് വളണ്ടിയർമാർക്ക് ജലസംരക്ഷണ പ്രവർത്തനത്തിന്റെ പ്രാധാന്യം എത്തിക്കാൻ ചിറ്റൂർ കോളജ് എൻഎസ്എസ് പ്രോഗ്രാം ഓഫീസർമാരായ കെ. പ്രദീഷ്, സി. ജയന്തി എന്നും ശ്രദ്ധിക്കാറുണ്ടായിരുന്നു. കൂടാതെ പരിസ്ഥിതി പ്രവർത്തകരുടെ പ്രോത്സാഹനവും ഇടയ്ക്കിടെ ലഭിക്കുന്നതും പ്രചോദനമായി. ഓരോ ജലാശയങ്ങളും തങ്ങളുടെ പൂർവികസ്വത്താണെന്നും അത് നശിക്കാതെയും നശിപ്പിക്കാതെയും നോക്കേണ്ടത് ഓരോ വ്യക്തിയുടെയും കർത്തവ്യമാണെന്നുമുള്ളത് ഈ അധ്യാപകർ തങ്ങളുടെ വളണ്ടിയർമാർക്ക് ചിന്തയിലൂന്നിയ പ്രവർത്തനത്തിലൂടെ പറഞ്ഞുകൊടുക്കുകയും ചെയ്യുന്നു.

പാലക്കാടിന്റെ നീരുറവകൾ കുളങ്ങളാണെന്നുള്ള തിരിച്ചറിവിലൂടെ തന്നെ മുന്നേറാനാണ് നിലവിലെ ഈ 100 അംഗ സംഘത്തിന്റെ ഉറച്ച തീരുമാനം. അതിനായി ഇവർ ഒരുങ്ങിക്കഴിഞ്ഞു. വരുംമാസങ്ങളിൽ ജലസംരക്ഷണം വിഷയമാക്കി ഒരു സഹവാസക്യാമ്പ്, വരുന്ന വരൾച്ച രൂക്ഷമാകുന്ന മാസങ്ങളിൽ പാലക്കാട്ടെ വിവിധ പ്രദേശങ്ങൾ ലക്ഷ്യമാക്കിയുള്ള ജലസംരക്ഷണ ബോധവത്കരണ ക്യാമ്പുകൾ, മറ്റുള്ള ഏജൻസികളുടെ സഹകരണത്തോടുകൂടിയുള്ള കുളങ്ങളുടെ ശുചീകരണം എന്നിവ ഈ ദൗത്യസംഘത്തിന്റെ വരുംകാല പദ്ധതികളിൽപ്പെടുന്നു. ഓരോ കുളം ശുചീകരിക്കുമ്പോഴും നാളേയ്ക്ക് ഒരു കുമ്പിൾ ജലം കരുതിവയ്ക്കുന്ന അനുഭൂതിയാണ് മനസ്സിൽ തോന്നാറുള്ളത് എന്ന് പദ്ധതിക്ക് നേതൃത്വം നൽകിയ വിദ്യാർഥികൾ പറയുന്നു.

# വലിയ തോട്

## ജല സംരക്ഷണ യജ്ഞം

മലപ്പുറം നഗരസഭയിലെ 2, 3, 4, 5, 6, 17, 18, 23 വാർഡുകളിലൂടെ 8 കിലോമീറ്റർ നീളത്തിൽ ഒഴുകി 23-ാം വാർഡിലെ ഹാജിയാർ പള്ളിയിൽ വെച്ച് കടലുണ്ടി പുഴയിൽ ചേരുന്ന വലിയ തോട് സമീപത്തെ വീടുകളിൽ നിന്നും കച്ചവട സ്ഥാപനങ്ങളിൽ നിന്നും മാലിന്യങ്ങൾ തള്ളി മലിനപ്പെടുത്തി ഉപയോഗ ശൂന്യമാക്കിയിരിക്കുകയായിരുന്നു. ഈ തോട് ഒരു കാലത്ത് തെളിനീർ പോലത്തെ വെള്ളം പൊതു ജനങ്ങൾക്ക് നൽകുകയും കുട്ടികൾ നീന്തൽ പഠിച്ചിരുന്ന സ്ഥലവുമായിരുന്നു. ഇത് പൊതുജന പങ്കാളിത്തത്തോടെ വൃത്തിയാക്കി പഴയ പ്രതാപം വീണ്ടെടുത്തിരിക്കുകയാണ്.

ശുചീകരണ പ്രവർത്തനങ്ങൾക്ക് നഗരസഭ അദ്ധ്യക്ഷ സി. എച്ച്. ജമീല ടീച്ചർ ഉദ്ഘാടനം നിർവ്വഹിച്ചു. അഞ്ച് മേഖലകളാക്കി വിഭജിച്ച് സാങ്കേതിക ആരോഗ്യ വിഭാഗം ജീവനക്കാർക്ക് ഓരോ മേഖലകളുടേയും പ്രത്യേകം മേൽനോട്ട ചുമതല നൽകി. അയ്യങ്കാളി തൊഴിലുറപ്പു പ്രവർത്തകർ, രാഷ്ട്രീയ സാമൂഹിത സന്നദ്ധ സംഘടന, കുടുംബശ്രീ പ്രവർത്തകർ എന്നിവർ ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കാളികളായി. തോടിന് സമീപത്തെ വാണിജ്യ സ്ഥാപനങ്ങൾ, വസതികൾ എന്നിവിടങ്ങളിൽ നിന്ന് തോട്ടിലേക്ക് മലിന ജല കുഴലുകൾ സ്ഥാപിച്ചത് ശ്രദ്ധയിൽപ്പെട്ടതിനെ



തുടർന്ന് മലിന ജല കുഴൽ സ്ഥാപിച്ച സ്ഥാപനങ്ങ ൾക്കും വസതികൾക്കും നഗരസഭ നോട്ടീസ് നൽകി. കൂടാതെ ഈ കുഴലുകൾ നഗരസഭാധികൃതർ നേരിട്ട് അടച്ചു. പ്ലാസ്റ്റിക്കും മറ്റ് അജൈവ മാലിന്യങ്ങളും വലിയ തോട്ടിലേക്ക് വലിച്ചെറിയാതെ സംസ്ക്കരിക്കുന്നതിനായി ഹരിത കർമ്മ സേനയുടെ നേതൃത്വത്തിൽ സമയബന്ധി തമായി വീടുകളിൽ നിന്നും കച്ചവട സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച് എം സി എഫിൽ എത്തിച്ച് തരം തിരി ക്കുകയും പ്ലാസ്റ്റിക്ക് വസ്തുക്കൾ നരഗസഭയിൽ സെക്ര ട്ടറിയുടെ ഓഫീസിനടുത്ത് സ്ഥാപിച്ചിട്ടുള്ള ഷ്രെഡിംഗ് യൂണിറ്റിൽ എത്തിച്ച് പെല്ലറ്റ് രൂപത്തിൽ ആക്കി മാറ്റുന്നു.

ദ്രവമാലിന്യം സംസ്ക്കരിക്കുന്നതിന് ദ്രവമാലിന്യ സംസ്ക്കരണ പ്ലാന്റിന്റെ നിർമ്മാണ പ്രവൃത്തി അവ സാന ഘട്ടത്തിലാണ്.

വലിയ തോടിന്റെ ഇരു കരകളിലും ജൈവ ഭൂവ സ്ത്രം വിരിക്കുകയും നടപ്പാത നിർമ്മാണവും പെഡൽ ബോട്ടിംങ് സംവിധാനവും സമീപ ഭാവിയിൽ ഒരുക്കു ന്നതാണ്.

8 കിലോമീറ്റർ നീളത്തിൽ ഒഴുകി 23-ാം വാർഡിലെ ഹാജിയാർ പള്ളിയിൽ വെച്ച് കടലുണ്ടി പുഴയിൽ ചേരുന്ന വലിയ തോട് സമീപത്തെ വീടുക ളിൽ നിന്നും കച്ചവട സ്ഥാപനങ്ങ ളിൽ നിന്നും മാലിന്യങ്ങൾ തള്ളി മലിനപ്പെടുത്തി ഉപയോഗ ശൂന്യ മാക്കിയിരിക്കുകയായിരുന്നു. ഈ തോട് ഒരു കാലത്ത് തെളി നീർ പോലത്തെ വെള്ളം പൊതു ജനങ്ങൾക്ക് നൽകുകയും കുട്ടി കൾ നീന്തൽ പഠിച്ചിരുന്ന സ്ഥല വുമായിരുന്നു. ഇത് പൊതുജന പങ്കാളിത്തത്വത്തോടെ വൃത്തി യാക്കി പഴയ പ്രതാപം വീണ്ടെടു ത്തിരിക്കുകയാണ്.

# മാറഞ്ചേരി ഗ്രാമപഞ്ചായത്ത്

## പ്രദേശത്തിന്റെ ചരിത്രം

വടക്ക് ബി.എം. കായലും കിഴക്ക് പൊന്നാനി കോൾ പാടങ്ങളും അതിർത്തിയിടുന്ന ഗ്രാമപഞ്ചായത്താണ് മാറഞ്ചേരി.

## ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ

| | |
|---|---|
| വാർഡുകൾ | – 19 |
| പ്രധാന നീർത്തടങ്ങൾ | – കാഞ്ഞിരമുക്ക്, മുല്ലമാട്, കുണ്ടൻകുഴി, മഠത്തിൽ തോട് |
| കുളങ്ങൾ | – 45 |
| കായൽ | – വിയ്യം കായൽ |

വേനൽക്കാലമാകുമ്പോൾ ഉണ്ടാകുന്ന രൂക്ഷമായ വരൾച്ചയും കുടിവെള്ള ക്ഷാമവുമാണ് ഈ ഗ്രാമപഞ്ചായത്ത് നേരിടുന്ന ഏറ്റവും വലിയ പ്രശ്നം.

പുനർജനി പദ്ധതിയിൽക്കൂടി ഇവിടത്തെ പരിസ്ഥിതി പുനഃസ്ഥാപിച്ച് പരിഹാരം കണ്ടിരിക്കുകയാണ് ഈ പ്രദേശവാസികൾ.

ഹരിത കേരളം മിഷന്റേയും മാറഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ സംയുക്തമായ പരിശ്രമമാണ് ഈ ഗ്രാമപഞ്ചായത്തിന്റെ പുനർജനി സഫലീകരിച്ചത്.

ഹരിതകേരളം മിഷൻ



- ഈ ഗ്രാമപഞ്ചായത്ത് എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതി പ്രകാരമാണ് സംരക്ഷണ പ്രവർത്തനങ്ങൾ ചെയ്തത്.
- 19 വാർഡുകളിലായി എം.ജി.എൻ.ആർ.ഇ.ജി.എസ്. തൊഴിലാളികളുടെ സഹകരണത്തോടെ 148 പുതിയ കുളങ്ങൾ നിർമ്മിച്ചു.
- 48,600 ക്യൂബിക് ലിറ്റർ വെള്ളം സംഭരിക്കുവാനും, ഭൂഗർഭ ജല നിരപ്പ് ഉയർത്തിക്കൊണ്ട് വരൾച്ചയുടെ തീവ്രത കുറയ്ക്കുവാനും സാധിച്ചു.
- 48 പഴയ കുളങ്ങൾ നവീകരിച്ചു.
- ജല സംരക്ഷണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിലുള്ള ബി.എം. കായൽ, കുണ്ടുകടവ് പുഴ, തോടുകൾ എന്നിവയുടെ തീരത്ത് പതിനായിരത്തിലധികം



മുളന്തൈകൾ വച്ചുപിടിപ്പിച്ചു. ഇതിലൂടെ ഒഴുക്ക് തടയാൻ സാധിച്ചു.
- കായൽ ജലശുദ്ധീകരണത്തിനായി കുണ്ടുകടവ് പുഴയോരങ്ങളിൽ 1½ കി.മീ. നീളത്തിൽ കണ്ടൽച്ചെടികൾ വച്ചു പിടിപ്പിച്ചു.
- പഞ്ചായത്തിലെ 7.2 കി.മീ. തോടുകൾ താഴ്ത്തി പുനരുജ്ജീവിപ്പിക്കുകയും ഇതുവഴി പ്രധാന നീർത്തടങ്ങൾ സംരക്ഷിക്കപ്പെടുകയും ചെയ്തു.
- ജലസംരക്ഷണത്തിന്റെ ഭാഗമായി പഞ്ചായത്തിലാകെ 62000 മഴക്കുഴികൾ നിർമ്മിച്ചു.
- മാലിന്യസംസ്കരണത്തിന് എല്ലാ ഗവൺമെന്റ് സ്ഥാപനങ്ങൾക്കും മാലിന്യ സംസ്കരണ പ്ലാന്റ് നൽകി.
- ജലം മലിനവിമുക്തമാക്കുന്നതിന്റെ ഭാഗമായി ബയോഗ്യാസ് പ്ലാന്റുകൾ, പൈപ്പ് കമ്പോസ്റ്റുകൾ, ബയോബിൻ എന്നിവ വിതരണം ചെയ്തു.

## ഗുണഫലങ്ങൾ

- കുളങ്ങളുടെ നിർമ്മാണംമൂലം ജലം സംഭരിക്കുവാനും അതിലൂടെ വരൾച്ചയുടെ തീവ്രത കുറയ്ക്കുവാനും സാധിച്ചു.
- കായൽ ശുദ്ധീകരിക്കപ്പെട്ടു
- മഴക്കുഴികളുടെ നിർമ്മാണംമൂലം ജലം സംരക്ഷിച്ച ജല ദൗർലഭ്യത്തിനൊരു അവസാനം ഉണ്ടാക്കാൻ സാധിച്ചു.
- തോടുകൾ കയർ ഭൂവസ്ത്രം വിരിച്ച് സംരക്ഷിക്കപ്പെട്ടു.

# പാറമട ജലസംഭരണി

മലപ്പുറം ബ്ലോക്ക് പഞ്ചായത്തിലെ നിരവധി പ്രദേശങ്ങളിൽ വേനൽക്കാലമാകുന്നതോടെ അതിരൂക്ഷമായി അനുഭവപ്പെടുന്ന അവസ്ഥയുണ്ട്. കൂടാതെ വേനൽക്കാലമാകുന്നതോടെ ജലസ്രോതസ്സുകളിലെ ജലത്തിന്റെ മാലിന്യ തോത് വർദ്ധിക്കുകയും ചെയ്യും. പരമ്പരാഗത ജലസ്രോതസ്സുകളിലെ ജലലഭ്യത ഗണ്യമായി കുറയുന്നതാണ് ഇതിന് കാരണം. ഇതിന് പരിഹാരമായുള്ള ബദൽ മാർഗ്ഗം എന്ന നിലയിലാണ് ഉപേക്ഷിക്കപ്പെട്ട പാറമടയെ ജലസംഭരണിയായി മാറ്റുന്നതിനുള്ള തീരുമാനത്തിൽ ബ്ലോക്ക് പഞ്ചായത്ത് എത്തിച്ചേരുന്നത്.

മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിലെ മയിലാടിയിൽ ഉപേക്ഷിക്കപ്പെട്ട 6 ഏക്കറോളം വിസ്തൃതമായ ഒരു പാറമടയെയാണ് 5 ലക്ഷം ലിറ്റർ ജലം സംഭരിക്കാൻ ശേഷിയുള്ള ജലസ്രോതസ്സായി മാറ്റിയത്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി 9,11,972/- രൂപ മാത്രം ചെലവ് ചെയ്താണ് ഈ പ്രവർത്തനം നടപ്പിലാക്കിയത്. പാറമടയിൽ പെയ്തുവീഴുന്ന മഴവെള്ളം ഒഴുകിപ്പോകുന്ന ഇടുങ്ങിയ ഭാഗത്ത് 15 മീറ്റർ നീളത്തിലും 2.80 മീറ്റർ ഉയരത്തിലും ഒരു തടയണ നിർമ്മിച്ചാണ് ജലസംഭരണം സാധ്യമാക്കിയത്. ഇതിന് തുടർച്ചയായി 17 ലക്ഷം രൂപ ചെലവിൽ ജല ശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കുന്ന പ്രവർ

ഹരിതകേരളം മിഷൻ



ത്തനവും ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ പൂർത്തിയാക്കിയിട്ടുണ്ട്.

ഈ പദ്ധതിയുടെ ഭാഗമായി പ്രദേശത്തെ 450-ലധികം കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കാൻ കഴിഞ്ഞു. കൂടാതെ കാർഷികാവശ്യത്തിനും ഇവിടെനിന്നും ജലം ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. കാലങ്ങളായി ഉപയോഗിക്കാതെ പാഴാക്കി കളഞ്ഞിരുന്ന ജലത്തെ സംഭരിച്ച് നിർത്തി ഉപയോഗിക്കാൻ കഴിഞ്ഞത് വലിയ നേട്ടമാണ്. മനോഹരമായ ജലസംഭരണി മലിനപ്പെടുത്താതെ ഈ പ്രദേശത്ത് വിനോദ സഞ്ചാര സാധ്യതയും പരിഗണിക്കാവുന്നതാണ്. കേരളത്തിൽ മിക്ക തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശങ്ങളിലും ഇത്തരത്തിലുള്ള ഉപേക്ഷിക്കപ്പെട്ട പാറ ക്വാറികൾ നിലവിലുണ്ട്. അവയെ ഫലപ്രദമായി പ്രയോജനപ്പെടുത്തി എടുക്കുന്നതിന്റെ മികച്ച ഒരു മാതൃകയാണ് മലപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റേത്.

ഈ പദ്ധതിയുടെ ഭാഗമായി പ്രദേശത്തെ 450 - ലധികം കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കാൻ കഴിഞ്ഞു. കൂടാതെ കാർഷികാവശ്യത്തിനും ഇവിടെനിന്നും ജലം ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. കാലങ്ങളായി ഉപയോഗിക്കാതെ പാഴാക്കി കളഞ്ഞിരുന്ന ജലത്തെ സംഭരിച്ച് നിർത്തി ഉപയോഗിക്കാൻ കഴിഞ്ഞത് വലിയ നേട്ടമാണ്. മനോഹരമായ ജലസംഭരണി മലിനപ്പെടുത്താതെ ഈ പ്രദേശത്ത് വിനോദ സഞ്ചാര സാധ്യതയും പരിഗണിക്കാവുന്നതാണ്.

# പൊന്നാനി നഗരസഭയുടെ പ്രകൃതി വിഭവ സംരക്ഷണം

## പ്രദേശത്തിന്റെ ചരിത്രം

1977 നവംബർ 15-നാണ് പൊന്നാനി നഗരസഭ രൂപീകരിച്ചത്. പുരാതന തുറമുഖ നഗരമായ പൊന്നാനി പ്രൗഢ ഗംഭീരമായ സാംസ്കാരിക പെരുമകൊണ്ട് മാത്രമല്ല സമ്പുഷ്ടമായ ഭൂപ്രകൃതികൊണ്ടും പ്രസിദ്ധമാണ്. ഇരു കരകളിലെയും സാംസ്കാരിക പൈതൃകങ്ങളെ തഴുകിയൊഴുകി പൊന്നാനിയിലെത്തി അറബിക്കടലിൽ സംഗമിക്കുന്ന നിളയിൽ തുടങ്ങി, ബീയെം കായൽ, നിരവധി തോടുകൾ, അനേകം കൈത്തോടുകൾ, കൈവഴികൾ, കുളങ്ങൾ, വയലുകൾ എന്നിവയെല്ലാം കൊണ്ടും സമൃദ്ധമാണ് പൊന്നാനി. മലപ്പുറം ജില്ലയിലെ ഒരേയൊരു തുറമുഖവും പൊന്നാനിയിലാണ് സ്ഥിതി ചെയ്യുന്നത്. ഈ നഗരസഭയുടെ ജനസംഖ്യ 90442 ആണ്.

## ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ

| | |
|---|---|
| വിസ്തീർണ്ണം | - 23.32 ച.കി.മീ |
| വാർഡുകൾ | - 51 |
| കുളങ്ങൾ | - 32 |
| നദി | - പൊന്നാനി, തിരൂർ |
| കായൽ | - ബീയെം കായൽ |
| താലൂക്ക് | - പൊന്നാനി |

പ്രധാന വ്യവസായം - മത്സ്യബന്ധനം, കയർ

കനാൽ - കനോലി കനാൽ (4.372 കി.മീ. നീളം) (ബീയെം കായലിനേയും ഭാരതപ്പുഴയേയും ഈ കനാൽ ബന്ധിപ്പിക്കുന്നു.)

## ഏറ്റെടുക്കാനുണ്ടായ സാഹചര്യം

പൊന്നാനി നഗരസഭയുടെ കൃഷിയിൽ വന്ന നാശനഷ്ടം, പ്രദേശത്തിന്റെ ശുചിത്വമില്ലായ്മ, കുന്നുകൂടി കിടക്കുന്ന മാലിന്യങ്ങൾ, ജല ദൗർലഭ്യം, കെട്ടിക്കിടക്കുന്ന ജലസ്രോതസ്സുകളിലെ മാലിന്യം മുതലായവയാണ് നഗരസഭയും ഹരിത കേരളം മിഷനും സംയുക്തമായി ഈ നഗരസഭയുടെ പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്തത്.

## മുന്നൊരുക്കം

പൊന്നാനി നഗരസഭയിൽ സംസ്ഥാന സർക്കാരിന്റെ ഹരിത കേരളം പദ്ധതിയ്ക്ക് വ്യത്യസ്തമായ അഞ്ച് പദ്ധതികളോടെയാണ് ഉജ്ജ്വലമായ തുടക്കം കുറിച്ചത്. 2016 ഡിസംബർ 7 ന് രാവിലെ 6 മണിക്ക് നഗരസഭയിലെ കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ നേതൃത്വത്തിൽ ഹരിത കേരളം പ്രഭാത വിളംബര ജാഥകൾ നടന്നു. നല്ല സ്ത്രീ

മണ്ണിനെ മറന്നുകൊണ്ടുള്ള വികസന പ്രവർത്തനങ്ങൾ ക്കുപരി മണ്ണിനേയും പ്രകൃതിയേയും ചേർത്തു പിടിക്കുന്ന പദ്ധതികളും പരിപാടികളുമാണ് പൊന്നാനി നഗരസഭ ഭരണസമിതി നേതൃത്വം നൽകിയത്. കൃഷി, ശുചിത്വ-മാലിന്യ സംസ്കരണം, ജലസംരക്ഷണം എന്നീ അടിസ്ഥാന മേഖലകളിലാണ് പൊന്നാനി നഗരസഭ പ്രധാനപ്പെട്ട പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങൾ ആരംഭിച്ചത്.






പങ്കാളിത്തത്തോടെ നടന്ന പ്രഭാത ഭേരിക്ക് സി.ഡി.എസ്. ചെയർപേഴ്സൺമാരും വനിതാ കൗൺസിലർമാരും നേതൃത്വം നൽകിയിരുന്നു.

മണ്ണിനെ മറന്നുകൊണ്ടുള്ള വികസന പ്രവർത്തനങ്ങൾക്കുപരി മണ്ണിനേയും പ്രകൃതിയേയും ചേർത്തുപിടിക്കുന്ന പദ്ധതികളും പരിപാടികളുമാണ് പൊന്നാനി നഗരസഭ ഭരണസമിതി നേതൃത്വം നൽകിയത്. കൃഷി, ശുചിത്വ-മാലിന്യ സംസ്കരണം, ജലസംരക്ഷണം എന്നീ അടിസ്ഥാന മേഖലകളിലാണ് പൊന്നാനി നഗരസഭ പ്രധാനപ്പെട്ട പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങൾ ആരംഭിച്ചത്.

## ചെയ്ത പ്രവർത്തനങ്ങൾ

കനോലി കനാലിനെ മാലിന്യമുക്തമാക്കാനായി 'ക്ലീൻ കനോലി' എന്ന പേരിൽ പ്രചരണം, ബോധവൽക്കരണം പരിപാടികൾ എന്നിവ സംഘടിപ്പിച്ചു.

കക്കൂസ് മാലിന്യം നേരിട്ട് കനോലി കനാലിലേക്ക് ഒഴുക്കുന്ന സാഹചര്യത്തെ ഒഴിവാക്കാൻ ബയോപോർട്ടബിൾ സെപ്റ്റിക് ടാങ്കുകൾ നഗരസഭ സൗജന്യമായി സ്ഥാപിച്ചു.

പൊന്നാനിയുടെ ജലസ്രോതസ്സുകളെ വീണ്ടെടുക്കാൻ അയ്യങ്കാളി നഗരസഭ തൊഴിലുറപ്പ് പദ്ധതി പ്രകാരം 9 കുളങ്ങൾ സംരക്ഷിച്ചു. കൂടാതെ ടി തോടുകൾ, കൈവഴികൾ എന്നിവയിൽ നിന്നും മാലിന്യം നീക്കം ചെയ്യാനും സാധിച്ചു.

തരിശുനിലങ്ങളുടെ വീണ്ടെടുപ്പിനായി 'പൊന്നാര്യൻ കൊയ്യുന്ന പൊന്നാനി' പദ്ധതിയിലൂടെ 9 ഏക്കർ വയലിലേക്ക് നെൽക്കൃഷി വ്യാപിപ്പിക്കാൻ സാധിച്ചു. അതിലൂടെ വിളയിപ്പിച്ചെടുത്ത പൊന്നരിയുടെ വിപണനത്തിനായി ജൈവ അരിമേളയും സംഘടിപ്പിച്ചു.

## നൂതന പദ്ധതികൾ

ഭൂമിയും പരിസ്ഥിതിയും മറന്നുകൊണ്ടുള്ള വികസനങ്ങൾക്ക് വേരുകളില്ലെന്ന് തിരിച്ചറിഞ്ഞുകൊണ്ട് വ്യത്യസ്ത നൂതന പദ്ധതികൾക്ക് പൊന്നാനി നഗരസഭ രൂപം നൽകി.

i. ഗ്രീൻ റോയൽറ്റി

ii. ഹരിത ഭവനം

# ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത്

## ജലം ജീവനം : ജലസംരക്ഷണ പ്രവർത്തനങ്ങൾ

മലപ്പുറം ജില്ലയിലെ ഏറ്റവും വിസ്തൃതി കൂടിയ ഗ്രാമ പഞ്ചായത്തുകളിൽ ഒന്നാണ് ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത്. ചെക്കുന്ന്, മൈലാടി, കുരിരീ, കക്കാടംപൊയിൽ മലനിരകളും, ചാലിയാറും ചെറുപുഴകളും ചേർന്ന പ്രദേശമാണിത്. അശാസ്ത്രീയമായ നിർമ്മാണങ്ങളും കുന്നിടിക്കലും, മാലിന്യസംസ്ക്കരണ പ്രശ്നങ്ങളും, കൃഷിയിൽ നിന്നുള്ള ജനങ്ങളുടെ പിൻവാങ്ങലും, പഞ്ചായത്തിലെ പ്രകൃതിയുടെ സന്തുലിതാവസ്ഥയെയും, ജല ലഭ്യതയെയും സാരമായി ബാധിച്ചിരിക്കുന്നു. കഴിഞ്ഞ 3 വർഷമായി ഗ്രാമപഞ്ചായത്ത് ഭരണ സമിതി ഏറ്റവുമധികം ശ്രദ്ധ കൊടുക്കുന്നത് സമ്പൂർണ്ണ ജല സുരക്ഷയ്ക്കും ജൈവ വൈവിധ്യ സംരക്ഷണത്തിനും മാലിന്യ നിർമ്മാണത്തിനുമാണ്. വേനൽകാലത്തെ കുടിവെള്ള വിതരണം ഒഴിവാക്കണമെന്ന ചിന്തയിലാണ് പ്രത്യേക പദ്ധതികൾ നടപ്പിലാക്കാൻ തീരുമാനിച്ചതും അതിന്റെ ഫലമായി കഴിഞ്ഞ വേനൽക്കാലത്ത് കുടിവെള്ള ക്ഷാമം അനുഭവപ്പെടാതിരുന്നതും. വിദ്യാർത്ഥികൾ, യുവജനങ്ങൾ, സ്ത്രീകൾ, പൊതുപ്രവർത്തകർ, സന്നദ്ധ സംഘടനകൾ, രാഷ്ട്രീയ പാർട്ടികൾ എന്നിങ്ങനെ സാധ്യമായ

എല്ലാ സംവിധാനങ്ങളും പ്രയോജനപ്പെടുത്തിയാണ് പഞ്ചായത്തിന് പ്രസ്തുത നേട്ടം കൈവരിക്കാനായത്.

## പ്രവർത്തനങ്ങൾ:

### പ്രചാരണം / പ്രാഥമിക സാധ്യതാ പഠനം

ഓരോ വാർഡിലെയും നിലവിലെ അവസ്ഥയെപറ്റി സാധ്യതാ പഠനം നടത്തിയ ശേഷമാണ് പ്രദേശങ്ങൾക്ക് അനുസൃതമായ പ്രചാരണ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ചത്. ആകെ നാല് സ്രോതസ്സുകൾ, നിലവിലെ അവസ്ഥ പുനരുദ്ധരിക്കുവാൻ കഴിയുന്നത് എന്നിങ്ങനെ പ്രത്യേക പഠനം നടത്തി. പഠന റിപ്പോർട്ട് ഗ്രാമ സഭ, അയൽ സഭ യോഗങ്ങളിലും ഭരണ സമിതി യോഗങ്ങളിലും ചർച്ച ചെയ്യുകയും തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ തീരുമാനിക്കുകയും ചെയ്തു.

## നേട്ടങ്ങൾ

- 21 വാർഡിലും 21 മാതൃകാ ജല സംരക്ഷണ പദ്ധതികൾ നിർമ്മിക്കപ്പെട്ടു.
- ഗ്രാമപഞ്ചായത്തിലെ മുഴുവൻ ജലസ്രോതസ്സുകളും മാലിന്യ മുക്തമാക്കി
- 21 വാർഡുകളും വേനൽക്കാലത്ത് ജലസുരക്ഷാ വാർഡുകളായി മാറി.

### ജല സുരക്ഷാ നയം

- വാർഡു മെമ്പർമാരുടെ നേതൃത്വത്തിൽ 21 വാർഡുകളിലും ജല സുരക്ഷാ പദ്ധതികൾ സംഘടിപ്പിച്ചു.
- പൊതുകിണറുകൾ, കുളങ്ങൾ എന്നിവ പുനരുദ്ധരിച്ചു.
- പഞ്ചായത്തിലെ 15 സ്കൂളുകളും ജല സംരക്ഷണ മാതൃകാ കേന്ദ്രങ്ങളായി.
- ടാപ്പുകൾക്ക് വിട, ബക്കറ്റും കപ്പും ഉപയോഗിക്കൽ പരിപാടി വൻ വിജയമായി.

### ജല സംരക്ഷണ നിർമ്മാണ പ്രവർത്തനങ്ങൾ

| ക്ര. ന. | പ്രവൃത്തി | എണ്ണം |
|---|---|---|
| 1. | മഴക്കുഴി നിർമ്മാണം | 30, 000 |
| 2. | കിണർ നവീകരണം | 93 |
| 3. | ചെക്ക് ഡാം | 47 |
| 4. | കുളം | 13 |
| 5. | കോണ്ടൂർ ബണ്ട് | 15000 മീറ്റർ |
| 6. | കോണ്ടൂർ ട്രഞ്ച് | 15500 മീറ്റർ |

ഓരോ നിർമ്മിതികളുടെയും എണ്ണത്തിന് ഉപരിയായി അവയുടെ സ്ഥിരതയും ഗുണ നിലവാരവും ഉറപ്പു വരുത്തുന്നതിനും ഓരോന്നും ഓരോ മാതൃകകളാക്കാനും സാധിച്ചു.

ഗ്രാമപഞ്ചായത്തിന്റെ ധനസഹായത്തിനു പുറമേ ഒരു വാർഡിൽ 100 വീടുകളിലെങ്കിലും പ്രസ്തുത പ്രവർത്തനങ്ങൾ മാതൃകയാക്കിയിട്ടുണ്ട്. അതിരൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ പോലും ഈ വർഷം കിണറുകളിൽ ജലം ആവശ്യത്തിന് ലഭിച്ചു.

### നിർമ്മല ഗ്രാമം - സമ്പൂർണ്ണ ജല ശുചിത്വ ഊർങ്ങാട്ടിരി

ഗ്രാമപഞ്ചായത്തിലെ മുഴുവൻ ജല സ്രോതസ്സുകളും മാലിന്യ മുക്തമാക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതി. പ്രധാന ജലസ്രോതസ്സുകളായ ചാലിയാർ പുഴയും, ചെറുപുഴയും, പൂർണ്ണമായും വൃത്തിയാക്കാൻ സാധിച്ചു. എല്ലാ വാർഡുകളിലും മെമ്പർമാരുടെയും പൊതുജനങ്ങളുടെയും നേതൃത്വത്തിൽ നടപ്പിലാക്കിയ പദ്ധതിക്ക് ഒട്ടേറെ അംഗീകാരങ്ങൾ ലഭിക്കുകയുണ്ടായി.

- മലപ്പുറം ജില്ലയിൽ ഏറ്റവും കുറവ് ജല ജന്യ രോഗങ്ങൾ റിപ്പോർട്ട് ചെയ്ത പഞ്ചായത്തായി ഊർങ്ങാട്ടിരി മാറി.
- ചാലിയാർ അടക്കം എല്ലാ പ്രധാന ജലസ്രോതസ്സുകളും മികച്ച ജല സ്രോതസ്സായി മാറി



- മാലിന്യങ്ങൾ ജലസ്രോതസ്സുകളിലേക്ക് വലിച്ചെറിയുന്ന ശീലം അവസാനിപ്പിക്കുകയും ചെയ്തു.

## ചേലുള്ള ചെറുപുഴ – ചെറുപുഴ ശുചീകരണ പരിപാടി

- ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിലെ മികച്ച ജലസ്രോതസ്സായി ചെറുപുഴ മാറി.
- ജലസ്രോതസ്സുകൾ മാലിന്യരഹിതമാക്കേണ്ടതിന്റെ ആവശ്യകത ജനങ്ങൾക്ക് നേരിട്ട് ബോധ്യപ്പെട്ടു.
- ജലം ജീവനം : ജല ഗുണനിലവാര പരിശോധന
- ചാലിയാർ പുഴ സംരക്ഷിക്കുന്നതിന് വിദ്യാർത്ഥികളും കൂട്ടായ്മയിലൂടെ ജനപങ്കാളിത്തം ഉറപ്പുവരുത്തി ഊർങ്ങാട്ടിരിയിലെ പുഴ ഒഴുകുന്ന എല്ലാ പ്രദേശങ്ങളിലും ഒരു സ്ഥിരം സമിതി രൂപീകരിക്കുന്നതിന് വേണ്ടി നടപ്പിലാക്കിയ പരിപാടി.
- ചാലിയാർ ജല സംരക്ഷണ സമിതി രൂപീകരിച്ചു.
- വിദ്യാർത്ഥികൾ എല്ലാ മാസവും പുഴ സന്ദർശിച്ച് മാലിന്യ മുക്ത പ്രവർത്തനം നടത്തുന്നു
- പുഴയുടെ തീരങ്ങളിൽ ജൈവ ഉദ്യാനം നടപ്പിലാക്കുന്നു.

## എന്റെ വീട്, എന്റെ മണ്ണ്, എന്റെ ജലം

- വിദ്യാർത്ഥികളെയും, പൊതു പ്രവർത്തകന്മാരെയും ഉപയോഗിച്ച് ഓരോ വാർഡിലും വീടുകളിലും ജല വിനിയോഗ സംരക്ഷണ സർവ്വെ നടത്തുന്നു. വീടുകളിൽ വിദ്യാർത്ഥികൾ ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തുന്നു.
- പഞ്ചായത്തിന്റെ സമഗ്ര ജല വിനിയോഗ സംരക്ഷണ ഡാറ്റ തയ്യാറാക്കുന്നു.
- ജല സംരക്ഷണ പ്രദേശങ്ങൾ പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നു.

# മാമ്പുഴ പുനരുജ്ജീവനം

## ആമുഖം

മൺമറഞ്ഞ കാലത്തിന്റെ കണ്ണാടിയെന്നപോൽ കോഴിക്കോട് താലൂക്കിലെ പെരുവയൽ വില്ലേജിൽ മുണ്ടക്കൽ ദേശത്ത് ആണോറക്കുന്നിന്റെ താഴ്‌വാരത്ത് മുത്തശ്ശിക്കുണ്ടിൽ നിന്ന് ഉത്ഭവിച്ച് പെരുവയൽ, പെരുമണ്ണ, ഒളവണ്ണ ഗ്രാമപഞ്ചായത്തുകളിലൂടെ ഒഴുകിയെത്തി കല്ലായിപുഴയിൽ ചേരുന്ന പുഴയാണ് മാമ്പുഴ എന്ന വിളിപ്പേരിൽ അറിയപ്പെടുന്നത്. കൃഷിക്കും തീരത്തെ ജനങ്ങൾക്കും ശുദ്ധജലമേകി നിറഞ്ഞൊഴുകിയ ഒരുകാലം ഉണ്ടായിരുന്നു മാമ്പുഴക്ക്. ഒരു നാടിന്റെ പ്രധാന ജലസ്രോതസായിരുന്ന ഈ പുഴയുടെ ശോചനീയവസ്ഥ കണ്ടു നിൽക്കാനാവില്ല എന്ന ഘട്ടത്തിൽ എത്തിയപ്പോഴാണ് മലീമസമായ പുഴയെ എങ്ങനെ പരിരക്ഷിക്കാമെന്ന് നാട്ടുകാർ ചർച്ച ചെയ്തുതുടങ്ങിയത്. കൈയേറ്റത്താലും മാലിന്യം കുമിഞ്ഞുകൂടിയും നാശോന്മുഖമായ മാമ്പുഴയെ വീണ്ടെടുക്കുന്നതിന് പെരുവയൽ, പെരുമണ്ണ, ഒളവണ്ണ എന്നീ മൂന്നു പഞ്ചായത്തുകളിലെ പരിസ്ഥിതി സ്നേഹികൾ ഒത്തുചേർന്ന് മാമ്പുഴ സംരക്ഷണസമിതിക്ക്രൂപം നൽകി പ്രവർത്തനമാരംഭിച്ചത് കോഴിക്കോട് ജില്ലയിലാകെതന്നെയും പുഴസംരക്ഷണ പ്രവർത്തനങ്ങൾക്ക് രംഗത്തിറങ്ങുന്നതിന് ജനങ്ങൾക്ക് പ്രചോദനം നൽകിയ ഘടകമായിരുന്നു.

ഹരിതകേരളം മിഷൻ

## ചരിത്രവും ഭൂമിശാസ്ത്ര സവിശേഷതകളും

ഇന്ന് മാലിന്യകൂമ്പാരം കാർന്നുതിന്നുന്ന ഈ പുഴയ്ക്കും ഒരു പ്രതാപകാലമുണ്ടായിരുന്നു. പുതുതലമുറകൾക്ക് അറിയാത്ത തെളിമയുള്ള കാലം. 3 പഞ്ചായത്തുകളിലൂടെ 18 കിലോമീറ്ററിൽ ഒഴുകുന്ന മാമ്പുഴയെ ആശ്രയിച്ച് ജീവിച്ചിരുന്ന ഒരുകാലം പ്രദേശവാസികൾക്കുണ്ടായിരുന്നു. പണ്ട് കൃഷിയും കാർഷിക അഭിവൃദ്ധിയും പുണ്യമായി കണ്ടിരുന്ന കാലത്ത് മാമ്പുഴയുടെ ഇരുകരകളിലുമായി പാണ്ട്യനെല്ല് കൃഷിചെയ്തിരുന്നു. അന്ന് മാമ്പുഴയെ സമ്പന്നമാക്കിയിരുന്നത് കയർമേഖലയാണ്. ഏകദേശം മുപ്പത്തിയഞ്ചോളം ചകിരികടവുകളും അഞ്ഞൂറിൽപരം തൊഴിലാളികളും ഈ മേഖലയിൽ ജോലിചെയ്തിരുന്നു. ഒരുകാലത്ത് ഈ പ്രദേശങ്ങളിലെല്ലാം ചകിരികടവുകളിൽ നിന്ന് തൊണ്ട് അടിച്ചെടുക്കുന്ന ശബ്ദങ്ങളാണ് മുഴങ്ങികേട്ടിരുന്നത്. മാമ്പുഴയുടെ തീരപ്രദേശത്തുള്ള അമ്പലത്തിൽ ഉത്സവംതുടങ്ങും മുമ്പ് മാമ്പുഴതീരത്താണ് കൊടി നാട്ടുന്നത്. അതിനു ശേഷമേ ഉത്സവം തുടങ്ങൂ. അതുപോലെ മാമ്പുഴയുടെ തീരപ്രദേശത്തെ പള്ളിയിൽ നിസ്കരിക്കാൻ എത്തുന്നവർ മാമ്പുഴയിൽ ഇറങ്ങി ദേഹശുദ്ധി വരുത്തിയതിനു ശേഷമായിരുന്നു പള്ളിയിൽ നിസ്കരിക്കാൻ പോയിരുന്നത്.'

നാടിന്റെ നായകസ്ഥാനം പേറിയിരുന്ന പുഴയുമായി നാട്ടുകാർക്കും സഞ്ചാരികൾക്കും അഭേദ്യബന്ധമായിരുന്നു അക്കാലത്ത്. മത്സ്യസമ്പത്ത് നിറഞ്ഞുനിന്ന ഈ പുഴയെ ആ നാട്ടുകാർക്കും വിസ്മരിക്കാനാവുന്നില്ല. കരിമീൻ, പുന്നാരം, പൂമീൻ, ഇരിമീൻ, ആരൽ, പൂശാൻ, തിരുത, കടു, മുഴുമടിയൻ ഇങ്ങനെ നീളുന്നു മാമ്പുഴയിലെ മത്സ്യസമ്പത്ത്. ഇവിടെ നിന്നും നാട്ടുകാർതന്നെ മീൻ പിടിച്ച് വിൽപ്പനയും നടത്തി. ഒരുവിഭാഗം ആളുകളുടെ ഉപജീവന മാർഗം കൂടിയായിരുന്നു ഈ പുഴയിലെ മത്സ്യ സമ്പത്ത്.





നിരവധി തൊഴിൽ സംരംഭങ്ങൾക്കും ഈ പുഴ സാക്ഷിയായിട്ടുണ്ട്. മാമ്പുഴയുടെ ഇരുകരകളിലുമുള്ള വീടുകളുടെ നിർമാണത്തിനുവേണ്ട ഓടുകൾ മാമ്പുഴ വഴി തോണിയിലാണ് എത്തിച്ചിരുന്നത്. അരനൂറ്റാണ്ട് മുൻപ് റോഡ് ഗതാഗത സൗകര്യങ്ങൾ നന്നേ കുറഞ്ഞ കാലത്ത്കുറ്റിക്കാട്ടൂർ, പുത്തൂർമഠം, പന്തീരാങ്കാവ്, പയ്യടിമീത്തൽ, പാലാഴി, ഒളവണ്ണ എന്നീ ഗ്രാമപ്രദേശങ്ങളിലേക്ക് റേഷൻ ഉൾപ്പടെയുള്ള ഭക്ഷ്യവസ്തുക്കൾ തോണി മാർഗം കൊണ്ടുവരുന്നതിനും തിരികെ നഗരത്തിലേക്ക് കാർഷിക ഉൽപന്നങ്ങൾ കൊണ്ടു പോകുന്നതിനും ഈ ജലപാതയെയാണ് ആശ്രയിച്ചിരുന്നത്. കൂടാതെ കോഴിക്കോട് അങ്ങാടിയിൽ നിന്നും പുഴയുടെ സമീപ പ്രദേശങ്ങളിലേക്കുള്ള നിത്യോപയോഗ സാധനങ്ങളും തോണിമാർഗം മാമ്പുഴയിലൂടെ കൊണ്ടുവന്നിരുന്നു. നാടിന്റെ നായകസ്ഥാനം പേറിയിരുന്ന പുഴയുമായി നാട്ടുകാർക്കും സഞ്ചാരികൾക്കും അഭേദ്യബന്ധമായിരുന്നു അക്കാലത്ത്. മത്സ്യസമ്പത്ത് നിറഞ്ഞുനിന്ന ഈ പുഴയെ ആ നാട്ടുകാർക്കും വിസ്മരിക്കാനാവുന്നില്ല. കരിമീൻ, പുന്നാരം, പൂമീൻ, ഇരിമീൻ, ആരൽ, പൂശാൻ, തിരുത, കടു, മുഴുമടിയൻ ഇങ്ങനെ നീളുന്നു മാമ്പുഴയിലെ മത്സ്യസമ്പത്ത്. ഇവിടെ നിന്നും നാട്ടുകാർതന്നെ മീൻ പിടിച്ച് വിൽപ്പനയും നടത്തി. ഒരുവിഭാഗം ആളുകളുടെ ഉപജീവന മാർഗം കൂടിയായിരുന്നു ഈ പുഴയിലെ മത്സ്യ സമ്പത്ത്.

ദേശാടനക്കിളികളുടെ പറുദീസയായിരുന്ന ഈ പുഴയുടെ തീരത്ത് എണ്ണമറ്റ ദേശാടനക്കിളികൾ നിത്യ കാഴ്ചയായിരുന്നു. ഒരുകാലത്ത് പുഷ്പങ്ങൾ കൊണ്ടും സമ്പന്നമായിരുന്നു ഇവിടം. ചുവന്ന ആമ്പൽ, വെള്ള ആമ്പൽ, കൊരങ്ങാമ്പൽ എന്നിങ്ങനെ മാമ്പുഴയിൽ വിരിഞ്ഞുനിൽക്കുന്ന പുഷ്പങ്ങൾ ആളുകളുടെ കണ്ണിനും മനസ്സിനും ഒരുപോലെ കുളിർമ നൽകി. മാമ്പുഴയിലെ ജലനിരപ്പിലുണ്ടായ ഏറ്റക്കുറച്ചിലുകൾ പെരുവയൽ, പെരുമണ്ണ, ഒളവണ്ണ എന്നീ ഗ്രാമപ്രദേശങ്ങളിലെ കിണറിന്റെ ജലനിരപ്പിനെ എന്നും ബാധിക്കാറുണ്ട്. മാമ്പുഴയിൽ വെള്ളം അല്പമൊന്നു കുറയുമ്പോൾ തൊട്ടടുത്ത ഒട്ടുമിക്ക പ്രദേശങ്ങളിലെയും കിണറുകളിൽ ഇതു പ്രതിഫലിക്കും. ഒരു ഗ്രാമത്തിന്റെ പ്രധാന ജലസ്രോതസാണ് മാമ്പുഴ എന്നുതന്നെ പറയാം.

## ഏറ്റെടുക്കാനുണ്ടായ സാഹചര്യവും മുന്നൊരുക്കങ്ങളും

മാമ്പുഴയുടെ പ്രതാപകാലത്ത് കണ്ട കാഴ്ച്ചകളാണ് മേൽപറഞ്ഞതെങ്കിൽ കാലക്രമേണ മാമ്പുഴയുടെ പ്രൗഢിയും ഭംഗിയുമെല്ലാം നഷ്ടമായിക്കൊണ്ടിരുന്നു. കാലം മാറുന്നതിനൊപ്പം മാമ്പുഴയിലും അതിന്റെ തീരത്തും മാറ്റങ്ങൾ സംഭവിച്ചു കൊണ്ടിരിക്കുകയാണ്. മാമ്പുഴയുടെ തീരപ്രദേശങ്ങളിലെ ജലവിഭവത്തിന്റെ കേന്ദ്രസ്ഥാനം ഈ പുഴ ആയതുകൊണ്ട് ജലം മലിനപ്പെടുമ്പോൾ സമീപ പ്രദേശങ്ങളിലെ കിണറുകളേയും അത് സാവകാശം ബാധിക്കും. പുഴ നശിക്കുമ്പോൾ ഒരു ഗ്രാമംതന്നെ ഇല്ലാതായേക്കാം എന്ന വസ്തുത മനസിലാക്കി പിന്നീട് മാമ്പുഴയുടെ സമീപപ്രദേശത്തെ പുഴമ്പുറം പ്രാദേശിക സമിതിയുടെ നേതൃത്വത്തിൽ പുഴയിൽ കുമിഞ്ഞ് കൂടിയിരുന്ന ആഫ്രിക്കൻ പായലുകൾ, പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ, എന്നിവ നീക്കംചെയ്തു.

മാമ്പുഴയിൽ മാലിന്യങ്ങൾ കുമിഞ്ഞുകൂടിയ നാളുകളിൽ ഈ പുഴയെ സംരക്ഷിച്ച് പുതുജീവൻ നൽകാൻ സന്നദ്ധരായി മുന്നോട്ട് വന്നവരുമുണ്ട്. നിരവധി സംഘടനകളും വിവിധ ഇടങ്ങളിൽ പ്രാദേശികമായി പ്രവർത്തികൾ ആരംഭിക്കാനും വിവിധ സ്കൂളുകളും അവരുടെ എൻ.എസ്.എസ് ക്യാമ്പുകളുടെ ഭാഗമായി മാമ്പുഴയിലെ മാലിന്യങ്ങൾ നീക്കിമറ്റുള്ളവർക്ക് മാതൃകയായി. പുഴയിലെ മാലിന്യം നീക്കുന്നതിനോടൊപ്പം തന്നെ ആ പ്രദേശത്ത് പുഴയുടെ ആവശ്യകതയെ പറ്റിയും മനുഷ്യജീവിതത്തെയും നാടിന്റെ നിലനില്പിനെയും ബന്ധപ്പെടുത്തി വിദ്യാർത്ഥികൾ ജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തി. ഇതിനായി മാമ്പുഴയുടെ തീരപ്രദേശത്തെ ഓരോ വീടുകളും കയറിയിറങ്ങി ഇവർ നോട്ടീസുകൾ വിതരണം ചെയ്യുകയും മറ്റു ക്യാമ്പയിൻ പ്രവർത്തനങ്ങളും നടന്നു. മാമ്പുഴ സംരക്ഷണ സമിതി രൂപീകരിച്ചും പുഴയുടെ സംരക്ഷണത്തിനായി നാട്ടുകാർ പരിശ്രമിച്ചിട്ടുണ്ട്. ഈ കൂട്ടായ പ്രവർത്തന ഫലമായി മാമ്പുഴയിൽ മാലിന്യം വലിയതോതിൽ കുറഞ്ഞു. എന്നാൽ മാസങ്ങൾ കഴിഞ്ഞതോടെ പുഴയുടെ പ്രാധാന്യം മനസിലാക്കാത്തവർ വീണ്ടും മാലിന്യനിക്ഷേപം തുടർന്നതിനാൽ എല്ലാ പരിശ്രമങ്ങളും വിഫലമായി. മാലിന്യങ്ങൾ കുമിഞ്ഞുകൂടി പുഴയിലെ വെള്ളം പച്ച നിറത്തിലാകുകയും മത്സ്യങ്ങൾ ചത്തുപൊങ്ങുകയും ചെയ്തു.

ജലത്തിലെ അമിതമായ മാലിന്യവും ഓക്സിജന്റെ അളവിലുണ്ടായ കുറവുമാണ് മത്സ്യങ്ങൾ ചത്തുപൊ



മാമ്പുഴയുടെ തീരപ്രദേശങ്ങളിലെ ജലവിഭവത്തിന്റെ കേന്ദ്രസ്ഥാനം ഈ പുഴ ആയതുകൊണ്ട് ജലം മലിനപ്പെടുമ്പോൾ സമീപ പ്രദേശങ്ങളിലെ കിണറുകളേയും അത് സാവകാശം ബാധിക്കും. പുഴ നശിക്കുമ്പോൾ ഒരു ഗ്രാമംതന്നെ ഇല്ലാതായേക്കാം എന്ന വസ്തുത മനസിലാക്കി പിന്നീട് മാമ്പുഴയുടെ സമീപപ്രദേശത്തെ പുഴമ്പുറം പ്രാദേശിക സമിതിയുടെ നേതൃത്വത്തിൽ പുഴയിൽ കുമിഞ്ഞ് കൂടിയിരുന്ന ആഫ്രിക്കൻ പായലുകൾ, പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ എന്നിവ നീക്കംചെയ്തു.



ങ്ങാൻ കാരണമായത്. എന്നാൽ പുഴയിൽ കലർന്നിട്ടുള്ള മാലിന്യം ഏതുതരത്തിലുള്ളതാണെന്ന് കണ്ടെത്താനായിട്ടില്ല. പുഴയിലെ മാലിന്യം കൂടിയതോടുകൂടി പുഴയുടെ സമീപപ്രദേശങ്ങളിൽ കൊതുകുശല്യം കൂടിയതായും പരിസരവാസികൾ പറയുന്നു. മാമ്പുഴയിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് ആരാണെന്നോ എപ്പോഴാണെന്നോ ഇതുവരെ കണ്ടെത്താനായിട്ടില്ല എന്നതാണ് ദുഃഖകരം. മാമ്പുഴയുടെ തീരപ്രദേശങ്ങളിലെ തോടുകളെല്ലാം ഇന്ന് മണ്ണിട്ടു നികത്തുകയും അവിടെ മാലിന്യങ്ങൾ നിക്ഷേപിക്കുകയുമാണ് ചെയ്യുന്നത്. ഇതിന്റെയെല്ലാം ഫലമായിരുന്നു മാമ്പുഴയുടെ ദുരവസ്ഥ.

ഈ സാഹചര്യത്തിൽ ഒളവണ്ണ പഞ്ചായത്തധികൃതരുടെ നേതൃത്വത്തിൽ സിഡബ്ല്യുആർഡിഎം പഠനം നടത്തി. കണ്ണംചിന്നം പാലത്തിനും കുന്നത്ത് പാലത്തിനും ഇടയിലുള്ളസ്ഥലത്ത് നിന്നും ശേഖരിച്ച സാമ്പിളുകളുകളാണ് പരിശോധനക്ക് വിധേയമാക്കിയത്. പരിശോധനയിൽ ഉയർന്ന തോതിലുള്ള മലിനീകരണം ജലത്തിലെ ഓക്സിജന്റെ അളവ്കുറയ്ക്കുകയും ജലത്തിൽ കോളിഫോം ബാക്ടീരിയയുടെ അളവ് വർധിപ്പിക്കുകയും ചെയ്തതായി കണ്ടെത്തി. കൂടാതെ ആൽഗകളുടെ വിഭാഗത്തിൽപെടുന്ന അനാബേന എന്ന സൂക്ഷ്മസസ്യങ്ങൾ പുഴയിൽ പെരുകിയതായും കണ്ടെത്തി.

## ചെയ്ത പ്രവർത്തനങ്ങളും വിഭാവനം ചെയ്ത തുടർപ്രവർത്തനങ്ങളും

പുഴയുടെ നാശം ഒരു ജനതയുടെ ജീവിതത്തെ ഒന്നാകെ ബാധിക്കാൻ തുടങ്ങിയ ഘട്ടത്തിലാണ് തങ്ങളുടെ കഴിഞ്ഞ തലമുറയെ ഒരുകാലത്ത് ഊട്ടിവളർത്തിയ മാമ്പുഴയെ തെളിനീരൊഴുകുന്ന പുഴയാക്കി മാറ്റണം എന്ന ലക്ഷ്യത്തോടെ ഒരു ജനതയൊന്നാകെ പുഴയുടെ പുനരുജ്ജീവനത്തെ കുറിച്ചു ചിന്തിച്ചുതുടങ്ങിയത്.

പുഴസംരക്ഷണ സമിതിയും വിവിധ സംഘടനകളും ഈ ലക്ഷ്യത്തോടെ നിരവധി പ്രവർത്തനങ്ങൾ നടത്തിയെങ്കിലും അതിനേക്കാൾ വേഗത്തിൽ ഓരോ ഘട്ടത്തിലും പുഴ നാശത്തോട് അടുത്തുകൊണ്ടിരുന്നു

ഹരിതകേരളം മിഷൻ നടത്തിയ പുഴ വീണ്ടെടുപ്പിൽ നിന്നും ശുചീകരണ പ്രവർത്തങ്ങളിൽ നിന്നും പ്രചോദ

നമുൾക്കൊണ്ട് ബ്ലോക്ക് ഗ്രാമ പഞ്ചായത്ത് തലങ്ങളിൽ ചർച്ചയാവുകയും പദ്ധതി പ്രവർത്തങ്ങളുടെ ഭാഗമായി ഫണ്ട് അനുവദിക്കാൻ തീരുമാനിക്കുകയും ചെയ്തു. മലിനജലം എത്തുന്നത് സമീപത്തെ കിണറുകൾക്കും ഭീഷണിയായി. തുടർന്നാണ് ജനകീയ കൂട്ടായമയിൽ ജില്ലാ പഞ്ചായത്ത് ബൃഹത് പദ്ധതി ഒരുക്കുന്നത്. സർവേ നടത്തി നവീകരണത്തിന് വിശദമായ റിപ്പോർട്ട് തയ്യാറാക്കി. പെരുവയൽ പഞ്ചായത്തിലെ കുറ്റിക്കാട്ടൂർ മുതൽ ഒളവണ്ണ പഞ്ചായത്തിലെ കുന്നത്ത് പാലം വരെ 8.94 കിലോമീറ്റർ ദൂരത്താണ് പഠനം നടത്തിയത് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ പെരുമണ്ണ, പെരുവയൽ, ഒളവണ്ണ പഞ്ചായത്തുകളും കോഴിക്കോട്, കുന്ദമംഗലം ബ്ലോക്കു പഞ്ചായത്തുകളും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. പെരുമണ്ണ, പെരുവയൽ, ഒളവണ്ണ പഞ്ചായത്തുകൾ – 25 ലക്ഷം, കോഴിക്കോട്, കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തുകൾ – 25 ലക്ഷം, കോഴിക്കോട് ജില്ലാ പഞ്ചായത്ത് – 50 ലക്ഷം എന്നിങ്ങനെ ഒരുകോടി 75 ലക്ഷം രൂപയാണ് ഇതിനായി വകയിരുത്തിയിരിക്കുന്നത്.

മാലിന്യം നിറഞ്ഞ് ഒഴുക്ക് നഷ്ടപ്പെട്ട മാമ്പുഴയെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള ജില്ലാ പഞ്ചായത്തിന്റെ ഈ ബൃഹത് പദ്ധതി അവസാന ഘട്ടത്തിലാണ്. നാല് ഘട്ടങ്ങളായുള്ള ശുചീകരണവും സംരക്ഷണ നടപടികളും പൂർത്തീകരിച്ച് മാമ്പുഴയെ പൂർണമായി നവീകരിക്കാനാണ് ജില്ലാ പഞ്ചായത്ത് ലക്ഷ്യമിടുന്നത്. പ്ലാസ്റ്റിക്കും അറവ് മാലിന്യവും മറ്റും നീക്കംചെയ്യുന്ന പ്രവൃത്തി അവസാന ഘട്ടത്തിലാണ്. 3.75 കിലോമീറ്റർ ദൂരത്തിൽ മാലിന്യം നീക്കി. രണ്ടാംഘട്ടത്തിൽ കൂടുതലുള്ള ചെളി നീക്കം ചെയ്ത് പുഴയുടെ ആഴംകൂട്ടി ഒഴുക്ക് വർധിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. യുഎൽസിസിയാണ് പ്രവൃത്തി നടത്തുന്നത്. പുഴയുടെ വീതികുറഞ്ഞ ഭാഗങ്ങളിലും സമീപത്തെ ഓവുചാലിലും അടിഞ്ഞു കൂടിയ മാലിന്യം ഒന്നാം ഘട്ട പ്രവൃത്തിയുടെ ഭാഗമായി നീക്കംചെയ്തു.

മാലിന്യ കൂമ്പാരമായ കോഴിക്കോട് മാമ്പുഴയെ സംരക്ഷിക്കാൻ യുവാക്കളുടെ കൂട്ടായ്മയിൽ കോഴിക്കോട് ബ്ലോക്ക്, ഒളവണ്ണ ഗ്രാമ പഞ്ചായത്തുകളുടെ സഹകരണത്തോടെ വിവിധ ടൂറിസം പദ്ധതികളും ആരംഭിച്ചു. ഗ്രാമീണക്കാഴ്ചകളുടെ സൗന്ദര്യം നിറയ്ക്കുന്ന ജലായനം ടൂറിസം പദ്ധതി വിനോദത്തോടൊപ്പം പുഴസംരക്ഷണവും ലക്ഷ്യമിടുന്നു. അക്വാപോണിക്സ് കൃഷിരീതിയിൽ സജ്ജീകരിച്ച മാമ്പുഴ ഫാം ടൂറിസവും ഇതിന്റെ ഭാഗമാണ്. മാമ്പുഴയിലൂടെ ബോട്ട് സർവ്വീസും ഒപ്പം ബോട്ട് സർവ്വീസ് നടത്തുന്ന ഭാഗങ്ങളിലെ പുഴ വൃത്തിയാക്കുകയും ചെയ്യുന്നു.

രണ്ടാംഘട്ടം പൂർത്തീകരിച്ച ശേഷം ജൈവ ഭൂവസ്ത്രം വിരിച്ച് പുഴ ഭിത്തി സംരക്ഷിക്കും. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭിത്തിസംരക്ഷണം പൂർത്തിയാക്കാനാണ് തീരുമാനിച്ചത്. പഞ്ചായത്തുകളിൽ പ്രസിഡന്റുമാരും വാർഡിൽ അംഗങ്ങളും ചെയർമാനായുള്ള പുഴസംരക്ഷണ സമിതിയാണ് മാലിന്യങ്ങൾ തള്ളുന്നത് തടയാൻ മേൽനോട്ടം വഹിക്കുന്നത്. ഹരിതകേരളം മിഷൻ ഇടപെടലുകളും പുഴ മലിനമാക്കുന്നവർക്കെതിരെയുള്ള ജനകീയ പ്രതിരോധവും മാമ്പുഴ പുനരുജ്ജീവന പദ്ധതിയുടെ ഭാഗമായ നവീകരണ പ്രവർത്തങ്ങളും തെളിനീരൊഴുകുന്ന പുഴ എന്ന സ്വപ്നം അകലെയല്ല എന്ന് നമുക്ക് കാണിച്ചുതരുന്നു.

## ഉപസംഹാരം

ഓരോ ജല സ്രോതസ്സും അതിന്റെ പഴയ പ്രതാപത്തോടും ജൈവ വൈവിധ്യങ്ങളോടും കൂടി സംരക്ഷിക്കേണ്ടത് ഇന്നത്തെ ഓരോ മനുഷ്യന്റെയും കടമയാണ്. പല വകുപ്പുകളിലായി വിന്യസിച്ചിരിക്കുന്ന ഈ സംരക്ഷണ പ്രവർത്തനങ്ങൾ ഹരിതകേരളം മിഷന്റെ നേതൃത്വത്തിലും ജനകീയ പങ്കാളിത്തത്തോടും കൂടി നടപ്പിലാക്കുക വഴി പുഴയെ പുനരുജ്ജീവിപ്പിച്ച് തലമുറകൾക്ക് കൈമാറുന്ന പ്രവർത്തനങ്ങളാണ് ഇതിന്റെ ആവശ്യം.

# ഓപ്പറേഷൻ കനോലി കനാൽ

## ചരിത്രവും ഭൂമിശാസ്ത്ര പ്രത്യേകതകളും

ലോകത്തിലെ മനോഹരങ്ങളായ നഗരങ്ങളെല്ലാം തന്നെ നദികളാലോ, തോടുകളാലോ, കനാലുകളാലോ സുന്ദരമാക്കപ്പെട്ടവയാണ്. കോഴിക്കോട് നഗരത്തെയും ഒരു കാലത്ത് കനോലി കനാൽ സുന്ദരമാക്കിയിരുന്നു. നിരവധി തോണികളും ചങ്ങാടങ്ങളും ഇടതടവില്ലാതെ ഈ കനാലിൽ കൂടി ഒഴുകി നടന്നു. ഇന്ന് കനോലി കനാൽ നഷ്ട സൗഭാഗ്യങ്ങളുടെ കഥകൾ അയവിറക്കുകയാണ്. 1840 മുതൽ 1855 വരെ കോഴിക്കോട്ടെ കളക്ടർ ആയിരുന്ന ലെഫ്നന്റ് ഹെൻറി വാലന്റൈൻ കൊണോലിയുടെ ദീർഘ വീക്ഷണത്തിൽ രൂപം കൊണ്ടതാണ് കനോലി കനാൽ. കോഴിക്കോട് മുതൽ കൊടുങ്ങല്ലൂർ വരെ ഒരു വിശാല ജലഗതാഗത മാർഗ്ഗം എന്ന ഉദ്ദേശത്തോടെ പുഴകളെയും ജലാശയങ്ങളെയും കനാലുകൾ നിർമ്മിച്ചു കൂട്ടിയിണക്കി. ഇങ്ങനെയുണ്ടാക്കിയ തീരദേശ ജലഗതാഗതമാർഗ്ഗമായ കനോലി കനാൽ കോഴിക്കോട് ജില്ലയിൽ വടക്ക് കോരപ്പുഴയെയും തെക്ക് കല്ലായിപ്പുഴയെയും ബന്ധിപ്പിക്കുന്നു. ഈ ഭാഗത്ത് 11.4 കിലോമീറ്റർ ദൈർഘ്യമുള്ള ഈ കനാലിന്റെ വീതി വിവിധയിടങ്ങളിൽ 6–20 മീറ്ററുകൾക്കിടയ്ക്കാണ്.




1845 ലാണ് കൊണോലി സായിപ്പ് മദ്രാസ് ഗവൺമെന്റിന് കനോലി കനാലിന്റെ പ്ലാൻ സമർപ്പിക്കുന്നത്. അടുത്തവർഷം അനുമതി ലഭിക്കുകയും അതിനുള്ള തുക നീക്കിവെക്കുകയും 1848 ൽ കമ്മിഷനാവുകയും ചെയ്തു. 1855ൽ കൊണോലി സായിപ്പിന്റെ മരണത്തോട് കൂടി പണി നിന്ന് പോയെങ്കിലും, തുടർന്ന് വന്ന റോബിൻസൺ എന്ന കളക്ടർ ഭരണമേൽക്കുകയും പണി പൂർത്തിയാക്കുകയും ചെയ്തു. നിലമ്പൂരിൽ നിന്നും വയനാട്ടിൽ നിന്നും വരുന്ന തടികൾ ചാലിയാർ പുഴ വഴി മഴക്കാലത്ത് കനോലി കനാലിലൂടെ കല്ലായിയിൽ എത്തിക്കുകയായിരുന്നു പതിവ്. കല്ലായി ആ കാലത്ത് ലോകത്തെ തന്നെ ഏറ്റവും വലിയ രണ്ടാമത്തെ തടി കച്ചവട സ്ഥലമായിരുന്നു. കോഴിക്കോടിന്റെ വാണിജ്യത്തിന്റെ രണ്ടാം സുവർണ്ണ കാലം തുടങ്ങുന്നത് തന്നെ തേക്കും പിന്നെ കനോലി കനാലും വരുന്നതോട് കൂടിയാണെന്ന് പറയാം. എലത്തൂർ മുതൽ കല്ലായിപ്പുഴ വരെ 11.4 കിലോമീറ്ററാണ് ഇവിടെ കനാലിന്റെ നീളം. 1950 ണ് ശേഷം മലബാറിന്റെ വ്യാപാര മേഖലയിൽ വളരെയേറെ അവിഭാജ്യ ഘടകമായി ഈ കനാൽ മാറി.

ഭൂമി ഏറ്റെടുക്കുന്ന നിയമം അന്ന് നിലവിലില്ലാത്തതിനാൽ സ്ഥലത്തിന്റെ ലഭ്യത ഒരു പ്രശ്നം തന്നെ ആയിരുന്നു. പക്ഷേ, സാമൂതിരി രാജാവിന്റെ അകമഴിഞ്ഞ സഹായം ഇക്കാര്യത്തിൽ കനോലിക്ക് ലഭിച്ചു. സാമൂതിരിയും മറ്റു ഭൂവുടമകളും സ്ഥലം സൗജന്യമായിത്തന്നെ വിട്ടുകൊടുക്കുകയാണ് ഉണ്ടായത്. സാമൂതിരിയും കനോ

കോഴിക്കോട് നഗരത്തെ ഒരു കാലത്ത് കനോലി കനാൽ സുന്ദരമാക്കിയിരുന്നു. നിരവധി തോണികളും ചങ്ങാടങ്ങളും ഇടതടവില്ലാതെ ഈ കനാലിൽ കൂടി ഒഴുകി നടന്നു. ഇന്ന് കനോലി കനാൽ നഷ്ട സൗഭാഗ്യങ്ങളുടെ കഥകൾ അയവിറക്കുകയാണ്. 1840 മുതൽ 55 വരെ കോഴിക്കോട്ടെ കളക്ടർ ആയിരുന്ന ലെഫ്നന്റ് ഹെൻറി വാലന്റെൻ കൊണോലിയുടെ ദീർഘവീക്ഷണത്തിൽ രൂപം കൊണ്ടതാണ് കനോലി കനാൽ. കോഴിക്കോട് മുതൽ കൊടുങ്ങല്ലൂർ വരെ ഒരു വിശാല ജലഗതാഗത മാർഗ്ഗം എന്ന ഉദ്ദേശത്തോടെ പുഴകളെയും ജലാശയങ്ങളെയും കനാലുകൾ നിർമ്മിച്ചു കൂട്ടിയിണക്കി. ഇങ്ങനെയുണ്ടാക്കിയ തീരദേശ ജലഗതാഗതമാർഗ്ഗമായ കനോലി കനാൽ കോഴിക്കോട് ജില്ലയിൽ വടക്ക് കോരപ്പുഴയെയും തെക്ക് കല്ലായിപ്പുഴയെയും ബന്ധിപ്പിക്കുന്നു.

ലിയും തമ്മിൽ ഒരു കരാർ ഉണ്ടായിരുന്നു. ജലഗതാഗതത്തിനുവേണ്ടിയാണ് കരാർ എങ്കിലും സമീപപ്രദേശത്തുള്ളവർക്ക് കൃഷിക്കുവേണ്ടി വെള്ളം വിട്ടുകൊടുക്കണമെന്നും അതിനായി ഉപ്പുവെള്ളം കയറുന്നത് തടയാനുള്ള മാർഗങ്ങൾ വേണമെന്നുമായിരുന്നു കരാറിലെ വ്യവസ്ഥ. എലത്തൂരും പുതിയറയിലും ഉപ്പു വെള്ളം കയറുന്നത് തടയാനുള്ള സംവിധാനം കനോലിയിൽ ചെയ്തിരുന്നു. 1924 ൽ കനോലി കനാലിലെ തോണികളുടെയും മറ്റും കണക്കെടുപ്പ് നടന്നപ്പോൾ ഒളവണ്ണയിൽ 538 തോണികളും 2035 ചങ്ങാടങ്ങളുമാണ് രജിസ്റ്റർ ചെയ്തത്. കല്ലായിയിൽ ആകട്ടെ 236 തോണികളും 506 ചങ്ങാടവും രജിസ്റ്റർ ചെയ്യപ്പെട്ടു. ബ്രിട്ടീഷുകാർക്ക് 2000 തോണികളാണ് അന്ന് ഇവിടെ ഉണ്ടായിരുന്നത്. ഇതിലൂടെ കടത്ത് തോണികൾ യഥേഷ്ടം പോയിരുന്നു. വില്യം ലോഗൻ തന്റെ പുസ്തകത്തിൽ കനോലി കനാലിലെ 35 സ്റ്റോപ്പുകൾ പേരടക്കം പരാമർശിക്കുന്നുണ്ട്.

## ഓപ്പറേഷൻ കനോലി കനാലിലേയ്ക്ക് നയിച്ച സാഹചര്യങ്ങൾ

വാഹനങ്ങളുടെ വരവോടെ കനാലിലുണ്ടായിരുന്ന യാത്രാസംവിധാനം ഇല്ലാതായി. പിന്നീട് മാലിന്യ തള്ളാനുള്ള സ്ഥലമായി മാറുകയായിരുന്നു കനാൽ. നഗരത്തിലൂടെ ഉള്ള തോടുകളും കനാലുകളും ലോകത്തിലെ പല നഗരങ്ങളിലും അഭിമാനത്തോടെ നിലനിർത്തുന്ന അലങ്കാരമായിരുന്നെങ്കിൽ കോഴിക്കോട്ടുകാർക്ക് അടുത്ത കാലം വരെ വൃത്തിഹീനമായ കനാൽ ഒരു ബാധ്യതയായി മാറിയിട്ടുണ്ടായിരുന്നു. കനാലിൽ കെട്ടിക്കിടക്കുന്ന മലിനജലം സമീപത്തെ ജല സ്രോതസ്സുകൾക്ക് പോലും ഭീഷണിയാകുന്ന അവസ്ഥയിൽ എത്തി. മണ്ണിടിഞ്ഞ് കനാലിന്റെ ഒഴുക്ക് പല സ്ഥലങ്ങളിലും തടസപ്പെട്ടിട്ടുണ്ട്. ശക്തമായ മഴയിൽ കരകവിഞ്ഞൊഴുകിയ കനാൽ നഗരത്തെ വെള്ളത്തിനടിയിലാക്കിയിരുന്നു ഏറെക്കാലമായി കനോലി കനാൽ കോഴിക്കോടിന് വലിയൊരു തലവേദനയായി നിലനിൽക്കുകയായിരുന്നു. 2018 ലെ പ്രളയ സമയത്ത് കനോലി കനാൽ കരകവിഞ്ഞൊഴുകി സരോവരം ബയോപാർക്ക് അടക്കമുള്ളവ മുങ്ങിപ്പോവുകയും മലിനമാക്കപ്പെടുകയും ചെയ്തിരുന്നു. ഈ സാഹചര്യത്തിലാണ് 11.2 കി.മി ദൂരത്ത് ഹരിത കേരളം മിഷന്റെയും ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ ജനകീയ ഇടപെടൽ എന്ന രീതിയിൽ ശുചീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചത്

## ഓപ്പറേഷൻ കനോലി പ്രവർത്തനങ്ങളിലേക്ക്

ചരിത്രത്തിൽ ഇടം പിടിച്ച, മാതൃകകളില്ലാത്ത, സമാനതകളില്ലാത്ത ശുചീകരണ കൂട്ടായ്മയായിരുന്നു ഓപ്പറേഷൻ കനോലി. 2018 ആഗസ്റ്റ് 28 ന് നിറവ് വേങ്ങേരിയുടെ നേതൃത്വത്തിൽ ആരംഭിച്ച ശുചീകരണ പ്രവൃത്തി ഒടുവിൽ ജനങ്ങളും ജനപ്രതിനിധികളും രാഷ്ട്രീയ സാമൂഹ്യസാംസ്കാരിക സന്നദ്ധ സംഘടനകളും ഉദ്യോഗസ്ഥരും റസിഡൻസ് അസോസിയേഷനുകളും മാധ്യമപ്രവർത്തകരും സർക്കാർ ജീവനക്കാരും മേയറും കൗൺസിലർമാരും ജില്ലാ കളക്ടറും ഉൾക്കൊള്ളുന്ന ബൃഹത്ത്പരിപാടിയായി വികസിക്കുകയായിരുന്നു. സി.ഡബ്ല്യു. ആർ.ഡി.എം, ജലസേചന വകുപ്പ് തുടങ്ങിയവയുടെ വളണ്ടിയർമാർ, വിവിധ കോളേജുകളിലെ എൻഎസ്എസ് വളണ്ടിയർമാർ എന്നിവർ ശുചീകരണത്തിൽ പങ്കാളികളായി. വിവിധ വിദ്യാലയങ്ങളിൽ നിന്നും എത്തിച്ചേർന്ന സേവ്, എൻ.ജി.സി വളണ്ടിയർമാരായ വിദ്യാർത്ഥികളും അധ്യാപകരും പ്രവർത്തനത്തിന് ആവേശംപകർന്നു.

11.2 കിലോമീറ്റർ നീളത്തിൽ വ്യാപിച്ചു കിടക്കുന്ന മാലിന്യ കനാൽ ആയിരുന്ന കനോലിയെ ഒഴുക്കുള്ള ശുദ്ധജല പാതയായി തിരിച്ചു പിടിക്കാൻ നടത്തിയ ശുചീകരണ പ്രവർത്തനങ്ങളുടെ ആദ്യ 15 ദിവസം കൊണ്ട് നീക്കം ചെയ്ത 2513 ചാക്ക് പ്ലാസ്റ്റിക് പാഴ്വസ്തുക്കളാണ്. 50 പ്രവർത്തകരും 10 കോഡിനേറ്റർമാരും ആണ് തുടക്കത്തിൽ ഉണ്ടായിരുന്നത്. പിന്നെ പിന്നെ അതൊരു



ആൾക്കൂട്ടമായി ഗതിവേഗം കൂടി. കാടും കുള വാഴകളും പിഴുതു മാറ്റി. അങ്ങനെ കനോലി വീണ്ടും ഒഴുകാൻ ആരംഭിച്ചു.

നാടിന്റെ നന്മ തിരിച്ചു പിടിക്കാനുള്ള അത്യന്തം ആവേശകരമായ ശുചീകരണ പ്രവർത്തങ്ങൾ ഇതര ജില്ലകൾക്ക് ആവേശവും പ്രചോദനവുമായതിന്റെ നേർ ചിത്രങ്ങളിന്ന് കേരളം കണ്ടുകൊണ്ടിരിക്കുകയാണ്. ഒരു ചെറു കൂട്ടായ്മയിൽ നിന്ന് ആരംഭിച്ച ശുചീകരണ പ്രവർത്തനങ്ങളിൽ 'കനോലിയുടെ വീണ്ടെടുപ്പിന് ആരെല്ലാം ഉണ്ട് കൂടെ...?' എന്ന ചോദ്യത്തിന് പ്രവർത്തനം കൊണ്ട് മറുപടി നൽകി നൂറുകണക്കിന് സുമനസുകൾ അണിനിരന്നപ്പോൾ കനോലി കനാൽ പുതുചരിത്രം രചിക്കപ്പെടുകയായിരുന്നു.

പ്രളയത്തിൽ കോഴിക്കോട് നഗരത്തെ വെള്ളത്തിലാക്കിയ കനോലി കനാൽ ശുചീകരണം ഒന്നാംഘട്ടം പൂർത്തിയാക്കി. നിത്യേന ശരാശരി ഇരുന്നൂറോളം ചാക്ക് എന്ന കണക്കിലാണ് മാലിന്യങ്ങൾ ശേഖരിച്ചത്. ഇവ സരോവരം ബയോ പാർക്കിനടുത്ത് ഉണക്കിയശേഷം റീസൈക്കിളിംഗ് യൂണിറ്റിലേക്ക് സംസ്കരണത്തിനയച്ചു. കനാലിൽ ശുചീകരണത്തിന് ഏറ്റവും ദുർഘടം എരഞ്ഞിപ്പാലം മുതൽ കാരപ്പറമ്പ് വരെയുള്ള പ്രദേശമായിരുന്നു. അറവ് മാലിന്യങ്ങളും പെരുമ്പാമ്പുകളും നിറഞ്ഞ ഈ പ്രദേശം അഗ്നിശമനസേനയുടെയും മറ്റും സഹകരണ

ചരിത്രത്തിൽ ഇടം പിടിച്ച, മാതൃകകളില്ലാത്ത, സമാനതകളില്ലാത്ത ശുചീകരണ കൂട്ടായ്മയായിരുന്നു ഓപ്പറേഷൻ കനോലി. 2018 ആഗസ്റ്റ് 28 ന് നിറവ് വേങ്ങേരിയുടെ നേതൃത്വത്തിൽ ആരംഭിച്ച ശുചീകരണ പ്രവൃത്തി ഒടുവിൽ ജനങ്ങളും ജനപ്രതിനിധികളും രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക സന്നദ്ധ സംഘടനകളും ഉദ്യോഗസ്ഥരും റസിഡൻസ് അസോസിയേഷനുകളും മാധ്യമ പ്രവർത്തകരും സർക്കാർ ജീവനക്കാരും മേയറും കൗൺസിലർമാരും ജില്ലാ കളക്ടറും ഉൾക്കൊള്ളുന്ന ബൃഹത്ത്പരിപാടിയായി വികസിക്കുകയായിരുന്നു.

ത്തോടെയാണ് വൃത്തിയാക്കിയത്. ചീഞ്ഞളിഞ്ഞ് ദുർഗന്ധം വമിക്കുന്ന വെള്ളം ശുചിയാക്കാൻ ഇവിടെ പർസ്യു എന്ന ജൈവലായനി സ്പ്രേ ചെയ്യുകയായിരുന്നു.

## തുടർപ്രവർത്തനം വിഭാവനം ചെയ്തിട്ടുള്ളത്

അടുത്ത ഘട്ടം പ്രവർത്തനങ്ങൾക്കായി കനാലിനെ 8 വിഭാഗമായി തിരിച്ചിട്ടുണ്ട്. ഓരോ പ്രദേശത്തും സംരക്ഷണസമിതി രൂപീകരിച്ച്, പരിസ്ഥിതി പ്രവർത്തകർ, വിവിധ സംഘടനകൾ, റസിഡൻസ് അസോസിയേഷനുകൾ, നാട്ടുകാർ ഇവരുടെ നേതൃത്വത്തിലാണ് പ്രവർത്തനങ്ങൾ നടത്തുക. ഇനി ഓരോ പ്രദേശത്തും ഓരോ 'ഹരിത കേന്ദ്രം' സ്ഥാപിക്കും, ഇവിടെ ഒരോ ഹരിത ഗാർഡിനെ നിയമിക്കും. നിർദ്ദേശങ്ങളടങ്ങിയ ബോർഡുകൾ പ്രദർശിപ്പിക്കുകയും ചെയ്യും. ഓരോ പ്രദേശത്തെയും പ്രവർത്തനങ്ങൾ നിരീക്ഷിക്കാനും ഏകോപിപ്പിക്കാനും മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാനും നിറവ് വേങ്ങേരി കൂടെയുണ്ടാവും. ഒപ്പം ജില്ലാ ഭരണകൂടത്തിന്റെയും നഗരസഭയുടെയും ഏകോപനത്തിൽ നിയമങ്ങൾ കർശനമായി നടപ്പാക്കും. ശുചീകരണ പ്രവർത്തികളുടെ ഭാഗമായി കനാലിലേക്ക് മാലിന്യം ഒഴുകുന്ന 178 പൈപ്പുകളും അടയ്ക്കും. നാട്ടുകാർ മുഴുവൻ ചേർന്ന് ശുചീകരണവും ബോധവത്കരണ പ്രവർത്തനങ്ങളും നടക്കുന്നുണ്ടെങ്കിലും കനാലിലേക്ക് കോഴിമാലിന്യവും മറ്റും തള്ളുന്നത് പലയിടത്തും തുടർന്നിരുന്നു. മാലിന്യം തള്ളുന്നവർക്കെതിരെ കർശന നടപടികളും സ്വീകരിക്കും. കനാലിലേക്ക് മാലിന്യം ഒഴുക്കി വിട്ടവർക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. ക്യാമറകൾ സ്ഥാപിച്ച് മാലിന്യങ്ങൾ വലിച്ചെറിയുന്നവരെ കയ്യോടെ പിടിച്ച് നടപടികൾ സ്വീകരിക്കും. നേരത്തെ പലതവണ ശുചീകരണത്തിനുള്ള പ്രവർത്തനങ്ങൾ നടത്തിയിരുന്നെങ്കിലും ഒന്നും ലക്ഷ്യം കണ്ടിരുന്നില്ല. ഇത്തവണ നിശ്ചയദാർഢ്യത്തോടെയുള്ള പ്രവർത്തനം വിജയം കാണുകയായിരുന്നു. കനാലിന്റെ തുടർ സംരക്ഷണത്തിനും ശുചീകരണത്തിനുമായി 8 സെക്ടറുകളായി തിരിച്ച് 8 ഗ്രീൻ പാർട്ണറുമായി ധാരണ പത്രം ഒപ്പുവയ്ക്കുകയും ചെയ്തു.ഒരു പോസ്റ്റർ പോലും പതിക്കാതെ, സർക്കാരിന്റെ ഒരു രൂപ പോലും ചെലവഴിക്കാതെ ജനകീയമുന്നേറ്റത്തിനാണ് കനോലി കനാൽ സാക്ഷ്യം വഹിച്ചത്.

ജനകീയ ശുചീകരണത്തിന് ശേഷം കോഴിക്കോട് കോർപറേഷന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി കനോലി കനാലിലെ ചെളിയും പായലും നീക്കം ചെയ്ത് ശുചീകരിക്കുന്ന പ്രവൃത്തിക്ക് ഇപ്പോൾ തുടക്കം കുറിച്ചു. ഇതിന്റെ തുടർ നടപടികൾ നടന്നുവരുന്നുണ്ട്. അതോടൊപ്പം കനോലി കനാൽ വൃത്തിയായി സംരക്ഷിക്കാൻ സർക്കാർ 46 ലക്ഷം രൂപയാണ് പദ്ധതിക്കായി വകയിരുത്തിയത്. അതിന്റെ പ്രവർത്തനങ്ങൾ 2019 മെയ് ആദ്യ വാരം തുടക്കം കുറിച്ചു.കനാലിൽ നടപ്പാക്കുന്ന ജലപാതാ പദ്ധതിയുടെ ഭാഗമായി കേരള വാട്ടർ വെയ്സ് ആൻഡ് ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡി (ക്വിൽ)ന്റെ നേതൃത്വത്തിലാണ് ശുചീകരണം. ഇതിനായി ഡ്രഡ്ജർ, ക്രെയിൻ തുടങ്ങിയ ഉപകരണങ്ങൾ എത്തിയിട്ടുണ്ട്. കനാൽ കല്ലായിപ്പുഴയുമായി ചേരുന്ന ഭാഗത്തും എരഞ്ഞിപ്പാലത്തുമാണ് പ്രവൃത്തി ആരംഭിക്കുക. ബോട്ട് യാത്ര സാധ്യമാകുന്ന തരത്തിൽ ചളി നീക്കി ഒന്നര മീറ്റർ ആഴം കൂട്ടുന്നതാണ് പ്രവൃത്തി. കല്ലായിപ്പുഴയുടെ ഭാഗത്തെ ചളി പൂർണമായി നീക്കും. മഴക്കാലത്തിന് മുന്നേ ശുചീകരണ പ്രവൃത്തി പൂർത്തീകരിക്കും. മഴക്കാലത്ത് ഇതിലൂടെ ബോട്ട് യാത്ര ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

## ഉപസംഹാരം

ഏതൊരു നദിയുടെയും കനാലിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഒരു പ്രത്യേക കാലയളവിൽ മാത്രം ഒതുങ്ങി നിൽക്കുന്നതല്ല. കനാലിന്റെ ശുചിത്വവും ജൈവവൈവിധ്യങ്ങളും നിലനിൽത്തുന്നതിന് കൂട്ടായ തുടർപ്രവർത്തനങ്ങൾ അനിവാര്യമാണ്. ആ വീണ്ടെടുപ്പ് ജനകീയ കൂട്ടായ്മകളിലൂടെ സാധ്യമാണ് എന്ന സന്ദേശമാണ് കനോലി നമ്മെ പഠിപ്പിക്കുന്നത്.

# ഓരോ തുള്ളിയും കരുതലോടെ...

## ജൈവ വൈവിധ്യ ബ്ലോക്ക് (കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത് )

### ആമുഖം

പ്രകൃതി വിഭവങ്ങൾക്ക് അതിരുകളില്ലെന്ന ധാരണയിൽ മനുഷ്യർ നശിപ്പിച്ച ജൈവ വൈവിധ്യത്തെ, വീണ്ടെടുത്ത് അടുത്ത തലമുറക്ക് തിരിച്ചു നൽകുക എന്ന ലക്ഷ്യവുമായി കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത് ആവിഷ്ക്കരിച്ചതാണ് ”ജൈവ വൈവിധ്യ ബ്ലോക്ക് പദ്ധതി”.

ഭൂമിയിൽ ജീവനെ താങ്ങിനിർത്തുന്ന ജൈവ വൈവിധ്യങ്ങൾ സൂക്ഷിച്ച് കൈകാര്യം ചെയ്തില്ലെങ്കിൽ നശിച്ചുപോകുമെന്നും, ശരിയായ അവബോധമില്ലായ്മയുടെയും അശ്രദ്ധമായ ചെയ്തികളുടെയും ദുരന്തഫലമാണ് ഇന്ന് ലോകം അനുഭവിച്ചുകൊണ്ടിരിക്കുന്നതെന്നും തിരിച്ചറിയാൻ വൈകിപ്പോയ ഒരു ജനതയെകൊണ്ട് തന്നെ ജൈവവൈവിധ്യ സംരക്ഷണം ജീവിതത്തിന്റെ ഭാഗമാക്കി മാറ്റാൻ ഈ പദ്ധതി കൊണ്ട് ബ്ലോക്ക് പഞ്ചായത്തിന് കഴിഞ്ഞു.

ഭൂമണ്ഡലത്തിൽ ജീവൻ നിലനിൽക്കാൻ വേണ്ട എല്ലാ സാഹചര്യങ്ങളും ഒരുക്കുന്ന ജൈവ വൈവിധ്യം അനേകം വർഷം നീണ്ട പ്രക്രിയകളിലൂടെ ഉരുത്തിരി

ഹരിതകേരളം മിഷൻ



ജൈവസമ്പത്ത് കരുതലോടെ ഉപയോഗിക്കുന്ന പക്ഷം അത് മനുഷ്യരാശിയെ എന്നെന്നും നിലനിർത്താനുപകരിക്കും എന്നതിനാൽ ജൈവസമ്പത്തും അതിന്റെ നിലനിൽപിനെ സഹായിക്കുന്ന ജൈവ വൈവിധ്യവും സുസ്ഥിര വികസന പ്രക്രിയയുടെ അടിസ്ഥാന ഘടകങ്ങളാണ്. ഈ തിരിച്ചറിവിൽ നിന്നാണ് ജൈവ വൈവിധ്യ ബ്ലോക്ക് എന്ന എന്ന ആശയം ഉടലെടുത്തത്. ജൈവ വൈവിധ്യ സംരക്ഷണത്തിൽ ജനങ്ങളെ ഒന്നാകെ പങ്കാളികളാക്കിക്കൊണ്ട് ഇന്ന് കേരളത്തിലെ ആദ്യത്തെ ജൈവവൈവിധ്യ ബ്ലോക്ക് ആയി മാറാൻ ഒരുങ്ങുകയാണ് കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത്.

ഞ്ഞുണ്ടായതാണ്. ജൈവ വൈവിധ്യത്തിനും ജലസമ്പത്തിനും സംഭവിക്കുന്ന മാറ്റങ്ങളും ശോഷണവും ജീവജാലസമ്പത്തിൽ ഉണ്ടാകുന്ന കുറവും പ്രകൃതിയുടെ സന്തുലിതാവസ്ഥക്കും മാറ്റം ഉണ്ടാക്കും. ജൈവസമ്പത്ത് കരുതലോടെ ഉപയോഗിക്കുന്ന പക്ഷം അത് മനുഷ്യരാശിയെ എന്നെന്നും നിലനിർത്താനുപകരിക്കും എന്നതിനാൽ ജൈവസമ്പത്തും അതിന്റെ നിലനിൽപിനെ സഹായിക്കുന്ന ജൈവ വൈവിധ്യവും സുസ്ഥിര വികസന പ്രക്രിയയുടെ അടിസ്ഥാന ഘടകങ്ങളാണ്. ഈ തിരിച്ചറിവിൽ നിന്നാണ് ജൈവ വൈവിധ്യ ബ്ലോക്ക് എന്ന എന്ന ആശയം ഉടലെടുത്തത്. ജൈവവൈവിധ്യ സംരക്ഷണത്തിൽ ജനങ്ങളെ ഒന്നാകെ പങ്കാളികളാക്കിക്കൊണ്ട് ഇന്ന് കേരളത്തിലെ ആദ്യത്തെ ജൈവവൈവിധ്യ ബ്ലോക്ക് ആയി മാറാൻ ഒരുങ്ങുകയാണ് കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത്.

## ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ

ജൈവ വൈവിധ്യത്തിന്റെ കലവറയായ കടലുണ്ടി, ഒളവണ്ണ ഗ്രാമ പഞ്ചായത്തുകളാണ് കോഴിക്കോട് ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെടുന്നത്. പടിഞ്ഞാറ്

കടലും മൂന്ന് ദിക്കുകളും പുഴകളാൽ ചുറ്റപ്പെട്ട കടലുണ്ടിയും, പുഴയും തണ്ണീർത്തടങ്ങളും അതിർത്തി പങ്കിടുന്ന ഒളവണ്ണയും, ഒളവണ്ണയിലെ മലബാർ ബൊട്ടാണിക്കൽ ഗാർഡനും, കുന്നുകളും തുരുത്തുകളും തണ്ണീർത്തടങ്ങളും, കടലുണ്ടിയിലെ പക്ഷി സങ്കേതവും ഇന്ത്യയിലെ ആദ്യത്തെ കമ്യൂണിറ്റി റിസർവായ കടലുണ്ടി കമ്മ്യൂണിറ്റി റിസർവിലെ കണ്ടൽ വനങ്ങളും, പക്ഷി സങ്കേതവും മാമ്പുഴ, കടലുണ്ടിപ്പുഴ, ചാലിയാർ പുഴകളുടെ തീരങ്ങളും ജൈവ വൈവിധ്യത്തിന്റെ കേന്ദ്രങ്ങളാണ്.

ഈ ജൈവ വൈവിധ്യ കേന്ദ്രങ്ങളിലെ തണ്ണീർത്തടങ്ങൾ, കാവുകൾ, പുഴകൾ, കുന്നുകൾ, കടൽത്തീരം, ചെറുവനങ്ങൾ, വൈവിധ്യമാർന്ന സസ്യജാലങ്ങൾ, ജല സസ്യങ്ങൾ, ജല ജീവികൾ, പുഴകളിലെ വൈവിധ്യമാർന്ന മൽസ്യസമ്പത്ത്, ഔഷധ സസ്യസമ്പത്ത്, തുടങ്ങിയവയെയും വംശ നാശ ഭീഷണി നേരിടുന്നവാ ഉൾപ്പെടെയുള്ള ജീവികളെയും സസ്യങ്ങളെയും സംരക്ഷിക്കുന്നതിനും ആവശ്യമായ പ്രവർത്തങ്ങൾ ഈ പദ്ധതിയുടെ ഭാഗമായി നടത്തി വരുന്നു.

## മുന്നൊരുക്കവും ചെയ്ത പ്രവർത്തനങ്ങളും

45 ഏക്കറോളം വിസ്തീർണ്ണമുള്ള കുന്നുകളും താഴ്വാരങ്ങളും തണ്ണീർത്തടങ്ങളും ഉൾപ്പെടുന്ന അതിമനോഹരമായ പ്രദേശത്ത് സ്ഥിതി ചെയ്യുന്ന മലബാർ ബൊട്ടാണിക്കൽ ഗാർഡൻ എന്ന സർക്കാർ ശാസ്ത്ര സ്ഥാപനത്തിന്റെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ബ്ലോക്ക് പഞ്ചായത്തിന്റെ പരിസ്ഥിതി സൗഹൃദ വികസന പദ്ധതിയായ 'സുന്ദരം സുസ്ഥിരം ഹരിതാഭം' പദ്ധതിയിലെ ജലസംരക്ഷണ പരിപാടിയായ 'ഓരോ തുള്ളിയും കരുതലോടെ' എന്ന പരിപാടിയിലൂടെ ഇന്ന് നമുക്ക് ലഭിച്ച ഭൂമിയെയും ഭൂമിയിലെ ശുദ്ധ ജല സമ്പത്തിനെയും ഇതിനേക്കാൾ മൂല്യമുള്ളതായി അടുത്ത തലമുറക്ക് മാറ്റി വെക്കുന്നതിന് വിവിധങ്ങളായ പദ്ധതികളാണ് ജൈവ വൈവിധ്യ ബ്ലോക്കിന്റെ ഭാഗമായി നടത്തി വരുന്നത്.

ഭൂമിയിലെ ജല സമ്പത്ത് വർധിപ്പിക്കുന്നതിന് പരമ്പരാഗത ജല സ്രോതസ്സുകൾ സംരക്ഷിക്കാനും, പുതിയവ നിർമിക്കാനും, ലഭ്യമാകുന്ന സ്ഥലങ്ങളിൽ എല്ലാം പുതിയ കുളങ്ങൾ നിർമിക്കാനും ആരംഭിച്ചു. ഇതിന്റെ ഏറ്റവും പ്രധാന ഘടകം മലബാർ ബൊട്ടാണിക്കൽ



പ്രകൃതി കനിഞ്ഞേകിയ ജീവനോപാധികൾക്കും ജൈവ വൈവിധ്യങ്ങൾക്കും കണക്കില്ലെന്നും, അതൊക്കെ സ്വാഭാവികമായും സംഭവിച്ചുകൊണ്ടിരിക്കുന്ന പ്രതിഭാസമാണെന്നുമുള്ള ജനങ്ങളുടെ വിശ്വാസത്തെ തിരുത്തി ജൈവ വൈവിധ്യ സംരക്ഷണവും ജല സംരക്ഷണവും ഓരോരുത്തരുടെയും ജീവിതത്തിന്റെ ഭാഗമാക്കി മാറ്റുന്നതിനും, പ്രകൃതിയെയും പച്ചപ്പിനെയും സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന ഒരു തലമുറയെ വാർത്തെടുക്കാനും ഹരിത കേരളം മിഷനും കോഴിക്കോട് ബ്ലോക്ക് പഞ്ചായത്തിനും കഴിഞ്ഞു.



ഗാർഡനിൽ നിർമിക്കുന്ന അകാട്ടിക് ബയോപാർക്കാണ്. 15 ഏക്കർ ചതുപ്പു നിലത്തിൽ ഏകദേശം 10 ഏക്കർ വിസ്തീർണ്ണമുള്ള ഒരു തടാകം ഇതിന്റെ ഭാഗമായി ഒരുങ്ങുകയാണ്. ഇതിന് കേരള ബജറ്റിൽ 3 കോടി വകയിരുത്തിക്കൊണ്ട് സർക്കാർ പിന്തുണയും ലഭിച്ചു കഴിഞ്ഞു. ഈ പദ്ധതിയിലൂടെ പ്രദേശത്തെ ജലസമ്പത്തും ജൈവ വൈവിധ്യവും സംരക്ഷിക്കപ്പെടുകയും അതുവഴി സമീപ പ്രദേശങ്ങളിലുൾപ്പെടെയുള്ള ജലക്ഷാമത്തിനും വേനലിലെ കൊടും വരൾച്ചക്കും പരിഹാരമാകുകയും ചെയ്യുന്നു. ഈ ജലതടാകം ചുറ്റുമുള്ള പ്രദേശങ്ങളിൽ ഉഷ്ണകാലങ്ങളിൽ പോലും ജലവിതാനം നിലനിർത്തുന്നതിനു സഹായിക്കും. അപൂർവ ജലസസ്യങ്ങളുടെ സംരക്ഷണവും ഇവിടെ സാധ്യമാക്കുന്ന ഗവേഷണത്തിനും, പഠനത്തിനും, ഉല്ലാസത്തിനും ഒരുപോലെ ഉപകാരപ്രദമായ ഒരു പദ്ധതിയായിരിക്കും ഇത്. ഓരോ നീർത്തട പ്രദേശത്തെയും ജൈവവൈവിധ്യ ക്ലസ്റ്ററുകളാക്കി തിരിച്ചാണ് പ്രവർങ്ങൾ ആസൂത്രണം ചെയ്യുന്നത്. നിലനിൽക്കുന്ന രൂക്ഷമായ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനും ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിനും ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിനും ബ്ലോക്ക് പഞ്ചായത്തിലെ മുഴുവൻ വീടുകളിലും മഴവെള്ള സംഭരണവും കിണർ റീചാർജ്ജിംങ്ങും ലക്ഷ്യമിട്ട് ഹരിത ഭവനം പദ്ധതിയും ഇതോടൊപ്പം ആരംഭിച്ചു.

ഈ പദ്ധതിവഴി ആദ്യഘട്ടത്തിൽ 2 പഞ്ചായത്തിലെ 2 വീതം വാർഡുകളിൽ കിണർ റീചാർജ്ജിംങ്ങ് നടപ്പിലാക്കി. ഇത് വഴി ഈ പ്രദേശത്തെ ഭൂഗർഭ ജലവിതാനത്തിൽ കാര്യമായ വർധന തുടർന്നുള്ള വേനൽക്കാലത്ത് കാണാനായി. ബ്ലോക്കിലെ മുഴുവൻ പ്രദേശത്തേക്കും ഈ പദ്ധതി വ്യാപിപ്പിക്കാൻ പ്രചോദനം നൽകുന്ന ഒന്നായി ഈ നേട്ടം.

ഓരോ വാർഡുകളിലും പുതിയ കുളങ്ങൾ എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതി ഇപ്പോൾ ഇപ്പോൾ വൻ  ജന പിന്തുണയോടെ വലിയൊരു ക്യാമ്പയിനായി മാറുന്ന ഘട്ടത്തിലേക്ക് എത്തിനിൽക്കുന്നു. നിരവധി

സ്വകാര്യ വ്യക്തികൾ സ്വന്തം സ്ഥലത്ത് കുളങ്ങൾ നിർമി ക്കാനും സംരക്ഷിക്കാനും താല്പര്യത്തോടെ മുന്നോട്ടു വരുന്ന കാഴ്ചയാണ് ഇപ്പോൾ കാണാൻ സാധിക്കുന്നത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി യിൽ ഉൾപ്പെടുത്തി പുതിയ കുളങ്ങളുടെ നിർമ്മാണവും നടന്നുവരുന്നു.

ജൈവ വൈവിധ്യ ബ്ലോക്കിന്റെ ഭാഗമായി നടപ്പിലാ ക്കിയ മറ്റൊരു പദ്ധതിയാണ് ജലായനം എന്ന പേരിലുള്ള ടൂറിസം വികസന പദ്ധതി. ടൂറിസത്തോടൊപ്പം ജല സംര ക്ഷണം എന്ന ലക്ഷ്യത്തോടെ ആണ് ഈ പദ്ധതി ആരം ഭിച്ചത്. മാമ്പുഴ, ചാലിയാർ, കടലുണ്ടി പുഴ, കനോലി കനാൽ എന്നീ പുഴയോരത്തെ ബന്ധിപ്പിച്ചു കൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. ടൂറിസവും പുഴയുടെ സംര ക്ഷണവും ഒന്നിപ്പിച്ചു കൊണ്ട് നിരവധി ടൂറിസം കേന്ദ്ര ങ്ങൾ രൂപീകരിക്കാൻ കഴിഞ്ഞു. നീർത്തടാധിഷ്ഠിത ടൂറിസം വികസന പദ്ധതിയായ ഇതിൽ നിരവധി പുതിയ സംരംഭകർ പരിസ്ഥിതി ജല കാർഷിക സംരക്ഷണത്തി ലൂന്നിയ ആശയങ്ങളുമായി എത്തുന്നു. വിനോദവും ജല സംരക്ഷണവും ഒപ്പം പുഴയെ മാലിന്യ മുക്തമാക്കലും ഒരുമിച്ചു കൊണ്ട് പോകുന്നതിനാൽ പുതിയ തലമുറ യിലേക്ക് വിനോദത്തോടൊപ്പം തന്നെ ജല സംരക്ഷണ ത്തെയും പുഴകളും ജലാശയങ്ങളും ജലാശയങ്ങളും സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയും ജൈവ വൈവി ധ്യസംരക്ഷണത്തിന്റെ പ്രാധാന്യവും പകർന്നു നൽകാൻ കഴിയുന്നു.

കടലുണ്ടി ഐലൻഡ് ടൂറിസവും മാമ്പുഴ ഫാം ടൂറി സവും ചാലയാറിലെയും കടലുണ്ടിപ്പുഴയിലെയും വിവി ധടൂറിസം സ്പോട്ടുകളും കോഴിക്കോടിന്റെ ടൂറിസം ഭൂപട ത്തിൽ തന്നെ ഇടം പിടിക്കുന്ന ഒന്നായി മാറിക്കഴിഞ്ഞു.

ബ്ലോക്ക് പരിധിയിലെ മുഴുവൻ തണ്ണീർത്തടങ്ങളും കുളങ്ങളും മറ്റു ജല സ്രോതസ്സുകളും മലിനമാകാതെ സംരക്ഷിക്കുന്നതിനായി ജനകീയ കൂട്ടായ്മകൾ രൂപീക രിച്ചുക്കൊണ്ട് പൊതുജന പങ്കാളിത്തത്തോടൊപ്പം പദ്ധ തി വിഹിതവും ഉൾപ്പെടുത്തിക്കൊണ്ട് ജല സംരക്ഷണ പ്രവർത്തനകൾ നടത്തി വരുന്നു.

തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി മാത്രം 26 കുളങ്ങളും 9 തോടുകളും 8 കിണറുകളും നിർമിച്ചു. 300 അധികം കിണറുകൾ റീചാർജ്ജ് ചെയ്യുന്ന പ്രവർത്ത ങ്ങൾ തുടർന്ന് വരുന്നു.

ജൈവവൈവിധ്യം, സംസ്കാരങ്ങൾ പടുത്തുയർ ത്തിയ സ്തംഭങ്ങൾ ആണെന്നും ഈ വൈവിധ്യം നശി ച്ചാൽ അത് ഭക്ഷ്യവിതരണത്തിനും വിനോദാവസരങ്ങ ൾക്കും ഔഷധങ്ങൾക്കും ഊർജത്തിനും ഇന്ധനത്തിനു മൊക്കെ ഭീഷണിയാകും എന്നു മുള്ള ബോധ്യത്തിലേക്ക് ജനങ്ങളെ എത്തിക്കാൻ ജൈവ വൈവിധ്യ ബ്ലോക്കിന്റെ ഭാഗമായ ജല ജൈവ വൈവിധ്യ സംരക്ഷണ ക്യാമ്പ യിനുകൾക്ക് കഴിഞ്ഞു.

ജൈവ വൈവിധ്യ സംരക്ഷണ ത്തിലൂടെ മാത്രമേ ഭൂമിക്ക് നില നിൽപുണ്ടാകുകയുള്ളൂ വെന്ന് ഓരോ വിദ്യാർത്ഥികളെയും ബോ ധവാന്മാരാക്കുക എന്ന ലക്ഷ്യ ത്തോടെ ജനപ്രതിനിധികളും അധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് 4 നീർത്തടങ്ങൾ കേന്ദ്രീ കരിച്ചു പുഴകളും കുളങ്ങളും തോടുകളും നെൽ വയലുകളും തണ്ണീർത്തടങ്ങളും കണ്ടറിഞ്ഞു നടത്തിയ ജൈവവൈവിധ്യ സന്ദേ ശ യാത്രകൾ പുതിയ തലമുറക്ക് വേറിട്ട അനുഭവമായി മാറി.

## ഉപസംഹാരം

പ്രകൃതി കനിഞ്ഞേകിയ ജീവ നോപാധികൾക്കും ജൈവ വൈവി ധ്യങ്ങൾക്കും കണക്കില്ലെന്നും, അതൊക്കെ സ്വാഭാവികമായും സംഭവിച്ചുകൊണ്ടിരിക്കുന്ന പ്രതിഭാ സമാണെന്നുമുള്ള ജനങ്ങളുടെ വിശ്വാസത്തെ തിരുത്തി ജൈവ വൈവിധ്യ സംരക്ഷണവും ജല സംരക്ഷണവും ഓരോരുത്തരു ടെയും ജീവിതത്തിന്റെ ഭാഗമാക്കി മാറ്റുന്നതിനും, പ്രകൃതിയെയും പച്ച പ്പിനെയും സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന ഒരു തലമുറയെ വാർത്തെടുക്കാനും ഹരിത കേരളം മിഷനും കോഴി ക്കോട് ബ്ലോക്ക് പഞ്ചായത്തിനും കഴിഞ്ഞു. പരിസ്ഥിതിക്ക് കോട്ടം തട്ടാതെ ജൈവവൈവിധ്യ ജല സംരക്ഷണത്തിലൂന്നിയ വികസനം സാധ്യമാണെന്നും ഇതിലൂടെ കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത് നമുക്ക് കാണിച്ചുതരുന്നു.

# പൂനൂർ പുഴ വീണ്ടെടുത്തപ്പോൾ

## പൂനൂർ പുഴ ചരിത്രവും ഭൂമിശാസ്ത്രവും

കോഴിക്കോടിന്റെ ചരിത്രത്തിലും കഥകളിലും നിറഞ്ഞൊഴുകുന്നൊരു പൂനൂർ പുഴയുണ്ട്. ജില്ലയിലെ പ്രധാന പുഴകളിൽ ഒന്നായ പൂനൂർ പുഴ 13 പഞ്ചായത്തു കളിലൂടെയും ഒരു മുനിസിപ്പാലിറ്റിയിലൂടെയും കോഴിക്കോട് കോർപറേഷനിലൂടെയും ഒഴുകുന്നു. കട്ടിപ്പാറയിൽ നിന്ന് ഉത്ഭവിച്ച് 60 കിലോമീറ്റർ ഒഴുകി കോഴിക്കോടിന്റെ ഏറ്റവും വലിയ നദികളിൽ ഒന്നായ കോരപ്പുഴയിൽ ചെന്ന് പതിക്കുന്ന പൂനൂർ പുഴ ഉത്ഭവം മുതൽ പതനം വരെയുള്ള പ്രദേശങ്ങളിലുള്ള ജനങ്ങൾക്ക് കുടിവെള്ളത്തിനും കൃഷിക്കും പ്രധാന ആശ്രയമായിരുന്നു.

പിന്നീട് കേരളത്തിലെ ഓരോ പുഴയ്ക്കും സംഭവിച്ച അതേ ദുർഗതി പൂനൂർ പുഴയ്ക്കും വന്നു ചേർന്നു. ഗ്രാമങ്ങൾ നഗരങ്ങളായി പരിണമിച്ച ഗതിമാറ്റത്തിൽ പകരം നൽകേണ്ടി വന്നത് പുഴയുടെ തന്നെ ജീവനായിരുന്നു. മനുഷ്യർ ആ പുഴയ്ക്കും അകാല മൃത്യു വിധിച്ചു. ഒരിക്കൽ പൂനൂർ പുഴയുടെ നിലയില്ലാകയങ്ങളെക്കുറിച്ച് ഭയത്തോടെ പറഞ്ഞിരുന്നവർ പിന്നെയതിന്റെ മൃതാവസ്ഥ കണ്ട് കണ്ണു പൊത്തി. പണ്ട് ഇവിടെയൊരു പുഴയൊഴു



കിയിരുന്നുവെന്ന് പറയേണ്ടി വരുന്നൊരു കാലം പൂനൂർ പുഴയെ സംബന്ധിച്ച് ഏറെയടുത്ത് എത്തി നിൽക്കുമ്പോഴാണ് മണ്ണും വെള്ളവും സംരക്ഷിക്കേണ്ടതിന്റെ ബോധ്യം തിരിച്ചറിഞ്ഞ ചിലർ പൂനൂർ പുഴയുടെ രക്ഷയ്ക്കെത്തുന്നത്. ഒരു സംസ്കാരത്തിന്റെ നാശം പൂനൂർ പുഴയുടെ നാശത്താൽ സംഭവിക്കാൻ തുടങ്ങിയ ഘട്ടത്തിലാണ്, ഒഴുകുന്ന പ്രദേശത്തിന്റെ മുഴുവൻ കാർഷിക സംസ്കാരത്തിന്റെ നട്ടെല്ലായ പുഴയെ സംരക്ഷിക്കാൻ ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ ജനതയൊന്നാകെ ഇറങ്ങുന്നത്. അവരുടെ ശ്രമഫലമായി പൂനൂർ പുഴ വീണ്ടും നിറഞ്ഞൊഴുകാൻ തുടങ്ങുകയാണ്. ഒരു പുതിയ പുഴയായി.

## പുഴ വീണ്ടെടുക്കൽ പ്രവർത്തനങ്ങളിലേയ്ക്ക്

പുഴ മലിനീകരണത്തിലും മറ്റും പലപ്പോഴും ഉദ്യോഗസ്ഥരേയും ഭരണ സംവിധാനങ്ങളേയുമാണ് എല്ലാവരും കുറ്റപ്പെടുത്തുക. എന്നാൽ ഒരു പുഴയെ അല്ലെങ്കിൽ ജലസ്രോതസ്സിനെ മലിനമാക്കുന്നതിൽ ജനങ്ങളും ഉത്തരവാദികളാണ്. ബോട്ടിലുകൾ, പഴകിയ വസ്ത്രങ്ങൾ, ചെരുപ്പുകൾ, അറവ് മാലിന്യങ്ങൾ തുടങ്ങി എന്തും പുഴയിലേക്കും കുളത്തിലേക്കും വലിച്ചെറിയുന്ന സ്വഭാവം നമുക്ക് ഉണ്ട്. ഇത്തരം നിരുത്തരവാദപരമായ പ്രവർത്തികളിലൂടെയാണ് നമുക്ക് നമ്മുടെ ജലസ്രോത

മാലിന്യം മാത്രമല്ല, കയ്യേറ്റം, പുഴ സംരക്ഷണത്തിനു വേണ്ടി നട്ടുപിടിപ്പിച്ച മരങ്ങൾ പുഴയിലേക്കു തന്നെ വീണ് ഒഴുക്ക് തടസപ്പെടുന്ന അവസ്ഥ, വള്ളിപ്പടർപ്പും മരക്കഷ്ണങ്ങളുമൊക്കെയായി ചെറിയ ചെറിയ തുരുത്തുകളായി പുഴ വേർപ്പെട്ടു പോയ സ്ഥിതി അങ്ങനെ പലതരം തിരിച്ചടികളായിരുന്നു പൂനൂർ പുഴയ്ക്ക് നേരിടേണ്ടി വന്നത്. പൂനൂർ പുഴയുമായി ബന്ധപ്പെട്ട് ഉണ്ടാക്കിയിരിക്കുന്ന കുടിവെള്ള പദ്ധതികൾവരെ അപകടത്തിലായ അവസ്ഥ സംജാതമായിരുന്നു.

സുകളെ നഷ്ടപെടുന്നത്. ഇക്കാര്യങ്ങളിൽ തിരിച്ചറിവ് നൽകി ജില്ലയിൽ മൊത്തത്തിൽ ഒരു ശുചിത്വ ബോധവത്കരണം നടത്തുന്ന ഹരിത കർമസേന രൂപീകരിച്ചു പ്രവർത്തനം നടന്നുവരികയായിരുന്നു. ഇത്തരത്തിൽ ജനങ്ങളിൽ ഉണ്ടായ ശുചിത്വബോധത്തിൽ നിന്നാണ് പൂനൂർപുഴയുടെ വീണ്ടെടുക്കലും സാധ്യമാകുന്നത്.

പൂനൂർപുഴ സംരക്ഷണഫോറം, ഹരിതകേരളം മിഷൻ, ജില്ലാ ഭരണകൂടം, തദ്ദേശ ഭരണ സ്ഥാപനങ്ങൾ, സെന്റർ ഫോർ വാട്ടർ റിസോഴ്സ് ആൻഡ് മാനേജ്മെന്റ്, ശുചിത്വ മിഷൻ, മണ്ണ് ജല സംരക്ഷണ വകുപ്പ്, ജലവിഭവ വകുപ്പ്, മറ്റ് വിവിധ വകുപ്പുകൾ, നിറവ് വേങ്ങേരി, ശാസ്ത്രസാഹിത്യ പരിഷത്ത്, പുഴ സംരക്ഷണ സമിതികൾ എന്നിവ ചേർന്ന് നടപ്പിലാക്കി വരുന്ന പൂനൂർ പുഴ പുനരുജ്ജീവന പദ്ധതിയുടെ ഭാഗമായാണ് പൂനൂർ പുഴയെ പുതിയൊരു പുഴയായി ഒഴുക്കാനുള്ള പദ്ധതികളും പ്രവർത്തനങ്ങളും നടന്നു വരുന്നത്. തങ്ങളുടെ ലക്ഷ്യത്തിലേക്ക് അടുക്കുന്ന ഇവർ താത്കാലികമായി പുഴയിലെ മാലിന്യങ്ങൾ കളഞ്ഞ് ഒഴുക്ക് കൊണ്ടുവരികയല്ല, ദീർഘകാലത്തേക്ക് ഈ പുഴ, കോഴിക്കോടിന്റെ പ്രധാന ജലസ്രോതസ്സായി നിലനിർത്താനുള്ള പദ്ധതികളാണ് ആവിഷ്കരിക്കുന്നത്.

പൂനൂർ പുഴ സംരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഒരു വർഷത്തിനു മുന്നേ നടന്നുവരുന്നതാണ്. വിവിധ ഏജൻസികളുടെ നേതൃത്വത്തിൽ പുഴ സംരക്ഷണ നടപടികൾ 2018-ൽ ആരംഭിച്ചിരുന്നു. ജില്ലാ കളക്ടർ യു.വി. ജോസ് ഉൾപ്പെടെ പൂനൂർ പുഴ ഉത്ഭവിക്കുന്ന കട്ടിപ്പാറയിൽ നേരിട്ടിറങ്ങി മാലിന്യനിർമാർജന പ്രവർത്തനങ്ങൾ നടത്തിയിരുന്നു. എന്നാൽ പുഴ വീണ്ടും മലിനമാകുന്ന സാഹചര്യമാണ് ഉണ്ടായത്. മാലിന്യം മാത്രമല്ല, കയ്യേറ്റം, പുഴ സംരക്ഷണത്തിനു വേണ്ടി നട്ടുപിടിപ്പിച്ച മരങ്ങൾ പുഴയിലേക്കു തന്നെ വീണ് ഒഴുക്ക് തടസപ്പെടുന്ന അവസ്ഥ, വള്ളിപ്പടർപ്പും മരക്കഷ്ണങ്ങളുമൊക്കെയായി ചെറിയ ചെറിയ തുരുത്തുകളായി പുഴ വേർപ്പെട്ടു പോയ സ്ഥിതി അങ്ങനെ പലതരം തിരിച്ചടികളായിരുന്നു പൂനൂർ പുഴയ്ക്ക് നേരിടേണ്ടി വന്നത്. പൂനൂർ പുഴയുമായി ബന്ധപ്പെട്ട് ഉണ്ടാക്കിയിരിക്കുന്ന കുടിവെള്ള പദ്ധതികൾവരെ അപകടത്തിലായ അവസ്ഥ സംജാതമായിരുന്നു.

പൂനൂർ പുഴ സംരക്ഷണ ഫോറത്തിന്റെ അഭ്യർത്ഥന പ്രകാരം മണ്ണ് ജലസംരക്ഷണവകുപ്പ് പൂനൂർ പുഴ സംരക്ഷണം അവരുടെ പദ്ധതിയാക്കി ഏറ്റെടുത്തു. സെന്റർ ഫോർ വാട്ടർ റിസോഴ്സ് & മാനേജ്മെന്റ് കോഴിക്കോട് (സിഡബ്ല്യുആർഡിഎം) പൂനൂർപുഴയുമായി ബന്ധപ്പെട്ട് പഠനങ്ങൾ നടത്തിയിരുന്നു. ഈ രണ്ട് ഏജൻസികളുടേയും സഹകരണത്തോടെ ലോക ജല ദിനത്തോടനുബന്ധിച്ച് 2018 മാർച്ച് 22 നും 23 നും രണ്ട് സെമിനാറുകൾ പൂനൂരും കോഴിക്കോടുമായി ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചു. പുഴയൊഴുകുന്ന പ്രദേശങ്ങളിലെ ജനപ്രതിനിധികൾ, ബന്ധപ്പെട്ട വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, റസിഡന്റ്സ് അസോസിയേഷനുകൾ വിവിധ സംഘടനകളുടേയും സമിതികളുടെയും പ്രതിനിധികൾ തുടങ്ങിയവരെയൊക്കെ വിളിച്ചു ചേർത്തായിരുന്നു സെമിനാർ സംഘടിപ്പിച്ചത്. പൂനൂർ പുഴയെ ഒരു പുതിയ പുഴയാക്കി മാറ്റുന്നതിനുള്ള സമയബന്ധിതവും ദീർഘകാലാടിസ്ഥാനത്തിലുമുള്ള പ്രവൃത്തികളാണ് പിന്നീടുള്ള ദിവസങ്ങളിൽ നടന്നത്.

പൂനൂർ പുഴ സംരക്ഷണവുമായി ബന്ധപ്പെട്ട് പുഴയുടെ അതിരുകൾ തിരിച്ചറിയാൻ കഴിയാത്തവിധം കയ്യേറ്റങ്ങളും പുഴയരികുകൾ കയ്യേറി നിർമാണ പ്രവർത്തനങ്ങളും നടത്തിയിരുന്നു. ഇതെല്ലാം ഒഴിപ്പിച്ച് പുഴ വീണ്ടെടുക്കുന്ന പ്രവർത്തനം റവന്യു വകുപ്പിന്റെ സഹായത്തോടെ നടന്നുവരുന്നു.

തദ്ദേശഭരണസ്ഥാപനങ്ങളുടെ സഹായത്തോടെ റവന്യു വകുപ്പിന്റെ മേൽനോട്ടത്തിലാണ് സർവ്വേ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്.

ശുചിയാക്കിയ പുഴയിലേക്ക് വീണ്ടും മാലിന്യങ്ങൾ എത്താതിരിക്കുക എന്നതാണ് ഏറെ പ്രധാനം. പല

പ്പോഴും ഇതിന് കഴിയാതെ വരുമ്പോഴാണ് ശുചിയായ പുഴ വീണ്ടും മലിനമാകുന്നത്. പാലങ്ങളിൽ നിന്നാണ് പലരും മാലിന്യങ്ങൾ പുഴയിലേക്ക് വലിച്ചെറിയുന്നത്. ഇത് തടയാൻ വേണ്ടി ആളുകൾക്ക് പുഴയിലേക്ക് മാലിന്യങ്ങൾ എറിയാൻ കഴിയാത്ത വിധം ഇരുവശങ്ങളിലും നെറ്റ് കെട്ടി സംരക്ഷിക്കാനും നിരീക്ഷണ കാമറകൾ സ്ഥാപിക്കാനും തീരുമാനിച്ചു. പുഴ മലിനമാക്കുന്നതിനെതിരേ നിയമങ്ങൾ കർശനമാക്കി. ശുചിത്വ ബോധവത്കരണം നടത്തി. ശുചിത്വസാക്ഷരത നടപ്പിലാക്കാൻ ആരംഭിച്ചു. ജില്ലയിലെ ഓരോ വീടുകളിൽനിന്നും പത്തു വയസിനു മേലുള്ള ഒരു കുട്ടിയെ ഗ്രീൻ അംബാസിഡറാക്കി. അവർക്ക് മാലിന്യസംസ്കരണം, ശുചിത്വം എന്നിവയിൽ ബോധവത്കരണ ക്ലാസുകൾ നൽകി. വീടുകളിൽ ശുചിത്വം നിലനിർത്തൽ, മാലിന്യങ്ങൾ വലിച്ചെറിയാതിരിക്കേണ്ടതിന്റെ ആവശ്യകത എന്നിവയെക്കുറിച്ച് വീട്ടുകാർക്ക് മനസിലാക്കി കൊടുക്കാൻ ഈ കുട്ടികളെ നിയോഗിച്ചു.

ഇതിനോടൊപ്പം പുഴയുടെ വൃഷ്ടി പ്രദേശങ്ങൾ സംരക്ഷിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാൻ മണ്ണ് ജല സംരക്ഷണവകുപ്പ് ഏറ്റെടുത്തു. വെള്ളം ഭൂമിയിൽ കിനിഞ്ഞിറങ്ങിയാലേ പുഴയിൽ വെള്ളം നിറയൂ. ചെറു തോടുകളും മറ്റും കൃത്യമായി ശുചിയായി സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത എല്ലാവരും മനസിലാകാൻ ക്യാംപയിനുകൾ തീരുമാനിച്ചു.

## തുടർ പ്രവർത്തനം

അടിയന്തിരമായും ദീർഘകാലാടിസ്ഥാനത്തിൽ ചെയ്യേണ്ടതുമായ പ്രവർത്തികളുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ കർമപരിപാടിയുടെ കരട് തയ്യാറാക്കി. ഇതനുസരിച്ചുള്ള പ്രവർത്തനങ്ങൾ ഓരോരുത്തരും ഏറ്റെടുത്തു. പുഴയിൽ ഓരോയിടത്തായി കടവുകൾ സ്ഥാപിക്കുക, പുഴയോട്ചേർന്ന് വിശ്രമ കേന്ദ്രങ്ങൾ സജ്ജീകരിക്കുക, പുഴ സഞ്ചാരയോഗ്യമാക്കുക, കുടിവെള്ള സ്രോതസ്സുകൾ വിപുലമാക്കുക, നീന്തൽ സൗകര്യങ്ങൾ ഒരുക്കുക, തൊഴിലുറപ്പ് പ്രവർത്തകരെ ഉപയോഗിച്ച് പുഴയുടെ അരികുകളിൽ മുള, ഇല്ലി എന്നിവ വച്ചിപിടിപ്പിക്കുക തുടങ്ങിയവയാണ് ദീർഘകാല പദ്ധതികളായി ആവിഷ്കരിച്ചത്. 2018 ജൂൺ അഞ്ച് ലോക പരിസ്ഥിതി ദിനത്തിൽ പൂനൂർപുഴ പഴയ പ്രൗഢിയോടെ ഒരു പുതിയ പുഴയാക്കി മാറ്റുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ എല്ലാ വിഭാഗം ജനങ്ങളും ഒത്തുചേർന്ന് പ്രവർത്തിച്ചപ്പോൾ പുഴയുടെ വീണ്ടെടുപ്പ് വിഭാവനം ചെയ്തതിലും വിജയമായി.

> ഈ പുഴയുടെ പ്രാധാന്യം മനസ്സിലാക്കിയാണ് ഹരിതകേരളം മിഷൻ, ജില്ലാ ഭരണകൂടവും ഇതുമായി ബന്ധപ്പെട്ട എല്ലാ വകുപ്പുകൾ, സ്ഥാപനങ്ങൾ, സംഘടനകൾ, പൊതുജനങ്ങൾ എന്നിവരെ ഒരുമിപ്പിച്ച് ഒരു യജ്ഞമായി നടപ്പിലാക്കിയ പദ്ധതിയിൽ ഒരു നാടും മറ്റു സംവിധാനങ്ങളും ഒരുമിച്ചു നിന്നപ്പോൾ പൂനൂർ പുഴയെ ഒറ്റ ദിവസം കൊണ്ട് വൃത്തിയാക്കിയ ജനകീയ മാതൃകയിലൂടെ പുഴയെ സ്നേഹിക്കുന്നത് എങ്ങനെയാണെന്ന് മറ്റുള്ളവർക്ക് കാണിച്ചുകൊടുക്കുകയായിരുന്നു നാട്ടുകാർ.

നിലവിൽ പുഴയിൽ അടിഞ്ഞുകൂടിയ പ്ലാസ്റ്റിക്, അറവ് മാലിന്യങ്ങൾ, ഹോസ്പിറ്റൽ മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്യുകയും ഒഴുക്കിനെ തടസ്സപ്പെടുത്തികൊണ്ട് പുഴയിൽ വീണു കിടക്കുന്ന മരച്ചില്ലകൾ നീക്കം ചെയ്ത് ഒഴുക്ക് സുഗമമാക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. നിറവ് വേങ്ങേരിയുടെ നേതൃത്വത്തിൽ പുഴയിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്തു വരികയാണ്. ജനപ്രതിനിധികളും നാട്ടുകാരും കുട്ടികളുമടങ്ങിയവർ പുഴയിലിറങ്ങി പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ നീക്കം ചെയ്തു വരികയാണ്. പ്രയാസമേറിയ ഭാഗങ്ങളിൽ തോണി ഉപയോഗിച്ച് പുഴയിൽ തങ്ങിനിൽക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നു. പുഴയുടെ ഒഴുക്ക് തടസ്സപ്പെടുത്തി മാലിന്യങ്ങൾ വന്ന് അടിയാൻ കാരണമാകുന്ന മരച്ചില്ലകൾ നീക്കം ചെയ്യുന്ന പ്രവർത്തനങ്ങളും നടത്തി. ഹോസ്പിറ്റൽ

മാലിന്യങ്ങൾ, പ്ലാസ്റ്റിക് കുപ്പികൾ, ഉപയോഗശൂന്യമായ ചെരിപ്പ്, കളിപ്പാട്ടങ്ങൾ, തെർമോക്കോൾ എന്നിവ വന്നടിഞ്ഞ് ചെറു ദ്വീപുകളായ നിലയിലാണ് ചില ഭാഗങ്ങളിൽ മാലിന്യങ്ങളുള്ളത്. ഇവ നീക്കം ചെയ്യുന്നതിന് ഭഗീരഥ പ്രവർത്തനം തന്നെ ആവശ്യമാണ്. ജൈവ മാലിന്യങ്ങൾ കരയിൽ കുഴിച്ചുമൂടുകയും അജൈവ മാലിന്യങ്ങൾ ചാക്കിലാക്കി സൂക്ഷിച്ച് നീക്കം ചെയ്യുക എന്നതുമാണ് വിഭാവനം ചെയ്തിരിക്കുന്നത്. മണ്ണ് സംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ നീർത്തട വികസന പദ്ധതി രൂപീകരണം സാധ്യമായിവരുന്നു.

ജില്ലാ തലത്തിൽ ഹരിതകേരളംമിഷൻ ഈ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് നടപ്പിലാക്കുകയാണ്. മിഷൻ ചെയർപേഴ്സണായ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. ബാബു പറശ്ശേരി, മിഷൻ ചീഫ്കോർഡിനേറ്റർ കൂടിയായ ജില്ലാകലക്ടർ ശ്രീ. യു.വി ജോസ് ഐ.എ.എസ് എന്നിവർ വിവിധ പ്രവർത്തനങ്ങൾക്ക് മികച്ച പിന്തുണ നൽകി വരുന്നു. ഇതിന്റെ ഭാഗമായി നിരവധി യോഗങ്ങൾ, ശുചീകരണ യജ്ഞങ്ങൾ എന്നിവയിൽ പങ്കെടുക്കുകയും പുഴയുടെ വിവിധ ഭാഗങ്ങൾ സന്ദർശിച്ച് ഡോക്യുമെന്റേഷൻ നടത്തുകയും ചെയ്തിരുന്നു. കുന്നമംഗലം സി.ഡബ്ല്യു.ആർ.ഡി.എം പൂനൂർ പുഴ സംബന്ധിച്ച് ഒരു വിശദമായ പഠനം നടത്തികൊണ്ടിരിക്കുകയാണ്. ഇത്തരത്തിൽ വിവിധ സ്ഥാപനങ്ങൾ സംഘടനകൾ, വകുപ്പുകൾ, മിഷനുകൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ, ജനകീയ മുന്നേറ്റങ്ങൾ എന്നിവയെ കൂട്ടിയിണക്കി ഒരു സമഗ്ര പദ്ധതി രൂപീകരണമാണ് ഹരിതകേരള മിഷൻ ലക്ഷ്യമിടുന്നത്. പുഴയുടെ സർവ്വേ, അതിരുകളുടെ ജണ്ടയിടീൽ, കയ്യേറ്റങ്ങൾ ഒഴിപ്പിക്കൽ, ബോധവത്കരണം, വിപുലമായ ക്യാമ്പയിൻ, മലിനീകരണം നടത്തുന്ന ഉറവിടങ്ങളുടെ നിർണ്ണയം, വൃഷ്ടിപ്രദേശത്തെ നീർത്തട അടിസ്ഥാനത്തിലുള്ള മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ എന്നിവ കോർത്തിണക്കിയുള്ള സമഗ്രപദ്ധതിയാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

## ഉപസംഹാരം

14 പഞ്ചായത്തുകൾ, കൊടുവള്ളി മുനിസിപ്പാലിറ്റി, കോഴിക്കോട് കോർപ്പറേഷൻ എന്നിവയുടെ പരിധിയിലൂടെ 58.5 കിലോമീറ്റർ ഒഴുകുന്ന ജില്ലയിലെ ഒരു പ്രധാന ശുദ്ധജല സ്രോതസ്സായ പൂനൂർ പുഴയുടെ വീണ്ടെടുപ്പ് ഒരു നാടിന്റെ മൊത്തം ആവശ്യമാണ്. 45 ൽ അധികം ശുദ്ധജല പദ്ധതികൾ പൂനൂർ പുഴയിൽ ഉണ്ട്. അതിനാൽ ഈ പുഴയുടെ പ്രാധാന്യം മനസ്സിലാക്കിയാണ് ഹരിതകേരളം മിഷൻ, ജില്ലാ ഭരണകൂടവും ഇതുമായി ബന്ധപ്പെട്ട എല്ലാ വകുപ്പുകൾ, സ്ഥാപനങ്ങൾ, സംഘടനകൾ, പൊതുജനങ്ങൾ എന്നിവരെ ഒരുമിപ്പിച്ച് ഒരു യജ്ഞമായി നടപ്പിലാക്കിയ പദ്ധതിയിൽ ഒരു നാടും മറ്റു സംവിധാനങ്ങളും ഒരുമിച്ചു നിന്നപ്പോൾ പൂനൂർ പുഴയെ ഒറ്റ ദിവസം കൊണ്ട് വൃത്തിയാക്കിയ ജനകീയ മാതൃകയിലൂടെ പുഴയെ സ്നേഹിക്കുന്നത് എങ്ങനെയാണെന്ന് മറ്റുള്ളവർക്ക് കാണിച്ചുകൊടുക്കുകയായിരുന്നു നാട്ടുകാർ.

# പച്ചപ്പ് – പുഴ ശുചീകരണം

## വെണ്ണിയോട് പുഴ, ചെറുപുഴ, മുട്ടിൽപ്പുഴശുചീകരണം

ഹരിതകേരളം മിഷന്റെ ജലം ഉപമിഷന്റെ ഭാഗമായിവയനാട് ജില്ലയിലും മാതൃകാപരമായ ജലസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്. പുഴകളുടെയും തോടുകളുടെയും ശുചീകരണ പ്രവർത്തനങ്ങളാണ് സംഘടിപ്പിച്ചത്. ഇതിന്റെ ഭാഗമായി പ്രധാനപ്പെട്ട പുഴകളായ വെണ്ണിയോട് പുഴചെറുപുഴ, മുട്ടിൽപ്പുഴ എന്നിവയുടെ ഉത്ഭവസ്ഥാനം മുതൽ അവസാനം വരെശുചീകരിച്ച് നീരൊഴുക്ക് സുഗമമാക്കുന്ന പ്രവർത്തനങ്ങളാണ് ഏറ്റെടുത്തത്.

## ഏറ്റെടുക്കാനുണ്ടായ സാഹചര്യം

മാലിന്യങ്ങൾ കുമിഞ്ഞുകൂടി പായലും പോളയും നിറഞ്ഞ് വിഷപാമ്പുകളുടെ ആവാസകേന്ദ്രമായി മാറിയ പുഴയെ തിരിച്ചറിയാൻ കഴിയാത്ത അവസ്ഥയായിരുന്നു. പുഴയ്ക്ക് പുനർജന്മം നൽകണമെന്ന സാമൂഹികചിന്ത പഞ്ചായത്ത് ഭരണസമിതി ഏറ്റെടുത്തു. തൊഴിലുറപ്പ് മേഖലയിലെ മേറ്റുമാർ, കുടുംബശ്രീ പ്രവർത്തകർ കമ്മിറ്റി തീരുമാനത്തിന് ആവേശം പകർന്ന് പിന്തുണച്ചു ഒരു പുഴ അങ്ങനെ പുനർജനിക്കുകയായി.മാധ്യമങ്ങളും ദൃശ്യമാധ്യ

ഹരിതകേരളം മിഷൻ



**വെണ്ണിയോട് പുഴ**
*പുഴയുടെ നീളം*
**55 കിലോമീറ്റർ**
*നദീതട വിസ്തീർണ്ണം*
**20932 ഹെക്ടർ**

**ചെറുപുഴ**
*പുഴയുടെ നീളം*
**33 കിലോമീറ്റർ**
*നദീതട വിസ്തീർണ്ണം*
**9696 ഹെക്ടർ**

**മുട്ടിൽപ്പുഴ**
*പുഴയുടെ നീളം*
**31 കിലോമീറ്റർ**
*നദീതട വിസ്തീർണ്ണം*
**26073 ഹെക്ടർ**

മങ്ങളും ഈ വിജയഗാഥയ്ക്ക് വർണപ്പകിട്ടേകി ജനഹൃദയങ്ങളിലേക്ക് തെളിനീരുറവയായി പുഴ ഒഴുകിത്തുടങ്ങി.

## മുന്നൊരുക്കം

ഹരിത കേരളം മിഷന്റെ ജലം ഉപമിഷന്റെ ഭാഗമായി വയനാട് ജില്ലയിലും മാതൃകാപരമായ ജലസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2018 മെയ് 21-ന് കൽപ്പറ്റ നിയോജകമണ്ഡലം എം.എൽ.എ. ശ്രീ. സി.കെ. ശശീന്ദ്രന്റെ നേതൃത്വത്തിലുള്ള മണ്ഡലത്തിന്റെ സമഗ്രവികസനം ലക്ഷ്യമാക്കിയുള്ള പച്ചപ്പ് പദ്ധതിയുമായി സഹകരിച്ച് പുഴ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. സ്വാഭാവിക ജലസ്രോതസ്സുകൾ സംരക്ഷിച്ച് ജലസുരക്ഷ ഉറപ്പുവരുത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം.

## ചെയ്ത പ്രവർത്തനങ്ങൾ

പുഴകളുടെയും തോടുകളുടെയും ശുചീകരണ പ്രവർത്തനങ്ങളാണ് പച്ചപ്പ് പരിപാടിയുടെ ഭാഗമായി പ്രധാനമായും സംഘടിപ്പിച്ചത്. ഇതിന്റെ ഭാഗമായി പ്രധാനപ്പെട്ട പുഴകളായ വെണ്ണിയോട് പുഴ ചെറുപുഴ,



മുട്ടിൽപ്പുഴ എന്നിവയുടെ ഉത്ഭവസ്ഥാനം മുതൽ അവസാനം വരെ അതാതു ഗ്രാമപഞ്ചായത്തുകളുടെ നേതൃത്വത്തിലാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചത്.

പദ്ധതിയുടെ ഒന്നാം ഘട്ടത്തോടനുബന്ധിച്ച് മെയ് 21-ാം തീയതി രാവിലെ എട്ടുമണി മുതൽ 12 മണിവരെ "നാടിൻ ദാഹമകറ്റാൻ നാടൊന്നിച്ച്" നാലുമണിക്കൂർ എന്ന പേരിൽ ബഹുജന പങ്കാളിത്തത്തോടെയാണ് പരിപാടി സംഘടിപ്പിക്കപ്പെട്ടത്. കൽപ്പറ്റ പഴയ ബസ്സ്റ്റാന്റ് പരിസരത്തു ബഹു. എം.എൽ.എ. സി.കെ.ശശീന്ദ്രൻ പുഴശുചീകരണത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു.

വെങ്ങപ്പള്ളി, കോട്ടത്തറ, മുട്ടിൽ, വൈത്തിരി, പൊഴുതന, പടിഞ്ഞാത്തറ, കൽപ്പറ്റ നഗരസഭ, തരിയോട്, മേപ്പാടി, കണിയാമ്പറ്റ എന്നീ 10 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തോടുകളാണ് ശുചീകരിച്ചത്. 4744 പേരുടെ പങ്കാളിത്തത്തോടെ 90 കി.മീ. ദൂരമാണ് ശുചീകരണ പ്രവർത്തനങ്ങൾ നടന്നത്. കൽപ്പറ്റ, വൈത്തിരി മണ്ടമല തോടിലും നിരവധി മാലിന്യ പ്രശ്നങ്ങൾ നിലനിന്നിരുന്നു. വൈത്തിരി സ്വകാര്യ റിസോർട്ടിൽ നിന്നും പുഴയിലേക്ക് പുറംതള്ളിയ മാലിന്യങ്ങൾ ബഹു. കളക്ടറുടെ ശ്രദ്ധയിൽ പെടുകയും കർശന നിയമനടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നട്ടുകൊണ്ടുമുള്ള മുളവൽക്കരണം പ്രോത്സാഹിപ്പിച്ചുകൊണ്ടുള്ള പരിപാടികൾ സംഘടിപ്പിക്കും. അതിനായി ഹരിതകേരളം മിഷൻ ഒരുങ്ങിക്കഴിഞ്ഞു. വരുന്ന വരൾച്ച രൂക്ഷമാകുന്ന മാസങ്ങളിൽ വിവിധ പ്രദേശങ്ങൾ ലക്ഷ്യമാക്കിയുള്ള ജലസംരക്ഷണ ബോധവത്കരണക്യാമ്പുകൾ, മറ്റുള്ള ഏജൻസികളുടെ സഹകരണത്തോടുകൂടിയുള്ള കുളങ്ങളുടെ ശുചീകരണം എന്നിവ വരുംകാല പദ്ധതികളിൽപ്പെടുന്നു.



## ഗുണഫലങ്ങൾ

ആദ്യഘട്ട പ്രവർത്തനമെന്ന നിലയിൽ തോടുകൾ ശുചീകരിച്ച് നീരൊഴുക്ക് സുഗമമാക്കുന്ന പ്രവർത്തനങ്ങളാണ് ഏറ്റെടുത്തിരുന്നത്. പത്രമാധ്യമങ്ങളും ദൃശ്യമാധ്യമങ്ങളും ഈ വിജയഗാഥയ്ക്ക് വർണപ്പകിട്ടേകി. ജനഹൃദയങ്ങളിലേക്ക് തെളിനീരുറവയായി പുഴ ഒഴുകിതുടങ്ങി.

## തുടർ പ്രവർത്തനങ്ങൾ

പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നട്ടുകൊണ്ടുമുള്ള മുളവൽക്കരണം പ്രോത്സാഹിപ്പിച്ചുകൊണ്ടുള്ള പരിപാടികൾ സംഘടിപ്പിക്കും. അതിനായി ഹരിതകേരളം മിഷൻ ഒരുങ്ങിക്കഴിഞ്ഞു. വരുന്ന വരൾച്ച രൂക്ഷമാകുന്ന മാസങ്ങളിൽ വിവിധ പ്രദേശങ്ങൾ ലക്ഷ്യമാക്കിയുള്ള ജലസംരക്ഷണ ബോധവത്കരണക്യാമ്പുകൾ, മറ്റുള്ള ഏജൻസികളുടെ സഹകരണത്തോടുകൂടിയുള്ള കുളങ്ങളുടെ ശുചീകരണം എന്നിവ വരുംകാല പദ്ധതികളിൽപ്പെടുന്നു.

## ഉപസംഹാരം

ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ നേരിട്ട വെല്ലുവിളികളും അനുഭവങ്ങളും നിരവധിയാണ്. നാട്ടുകാർ നൽകുന്ന സഹകരണവുമായി ബന്ധപ്പെട്ടാണ്കൂടുതൽ അനുഭവങ്ങൾ. ചിലസ്ഥലങ്ങളിൽ ചെല്ലുമ്പോൾ നാട്ടുകാർതന്നെ മുന്നിൽനിന്നും നയിച്ച സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. ചിലയിടത്ത് ശുചീകരണ പ്രവർത്തനങ്ങൾ തടഞ്ഞ നാട്ടുകാർപോലും ഉണ്ടായി. എങ്കിലും നാടിന്റെ ഭാവി മുന്നിൽക്കണ്ട് തങ്ങളുടെ പ്രവർത്തനങ്ങൾ തുടരുമെന്ന് ആത്മവിശ്വാസത്തോടെ നാട്ടുകാർ പറയുന്നു.

# ജലസംഗമം

## കബനി പുനരുജ്ജീവനം

### പുഴയുടെ ചരിത്രം

വയനാടിന്റെ ജലസമ്പത്തിൽ ഗൗരവതരമായ ആഘാതങ്ങൾ സമ്മാനിച്ചാണ് പ്രളയം കുത്തിയൊലിച്ച് കടന്നുപോയത്. അതിജീവനത്തിന്റെഅടിവേരുകൾ പോലും കടപുഴകി. വയനാടിന്റെ ആവാസ വ്യവസ്ഥയെ ഒന്നാകെ അത് മാറ്റിമറിച്ചു എന്നുതന്നെ പറയേണ്ടിവരും.

വയനാടിന്റെ ജീവവായുവായ കബനി നദിയിലെ ജലവിതാനത്തിൽ പ്രളയശേഷം ഗണ്യമായ കുറവുണ്ടായിരിക്കുന്നു എന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. പ്രധാന ജലസ്രോതസ്സുകളുടെയും കൈവഴികളുടെയും സ്വാഭാവിക ഗതിയിൽ പ്രകടമായ മാറ്റങ്ങൾ വന്നു. പുഴകൾ പലതും ദിശമാറിയൊഴുകി. ചിലയിടത്ത് പാർശ്വവശങ്ങൾ ഇടിഞ്ഞും എക്കലും ചെളിയും നിറഞ്ഞും ഒഴുക്ക് നിലച്ചു. കബനീതീരങ്ങളിലെ കാർഷികവൃത്തി പ്രളയശേഷം നിർജീവമായി. 40 വർഷങ്ങൾക്കുമുമ്പ്വരെ തെക്കേ ഇന്ത്യയിലെ ഏറ്റവും വലിയ ശുദ്ധജല നീരൊഴുക്കുകളിലൊന്നായിരുന്ന കബനി, മരണത്തെ മുന്നിൽ കാണുന്ന സ്ഥിതിയെത്തി.

### ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ

ദക്ഷിണ ഭാരതത്തിലെ ഏറ്റവും വലിയ നദികളിലൊന്നായ കാവേരിയുടെ പോഷക നദികളിലൊന്നാണ്

ഹരിതകേരളം മിഷൻ



**കബനി നദീതട ഭൂപടം**
*നദിയുടെ നീളം*
**84 കിലോമീറ്റർ**
*നദീതട വിസ്തീർണ്ണം*
**192719 ഹെക്ടർ**

കബനി നദി. പശ്ചിമഘട്ട മലനിരകളിൽ നിന്നുത്ഭവിച്ച് വയനാട്ടിൽ മാനന്തവാടി പുഴയുടെയും പനമരം പുഴയുടെയുംസംഗമത്തിൽവച്ച് കബനിയെന്ന്അറിയപ്പെടുന്നു. തുടർന്ന് അതിർത്തി സംസ്ഥാനമായ കർണാടകത്തിലൂടെ കിഴക്കോട്ടൊഴുകി കാവേരി നദിയിൽ ലയിക്കുന്നു. ഏകദേശം 234 കിലോമീറ്ററോളം വ്യാപിച്ചു കിടക്കുന്ന കബനി കപിലനദിയെന്നും അറിയപ്പെടുന്നു. ഗിരിവർഗകൃഷി സംസ്കാരത്തേയും ജനജീവിതത്തെയും ചിട്ടപ്പെടുത്തുന്നതിൽ പ്രധാന പങ്കുവഹിക്കുന്ന ഈ നദിയാണ് വയനാടിന്റെ ജീവരക്തം.

## ഏറ്റെടുക്കാനുണ്ടായ സാഹചര്യം

കബനിയുടെ ഗതിവിഗതികളെ അറിഞ്ഞു ജീവിക്കുന്നവരാണ് വയനാട്ടുകാർ. ഇവിടുത്തെ കാർഷിക സംസ്കാരത്തിനും ജലസുസ്ഥിരതയ്ക്കും ആവോളം ശ്വാസം കൊടുക്കുന്നുണ്ട് കബനി. പ്രത്യേകിച്ചും വയനാടിന്റെ അതിർത്തി ഗ്രാമങ്ങളായ പുൽപ്പള്ളി മുള്ളൻകൊല്ലി പ്രദേശങ്ങൾക്ക്.

ഒരുകാലത്ത് ജലസമ്പുഷ്ടമായിരുന്ന കബനി, പിന്നീട് പതിയെവറ്റുന്ന കാഴ്ചയാണ് നമുക്ക് കാണാൻ സാധിക്കുന്നത്. ഈ നീരുറവ വീണ്ടെടുക്കാതെ വയനാടിന്റെ ജീവൻ തിരിച്ചുപിടിക്കാനാവില്ലെന്ന തിരിച്ചറിവിൽ



നിന്നാണ് പുഴ പുനരുജ്ജീവനം ആരംഭിക്കുന്നത്. പ്രളയാനന്തര വയനാടിന്റെ ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് അനിവാര്യതഏറുകയാണ് എന്ന തിരിച്ചറിവുതന്നെയാണ് പുനരുജ്ജീവന പ്രവർത്തനങ്ങൾക്കായി കബനിയെതിരഞ്ഞെടുക്കുവാനുള്ള പ്രധാന കാരണം.

## മുന്നൊരുക്കം

ഹരിതകേരളം മിഷന്റെ രണ്ടാം വാർഷികദിനമായ 2018 ഡിസംബർ 8-ന് "എല്ലാവരും ജലാശയങ്ങളിലേക്ക്" എന്ന മുദ്രാവാക്യവുമായി നടന്ന പുഴ പുനരുജ്ജീവന പ്രവർത്തനങ്ങളുടെ ഭാഗമായി, കബനിയുടെ കൈവഴികളാണ് ശുചീകരണ പുനരുജ്ജീവന പ്രവർത്തനങ്ങൾക്കായി തിരഞ്ഞെടുക്കപ്പെട്ടത്.

17 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽക്കൂടി ഒഴുകുന്ന കൈവഴികളായ തോടുകളിലും പുഴകളിലുമാണ് ബഹുജന പങ്കാളിത്തത്തോടെയുള്ള ആദ്യഘട്ട പുനരുജ്ജീവന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്.

ഇതിനു മുന്നോടിയായി 2018 ഡിസംബർ നാലാം തിയ്യതി വൈത്തിരി ഗ്രാമപഞ്ചായത്തിലെ നെലോളിയൻ പാറയിൽ നിന്ന് ഉത്ഭവിക്കുന്ന വൈത്തിരി തോട്ടിൽ വച്ച് എല്ലാ പഞ്ചായത്തുകളിലേയും കാലാവസ്ഥാ വ്യതിയാന വർക്കിങ് ഗ്രൂപ്പിൽ പെട്ട രണ്ടു അംഗങ്ങളെ വീതം

ഹരിതകേരളം മിഷന്റെ രണ്ടാം വാർഷികദിനമായ 2018 ഡിസംബർ 8-ന് "എല്ലാവരും ജലാശയങ്ങളിലേക്ക്" എന്ന മുദ്രാവാക്യവുമായി നടന്ന പുഴ പുനരുജ്ജീവന പ്രവർത്തനങ്ങളുടെ ഭാഗമായി, കബനിയുടെ കൈവഴികളാണ് ശുചീകരണ പുനരുജ്ജീവന പ്രവർത്തനങ്ങൾക്കായി തിരഞ്ഞെടുക്കപ്പെട്ടത്. 17 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽക്കൂടി ഒഴുകുന്ന കൈവഴികളായ തോടുകളിലും പുഴകളിലുമാണ് ബഹുജന പങ്കാളിത്തത്തോടെയുള്ള ആദ്യഘട്ട പുനരുജ്ജീവന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്.



പങ്കെടുപ്പിച്ചുകൊണ്ട് ഒരു മാതൃകാ പുഴപഠനം സംഘടിപ്പിച്ചിരുന്നു. തോടിന്റെ ഉത്ഭവംതൊട്ട് പ്രധാന പുഴയിൽ ലയിക്കുന്നതു വരെയുള്ള രണ്ടരകിലോമീറ്റർ പ്രദേശം വിവിധ വിഷയങ്ങൾക്കു പഠനവിധേയമാക്കി. ഈ പരിശീലനത്തിന്റെ അടിസ്ഥാനത്തിലാണ് ഡിസംബർ 8 ന്, 17 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചത്.

## ചെയ്ത പ്രവർത്തനങ്ങൾ

മാനന്തവാടി മുനിസിപ്പാലിറ്റിയിലെ പഞ്ചായംകൊല്ലി തോടിൽ ബഹു. തുറമുഖമ്യൂസിയം പുരാവസ്തുവകുപ്പ് മന്ത്രി ശ്രീ. കടന്നപ്പള്ളി രാമചന്ദ്രനും പൊഴുതന ഗ്രാമപഞ്ചായത്തിലെ അമ്മാറ തോടിൽ കൽപ്പറ്റ നിയോജക മണ്ഡലം എം.എൽ.എ. ശ്രീ. സി.കെ. ശശീന്ദ്രനും പുനരുജ്ജീവന പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തു.

15 പഞ്ചായത്തുകളിലും മൂന്ന് നഗരസഭകളിലുമായി നടന്ന പ്രവർത്തനങ്ങളിൽ കുടുംബശ്രീ പ്രവർത്തകർ, തൊഴിലുറപ്പു തൊഴിലാളികൾ, സ്കൂൾകോളജ് വിദ്യാർഥികൾ, രാഷ്ട്രീയ സാമൂഹികസാംസ്കാരിക പ്രതിനിധികൾ തുടങ്ങിയവർ പങ്കാളികളായി. ആകെ 4058 പേർ ബഹുജന ശുചീകരണയജ്ഞത്തിൽ പങ്കാളികളായി. 49.6 കിലോമീറ്റർ നീളത്തിൽ ശുചീകരണ പ്രവർത്തനങ്ങളും 5 കിലോമീറ്റർ നീളത്തിൽ പുഴ നടത്തവും സംഘടിപ്പിച്ചു.

ജില്ലയിലെ ഏറ്റവും കൂടുതൽ വരൾച്ചാ ബാധിതമേഖലകളായ പുൽപ്പള്ളി, മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തുകളിൽ നടന്ന പുനരുജ്ജീവന പ്രവർത്തനങ്ങൾ ഏറെ ശ്രദ്ധേയമായിരുന്നു. സ്കൂൾകോളജ് വിദ്യാർഥികളടക്കം 650 പേർ പങ്കാളികളായി.

കോട്ടത്തറ പഞ്ചായത്തിലെ കുഴിവയൽ തോടിൽ ജനപ്രതിനിധികളും കുടുംബശ്രീ പ്രവർത്തകരുംതൊഴിലുറപ്പു പ്രവർത്തകരും നിർമിച്ച ജൈവ തടയണകൾ തോടിനു സമീപത്തെ കൃഷിക്ക് ഏറെ സഹായകരമാകുന്ന തരത്തിലുള്ളതായി.

വെള്ളമുണ്ട പഞ്ചായത്തിലെ വെട്ടുതോടിന്റെ ഏഴു കിലോമീറ്റർ ദൂരം പാർശ്വവശങ്ങൾ വൃത്തിയാക്കിയും നീരൊഴുക്ക് സുഗമമാക്കിയും നടത്തിയ പ്രവർത്തനങ്ങൾ ശ്രദ്ധിക്കപ്പെട്ടത് പ്രളയത്തിൽഒഴുക്ക് നഷ്ടപ്പെട്ട തോടിന്റെ പുനരുജ്ജീവന ശ്രമങ്ങളിലൂടെയാണ്. 700 പേർ ഇവിടെ പങ്കാളികളായി.

എം.ജി.എൻ.ആർ.ഇ.ജി.എ, റവന്യൂ, ഫിഷറീസ്, ആരോഗ്യവകുപ്പ്, ഗ്രാമവികസനവകുപ്പ്, തദ്ദേശസ്വയം

ജില്ലയിലെ ഏറ്റവും കൂടുതൽ വരൾച്ചാ ബാധിതമേഖലകളായ പുൽപ്പള്ളി, മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തുകളിൽ നടന്ന പുനരുജ്ജീവന പ്രവർത്തനങ്ങൾ ഏറെ ശ്രദ്ധേയമായിരുന്നു. സ്കൂൾ കോളജ് വിദ്യാർഥികളടക്കം 650 പേർ പങ്കാളികളായി. മുദ്ധള്ളി തോട്ടിൽ നിന്നും താല്ക്കാലിക ജൈവ തടയണയും സമീപത്തെ കൃഷിക്ക് ഉപയുക്തമാകുന്ന രീതിയിലായിരുന്നു. കോട്ടത്തറ പഞ്ചായത്തിലെ കുഴിവയൽ തോടിൽ ജനപ്രതിനിധികളും കുടുംബശ്രീ പ്രവർത്തകരുംതൊഴിലുറപ്പു പ്രവർത്തകരും നിർമിച്ച ജൈവ തടയണകളും തോടിനു സമീപത്തെ കൃഷിക്ക് ഏറെ സഹായകരമാകുന്ന തരത്തിലുള്ളതായിരുന്നു.

ഭരണവകുപ്പ്, കുടുംബശ്രീ, ശുചിത്വമിഷൻ, ചെറുകിട ജലസേചനം തുടങ്ങിയസർക്കാർവകുപ്പുകളുടെ പങ്കാളിത്തവുംഏറെ ശ്രദ്ധേയമായിരുന്നു.

| ക്രമ നം. | പഞ്ചായത്ത്/നഗരസഭ കി.മീ. | ദൂരം. (എണ്ണം) | പങ്കാളിത്തം | പ്രവർത്തനം |
|---|---|---|---|---|
| 1. | ബത്തേരി നഗരസഭ കരുവള്ളിക്കുന്ന്തോട് | 2.5 | 150 | ശുചീകരണം |
| 2 | കല്പറ്റ നഗരസഭ നഗരസഭ മുണ്ടേരി തോട് | 0.3 | 150 | ശുചീകരണം |
| 3 | മാനന്തവാടി നഗരസഭ വരടിമൂല ചെറ്റപ്പാലം തോട് | 1 | 42 | ശുചീകരണം |
| 4 | പുൽപ്പള്ളി മുദ്ദള്ളിതോട് | 2 | 450 | ജൈവതടയണ ശുചീകരണം |
| 5 | മുള്ളൻകൊല്ലി മുദ്ദള്ളി | 2 | 200 | പുഴനടത്തം (3.11.2018) ശുചീകരണം (8.12.2018) |
| 6 | വൈത്തിരി വട്ടപ്പാറ കരിമ്പിൽചാൽ തോട് | 8 | 300 | പുഴനടത്തം (4.11.2018) ശുചീകരണം (8.12.2018) |
| 7 | പനമരം കുടിയോംവയൽതോട് | 4 | 40 | പുഴനടത്തം |
| 8 | പൊഴുതന അമ്മാറ തോട് | 4 | 800 | ശുചീകരണം |
| 9 | അമ്പലവയൽ കോട്ടൂർതോട് | 4.4 | 50 | ശുചീകരണം |
| 10 | പൂതാടി നരസിപ്പുഴ (7 വാർഡുകൾ) | 10 | 180 | പുഴനടത്തം ശുചീകരണം |
| 11 | നെൻമേനി കണ്ണോംതോട് | 1 | 256 | ശുചീകരണം |
| 12 | തിരുനെല്ലിതോട് പുഴവയൽ | 3.5 | 300 | ശുചീകരണം |
| 13 | തവിഞ്ഞാൽ തലപ്പുഴ കമ്പിപ്പാറ | 1.5 | 200 | ശുചീകരണം |
| 14 | വെള്ളമുണ്ട വെട്ടുകാട് | 7 | 200 | ശുചീകരണം |
| 15 | കോട്ടത്തറ കുഴിവയൽത്തോട് | | 200 | തടയണ |
| 16 | നൂൽപ്പുഴ നമ്പിക്കൊല്ലി കല്ലൂർപ്പുഴ | | 64 | ചെക്ഡാം |
| 17 | വെങ്ങപ്പള്ളി വടക്കേവീട് മുത്താച്ചിക്കുണ്ട് തോട് | 2.4 | 63 | ശുചീകരണം |



## ഗുണഫലങ്ങൾ

ശുചീകരണ പുനരുജ്ജീവന പ്രവർത്തനങ്ങൾ നടന്ന 17 തോടുകളുടേയും സമീപപ്രദേശങ്ങളിലെ കാർഷിക മേഖലകളിൽ സുഗമമായ ജലവിനിയോഗത്തിനും ജലസ്രോതസ്സുകളുടെ തന്നെ സ്വാഭാവിക ജലവിതാനത്തിനും വഴിയൊരുക്കിയിട്ടുണ്ട് എന്നത് ഈ പ്രവർത്തനങ്ങളുടെയാകെ ഭൗതിക നേട്ടത്തിനും കാരണമായിട്ടുണ്ട്.

പ്രളയാനന്തര വയനാടിന്റെ ജലസുരക്ഷയ്ക്കായി ഡിസംബർ 8 ന് "എല്ലാവരുംജലാശയങ്ങളിലേക്ക്" എന്ന ആശയവുമായി വയനാട് ഉണർന്നപ്പോൾ, ഒരിടവേളയ്ക്കുശേഷം നിശ്ചലമായ താളവും തെളിമയും വീണ്ടെടുത്തത് കബനി വീണ്ടും ഒഴുകിത്തുടങ്ങിയിരിക്കുന്നു.

## തുടർപ്രവർത്തനങ്ങൾ

പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി പരിസ്ഥിതി ദിനത്തോടനുബന്ധിച്ച്വൃക്ഷത്തൈ നട്ടുകൊണ്ടുമുള്ളമുളവൽക്കരണം പ്രോത്സാഹിപ്പിച്ചുകൊണ്ടുള്ള പരിപാടികൾ സംഘടിപ്പിക്കും. അതിനായിഹരിതകേരളം മിഷൻ ഒരുങ്ങിക്കഴിഞ്ഞു. വരൾച്ച രൂക്ഷമാകുന്ന മാസങ്ങളിൽവിവിധ പ്രദേശങ്ങൾ ലക്ഷ്യമാക്കിയുള്ള ജലസംരക്ഷണ ബോധവത്കരണക്യാമ്പുകൾ, മറ്റുള്ള ഏജൻസികളുടെ സഹകരണത്തോടുകൂടിയുള്ള കുളങ്ങളുടെ ശുചീകരണം എന്നിവ വരുംകാല പദ്ധതികളിൽപ്പെടുന്നു.

## ഉപസംഹാരം

ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ നേരിട്ട വെല്ലുവിളികളും അനുഭവങ്ങളും നിരവധിയാണ്. നാട്ടുകാർ നൽകുന്ന സഹകരണവുമായി ബന്ധപ്പെട്ടാണ് കൂടുതൽ അനുഭവങ്ങൾ. ചിലസ്ഥലങ്ങളിൽ ചെല്ലുമ്പോൾ നാട്ടുകാർതന്നെ മുന്നിൽനിന്നും നയിച്ച സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. ചിലയിടത്ത് ശുചീകരണ പ്രവർത്തനങ്ങൾ തടഞ്ഞ ചിലർ ഉണ്ടായി. എങ്കിലും നാടിന്റെ ഭാവി മുന്നിൽക്കണ്ട് തങ്ങളുടെ പ്രവർത്തനങ്ങൾ തുടരുമെന്ന് ആത്മവിശ്വാസത്തോടെ നാട്ടുകാർ പറയുന്നു.

# പായം ഗ്രാമപഞ്ചായത്ത്

## പുഴയുടെ ചരിത്രം

കണ്ണൂർ ജില്ലയിലെ കിഴക്ക് വടക്ക് ഭാഗത്തായി കർണാടക കൂർഗ് വനാതിർത്തിയോട് ചേർന്ന് കിടക്കുന്ന പായം ഗ്രാമപഞ്ചായത്ത് തീർത്തും ഒരു കാർഷിക ഗ്രാമമാണ്. കർണാടക കൂർഗ് വനാതിർത്തിയിൽ നിന്നും ഒഴുകി വരുന്ന ബാരാപുഴയും വയനാടൻ വനമേഖലയിൽ നിന്ന് ഒഴുകി വരുന്ന ബാവലിപ്പുഴയും പായം ഗ്രാമപഞ്ചായത്തിലൂടെ നിറുകയിലൂടെ ഒഴുകി ഇരിട്ടി പോലീസ് സ്റ്റേഷന് മുൻപിൽ സംഗമിച്ച് പെരുമ്പറമ്പ് വഴി പഴശ്ശി ഡാമിലേക്കും തുടർന്ന് വളപട്ടണം പുഴയിലേക്കും ലയിക്കുന്നു.

## ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ

ജനസംഖ്യയിൽ മഹാഭൂരിപക്ഷവും ഇടത്തര കർഷകരും സാധാരണക്കാരുമായുള്ള ഗ്രാമപഞ്ചായത്താണ് പായം. വിളമന എന്നീ രണ്ട് വില്ലേജുകൾ ഉൾപ്പെടുന്ന ഈ പഞ്ചായത്തിൽ ഏകദേശം 28781 ജനസംഖ്യയാണുള്ളത്. പായം റവന്യൂ വില്ലേജിന്റെ ഭാഗമായി വരുന്ന സമതലപ്രദേശങ്ങളും വിളമന റവന്യൂ വില്ലേജിന്റെ ഭാഗമായി വരുന്ന മലമ്പ്രദേശങ്ങളും ഉൾപ്പെടുന്ന പഞ്ചായത്തിൽ 1927.44 ഹെക്ടർ സ്ഥലം സമതലങ്ങളും 1772.86 ഹെക്ടർ സ്ഥലം മലഞ്ചെരിവുകളും 2541.7 ഹെക്ടർ സ്ഥലം കുന്നുകളുമാണ്. ബാരാപുഴയും ബാവലിപ്പുഴയും കൂടാതെ നിരവധി തോടുകളും അരുവികളും കുളങ്ങളും കൊ

ണ്ട് സമ്പന്നമാണ് പായം ഗ്രാമപഞ്ചായത്ത്.

ഒരേക്കറോളം വിസ്തൃതിയിൽ വ്യാപിച്ച് കിടക്കുന്ന നരിമട കുളവും അരയേക്കർ വിസ്തൃതിയിൽ കിടക്കുന്ന കോളിക്കടവ് രുതിരക്കുളവും പഞ്ചായത്തിന്റെ ജലഭൂപടത്തിൽ പ്രധാന സ്ഥാനത്തുണ്ട്.

## ഏറ്റെടുക്കാനുണ്ടായ സാഹചര്യം

ജലസമ്പത്ത്കൊണ്ട് അനുഗ്രഹീതമായ പായം ഗ്രാമപഞ്ചായത്തിലെ നദികളും നീർച്ചാലുകളും കുറച്ച് വർഷങ്ങളായി വറ്റിവരളാൻ തുടങ്ങിയിരുന്നു. ഈയൊരു സന്നിഗ്ദ്ധഘട്ടത്തിൽ ഹരിതകേരളമിഷൻ ഒരു പുതുദിശാബോധമാണ് കേരളീയർക്ക് സമ്മാനിച്ചത്. ജലസംരക്ഷണ പ്രവർത്തനങ്ങളുടെ വിജയം ജനകീയ ബോധവൽകരണത്തിലൂടെ മാത്രമെ സാധ്യമാകൂ എന്ന തിരിച്ചറിവിൽ ഈ ജനമുന്നേറ്റത്തിനാണ് പഞ്ചായത്ത് ആദ്യഘട്ടത്തിൽ തുടക്കം കുറിച്ചത്.

## മുന്നൊരുക്കം

കണ്ണൂർ ജില്ലാ പഞ്ചായത്ത് സംഘടിപ്പിച്ച ജില്ലാ ജലപാർലമെന്റിന്റെ മാതൃകയിൽ പഞ്ചായത്തിൽ 14.08.2017 ന് 500 ൽപരം ആളുകൾ പങ്കെടുത്ത് ജലപാർലമെന്റ് സംഘടിപ്പിച്ചു. പഞ്ചായത്ത് അംഗങ്ങൾ വാർഡ് വികസന സമിതി അംഗങ്ങൾ, അയൽസഭ ഭാരവാഹികൾ, കുടുംബശ്രീ പ്രവർത്തകർ, ഹരിത കർമ്മസേനാംഗങ്ങൾ, ക്ലബ്ബ്, വായനശാല, ഗ്രന്ഥശാല ഭാരവാഹികൾ, റിട്ടയേർഡ് ഉദ്യോഗസ്ഥർ, വിവിധ യുവജന രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ എന്നിവർ പങ്കെടുത്ത ഈ ജലപാർലമെന്റിൽ ജലസംരക്ഷണ പ്രവർത്തനത്തിന് പുതിയ ദിശാബോധം ലഭിച്ചു. തുടർന്ന് എല്ലാ വാർഡുകളിലും 'ഒരു തുള്ളി ഒരു ജീവൻ' എന്ന മുദ്രാവാക്യം ഉയർത്തി 'ജലസംരക്ഷണത്തിനായി ഗ്രാമസഭകൾ' ചേർന്നു.

## ചെയ്ത പ്രവർത്തനങ്ങൾ

ഹരിതകേരള മിഷൻ ദിനമായ 2016 ഡിസംബർ 8 ന് 2400-ൽ പരം ആളുകളെ അണിനിരത്തി പൂർണ്ണമായും സന്നദ്ധ പ്രവർത്തനത്തിലൂടെ താൽകാലിക തടയണകൾ നിർമ്മിച്ചു. ജനകീയ വിദ്യാഭ്യാസത്തിന്റെ ഭാഗമായി പുതുതലമുറയെ കർമ്മനിരതരാക്കാൻ സ്കൂൾ വിദ്യാർത്ഥികളെയും ഈ പ്രവർത്തനത്തിൽ അണിനിരത്തി. ജനകീയ ഇടപെടലിന്റെ മറ്റൊരു മുഖം തുറന്നുകൊണ്ട് കേരളപിറവി ദിനമായ 2017 നവംമ്പർ 1 ന് 2600-ൽ പരം ജനങ്ങളെ അണിനിരത്തി 1682 മീറ്റർ ദൈർഘ്യത്തിൽ ചെങ്കുത്തായ പറമ്പിൽ തട്ട്തിരിക്കുകയും 870 ലധികം മഴക്കുഴികൾ നിർമ്മിക്കുകയും ചെയ്തു. തൊഴിലുറപ്പ് പദ്ധതി കൂലി നിരക്ക് നോക്കിയാൽ മാത്രം ഈ ഒറ്റ ദിവസം സൗജന്യമായി 4,63,681/- രൂപയുടെ ആസ്തി സൃഷ്ടിക്കുവാൻ കഴിഞ്ഞു. ഈ ജനകീയ പ്രവൃത്തിയുടെ ഉദ്ഘാടനം ബഹു. കണ്ണൂർ ജില്ല പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ വി സുമേഷ് നിർവ്വഹിച്ചു.

2017 ഡിസംബർ 8 ന് ഹരിത കേരളം ദിനത്തിൽ 2350 പേർ അണിനിരന്ന് 1650 മഴക്കുഴികൾ നിർമ്മിക്കുവാനും 2500 മീറ്റർ നീളത്തിൽ പറമ്പിൽ തട്ട് തിരിക്കാനും കഴിഞ്ഞു. 2017 ഡിസംബറിൽ തന്നെ തോടുകളിൽ 450 താൽകാലിക തടയണകൾ നിർമ്മിച്ചു. 2018 ഡിസംബർ 8 ന് ഹരിത കേരളം ദിനത്തിന്റെ ഭാഗമായി 2242 ആളുകൾ പങ്കെടുത്ത് 32 തോടുകളിലായും 2 പുഴകളിലായും 500-ൽ പരം താൽകാലിക തടയണകൾ നിർമ്മിച്ചതിലൂടെ ഒഴുകി പോകുന്ന ഏകദേശം 5 കോടി ലിറ്റർ വെള്ളം തടയണകളിൽ സംഭരിക്കുന്നതിന് കഴിഞ്ഞു. ഇതിന്റെ ഫലമായി തോടുകളിൽ ഇപ്പോഴും വെള്ളം നിറഞ്ഞ് നിൽക്കുന്നത് കാണാം.

ജലസംരക്ഷണ പ്രവർത്തനത്തിന്റെ ഭാഗമായി ജനകീയ ഇടപെടൽ കൂടാതെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പെയ്യുന്ന മഴവെള്ളം മണ്ണിലേക്ക് ഇറക്കി വിടുന്നതിനായി 2016-17 സാമ്പത്തിക വർഷം 38,000 എണ്ണവും 2017-18 ൽ 45000 എണ്ണവും, 2018-19-ൽ 49000 എണ്ണവും ഉൾപ്പെടെ മൂന്ന്

വർഷം കൊണ്ട് 1,32,000 മഴക്കുഴികൾ നിർമ്മിച്ചു. വിവിധ നീർത്തട പ്രദേശങ്ങളിലായി 1.20 മീറ്റർ നീളത്തിലും 1 മീറ്റർ വീതിയിലും 1 മീറ്റർ ആഴത്തിലും നിർമ്മിച്ച ഒരു മഴക്കുഴിയിൽ വർഷകാലങ്ങളിൽ ശരാശരി 1200 ലിറ്റർ വെള്ളം സംഭരിക്കപ്പെടുന്ന സ്ഥിതിയിൽ ആകെ മഴക്കുഴിയിൽ ശരാശരി ഒരു ദിവസം 15.84 കോടി ലിറ്റർ മഴവെള്ളം ഭൂമിയിൽ സംഭരിക്കപ്പെടുന്നു. ഇത്തരത്തിൽ ഒരു വർഷക്കാലം ശരാശരി 60 ദിവസമെങ്കിലും മഴക്കുഴികൾ നിറയുമെന്ന് കണക്കാക്കിയാൽ ഒഴുകിപ്പോകുമായിരുന്ന 950.40 കോടി ലിറ്റർ മഴവെള്ളം ഭൂമിയിൽ സംഭരിക്കപ്പെടുന്നു എന്നത് എടുത്ത് പറയത്തക്ക നേട്ടമാണ്.

കൂടാതെ തൊഴിലുറപ്പ് പദ്ധതിയിൽ തന്നെ 2016-17-ൽ 16,000 മീറ്റർ, 2017-18-ൽ 18,600 മീറ്റർ, 2018-19-ൽ 22,400 മീറ്റർ അടക്കം ആകെ 55,000 മീറ്റർ നീളത്തിൽ ചെങ്കുത്തായ സ്ഥലങ്ങളിൽ തട്ട് തിരിച്ച് പ്രവർത്തനം നടത്തി ഒഴുകി വരുന്ന മഴവെള്ളം തടഞ്ഞ് നിർത്തി ഭൂമിയിലേക്ക് ഇറക്കി വിടുന്നതിന് സാധിച്ചു. 3.6 ചതുരശ്ര മീറ്റർ തട്ട് തിരിച്ച സ്ഥലത്ത് 360 ലിറ്റർ വെള്ളം സംഭരിക്കപ്പെടും. ഇത്തരത്തിൽ ചെയ്ത 66,000 ചതുരശ്ര മീറ്ററിൽ സംഭരിക്കപ്പെടുന്ന 66 ലക്ഷം ലിറ്റർ ജലം ഭൂമിയിലേക്ക് നേരിട്ട് ഇറങ്ങി ഭൂഗർഭ ജലവിതാനത്തിന്റെ തോതിൽ വർദ്ധനവ് ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇതോടൊപ്പം 2016-17 ൽ 1,200 മീറ്ററും, 2017-18 ൽ 250 മീറ്ററും, 2018-19 ൽ 600 മീറ്ററും നീളത്തിൽ കല്ല് കയ്യാലകൾ നിർമ്മിച്ചു.

മഴവെള്ള സംഭരണത്തിന്റെ ഉദാത്ത മാതൃകയാണ് റൂഫ് വാട്ടർ ഹാർവെസ്റ്റ് എന്ന മേൽകൂര മഴവെള്ള സംഭരണം. മേൽകൂരയിൽ നിന്ന് ഒഴുകി പോകുന്ന മഴവെള്ളത്തെ സംഭരിക്കുന്ന പ്രവർത്തനം നമ്മുടെ പഞ്ചായത്തിൽ വളരെ ജാഗ്രതയോടെയാണ് നടപ്പിലാക്കി വരുന്നത്. തുടക്കത്തിൽ നീർത്തട പദ്ധതി മുഖേന നടപ്പിലാക്കിയ കിണർ റീചാർജ്ജിംഗ് പദ്ധതി പിന്നീട് തൊഴിലുറപ്പ് പദ്ധതിയിലൂടെയും നടപ്പിലാക്കി. കൂടാതെ പുതുതായി നിർമ്മിക്കുന്ന 1000 ചതുരശ്ര അടിയുള്ള കെട്ടിടങ്ങൾക്ക് മഴവെള്ള സംഭരണി നിർബന്ധമാക്കിയതോടുകൂടി ഈ പ്രവർത്തനത്തിലും സാധ്യത കൈവന്നു. 480 കിണറുകളാണ് ഇതിനകം റീചാർജ്ജ് ചെയ്തത്. തനത് വർഷത്തെ മഴലഭ്യതയുടെ തോത് എടുത്താൽ 1000 ചതുരശ്ര അടി വിസ്തീർണമുള്ള കെട്ടിടത്തിൽ നിന്നും ശരാശരി 3 ലക്ഷം ലിറ്റർ വെള്ളം എന്ന കണക്കിൽ 480 കിണർ





റീച്ചാർജ്ജിങ്ങിലൂടെ 14.40 കോടി ലിറ്റർ മഴവെള്ളം സംഭരിക്കപ്പെട്ടു എന്നുള്ളത് എടുത്ത് പറയത്തക്കതാണ്. 2019 മെയ്-ജൂൺ മാസങ്ങളിലായി തൊഴിലുറപ്പ് പദ്ധതിയിൽ മാടത്തിൽ വാർഡിലെ 320 വീടുകളിലെ മുഴുവൻ കിണറുകളും റീചാർജ്ജ് ചെയ്തുകൊണ്ട് ഇക്കാര്യത്തിൽ മാടത്തിൽ വാർഡിനെ മാതൃകാവാർഡാക്കുന്നതിനും, മറ്റ് 17 വാർഡുകളിലും 100 വീതം കിണറുകൾ റീചാർജ്ജ് ചെയ്ത് അങ്ങനെ ഈ വർഷം 2000 കിണറുകളും കിണർ റീചാർജ്ജ് ചെയ്യാനുമുള്ള പദ്ധതിക്ക് തുടക്കം കുറിച്ചിരിക്കുകയാണ്.

കഴിഞ്ഞ 2 വർഷമായി പഞ്ചായത്തിൽ കുഴൽകിണർ നിർമ്മാണത്തിന് ശക്തമായ നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുകയാണ്. പഞ്ചായത്ത് അനുമതിയില്ലാതെ കുഴൽക്കിണർ കുഴിക്കുന്നവരിൽ നിന്നും പിഴ ഈടാക്കുന്ന നടപടിയും സ്വീകരിച്ചു. ഇതോടൊപ്പം കുടിവെള്ളം ലഭ്യമാകാത്ത കുടുംബങ്ങൾക്ക് തൊഴിലുറപ്പ് പദ്ധതി മുഖേന കിണർ കുഴിച്ചു കൊടുക്കുന്ന പദ്ധതിയും സമാന്തരമായി ആരംഭിച്ചു. തൊഴിലുറപ്പ് പദ്ധതിയിൽ ഇതിനെതിരെയായി മഹാഭൂരിപക്ഷം വനിതാ തൊഴിലാളികൾ പങ്കെടുത്തുകൊണ്ട് 162 കിണറുകൾ കുഴിച്ചുകൊടുക്കുവാൻ സാധിച്ചു എന്നത് അഭിമാനത്തോടെ കാണുകയാണ്. പുതുതായി 6 കുളങ്ങൾ നിർമ്മിക്കുന്നതിനും 12 കുളങ്ങൾ നവീകരിക്കുന്നതിനും സാധിച്ചു.

തനത് വർഷത്തെ മഴലഭ്യതയുടെ തോത് എടുത്താൽ 1000 ചതുരശ്ര അടി വിസ്തീർണമുള്ള കെട്ടിടത്തിൽ നിന്നും ശരാശരി 3 ലക്ഷം ലിറ്റർ വെള്ളം എന്ന കണക്കിൽ 480 കിണർ റീച്ചാർജ്ജിങ്ങിലൂടെ 14.40 കോടി ലിറ്റർ മഴവെള്ളം സംഭരിക്കപ്പെട്ടു എന്നുള്ളത് എടുത്ത് പറയത്തക്കതാണ്. 2019 മെയ് - ജൂൺ മാസങ്ങളിലായി തൊഴിലുറപ്പ് പദ്ധതിയിൽ മാടത്തിൽ വാർഡിലെ 320 വീടുകളിലെ മുഴുവൻ കിണറുകളും റീചാർജ്ജ് ചെയ്തുകൊണ്ട് ഇക്കാര്യത്തിൽ മാടത്തിൽ വാർഡിനെ മാതൃകാവാർഡാക്കുന്നതിനും, മറ്റ് 17 വാർഡുകളിലും 100 വീതം കിണറുകൾ റീചാർജ്ജ് ചെയ്ത് അങ്ങനെ ഈ വർഷം 2000 കിണറുകളും കിണർ റീചാർജ്ജ് ചെയ്യാനുമുള്ള പദ്ധതിക്ക് തുടക്കം കുറിച്ചിരിക്കുകയാണ്.

പഴയ കാർഷിക സംസ്കാരം വീണ്ടെടുത്ത് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 240 ഏക്കർ സ്ഥലത്ത് മൺകൂനയെടുത്ത് മഴവെള്ള സംഭരണം ലക്ഷ്യംവച്ച് കർക്കിടക കൊയ്ത്ത് നടത്തി. ഏച്ചില്ലം കാടമുണ്ട -വാണിയപ്പൊയിൽ തോടിന് 300 മീറ്റർ ദൈർഘ്യത്തിൽ കയർ ഭൂവസ്ത്രം വിരിച്ചു. തോടുകളുടെ അരികിൽ കൈത, മുള, ഈറ്റ തൈകൾ വെച്ച് പിടിപ്പിച്ചു.

## ഗുണഫലങ്ങൾ

നരിമടക്കുളം നവീകരിക്കുന്നതിനായി ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി 1 കോടി 70 ലക്ഷം രൂപ അനുവദിച്ചുകൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. 'ഒരു തുള്ളി ഒരു ജീവൻ', 'ജലം സുലഭം' എന്നീ പദ്ധതികൾ വിജയകരമായി നടത്തുന്നതോടൊപ്പം പുഴയിലെയും തോടിലെയും മാലിന്യങ്ങൾ നീക്കം ചെയ്യാൻ ജനകീയമായി പുഴ നടത്തം നടത്തുകയും 'തോടഴക്-പുഴയഴക്' പദ്ധതിയിലൂടെ വട്ടത്തോണി സംഘടിപ്പിച്ച് പുഴയിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് തുടക്കം കുറിക്കുകയും ചെയ്തിട്ടുണ്ട്. ഹരിതകർമ്മസേന കുടുംബശ്രീ പ്രവർത്തകരെ അണിനിരത്തി പുഴയരികിലേയും തോടരികിലേയും മാലിന്യങ്ങൾ നീക്കം ചെയ്യാൻ കഴിഞ്ഞു. കേരളത്തിലെ ആദ്യത്തെ ശുദ്ധജലക്കൂട് മത്സ്യകൃഷി 4.5 കോടി രൂപ ചെലവിൽ ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിലുള്ള ഫിർമ മുഖേന പായത്തെ പഴശ്ശി ജലാശയത്തിൽ കഴിഞ്ഞ രണ്ട് വർഷമായി വിജയകരമായി നടത്തി വരുന്നു.

ജനകീയക്യാമ്പയിന്റെ ഭാഗമായി ലോക പരിസ്ഥിതി ദിനമായ ജൂൺ 5 ന് "ഒരു വീട്ടിൽ ഒരു മഴക്കുഴി-ഒരു വൃക്ഷത്തൈ" പദ്ധതി 2017 ലും "ഒരു വീട്ടിൽ രണ്ട് മഴക്കുഴി രണ്ട് വൃക്ഷത്തൈ" 2018 ലും വിജയകരമായി നടപ്പിലാക്കി.

വ്യാപകമായ മഴക്കുഴി നിർമ്മാണം, തടയണ നിർമ്മാണം, തട്ട് തിരിക്കൽ, കല്ല് കയ്യാല, മൺകൂന നിർമ്മാണം എന്നിവയിലൂടെ ഏറ്റവും വിജയകരമായ അനുഭവമാണ് പായത്തിനുണ്ടായത്. സാധാരണ ഡിസംബർ-ജനുവരി മാസങ്ങളിൽ വറ്റിയിരുന്ന ഉദയഗിരിയിലെ "കണ്ണാരം കുന്ന് പൊതു കിണർ", പുതുശ്ശേരി "തവിടൂർ കുന്നിലെ പൊതു കിണർ", "വട്ട്യങ്ങാട് ലക്ഷം വീട് കോളനിയിലെ പൊതു കിണർ","മലപൊട്ട് കല്ലംമാരി കുന്നിലെ പൊതു കിണർ" എന്നിവ 2018 ലും 2019 ലും വറ്റിയില്ല എന്നു മാത്രമല്ല 3 മീറ്ററിലധികം വെള്ളം ഇപ്പോഴും കിണറിൽ ലഭ്യമാണ്. നടത്തിയ ജലസംരക്ഷണ പ്രവർത്തനത്തിന്റെ പ്രത്യേക നേട്ടങ്ങളിലൊന്നാണിത്. മാത്രമല്ല 2017 വർഷം വരെ ലോറിയിൽ കുടിവെള്ളം കൊടുത്തിരുന്ന 32 ലധികം കേന്ദ്രങ്ങളിൽ 2018-ൽ വെള്ളം കൊടുക്കേണ്ടി വന്നില്ല. 2019 ഏപ്രിൽ മാസം വരെയും വെള്ളം കൊടുക്കേണ്ടി വന്നില്ല. കൂടാതെ 2017-18-ലും 2018-19-ലും വനിത ജെ.എൽ.ജി മുഖേന നടപ്പിലാക്കിയ 60 ഏക്കർ ജൈവപച്ചക്കറി കൃഷിക്കും ഒരു ജലക്ഷാമവും നേരിട്ടില്ല. ഭൂഗർഭ ജലത്തിന്റെ 5 മീറ്റർ താഴ്ന്ന അവസ്ഥയിൽ നിന്ന് 2 മീറ്റർ ഉയർത്താൻ കഴിഞ്ഞു എന്നതാണ് പ്രാഥമിക നിഗമനം.

ജലസംരക്ഷണ പ്രവർത്തനത്തിനും കുന്നിൻ മുകളിലെ മണ്ണൊലിപ്പ് തടയുന്നതിനും പഞ്ചായത്ത് നടത്തിയ ഏറ്റവും വിപുലമായ ജനകീയ മുന്നേറ്റമായിരുന്നു കഴിഞ്ഞ 3 വർഷത്തിലും വിജയകരമായി നടത്തിയ "കരനെൽകൃഷി". 2016-ൽ 76.5 ഏക്കർ സ്ഥലത്തും 2017-ൽ 238 ഏക്കർ സ്ഥലത്തും 2018-ൽ 240 ഏക്കർ സ്ഥലത്തുമാണ് വനിത ജെ.എൽ.ജി മുഖേന കരനെൽകൃഷി വിജയത്തിലെത്തിച്ചത്. 2018 ലുണ്ടായ ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രളയത്തിൽ കൃഷി വകുപ്പിന്റെ കണക്ക് പ്രകാരം ഏകദേശം 66% മേൽമണ്ണും വളക്കൂറുള്ള മണ്ണും കുത്തിയൊലിച്ചുപോയി എന്നുള്ളതാണ്. എന്നാൽ പായത്തെ കുന്നിൻ മുകളിലെ കരനെൽകൃഷി ചെയ്ത 240 ഏക്കറിൽ ഒരു സെന്റ് പോലും ഒലിച്ച് പോയില്ലെന്ന് മാത്രമല്ല മുൻവർഷത്തിൽ നിന്നും വ്യത്യസ്തമായ വിളവും കിട്ടി. കണ്ണൂർ ജില്ലയിൽ പ്രളയ ദുരന്തം വൻ തോതിൽ നേരിട്ട ഒരു പഞ്ചായത്ത് കൂ



യം ഗ്രാമ പഞ്ചാത്തിന് ലഭിച്ചു. കൂടാതെ ജലസംരക്ഷണ പ്രവർത്തനത്തിന് കണ്ണൂർ ജില്ലയിൽ 2018-ലെ ജില്ലാ ഹരിത പുരസ്കാരം ഒന്നാം സ്ഥാനവും പായം ഗ്രാമ പഞ്ചായത്തിന് ലഭിച്ചു. ഹരിത കേരള മിഷൻ 2019-ൽ നടത്തിയ ജല സംഗമത്തിൽ ഒന്നാം സ്ഥാനം പായം പഞ്ചായത്തിനാണ് ലഭിച്ചത്.

ടിയായിരുന്നു പായം. ഈ കരനെൽ കൃഷി മണ്ണൊലിപ്പ് തടയുന്നതിന് മാത്രമല്ല പെയ്തിറങ്ങിയ മഴവെള്ളം ഒലിച്ച് പോകാതെ മണ്ണിലേക്ക് ഇറക്കി വിടാനും കഴിഞ്ഞു എന്നുള്ളതാണ് മഹത്തരമായി എന്നും കാണുന്നത്.

കരനെൽകൃഷി ഉൾപ്പെടെയുള്ള ജൈവ കൃഷി വിജയകരമായി നടത്തിയതിന് 2018-ൽ കൃഷി വകുപ്പിന്റെ ജൈവ അവാർഡ് രണ്ടാം സ്ഥാനവും 2 ലക്ഷം രൂപയും 2019-ൽ ഒന്നാം സ്ഥാനവും 3 ലക്ഷം രൂപയും പായം ഗ്രാമ പഞ്ചായത്തിന് ലഭിക്കുകയുണ്ടായി. കേരളത്തിൽ ഏറ്റവും കൂടുതൽ കരനെൽകൃഷി നടത്തിയ ഒരു പഞ്ചായത്ത് കൂടിയാണ് പായം ഗ്രാമ പഞ്ചായത്ത്.

## ഉപസംഹാരം

ജലസംരക്ഷണ പ്രവർത്തനത്തിൽ മികവാർന്ന പ്രവർത്തനം നടത്തിയതിന് 2018-ൽ നബാർഡ്-മലയാള മനോരമ ഏർപ്പെടുത്തിയ "ഒരു തുള്ളി പല തുള്ളി" ജില്ലാതല അവാർഡ് കണ്ണൂർ ജില്ലയിൽ പാ

"ഒരു തുള്ളി ഒരു ജീവൻ" എന്ന മുദ്രാവാക്യം പഞ്ചായത്ത് തല ജല പാർലമെന്റിലും വാർഡ് തല സ്പെഷ്യൽ ഗ്രാമ സഭയിലും പ്രത്യേകമായി ഉയർത്തിയതും അയൽ സഭ അടിസ്ഥാനത്തിൽ ഗൃഹ സന്ദർശന പരിപാടി ജനകീയമായി ഏറ്റെടുത്തതും എല്ലാ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളെയും ജല സംരക്ഷണ പ്രവർത്തനത്തിൽ അണിനിരത്തിയതും പഞ്ചായത്തിലാകെയുള്ള 253 കുടുംബശ്രീ യൂണിറ്റുകളിലും ജല ജാഗ്രതോത്സവവും വിജയകരമായി സംഘടിപ്പിച്ചതും ക്ലബ്, വായനശാല, ഗ്രന്ഥശാല പ്രവർത്തകരെയും പഞ്ചായത്തിലെ മുഴുവൻ രാഷ്ട്രീയ പാർട്ടി യുവജന പ്രവർത്തകരെയാകെ ഇക്കാര്യത്തിൽ ഒറ്റക്കെട്ടായി അണിനിരത്താൻ കഴിഞ്ഞു. ജലസംരക്ഷണത്തിൽ, ജലജാഗ്രതയിൽ വലിയ അവബോധം സൃഷ്ടിക്കാനാണ് പഞ്ചായത്തിന് കഴിഞ്ഞത്. പഞ്ചായത്തിലെ ഈ കൂട്ടായ്മയിൽ പഞ്ചായത്ത് തല ജല ജാഗ്രത മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുകയും എല്ലാ വാർഡിലെയും ജലസംരക്ഷണ, ജലജാഗ്രത പ്രവർത്തനങ്ങൾ ആകെ നിരീക്ഷിക്കാനും നിർദ്ദേശം നൽകാനും ഒരു സ്ഥിരം മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് കൊണ്ടുള്ള പ്രവർത്തനം പഞ്ചായത്ത് തുടരുകയാണ്. ഇങ്ങനെ തോടുകളിലും പുഴകളിലും താൽക്കാലിക തടയണകൾ കുളങ്ങളുടെയും നീർച്ചാലുകളുടെയും സംരക്ഷണം, തരിശു രഹിത പ്രവർത്തനത്തിലൂടെ കൃഷിയുടെ വ്യാപനം, മാലിന്യമുക്തമായ നാടിന്റെ സംസ്കാരം ഇതെല്ലാം പുതിയ ജനകീയ ഇടപെടൽ സൃഷ്ടിക്കാൻ പായം പഞ്ചായത്തിന് കഴിഞ്ഞു.

# കാനാമ്പുഴ

## പുഴയുടെ ചരിത്രം

കാനാമ്പുഴയുടെ തീരപ്രദേശത്തെ കാനത്തൂർ എന്നാണ് അറിയപ്പെട്ടിരുന്നത്, കാനത്തൂർ പിന്നീട് കാനനൂർ എന്നാവുകയും തുടർന്ന് കണ്ണൂർ എന്നായി മാറുകയും ചെയ്തു എന്ന് പറയപ്പെടുന്നു. അതിൻപ്രകാരം കണ്ണൂരിനു ആ പേര് ലഭിച്ചത് കാനാമ്പുഴയിൽ നിന്നാണെന്നു ചരിത്രം പറയുന്നു. പതിനാലാം നൂറ്റാണ്ടിൽ കേരളം സന്ദർശിച്ച വിദേശ സഞ്ചാരി ഫ്രയർ ജോർദാമനാണ് കാനൂർ എന്ന് ആദ്യമായി രേഖപ്പെടുത്തിയതെന്നു ചരിത്രകാരന്മാർ കണ്ടെത്തിയിട്ടുണ്ട്. കാനന്നൂരാണ് ഇന്നത്തെ കണ്ണൂരായി മാറിയതെന്ന് ചരിത്രകാരൻ ചിറക്കൽ ടി. ബാലകൃഷ്ണൻ സമർത്ഥിക്കുന്നു.

## ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ

കണ്ണൂർ നഗത്തിലൂടെ ഒഴുകുന്ന ചെറുപുഴയാണ് കാനാമ്പുഴ. കണ്ണൂർ നഗരത്തിനടുത്ത മുണ്ടേരി ഗ്രാമ പഞ്ചായത്തിലെ അയ്യപ്പൻ മലയിൽ നിന്നും ആരംഭിക്കുന്ന കാനാമ്പുഴ പത്തു കിലോമീറ്ററോളം ഒഴുകി ആദികടലായിയിൽ വച്ച് അറബിക്കടലിൽ ലയിക്കുന്നു. ഇരുകരളിലും ഉണ്ടായിരുന്ന വിശാലമായ കൃഷിയിടങ്ങളുടെ ജലസ്രോതസ്സായിരുന്നു ഈ പുഴ. പുഴയിലൂടെ തോണിയാത്ര നടത്തിയ നല്ല കാലത്തെക്കുറിച്ചുള്ള ഓർമ്മകൾ മനസ്സിൽ സൂക്ഷിക്കുന്നവർ ഇവിടെ ഇപ്പോഴും ഉണ്ട്.

ഹരിതകേരളം മിഷൻ




കാനാമ്പുഴയെ വീണ്ടെടുക്കാൻ തീരുമാനിച്ചതിനു മുന്നോടിയായി 9 ഇടങ്ങളിൽ പ്രാദേശിക യോഗങ്ങൾ നടന്നു. എല്ലാ യോഗങ്ങളിലേയും വൻ ജന പങ്കാളിത്തവും ജനപ്രതിനിധികളുടെ സജീവ സാന്നിധ്യവും ഏറ്റെടുത്ത ദൗത്യത്തിനു കൃത്യമായ തുടക്കം നൽകാൻ സഹായിച്ചു. തുടർന്ന് കാനാമ്പുഴയുടെ ഇരുകരകളിലും താമസിക്കുന്ന കർഷകർ, രാഷ്ട്രീയ സാംസ്ക്കാരിക സാമൂഹ്യസന്നദ്ധ പ്രവർത്തകന്മാരെ പങ്കെടുപ്പിച്ചുകൊണ്ട് വിപുലമായ യോഗം താഴെ ചൊവ്വ എന്ന സ്ഥലത്തുവെച്ച് ചേർന്നു.

## ഏറ്റെടുക്കാനുണ്ടായ സാഹചര്യം

നഗരവൽകരണം പുഴയിലേക്കുള്ള നീരൊഴുക്കിനെ തളർത്തി. പുഴമെലിഞ്ഞു, പ്ലാസ്റ്റിക് അടക്കമുള്ള മാലിന്യങ്ങൾ പുഴയെ മൂടി. പുഴയിലെ ഒഴുക്ക് പാടെ തടസ്സപ്പെട്ടു. മഴക്കാലത്ത് വെള്ളം കൃഷി സ്ഥലത്തേക്കും സമീപ വീടുകളിലേക്കും കയറാൻ തുടങ്ങി. നഗരത്തിലെ മലിനജലം മുഴുവൻ പുഴയിലേയ്ക്ക് ഒഴുക്കി വിടുന്നതിന്റെ ഭാഗമായി കാനാമ്പുഴ ദുർഗന്ധ വാഹിനിയായി മാറി. പുഴയ്ക്ക് സമീപ പ്രദേശങ്ങളിലെ കിണറുകളിലെ ജലം പോലും മലിനമാകുന്ന അവസ്ഥ സംജാതമായി.

## മുന്നൊരുക്കം

കാനാമ്പുഴയുടെ ജല സമൃദ്ധി വീണ്ടെടുക്കണം എന്ന ചിന്തയിൽ നിന്നും 2017 ഫെബ്രുവരിയിൽ നടന്ന മണ്ഡലം സെമിനാറിൽ കാനാമ്പുഴയെ വീണ്ടെടുക്കാൻ തീരുമാനമെടുത്തു. ഇതിനു മുന്നോടിയായി 9 ഇടങ്ങളിൽ പ്രാദേശിക യോഗങ്ങൾ നടന്നു. എല്ലാ യോഗങ്ങളിലേയും വൻ ജന പങ്കാളിത്തവും ജനപ്രതിനിധികളുടെ സജീവ സാന്നിധ്യവും ഏറ്റെടുത്ത ദൗത്യത്തിനു കൃത്യമായ തുടക്കം നൽകാൻ സഹായിച്ചു. തുടർന്ന് കാനാമ്പുഴയുടെ ഇരുകരകളിലും താമസിക്കുന്ന കർഷകർ, രാഷ്ട്രീയ സാം



സ്ക്കാരിക സാമൂഹ്യസന്നദ്ധ പ്രവർത്തകർ തുടങ്ങിയവരെ പങ്കെടുപ്പിച്ചുകൊണ്ട് വിപുലമായ യോഗം താഴെചൊവ്വ എന്ന സ്ഥലത്തുവെച്ച് ചേർന്നു. ഈ യോഗത്തിൽ ബഹു. മന്ത്രി ശ്രീ കടന്നപ്പള്ളി രാമചന്ദ്രൻ രക്ഷാധികാരിയും ബഹു. മേയർ ഇ.പി. ലത ചെയർപേഴ്സണും ശ്രീ. എൻ. ചന്ദ്രൻ കൺവീനറുമായുള്ള സംഘാടക സമിതി രൂപീകരിച്ചു.

## പ്രവർത്തനങ്ങൾ

2017 ഫെബ്രുവരി 19 നു ഒൻപതു കേന്ദ്രങ്ങളിൽ പ്രാദേശിക യോഗങ്ങൾ ചേർന്നു. തുടർന്ന് പുഴ പഠിക്കാൻ ജനത ഒന്നാകെ എത്തുകയും മെയ് 7ന് ആയിരങ്ങൾ പങ്കെടുത്ത പുഴയെ അറിയാൻ പരിപാടി സംഘടിപ്പിക്കുകയും ചെയ്തു. കണ്ണമ്പേത്ത്നിന്നും ആദികടലായി വരെ പുഴനടത്തം സംഘടപ്പിച്ചു. പുഴനടത്തത്തിൽ ദുരിതം പേറുന്ന കാനാമ്പുഴയുടെ അവസ്ഥ നേരിട്ടറിഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഈ അവസ്ഥയ്ക്ക് മാറ്റമുണ്ടാക്കുന്നതിനായി ശക്തമായ പിന്തുണ നൽകാൻ തീരുമാനമായി. കാനാമ്പുഴ പുനരുജ്ജീവനവുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ സപ്ലിമെന്റ് മെയ് 10ന് ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ പ്രകാശനം ചെയ്തു.

പുഴയെ മലിനപ്പെടുത്തുന്നതിനെതിരെ മെയ് 13 ന് കാനാമ്പുഴ കരയിലെ എല്ലാ വീടുകളിലും സംഘടിപ്പിച്ച ദീപം തെളിയിക്കൽ പരിപാടി പുതിയൊരു സംസ്കാരത്തിന് തുടക്കം കുറിക്കുകയായിരുന്നു.

2017 മെയ് 14 ന് രാവിലെ 6 മണി മുതൽ അയ്യായിരത്തിലേറെ സന്നദ്ധ പ്രവർത്തരും കുടുംബാംഗങ്ങളും ജനപ്രതിനിധികളുടെ നേതൃത്വത്തിൽ കാനാമ്പുഴയിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. കണ്ണൂർ നഗരസഭ ലഭ്യമായ എല്ലാ സംവിധാനങ്ങളും ഒരുക്കി ഈ സംരംഭത്തെ പിന്തുണച്ചു. ബഹു. ധനമന്ത്രി ശുചീകരണ പരിപാടിയുടെ ഉദ്ഘാടനം നിർവഹിച്ചു. കൂടാതെ 9 പ്രാദേശിക കേന്ദ്രങ്ങളിലും ഉദ്ഘാടനം നടന്നു. ഈ പ്രവർത്തനത്തിന്റെ ഭാഗമായി കാനാമ്പുഴ പൂർണ്ണമായും മാലിന്യമുക്തമാക്കാനും നീരൊഴുക്ക് പുനഃസ്ഥാപിക്കാനും കഴിഞ്ഞു. 'പുഴയോര പച്ചപ്പ്'എന്ന പദ്ധതിക്ക് രൂപം നൽകി പുഴയോരത്ത് 6000-ത്തോളം വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചു. വിശദമായ പഠനത്തിന്റെയും വിവിധ കൂടിയിരിക്കലുകളുടെയും കർഷകരും പൊതു ജനങ്ങളുമായുള്ള ആശയ വിനിമയത്തിലൂടെയും ജനകീയമായി വിവിധ വകുപ്പുകളിലെ വിദഗ്ധരുടെ നേതൃത്വത്തിൽ വകുപ്പുകൾ സംയുക്തമായി പുഴ നവീകരണത്തിനും സംരക്ഷണത്തിനുമായി 73.75 കോടി രൂപയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കി തുടർ പ്രവർത്തനങ്ങൾ നടത്തിവരുന്നു. പുഴയോടൊപ്പം പുഴയുടെ നദീതടത്തിൽ വരുന്ന ചെറു നീർത്തടാടിസ്ഥാനത്തിൽ ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്. ഇതിനായി നീർത്തട സമിതികളും സൂക്ഷ്മ നീർത്തട സമിതികളും രൂപീകരിച്ച് നദീതട പ്രദേശത്തെ 10 കുളങ്ങൾ ശുചിയാക്കി പുനരുദ്ധരിച്ചു. പുഴയുടെ ഉപയോഗം കുറയ്ക്കുന്നത് സംബന്ധിച്ച് വ്യാപകമായ പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചു. എല്ലാ വീടുകളിലും സൗജന്യമായി തുണി സഞ്ചികൾ വിതരണം ചെയ്തു. പുഴ നവീകരണത്തിന്റെ ഫലമായി വെള്ളപ്പൊക്കത്തിന്റെ തീവ്രത മുൻവർഷങ്ങളെക്കാൾ വളരെയധികം കുറയ്ക്കുന്നതിന് സാധിച്ചു.

## തുടർ പ്രവർത്തനങ്ങൾ

2017 ജൂലൈ 10 ന് പുഴ പഠന സംഗമം നടത്തുകയും ആഗസ്ത് 17 ന് വിദഗ്ധരുടെ കൂടിച്ചേരൽ സംഘടിപ്പിച്ചു. ഒക്ടോബർ മൂന്നിന് മാസ്റ്റർ പ്ലാൻ ശില്പശാല സംഘടിപ്പിക്കുകയും ചെയ്തു. ഇതിൽ അയ്യ



പ്പൻ മലയുടെ സംരക്ഷണവും എളയാവൂർ ചേലോറ കാർഷിക മേഖലയുടെ വീണ്ടെടുപ്പും താഴെ ചൊവ്വ മുതൽ കുറുവ പാലം വരെ ഡ്രഡ്ജിങ്ങിലൂടെ മാലിന്യമുക്തമാക്കലും ആദികടലായി അഴിമുഖം കേന്ദ്രീകരിച്ച് ഇക്കോ ടൂറിസം പദ്ധതിയാണ് ലക്ഷ്യമിടുന്നത്. കാനാമ്പുഴയിൽ ചേരുന്ന എല്ലാ ചെറുനീർച്ചാലുകളും പുനരുജീവിപ്പിക്കാനും ഇതോടൊപ്പം ലക്ഷ്യമിടുന്നു.

2018 മാർച്ച് 28 ന് ചേർന്ന് സംസ്ഥാനതല ശില്പശാലയിൽ പ്രവർത്തനങ്ങൾക്ക് സംസ്ഥാനതല അംഗീകാരം ലഭിക്കുകയും ഏവർക്കും മാതൃകാ പ്രവർത്തനങ്ങൾ നടത്താൻ ഹരിത കേരളം മിഷന്റേയും മറ്റ് വകുപ്പുകളുടെയും സജീവ പങ്കാളിത്തം ലഭിക്കുകയും ചെയ്തു. തുടർന്ന് എല്ലാവീടുകളിലും സൗജന്യമായി തുണിസഞ്ചി നൽകുന്നതിന് ആവശ്യമായ തുണി ശേഖരണം കാഞ്ഞിരോട്ടെ വീടുകളിൽ ബഹു. മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ ഉദ്ഘാടനം നടത്തി. നൽകുന്ന തുണികൾ സഞ്ചികളായി വീട്ടിൽ തിരിച്ചെത്തുന്ന നൂതന പരിപാടിയിൽ വൻ ജനപങ്കാളിത്തം ഉറപ്പാക്കാൻ സാധിച്ചു.

കാനാമ്പുഴയുടെ വൃഷ്ടി പ്രദേശത്തെ 10 കുളങ്ങൾ ജനകീയ നേതൃത്വത്തിൽ പുനരുദ്ധരിച്ചു. കൂടാതെ 8 കിലോമീറ്റർ നീളത്തിൽ വരുന്ന പുഴയുടെ തീരങ്ങളിൽ കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ പച്ചക്കറിത്തോട്ടങ്ങൾ തീർക്കുകയും ഓണത്തിനു വിളവെടുക്കാൻ പാകത്തിനു കാർഷിക കലണ്ടർ തയ്യാറാക്കുകയും ചെയ്തു. തുടർന്ന് കാനാമ്പുഴ അതിജീവനത്തിന്റെ ഭാഗമായി പുഴയോരത്ത് നടത്തിയ സംഘകൃഷിയിലെ സൂക്ഷ്മപച്ചക്കറി തോട്ടങ്ങളുടെ വിളവെടുപ്പ് ബഹു. മന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്തു.

താഴെചൊവ്വ കാപ്പാട് കുരിടിക്ക പാലം ബണ്ടുപാലം എന്നീ മേഖലകളിൽ ഉണ്ടാവാറുള്ള വെള്ളപ്പൊക്ക ഭീഷണി ഈ വർഷം കുറച്ചുകൊണ്ടുവരാൻ നീർത്തടാധിഷ്ഠിത ഇടപെടൽ മൂലം സാധിച്ചു.

വരും കാലങ്ങളിൽ സൗരോർജ്ജ സാധ്യതകൾ പ്രയോഗിച്ചു വിനോദ സഞ്ചാരികളെ ആകർഷിക്കാനും പുഴയോരത്തു വിശാലമായ നടപ്പാത നിർമ്മാണവും പുഴ പുനർജീവനത്തോടൊപ്പം ടൂറിസം സാധ്യതകളും ലക്ഷ്യമിടുന്നു. പുഴയുടെ നീരൊഴുക്ക് നിലയ്ക്കാതെ കാക്കാനും നാല് നീർത്തടങ്ങളിലെയും ഏകദേശം 165 ഏക്കർ കൃഷി തിരിച്ചു കൊണ്ടുവരാനും പദ്ധതിയിടുന്നു. കാനാമ്പുഴ പ്രദേശത്തെ രണ്ട് വി.സി.ബി കളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.



കാനാമ്പുഴയുടെ വൃഷ്ടി പ്രദേശത്തെ 10 കുളങ്ങൾ ജനകീയ നേതൃത്വത്തിൽ പുനരുദ്ധീകരിച്ചു. കൂടാതെ 8 കിലോമീറ്റർ നീളത്തിൽ വരുന്ന പുഴയുടെ തീരങ്ങളിൽ കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ പച്ചക്കറിത്തോട്ടങ്ങൾ തീർക്കുകയും ഓണത്തിനു വിളവെടുക്കാൻ പാകത്തിനു കാർഷിക കലണ്ടർ തയ്യാറാക്കുകയും ചെയ്തു.
കാനാമ്പുഴ അതിജീവനത്തിന്റെ ഭാഗമായി പുഴയോരത്ത് നടത്തിയ സംഘകൃഷിയിലെ സൂക്ഷ്മ പച്ചക്കറി തോട്ടങ്ങളുടെ വിളവെടുപ്പ് ബഹു. മന്ത്രി ഉദ്ഘാടനം ചെയ്തു.
താഴെചൊവ്വ കാപ്പാട് കുരിടിക്ക പാലം ബണ്ടുപാലം എന്നീ മേഖലകളിൽ ഉണ്ടാവാറുള്ള വെള്ളപ്പൊക്ക ഭീഷണി ഈ വർഷം കുറച്ചുകൊണ്ടുവരാൻ നീർത്തടാധിഷ്ഠിത ഇടപെടൽ മൂലം സാധിച്ചു.

# കുറുമാത്തൂർ ഗ്രാമപഞ്ചായത്തിന്റെ ജല സംരക്ഷണ മാതൃക

50.79 ചതുരശ്ര കി മീറ്റർ വരുന്ന കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് പൂർണ്ണമായും കാർഷിക ഭൂപ്രദേശമാണ്. കൃഷിയെ ആശ്രയിച്ച് ജീവിക്കുന്നവരാണ് ഭൂരിഭാഗവും. വയലുകൾ, ഫലഭൂയിഷ്ഠമായ കുന്നിൻ ചെരിവുകൾ, ചെങ്കൽ പീഠഭൂമികൾ, സമതലങ്ങൾ എന്നിവ അടങ്ങുന്നതാണ് ഭൂഭാഗം. നെല്ല്, തെങ്ങ്, കവുങ്ങ്, വാഴ, കുരുമുളക്, കിഴങ്ങ്, പയർ, പച്ചക്കറി, റബ്ബർ തുടങ്ങിയവയാണ് പ്രധാന കാർഷിക വിളകൾ. ജൈവ വൈവിദ്ധ്യ കലവറയാണ് ഇവിടം. മറ്റെല്ലായിടത്തും എന്നതുപോലെ പുതിയ തലമുറ കൃഷിയിൽ നിന്നും അകന്ന് പോകുന്നതും ലാഭാധിഷ്ഠിതമായ പ്രകൃതി ചൂഷണം എന്നിവ നമ്മുടേയും പ്രശ്നങ്ങളാണ്.

ഹരിത കേരളം മിഷൻ പ്രവർത്തനത്തിലൂടെ മണ്ണ് ജല സംരക്ഷണത്തിനായി കഴിഞ്ഞ രണ്ട് വർഷക്കാല

മായി കുറമാത്തൂർ ഗ്രാമപഞ്ചായത്ത് ഒട്ടനവധി പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്.

## തടയണകൾ

കുറുമാത്തൂർ ഗ്രാമപഞ്ചായത്തിലെ 12 വാർഡുകളിലൂടെ ഒഴുകുന്ന 18 കിമീ ദൈർഘ്യംവരുന്ന കാലിക്കടവ് – കരിമ്പം – പാറാട് പുഴയിൽ 8 സ്ഥിരം തടയണകളുണ്ട്. തുലാവർഷം അവസാനിച്ച് നീരൊഴുക്ക് കുറയും മുമ്പ് ഈ ജലം കൃഷിക്കും, കുളിക്കാനും , കുടിക്കാനും എല്ലാം ഉപയോഗിക്കുന്നു. കൂടാതെ ഈ ജല സംഭരണികൾക്ക് സമീപ പ്രദേശങ്ങളിലെ കിണറുകളിൽ കുടിവെള്ളം ഉയർന്ന അളവിൽ ലഭ്യമാകുന്നു. കൂടാതെ ജനകീയ പങ്കാളിത്തത്തിലൂടെ അറുപതോളം താൽകാലിക തടയണകൾ കല്ലും മറ്റ് പാഴ്‌വസ്തുക്കളും ഉപയോഗിച്ച് നിർമ്മിച്ചിട്ടുണ്ട്. ഇവയിലും മാർച്ച് – ഏപ്രിൽ മാസം വരെ വെള്ളം സംരക്ഷിച്ച് നിലനിലനിർത്താൻ കഴിയുന്നുണ്ട്.

## ബന്ദാര തടയണകൾ

കുറുമാത്തൂരിന്റെ ജലസംരക്ഷണത്തിന് ഒരു പുരസ്ക്കാരം എന്ന നിലയിൽ ഒന്നരകിലോമീറ്റർ തടയണകൾ തമ്മിലുള്ള ദൈർഘ്യം ഉറപ്പുവരുത്താൻ സാധിക്കുംവിധം ശ്രീ. ജെയിംസ് മാത്യു എംഎൽഎ.യുടെ



ബന്ദാര തടയണ

ആസ്തി വികസന ഫണ്ടിൽ നിന്നും പൊന്തംകുണ്ട്, കാപ്പിൻകര, മണിയറവയൽ എന്നിവിടങ്ങളിലായി ഗോവൻമോഡൽ മൂന്ന് ബന്ദാര തടയണകൾ അനുവദിക്കുകയും അവ പൂർത്തീകരണ ഘട്ടത്തിലുമാണ്.

## പാറാട് തടയണ

കുറുമാത്തൂർ ഗ്രാമപഞ്ചായത്തും ആന്തൂർ തളിപ്പറമ്പ മുനിസിപ്പാലിറ്റികളും അതിർത്തി പങ്കുവെക്കുന്ന പാറാട് പ്രദേശത്തെ നെൽവയലുകളിലും മറ്റും ഉപ്പുവെള്ളം കയറി കൃഷിയോഗ്യമല്ലാതാവുന്നത് തടയാൻ ഗ്രാമപഞ്ചായത്ത് ബ്ലോക്ക് പഞ്ചായത്ത്, ജില്ലാപഞ്ചായത്ത് എന്നിവയുടെ സംയുക്ത പ്രൊജക്ടായി 49 ലക്ഷം രൂപ ചെലവിൽ ഒരു തടയണ കൂടി നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

## ഹരിതതീരം

18 കിമീ ദൈർഘ്യം വരുന്ന കാലിക്കടവ്-കരിമ്പം-പാറാട് പുഴയുടെ മണ്ണ് നീക്കം ചെയ്ത് ആഴം കൂട്ടൽ എംജിഎൻആർഇജിഎസ് ലൂടെ നിർവഹിച്ചു.2017 ഡിസംബർ 8 ന് അയ്യായിരത്തോളം ജനങ്ങളെ അണിനിരത്തി ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. തളിപ്പറമ്പ് സർ സയ്യിദ് കോളേജ് എൻ എസ് എസ്, വിവിധ സ്കൂളുകളിലെ വിദ്യാർത്ഥികൾ എന്നിവരും അണിനിരന്നു. 2018 ഡിസംബർ 8 ന് ഇതിന്റെ തുടർച്ച എന്ന നിലയിൽ ഇത്രതന്നെ ജനങ്ങളെ അണിനിരത്തി ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. ഹരിതതീരം പദ്ധതിയുടെ ഉദ്ഘാടനം ബഹു. ജില്ലാ കളക്ടർ ശ്രീ. മിർ മുഹമ്മദലി നിർവ്വഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അടക്കമുള്ള ജനപ്രതിനിധികൾ പങ്കെടുത്തു.

## ഹരിതസംഗമം

2017 – 18 വർഷങ്ങളിലായി പഞ്ചായത്തിലെ 17 വാർഡുകളിലെ പ്രധാനകേന്ദ്രങ്ങളിലായി ആയിരക്കണക്കിന് ജനങ്ങളെ അണിനിരത്തി ജലസംരക്ഷണ ശുചിത്വ പ്രവർത്തനത്തിന്റെ ക്യാമ്പയിൻ എന്ന നിലയിൽ ഹരിതസംഗമങ്ങൾ നടത്തി. മന്ത്രി ശ്രീ.തോമസ്



18 കിമീ ദൈർഘ്യം വരുന്ന കാലിക്കടവ് - കരിമ്പം - പാറാട് പുഴയുടെ മണ്ണ് നീക്കം ചെയ്ത് ആഴം കൂട്ടൽ എംജിഎൻആർഇജിഎസ് ലൂടെ നിർവ്വഹിച്ചു. 2017 ഡിസംബർ 8 ന് അയ്യായിരത്തോളം ജനങ്ങളെ അണിനിരത്തി ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. തളിപ്പറമ്പ് സർ സയ്യിദ് കോളേജ് എൻഎസ്എസ്, വിവിധ സ്കൂളുകളിലെ വിദ്യാർത്ഥികൾ എന്നിവരും അണിനിരന്നു. 2018 ഡിസംബർ 8 ന് ഇതിന്റെ തുടർച്ച എന്ന നിലയിൽ ഇത്രതന്നെ ജനങ്ങളെ അണിനിരത്തി ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. ഹരിതതീരം പദ്ധതിയുടെ ഉദ്ഘാടനം ബഹു. ജില്ലാകളക്ടർ ശ്രീ. മിർ മുഹമ്മദലി നിർവ്വഹിച്ചു.

ഐസക്, എംഎൽഎ ശ്രീ.ജെയിംസ് മാത്യു, ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, മറ്റ് ജനപ്രതിനിധികൾ, സാംസ്ക്കാരിക നായകൻമാർ തുടങ്ങിയവരും പങ്കെടുത്തു.

## വൃഷ്ടി പ്രദേശ പരിപാലന പ്രവർത്തനങ്ങൾ

### മഴക്കുഴി നിർമ്മാണം

ജലസംരക്ഷണത്തിന് ഏറ്റവും പ്രധാനപ്പെട്ട പ്രവർത്തനമാണ് മഴക്കുഴികളുടെ നിർമ്മാണം. കഴിഞ്ഞ രണ്ട് വർഷങ്ങളിലായി എംജിഎൻആർഇജിഎസ്-ലൂടെ 42720 മഴക്കുഴികൾ നിർമ്മിച്ചു.



## കുളം നിർമ്മാണവും പുനരുദ്ധാരണവും

എംജിഎൻആർഇജിഎസ്-ലൂടെ കയർ ഭൂവസ്ത്രം ഉപയോഗിച്ചും അല്ലാതെയും അഞ്ച് കുളങ്ങൾ നിർമ്മിച്ച് ജലലഭ്യത ഉറപ്പാക്കി. ക്ഷേത്രക്കുളങ്ങളടക്കം 30 കുളങ്ങൾ പുനരുദ്ധീകരിച്ചു.



## കിണർ റീച്ചാർജ്ജ്

മുൻ വർഷം മഹാത്മാഗാന്ധി എൻ ആർ ഇ ജി എസ് മുഖേനെ 15 കിണറുകൾ റീചാർജ്ജിംഗ് പ്രവൃത്തി പൂർത്തീകരിച്ചു. വാർഡിൽ 10 വീതം 170 കിണറുകൾ റീചാർജ്ജ് ചെയ്യുന്നതിനുള്ള പ്രവർത്തനം പുരോഗമിക്കുന്നു.



പാഴായിപ്പോകുന്ന മഴവെള്ളത്തെ കിണറുകളിലേക്ക് നൽകാനുള്ള ഈ പ്രവർത്തനം മാതൃകാപരമാണെന്ന് പരക്കെ അംഗീകരിക്കപ്പെടുന്നു.

## തട്ട് തിരിക്കൽ

ഫലഭൂയിഷ്ഠമായ കുന്നിൻചരിവുകളിൽ നിന്നും മേൽമണ്ണുകൾ ഒഴുകിപ്പോകുന്നത് കൃഷിക്കും ജലസംരക്ഷണത്തിനും ഒരുപോലെ പ്രയാസകരമാണ്. ആയത് പരിഹരിക്കാൻ ഇടപെടൽ എന്ന രീതിയിൽ 2017-18ൽ 7000 ചതുരശ്ര മീറ്ററും 2018-19-ൽ 2000 ചതുരശ്ര മീറ്ററും തട്ട് തിരിക്കൽ പ്രവർത്തനം നടത്തി. ഇതിൽ വലിയ പങ്ക് പ്രവർത്തനങ്ങളും നടത്തിയത് പൊതുസ്ഥാപനങ്ങളായ കുരുമുളക് ഗവേഷണ കേന്ദ്രത്തിലും കൃഷിവിഞ്ജാന കേന്ദ്രത്തിലുമായിരുന്നു.

## കയർഭൂവസ്ത്രം ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ

പുഴയോരവും വയൽവരമ്പുകളും മറ്റും സംരക്ഷിക്കുന്നതിനായി കഴിഞ്ഞ രണ്ട് വർഷങ്ങളിലായി 11 പ്രവൃത്തികളിലൂടെ 15000 ചതുരശ്രമീറ്റർ കയർഭൂവസ്ത്രം ഉപയോഗിച്ച് മണ്ണ് ജല സംരക്ഷണ പ്രവർത്തനം നടത്തി.

## ആരണ്യകം

8-ാം വാർഡിലുള്ള മുണ്ടേരിയിൽ ശ്രീ. ശിവശങ്കരൻ മാസ്റ്റർ അവർകളുടെ കുടുംബ ക്ഷേത്രത്തോടനുബന്ധിച്ചുള്ള രണ്ടേക്കർ ഭൂമിയിൽ ഔഷധ സസ്യങ്ങളും വനവൃക്ഷങ്ങളുമടക്കം എം ജി എൻആർഇജിഎസ്ൽ 160 ദിവസത്തെ മനുഷ്യ അദ്ധ്വനത്തിലൂടെ വെച്ചുപിടിപ്പിക്കാൻ സാധിച്ചു. ഇതിലൂടെ വറ്റി വരണ്ട ക്ഷേത്രക്കുളത്തെ പുനരുജ്ജീവിപ്പിക്കാൻ സാധിച്ചു. ഔഷധ ഉദ്യാനമടക്കം സന്ദർശിക്കുന്നതിനായി നിരവധി ആളുകളാണ് ഇവിടെ വന്നുകൊണ്ടിരിക്കുന്നത്. ഈ മനോഹരമായ കാഴ്ച വലിയ അംഗീകാരത്തിന് കാരണമായി.

## പുഴയോര വനവൽക്കരണം

ഗ്രാമപഞ്ചായത്തിന്റെ സ്വന്തം നഴ്സറിയിൽ പത്തായിരം മുളത്തൈകൾ ഉൽപാദിപ്പിക്കുകയും 18



ഇതിലൂടെ രണ്ട് വയലിനേയും പൂർണ്ണമായും തരിശുരഹിതമാക്കി.

### ജലസഭ

ചരിത്രത്തിലെ ഏറ്റവും വലിയ പ്രളയത്തെയാണ് നാം അഭിമുഖീകരിച്ചത്. ചെറിയതോതിലുള്ള ആഘാതങ്ങൾ നമുക്കും ഏറ്റുവാങ്ങേണ്ടി വന്നു. ദുരന്ത നിവാരണത്തിനുള്ള വർക്കിംഗ്ഗ്രൂപ്പ് രൂപീകരിച്ച് ബഹുമുഖ പ്രവർത്തനങ്ങൾ ഏറ്റെടുത്തുവരുന്നു. ഗവൺമെന്റ് നിർദ്ദേസാനുസരണം വരാനിരിക്കുന്ന വരൾച്ചയെ പ്രതിരോധിക്കാൻ വമ്പിച്ച ജനകീയ പങ്കാളിത്തത്തോടുകൂടി വാർഡുകളിൽ ജലസഭ ചേർന്നു. ഹരിത കേരളം മിഷൻ പ്രവർത്തകരും ജനപ്രതിനിധികളും പങ്കെടുത്ത ജലസഭ വലിയ തോതിലുള്ള ക്യാമ്പയിനായി മാറി.

കിമീ വരുന്ന തോടിന്റെ ഇരു പാർശ്വങ്ങളിലും എംജിഎൻആർ ഇജിഎസ് ലൂടെ വെച്ചു പിടിപ്പിക്കാൻ സാധിച്ചു. അവയുടെ സംരക്ഷണത്തിനായി ജൈവവേലി നിർമ്മാണവും നടന്നു.

### കണ്ടൽ വൽക്കരണം

വളപട്ടണം പുഴയുടെ ഭാഗമായ കുറുമാത്തൂർ തേർള മുതൽ നണിശ്ശേരി കടവ് വരെയുള്ള 5 കി മീ ഭാഗം കണ്ടൽ ചെടി നടുന്നതിനുള്ള പ്രവർത്തനം കഴിഞ്ഞ രണ്ട് വർഷങ്ങളിലായി നടന്നു വരുന്നു. സോഷ്യൽ ഫോറസ്റ്റുമായി സഹകരിച്ചുകൊണ്ടുള്ള പ്രവർത്തനമാണിത്. കുടുംബശ്രീ പ്രവർത്തകരേയും കുറുമാത്തൂർ സ്കൂൾ വിദ്യാർത്ഥികളേയും പങ്കെടുപ്പിച്ചുകൊണ്ടാണ് തുടർ സംരക്ഷണം ഉറപ്പാക്കിയിട്ടുള്ളത്. പദ്ധതിയുടെ ഉദ്ഘാടനം കോട്ടുപുറത്ത് ശ്രീ. ജെയിംസ് മാത്യു എംഎൽഎ നിർവ്വഹിച്ചു.

### ലിഫ്റ്റ് ഇറിഗേഷൻ

പഞ്ചായത്തിലെ ഏറ്റവും വലിയ പാടശേഖരമായ മുയ്യം പാടശേഖരത്തിലേക്കും, ചെപ്പനൂൽ പാടശേഖരത്തിലേക്കും ആവശ്യമായ ജല ശേഖരണം ഉറപ്പു വരുത്താൻ നിലവിലുണ്ടായിരുന്ന ലിഫ്റ്റ് ഇറിഗേഷന്റെ പുനരുദ്ധാരണ പ്രവർത്തനം യഥാക്രമം 36, 45 ലക്ഷം രൂപ വീതം ഉപയോഗിച്ച് നടപ്പിലാക്കി.

### സമൃദ്ധി 2017

തളിപ്പറമ്പ് എംഎൽഎയുടെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്ന നീർത്തടാധിഷ്ഠിത വികസന പ്രവർത്തനമാണ് സമൃദ്ധി 2017. തളിപ്പറമ്പ് മണ്ഡലത്തെ 2022 ആവുമ്പോഴേക്കും കുടിവെള്ള സ്വയംപര്യാപ്ത മണ്ഡലമാക്കുകയെന്ന പ്രഖ്യാപിത ലക്ഷ്യം നിറവേറ്റാനുള്ള മാതൃകാ പ്രവർത്തനമാണ് നടക്കുന്നത്. ഇതിൽ മികവാർന്ന പ്രവർത്തനം ഏറ്റെടുക്കാൻ കുറുമാത്തൂർ ഗ്രാമ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ 16 നീർത്തടങ്ങളിൽ മണ്ണ് സംരക്ഷണ വകുപ്പ് മറ്റ് എഞ്ചിനീയറിംഗ് വിദഗ്ധരെയും ഉൾപ്പെടുത്തിക്കൊണ്ട് പരിശോധിക്കുകയും 63 കോടി രൂപയുടെ നീർത്തടാധിഷ്ഠിത പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും ചെയ്തുകഴിഞ്ഞു. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാനുള്ള നടപടിയും ആരംഭിച്ചു കഴിഞ്ഞു.

മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി വലിയ അംഗീകാരമാണ് കുറുമാത്തൂർ ഗ്രാമപഞ്ചായത്തിന് നേടാൻ സാധിച്ചിട്ടുള്ളത്. ജില്ലയിലെ മാതൃകാ ബിഎംസി ആയി തെരഞ്ഞെടുക്കപ്പെട്ടു. ഹരിതകേരളം പ്രവർത്തനങ്ങളുടെ ഭാഗമായി നിരവധി മാതൃകാ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിനും ജലസ്രോതസ്സുകളുടെ പുനരുജ്ജീവനത്തിൽ ഒരു ജനകീയ മാതൃക സൃഷ്ടിക്കുന്നതിനും കുറുമാത്തൂർ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്.

# പതിക്കാൽപുഴ പുനരുജ്ജീവനം

## ചരിത്രം

അള്ളടം-മുക്കാതം ദേശത്തെ പ്രധാന വ്യാപാര കേന്ദ്രമായ കോട്ടപ്പുറത്തിനും, ചെറുവത്തൂർ, തുരുത്തി തുടങ്ങിയ ചന്തകളിലേയ്ക്കുമുള്ള പ്രധാന വ്യാപാര മാർഗ്ഗമായിരുന്നു പതിക്കാൻ പുഴ. പലവിധ സാധനങ്ങളുമായി വലിയ ചരക്കുതോണികൾ ഈ പുഴയിലൂടെ നിരന്തരം സഞ്ചരിച്ചിരുന്നു. തെയ്യം, പൂരക്കളി തുടങ്ങിയ നാടൻ കലാരൂപങ്ങളിൽ ഇരുകരകൾക്കുമിടയിലേക്കുള്ള വൈവിധ്യം നിലനിർത്തി പോരുന്നതിൽ ഈ പുഴയ്ക്ക് അനിഷേധ്യമായ ഒരു സ്ഥാനമുണ്ടായിരുന്നു. അങ്ങനെ കൂട്ടിയിണക്കിയും വേർതിരിച്ചും എല്ലാ പുഴകളേയും പോലെ പതിക്കാൻ പുഴയും ഒഴുകി.

## ഏറ്റെടുക്കാൻ ഉണ്ടായ സാഹചര്യം

പ്രദേശത്തെ ശുദ്ധജല ലഭ്യതയ്ക്കുള്ള ശക്തമായ അടിത്തറ ആയിരുന്ന പതിക്കാൻ പുഴയുടെ ഒഴുക്ക് തടസ്സമാകുന്നത് കുടിവെള്ളത്തിൽ രാസവസ്തുക്കളുടെ സാന്ദ്രത കൂടുന്നതോടൊപ്പ സാംക്രമിക രോഗങ്ങൾക്കുള്ള സാധ്യതയും വർധിപ്പിച്ചു. ഇതോടൊപ്പം ഇവിടെ കാൻസർ രോഗബാധിതരുടെ എണ്ണം വർധിച്ചുവന്നതും പതിക്കാൻ പുഴ സംരക്ഷണത്തിന്റെ ആവശ്യകത

ഹരിതകേരളം മിഷൻ



യെക്കുറിച്ച് അധികൃതരെ ഓർമ്മപ്പെടുത്തി. അവിടെയാണ് വീണ്ടെടുക്കലിന്റെ ആശ്വാസവുമായി പഞ്ചായത്തധികൃതർ ഇടപെടുന്നത്.

## മുന്നൊരുക്കം

പുഴനടത്തം, ഗൃഹസന്ദർശന ക്യാമ്പയിൻ, പുഴ സംരക്ഷണ സെമിനാറുകൾ എന്നീ പ്രവർത്തനങ്ങൾക്ക് പുഴ സംരക്ഷണ സമിതിയ്ക്ക് യുവജന സംഘടനയുടെയും ക്ലബ്ബുകളുടെയും നിസ്വാർത്ഥമായ സഹകരണം വലിയൊരു മുതൽക്കൂട്ടായിരുന്നു.

## ചെയ്ത പ്രവർത്തനങ്ങൾ

ആയാസകരമായ സംരക്ഷണ പ്രവർത്തനങ്ങൾക്ക് ഹരിതകേരളം പദ്ധതി കൂടുതൽ കരുത്തും ദിശാബോധവും നൽകി. ഇതിന്റെ ഭാഗമായിരുന്ന കയർ ഉപയോഗിച്ചുള്ള ഭൂവസ്ത്ര നിർമ്മാണം നല്ലൊരു ഹരിത മാതൃകയായി ചേർത്തുവയ്ക്കാവുന്നതാണ്. ഘട്ടം ഘട്ടമായുള്ള സംരക്ഷണ പരിപാടികളുടെ ഭാഗമായി ഇന്ന് പലയിടത്തും ജീവനുള്ളൊരു നീരൊഴുക്കായി ഈ പുഴ ഒഴുകുന്നു.

കുടിവെള്ള പ്രശ്നങ്ങൾക്കും രോഗങ്ങൾക്കും ഒരു പരിധിവരെയെങ്കിലും ആശ്വാസമായതോടൊപ്പം ടൂറിസം മേഖലയിൽ പുതിയ വാതായനങ്ങൾ തുറന്നു വിടുന്നുണ്ട്. നിരവധി കലകളുടെ സങ്കേതമായ കാസർഗോഡിന്റെ കലാപാരമ്പര്യതിന്റെ ചരിത്രപരമായ ഒരവശേഷിപ്പുകൂടിയാണ് ഇതിലൂടെ ഒഴുകി പടരുന്നത്. കൂടാതെ കൃത്യമായ ജല വർദ്ധനവിലൂടെ കൃഷിയുടെ വ്യാപനത്തിനും കാർഷിക മേഖലയുടെ ശക്തമായ തിരിച്ചു വരവിനും പുഴയുടെ ഈ ഒഴുക്ക് കാരണമായിത്തീരുന്നു.



## ഗുണഫലങ്ങൾ

കുടിവെള്ള പ്രശ്നങ്ങൾക്കും രോഗങ്ങൾക്കും ഒരു പരിധിവരെയെങ്കിലും ആശ്വാസമായതോടൊപ്പം ടൂറിസം മേഖലയിൽ പുതിയ വാതായനങ്ങൾ തുറന്നുവിടുന്നു ണ്ട്. നിരവധി കലകളുടെ സങ്കേതമായ കാസർഗോ ഡിന്റെ കലാപാരമ്പര്യതിന്റെ ചരിത്രപരമായ ഒരവശേ ഷിപ്പുകൂടിയാണ് ഇതിലൂടെ ഒഴുകി പടരുന്നത്. കൂടാതെ കൃത്യമായ ജല വർദ്ധനവിലൂടെ കൃഷിയുടെ വ്യാപന ത്തിനും കാർഷിക മേഖലയുടെ ശക്തമായ തിരിച്ചു വരവിനും പുഴയുടെ ഈ ഒഴുക്ക് കാരണമായിത്തീരുന്നു.

## ഉപസംഹാരം

കാസർഗോഡിന്റെ മിക്ക സ്ഥലപ്പേരുകൾക്കും ജലാ ശയങ്ങലുമായും, ആ പ്രദേശത്തെ ജല ലഭ്യതയുമായും ബന്ധമുണ്ട്. അങ്ങനെ പേരുകളിൽ തന്നെ ജീവനാഡി കളെക്കുറിച്ച് നനവോടെ ഓർമ്മിക്കുന്ന നാടിന്, ജനത യ്ക്ക് ഇതൊന്നും വീണ്ടെടുക്കാതെ തരമില്ല. പച്ചപ്പിനെ ക്കുറിച്ച് പറയാൻ അതിന്റെ അരുവികളെത്തന്നെ അനു വദിക്കാതെ തരമില്ല.

# ചിത്താരിപ്പുഴ

കാസർഗോഡ് ജില്ലയിലെ പൂണൂർ-ഇരിയയിൽ നിന്നുമുള്ള ചിത്താരിപ്പുഴയാണ് ശുചീകരിച്ചത്. ചിത്താരിപ്പുഴയുടെ സംരക്ഷണ പ്രവർത്തനത്തിന്റെ ഭാഗമായി ജില്ലയിലെ ജന പ്രതിനിധികളുടേയും പരിസ്ഥിതി പ്രവർത്തകരുടേയും നേതൃത്വത്തിൽ ചിത്താരിപ്പുഴയുടെ വിവിധ പ്രദേശങ്ങളിൽ ജനകീയ കൂട്ടായ്മകളുണ്ടാക്കി ശുചീകരണ നവീകരണ പ്രവർത്തനങ്ങളേയും പുഴയോരത്ത് സസ്യങ്ങൾ വച്ചു പിടിപ്പിക്കുന്നെതിനെ പ്പറ്റിയും 08.5.2018 ന് ചേർന്ന യോഗത്തിൽ ചർച്ച ചെയ്തു. അള്ളങ്കോട് ചിത്താരിപ്പുഴയോരത്ത് 15.05.2018 ന് യോഗം ചേർന്ന് പുഴ നടത്തം തീരുമാനിച്ചു. 28.05.2018 ന് 50-ഓളം ആളുകളെ പങ്കെടുപ്പിച്ച് പുഴ നടത്തം സംഘടിപ്പിച്ചു. അള്ളങ്കോട് പാലത്തിന് സമീപത്തുനിന്ന് ആരംഭിച്ചു കോടാട്ട് പാലം വരെയുള്ള പുഴ ശുചീകരിക്കാൻ തീരുമാനിച്ചു. 04.12.2018 ന് സംഘാടക സമിതി യോഗം ചേർന്നു. ഡിസംബർ 8-ാം തീയതി രാവിലെ 10 മണിക്ക് ചിത്താരിപ്പുഴയുടെ സംരക്ഷണ പ്രവർത്തനങ്ങൾക്ക് തുടക്കമായി. കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിലാണ് ചിത്താരിപ്പുഴ സംരക്ഷണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. ജില്ലാതല ഉദ്ഘാടനം ചിത്താരി അള്ളങ്കോട് പാലത്തിനു സമീപം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം. ഗൗരി നിർവഹിച്ചു. ചങ്ങമ്പുഴ കലാ-കായിക ക്ലബ്ബ് പ്രവർത്തകർ, ഇ.എം.എസ്. സ്മാരക ഗ്രന്ഥാലയം, വേലാശ്വരം വിശ്വഭാരതി ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബ്, യുണൈ

ഹരിതകേരളം മിഷൻ



റ്റഡ് ക്ലബ്ബ്, വാണിയംപാറ കർഷകസംഘത്തിന്റെ പ്രതിനിധികൾ തുടങ്ങി 400-ൽ പരം ആളുകൾ സംബന്ധിച്ചു. തുടർന്ന് പുഴയിൽ അടിഞ്ഞുകൂടിയ ജൈവമാലിന്യങ്ങൾ നീക്കം ചെയ്തു. ഏകദേശം 2 കി.മീ. നീളത്തിലാണ് പ്രവർത്തനം നടന്നത്. ജൈവ-അജൈവ മാലിന്യങ്ങൾ തരം തിരിച്ച് ശേഖരിക്കുകയും അജൈവ മാലിന്യങ്ങൾ കഴുകി വൃത്തിയാക്കി റീസൈക്ലിംഗിന് നൽകാൻ വേണ്ട ഏർപ്പാടുകൾ ചെയ്തു.

16.12.2018 ന് യുണൈറ്റഡ് ക്ലബ്ബിന്റേയും ഹരിത കേരളം മിഷന്റേയും സംയുക്താഭിമുഖ്യത്തിൽ മാലിന്യ പരിപാലനത്തെ സംബന്ധിച്ച ബോധവൽക്കരണ ക്ലാസ് നടന്നു. ആ പ്രദേശത്ത് വീണ്ടും മാലിന്യം നിക്ഷേപിക്കാതിരിക്കാൻ ഇത് സഹായിക്കും എന്ന് പ്രത്യാശിക്കുന്നു. കിഫ്ബിയിൽ ഉൾപ്പെടുത്തി ഈ പുഴയ്ക്ക് ഷട്ടർ നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. ഉപ്പുവെള്ളം കയറുന്നത് ഇല്ലാതാകുമ്പോൾ നിലവിലുള്ള കൃഷിസ്ഥലങ്ങളിൽ രണ്ടാം വിള കൃഷി കൂടി നടത്താൻ സാധിക്കും. പുഴ ഉത്ഭവ സ്ഥാനം മുതൽ പതന സ്ഥാനം വരെ ഇരുകരകളിലുമുള്ള ആളുകളെ സംഘടിപ്പിച്ച് പുഴ സംരക്ഷണത്തിനുവേണ്ടിയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ, മാലിന്യം നീക്കംചെയ്യൽ, ഇരുകരകളിലും മുള, കണ്ടൽ കാടുകൾ തുടങ്ങിയവ വെച്ചുപിടിപ്പിക്കൽ, സാധ്യമായ സ്ഥലങ്ങളിൽ വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കും.

# ഒരു വടക്കൻ ജയിൽ ഗാഥ

ജയിൽ എന്ന സങ്കൽപ്പത്തിന്റെ വ്യാകരണങ്ങളെ പുനർ നിർവചിച്ച ഒരു വാക്കാണ് തുറന്ന ജയിൽ എന്നത്. വലിയ മതിലുകളോ തടവറകളോ ഒന്നുമില്ലാത്തൊരിടം. 2007 ൽ പ്രവർത്തനമാരംഭിച്ച കേരളത്തിലെ രണ്ടാമത്തെ തുറന്ന ജയിലായ ചീമേനിയിലെ തുറന്ന ജയിലിന് അങ്ങനെയൊരിടത്തിന്റെ സാധ്യതകളെ വേണ്ടവിധം ഉപയോഗപ്പെടുത്തിയ കഥകളാണ് പറയാനുള്ളത്. 308 ഏക്കർ വിസ്തീർണ്ണമുള്ള ഇവിടെ 200 അന്തേവാസികളാണ് താമസിക്കുന്നത്. 85 ശതമാനം ലാറ്ററേറ്റ് കല്ല് നിറഞ്ഞ് കാഠിന്യമേറിയ സ്ഥലമായതിനാൽ ബാക്കിയുള്ള 20 ഏക്കറോളം വരുന്ന സ്ഥലത്തേ കൃഷി സാധ്യമാകുന്നുള്ളൂ. എങ്കിലും ലഭ്യമായ വിഭവങ്ങളുടെ കൃത്യമായ ഉപയോഗം മൂലം നല്ലൊരു കൃഷിയിടമായി ചീമേനി തുറന്ന ജയിൽ മാറി. വിവിധ തരം കൃഷികൾക്കു പുറമേ വിവിധ ഫാമുകളിലായി പശു, കോഴി, പന്നി, ആട്, മുയൽ, അലങ്കാര പക്ഷികൾ എന്നിവയെ പരിപാലിച്ച് പോരുന്നുണ്ട്. ഇതൊന്നും കൂടാതെ വ്യവസായ സംരംഭമെന്ന നിലയിൽ ഫുഡ്മേക്കിംഗ് യൂണിറ്റുകളും പ്രവർത്തിച്ചു വരുന്നു. ഇത്തരത്തിലുള്ള വിവിധങ്ങളായ പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനായി ഇവിടെ ഏകദേശം 60000 ത്തോളം ലിറ്റർ വെള്ളം ആവശ്യമായി വരുന്നുണ്ട്. ഇതിനായി പത്ത് വീതം തുറന്ന കിണറുകളും കുഴൽ കിണറുകളും നിലവിലുണ്ടെങ്കിലും മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ ആവശ്യമായ വെള്ളം ലഭി

ക്കാതെ വരുന്നു. അങ്ങനെയാണ് ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ആവശ്യകതയെക്കുറിച്ച് ജയിലധികൃതരും അന്തേവാസികളും ബോധവാന്മാരാകുന്നത്. പിന്നീട് കൃത്യമായ ആസൂത്രണത്തോടും ദിശാബോധത്തോടും കൂടി കഠിനാധ്വാനത്തിലൂടെ ജലലഭ്യതയിൽ വർധനവുണ്ടാകാനുള്ള പ്രവർത്തനങ്ങൾക്ക് ജയിലിലെ എല്ലാവരും ഒരുമിച്ച് നിന്നു.

## മഴക്കുഴി

2012–15 കാലഘട്ടിൽ കയ്യൂർ-ചീമേനി പഞ്ചായത്തിന്റെ നീർത്തട പദ്ധതി പ്രകാരം ജയിലിലെ വിവിധ തോട്ടങ്ങളിൽ ബണ്ടുകളും 500 ഓളം മഴക്കുഴികളും നിർമിച്ചിട്ടുണ്ട്. കൂടാതെ ഈ കുഴികളിലേക്ക് പരമാവധി മഴ വെള്ളം ഒഴുകി എത്തുന്നതിനായി ചാലുകളും നിർമ്മിച്ചിട്ടുണ്ട്. ഈ പ്രവർത്തിയിലൂടെ സമീപ പ്രദേശങ്ങളിലെ കിണറുകളിൽ ജല ലഭ്യത വർദ്ധിപ്പിച്ചിട്ടുണ്ട്.

## ജലസംഭരണി

2016 വർഷത്തിൽ ജയിലിലെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന് സമീപത്ത് 75 ലക്ഷം ലിറ്റർ മഴ വെള്ളം സംഭരിക്കുന്ന സംവിധാനം ഒരുക്കിയിട്ടുണ്ട്. ഈ ജല സംഭരണിയിലേക്ക് സമീപ പ്രദേശങ്ങളിൽ നിന്നും മഴവെള്ളം എത്തിക്കുന്നതിനായി ചാലുകളും നിർമിച്ചിട്ടുണ്ട്. ഇതുവഴി ലഭിക്കുന്ന വെള്ളം ഈ ജയിലിലെ വിവിധ ഫാമുകളുടെ നടത്തിപ്പിനും, കാർഷിക പ്രവർത്തനങ്ങൾക്കും ഉപയോഗ പ്രദമാക്കുന്നതിനായി സമീപത്ത് ഒരു ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഓവർഹെഡ് ടാങ്ക് നിർമ്മിച്ചിട്ടുണ്ട്. കൃഷിക്ക് ആവശ്യമായ വെള്ളം ലഭ്യമാക്കുന്നതിനായി കൃഷിയിടങ്ങളിലേക്ക് ജലം ഒഴുക്കി വിടാവുന്ന തരത്തിൽ പൈപ്പുകളും സ്ഥാപിച്ചു.



## തടയണ

മഴക്കാലങ്ങളിൽ സമീപ പ്രദേശങ്ങളിൽ നിന്ന് വരുന്ന വെള്ളം കുത്തി ഒഴുകി രൂപപ്പെട്ട ഒരു ചെറിയ തോട് ജയിലിൽ ബാരക്കിനു സമീപത്തുണ്ട്. മഴയുടെ ലഭ്യത കുറയുന്നതോടെ ഇതിലെ വെള്ളം വറ്റിപ്പോകുന്നതാണ് സാധാരണ കണ്ട് വരുന്നത്. വർഷകാലങ്ങളിൽ പാഴായി പോകുന്ന മഴവെള്ളം തടഞ്ഞു നിർത്തുന്നതിനായി ബാരക്കിൽ നിന്നും 300 മീറ്ററോളം മുകൾ ഭാഗത്തായി തോടിന് കുറുകെ 60 മീറ്റർ നീളത്തിലും 3.70 മീറ്റർ ഉയരത്തിലും ഉള്ള തടയണ നിർമ്മിച്ചിട്ടുണ്ട്. ജയിൽ വളപ്പിൽ പലയിടങ്ങളിലായി ഉപയോഗമില്ലാതെ കിടന്ന കാട്ടുകല്ലുകളും മണ്ണും മാത്രം ഉപയോഗിച്ചായിരുന്നു നിർമാണം. 2 കോടിയിലധികം ജലം സംഭരിച്ച് വെക്കുവാൻ ശേഷിയുള്ള ഈ തടയണ വഴി പരമാവധി വെള്ളം സംഭരിക്കുന്നതിനും ഭൂമിയിൽ റീചാർജ് ചെയ്യുന്നതിനും ഉപകരിക്കുന്നുണ്ട്. വരും വർഷങ്ങളിൽ ഈ തടയണയുടെ സമീപ പ്രദേശങ്ങൾ വെള്ളത്തിന്റെ സാമീപ്യം മൂലം പുതിയ ആവാസ വ്യവസ്ഥ രൂപപ്പെടുന്നതിനും കാരണമാകും. ഇത് സമീപ വാസികൾക്ക് കൂടി പ്രയോജനം ലഭിക്കുന്നൊരു പ്രവർത്തനമാകുന്നു. ഇത് കൂടാതെ 4 ചെറുകിട തടയണകളും നിർമിച്ചിട്ടുണ്ട്.

## കുളം നിർമാണം

ഈ വർഷം ജയിൽ അന്തേവാസികളെ പാർപ്പിക്കുന്ന ബാരക്കിനു



സമീപം ജയിൽ ബൗണ്ടറിക്കരികിലായി 20 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള കുളം നിർമ്മിച്ചു. ഇതിൽ നിന്നും കുടിവെള്ളം മാത്രമല്ല കാർഷിക ആവശ്യങ്ങൾക്കും, വിവിധ ഫാമുകളുടെ നടത്തിപ്പിനും ആവശ്യമായ വെള്ളം ലഭിക്കുന്നുണ്ട്. ഇത് കൂടാതെ മറ്റ് ചെറു കുളങ്ങൾ കൂടി ജയിൽ വളപ്പിൽ നിർമ്മിച്ചിട്ടുണ്ട്.

## റൂഫ്-വാട്ടർ ഹാർവെസ്റ്റിംഗ്

2018-19 വർഷത്തിൽ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന്റെ തനതു ഫണ്ടിൽ ഉൾപ്പെടുത്തി ജയിലിലെ 750 സ്ക്വയർ മീറ്റർ വിസ്തീർണത്തിലുള്ള ഫാമുകൾ, 700 സ്ക്വയർ മീറ്റർ വിസ്തീർണമുള്ള സ്റ്റാഫ് ക്വാർട്ടേർസുകൾ, 600 സ്ക്വയർ മീറ്റർ വിസ്തീർണമുള്ള ഓഡിറ്റോറിയം, 126 സ്ക്വയർ മീറ്റർ വിസ്തീർണമുള്ള സാംസ്കാരിക നിലയം, 350 സ്ക്വയർ മീറ്റർ വിസ്തീർണമുള്ള ബാരക്ക് എന്നിവയെ കിണറുകളുമായി ബന്ധിപ്പിച്ച് മഴവെള്ളം പാഴാക്കാതെ കിണറുകളിലേക്ക് റീചാർജ് ചെയ്യുന്ന സംവിധാനം ഒരുക്കിയിട്ടുണ്ട്. ഇതുവഴി 2526 സ്ക്വയർ മീറ്റർ മേൽക്കൂരയിൽ പെയ്യുന്ന മഴവെള്ളം ഒട്ടും നഷ്ടപ്പെടാതെ ഭൂമിയിലേക്ക് ഇറക്കി വിടാൻ സാധിക്കുന്നുണ്ട്.

## മലിനജല ശുദ്ധീകരണ പ്ലാന്റ്

അന്തേവാസികൾ കുളിക്കുന്നതിനും ഭക്ഷണം പാകം ചെയ്യുന്നതിനും കഴുകുന്നതിനും മറ്റും ഉപയോഗിക്കുന്ന വെള്ളം ശുദ്ധീകരിച്ച് വിവിധ തോട്ടങ്ങളിലേക്ക് ഉപയോഗിക്കുന്നതിനായി 4 x 4 x 4.5 ക്യൂബിക് മീറ്റർ വ്യാപ്തമുള്ള ടാങ്കും അനുബന്ധ ടാങ്കും നിർമിച്ചിട്ടുണ്ട്. ഈ പ്ലാന്റ് വഴി പ്രതിദിനം 5000 ലിറ്ററിലധികം വെള്ളം ലഭിക്കുന്നുണ്ട്.

ഇത്തരത്തിൽ തങ്ങളുടെ പ്രശ്നങ്ങൾക്കുള്ള ഉത്തരം കണ്ടെത്താൻ സ്വയം പര്യാപ്തമായൊരു സ്ഥാപനത്തിന്റെ വിജയ ഗാഥയാണ് ചീമേനി തുറന്ന ജയിലിന്റേത്. പരസ്പരം വിശ്വസിച്ചുകൊണ്ട്, സ്വയം മറന്ന് കൊണ്ട് അവരത് തുടർന്ന് കൊണ്ടേയിരിക്കുന്നു.

# കിനാനൂർ – കരിന്തളം ഗ്രാമപഞ്ചായത്തിന്റെ ജലസംരക്ഷണ മാതൃക

ഏറ്റവും കൂടുതൽ പുഴകൾ ഒഴുകുന്ന ജില്ലയാണ് സപ്തഭാഷകളുടെ നാടായ കാസറഗോഡ്. വെള്ളത്തെക്കുറിച്ച്, നീരൊഴുക്കിനെക്കുറിച്ച്, കഥകളും കരച്ചിലുകളും കരുതലുകളുമായി ഒരുപാടുണ്ടീ നാടിന് പറയാൻ. ഉള്ളിൽ നിറയെ നനവ് കരുതിയ പാറകളും കുന്നുകൾക്കുള്ളിലെ ഉറവകൾ തേടിയുള്ള സുരങ്കങ്ങളും എക്കാലത്തേയ്ക്കുമായി വേരാഴ്ത്തി നിൽക്കുന്ന ഈ നാടിന്റെ ജലസംരക്ഷണ പ്രവർത്തനങ്ങളെക്കുറിച്ച് പറയുംമുമ്പേ, കേട്ട് ശീലിച്ചൊരു തോറ്റംപാട്ടിലെ വരി ചേർത്തുവയ്ക്കാം. നാടെത്ര വറ്റിയാലും ഉള്ളിലെന്നേക്കുമായൊരു നനവുണ്ടെന്ന് തീയിൽ പുകയുമ്പോഴും പൊട്ടൻ തെയ്യം പാടി ഓർമ്മിക്കുന്നൊരു വരി,

“രാവ് കറുത്താലും രാവിന്റെയുള്ളിലൊരു
സൂര്യന്ണ്ട്, പെരിയോര് സൂര്യൻ”

കൃത്യമായ ആസൂത്രണത്തിലൂടെ, ജനകീയപങ്കാളിത്തത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ നടത്തുക വഴി മികച്ച ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് ദേശീയ തലത്തിൽ ജല സുരക്ഷാ അവാർഡും, സംസ്ഥാനതലത്തിൽ നബാർഡിന്റെ അംഗീകാരവും നേടിയ കാസർഗോഡ് ജില്ലയുടെ അഭിമാനമായി മാറിയ പഞ്ചായത്താ



ജലസംരക്ഷണത്തിന്റെ ഭാഗമായി 'ഹരിത പുഴയോരം' എന്ന പേരിൽ തേജസ്വിനി പുഴയുടെ ഇരുകരകളിലുമായി ഇരിപത്തിനാലായിരത്തോളം കണ്ടൽക്കാടുകൾ NSS, NCC, SPC, കുടുംബശ്രീ എന്നിവയുടെ സഹായത്തോടെ വച്ചുപിടിപ്പിക്കുകയുണ്ടായി. ജനസംരക്ഷണ പ്രവർത്തനങ്ങളുടെ ആവശ്യകതയെക്കുറിച്ച് ജനങ്ങളെ ബോധ്യപ്പെടുത്തുന്ന തരത്തിലുള്ള ഈ പരിപാടി വളരെ ശ്രദ്ധിക്കപ്പെട്ടു. കൂടാതെ കൃഷിവകുപ്പിന്റെ സഹകരണത്തോടെ ഗ്രാമസഭകൾ വഴി ഗുണഭോക്താക്കളെ തിരഞ്ഞെടുത്ത് കൊണ്ട് ഹരിതഭവനം എന്ന പദ്ധതിയും നടപ്പിലാക്കുന്നതിനുവേണ്ടി പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്.

ണ് കിനാനൂർ – കരിന്തളം ഗ്രാമപഞ്ചായത്ത്. പതിനേഴ് വാർഡുകളിലായി മുപ്പതോളം തോടുകൾ, രണ്ട് പള്ളങ്ങൾ, പതിനാല് പൊതു കിണറുകൾ, ഇരുപതോളം തണ്ണീർത്തടങ്ങൾ എന്നിവ പഞ്ചായത്ത് സംരക്ഷിച്ചു വരുന്നു. ഭൂഗർഭ ജലത്തിന്റെ അളവ് വർദ്ധിപ്പിക്കുന്നതിന് വേണ്ടി ജലസമൃദ്ധമായ പള്ളങ്ങൾക്ക് ചുറ്റിലും ഔഷധച്ചെടികൾ വച്ച് പിടിപ്പിക്കുകയും ചെയ്ത് വരുന്നു. ജലസംരക്ഷണത്തിന്റെ ഭാഗമായി 'ഹരിത പുഴയോരം' എന്ന പേരിൽ തേജസ്വിനി പുഴയുടെ ഇരുകരകളിലുമായി ഇരിപത്തിനാലായിരത്തോളം കണ്ടൽക്കാടുകൾ NSS, NCC, SPC, കുടുംബശ്രീ എന്നിവയുടെ സഹായത്തോടെ വച്ചുപിടിപ്പിക്കുകയുണ്ടായി. ജനസംരക്ഷണ പ്രവർത്തനങ്ങളുടെ ആവശ്യകതയെക്കുറിച്ച് ജനങ്ങളെ ബോധ്യപ്പെടുത്തുന്ന തരത്തിലുള്ള ഈ പരിപാടി വളരെ ശ്രദ്ധിക്കപ്പെട്ടു. കൂടാതെ കൃഷിവകുപ്പിന്റെ സഹകരണത്തോടെ ഗ്രാമസഭകൾ വഴി ഗുണഭോക്താക്കളെ തിരഞ്ഞെടുത്ത് കൊണ്ട് ഹരിതഭവനം എന്ന പദ്ധതിയും നടപ്പിലാക്കുന്നതിനുവേണ്ടി പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. 150 സ്ക്വയർ ഫീറ്റിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് മഴവെള്ള സംഭരണികളും 100 മുതൽ 150 സ്ക്വയർ ഫീറ്റിന് ഇടയിലുള്ള കെട്ടിടങ്ങൾക്ക് മഴവെള്ളം റീച്ചാർജ്ജിങ്ങ് ചെയ്യുന്നതിനുള്ള സൗകര്യവും ഉണ്ടായിരിക്കണം എന്ന നിയമം കർശനമാക്കിക്കൊണ്ട് മഴവെള്ളം സംഭരിക്കുന്നതിന് പഞ്ചായ

ത്ത് മുൻകൈ എടുത്ത് പ്രവർത്തിച്ചു. ഇപ്രകാരം ചെയ്യാത്ത വ്യക്തികൾക്ക് കെട്ടിട നമ്പർ അനുവദിക്കുകയില്ല എന്ന കർശ്ശനമായ ചട്ടവും പഞ്ചായത്ത് സ്വീകരിച്ചു. വിവിധയിടങ്ങളിൽ നിന്നും വെള്ളം പമ്പ് ചെയ്യുന്നതിനുവേണ്ടി, ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തി അഞ്ച് പമ്പ് ഹൗസുകളും വാട്ടർ ടാങ്കുകളും നിർമ്മിച്ചു.

ബോധങ്ങളാണ് മാറ്റത്തിന്റെ തുടക്കം എന്ന തിരിച്ചറിവ് ഉൾക്കൊണ്ട് കേന്ദ്ര ഭൂഗർഭ ജല വകുപ്പിന്റെ സാങ്കേതിക സഹായത്തോടു കൂടി പഞ്ചായത്ത് ജനങ്ങൾക്കിടയിലേക്ക് ഇറങ്ങിച്ചെന്ന് ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. ലോക ജല ദിനത്തിൽ നടന്ന ജല സംരക്ഷണ പ്രതിജ്ഞയും, സ്റ്റുഡന്റ് പോലീസ് കേഡറ്റുകളെ ഉപയോഗിച്ച് നടത്തിയ കാവ് സംരക്ഷണ പ്രതിജ്ഞയും ശ്രദ്ധേയമായ പ്രവർത്തനങ്ങളായിരുന്നു. പഞ്ചായത്തിലെ വിവിധ LP, UP സ്കൂളിലെ കുട്ടികളെ ഉൾപ്പെടുത്തിക്കൊണ്ട് കിനാക്കുഞ്ഞുങ്ങൾ എന്ന പേരിൽ ജലസംരക്ഷണ പ്രവർത്തനങ്ങളെ മുൻ നിർത്തി സംഘടിപ്പിച്ച കലാജാഥ നിരവധി സ്കൂളുകളിലും പൊതുസ്ഥലങ്ങളിലും അവതരിപ്പിക്കുകയുണ്ടായി. അതേ സമയത്തു തന്നെ വിദ്യാലയങ്ങളിൽ ചിത്രരചനാ മത്സരങ്ങളും കഥാ-കവിതാ രചനാ മത്സരങ്ങളും ഈ വിഷയത്തിൽ നടത്തി. കൂടാതെ ഫോട്ടോ പ്രദർശനവും, സുജലം സുഫലം എന്ന പേരിൽ സംഘടിപ്പിച്ച സെമിനാറുകൾ, ഇരുളും മുമ്പേ എന്ന പേരിൽ നിർമ്മിച്ച ഹ്രസ്വചിത്രം, ജലസംരക്ഷണ സന്ദേശങ്ങൾ നൽകുന്ന പ്രത്യേക ഗ്രാമസഭകൾ, ജലയാത്ര എന്നിവയും പഞ്ചായത്തിന്റെ ക്രിയാത്മക ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ബോധം ജനങ്ങളിലേക്കെത്തിക്കുന്നവയായിരുന്നു. കാർഷിക സംസ്കൃതിയുടെ ഓർമ്മപ്പെടുത്തൽ എന്നോണം വയലേലകളിൽ വച്ച് നടന്ന മഴ പൊലിമ എന്ന പരിപാടി ജില്ലയിൽ തന്നെ ശ്രദ്ധയാകർഷിച്ച പരിപാടിയായിരുന്നു. കുടുംബശ്രീ പ്രവർത്തകർ, തൊഴിലുറപ്പ് പ്രവർത്തകർ, തൊഴിലാളികൾ, കർഷകർ, കോളേജ് വിദ്യാർത്ഥികൾ, ജനപ്രതിനിധികൾ എന്നിവർ ആ പരിപാടിയിൽ സംബന്ധിച്ചു. ഇത്തരത്തിൽ ജനകീയമായ പ്രവർത്തനങ്ങൾ കാഴ്ച്ചവെക്കുന്നതിലൂടെ കുളങ്ങൾ, കിണറുകൾ, അരുവികൾ, പുഴകൾ എന്നിവയിൽ വലിയ തോതിൽ ജലത്തിന്റെ അളവ് തിരിച്ചു കൊണ്ടു വരാൻ പഞ്ചായത്തിന് സാധിച്ചു. ഇത് ഭൂഗർഭ ജലവിതാനത്തിന്റെ അളവ് വർധിക്കുന്നതിനും കാരണമായിത്തീർന്നു. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി മുപ്പത്തിനാലായിരത്തോളം മഴക്കുഴികളും, 55 ചെക്ക് ഡാമുകളും, 5000 കോണ്ടൂർ ബണ്ടുകളും, 65 റീ



ചാർജ്ജ് കുഴികളും നിർമ്മിക്കുന്നതിന്റെ ഭാഗമായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി 90, 000 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാനും ജല ലഭ്യതയിൽ കാര്യമായ വളർച്ച കൈവരിക്കാനും പഞ്ചായത്തിന് സാധിച്ചു.

## പീലിക്കോട് - ഗ്രാമ പഞ്ചായത്തിലെ ജലസംരക്ഷണ പ്രവർത്തനങ്ങൾ

ഒരു നാടിന്റെ വികസനത്തിനും നേർവഴിയിലുള്ള വളർച്ചയ്ക്കും വഴികാട്ടിയും മാതൃകയുമാവേണ്ടവയാണ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ. സ്വാഭാവികമായ പ്രവർത്തനങ്ങളുടെ ഏച്ചുകെട്ടലുകളിൽ നിന്ന് പുറത്ത് കടന്നുള്ള പ്രവർത്തനങ്ങൾ കാഴ്ച വെക്കുമ്പോഴാണ് ഏതൊരു പഞ്ചായത്തും മികവിൽ നിന്ന് മികവിലേക്ക് കുതിക്കുന്നത്.



അത്തരത്തിലുള്ളൊരു മികവിന്റെ കഥയാണ് കാസർഗോഡ് ജില്ലയുടെ കണ്ണൂരുമായി അതിരുപങ്കിടുന്ന പിലിക്കോട് ഗ്രാമപഞ്ചായത്തിന് പറയാനുള്ളത്. പഞ്ചായത്തിന്റെ പരിധിയിലുള്ള 22 – ഓളം ഗവണ്മെന്റ് സ്ഥാപനങ്ങൾ കൃത്യമായ ആസൂത്രണത്തിലൂടെ മഴവെള്ളം സംഭരിക്കുന്നതാണ് പഞ്ചായത്തിന്റെ മാതൃകാപരമായ ഒരു പദ്ധതി. ഏകദേശം 5280000 ലിറ്റർ വെള്ളം ഇതിലൂടെ സംഭരിക്കാൻ സാധിക്കുന്നു. കേരളത്തിലെ മുഴുവൻ പഞ്ചായത്തുകൾക്കും മാതൃകാപരമാണ് ഈ പ്രവർത്തനം. ഇത് കൂടാതെ പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിലുള്ള ഏഴ് കുന്നുകളിൽ നിന്നും ഒഴുകിവരുന്ന നീർച്ചാലുകൾ വല്ലാച്ചേരി കനാൽ, ശൂലാപ്പ് കാവ് കനാൽ, വച്ചുക്കര കനാൽ എന്നിവയിലൂടെ നാടിന്റെ നാനാ ഭാഗങ്ങളിൽ ജലമെത്തിക്കുന്നു. ഈ കനാലുകളുടെ സംരക്ഷണമാണ് പഞ്ചായത്ത് ഏറ്റെടുത്ത് നടത്തുന്ന മറ്റൊരു ജലസംരക്ഷണ പരിപാടി. കാസർഗോഡ് ജില്ലയുടെ പ്രത്യേകതകളായ തെയ്യക്കാവുകളിലെ പ്രധാനപ്പെട്ട ആറ് കാവുകൾ കൂടാതെ പത്തോളം നാഗക്കാവുകൾ എന്നിവ വിവിധ ഭാഗങ്ങളിലുണ്ട്. ഇവയെല്ലാം തന്നെ പച്ചത്തുരുത്തുകളായി വ്യത്യസ്തമായ ആവാസവ്യവസ്ഥ നിലനിർത്തിക്കൊണ്ട് ഭൂഗർഭ ജല വിതാനത്തിന്റെ അളവ് സമ്പുഷ്ടപ്പെടുത്തുന്നു. അതിനാൽ, ഈ കാവുകളുടെ സംരക്ഷണവും പഞ്ചായത്ത് ഏറ്റെടുത്ത് നടത്തുന്നുണ്ട്. നാടിന്റെ വിവിധ ഭാഗങ്ങളിലായുള്ള 62 ഓളം കുളങ്ങൾ (സ്വകാര്യ വ്യക്തികളുടെ കുളങ്ങൾ അമ്പലക്കുളങ്ങൾ ഉൾപ്പെടെ) നാടിന്റെ പ്രധാന ജലസ്രോതസ്സുകളാണ്. അതിനാൽ ഈ കുടങ്ങളുടെ പരിപാലനവും, പുതിയവയുടെ നിർമ്മാണവും പഞ്ചായത്ത് നടത്തുന്നുണ്ട്. ഇവിടെയുള്ള നെൽവയലുകൾ കേവലം നെൽക്കൃഷിയിടങ്ങൾ എന്നതിനപ്പുറത്തേക്ക്, ജലസംഭരണത്തിനുള്ള ഉപാധിയായി കൂടി മാറുന്നു, എന്നുള്ളതും ശ്രദ്ധേയമായ സവിശേഷതയാണ്. അതുകൊണ്ട് തന്നെ ഇത്തരം നെൽവയലുകളുടെ സംരക്ഷണത്തിലും പഞ്ചായത്ത് കൃത്യമായ ഇടപെടലുകൾ നടത്തുന്നുണ്ട്.

# പീലിക്കോട് – ഗ്രാമ പഞ്ചായത്തിലെ ജലസംരക്ഷണ പ്രവർത്തനങ്ങൾ

ഒരു നാടിന്റെ വികസനത്തിനും നേർവഴിയിലുള്ള വളർച്ചയ്ക്കും വഴികാട്ടിയും മാതൃകയുമാവേണ്ടവയാണ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ. സ്വാഭാവികമായ പ്രവർത്തനങ്ങളുടെ ഏച്ചുകെട്ടലുകളിൽ നിന്ന് പുറത്ത് കടക്കാനുള്ള പ്രവർത്തനങ്ങൾ കാഴ്ച വെക്കുമ്പോഴാണ് ഏതോരു പഞ്ചായത്തും മികവിൽ നിന്ന് മികവിലേക്ക് കുതിക്കുന്നത്. അത്തരത്തിലുള്ളൊരു മികവിന്റെ കഥയാണ് കാസർഗോഡ് ജില്ലയുടെ കണ്ണൂരുമായി അതിരു പങ്കിടുന്ന പിലിക്കോട് ഗ്രാമപഞ്ചായത്തിന് പറയാനുള്ളത്. പഞ്ചായത്തിന്റെ പരിധിയിലുള്ള 22 – ഓളം ഗവണ്മെന്റ് സ്ഥാപനങ്ങൾ കൃത്യമായ ആസൂത്രണത്തിലൂടെ മഴവെള്ളം സംഭരിക്കുന്നതാണ് പഞ്ചായത്തിന്റെ മാതൃകാപരമായ ഒരു പദ്ധതി. ഏകദേശം 5280000 ലിറ്റർ വെള്ളം ഇതിലൂടെ സംഭരിക്കാൻ സാധിക്കുന്നു. കേരളത്തിലെ മുഴുവൻ പഞ്ചായത്തുകൾക്കും മാതൃകാപരമാണ് ഈ പ്രവർത്തനം. ഇത് കൂടാതെ പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിലുള്ള ഏഴ് കുന്നുകളിൽ നിന്നും ഒഴുകി വരുന്ന നീർച്ചാലുകൾ വല്ലാച്ചേരി കനാൽ, ശൂലാപ്പ് കാവ് കനാൽ, വച്ചുക്കര കനാൽ എന്നിവയിലൂടെ നാടിന്റെ നാനാ ഭാഗങ്ങളിൽ ജലമെത്തിക്കുന്നു. ഈ കനാലുകളുടെ സംരക്ഷണമാണ് പഞ്ചായത്ത്

കേരളത്തിലെ മുഴുവൻ പഞ്ചായത്തുകൾക്കും മാതൃകാപരമാണ് ഈ പ്രവർത്തനം. ഇത് കൂടാതെ പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിലുള്ള ഏഴ് കുന്നുകളിൽ നിന്നും ഒഴുകി വരുന്ന നീർച്ചാലുകൾ വല്ലാച്ചേരി കനാൽ, ശൂലാപ്പ് കാവ് കനാൽ, വച്ചുക്കര കനാൽ എന്നിവയിലൂടെ നാടിന്റെ നാനാ ഭാഗങ്ങളിൽ ജലമെത്തിക്കുന്നു. ഈ കനാലുകളുടെ സംരക്ഷണമാണ് പഞ്ചായത്ത് ഏറ്റെടുത്ത് നടത്തുന്ന മറ്റൊരു ജലസംരക്ഷണ പരിപാടി.

ഏറ്റെടുത്ത് നടത്തുന്ന മറ്റൊരു ജലസംരക്ഷണ പരിപാടി. കാസർഗോഡ് ജില്ലയുടെ പ്രത്യേകതകളായ തെയ്യക്കാവുകളിലെ പ്രധാനപ്പെട്ട ആറ് കാവുകൾ കൂടാതെ പത്തോളം നാഗക്കാവുകൾ എന്നിവ വിവിധ ഭാഗങ്ങളിലുണ്ട്. ഇവയെല്ലാം തന്നെ പച്ചത്തുരുത്തുകളായി വ്യത്യസ്തമായ ആവാസവ്യവസ്ഥ നിലനിർത്തിക്കൊണ്ട് ഭൂഗർഭ ജല വിതാനത്തിന്റെ അളവ് സമ്പുഷ്ടപ്പെടുത്തുന്നു. അതിനാൽ, ഈ കാവുകളുടെ സംരക്ഷണവും പഞ്ചായത്ത് ഏറ്റെടുത്ത് നടത്തുന്നുണ്ട്. നാടിന്റെ വിവിധഭാഗങ്ങളിലായുള്ള 62 ഓളം കുളങ്ങൾ (സ്വകാര്യ വ്യക്തികളുടെ കുളങ്ങൾ അമ്പലക്കുളങ്ങൾ ഉൾപ്പെടെ) നാടിന്റെ. അതിനാൽ ഈ കുടങ്ങളുടെ പരിപാലനവും, പുതിയവയുടെ നിർമ്മാണവും പഞ്ചായത്ത് നടത്തുന്നുണ്ട്. ഇവിടെയുള്ള നെൽവയലുകൾ കേവലം നെൽക്കൃഷിയിടങ്ങൾ എന്നതിനപ്പുറത്തേക്ക്, ജലസംഭരണത്തിനുള്ള ഉപാധിയായി കൂടി മാറുന്നു, എന്നുള്ളതും ശ്രദ്ധേയമായ സവിശേഷതയാണ്. അതുകൊണ്ട് തന്നെ ഇത്തരം നെൽവയലുകളുടെ സംരക്ഷണത്തിലും പഞ്ചായത്ത് കൃത്യമായ ഇടപെടലുകൾ നടത്തുന്നുണ്ട്.